തുടി

റിസർച്ച് ജേണൽ

ISSN 2320-8880

46

2024 ഏപ്രിൽ - ജൂൺ

വാല്യം 12 - ലക്കം 2

UGC CARE Listed Peer - Reviewed Refereed Journal

മലയാളവിഭാഗം, കണ്ണൂർ സർവകലാശാല
ഡോ. പി. കെ. രാജൻ മെമ്മോറിയൽ കാമ്പസ്, നീലേശ്വരം
കാസർകോട് ജില്ല, കേരളം-671314
ഇ-മെയിൽ: thudimalayalam21@gmail. com

പത്രാധിപർ
ഡോ. റീജ വി.

പത്രാധിപസമിതി
ഡോ. പ്രിയ വർഗീസ്, ഡോ. അബ്ദുൾ റഫീക്

ഉപദേശകസമിതി
ഡോ. ഡി. ബഞ്ചമിൻ, ഡോ. ദേശമംഗലം രാമകൃഷ്ണൻ,
ഡോ. സി. ആർ. പ്രസാദ്, ഡോ. പി. എസ്. രാധാകൃഷ്ണൻ,
ഡോ. അജു കെ. നാരായണൻ

റഫറീസ്
ഡോ. അജയകുമാർ ജി. , ഡോ. ആർ. വി. എം. ദിവാകരൻ,
ഡോ. സീമാ ജെറോം, ഡോ. രാജേന്ദ്രൻ എടത്തുംകര

ഇഷ്യു എഡിറ്റർ
ഡോ. പ്രിയാ വർഗീസ്

കവർ, രൂപകല്പന
പി.പി. രാജീവൻ

അച്ചടി
മണിപ്പാൽ ടെക്നോളജീസ് ലിമിറ്റഡ്

ഭാഷയേയും സാഹിത്യത്തേയും സംസ്കാരത്തെയും കുറിച്ചുള്ള പഠനഗവേഷണങ്ങൾക്ക് പ്രാധാന്യം നൽകുന്ന പ്രസിദ്ധീകരണമാണ് തുടി. പ്രതിവർഷം നാല് ലക്കങ്ങൾ: ജനുവരി-മാർച്ച്, ഏപ്രിൽ-ജൂൺ, ജൂലൈ-സെപ്തംബർ, ഒക്ടോബർ-ഡിസംബർ. വില: 500 രൂപ

THUDI

Research Journal
Vol-12 April - June 2024 No. 2
U. G. C. CARE Listed Peer-Reviewed Refereed Journal

Published four times a year by
Head of the Dept. of Malayalam
Kannur University

Cover, Layout & Pre Press
P. P. Rajeevan

Printed at : Manipal Technologies Limited, Manipal

Address for Correspondence
Dr. Reeja. V.
Professor and Head,
Dept. Of Malayalam, Kannur University
Dr. P. K. Rajan Memorial Campus, Nileshwaram
Kasaragod, Kerala -671314.

ആമുഖം

ഭാഷയെന്ന മാനുഷിക പ്രക്രിയയെക്കുറിച്ചുള്ള പഠനം പുതിയ പുതിയ തലങ്ങളിലേക്ക് വളരുകയാണ്. ഭാഷയുടെ ഘടനാപരമായ സവിശേഷതകൾ മാത്രമല്ല ഭാഷ സാധ്യമാക്കുന്ന ആനന്ദങ്ങളും സ്വാതന്ത്ര്യവും വിലക്കുകളും ഒളിപ്പിച്ചു വെച്ച പക്ഷപാതിത്വങ്ങളും എല്ലാം പുതിയ ചിന്തകൾക്ക് വിഷയമാവുന്നു. ഈ അറിവുകളെ പ്രയോഗവൽക്കരിച്ചുകൊണ്ട് പ്രയുക്ത ഭാഷാശാസ്ത്രവും മുന്നേറുന്നു. ചരിത്രപരവും തത്വചിന്താപരവും ആശയവിനിമയവ്യവസ്ഥയേയും ഭാഷാധർമ്മത്തെയും മുൻനിർത്തിയുള്ളതുമായ വിവിധ ഭാഷാപഠന സമീപനങ്ങളെയെല്ലാം പുതിയ പഠിതാക്കൾക്ക് കൂടി പ്രയോജനപ്പെടുത്തുന്ന തരത്തിലുള്ള ഒരു റഫറൻസ് സാമഗ്രി ഉണ്ടാക്കുക എന്ന ഉദ്ദേശത്തിലാണ് തുടി ഏപ്രിൽ -ജൂൺ ലക്കം ഭാഷാശാസ്ത്രപതിപ്പായി ഇറക്കുക എന്ന തീരുമാനം എഡിറ്റോറിയൽ സമിതി കൈക്കൊണ്ടത്. സിലബസ് പരിഷ്കരണത്തെ തുടർന്ന്, മലയാളത്തിൽ ഇത്തരത്തിലുള്ള വായനാസാമഗ്രികളുടെ അപര്യാപ്തത ഉണ്ടെന്ന കാര്യവും ബോധ്യപ്പെട്ടിരുന്നു. ഞങ്ങളുടെ ഈ ശ്രമത്തെ പിന്തുണച്ച അക്കാദമിക് സമൂഹത്തെ നന്ദിയോടെ ഓർക്കുന്നു. പ്രൊഫ. എം. ശ്രീനാഥന്റെ മാർഗനിർദ്ദേശകമായ പങ്ക് പ്രത്യേകം പരാമർശിക്കേണ്ടിയിരിക്കുന്നു. അദ്ദേഹത്തിന്റെ ഗവേഷണവിദ്യാർത്ഥികളായ പലരും നിശ്ചിത സമയത്തു തന്നെ പ്രബന്ധങ്ങൾ നൽകി ഈ പതിപ്പിനെ കരുത്തുറ്റതാക്കി മാറ്റി.

ഓരോ ഭാഷാസമൂഹവും ജ്ഞാനസമൂഹം കൂടിയാണ്. അതേസമയം ഭാഷാസാങ്കേതികതയുടെ വളർച്ചയുടെ തോത് ഭാവിയിൽ ഏത് ഭാഷയുടെയും ഭാഷണസമൂഹത്തിന്റെയും ഭാവിയെ നിർണയിക്കുന്നതിൽ പ്രാധാനമായിത്തീരും എന്ന മുന്നറിയിപ്പാണ് ഭാഷ, ഭാഷാശാസ്ത്രം, വൈജ്ഞാനിക സമൂഹം എന്ന ആദ്യലേഖനം. മാനസിക പ്രതിഫലനമാണ് ചിന്ത എന്ന ആദ്യകാലവീക്ഷണത്തെ 'ഉടലറിവ്' എന്ന ആശയം അസ്ഥിരപ്പെടുത്തിയ പശ്ചാത്തലത്തിലുള്ള ഭാഷാ

ചിന്തകളാണ് ഡോ. പി. എം. ഗിരീഷിന്റെ ലേഖനം. ഭാഷയിലെ നിശബ്ദത, സ്ഥായീസവിശേഷതയും ഊണവും തുടങ്ങിയ കാര്യങ്ങളെക്കുറിച്ചുള്ള ലേഖനങ്ങളും ഭാഷാപ്രക്രിയയെക്കുറിച്ചുള്ള പഠനങ്ങളെ വലിയ തോതിൽ വിപുലീകരിക്കുന്നതാണ്. ലകാന്റെ ഭാഷാ ചിന്തകൾ, യന്ത്രവിവർത്തനം,പരിസ്ഥിതിഭാഷാശാസ്ത്രം, വിദ്യാഭ്യാസ ഭാഷാശാസ്ത്രം ക്ലിനിക്കൽ ഭാഷാശാസ്ത്രം,ഭാഷാസൂത്രണം, സാമൂഹിക ഭാഷാശാസ്ത്രത്തിന്റെ വെളിച്ചത്തിൽ എഴുത്തച്ഛന്റെ ഭാഷയെ പഠിക്കാനുള്ള ശ്രമം, തീരദേശഭാഷയുടെ സവിശേഷതകൾ കേരളീയ ഭാഷാ ചിന്തയ്ക്ക് ജോർജ് മാത്തൻ നൽകിയ സംഭാവനകൾ, യുദ്ധലക്ഷ്യകങ്ങൾ ഉപയോഗിക്കുന്ന പത്ര ഭാഷ തുടങ്ങി ഈ ലക്കത്തിലെ എല്ലാ ലേഖനങ്ങളും ഈ മേഖലയിലെ പുതിയ പഠനങ്ങൾക്കും ഗവേഷണങ്ങൾക്കും വഴികാട്ടിയാവാൻ പാകത്തിലുള്ളവയാണ്.

പ്രബന്ധങ്ങൾ തന്നവർക്കും പ്രൂഫ് വായന, കവറിന്റെയും പേജുകളുടെയും രൂപകല്പന തുടങ്ങി പ്രസാധനപ്രക്രിയയിൽ പങ്കാളികളായവർക്കും നന്ദി രേഖപ്പെടുത്തിക്കൊണ്ട് തുടർ പഠനങ്ങൾക്കും ചർച്ചകൾക്കുമായി ഈ ലക്കം സമർപ്പിക്കുന്നു.

നീലേശ്വരം
30/06/24

ഇഷ്യു എഡിറ്റർ
ഡോ. പ്രിയാ വർഗീസ്

ഉള്ളടക്കം

7 **ഡോ. എം. ശ്രീനാഥൻ**
ഭാഷ, ഭാഷാശാസ്ത്രം, വൈജ്ഞാനികസമൂഹം

21 **ഡോ. പി. എം. ഗിരീഷ്**
ഉടലറിവും വ്യാകരണവും: ധൈഷണിക ഭാഷാശാസ്ത്രത്തിലെ നവീനപഠനരീതി

36 **ഡോ. സീമാ ജെറോം**
നിശബ്ദതയുടെ ശബ്ദാർഥമാനങ്ങൾ

45 **ഡോ. ദേവി കെ.**
ഭാഷാസൂത്രണവും ഭാഷാനയവും

61 **ഡോ. സ്മിത കെ. നായർ**
വർണഘടനാപ്രക്രിയകൾ: ഒരു ക്ലിനിക്കൽ ഭാഷാശാസ്ത്രപഠനം

75 **ഡോ. ഇ. എം. സുരജ**
എഴുത്തച്ഛന്റെ ഭാഷ: സാമൂഹികഭാഷാശാസ്ത്രത്തിന്റെ പശ്ചാത്തലത്തിൽ

106 **ഡോ. ശരത് വി. എസ്.**
മലയോരഭാഷണത്തിലെ സ്ഥായീസവിശേഷതകൾ : ഒരു സാമൂഹിക സ്വനവിജ്ഞാന പഠനം

133 **പ്രൊഫ. സെബാസ്റ്റ്യൻ വട്ടമറ്റം**
ഗ്രന്ഥകർത്താവിന്റെ മരണം - ഒരു ലകാനിയൻ വായന

146 **ഡോ. ഐശ്വര്യ പി.**
സാങ്കേതികവിദ്യാധിഷ്ഠിതഭാഷാബോധനം –
വിദ്യാഭ്യാസഭാഷാശാസ്ത്രത്തിന്റെ നൂതനപ്രവണതകൾ

158 **ഡോ. പ്രജിഷ എ. കെ.**
വിവർത്തനം- ശീതയുദ്ധം മുതൽ നിർമിതബുദ്ധി വരെ

173 **ഡോ. ഡാർവിൻ എൽ.**
തിരുവനന്തപുരം തീരദേശ (മത്സ്യതൊഴിലാളി) ഭാഷ –
ഒരു ഭാഷാശാസ്ത്ര സമീപനം

192 **ഡോ. ലിജിഷ എ. ടി.**
പരിസ്ഥിതിഭാഷാശാസ്ത്രം; തദ്ദേശീയ
ജ്ഞാന സംരക്ഷണത്തിനുള്ള
അന്തർവൈജ്ഞാനിക രീതിശാസ്ത്രമെന്ന നിലയിൽ

216 **മരിയ സണ്ണി**
തെരഞ്ഞെടുപ്പ് വാർത്താ തലക്കെട്ടുകളിലെ
യുദ്ധലക്ഷകങ്ങൾ : ലക്ഷക സിദ്ധാന്തത്തെ
അടിസ്ഥാനമാക്കിയുള്ള വിശകലനം

226 **ഡോ. ജയ്സൺ ജോസഫ്**
ഭാഷാശാസ്ത്രത്തിന്റെ മലയാഴ്മവഴികൾ

239 **രമ്യ ഇ. പി.**
നിഷേധാശയ കോശിമങ്ങൾ പ്രകരണ വീക്ഷണത്തിൽ

ഭാഷ, ഭാഷാശാസ്ത്രം, വൈജ്ഞാനികസമൂഹം

എം. ശ്രീനാഥൻ
സീനിയർ പ്രൊഫസർ, ഭാഷാശാസ്ത്രവിഭാഗം,
തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാല, തിരൂർ

പ്രബന്ധസംഗ്രഹം:

വൈജ്ഞാനിക സമൂഹത്തെക്കുറിച്ചുള്ള വ്യവഹാരത്തിൽ അറിവിനും വിവര സാങ്കേതികതയ്ക്കുമാണ് മുൻതൂക്കം. മനുഷ്യകുലത്തിന്റെ അടിസ്ഥാനവിനിമയ ഉപാധിയായ ഭാഷയെയും ഭാഷയെക്കുറിച്ചു പഠിക്കുന്ന ഭാഷാശാസ്ത്രത്തെയും കേരളത്തിലെ വൈജ്ഞാനികസമൂഹ ചർച്ചയിൽ പ്രാഥമികമായി പരിഗണിക്കേണ്ടതിന്റെ ആവശ്യകത മുന്നോട്ടുവയ്ക്കുകയാണ് ഈ പഠനം. ആദ്യഭാഗത്ത് അറിവും ഭാഷയുമായുള്ള ഇഴയടുപ്പം വിശദീകരിച്ചുകൊണ്ടു വൈജ്ഞാനികസമൂഹചർച്ചയുടെ രാഷ്ട്രീയ സാധ്യതകൾ വെളിപ്പെടുത്തുന്നു. തുടർന്ന് മലയാളത്തിന്റെ സാങ്കേതികാധിഷ്ഠിത ജ്ഞാനപ്രസരണശേഷി വിലയിരുത്തിക്കൊണ്ട്, ഭാഷാസാങ്കേതികതാധിഷ്ഠിതമായ ജ്ഞാനാസൂത്രണത്തിന്റെ സാധ്യതകളും പരിമിതികളും വെളിപ്പെടുത്തുന്നു.

താക്കോൽ വാക്കുകൾ:

ഭാഷ, ഭാഷാശാസ്ത്രം, വൈജ്ഞാനികസമൂഹം

ആമുഖം

'വൈജ്ഞാനിക സമൂഹം' പങ്കിടുന്ന അർഥവിവക്ഷകളെന്തൊക്കെയാണെന്ന് നോക്കാം. പ്രാഥമികമായി ഇതൊരു വ്യാവസായികാനന്തര സമൂഹമാണ്. അറിവധിഷ്ഠിത സാമ്പത്തിക വ്യവസ്ഥയിലൂന്നിക്കൊണ്ടാണ് ഇത് നിലനിൽക്കുന്നത്. ധൈഷണിക മൂലധനത്തിന്റെ വിനിമയവ്യവസ്ഥയാണിതെന്നാണ് മറ്റൊരുവിവക്ഷ. അറിവ് അധികാരമായി പ്രവർത്തിക്കുന്ന വ്യവസ്ഥയാണിതെന്നും പറയാം. വ്യവസായികയുഗത്തോടെ രൂപംകൊണ്ട ഫാക്ടറി തൊഴിൽസംസ്കാരത്തെ പുതുക്കിപണിതുകൊണ്ട് വൈജ്ഞാനിക തൊഴിലിടങ്ങളും ധൈഷണിക തൊഴിലാളികളും വിവരസാങ്കേതികതയും ചേർന്ന തൊഴിൽഘടന. ഉല്പാദനത്തിലും ഉല്പന്നത്തിലും വിതരണത്തിലും ഉപഭോഗത്തിലും മാറ്റംവന്നതായികാണാം. വിവരങ്ങളും അറിവുകളും അടിസ്ഥാനമാക്കിയുള്ള ഉത്പാദനമാണിത് ലക്ഷ്യം വയ്ക്കുന്നത്. ഉല്പാദനം, വിതരണം, ഉപയോഗം എല്ലാം വിവരസാങ്കേതികതയിലൂന്നിയുള്ളതാണെന്നതാണ് സവിശേഷത. പഴയ സാമ്പത്തിക വ്യവസ്ഥയിൽ പ്രവർത്തിച്ചുവന്ന വിദ്യാഭ്യാസസ്ഥാപനങ്ങൾ, വിനിമയമാധ്യമങ്ങൾ ഗ്രന്ഥാലയങ്ങൾ, ഗവേഷണസ്ഥാപനങ്ങൾ, വാണിജ്യസ്ഥാപനങ്ങൾ തുടങ്ങി എല്ലാം അറിവെന്ന ചരക്കിനെ ഉത്പാദിപ്പിക്കുകയും സംസ്കരിക്കുകയും വിതരണം നടത്തുകയും ചെയ്യുന്ന സ്ഥാപനവ്യൂഹങ്ങളായി പരിവർത്തനപ്പെടുത്തികൊണ്ടുള്ള സമൂഹവ്യവസ്ഥയാണ് വൈജ്ഞാനിക സമൂഹമായി രൂപംകൊണ്ടിരിക്കുന്നത്. വൈജ്ഞാനിക സമൂഹവ്യവഹാര പശ്ചാത്തലത്തിൽ അറിവിനും വിവര സാങ്കേതികതയ്ക്കുമാണ് മുൻതൂക്കം. മനുഷ്യകുലത്തിന്റെ അടിസ്ഥാനവിനിമയ ഉപാധിയായ ഭാഷയെയും ഭാഷയെക്കുറിച്ച് പഠിക്കുന്ന ഭാഷാശാസ്ത്രത്തെയും കേരളത്തിലെ വൈജ്ഞാനികസമൂഹ ചർച്ചയിൽ പ്രാഥമികമായി പരിഗണിക്കേണ്ടതിന്റെ ആവശ്യകതയും നിലവിലെ സ്ഥിതിയും ജ്ഞാനാസൂത്രണ സാധ്യതകളും അന്വേഷിച്ചറിയുകയാണ് പഠനലക്ഷ്യമായി ഈ പ്രബന്ധം ഉൾക്കൊണ്ടിരിക്കുന്നത്.

ലോകസാമ്പത്തികക്രമം വിഞാനാധിഷ്ഠിതമായി മാറാൻ വിവരസാങ്കേതികത സഹായകമായി. സമ്പദ്‌വ്യവസ്ഥ അറിവിടങ്ങളായതോടെ സാങ്കേതികത അതിർത്തികൾക്കതീതമായ വിജ്ഞാനവിനിമയം സാധ്യമാക്കി. മൂലധനം അദൃശ്യമായ അറിവായി പരിവർത്തനപ്പെട്ടു. മൂലധനവും ഉല്പന്നവും അറിവായതോടെ പഴയ മൂലധന ഉല്പാദനബന്ധങ്ങൾ പുതുക്കിപ്പണിതു. അറിവിന്റെ ഉത്പാദനം,

സംഭരണം, വിനിമയം എന്നിവ ഉൾച്ചേർന്ന വിജ്ഞാന സാമ്പത്തികക്രമത്തിന്റെ ഭാഗമല്ലാതിരിക്കാൻ ഒരു ഭാഷാജനതയ്ക്കും കഴിയില്ലെന്നതാണ് അതിജീവനപ്രതി സന്ധിയായി രൂപംകൊണ്ടിരിക്കുന്നത്. ഓരോ ഭാഷയുടെയും യന്ത്രഗ്രാഹ്യതയും വിവര വിനിമയ ശേഷിയും ഭാഷാജനതയുടെ അതിജീവനത്തിൽ നിർണായകമാണ്. നിരവധി സാങ്കേതികതയുടെ കൂട്ടായ്മയാണ് ഭാഷാസാങ്കേതികത. ഭാഷണ സാങ്കേതികത (സ്പീച് ടെക്നോളജി), ലിഖിതസാങ്കേതികത (ടെക്സ്റ്റ് ടെക്നോളജി) ബഹുമാധ്യമസാങ്കേതികത (മൾട്ടീമീഡിയ ടെക്നോളജി)എന്നീ മൂന്നും ചേർന്നാണ് അറിവുസാങ്കേതികത സൃഷ്ടിക്കുന്നത്. പരസ്പരപൂരകമായ സഹജീവനമാണ് വിവര സാങ്കേതികവിദ്യയും ഭാഷാശാസ്ത്രവും പങ്കിടുന്നത്. വിജ്ഞാനസമൂഹത്തിന്റെ നില നിൽപ്പുതന്നെ വിവരസാങ്കേതികതയിലൂന്നിയുള്ളതാണ്; വിവരസാങ്കേതികതക്ക് ആധാരം കമ്പ്യൂട്ടർ ഭാഷാശാത്രവും. അറിവിടമായ ഭാഷയാണ്വിജ്ഞാനസമ്പത്തികവ്യവസ്ഥയിലെ മുഖ്യമൂലധനം. ഉപഭോഗംകൊണ്ട് മൂലധനശോഷണം സംഭവിക്കുന്നില്ല എന്നതും ഭാഷ വിവരവും അറിവുമായി മാറി വൈവിധ്യവത്കരണം ഉറപ്പുവരുത്തുന്നുവെന്നതുമാണ് ഈ സാമ്പത്തികക്രമത്തിന്റെ വികസന സാധ്യത. അനുദിനം വികസിക്കുന്ന സാങ്കേതികത മികവുറ്റ ഭാഷാസാങ്കേതികതാ വൈദഗ്ധ്യമാണ് ആവശ്യപെടുന്നത്. ഇതുതന്നെയാണ് ഭാഷ, ഭാഷാശാസ്ത്രം, വൈജ്ഞാനികസമൂഹം എന്ന വിഷയത്തിന്റെ പൊരുൾ.

ഭാഷയും ജ്ഞാനവും

ഓരോ ഭാഷാസമൂഹവും ജ്ഞാനസമൂഹവും കൂടിയാണ്. ഈ തിരിച്ചറിവ് ഉണ്ടാകാൻ പ്രേരിപ്പിക്കുന്ന ജ്ഞാനപദ്ധതികൾക്കൊന്നും അംഗീകാരമില്ല. എന്താണ് ജ്ഞാനം എന്ന ചോദ്യത്തിനുപോലും ഇടം നൽകാതെ, 'വൈജ്ഞാനിക സമൂഹ'ങ്ങളായിത്തീരുകയാണ് അതിജീവനത്തിന്റെ സാമ്പത്തിക മാതൃക എന്ന് പ്രചരിപ്പിക്കുകയാണ് വിവരമുതലാളിത്തം. ജ്ഞാനസമ്പത്തിനെക്കുറിച്ചുള്ള സത്യാനന്തര വാദങ്ങളിലെല്ലാം ഒളിഞ്ഞിരിക്കുന്ന കമ്പോള തന്ത്രങ്ങൾക്ക് മുതലാളിത്ത ദേശീയതയുടെ രാഷ്ട്രീയമുണ്ട്. മുതലാളിത്ത രാജ്യങ്ങൾ ഉല്പാദിപ്പിക്കുന്ന ഉല്പന്നമാണ് ജ്ഞാനമെന്നും മുതലാളിത്തേതര സമൂഹങ്ങളെല്ലാം ജ്ഞാനശൂന്യരാണെന്നുമുള്ള മുൻവിധിയോടെ പ്രചരിപ്പിക്കുന്ന ജ്ഞാന മുതലാളിത്ത പദ്ധതിയാണിത്. തങ്ങളുല്പാദിപ്പിക്കുന്ന ജ്ഞാനം ശാസ്ത്രീയമാണെന്നും ജ്ഞാനശൂന്യരായ ദേശരാഷ്ട്ര സമൂ

ഹങ്ങൾ ജ്ഞാന ഉപഭോക്താക്കളായി അതിജീവനം ഉറപ്പുവരുത്തണമെന്നുമുള്ള വിവക്ഷ ഈ പദ്ധതിക്ക് പിന്നിലുണ്ട്. ഈ സന്ദർഭത്തിൽ ഓരോജനതയും അവരുല്പാദിപ്പിച്ച തനത് ജ്ഞാനാടിത്തറ എന്തെന്ന് ആലോചിക്കുന്നതും പരിസ്ഥിതി സൗഹൃദവും വികേന്ദ്രീകൃതവുമായ അറിവുകളെ വീണ്ടെടുക്കുന്നതും ജ്ഞാനമുതലാളിത്തത്തെ ഒരളവിലെങ്കിലും പ്രതിരോധിക്കാൻ നമ്മെ പ്രാപ്തരാക്കും. ഇതിനുതകുന്ന ബദൽ മുറകളെ കുറിച്ചുള്ള ചർച്ചക്കാണ് അധിനിവേശാനന്തര സമൂഹങ്ങൾ ആക്കം നൽകേണ്ടത്.

അച്ചടിസാങ്കേതികതയിലൂടെയുള്ള പാശ്ചാത്യ ആധുനികതയുടെ തീവ്രവ്യാപനം വഴി പാശ്ചാത്യേതരമായി ജ്ഞാനം ഉണ്ടാകുമോ എന്നചിന്ത നമുക്കിടയിലുണ്ട്. ശാസ്ത്രീയത അവകാശപ്പെടുന്ന ജ്ഞാനത്തിനപ്പുറം മറ്റൊരു ജ്ഞാനവുമില്ല എന്ന വിശ്വാസം പ്രബലമാണ്. അച്ചടികേന്ദ്രിതമായ അറിവിന്റെ ഉടമസ്ഥാവകാശം വസ്തുനിഷ്ഠത, ശാസ്ത്രീയത, പരീക്ഷണവിധേയം എന്നിവയുടെ പേരിൽ കൈയ്യടക്കിയിരിക്കുന്ന പാശ്ചാത്യ ജ്ഞാനം വൈജ്ഞാനിക ഭാഷയായ ഇംഗ്ലീഷിൽ നിക്ഷിപ്തമാണെന്നാണ് അധിനിവേശിത സമൂഹങ്ങളെല്ലാം അധിനിവേശാനന്തര കാലത്തും കാത്തുപോരുന്ന വിശ്വാസം. ജ്ഞാനോല്പാദക സമൂഹങ്ങളല്ല ജ്ഞാനോപഭോക്താക്കളാണ് തങ്ങളെന്ന ബോധം നിർമ്മിച്ചെടുക്കാൻ പാശ്ചാത്യ ആധുനികതക്ക് കഴിഞ്ഞതാണ് ജ്ഞാനാടിമകളായി തുടരാൻ അധിനിവേശിത ജനതയെ ഇക്കാലത്തും പ്രേരിപ്പിക്കുന്നത്. വിവരമുതലാളിത്തം ഡിജിറ്റൽ സാങ്കേതികതയിലൂടെ വിവരസ്രോതസ്സുകളുടെയും ജ്ഞാനത്തിന്റെയും കുത്തക ആഗോള കോർപറേറ്റുകൾ ഏറ്റെടുത്തുകഴിഞ്ഞ കാലത്ത് ജ്ഞാനാടിമത്വത്തിൽനിന്നും വിമോചിതരാകാനുള്ള പ്രതിരോധ പ്രത്യയശാസ്ത്രം എന്താണ് ? ജ്ഞാനത്തിന്റെ ബദൽനിർമിതികളിലൂന്നുന്നതാകണം എന്നല്ലാതെ മറ്റൊന്നും നിർദേശിക്കപ്പെടുന്നില്ല.

ഇംഗ്ലീഷിലൂടെ ഇറക്കുമതി ചെയ്യുന്ന പാശ്ചാത്യ ജ്ഞാനം മാത്രമേ അതിജീവനത്തിനുതകൂവെന്ന വിശ്വാസത്തിൽ നിന്നും പുറത്തുവരാനായി മാതൃഭാഷയിലുള്ളടങ്ങുന്ന തനതറിവുകളെ വേർതിരിച്ചു മനസിലാക്കേണ്ടതുണ്ട്. അവയിൽ ഏതൊക്കെ നിലനിൽക്കേണ്ടതാണ് ഏതൊക്കെ, തള്ളിക്കളയേണ്ടതാണ് ഏതൊക്കെ പരിഷ്കരിക്കേണ്ടതാണ് ഏതൊക്കെ പകരംവയ്ക്കേണ്ടതാണ് എന്നൊക്കെ തദ്ദേശീയ ആവശ്യങ്ങൾ മുൻനിർത്തി തീരുമാനിക്കേണ്ടതാണ്. മറിച്ച്, ജ്ഞാനശൂന്യരായി

അറിവിന്റെ പാശ്ചാത്യലോകം മാത്രം സ്വീകരിച്ച് അറിവടിമകളായി അതിജീവിച്ചാൽ മതിയോ എന്ന ആലോചനക്കാണ് പ്രസക്തിയുള്ളത്. അറിവുല്പാദകരായി മാറുന്നതിന്റെ സാധ്യതകൾ ഇനിയും നമുക്ക് പരിചിതമായിട്ടില്ല. അറിവിന്റെ സ്വാതന്ത്ര്യത്തിന് വേണ്ടിയുള്ള സമരമുഖമാണ് തനത് ജ്ഞാനാന്വേഷണം.

കേരളത്തിന്റെ ചിന്താ ഘടന

കേരളത്തെസംബന്ധിച്ചോളം തനത് ചിന്താഘടനയ്ക്ക പാരമ്പര്യം മുതലായ ദ്രാവിഡാംശവും മൗലികമായി വികസിച്ചതും സമ്പർക്ക ശേഷിപ്പുകളുമായി ഭിന്നഅടരുകളുണ്ട്. അതായത് ഒരു ഭാഷാസമൂഹമെന്ന നിലയിൽ പാരമ്പര്യമായുള്ളതും ആവാസവ്യവസ്ഥാനുഭവങ്ങളിൽ നിന്നും തനതായി നിർമിച്ചതും സമ്പർക്കത്തിലൂടെ ആർജിച്ചതും അധിനിവേശമായി കടന്നെത്തിയതും അറിവധികാരമായി പ്രാമാണിത്തം നേടിയവയും ഉൾപ്പടെ തിരിച്ചറിഞ്ഞുകൊണ്ടുവേണം ഭാവിയിലേക്കുള്ള ജ്ഞാനാസൂത്രണം നടത്താൻ. കേരളചിന്തയെ പോഷിപ്പിച്ചതിൽ കരവഴിയും കടൽവഴിയും കടന്നെത്തിയ ആശയാവലികളും നിർണായകമാണ്. സമ്പർക്ക സ്വാധീനം പ്രബലമാണ്. ജൈന, ബൗദ്ധ,സംസ്കൃത സമ്പർക്കങ്ങൾ കരവഴിയും വൈദേശിക സ്വാധീനം കടൽവഴിയുമാണ് സംഭവിച്ചത്. സമ്പർക്കഫലമായി കടന്നെത്തിയ ആശയാവലികളുടെ തദ്ദേശീകരണത്തെ ഒരു ദീർഘകാല പ്രക്രീയയായി കാണാം. ഈ സംക്രമണ പ്രക്രിയയിൽ തനതാശയാവലിക്ക് ഇളക്കമോ നാശമോവന്നിട്ടുണ്ടെങ്കിൽഅധിനിവേശമായല്ലാതെസമീകരണമായികാണാമോ എന്നത് ആശയങ്ങളുടെ സൂക്ഷ്മ പരിശോധനയിലൂടെ നിശ്ചയിക്കേണ്ടതുണ്ട്. മറിച്ച് വെടിപ്പാക്കി തനിക്കാക്കിയ സമീകരണ പ്രക്രീയയാണെങ്കിൽ അതിനെ ആശയപോഷണത്തിന്റെ തനതുമുറയായെ കാണേണ്ടതുള്ളൂ. പൊതുവിൽ സങ്കല്പനങ്ങൾ ആശയങ്ങളായി വ്യവഹാരരൂപം കൈക്കൊള്ളുന്ന വഴിയറിഞ്ഞാലേ ചിന്തയുടെ ഘടനയും ചരിത്രവും തെളിയിച്ചെടുക്കാനാവൂ. ചുരുക്കത്തിൽ മലയാള ഭാഷാസമൂഹത്തിന്റെ ജ്ഞാനോല്പാദന വഴികളറിയാനും കേരളത്തിന്റെ വൈജ്ഞാനിക പ്രബുദ്ധത മനസിലാക്കാനും ഭാവി ജ്ഞാനാസൂത്രണത്തിനും ജ്ഞാനമുതലാളിത്തത്തെ പ്രതിരോധിക്കാനും വേണ്ടി കേരളത്തിന്റെ ധൈഷണിക ചരിത്രനിർമിതിയെ കുറിച്ച് ആലോചിക്കേണ്ടതുണ്ട്.

മലയാളത്തിനൊരു ധൈഷണിക ചരിത്രമുണ്ടോ ?

കേരളത്തിന്റെ തനത് ചിന്താചരിത്രം എന്ന് വിശേഷിപ്പിക്കാവുന്ന ഒന്ന് ഇനിയും നിർമിച്ചിട്ടില്ല എന്ന വാസ്തവം ഭാഷാശാസ്ത്രപരമായും വാസ്തവമാണ്. മലയാളത്തിലെ അറിവിടങ്ങളെ തെളിയിച്ചെടുക്കുന്നതിലൂടെ മാത്രമേ അത്തരമൊരു ധൈഷണിക ചരിത്രം വെളിപ്പെടൂ. ലിഖിത -അച്ചടി പാരമ്പര്യത്തിൽ മാത്രമന്വേഷിച്ചാൽ ചിന്തയുടെ, അറിവിന്റെ തനതിടങ്ങൾ ലഭിക്കണമെന്നില്ല. പ്രതിനിധീകരിക്കപ്പെടുന്ന ലോകവും(മനസ്സ്) പ്രതിനിധീകരിക്കപ്പെട്ട ലോകവും (വ്യവഹാരരൂപങ്ങൾ) വ്യത്യസ്തമായി മനസിലാക്കണം. വർഗീകരണം ഒരു ധൈഷണിക വൃത്തിയാണ്. അതുകൊണ്ടു തന്നെ സ്വാഭാവികമായി എന്തിനെയും അടുപ്പം, സാദൃശ്യം, തുടർച്ച, താരതമ്യം എന്നിവ അനുസരിച്ചു വർഗീകരിച്ചറിയുന്നരീതി സാർവ്വഭാഷികമാണ്. ഭൗതിക ചുറ്റുപാടുകൾക്കൊപ്പം മാനസിക വ്യാപാരങ്ങളും വർഗീകരിച്ചറിയുന്നു. സ്ഥലം, അളവ്, ബലം, അസ്തിത്വം എന്നിങ്ങനെ അറിവിന്റെ അടിസ്ഥാനതലങ്ങളും നിശ്ചയിച്ചിട്ടുണ്ട്. ചുരുക്കത്തിൽ അനുഭവങ്ങൾ സങ്കല്പനങ്ങളിലേക്കും, അത് അറിവായും അതായത് ജ്ഞാനബിംബങ്ങളായും വ്യവഹാരരൂപം പ്രാപിക്കുന്നു. സങ്കല്പനങ്ങളുടെ രൂപീകരണവും വ്യാപനവും ആശയഘടനയും വ്യക്തമായി മനസിലാക്കാൻ വാങ്മയ വഴക്കങ്ങളിൽ നിന്ന് ആരംഭിച്ചേ മതിയാവൂ. പൊതുവിൽ ധൈഷണിക ചരിത്രത്തെ ബുദ്ധിജീവികളുടെ സംഭാവനകളായിട്ടാണ് ഉൾകൊള്ളാൻ ശ്രമിക്കുന്നത്. എന്നാൽ ഈ സവിശേഷ വർഗത്തിൽ മാത്രം ഒതുക്കാവുന്നതല്ല ഒരു ദേശത്തിന്റെ ധിഷണാചരിത്രത്തെ. പലപേരുകൾ ഇതിനകം തന്നെ അറിവന്വേഷണത്തിന്റെ ഭാഗമായിട്ടുണ്ട്. തനതറിവ്,പാരമ്പര്യജ്ഞാനം, പൈതൃകജ്ഞാനം, നാട്ടറിവ്, കാടറിവ്, കടലറിവ്, മണ്ണറിവ്, നീരറിവ് എന്നിങ്ങനെ സന്ദർഭാനുസരണം അറിവിടങ്ങളെ അടയാളപ്പെടുത്താറുണ്ട്. തദ്ദേശീയമായി ഉല്പാദിപ്പിച്ചിരിക്കുന്ന ഭിന്ന അടരുകളുള്ള ഒരു ജനകീയ ജ്ഞാനധാര ഏതൊരു സമൂഹത്തിന്റെയും ധൈഷണിക മൂലധനത്തിൽ പ്രാഥമികമാണ്. മൗലികമായ വാമൊഴിയിടങ്ങളിലാണ് അധികവും ഇത്തരം അറിവിടങ്ങൾ നിലനിൽക്കുന്നത്. അറിവിന്റെ പ്രാഥമികമായ ഘടകങ്ങളെ വേർതിരിച്ചറിയുകയും ഇതിലേക്ക് ലയിച്ചു ചേർന്നതും കൂട്ടി ചേർത്തതും ഒഴിവാക്കപ്പെട്ടതുമായ ഘടകങ്ങളെ അടയാളപ്പെടുത്തുന്ന തരത്തിലുള്ള സമീപനമാണ് ധൈഷണിക ചരിത്രനിർമിതിയിൽ ഒഴിവാക്കാനാവാത്തത്. അധിവാസ കേന്ദ്രിതമായ നിരീക്ഷ

ണങ്ങളിലൂടെയും അനുഭവങ്ങളിലൂടെയും ഒരു ഭാഷാജനത ആർജിച്ചെടുത്ത ജ്ഞാനവ്യവസ്ഥ എന്തെന്നും അവയുടെ തലമുറാന്തര വിനിമയരൂപങ്ങൾ എന്തെന്നും ബഹുകാലികമായി തിരിച്ചറിയേണ്ടതുണ്ട്. ഭൂതകാലത്തിന്റെ ജ്ഞാനബിംബങ്ങളുടെ സാന്നിധ്യ-അസാന്നിധ്യങ്ങൾ അറിയുന്നതുവഴിയെ ചിന്താലോകത്തിന്റെ ചലനാത്മകമായ കയറ്റിറക്കങ്ങൾ അടയാളപ്പെടുത്താനാവൂ. ഒരു ഭാഷാജനതയെന്ന നിലയിൽ അവർക്കിടയിൽ എത്തരത്തിലുള്ള ജ്ഞാനോല്പാദനം നടന്നുവെന്നും അവ ഏതു വ്യവഹാരരൂപം കൈകൊണ്ടുവെന്നും തനതായ ജ്ഞാനോപഭോഗവഴികളെന്തെന്നും ബാഹ്യജ്ഞാനോപഭോഗം ആരംഭിച്ചതിനുശേഷം തനതറിവുകൾക്കു എന്തുസംഭവിച്ചുവെന്നും നമ്മുടെ ചിന്താഗതി നിയന്ത്രിക്കുന്ന ഘടകങ്ങൾ എന്തെന്നും ചിന്തയുടെ സർഗാത്മകഘടന എന്തെന്നും ചരിത്രപരമായി വിവരിക്കാനും വിശദീകരിക്കാനും കഴിയുമ്പോൾ മാത്രമേ കേരളത്തിന്റെ ജ്ഞാനപ്രബുദ്ധതയുടെ ചരിത്രം വെളിവാകൂ.

എല്ലാ ഭാഷാസമൂഹങ്ങളിലും അടിസ്ഥാനപരമായ അറിവിന്റെ വ്യവസ്ഥ രൂപംകൊള്ളുന്നത്, മനുഷ്യരും പ്രകൃതിയും, മനുഷ്യരും മനുഷ്യരും, മനുഷ്യരും ഇന്ദ്രിയബാഹ്യമായ അമൂർത്തലോകവും തമ്മിലുള്ള ബന്ധത്തിന്റെ അടിസ്ഥാനത്തിലാണ്. ഇവമൂന്നുംചിന്താമണ്ഡലത്തിൽ പരസ്പരാശ്രിതമാണ്. ഇവ സംഭരിക്കപ്പെടുന്നത് വായ്മൊഴി, വരമൊഴി, ശരീരകേന്ദ്രിതം എന്നീ മാധ്യമങ്ങളിലാണ്. ഓരോ തലങ്ങളിലുമുള്ള ഘടകങ്ങളും ഉപഘടകങ്ങളും വ്യക്തമാക്കി അവയിലോരോന്നിലും രൂപംകൊണ്ട സങ്കല്പനങ്ങളെ വിലയിരുത്തി ആശയബന്ധങ്ങൾ സ്ഥാപിക്കാം. തുടർന്ന് വ്യവഹാരരൂപങ്ങളിൽ നിന്ന് ചിന്താഘടനയും പ്രയോഗങ്ങളും മനസിലാക്കാവുന്നതാണ്. ബഹുകാലികവും ബഹുവ്യാവഹാരികവുമായ പരിശോധനയിലൂടെ മേല്പറഞ്ഞ മൂന്ന് അടിസ്ഥാനതലങ്ങളും തമ്മിലുള്ള ആശയ, വിനിമയ, സർഗാത്മക,പ്രായോഗിക, സാങ്കേതിക ബന്ധങ്ങൾ ഇഴപിരിച്ചറിഞ്ഞു ചിന്താലോകം സൂക്ഷ്മമായിവിവരിക്കാനും വിശദീകരിക്കാനും കഴിയുന്നതോടെ ഒരു ഭാഷാജനതയുടെ ധൈഷണികചരിത്രം നിർമിച്ചെടുക്കാവുന്നതാണ്.

മേല്പറഞ്ഞ മൂന്ന് തലങ്ങളിലും ഉല്പാദിപ്പിക്കുന്ന അറിവാണ് വിവിധ പഠനശാഖകളിലൂടെ നാം സമകാലത്തു പരിചയപ്പെടുന്നത്. പ്രകൃതിയും മനുഷ്യരും തമ്മിലുള്ള ബന്ധത്തിലൂന്നുന്നതാണ് സസ്യശാസ്ത്രം, ജന്തുശാസ്ത്രം, രസതന്ത്രം, പരിസ്ഥിതിശാസ്ത്രം, ഭൂമിശാസ്ത്രം, ഭൂഗർഭശാസ്ത്രം, വാനശാസ്ത്രം, സമുദ്രശാസ്ത്രം,

കാലാവസ്ഥാശാസ്ത്രം തുടങ്ങിയുള്ള ഒട്ടനേകം ശാസ്ത്രശാഖകൾ. അവ സൈദ്ധാന്തികമേഖലകളായും പ്രയുക്തമേഖലകളായും വൈജ്ഞാനിക പ്രതിനിധാനങ്ങളായി നിലനിൽക്കുന്നു. ഇതുപോലെ മനുഷ്യരും മനുഷ്യരും തമ്മിലുള്ള ബന്ധം മാനവികശാസ്ത്രം, നരവംശശാസ്ത്രം, നാടോടിവിജ്ഞാനം, സാമൂഹികശാസ്ത്രം, സാമ്പത്തികശാസ്ത്രം, മനശാസ്ത്രം, സാങ്കേതികത, വൈദ്യശാസ്ത്രം, നൈതികശാസ്ത്രം, തത്വചിന്ത തുടങ്ങി എത്രയോ പഠനമേഖലകളായി പിരിഞ്ഞിട്ടുണ്ട്. മിത്തോളജി, കോസ്മോളജി, തീയോളജി തുടങ്ങി നിരവധി ശാഖകൾ മനുഷ്യരും ഇന്ദ്രിയാനുഭവേതരമായിട്ടുള്ള അമൂർത്ത സങ്കല്പനങ്ങളുമായുള്ള ബന്ധം പരിശോധിക്കുന്നു. ആധുനിക ശാസ്ത്രപഠനമേഖലകളിൽ വിവരിക്കുന്നതെല്ലാമല്ലെങ്കിലും ദീർഘകാലത്തെ അനുഭവങ്ങളുടെയും നിരീക്ഷണങ്ങളുടെയും ഫലമായി എല്ലാ ഭാഷാസമൂഹങ്ങളും തങ്ങളുടേതായ നിഗമനങ്ങളിൽ എത്തിച്ചേർന്നിട്ടുണ്ട്. അവയുടെ സൂക്ഷ്മവൽക്കരണമാണ് പിൽക്കാലത്തു കാലോചിതമായി രൂപം കൊണ്ടിട്ടുള്ളതെന്ന് മനസിലാക്കാവുന്നതാണ്. തങ്ങൾക്കാവശ്യമുള്ള തരത്തിലുള്ള ജ്ഞാനോല്പാദനം എല്ലാ ഭാഷാസമൂഹത്തിനുമുണ്ട്. അതുകൊണ്ടുതന്നെ ഒരു ഭാഷാജനതയും ജ്ഞാനശൂന്യരല്ല. പരീക്ഷണശാലയിൽനിന്നുള്ളതായതുകൊണ്ടോ ശാസ്ത്രീയമെന്ന് അവകാശപെടുന്നതുകൊണ്ടോ ആ ജ്ഞാനം കേമവും, മറ്റുവഴികളിലൂടെ ഉല്പാദിപ്പിക്കപ്പെട്ടത് അധമവും ആകുന്നില്ല. രണ്ടു കാലഘട്ടങ്ങളിൽ രണ്ടുരീതിയിൽ ഉല്പാദിപ്പിക്കപ്പെട്ടവയെന്നേയുള്ളൂ. ജ്ഞാനത്തെക്കുറിച്ചുള്ള ബദൽമുറകളും ഉണ്ടെന്ന് മനസിലാക്കാനിത് സഹായിക്കും. ഇവിടെ ഏതാണ് കൂടുതൽ നല്ല ജ്ഞാനം എന്നത് ആപേക്ഷികമാണ്. രണ്ട് തരം ചിന്താപദ്ധതിയനുസരിച്ചുണ്ടായ, പ്രകൃതികേന്ദ്രിതവും മനുഷ്യകേന്ദ്രിതവുമായ, രണ്ടുതരം ജ്ഞാനസൂചികകളും നിർമാണസാമഗ്രികളും ഉപയോഗിച്ചുണ്ടായ ജ്ഞാനനിർമിതിയെന്നേയുള്ളൂ. എന്നാൽ ആധുനിക വിജ്ഞാനങ്ങൾക്ക് തത്തുല്യമായ വിജ്ഞാനശാഖകൾ വികസിച്ചിട്ടില്ലെങ്കിലും ആവശ്യമായ ജ്ഞാനോല്പാദനവും ജ്ഞാനപ്രസരണ മാർഗങ്ങളും നിലനിന്നിരുന്നു. പരമ്പരാഗതമായിട്ടല്ലാതെയും ആധുനിക വിജ്ഞാനശാഖകൾക്കനുസരിച്ചുള്ള പഠനങ്ങളും കേരളീയമായ ജ്ഞാന സമ്പത്തുണ്ടാക്കിയിട്ടുണ്ട്. കൂടാതെ എല്ലാ ആധുനിക വിജ്ഞാനമേഖലകളും തദ്ദേശീയമായി ജ്ഞാനോല്പാദനം നടത്തുന്നതും ബദൽ ജ്ഞാനിർമിതിയുടെ ഭാഗമാണ്. മനുഷ്യകേന്ദ്രിതവും പ്രകൃതിവിരുദ്ധവുമായ ജ്ഞാനോല്പാദനത്തെയല്ല മറിച്ച് ബയോക്രസി[1] അംഗീകരിക്കുന്ന,

സുസ്ഥിരവികസനം സാധ്യമാക്കുന്ന ജ്ഞാനോല്പാദനത്തിനാണ് പ്രാദേശികമായി പ്രാധാന്യം നൽകേണ്ടത്. വൈജ്ഞാനികസമൂഹമെന്നത് പുതിയ സാങ്കേതിക ലോകം പ്രചരിപ്പിക്കുന്നതാണെങ്കിലും ഒരു ഭാഷാജനതയെന്നനിലയിൽ മലയാളികൾ ജ്ഞാനശൂന്യരല്ല. എന്നാൽ തനതുജ്ഞാനശേഖരം സ്വരൂപിക്കുന്നതിലും ആധുനികീകരിക്കുന്നതിലും ജ്ഞാനമൂലധനമായി സമകാലീകരിക്കുന്നതിലും വീഴ്ച വന്നിട്ടുണ്ട്. കൊളോണിയൽ ആധുനികത അടിച്ചേൽപ്പിച്ച ജ്ഞാനസങ്കല്പങ്ങളും ജ്ഞാനബോധവും തനതു ജ്ഞാനലോകത്തെ അംഗീകരിക്കാതിരിക്കാൻ പ്രേരിപ്പിച്ചുവെന്നതാണ് വാസ്തവം. അധിനിവേശാനന്തരസമൂഹങ്ങൾ ബോധത്തെ അപകോളനീകരിച്ച് തനതു ജ്ഞാനത്തെ സമകാലികമായി ഉയർത്തിയെടുക്കാനുള്ള ശ്രമങ്ങൾ നടത്തിവരുന്നു. തനതുജ്ഞാന പദ്ധതിയോടൊപ്പം പുത്തനറിവുകളും ഉൾകൊള്ളാൻ പ്രാപ്തമാക്കുന്ന ഭാഷാവ്യവസ്ഥയാണ് മലയാളഭാഷ പണ്ടു മുതലേ പ്രാവർത്തികമാക്കിയിട്ടുള്ളത്. ലോകവൈജ്ഞാനികസമൂഹത്തിന്റെ ഭാഗമായി കേരളസമൂഹത്തിനു നിലയുറപ്പിക്കാൻ ഇതിനകം മലയാളഭാഷ ആർജിച്ചശേഷികൾ മതിയാകുമോ എന്നതും പരിശോധിക്കപ്പെടേണ്ടതാണ്.

മലയാളഭാഷയും വൈജ്ഞാനികസമൂഹവും

ആധുനിക ജ്ഞാനപ്രസരണത്തിനു മലയാളം എത്രത്തോളം സജ്ജമാണ് എന്നു വിമർശനാത്മകമായി പരിശോധിച്ച് അവശ്യം വേണ്ടുന്ന ഭാവിപദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതുണ്ട്. വൈജ്ഞാനികസമൂഹം എന്ന ആശയത്തെ മലയാളജ്ഞാനചരിത്ര സന്ദർഭത്തിൽ പരിശോധിക്കുമ്പോൾ ഉയർന്നുവരുന്ന പ്രധാനസമസ്യ മലയാളഭാഷയുടെ സാങ്കേതികതാ ശേഷിയാണ്. വൈജ്ഞാനികസമൂഹമാകണമെങ്കിൽ മലയാള ഭാഷയെ സാങ്കേതികമായി പരുവപ്പെടുത്തേണ്ടതുണ്ട്. നിലവിൽ ഭാഷ സാങ്കേതികമികവ് ആർജിച്ചുവെന്ന് അവകാശപ്പെടാനാവില്ല. ഭാഷാചരിത്രത്തിന്റെ വെളിച്ചത്തിൽ പരിശോധിച്ചാൽ മലയാളഭാഷ ഇതിനകം ആർജിച്ച പലതരം ശേഷികളുണ്ട്. മലയാളഭാഷയുമായി സമ്പർക്കത്തിലേർപ്പെട്ട നിരവധി അന്യഭാഷകളുടെ സമ്പർക്ക ശേഷിപ്പുകൾ തത്ഭവ -തത്സമങ്ങളായി ഭാഷയുടെ ഉൾക്കൊള്ളൽ വഴക്കത്തെ പ്രതിനിധീകരിക്കുന്നുണ്ട്. വായ്പാപദങ്ങളെ വെടിപ്പായി തനിക്കാക്കുന്ന തദ്ദേശീകരണമുറ, ഘടനാമാറ്റം ഉണ്ടാകാതെയുള്ള ഉപയോഗം, പ്രത്യയ പൊരുത്തം ഇകാരംചേർത്തുള്ള ക്രിയാ സ്വീകരണം, വർ

ധിച്ച വിവർത്തനക്ഷമത തുടങ്ങി എണ്ണി പറയാവുന്ന ഭാഷാശേഷിയും വഴക്കവും മലയാളഭാഷ ആർജിച്ചിട്ടുണ്ട്. ഭാഷയുടെ സാങ്കേതികതാ മികവിനു സഹായിക്കുന്ന പാരമ്പര്യ മൂലധനമായി ഇവയെ പരിഗണിക്കാമെങ്കിലും ഭാഷാസാങ്കേതികത വികസിച്ചഭാഷയല്ല മലയാളം എന്നത് സവിശേഷമായി അംഗീകരിക്കേണ്ടതുണ്ട്

മലയാള ഭാഷാസാങ്കേതികത

മലയാളഭാഷാസാങ്കേതികതയുടെ ആർജിതശേഷിവിലയിരുത്തിയാൽ തുടക്കത്തിലുണ്ടായിരുന്ന മലയാളലിപിയുടെ യന്ത്രഗ്രാഹ്യതാ പ്രതിസന്ധികൾ മലയാളം യൂണികോഡ് പ്രാവർത്തികമായതോടെ പരിഹരിക്കപ്പെട്ടിട്ടുണ്ട്. ഇതുവഴി ദത്തനിവേശന പ്രശ്നങ്ങൾ മറികടക്കാനായി. ഭാഷാഉപകരണങ്ങളുടെയും ഭാഷാസ്രോതസ്സുകളുടെയും നിർമിതിയിലും ഭാഷാസംസ്കരണത്തിലും കുറെയൊക്കെ കാര്യങ്ങൾ നടത്തിയെങ്കിലും അധികം മുന്നോട്ടുപോകാൻ കഴിഞ്ഞിട്ടില്ല. പദങ്ങളെ അക്ഷരക്രമത്തിൽ മാറ്റുക, സൂചികാ നിർമിതി, അർത്ഥസൂചികാ നിർമിതി (ശബ്ദ സൂചിക, സന്ദർഭസൂചിക), വ്യാകരണപിശക് തിരുത്തൽ, അക്ഷരത്തെറ്റുതിരുത്തൽ, ഒ സി ആർ തുടങ്ങിയുള്ള പലമേഖലകളും പൂർണമായും പ്രവർത്തനമികവ് ആർജിച്ചിട്ടില്ല.

നിഘണ്ടു നിർമാണത്തിൽ പരിമിതമായ ഓൺലൈൻ സ്രോതസ്സുകളെ നിലവിലുള്ളൂ. പ്രയോഗനിഘണ്ടു, ശൈലിനിഘണ്ടു, ഭാഷാഭേദനിഘണ്ടു, തൊഴിൽ പദകോശം, വിഷയാധിഷ്ഠിതനിഘണ്ടുക്കൾ, പര്യായനിഘണ്ടു, നാനാർത്ഥനിഘണ്ടു തുടങ്ങി നിരവധി നിഘണ്ടുസ്രോതസ്സുകൾ ഭാഷയുടെ ഡിജിറ്റൽ മൂലധനശേഷിയുയർത്താൻ നിർബന്ധമായും വേണ്ടിയിരിക്കുന്നു. ടെക്സ്റ്റ് കോർപ്പോറ,ഭാഷണ കോർപ്പോറ, പാരലൽ കോർപ്പോറ മലയാളം പദവല, മലയാളം തെസോറസ് തുടങ്ങിയുള്ള ഭാഷാസ്രോതസ്സുകൾ ഇനിയും കാര്യക്ഷമമായി ലഭ്യമാക്കാനായിട്ടില്ല. കമ്പ്യൂട്ടേഷണൽ വ്യാകരണം പൂർണമല്ല. കംപ്യൂട്ടറധിഷ്ഠിത റെഫെറൻസ് വ്യാകരണം ഭാഷാസാങ്കേതികതാ വികാസത്തിനു ഒഴിച്ചുകൂടാനാവാത്തതാണ്. ഭാഷാസാങ്കേതികതാ സാമഗ്രികളുടെ കാര്യത്തിലും അഭിമാനകരമായ നേട്ടം കൈവരിക്കാനായിട്ടില്ല.

സ്വാഭാവികഭാഷാസംസ്കരണ പ്രക്രിയയെ സാധ്യമാക്കുന്ന രൂപിമസംസ്കരണ ഉപാധിയായ രൂപിമാപഗ്രഥിനി, വാക്യഘടനാപഗ്രഥിനി, ആർഥിക-പ്രകര

ണാപഗ്രഥന സാമഗ്രികൾ എന്നിവയുടെ കാര്യത്തിൽ പലശ്രമങ്ങളും നടന്നിട്ടുണ്ടെങ്കിലും സമ്പൂർണവിജയം കൈവരിച്ചിട്ടില്ല. ടോക്കനീകരണം – (പദാതിർത്തി നിർണയം, പദങ്ങൾ, അക്കങ്ങൾ, ചിഹനനങ്ങൾ), ലെമമീകരണം (കോശിമത്തിന്റെ രൂപാന്തരങ്ങൾ അടയാളപ്പെടുത്തൽ), വ്യാകരണവർഗാനുബന്ധനം, നാമീകൃതരൂപം തിരിച്ചറിയൽ, ഭാഷണവിഭാഗാനുബന്ധനം ടീക നിർമാണം തുടങ്ങി വിവിധമേഖലകളിലെ സങ്കീർണതകൾ പരിഹരിച്ചു മുന്നേറാനുണ്ട്. പദങ്ങളെ ഉച്ചാരണമാക്കി മാറ്റുക,ഉച്ചാരണങ്ങളെ ലിഖിത രൂപമാക്കി മാറ്റുക, രൂപിമവിശകലനത്തിന്റെഭാഗമായി പദങ്ങളെ രൂപിമങ്ങളാക്കി മാറ്റുക, രൂപിമങ്ങളെ പദമാക്കി മാറ്റുക,വാക്യഘടനാസംസ്കരണത്തിൽ വാക്യങ്ങളെ ഉപവാക്യമാക്കി മാറ്റുക, ഉപവാക്യത്തെ പദമായി മാറ്റുക തുടങ്ങിയുള്ള പല മേഖലകളിലെയും സങ്കീർണതകൾ പൂർണമായും അഭിമുഖീകരിച്ചിട്ടില്ല. ദ്വയാർത്ഥത്തെ വ്യക്തമാക്കൽ, അർത്ഥസന്ദേഹനിരാസം, ചോദ്യോത്തരം, പാഠാന്തർഭാവം തിരിച്ചറിയൽ ബന്ധനിഷ്ഠ തിരിച്ചറിയൽ, ഭാവാപഗ്രഥനം തുടങ്ങിയുള്ള ആർഥികസംസ്കരണമേഖലകളും വിവിധ പ്രകരണാപഗ്രഥനമേഖലകളും ഏറെ വികസിക്കേണ്ടതുണ്ട്. ചുരുക്കത്തിൽ വൈജ്ഞാനികസമൂഹം എന്നനിലയിൽ ആർജിക്കേണ്ട ഭാഷാസാങ്കേതികത മലയാളത്തിനു കൈവന്നിട്ടില്ല എന്ന് പറയുന്നത് അതിശയോക്തിയല്ല.

ഉപസംഹാരം

പ്രത്യക്ഷത്തിൽ പരസ്പരം ബന്ധമില്ലാത്ത രണ്ടു പ്രമേയങ്ങളാണ് ഇവിടെ ചർച്ചചെയ്തതെന്ന് തോന്നിയേക്കും..എന്നാൽ വാസ്തവമതല്ല. ഭാഷ അറിവാണെന്നും ജ്ഞാനവിനിമയോപാധിയാണെന്നും അടിസ്ഥാനപരമായി ഉൾകൊള്ളുന്നതോടെ ഭാഷാസമൂഹങ്ങൾ ജ്ഞാനസമൂഹങ്ങളാണെന്ന് വ്യക്തമാകും. മലയാളഭാഷ പ്രസരണംചെയ്തിരുന്ന തനതു ജ്ഞാനലോകത്തെ സമാഹരിക്കാനോ സമകാലീകരിക്കാനോ നമുക്കായിട്ടില്ല എന്നതു ജ്ഞാനോല്പാദകർ എന്ന സ്ഥാനം നമുക്ക് ഇല്ലാതാക്കുന്നു. ഈ നഷ്ടം ചെറുതല്ല. ആരോഗ്യപ്പച്ചയുടെ കാര്യത്തിൽ പരമ്പരാഗതമായ അറിവിന് ആഗോളതലത്തിൽ കിട്ടിയ അംഗീകാരം മലയാളികൾ ജ്ഞാനശൂന്യരല്ലെന്ന് ഉറപ്പിക്കുന്നു. ആറന്മുളക്കണ്ണാടിയുടെ നിർമാണത്തിന്റെ മികവ് ശാസ്ത്രലോകം അംഗീകരിച്ചുകഴിഞ്ഞു. ജ്ഞാന ഉപഭോക്താക്കൾ മാത്രമായി ഒരു സമൂഹത്തിനു വൈജ്ഞാനികസമൂഹമായി നിലനിൽക്കാനാവില്ല. ജ്ഞാനോല്പാദ

കരും കൂടിയായെ നിലനിൽക്കാനാവൂ. ഈ സാധ്യതയാണ് പാരമ്പര്യജ്ഞാനമൂല ധനത്തിലേക്ക ശ്രദ്ധ ക്ഷണിച്ചത്. പരമ്പരാഗതമായി ഉല്പാദിപ്പിച്ച ജ്ഞാനമൂലധന ത്തിന്റെ സംഭരണവും ഡിജിറ്റൽവിഭവനിർമാണവും വൈജ്ഞാനികസമൂഹമായി സ്ഥാനമുറപ്പിക്കാനുള്ള മൂലധനശേഷിയാണ്. ഇക്കാര്യത്തിൽ നിലവിലെ അവസ്ഥ യെ വെളിപ്പെടുത്തുകയായിരുന്ന ആദ്യഭാഗത്ത്. വൈജ്ഞാനിക സമൂഹത്തിന്റെ അടിസ്ഥാനമായ വിവരസാങ്കേതികതയുടെ ഭാഗമാകണമെങ്കിൽ വികസിച്ച ഭാ ഷാസാങ്കേതികത കൈമുതലായുണ്ടാകണം. മലയാളഭാഷാസാങ്കേതികതയുടെ നിലവിലെ അവസ്ഥയുടെ പരിശോധനയിൽ വ്യക്തമാകുന്നത് മലയാളസമൂഹം വൈജ്ഞാനികസമൂഹമായി പരിവർത്തനപ്പെടാൻ അടിയന്തരമായ ഭാഷാസൂത്ര ണം വേണമെന്നാണ്. വൈജ്ഞാനികസമൂഹചർച്ചയിൽ ഈ രണ്ടു പ്രമേയങ്ങ ളെയും കൂട്ടിയിണക്കുകവഴി ഭാഷയും ഭാഷാശാസ്ത്രവും വൈജ്ഞാനികസമൂഹവും തമ്മിലുള്ള ബന്ധം വെളിപ്പെട്ടതോടോപ്പം ഭാവിയാസൂത്രണവഴിയും തെളിഞ്ഞുവ ന്നിട്ടുണ്ട്.

കുറിപ്പുകൾ:

1. ബയോക്രസി എന്നത് ഹരിതരാഷ്ട്രീയമാണ്. ഹരിതവാദികളിൽ പൊതുവിൽ നിറഞ്ഞു നിൽക്കുന്ന ആശയം, പ്രകൃതിയുടെ മറ്റേത് ജീവികളെയും പോലുള്ള ഒരു അംഗമാണ് മനുഷ്യരും എന്നതാണ്. മറിച്ച് പ്രകൃതിയുടെ തമ്പുരാക്കന്മാരല്ല. അവർ പ്രകൃതിയു ടെ ഭാഗമാണ്. ജൈവസമൂഹത്തിലെ ഒരംഗം. മനുഷ്യർക്കും ഇതര ജീവികൾക്കും ഭൂമിയിൽ ഒരേ അവകാശമേയുള്ളൂ. എല്ലാത്തിനെയും ഉൾക്കൊള്ളുന്ന, അതായത് ജൈവവൈവിധ്യത്തെയും സാംസ്കാരിക വൈവിധ്യത്തെയും ഒരേപോലെ മാ നിക്കുന്നതാണ് ബയോക്രസി. ജീവിക്കാനുള്ള അവകാശം സമമാണ്. മനുഷ്യർക്ക് സവിശേഷാവകാശം ഇല്ല. അങ്ങനെ ഉണ്ടാക്കിയെടുത്തിരിക്കുകയാണ് നിലവിലെ പു രുഷമേധാവിത്ത സാമൂഹ്യ രാഷ്ട്രീയ വ്യവസ്ഥകൾ. മനുഷ്യർ സ്വയം തിരിച്ചറിയുന്നതും വിശ്വസിക്കുന്നതും ദേശീയത, വംശീയത, മതം, ഭാഷ, സാമ്പത്തികം എന്നിങ്ങനെയു ള്ള സംവർഗങ്ങൾക്കുള്ളിലാണ്. പ്രകൃതിയുടെ ഭാഗമായിട്ടല്ല. ഒരു ജീവിഗണം എന്ന നിലയിലുമല്ല, ഇത്തരം വിശ്വാസങ്ങൾ പുരുഷാധിപത്യ പ്രത്യയശാസ്ത്രത്തിന്റെ ഉത്പ

ന്നമാണ്. ഭരണകൂടം, പൗരത്വം, വികസനം, ശാസ്ത്രം, സാങ്കേതികത എന്നിവയെല്ലാം ഭിന്നവ്യവഹാരങ്ങളിൽ വേരോടിനിൽക്കുന്ന പുരുഷകേന്ദ്രിതമായ മാനവികതയുടെ പാശ്ചാത്യ പ്രതിനിധാനങ്ങളാണ്. കൊളോണിയൽ ആധുനികത പകരം വെച്ച മൂല്യ വ്യവസ്ഥ ഹിംസാത്മകമായ പുരുഷമേധാവിത്ത പ്രത്യയശാസ്ത്രത്തിന്റേതാണ്. ഇതിൽ നിന്നുള്ള മോചനമാണ് ജൈവജനാധിപത്യം (ബയോക്രസി) വിഭാവനം ചെയ്യുന്നത്.

2. സ്കാൻ ചെയ്ത, അച്ചടിച്ചതും കൈയ്യെഴുത്തിലുള്ളതുമായ ഡോക്യുമെന്റുകളിൽ നിന്ന് അക്ഷരങ്ങൾ യാന്ത്രികമായി വേർതിരിച്ചെടുത്ത് മെഷീൻ എൻകോഡഡ് ടെക്സ്റ്റി ലേക്ക് മാറ്റിയെടുക്കുന്നതിനുള്ള കമ്പ്യൂട്ടർ സങ്കേതമാണ് ഒപ്റ്റിക്കൽ ക്യാരക്ടർ റെക്ക ഗ്നിഷൻ അഥവാ (ഒ.സി.ആർ.)

സഹായക ഗ്രന്ഥങ്ങൾ

1. അബ്രാർ. കെ ജെ., മലയാള ക്രിയാരൂപിമാപഗ്രഥനം കമ്പ്യൂട്ടർ ഭാഷാശാസ്ത്ര മാതൃക യിൽ, (അപ്രകാശിത പി എച്ച് ഡി പ്രബന്ധം), തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവക ലാശാല, 2019.

2. ദിവാകരൻ ആർ വി എം, യന്ത്രവിവർത്തനം തിരുവനന്തപുരം: കേരള ഭാഷാ ഇൻ സ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2014.

3. ഹുസൈൻ കെ എച്ച്., മലയാളലിപി, കമ്പ്യൂട്ടിങ് ഭാഷാസാങ്കേതികത, മലയാളഭാഷാ പഠനങ്ങൾ. ഡോ എ എം ഉണ്ണിക്കൃഷ്ണൻ (എഡി), കറന്റ് ബുക്ക്സ്, കോട്ടയം, 2019.

4. കീർത്തിവിദ്യാസാഗർ, മലയാളഭാഷാപഠനങ്ങൾ, ഡോ എ എം ഉണ്ണിക്കൃഷ്ണൻ (എഡി), കറന്റ് ബുക്ക്സ്, കോട്ടയം, 2019.

5. പ്രജിഷ എ കെ., മലയാള യന്ത്രവിവർത്തനത്തിലെ വാക്യഘടനാ പ്രശ്നങ്ങൾ, (അപ്ര കാശിത പി എച്ച് ഡി പ്രബന്ധം), തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല, 2020.

6. സന്തോഷ്തോട്ടിങ്ങൽ, ഡിജിറ്റൽ കാലഘട്ടത്തിലെ ഭാഷ, മലയാളഭാഷാപഠനങ്ങൾ, (എഡി) ഡോ. എ എം ഉണ്ണിക്കൃഷ്ണൻ, കറന്റ് ബുക്ക്സ്, കോട്ടയം, 2019.

7. ഡോ. സെയ്തലവി സി, കമ്പ്യൂട്ടർ ഭാഷാശാസ്ത്രം, തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവക ലാശാല, 2020.

8. Alwin fill, Peter Muhlhauser (eds), the Ecolinguistic reader, continuum press, Newyork, 2001.

9. David Harmon, In light of our difference. How diversity in nature and culture makes us human, Smithsonian institution press, Washington, 2002.

10. Edward Sapir. Language and Environment. In the ecolinguistic reader (eds), Alwin fill, peter Muhlausler, continuum press, Newyork (1912), 2001.

തുടി റിസർച്ച് ജേണൽ • ISSN-2320-8880 • വാല്യം - 12 • ലക്കം - 2

ഉടലറിവും വ്യാകരണവും: ധൈഷണികഭാഷാശാസ്ത്രത്തിലെ നവീനപഠനരീതി

ഡോ. പി. എം. ഗിരീഷ്
പ്രൊഫ. & വകുപ്പ് മേധാവി,
മലയാള വിഭാഗം, മദ്രാസ് സർവ്വകലാശാല

പ്രബന്ധസംഗ്രഹം:

സാമൂഹികവും പാരിസ്ഥിതികവും സാംസ്കാരികവും ഭൗതികവുമായ ചുറ്റുപാടുകളുമായി ഇടപഴകുന്നതിന്റെ ഫലമായി ശരീരം ആർജ്ജിച്ചെടുക്കുന്ന അനുഭവമാണ് ഉടലറിവ്(Embodied Cognition). ഉടലറിവിന്റെ അടിസ്ഥാനത്തിൽ വ്യാകരണത്തെ പഠിക്കുക എന്നതാണ് ധൈഷണികഭാഷാശാസ്ത്ര(Cogntive Linguistics)ത്തിന്റെ നവീനപഠനമാർഗം. ഭാഷയെ മസ്തിഷ്കഗവേഷണത്തിലെ പുത്തനറിവുകളുടെ അടിസ്ഥാനത്തിൽ പഠിക്കുക എന്നതാണ് ഈ രീതിയുടെ സവിശേഷത. മലയാളഭാഷാഗവേഷണത്തിന് നവീനപഠനമാർഗങ്ങൾ പ്രദാനംചെയ്യാൻ പ്രാപ്തമായ ഈ സമീപനത്തെ പരിചയപ്പെടുത്തുകയാണ് പഠനലക്ഷ്യം. ഭാഷാപഠനത്തിൽ ധൈഷണികസമീപനം(Cogntive Approach) കൊണ്ടുവന്നത് നോം ചോംസ്കിയാണെങ്കിലും അദ്ദേഹത്തിന്റെ പ്രജനകവ്യാകരണത്തോടു പലതരത്തിലും ധൈഷണികഭാഷാശാസ്ത്രം വിയോജിപ്പ് പ്രകടിപ്പിക്കുന്നു. ഇക്കാര്യം മനസ്സിലാക്കുന്നതിനായി, പ്രജ

നകവാദവും ധൈഷണികവാദവും പുലർത്തുന്ന വ്യത്യസ്ത നിലപാടുകൾ പ്രബന്ധത്തിന്റെ ആദ്യഭാഗത്ത് പ്രതിപാദിക്കുന്നുണ്ട്. ഏങ്കിലും ഇതൊരു താരതമ്യപഠനമല്ല.

താക്കോൽ വാക്കുകൾ:

ഉടലറിവ്, ധൈഷണികത, ക്രിയാവിശേഷണം, ധൈഷണികവാദം, പ്രജനകവാദം, വിശ്വവ്യാകരണം, സർവനാമം.

ആമുഖം

മനുഷ്യഭാഷയെ ധൈഷണികസിദ്ധിയായി തിരിച്ചറിയുകയും സിദ്ധാന്തവത്കരിക്കുകയും ചെയ്യുന്ന നൂതന ഭാഷാസമീപനമാണ് ഇംഗ്ലീഷിൽ 'കൊഗ്നിറ്റിവ് ലിംഗ്വിസ്റ്റിക്സ്' എന്നറിയപ്പെടുന്നത്. മലയാളത്തിൽ ഇതിനെ ധൈഷണികഭാഷാശാസ്ത്രം എന്ന് വിളിക്കാം.

അറിവ് ആർജ്ജിക്കുന്നത് എങ്ങനെ? എങ്ങനെയാണ് അറിവ് സംഭരിക്കുകയും പ്രയോജനപ്പെടുത്തുകയും ചെയ്യുന്നത്? ഇത്തരം ചോദ്യങ്ങളാണ് 'കൊഗ്നിഷൻ' സംബന്ധമായ ആലോചനകളിൽ ആദ്യം കടന്നുവരുന്നത്.

അനുദിനം പുതുപഠനങ്ങൾ വന്നുകൊണ്ടിരിക്കുന്ന മേഖലയാണിത്. വൈവിധ്യമാർന്ന സൈദ്ധാന്തികസമീപനങ്ങളാണ് ധൈഷണികഭാഷാശാസ്ത്രത്തിന്റെ പ്രധാനപ്പെട്ട സവിശേഷത. (ഏകരൂപമായ സിദ്ധാന്തത്തിന് രൂപം കൊടുക്കുകയല്ല ധൈഷണികഭാഷാശാസ്ത്രത്തിന്റെ ഉദ്ദേശ്യം മറിച്ച് ഭാഷയും ധൈഷണികതയുമായി, സാമാന്യമായി ബന്ധപ്പെടുന്ന കാര്യങ്ങളെ ആസ്പദമാക്കി പഠനങ്ങൾ നടത്തുക എന്നതാകുന്നു). ധൈഷണികമനശ്ശാസ്ത്രത്തിന് പുറമേ സാമൂഹികഭാഷാശാസ്ത്രം, വിമർശനാത്മകവ്യവഹാരാപഗ്രഥനം, ന്യൂറോസയൻസ് എന്നിങ്ങനെയുള്ള ഇതര വൈജ്ഞാനികമേഖലകളുടെ സിദ്ധാന്തങ്ങളുമായി ബന്ധപ്പെടുത്തി ധൈഷണിക ഭാഷാശാസ്ത്രം പുതുവഴികൾ തേടുന്നു. ഇതിൽ പലതിനും പുതുതായി ആരംഭിക്കുന്ന ഏതൊരു ശാഖയ്ക്കുമുണ്ടാകാൻ സാധ്യതയുള്ള അവ്യക്തതകളുണ്ട്. അതിനെ മറികടക്കാനുള്ള അന്വേഷണങ്ങളും സംവാദങ്ങളുമൊക്കെച്ചേർന്ന് അത്യന്തം സജീവമായിരിക്കുന്ന ഭാഷപഠനമണ്ഡലമാണിത്.

നവീനതലം

ഉടലറിവിന്റെ അടിസ്ഥാനത്തിൽ വ്യാകരണത്തെ പഠിക്കുന്ന രീതിയാണ് ധൈഷണികഭാഷാശാസ്ത്രത്തിന്റെ പുതിയ തലം. ശരീരവും മനസ്സും രണ്ടാണെന്ന് കരുതുന്ന കാർട്ടീഷ്യൻ യുക്തിബോധത്തെ നിരാകരിച്ചുകൊണ്ടാണ് ധൈഷണിക വാദം മുന്നോട്ടുപോകുന്നത്. ഉടലറിവ് എന്ന പരികല്പനയാണ് ധൈഷണികവാദത്തിന്റെ അടിസ്ഥാനപ്രമാണം. മനസ്സ് ശരീരത്തിൽനിന്ന് വേറിട്ടുനിൽക്കുന്നതോ സ്വതന്ത്രമോ അല്ലെന്നാണ് ധൈഷണികവാദിയായ ജോർജ് ലക്കോഫ് (1999) പറയുന്നത്. മസ്തിഷ്കം ചെയ്യുന്നത് എന്താണോ അതാണ് മനസ്സ് എന്നാണ് ധൈഷണികവാദത്തിന്റെ പരികല്പന. അറിവിന് ആധാരം ഉടലാണെന്ന ധൈഷണികശാസ്ത്രത്തിന്റെ കണ്ടുപിടിത്തം വ്യാകരണവിശകലനത്തിനും പ്രാപ്തമാണെന്ന് കണ്ടെത്താനാകും.

ഭാഷാർജനത്തിൽ മസ്തിഷ്കത്തിനുള്ള പങ്ക് നോം ചോംസ്കിയും ധൈഷണികഭാഷാശാസ്ത്രജ്ഞരും അംഗീകരിക്കുന്നുണ്ട്. പക്ഷേ ഭിന്നരീതികളിലാണെന്ന് മാത്രം. എല്ലാ മനുഷ്യഭാഷകളുടെയും അടിസ്ഥാനരൂപം നിശ്ചയിക്കുന്ന വിശ്വവ്യാകരണം ഉണ്ടെന്ന് ജീവശാസ്ത്രത്തിന്റെ അടിസ്ഥാനത്തിൽ ചോംസ്കി വിശദീകരണം നൽകുന്നു. ലോകത്തിലെ എല്ലാ ഭാഷകൾക്കും ബാധകമായ സാമാന്യതത്ത്വങ്ങൾ അടങ്ങിയിരിക്കുന്നതിനാലാണ് ഇതിനെ വിശ്വവ്യാകരണം എന്നു വിളിക്കുന്നത്. വിശ്വവ്യാകരണം (Universal Gramamr) കണ്ടെത്താനുള്ള ശ്രമത്തിലാണ് ചോംസ്കി. ധൈഷണികഭാഷാശാസ്ത്രജ്ഞരാകട്ടെ, മനുഷ്യമസ്തിഷ്കത്തിന്റെ പൊതുധൈഷണികപ്രക്രിയകളുടെ അവിഭാജ്യഘടകമാണ് ഭാഷയെന്ന് വിശദീകരിക്കുന്നു.

ചോംസ്കിയും പ്രജനകവാദവും

വിശ്വവ്യാകരണത്തെ ആസ്പദമാക്കിയുള്ള നൂതനഭാഷാപഗ്രഥനരീതിയാണ് പ്രജനകവാദം. പ്രധാന പരികല്പനകൾ: (i) അർഥയുക്തമായ വാക്യാവിഷ്കാരമാണ് ഭാഷ. അത്തരം വാക്യങ്ങളെ ഉത്പാദിപ്പിക്കുന്നതാണ് വ്യാകരണം. (ii) വ്യാകരണം തെറ്റുമ്പോൾ വാക്യവും അർഥവും തെറ്റുന്നു. വ്യാകരണംതെറ്റാതെ അർഥയുക്തമായ വാക്യം എങ്ങനെ രചിക്കാമെന്ന അറിവ് ഭാഷകർക്കുണ്ട്. അതായത് ഭാഷാനിയമങ്ങളെക്കുറിച്ചുള്ള അബോധമായ ധാരണ ഭാഷകർക്കുണ്ട്.

1. അച്ഛൻ കുട്ടിയെ ഉറക്കി.
2. അച്ഛൻ ഉറക്കി കുട്ടി.

3. അച്ഛൻ കുട്ടി ഉറക്കി.

വാക്യം 1 ശരിയാണെന്നും 2, 3, വാക്യങ്ങൾ തെറ്റാണെന്നും മലയാളം അറിയുന്നവർക്ക് മനസ്സിലാകും. വാക്യം-1 അർഥമുള്ളതുകൊണ്ടാണ് അത് ശരിയാണെന്ന് പറയുന്നത്. അർഥമുണ്ടാകുന്നതാകട്ടെ വ്യാകരണഘടന ശരിയായതുകൊണ്ടാണ്. 2, 3, വാക്യങ്ങൾ വ്യാകരണപിശകുകളുള്ളവയാകുന്നു. പ്രതിഗ്രാഹികപ്രത്യയം വേണ്ടിടത്ത് ചേർക്കാത്തതുകൊണ്ടാണ് വ്യാകരണവും അതുവഴി അർഥവും തെറ്റുന്നത്.

4. അമ്മ പുസ്തകം എഴുതി എന്ന വാക്യത്തിൽ പ്രതിഗ്രാഹിക ചേർക്കാതെതന്നെ അർഥം കിട്ടുന്നു; മാത്രമല്ല വ്യാകരണം തെറ്റുന്നുമില്ല. അതായത് കർമപ്രത്യയം ചേർക്കുന്നിടവും ചേർക്കേണ്ടാത്തയിടവും വേർതിരിക്കേണ്ടതുണ്ടെന്നർഥം. പ്രതിഗ്രാഹികപ്രത്യയമായ - എ എവിടെ ചേർക്കണമെന്ന ധാരണ, അതായത് കർമത്തോടൊപ്പം എവിടെയാണ് - എ പ്രത്യയം ചേർക്കേണ്ടതെന്ന ധാരണ അബോധമായി മലയാളികളിലുണ്ടെന്നർഥം. ഔപചാരികമായി വ്യാകരണം പഠിക്കാതെതന്നെ ഇത്തരം ധാരണകൾ നമ്മിലുണ്ട്. അതുകൊണ്ടാണ് അർഥയുക്തമായി ആശയവിനിമയം നടത്താൻ നാം ഓരോരുത്തർക്കും കഴിയുന്നത്. ഇപ്രകാരം ഏതു ഭാഷ സംസാരിക്കുന്ന വ്യക്തിയുടെയും ഉള്ളിലൊരു വ്യാകരണമുണ്ട്. ഇതിനെയാണ് ആന്തരികവ്യാകരണം അഥവാ വ്യക്തിവ്യാകരണം എന്നു പറയുന്നത്. വ്യക്തിവ്യാകരണം ജന്മസിദ്ധമായി ലഭിക്കുന്നതാണ്. എല്ലാവരിലുമുള്ള തുല്യമായ ശേഷിയാണിത്. ഈ വ്യക്തിവ്യാകരണത്തിന്റെ സ്വഭാവം പഠിക്കുകയാണ് ചോംസ്കിയൻഭാഷാശാസ്ത്രസമീപനം. 'ഈ സമീപനത്തെ സംബന്ധിച്ചിടത്തോളം ഭാഷയെക്കുറിച്ചുള്ള ഒരാളുടെ ആന്തരികധാരണയുടെ ആവിഷ്കാരമാണ് വ്യാകരണം. അതിനനുസൃതമായാണ് ഭാഷ പ്രയോഗിക്കുന്നത്. ആന്തരികവ്യാകരണമാകട്ടെ നിയമങ്ങളുടെ(Principles) വ്യവസ്ഥയാണ്'' (Carine, 2013 : 54) ഇക്കാര്യത്തെ സമ്പൂർണമായി കണ്ടെത്താനും അവയുടെ സവിശേഷത പഠിക്കാനുമുള്ള യജ്ഞത്തിലാണ് ചോംസ്കിയും കൂട്ടരും.

വിശ്വവ്യാകരണം നിയമങ്ങളുടെ വ്യവസ്ഥയാണെന്ന് സൂചിപ്പിച്ചുവല്ലോ. ഇംഗ്ലീഷ്, തമിഴ്, മലയാളം, സ്വാഹിലി എന്നിങ്ങനെ എല്ലാ ഭാഷകളിലുമുള്ള അടിസ്ഥാനസിദ്ധാന്തങ്ങളാണിവ. വിശ്വവ്യാകരണം മനുഷ്യന് കിട്ടിയ വരമാണ്.

ധൈഷണികവാദവും ഉടലറിവും

1950 മുതൽ 1975വരെ ധൈഷണികമനശ്ശാസ്ത്രം, ധൈഷണികഭാഷാശാസ്ത്രം എന്നിവ ശരീരമാണ് ധൈഷണികതയുടെ ഉറവിടമെന്നു മനസ്സിലാക്കാതെ പ്രതീകാത്മകപ്രതിഭാസമായി ധൈഷണികതയെ കണ്ടു. 1975-ൽ ഉടലറിവ് എന്ന ആശയം ഉടലെടുത്തു. ധൈഷണികഭാഷാശാസ്ത്രജ്ഞർ, ന്യൂറോശാസ്ത്രജ്ഞർ, കമ്പ്യൂട്ടർ ശാസ്ത്രജ്ഞർ, എക്സ്പെരിമെന്റൽ മനശ്ശാസ്ത്രജ്ഞർ എന്നിവരുടെ പരിശ്രമത്തിൽ ഭാഷയുടെയും ചിന്തയുടെയും നാഡീയസിദ്ധാന്തം വികസിപ്പിച്ചെടുത്തു. നാം തലച്ചോറുകൊണ്ടു ചിന്തിക്കുന്നു. എന്നുവെച്ചാൽ ചിന്ത ഭൗതികവും നാഡീകോശങ്ങളുടെ പ്രവർത്തനഫലമായി ഉണ്ടാകുന്നതുമാണ്. ചുറ്റുപാടുകളുമായി ശരീരം ഇടപെടുന്നതിന്റെ ഫലമായി മസ്തിഷ്കത്തിൽ രൂപപ്പെടുന്ന നാഡീകോശങ്ങളുടെ പ്രവർത്തനങ്ങളാണ് ചിന്തയ്ക്ക് ആധാരം. ഈ പരികല്പനയോടെ ചിന്ത മാനസികപ്രതിഫലനമാണെന്ന ആദ്യകാലവീക്ഷണം പുറന്തള്ളപ്പെട്ടു.

അടിസ്ഥാനധൈഷണികവൃത്തികളായ വർഗീകരണം പോലുള്ളവ ശരീരാധിഷ്ഠിതജ്ഞാനമാണെന്ന് ടാൽമിയുടെയും മറ്റും പഠനങ്ങളുടെ അടിസ്ഥാനത്തിൽ ജോർജ് ലക്കോഫ്(2003) സ്ഥാപിച്ചെടുത്തു. അറിവാർജ്ജനത്തിന് സഹായിക്കുന്ന വർഗീകരണം രൂപപ്പെടുന്നത് നമ്മുടെ അടിസ്ഥാന അനുഭവങ്ങളിൽനിന്നാണ്. ഇതിനെ അടിസ്ഥാനതലം എന്നുവിളിക്കാം. വർഗീകരണത്തിന്റെ അടിസ്ഥാനതലം മൂന്നുതരത്തിൽ ശാരീരികമാണ്. 1. സമഗ്രവീക്ഷണം, 2. മനോബിംബം, 3. ചാലകവൃത്തി എന്നിങ്ങനെ. ഇവയെല്ലാം തലച്ചോറും ശരീരവും ചുറ്റുപാടുകളും തമ്മിലുള്ള പാരസ്പര്യത്തിന്റെ അടിസ്ഥാനത്തിൽ രൂപപ്പെടുന്നതാണ്. മാത്രമല്ല അടിസ്ഥാനതലവർഗങ്ങളെ അടിസ്ഥാനേതരതലത്തേക്കാൾ എളുപ്പത്തിൽ തിരിച്ചറിയാനാകും; നേരത്തെ പഠിക്കാനുമാകും. അർഥം സങ്കല്പനതലങ്ങളുടെ അടയാളപ്പെടുത്തലാകുന്നു. സങ്കല്പനമാകട്ടെ ഭാഷയ്ക്കുമുമ്പേയുള്ള തലമാണ്. ആ സങ്കല്പനതലവും ഭാഷയും തമ്മിലുള്ള ബന്ധമാകട്ടെ പ്രതീകാത്മകമാണെന്നും ഉടലറിവിന്റെ അടിസ്ഥാനത്തിൽ മനസ്സിലാക്കുന്നു.

ഉടലറിവും വ്യാകരണവും

മനുഷ്യന്റെ പെരുമാറ്റം, നാഡീവ്യവസ്ഥ എന്നിവയാണ് അർഥത്തെ ഉടലുമായി ബന്ധിപ്പിക്കുന്നതെന്ന് ധൈഷണികശാസ്ത്രജ്ഞനായ ഫീൽഡ്മാൻ(2007)

അഭിപ്രായപ്പെട്ടിട്ടുണ്ട്. വക്താവിനെയോ ശ്രോതാവിനെയോ പ്രത്യക്ഷമായോ പരോക്ഷമായോ ബാധിക്കുന്നതാണ് ഏതൊരു ശബ്ദത്തിന്റെയും അർഥം. ആശയ വിനിമയമാണ് അർഥത്തിന്റെ ധർമമെന്നതിനാലാണ് ഇങ്ങനെ സംഭവിക്കുന്നത്. തനിക്ക് ചുറ്റുമുള്ള കാര്യങ്ങളെയും അനുഭവങ്ങളെയും അറിയുന്നതിനായി ശിശുവിന്റെ മസ്തിഷ്കത്തിൽ സങ്കല്പനഘടന ഉണ്ടായിരിക്കണമെന്ന് ധൈഷണികശാസ്ത്രജ്ഞർ പറയുന്നു. വസ്തുക്കളെയും അനുഭവങ്ങളെയും വാക്കുകൾകൊണ്ട് അടയാളപ്പെടുത്തുന്നതിന് മുമ്പുതന്നെ ഈ സങ്കല്പനഘടനയുടെ ആവശ്യമുണ്ടെന്നർഥം. അതിനാൽ അർഥം സങ്കല്പനപരമാണെന്ന് പറയാം. ഭാഷ പഠിക്കുന്നതിനുമുമ്പുതന്നെ തന്റെ ശരീരത്തെയും ചുറ്റുപാടിനെയും എങ്ങനെ ഉൾക്കൊള്ളണമെന്നും മനസ്സിലാക്കണമെന്നും ശിശു പഠിച്ചെടുക്കുന്നുണ്ട്.

ഉടലറിവാണ് അർഥമെന്ന സിദ്ധാന്തത്തെ എളുപ്പത്തിൽ മനസ്സിലാക്കാൻ മാർക്ക് ജോൺസൺ(2017) എന്ന ധൈഷണികശാസ്ത്രജ്ഞൻ കണ്ടെത്തിയ ഈ വർഗീകരണം സഹായിക്കും.

(1) പച്ചശരീരം: ശിശുവിൽനിന്ന് പൂർണമനുഷ്യനിലേക്ക് വളരുന്ന ശരീരമാണ് ബയോളജിക്കൽ ബോഡി അഥവാ ജീവശാസ്ത്രശരീരം.

(2) അനുഭവശരീരം: നമ്മൾ ജീവിക്കുന്ന, അറിയുന്ന, മനസ്സിലാക്കുന്ന, നമുക്ക് തൊട്ടനുഭവിക്കാൻ കഴിയുന്ന ശരീരത്തെയാണ് ഫിനമനോളജിക്കൽ ബോഡി അഥവാ അനുഭവശരീരം എന്നുപറയുന്നത്.

(3) ഹരിതശരീരം: നമ്മൾ തണുപ്പും ചൂടും മറ്റും അറിയുന്നത് ശരീരം പരിസ്ഥിതിയുമായി സമ്പർക്കത്തിലേർപ്പെടുന്നതുമൂലമാണ്. നാം ജീവിക്കുന്ന പാരിസ്ഥിതിക ചുറ്റുപാടുകൾ രൂപപ്പെടുത്തുന്ന ശരീരത്തെ എൻവെയൺമെന്റ് ബോഡി അഥവാ ഹരിതശരീരം എന്ന് പറയാം. ജൈവബോധം പകർന്നുതരുന്ന ശരീരമാണിത്.

(4) സാമൂഹികശരീരം: സമൂഹം നിർമിച്ചെടുക്കുന്ന മറ്റൊരു ശരീരമുണ്ട്. സോഷ്യൽ ബോഡി അഥവാ സാമൂഹികശരീരമെന്ന് വിളിക്കാമതിനെ. സാമൂഹിക അവസ്ഥകൾ നിർമിച്ചെടുക്കുന്ന ശരീരമാണത്.

(5) സാംസ്കാരികശരീരം: ആചാരാനുഷ്ഠാനങ്ങളും ജീവിതരീതികളും ചേർന്നു നിർമിച്ചെടുക്കുന്ന ശരീരത്തെ കൾച്ചറൽബോഡി അഥവാ സാംസ്കാരികശരീരമെന്ന് വിളിക്കാം.

മാർക്ക് ജോൺസൺ ചൂണ്ടിക്കാണിച്ച അഞ്ചുശരീരങ്ങളിൽ പച്ചശരീരം, സാമൂഹികശരീരം, അനുഭവശരീരം, സംസ്കാരശരീരം, ഹരിതശരീരം എന്നിവ സർവനാമങ്ങളുടെ ആവിഷ്കാരങ്ങളിൽ കാണുന്നുണ്ട്. സർവനാമങ്ങളുടെ രൂപീകരണത്തിൽ പ്രധാനമായും ഹരിതശരീരം ഒഴികെയുള്ളവ നിർണായകസ്ഥാനം പിടിക്കുന്നുണ്ട്. ലിംഗസൂചകങ്ങളായ അവൻ, അവൾ എന്നിങ്ങനെയുള്ളവ ജീവശാസ്ത്രപരമായ ശരീരത്തെ ആവിഷ്കരിക്കുമ്പോൾ, സവർണജാതിക്കാരെയും മറ്റും സംബോധനചെയ്യാൻ ഉപയോഗിക്കുന്ന അങ്ങ്, അങ്ങുന്ന്, ഇവിടുന്നു, അവിടുന്ന് എന്നിവ സാമൂഹികശരീരത്തിൽനിന്ന് ഉരുവപ്പെടുന്നവയാണ്. അതുപോലെ അവറ്റ, ഇവറ്റ എന്നിവ വ്യക്തികളെക്കുറിക്കാൻ ഉപയോഗിക്കുമ്പോൾ പ്രതിലോമസംസ്കാര മനോഭാവത്തെ വെളിപ്പെടുത്തുന്നു. വ്യക്തിനാമങ്ങൾ അനുഭവശരീരത്തിന്റെ ആവിഷ്കാരങ്ങളാകുന്നു. മറ്റ് വ്യാകരണസംവർഗങ്ങളിലും ഇക്കാര്യം പ്രസക്തമാണ്.

ആലങ്കാരികമായിപ്പറഞ്ഞാൽ, ഈ അഞ്ചുശരീരങ്ങളുടെ ചേരുവയാണ് മനുഷ്യശരീരം. ഇതിൽ ഏതെങ്കിലും ഒന്നായി ശരീരത്തെ അടയാളപ്പെടുത്താനോ ന്യൂനീകരിക്കാനോ കഴിയുകയില്ല. കാരണം അർഥരൂപീകരണത്തിൽ ഇവയ്ക്കെല്ലാം സവിശേഷപ്രാധാന്യമുണ്ട്. അപ്പോൾ മനസ്സോ? എന്ന ചോദ്യം ഈ ഘട്ടത്തിൽ ഉയർന്നുവന്നേയ്ക്കാം. മനസ്സിനെയും ശരീരത്തെയും രണ്ടായി കാണുന്ന കാർട്ടീഷ്യൻ യുക്തിബോധത്തിന്റെ അടിസ്ഥാനത്തിലാണ് ഈ ചോദ്യം ഉയർന്നുവരുന്നത്. ശരീരംതന്നെയാണ് മനസ്സ് എന്ന സങ്കല്പമാണ് ധൈഷണികശാസ്ത്രത്തിനുള്ളത്. രഹസ്യമായ ഒന്നല്ല അത്; ശരീരത്തിൽനിന്ന് ഉയിർകൊള്ളുന്നതും ശരീരത്തോടൊപ്പം പരിണാമം സംഭവിക്കുന്നതുമായ ഒന്നാണ് മനസ്സ്. ശരീരവും മനസ്സും രണ്ടല്ല. മനസ്സ് രഹസ്യാത്മകമോ മെറ്റാഫിസിക്കലായ ഒന്നോ അല്ല.

ഉടലറിവും അർഥവും

ഉടലറിവിൽനിന്ന് ഉരുവംകൊള്ളുന്ന ജീവിതാനുഭവങ്ങളിൽനിന്നാണ് അർഥം രൂപംകൊള്ളുന്നത്. അർഥാർജ്ജനം ബോധപൂർവമോ അബോധത്തിലോ ആകാം. എങ്കിലും മിക്ക അർഥങ്ങളും നാം ബോധപൂർവമല്ല ആർജ്ജിക്കുന്നതെന്നാണ് ധൈഷണികശാസ്ത്രജ്ഞരുടെ പരികല്പന. ഉദാഹരണത്തിന്- വീട്ടിൽനിന്ന് കവലയിലേക്ക് പച്ചക്കറി വാങ്ങാൻ പോകുന്നൊരാൾ പലതും കാണുന്നുണ്ട്. അതിൽ പലതും അയാൾ മനപ്പൂർവം ശ്രദ്ധിക്കുന്നവയായിക്കൊള്ളണമെന്നില്ല. എങ്കിലും

ഇവയിൽ പലതും മസ്തിഷ്ക്കത്തിൽ പതിയുകയും പിന്നീട് ഓർത്തെടുക്കാൻ കഴിയുന്നതരത്തിൽ ജ്ഞാനപദവി ഉള്ളവയായിത്തീരുകയും ചെയ്യും. അതുകൊണ്ടാണ് അറിവാർജ്ജനം കൂടുതലും അബോധപരമാണെന്ന് പറയുന്നത്. അറിവ് മസ്തിഷ്ക്കത്തിൽ സൂക്ഷിച്ചുവെയ്ക്കുന്നത് ജ്ഞാനബിംബവ്യവസ്ഥയിലൂടെയാണ്.

ബിംബവ്യവസ്ഥയും ഉടലറിവും

ഭൗതികസാഹചര്യങ്ങളിലുള്ള വസ്തുക്കളുമായുള്ള ഇടപെടലുകളിൽനിന്നാണ് നമ്മുടെ അടിസ്ഥാന അനുഭവങ്ങൾ ഉണ്ടാകുന്നത്. അടിസ്ഥാന അനുഭവങ്ങളെ അടിസ്ഥാനതലങ്ങൾ എന്നുപറയാം. സങ്കല്പനത്തിന് ആധാരം അടിസ്ഥാനതലമാകുന്നു. ഈ അടിസ്ഥാനതലം രൂപപ്പെടുന്നത് ശൃംഖലാബന്ധമുള്ള ബിംബങ്ങളിലൂടെയാണ്. അറിവ് ഉത്പാദിപ്പിക്കുന്ന സങ്കല്പനങ്ങളുടെ ആധാരമായ ഈ ബിംബവ്യവസ്ഥയെ ജ്ഞാനബിംബവ്യവസ്ഥ എന്നുവിളിക്കാം. വൈജ്ഞാനികഘടകങ്ങളുടെ ഏകകം ബിംബശൃംഖലയാണ്. നാം ഉൾക്കൊള്ളുന്ന അനുഭവത്തിന്റെ മാനസികബിംബമാണിത്. പരസ്പരം ബന്ധപ്പെട്ട സങ്കല്പനങ്ങളെ കൂട്ടിച്ചേർത്തും അവയെ മുൻകാലസംഭവങ്ങളും അനുഭവങ്ങളുമായി കൂട്ടിച്ചേർത്തും നിർത്തുന്നത് ബിംബശൃംഖലകളാണ.് അവ ലളിതമോ സങ്കീർണമോ ആകാം. എങ്ങനെ പെരുമാറണമെന്നതടക്കമുള്ള സാമൂഹികവിഷയങ്ങൾ മസ്തിഷ്കത്തിൽ ബിംബശൃംഖലയുടെ അടിസ്ഥാനത്തിലാണ് നിൽക്കുന്നത്. ഇക്കാര്യം ഒരു ഉദാഹരണംകൊണ്ട് വ്യക്തമാക്കാം. യാത്ര എന്നത് നമ്മുടെ അടിസ്ഥാന അനുഭവമാണ്. നടത്തത്തിന്റെ നീട്ടലാണ് യാത്ര. ഇതിനെ നമുക്ക് അടിസ്ഥാനതലം എന്ന് പറയാം. ഈ തലത്തിന്റെ ജ്ഞാനബിംബവ്യവസ്ഥ എങ്ങനെ രൂപംകൊള്ളുന്നു? തുടക്കം-പാത-ലക്ഷ്യം എന്നിങ്ങനെ ബിംബങ്ങളുടെ ശൃംഖലയിലൂടെയാണ് യാത്ര എന്ന തലം രൂപപ്പെടുന്നത്.

അനുഭവങ്ങളുടെ എണ്ണം വർധിക്കുംതോറും ബിംബശൃംഖല സങ്കീർണമാകുന്നു. ആവർത്തനക്രമത്തോടുകൂടിയ ശരീരചലനങ്ങൾ, വസ്തുക്കൾ കൈകാര്യംചെയ്യൽ, വസ്തുക്കളെ നിയന്ത്രണത്തിൽ കൊണ്ടുവരൽ, ഗ്രഹണം എന്നിങ്ങനെയുള്ള വൃത്തികൾവഴിയാണ് നാം അറിവ് ആർജിക്കുന്നത.് വ്യക്തികളുടെ കായികചലനങ്ങളുടെയും അനുഭവങ്ങളുടെയും പ്രതിനിധാനങ്ങൾ എന്ന നിലയ്ക്കാണ് ഇവ ബിംബാത്മകമാകുന്നത്.

ജ്ഞാനബിംബവ്യവസ്ഥയെ താഴെ പറയുന്ന വിധം സംഗ്രഹിക്കാവുന്നതാണ്:

1. മനുഷ്യരുടെ സാമാന്യ അനുഭവത്തിൽനിന്നാണ് ജ്ഞാനബിംബവ്യവസ്ഥ ഉടലെടുക്കുന്നത്.
2. സാർവലൗകികമായ ജ്ഞാനബിംബവ്യവസ്ഥകളുണ്ട്; ഇവ ഭാഷയ്ക്കുമുമ്പേ ഉണ്ടാകുന്ന ധൈഷണികഘടനയാണ്.
4. ശരീരാനുഭവങ്ങളിൽനിന്നാണ് ജ്ഞാനബിംബവ്യവസ്ഥ ഉടലെടുക്കുന്നത് (Taylor, 2016 : 136).

ബാഹ്യലോകത്തിന്റെ പ്രതിഫലനമാണോ മനുഷ്യന്റെ സങ്കല്പനവും അർഥവും എന്ന ചോദ്യത്തിനുള്ള ഉത്തരമാണ് ധൈഷണികാർഥവിജ്ഞാനത്തിന്റെ ഉടലറിവ്. അവ ആവിഷ്കരിക്കുന്നത് ജ്ഞാനമാതൃകകളാണ്. ശരീരം അറിവാണ്. അറിവിന്റെ നിയാമകവും നിദാനവും ശരീരമാണ്. ശരീരസ്വഭാവമാണ് അറിവിന്റെ മാധ്യമമാകുന്നത്. നമ്മുടെ അനുഭവങ്ങൾ മൂർത്തീകരിക്കപ്പെടുന്നത് ശരീരംവഴിയാണ്. ശരീരത്തിന്റെ പ്രകൃതി, നാഡീകോശങ്ങൾ എന്നിവ വഴിയാണ് നാം ലോകത്തെ അറിയുന്നത്. ഇതിനെ ധൈഷണികബോധം എന്നു വിളിക്കാം. ഈ ധൈഷണികബോധമാണ് നമ്മുടെ സങ്കല്പനത്തെയും വീക്ഷണത്തെയും നിർണയിക്കുന്നത്.

പൊതുവെ ശരീരവുമായി ബന്ധപ്പെടുന്ന ജ്ഞാനബിംബവ്യവസ്ഥയെ മാർക്ക് ജോൺസൺ ഇപ്രകാരം വിലയിരുത്തുന്നു:

1. ലംബമാനം
2. പാത്രം
3. ഉറവിടം - പാത - ലക്ഷ്യം
4. ബാലൻസ്
5. കേന്ദ്ര - അതിർത്തി
6. മുൻ - പിൻ
7. അടുത്ത് - അകലെ

ശരീരം ഇത് എപ്രകാരമുണ്ടാക്കുന്നുവെന്നതിന് യുക്തി കണ്ടെത്താനുള്ള ശ്രമവും ജോൺസൺ (2017) നടത്തുന്നുണ്ട്.

മനുഷ്യശരീരത്തിന്റെ ഏകതാനമായ സ്വഭാവമാണ് സവിശേഷമായൊരു ലോകബോധം മനുഷ്യർക്ക് നൽകുന്നത്. 'മനുഷ്യരുടെ അവയവങ്ങളുടെ ഘടന, ദേശവംശവ്യത്യാസങ്ങളില്ലാതെ ഒരേപോലെയാണെന്നതിൽനിന്ന് മനുഷ്യഭാഷയുടെ ഘടന ഒരുപോലെയാണെന്നും സിദ്ധാന്തിക്കുന്നു.' ജയശീലനെ (2017)പോലുള്ള ചോംസ്കിയന്മാരും പറയുന്നത് ഈ സന്ദർഭത്തിൽ പ്രസക്തമാകുന്നു.

വ്യാകരണവും സങ്കല്പനവും

വ്യാകരണസംവർഗങ്ങൾ സങ്കല്പനങ്ങളാണ്. സങ്കല്പനങ്ങളാകട്ടെ ജ്ഞാനബിംബവ്യവസ്ഥ ഉള്ളടങ്ങിയതാണെന്ന് മുമ്പ് വ്യക്തമാക്കിയല്ലോ. ക്രിയാവിശേഷണത്തെ ആസ്പദമാക്കി ഇക്കാര്യം വിശദീകരിക്കാം. ക്രിയ എന്ന സങ്കല്പനത്തിന്റെ ജ്ഞാനബിംബവ്യവസ്ഥഃ വ്യാപാരം - സംഭവം - അനുഭവം - സ്ഥലം- കാലം - കർത്താവ് - കർമം - ചലനം എന്നിവയാകുന്നു. ഇതിന്റെ അടിസ്ഥാനത്തിലാണ് നാം ക്രിയയെ നിർവചിക്കാൻ ശ്രമിക്കുന്നത്. ക്രിയ വ്യാപാരത്തെയോ (കുട്ടി ഓടുന്നു) സംഭവത്തെയോ (മഴ പെയ്യുന്നു) അനുഭവത്തെയോ (എനിക്ക് വിശക്കുന്നു) കുറിക്കുന്നവയാണ്. ക്രിയ ചലനമാകയാൽ വ്യാപാരവും കർത്താവും സ്ഥലവും കാലവും ക്രിയയിൽ പ്രധാനമാകുന്നു.

ക്രിയാവിശേഷണവും ഉടലറിവും

ജ്ഞാനബിംബവ്യവസ്ഥയുടെ അടിസ്ഥാനത്തിൽ ക്രിയാവിശേഷണത്തെ അപഗ്രഥിച്ചാൽ അവ എപ്രകാരമാണ് ഉടലറിവിന്റെ ആവിഷ്കാരങ്ങളായി മാറുന്നതെന്നു മനസ്സിലാക്കാനാകും. ഇവിടെ ശരീരത്തെ പാത്രമായി സങ്കല്പനംചെയ്യുന്നു.
പാത്രംഃ അകം-പുറം എന്നിവയുള്ള പാത്രത്തിന്റെ അടിസ്ഥാനത്തിലാണ് നാം ചില കാര്യങ്ങൾ മനസ്സിലാക്കുന്നത്. ഇവയുടെ നീട്ടലുകൾ ക്രിയാവിശേഷണങ്ങളിൽ ആവിഷ്കരിക്കപ്പെടുന്നുണ്ട്.

ജ്ഞാനബിംബവ്യവസ്ഥ	ക്രിയാവിശേഷണങ്ങൾ	ശരീരം

പാത്രം (1) അകം, പുറം, അകത്ത്, പുറത്ത്, വരമ്പ് (വരമ്പത്ത്) എന്നിവ. ഉദാ- അയാൾ അകത്ത്/ പുറത്ത്/വരമ്പത്ത് നിന്നു (2)-ഇൽ എന്ന ആധാരികയും -ക്ക് എന്ന ഉദ്ദേശികയും ചേർന്ന ക്രിയാവിശേഷണങ്ങളും ഇതിൽ ഉൾപ്പെടുന്നു. ഉദാ- (3)-ആയി ചേർന്നുള്ള രൂപങ്ങളും ശരീരം പാത്രമാകുന്നു- ലക്ഷകം

ഇവ കൂടാതെ കേന്ദ്രം-അതിർത്തി എന്നിവയും ശരീരത്തെ പാത്രമായി സങ്കല്പനം ചെയ്യുന്നതിന്റെ അടിസ്ഥാനത്തിൽ രൂപപ്പെടുന്നതാണ്.

ജ്ഞാനബിംബവ്യവസ്ഥ	ക്രിയാവിശേഷണങ്ങൾ	ശരീരം
കേന്ദ്രം-അതിർത്തി	കുറുകെ, ചുറ്റും എന്നിവ	ശരീരകേന്ദ്രം

മുൻ-പിൻ ലക്ഷ്യംഃ മനുഷ്യശരീരവുമായി ബന്ധപ്പെട്ട് നേരിട്ടുവരുന്ന ജ്ഞാനബിംബവ്യവസ്ഥയാണിത്. മനുഷ്യശരീരത്തിന്റെ മുൻഭാഗത്താണ് കണ്ണ്, കാത്

പോലുള്ള അറിവാർജ്ജന ഇന്ദ്രിയങ്ങളുള്ളത്. അതിനനുസൃതമായ ബോധമാണ് ഇത്തരം ക്രിയാവിശേഷണങ്ങളുടെ അടിസ്ഥാനം.

ജ്ഞാനബിംബവ്യവസ്ഥ	ക്രിയാവിശേഷണങ്ങൾ	ശരീരം
മുൻ-പിൻ	മുന്നിൽ, പിന്നിൽ, മുമ്പേ, പിമ്പേ, നേരെ, എതിരെ, പിറകെ, ശേഷം, ഇന്നലെ, നാളെ, രാവിലെ, പണ്ട്, ഒരു കാലത്ത് എന്നിവ	ശരീരകേന്ദ്രം

രേഖീയം: ഒരേ രേഖയിൽ അഥവാ ദിശയിൽ പോകുന്നതാണ് രേഖീയം. ആദ്യം സം ഭവിക്കുന്നത് നമ്മെ സംബന്ധിച്ചിടത്തോളം മുമ്പ് സംഭവിക്കുന്നതാണ്. രണ്ടാമത് സംഭവിക്കുന്നത് ശേഷവും. ക്രിയയ്ക്കും ക്രിയാവിശേഷണത്തിനും വാക്യക്രമത്തിനും രേഖീയബന്ധമുണ്ട്. വ്യാകരണരൂപങ്ങളിലെ പൂർവാപരക്രമം ഉണ്ടാകുന്നത് ഈ സങ്കല്പനത്തിന്റെ അടിസ്ഥാനത്തിലാണ്. ലംബമാനമായി നിൽക്കുന്ന ശരീരമാണ് ഇതിന് ആധാരം.

ജ്ഞാനബിംബവ്യവസ്ഥ	ക്രിയാവിശേഷണങ്ങൾ	ശരീരം
രേഖീയം	നേരെ, എതിരെ, നേർക്കുനേർ എന്നിവ	ശരീരകേന്ദ്രം

മേൽ - കീഴ് - ലക്ഷ്യം: മുകളിൽ, താഴെ, ഗുരുത്വാകർഷണസ്ഥലബോധവുമായി ബന്ധപ്പെടുന്ന സങ്കല്പനമാണിത്. സ്ഥലവുമായി ബന്ധപ്പെട്ട പദങ്ങൾ മുകളിൽ, താഴെ, അടിയിൽ, മുകളിൽ, മേലെ, ചുറ്റും എന്നിങ്ങനെ പല തരത്തിലാണ് ഭാഷ യിലൂടെ ആവിഷ്കരിക്കുന്നത്. ലംബമാനമായി നിൽക്കുന്ന ശരീരമാണ് ഇതിനും ആധാരം.

ജ്ഞാനബിംബവ്യവസ്ഥ	ക്രിയാവിശേഷണങ്ങൾ	ശരീരം
മേൽ-കീഴ് വ്യവസ്ഥ	മേൽ, മേലെ, കീഴെ, കീഴ്, താഴെ, മീതെ, മുകളിൽ എന്നിവ	ലംബശരീരം

ശരീരമാണ് അറിവിനാധാരം. ഭാഷ ഉടലറിവാകുന്നു. മലയാളത്തിലെ ക്രിയാവിശേ ഷണങ്ങൾ ഇക്കാര്യത്തെ സാധൂകരിക്കുന്നു. ശരീരാധിഷ്ഠിതജ്ഞാനം ആവിഷ്കരി ക്കാനുള്ള ഉപകരണമാണ് വ്യാകരണമെന്ന് ധൈഷണികാർഥവിജ്ഞാനപദ്ധതി കരുതുന്നു. അർഥരൂപീകരണത്തിൽ മനുഷ്യശരീരത്തിനും ജീവിതാനുഭവങ്ങൾക്കും

സാമൂഹികസാഹചര്യങ്ങൾക്കുമുള്ള പങ്ക് ഈ പദ്ധതി സവിശേഷമായി അന്വേഷിക്കുന്നുണ്ട്.

ഉപസംഹാരം

നാം കാണുന്നതുപോലെ ഭാഷയും കാണുന്നു. നാം കേൾക്കുന്നതുപോലെ ഭാഷയും കേൾക്കുന്നു, നാം രുചിക്കുന്നതുപോലെ ഭാഷയും രുചിക്കുന്നു. നാം തൊടുന്നതുപോലെ ഭാഷയും തൊടുന്നു. അതായത് കാഴ്ച, ശ്രദ്ധ, ഓർമ തുടങ്ങിയ ധൈഷണികവൃത്തികളുമായി ബന്ധപ്പെടുന്ന ധൈഷണികവൃത്തിയാണ് ഭാഷ. അതുതന്നെ വ്യാകരണവും.

മാനത്ത് പറക്കുന്ന ചെമ്പരുന്തിനെയാണ് നാം കാണുന്നത്. പരുന്തിന് ചുറ്റും പറക്കുന്ന ആകാശത്തെയല്ല. അതിനാൽ ചെമ്പരുന്തിനെ ചുറ്റുന്ന ആകാശം എന്നത് വ്യാകരണഘടനയനുസരിച്ച് ശരിയാണെങ്കിലും നമ്മുടെ അനുഭവംവെച്ച് നോക്കുമ്പോൾ ശരിയല്ല. അതിനാൽ വാക്യം അസാധുവാകുന്നു. വസ്തു അതിന്റെ പശ്ചാത്തലം എന്ന നിലയ്ക്ക് കാര്യങ്ങൾ മനസ്സിലാക്കുകയെന്നത് ബുദ്ധിയുടെ ലക്ഷണമാണ്. ഏതൊരു കാര്യത്തെയും ഒരു പശ്ചാത്തലത്തിലൂടെയാണ് നാം മനസ്സിലാക്കുന്നത്. ഏതെങ്കിലുമൊരു ദൃശ്യം കാണുമ്പോൾ ചില വസ്തുക്കൾ മുഴച്ചുനിൽക്കുകയും ബാക്കിയുള്ളവ അവയുടെ പശ്ചാത്തലംപോലെ നിൽക്കുകയും ചെയ്യും. ഇത് ദൃശ്യപരമായ ധാരണയാകുന്നു. ഇത്തരം ധാരണകളെയാണ് വ്യാകരണം ആവിഷ്കരിക്കുന്നത്.

പ്രജനകവ്യാകരണം, 'വിശ്വവ്യാകരണം' എന്ന ജീവശാസ്ത്രപരികല്പനയുടെ അടിസ്ഥാനത്തിൽ വ്യാകരണത്തെ സമീപിക്കുമ്പോൾ ധൈഷണികഭാഷാശാസ്ത്രം പൊതുധൈഷണികസിദ്ധികളുടെ അവിഭാജ്യഘടകമായി ഭാഷയെ കാണുന്നു.

ശരീരാധിഷ്ഠിതമായി ആർജ്ജിക്കുന്ന അറിവ് ആവിഷ്കരിക്കാനുള്ള ഉപകരണമാണ് വ്യാകരണമെന്ന് ഈ പദ്ധതി കരുതുന്നു. മസ്തിഷ്കഗവേഷകരും ധൈഷണികഭാഷാശാസ്ത്രജ്ഞരുമാണ് ഈ പദ്ധതിയുടെ ഉപജ്ഞാതാക്കൾ. അർഥരൂപീകരണത്തിൽ മനുഷ്യശരീരത്തിനും ജീവിതാനുഭവങ്ങൾക്കും സാമൂഹികസാഹചര്യങ്ങൾക്കുമുള്ള പങ്ക് ഈ പദ്ധതി സവിശേഷമായി അന്വേഷിക്കുന്നുണ്ട്.

നാം ലോകത്തെ എങ്ങനെ മനസ്സിലാക്കണമെന്ന് തീരുമാനിക്കുന്നത് ശരീരമാണ്. അറിവിന് ആധാരം ശരീരമാണ്. അതുകൊണ്ടുതന്നെ നമ്മൾ 'എന്താണ്/

ആരാണ് എന്നെല്ലാം നിശ്ചയിക്കുന്നത് ശരീരമാണ്. പെരുമാറ്റം, നാഡീവ്യവസ്ഥ എന്നിവയാണ് അർഥത്തെ ഉടലുമായി ബന്ധിപ്പിക്കുന്ന ഘടകങ്ങൾ. അതിനാൽ ഉടലിൽനിന്ന് പൂത്തുതളിർക്കുന്ന ജീവിതമാണ് വ്യാകരണം.

സഹായകഗ്രന്ഥങ്ങൾ

1. ഗിരീഷ് പി. എം. അറിവും ഭാഷയും ധൈഷണികഭാഷാശാസ്ത്രം ആമുഖം. തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്. 2012.
2. ഗിരീഷ്. പി. എം. സാഹിത്യവായനയുടെ ജീവശാസ്ത്രം. തിരൂർ: തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല. 2023.
3. ജോർജ് മാത്തൻ. 1969. മലയാഴ്മയുടെ വ്യാകരണം. കോട്ടയം: നാഷണൽ ബുക്സ്റ്റാൾ. 2023.
4. മാധവൻ, പി. ചോംസ്കിയൻ വാക്യഘടനാപഠനം. തിരൂർ: തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല. 2017.
5. രാജശേഖരൻനായർ. ഓർക്കാനുണ്ട് കുറെ ഓർമകൾ. കോഴിക്കോട്: മാതൃഭൂമി ബുക്സ്. 2012.
6. രാജശേഖരൻനായർ. കെ. ചിരിയും ചിന്തയും സർഗ്ഗാത്മകതയും. കോട്ടയം: ഡി. സി. ബുക്സ്. 2023.
7. Asher, R. E. & T. C. Kumari. Malayalam. London: Routledge. 2012.
8. Carine, Andrew. Syntax: A Generative Introduction. U. K. : Wiley- Blackwell. 2013.
9. Chomsky. 'A Review of B. F. Skinner's Verbal Behavior' in The Essential Chomsky. (Ed). Anthony Arnove. London: The Bodley Head. 2008.
10. Chomsky. 'Preface to Aspects of the Theory of Syntax' in The Essential Chomsky. (Ed). Anthony Arnove. London: The Bodley Head. 2008.
11. Chomsky. 'Introduction to The Minimalist Program' in The Essential Chomsky. (Ed). Anthony Arnove. London: The Bodley Head. 2008.
12. Chomsky. 'Language and the Brain' in The Essential Chomsky. (Ed). Anthony Arnove. London: The Bodley Head. 2008.

13. Chris. A Adetuyi and Olatayo Olusola Fidelis. ' Key Concepts in Transformational Generative Gramamar'. IJELCS. Vol. 1. No,8. 2018.

14. Croft, William, & Cruse, David Alan. Cognitive Linguistics. Cambridge: Cambridge University Press. 2004.

15. Davids, Steven and Brendan S Gillon. Semantics – A Reader. New YorK: Oxford University Press. 2004.

16. Ezhuthachan. K. N. The History of the Grammatical Theories in Malayalam. Thiruvananthapuram: DLA. 1975.

17. Feldman, Jerome. A. From Molecule to Metaphor: A Neural Theory of Language. MIT: MIT Press. 2006.

18. Gibbs, Raymond W. Jr. 'Embodied Metaphor', in The Bloomsbury Companion to Cognitive Linguistics. (Ed.) Jeannette Littlemore and John R Taylor. New Delhi: Bloomsbury. 2014.

19. Jayaseelan. K. A. Parametric Studies in Malayalam Syntax. New Delhi: Allied Publishers Limited. 2000.

20. Johnson, Mark. The Body in the Mind: The Bodily Basis of Meaning, Imagination, and Reason. Chicago: University of Chicago Press. 1990.

21. Johnson, Mark. The Meaning of the Body: Aesethetics of Human Understanding. Chicago: University of Chicago Press. 2017.

22. Jonson, Mark. Embodied Mind, Meaning and Reason: How Out Bodies Give Rise to Understanding. Chicago: University of Chicago Press. 2017.

23. Lakoff, George & Mark Johnson. Metaphors We Live By. Chicago: University of Chicago Press. 2003.

24. Lakoff, George. Women, Fire, and Dangerous Things: What Categories Reveal about Mind, Chicago: University of Chicago Press. 1987.

25. Langacker. Fundations of Cognitive Grammar, Vol X Stanford: stanford University Press. 1987.

26. Langacker. Grammar and Conceptualisation. Berlin: Mounton de Gruyter. 1999.

27. Langacker. Ronald. 'Form, meaning and behaviour' in Cognitive and Communicative Approaches to Linguistic Analysis. Ellen Contini-Morava. 2004

28. Ramachandran. V. S. The Tell-Tale Brain. New Delhi: Random House India. 2010.

29. Taylor, John R. Linguistic Categorization; Prototypes in Linguistic Theory. Oxford: Oxford University Press. 1989/1997.

30. Taylor, John. R. Cognitive Grammar. Oxford: Oxford University Press. 2002

നിശബ്ദതയുടെ ശബ്ദാർഥമാനങ്ങൾ

ഡോ. സീമാ ജെറോം
പ്രൊഫസർ & ഹെഡ്, മലയാളവിഭാഗം
കേരളസർവകലാശാല

പ്രബന്ധസംഗ്രഹം:

ഭാഷണനിശബ്ദത, മൗനം, സംഭാഷണത്തിനിടയിലെ ഇടവേള എന്നിവയെ ഭാഷാശാസ്ത്രപരമായി വിശകലനം ചെയ്യുകയാണ് പ്രബന്ധം. നിശബ്ദതയുടെ സ്വഭാവവൈവിധ്യങ്ങളെ സ്വനിമ – രൂപിമതലങ്ങളിലൂടെയും അർഥത്തിന്റെ സാംസ്കാരിക – രാഷ്ട്രീയ മാനങ്ങളിലൂടെയും വിവിധസിദ്ധാന്തങ്ങളുടെ പിൻബലത്താൽ പരിശോധിക്കുകയാണ് പ്രബന്ധം. മലയാളഭാഷയിൽ കേന്ദ്രീകരിച്ചു കൊണ്ട് നിത്യജീവിതത്തിലെയും സാഹിത്യത്തിലെയും ചില മാതൃകകൾ അപഗ്രഥിക്കുകയും സിദ്ധാന്തം രൂപപ്പെടുത്തുകയും ചെയ്യുന്നു.

താക്കോൽ വാക്കുകൾ:

ഭാഷണനിശബ്ദത, ഭാഷണശൂന്യത, സംഭാഷണസദൃശപ്രയോഗം, ശൂന്യഇടവേളകൾ, പൂരിതഇടവേളകൾ, സംഭാഷണതടസ്സങ്ങൾ, നിശബ്ദസംവേദനപ്രകടനങ്ങൾ, ഭാഷാരാഷ്ട്രീയം

ആമുഖം

ഭാഷണനിശബ്ദത (verbal silence), സംഭാഷണമധ്യേയുള്ള ഇടവേള, മൗനം എന്നിവയെ ഭാഷാവിശകലനത്തിന്റെ അടിസ്ഥാനപദ്ധതികളായ സ്വനവിജ്ഞാനീയം, രൂപിമവിജ്ഞാനീയം, വാക്യവിജ്ഞാനീയം, അർത്ഥവിജ്ഞാനീയം എന്നിവയുടെ രീതിശാസ്ത്രങ്ങളിലൂടെ അപഗ്രഥിക്കാവുന്നതാണ്. അനർഗളമായ ഏകഭാഷണത്തിനിടയിലോ ഒന്നിലധികം പേരുടെ സംയുക്തസംഭാഷണത്തിനിടയിലോ പല കാരണങ്ങളാൽ സംഭവിച്ചു പോകാവുന്ന വിരാമം (pause), വിരാമം തന്നെയും പ്രകടിപ്പിച്ചേക്കാവുന്ന സ്ഥായി (pitch), അതുമൂലമുണ്ടാകുന്ന ഗതിഭേദം അഥവാ ലയം (cadence) എന്നിവയും സംഭാഷണനിശബ്ദതയുടെ പ്രകടിതാവസ്ഥകളാണെന്നു പറയാം. വാക്യത്തിന്റെയോ വാചകത്തിന്റെയോ ഉള്ളിലോ ആരംഭത്തിലോ അവസാനമോ സാന്ദർഭികമായി വരാവുന്നവയാണ് ഇവയോരോന്നും. കേവലമായ സാധ്യത എന്നതിനപ്പുറം അർഥതലത്തിലും ആശയമണ്ഡലത്തിലും അതുമൂലമുണ്ടാകുന്ന വൈവിധ്യങ്ങളും വൈരുധ്യങ്ങളും ഭാഷാപഗ്രഥനത്തിൽ വളരെ പ്രസക്തമാണ്.

'നിശബ്ദത' എന്നതിനു തത്തുല്യമായി ഭാഷയിൽ പ്രയോഗിക്കാറുള്ള സൂക്ഷ്മാർഥമാനങ്ങൾ മൗനം, നിശ്ചലത, ശൂന്യത, അഭാവം, അസാന്നിധ്യം, നിഗൂഢം, ഗോപ്യം, നിർത്തുകൾ എന്നിവയുടേതു കൂടിയാണ്.

സിദ്ധാന്തപക്ഷം :-

ബൗദ്ധവിചിന്തനങ്ങളിൽ ഉൾപ്പെടുന്ന, നാഗാർജ്ജുനന്റെ 'തർക്കവിതർക്കങ്ങളി'ൽ 'ശൂന്യം' എന്നതിനെ യഥാർഥ്യത്തിന്റെ ഒട്ടാകെയുള്ള അടിത്തറയായാണ് സ്ഥാപിച്ചിരിക്കുന്നത്. "മുഴുവൻ മനുഷ്യബന്ധങ്ങളെയും അസ്തിത്വത്തിന്റെ മുഴുവൻ സങ്കല്പങ്ങളെയും അതിൽനിന്നും ഉണ്ടാവുന്ന എല്ലാവിധ വകഭേദങ്ങളെയും ദ്വന്ദ്വാത്മകരൂപത്തിൽ ഖണ്ഡിക്കാൻ സാധിക്കുന്നതാണെന്നും അതിനുശേഷം എന്താണോ ബാക്കിയാവുന്നത് അത് 'ശൂന്യ'മാണ്" എന്നും നാഗാർജ്ജുനൻ വളരെ യുക്തിസഹമായി ചർച്ച ചെയ്തിട്ടുണ്ട് (പി. കൃഷ്ണൻ 2013: 373). "നിശബ്ദത ഇച്ഛാനുസൃതമോ നിർബ്ബന്ധിതമോ ആയാലും അർഥസമ്പുഷ്ടമായി വിനിമയം ചെയ്യപ്പെടും" എന്നാണ് നിക്കൊളാസ് റെഷെറുടെ അഭിപ്രായം (Nicholas Resher 1998 : 91-95). ഭാഷണാതീതമായ വ്യവഹാരത്തിന്റെ ഘടനയെ നിർണ്ണയിക്കാൻ ശേഷിയുള്ള

ഭാഷാസവിശേഷതയായാണ് മിഹാൽ എഫ്രെറ്റ് ശൂന്യതയെ കണക്കാക്കുന്നത് (Michal Ephratt 2022 : 2)

മൊഴികേന്ദ്രിതമായ ആശയങ്ങൾ, വിചാരവികാരങ്ങൾ, ചിന്തകൾ എന്നിവയുടെ പ്രകടിതാർഥത്തെ പ്രതിഫലിപ്പിക്കാനും നിശബ്ദതയ്ക്ക് കഴിയും. സ്വനതലത്തിലും രൂപതലത്തിലും വാക്യതലത്തിലും അർഥതലത്തിലും അതിനാലത് പഠനസാധ്യമാകുന്നു. സംഭാഷണവേളയിൽ രണ്ടുവാക്കുകൾക്കിടയിൽ ക്ഷണനേരത്തേക്ക് ഇടവേള വരികയോ വാക്കുതന്നെ മുറിഞ്ഞുപോകുകയോ ചെയ്യുമ്പോൾ അവിടെ ഭാഷണശൂന്യതയാണു സംഭവിക്കുന്നത്. പകരം, ആ ഇടവേളയിൽ ഏതെങ്കിലും സ്വനത്തിന്റെ ധ്വന്യാംശം ദീർഘിച്ചോ ഇഴച്ചോ ഉച്ചരിക്കപ്പെടുകയാണെങ്കിൽ ഭാഷണശൂന്യം എന്നു പറയാനാകില്ല. എന്നാൽ സംഭാഷണത്തിൽ നിർത്ത് (pause) വരികയും ചെയ്യുന്നുണ്ട്. ആദ്യത്തേതിൽ ശൂന്യമായ ഇടവേളയാണെങ്കിൽ, രണ്ടാമത്തേതിൽ സ്വനാംശത്തിന്റെ വലിച്ചുനീട്ടലാൽ ശൂന്യതയെ പൂരിപ്പിച്ചു നിർത്തുകയാണു ചെയ്യുന്നത്.

ഒരു വാക്യത്തിന്റെ ഇടയിൽ എവിടെയെങ്കിലും ഒരു നിർത്ത് അഥവാ ഇടവേള സംഭവിക്കുന്നതായി കരുതുക. സ്വാഭാവികമായും ഭാഷണവിടവിന്റെ മുന്നിലും പിന്നിലുമായുള്ള ഭാഗങ്ങൾ ചേരുമ്പോഴാണല്ലോ ആ വാക്യം പൂർണ്ണമാകുക. ആദ്യഭാഗത്തിന്റെ അന്ത്യത്തിനും രണ്ടാമത്തെ ഭാഗത്തിന്റെ തുടക്കത്തിനും നടുവിലെ ദൈർഘ്യം, ഒരേ സമയം തന്നെ അവ തമ്മിലുള്ള യോഗം അഥവാ ചേർച്ച (Juncture) കൂടിയാണ്. അതായത്, ഭാഷണത്തിലെ വിച്ഛേദമായാലും യോഗമായാലും അവ ഒരേ ദൗത്യം നിർവഹിക്കുന്നു.

നിശബ്ദതയുടെ അർഥതലങ്ങൾ

ഭാഷണസന്ദർഭത്തിലെ നിശബ്ദതയുടെ അർഥം ചികഞ്ഞുപോയാൽ കൗതുകകരമായ അർഥധ്വനനശേഷി അവയ്ക്കുണ്ടെന്നു ബോധ്യപ്പെടും. ഭാഷണകേന്ദ്രിതമായി നിൽക്കുന്ന വൈകാരികതയാകാം അതല്ലെങ്കിൽ ഉച്ചാരണബാഹ്യമെങ്കിലും ഭാഷണത്തെ ബാധിക്കാൻ സാധ്യതയുള്ള സാമൂഹികമോ സാംസ്കാരികമോ ആയ ഇടപെടലുകളും ആകാം നിശ്ശബ്ദതയ്ക്ക് കാരണം. ചിലത്, സാന്ദർഭികമായി വക്താവിനുണ്ടാകുന്ന സന്ദേഹത്താലോ അജ്ഞതയാലോ മറവിമൂലമോ ആകാം. എന്തെങ്കിലും കാരണത്താൽ ഉത്തരം മുട്ടിപ്പോകുന്നതുമാകാം. എതിർപക്ഷത്തു നിൽക്കുന്നവരുടെയോ ശ്രോതാവിന്റെയോ പ്രകടമായ നിഷേധമോ അവഗണനയോ

നിരാകരണമോ കാരണമായെന്നു വരാം. ഭയം, കോപം, പ്രണയതീവ്രത, അത്യഗാധമായ ദുഃഖം, മരവിപ്പ്, സന്തോഷാതിരേകം, അത്ഭുതം എന്നിങ്ങനെ പട്ടിക എത്ര വേണമെങ്കിലും നീട്ടാം. (ഉച്ചാരണത്തിലോ സംഭാഷണത്തിലോ ശാരീരികവെല്ലുവിളികൾ അനുഭവിക്കാത്തവരുടേതായ ഭാഷണത്തെ മാത്രമാണ് ഈ പഠനത്തിൽ തത്കാലം പരിഗണിച്ചിട്ടുള്ളത്). മേല്പറഞ്ഞ ഘടകങ്ങൾ ഏതുതന്നെ ആയാലും അവ സ്വനതലത്തിലോ രൂപിമതലത്തിലോ അർഥതലത്തിലോ വാക്യതലത്തിലോ പഠനസാധ്യമാണ്.

ഭാഷണ നിശബ്ദതയിലെ വൈകാരികത

സംഭാഷണത്തിലെ നിശബ്ദതയെ ഉപരിതലാർഥത്തിൽ മാത്രം പരിഗണിച്ചാൽ പോര. ആശയങ്ങളുടെ ഗഹനത അതിലുണ്ട്. തികച്ചും വൈകാരികമോ വൈയക്തികമോ ആയ അവസ്ഥാവിശേഷങ്ങൾ പോലെ തന്നെ പ്രധാനമാണ് ചില സംഭവങ്ങളുടെ ഭാഗമായി വരുന്ന ജീവിത മുഹൂർത്തങ്ങൾ. സന്ദിഗ്ധതയിൽ, പ്രതീക്ഷ നഷ്ടപ്പെട്ടു നിൽക്കുന്ന അവസ്ഥയിൽ, ശൂന്യത അനുഭവപ്പെടുന്ന നേരങ്ങളിൽ, ആത്മപരിശോധനയുടെ വേളകളിൽ, വിസ്മയാവസ്ഥകളിൽ രൂപപ്പെടുന്ന നിശബ്ദത അർഥഗർഭിതങ്ങൾ കൂടിയാണ്. അനുബന്ധമായി വരുന്ന ശബ്ദമാറ്റം, ഭാവമാറ്റം, ചേഷ്ടകൾ (Gestures), തൊട്ടുമുൻപോ പിൻപോ വരുന്ന ഭാഷണാംശത്തിന്റെ ഊണം, സ്ഥായി എന്നിവയേതും വൈകാരികാർഥത്തെ പ്രതിഫലിപ്പിക്കും. അതുതന്നെയും നിലനിൽക്കുന്ന സാമൂഹിക-സാംസ്കാരിക ധാരണകൾക്കനുസരിച്ചും ദേശത്തിനും ഭാഷയ്ക്കും കാലത്തിനും അനുസരിച്ചും വ്യത്യാസപ്പെട്ടിരിക്കുകയും ചെയ്യും. ഉദാഹരണമായി,

ചോദ്യം : സംഭവം നടന്ന സ്ഥലത്തേയ്ക്ക് ഒന്നു പോകാമോ?

ഉത്തരം : ഉം.... പോകാം.

ഇത് സമ്മതാർഥത്തിൽ, നിഷേധാർഥത്തിൽ, ആശങ്കയോടെ, സങ്കടത്തോടെ, അനിഷ്ടത്തോടെ, മടുപ്പോടെ.... എങ്ങനെയും പറയാം. ദീർഘമൗനത്തിനു ശേഷവും പറയാം 'ഉം' എന്നതിനു ശേഷം അല്പനേരം മൗനം പാലിച്ചതിനെത്തുടർന്ന് വളരെ പതിഞ്ഞമട്ടിൽ 'പോകാം' എന്നു പറയാം. ധൃതിപ്പെട്ടും പറയാം. സന്ദർഭത്തിനും കാരണത്തിനും അനുസൃതമായ അർഥം മൗനത്തിനു കൈവരികയാണിവിടെ. ചോദ്യങ്ങളും പ്രതികരണങ്ങളും കൂടിക്കലരുന്ന സംഭാഷണവേളകളിൽ പരിപൂർണ്ണ

നിശബ്ദതയാണ് ഒരാളുടെ പ്രതികരണമെങ്കിൽ ഭാഷണവൃത്തിയെത്തന്നെയാണ് അതു പ്രതിനിധീകരിക്കുന്നതെന്നാണ് അരിസോണ സർവകലാശാലയിലെ ഭാഷാ ശാസ്ത്ര പ്രൊഫസർ ആയ മൂറിയെൽ സാവില്ലെ – ട്രോയിക് (Muriel Saville Troike) പറയുന്നത്. (സാവില്ലെ ട്രോയിക് 1982 : 144). മറുപടി പ്രതീക്ഷിക്കുന്നിടത്ത് മറുപടി പറയാതിരിക്കുകയും സ്വാഭാവിക പ്രതികരണം ഉണ്ടാകുന്നതിനുപകരം അതില്ലാതെ വരികയും ചെയ്യുന്ന സന്ദർഭം നിശ്ചേഷ്ടമെന്ന നിലയിൽ നിസ്സാരവത്കരിക്കാനും കഴിയില്ല. പറയാനോ പ്രതികരിക്കാനോ കഴിയാത്ത നിസ്സഹായതയോ താത്പര്യമി ല്ലായ്കയോ ഒക്കെയാകാം ഒരു പ്രത്യേക സന്ദർഭത്തിലെ മൗനം. പലതാകുമായിരുന്ന – പലതാകാനിടയുള്ള ഏതൊക്കെയോ ഭാഷണരൂപങ്ങൾക്കു പകരമായി അതിനെ പരിഗണിക്കേണ്ടതുണ്ട്. തൊട്ടുമുൻപു നടന്ന ഭാഷണത്തിന്റെയോ തുടർന്നുവരുന്ന ഭാഷണത്തിന്റെയോ ഭാഗമായിരിക്കാനും ആ നിശബ്ദതയ്ക്കു സാധിക്കും.

ഉദാഹരണമായി, ഒ. വി. വിജയന്റെ 'കടൽത്തീരത്ത് ' എന്ന കഥയിലെ ഏതാനും സന്ദർഭങ്ങൾ നോക്കാം.

i. "വെള്ളായിയേ" മാപ്പിള പറഞ്ഞു

"മരയ്ക്കാരേ" വെള്ളായിയപ്പൻ പ്രതിവചിച്ചു. അത്രമാത്രം. രണ്ടുവാക്കുകൾ, പേരുകൾ. എന്നാൽ ആ വാക്കുകളിൽ ദീർഘങ്ങളും സമ്പന്നങ്ങളുമായ സംഭാഷണപരമ്പര കൾ അടങ്ങിയത് വെള്ളായിപ്പനും കുട്ട്യസ്സൻ മാപ്പിളയും അറിഞ്ഞു.

ii. വെള്ളായിയപ്പൻ മകനെ കെട്ടിപ്പിടിച്ചു. കണ്ടുണ്ണി ശ്രവണത്തിനപ്പുറത്തുള്ള ഒരു സ്ഥായിയിൽ നിലവിളിച്ചു. വെള്ളായിപ്പൻ കരഞ്ഞു വിളിച്ചു : "മകനേ!"

കണ്ടുണ്ണി മറുവിളി വിളിച്ചു "അപ്പാ"

രണ്ടുവാക്കുകൾ മാത്രം. രണ്ടുവാക്കുകൾക്കിടയ്ക്ക് ദുഃഖത്തിൽ മൗനത്തിൽ അച്ഛനും മകനും അറിവുകൾ കൈമാറി.

ഇവിടെ, കഥാകൃത്തിന്റെ വാക്കുകളിൽത്തന്നെ അർഥമാനങ്ങൾ സ്പഷ്ടമാണ്.

സംഭാഷണസദൃശപ്രയോഗങ്ങൾ

വിശേഷിച്ച് കോശാർഥം നൽകാൻ കഴിയാത്തവ (non-lexical); എങ്കിലും അർഥസൂചനകൾ നൽകുന്നവയോ ആശയസന്ദർഭത്തെ പരിഷ്കരിക്കുന്നവയോ ആയ ശബ്ദസൂചനകളെ സംഭാഷണസദൃശപ്രയോഗങ്ങൾ എന്നുവിളിക്കാം. ഇംഗ്ലീ ഷിലെ പ്രയോഗങ്ങൾ കേന്ദ്രീകരിച്ച് നിരവധിപേർ നടത്തിയ പഠനങ്ങളെ മുൻനിർ

ത്തി മിഹാൽ എഫ്രറ്റ് ഭാഷണ ഇടവേളകളെ ശൂന്യ ഇടവേളകൾ (Empty pause) എന്നും പൂരിത ഇടവേളകൾ (Filled pause) എന്നും വേർതിരിക്കുന്നുണ്ട്. (മിഹാൽ എഫ്രറ്റ് 2022: 9-28). പൂരിത ഇടവേളകൾ എന്ന രീതിയിൽ പറയാവുന്നവയെല്ലാം സംഭാഷണസദൃശപ്രയോഗങ്ങൾ തന്നെയാണ്. സംഭാഷണത്തിലെ ഇടവേളകളെ പൂരിപ്പിക്കുന്ന തരത്തിൽ പ്രയോഗസജ്ജമാക്കുന്നവയാണവ.

ഉദാ : ഉം. . . . , ആ. . . . , എ, ങ്ഹെ, ഒ

ഇടയ്ക്കു മുറിഞ്ഞുപോകുന്നതോ നിർത്തുകൾ വരുന്നതോ ആയ ഭാഷണസന്ദർഭങ്ങളിൽ സ്വാഭാവിക ഭാഷണത്തിലെ രൂപിമങ്ങളുടെയോ പദസംഹിതകളുടെയോ പ്രച്ഛന്നമാതൃകകൾ എന്ന നിലയിൽ വർത്തിക്കാൻ ശേഷിയുള്ളവയുമാണവ.

ഇതിൽ നിന്നു കുറച്ചുകൂടി വ്യത്യസ്തമാണ് സംഭാഷണതടസ്സങ്ങൾ (Speech disfluency). പറയുന്നതിന്റെ ക്രമം വിട്ടുപോകുന്നതോ ചെറിയ ഇടനേരത്തേക്കു നിന്നുപോകുന്നതോ ആയ സന്ദർഭങ്ങൾ പദാംഗങ്ങ(syllable)ളുടെ ആവർത്തനമോ മൂളലോ ആയി സംഭവിക്കാം. ഉദാഹരണമായി, പറയുന്ന ആളിനു കൃത്യമായ വാക്കു കിട്ടാതെ വരുമ്പോൾ യാദൃച്ഛികമായി സംഭവിക്കുന്ന മൂളലോ പറച്ചിലിന്റെ ഞരക്കമോ തടസ്സം എന്നരീതിയിൽ തോന്നാം. ഭാഷണം മുഴുമിച്ചില്ലെങ്കിൽക്കൂടിയും കേൾവിക്കാർക്ക് ആശയം പൂർണ്ണമായി ഗ്രഹിക്കാൻ കഴിഞ്ഞെന്നുവരാം; ചിലപ്പോൾ കൂടുതൽ ആശയക്കുഴപ്പം നേരിടുന്നതായും വരാം.

ഭാഷണശൂന്യത

ചില പ്രസ്താവനകളോടോ ചോദ്യങ്ങളോടോ ഉള്ള പ്രതികരണങ്ങൾ എന്ന നിലയിൽ ഉണ്ടാകാറുള്ള ഭാവപ്രകടനങ്ങൾ നിശബ്ദമെങ്കിലും അർഥദ്യോതകങ്ങളാണ്. മുഖഭാവപ്രകടനങ്ങൾ കൂടാതെ ചുമൽ ചലിപ്പിച്ചോ കൈകൾ കൊണ്ടു സംവേദനം ചെയ്യുന്നതോ ആയ ചേഷ്ടകൾക്കും അർഥതലങ്ങളുണ്ട്. നിർദ്ദേശങ്ങൾ നൽകുകയോ സ്വീകരിക്കുകയോ ചെയ്യുമ്പോൾ, അഭിവാദ്യം ചെയ്യുമ്പോൾ, ഏതിനെയെങ്കിലും സ്വീകരിക്കുകയോ തിരസ്കരിക്കുകയോ ചെയ്യുമ്പോൾ, പലതരം വൈകാരികതയുടെ വിനിമയവേളകളിൽ നിശബ്ദസംവേദനപ്രകടനങ്ങൾ (Silent communicative acts) ഉണ്ടാകാം. ഇവിടെ ഉച്ചാരണത്തോടെയുള്ള ഭാഷണം നടക്കുന്നില്ലന്നേ ഉള്ളൂ.

സംഭാഷണത്തിനിടയിൽ രണ്ടു വാക്കുകൾക്കിടയിൽ ക്ഷണനേരത്തേക്ക്

ഇടവേള വരികയോ വാക്കുതന്നെ മുറിഞ്ഞുപോകുകയോ ചെയ്യുമ്പോൾ അവിടെ സംഭവിക്കുന്നതും ഭാഷണശൂന്യതയാണ്. പകരം, ആ ഇടവേളയിൽ ഏതെങ്കിലും സ്വനത്തിന്റെ ധ്വന്യാംശം ദീർഘിച്ചോ ഇഴച്ചോ ഉച്ചരിക്കപ്പെടുകയാണെങ്കിൽ ഭാഷണശൂന്യം എന്നു പറയാനാകില്ല. എന്നാൽ, സംഭാഷണത്തിൽ നിർത്ത് (pause) താത്ക്കാലികമായി വരുന്നുമുണ്ട്. ആദ്യത്തേതിൽ ശൂന്യമായ ഇടവേളയാണെങ്കിൽ സ്വനാംശത്തിന്റെ വലിച്ചു നീട്ടലാൽ ശൂന്യതയെ പൂരിപ്പിച്ചു നിർത്തുകയാണ് ചെയ്യുന്നത്. മേല്പറഞ്ഞ രണ്ടുതരം ഉച്ചാരണ ഇടവേളകളെ യഥാക്രമം പൂരിപ്പിച്ച ഇടവേളകൾ (filled pauses) എന്നും പൂരിപ്പിക്കാത്ത ഇടവേളകൾ (unfilled pauses) എന്നും വിശേഷിപ്പിക്കാം. ഇംഗ്ലീഷിൽ ഈ സംജ്ഞകളിൽ കേന്ദ്രീകരിച്ചുള്ള നിരവധി പഠനങ്ങൾ ഉണ്ടായിട്ടുണ്ട്. മലയാളത്തിൽ ഇവ ചർച്ചചെയ്തു കണ്ടിട്ടില്ല.

ജോർദി ആദെൽ, അന്റോണിയോ ബോണഫന്റെ, ഡേവിസ് എസ്ക്യുദെറോ എന്നിവർ നടത്തിയ പഠനത്തിൽ, പൂരിപ്പിക്കാത്ത ഇടവേളകൾ വൈകാരികവും പൂരിപ്പിച്ച ഇടവേളകൾ പറഞ്ഞുകൊണ്ടിരിക്കുന്ന കാര്യത്തെ സംബന്ധിച്ച് വളരെ ആലോചിച്ച് പ്ലാൻ ചെയ്തു സംസാരിക്കുന്നതു മൂലവുമാണെന്ന് നിരീക്ഷിക്കുന്നു. (Adell Jordi, Bonafonte Antonio, Escudero Davis 2007 : 358 – 365). ശ്രോതാവിൽ നിന്ന് എന്തെങ്കിലും കാര്യം മറച്ചു പിടിയ്ക്കാനോ ഏതെങ്കിലും തരത്തിലുള്ള സന്ദേഹമോ സംഭ്രമമോ മനസ്സിൽ രൂപപ്പെടുന്നതിനാലോ ഭാഷണഇടവേളയ്ക്കു പകരം ഏതെങ്കിലും ഒരു സ്വനത്തിന്റെ ധ്വന്യാംശം നീണ്ടുനീണ്ടുപോകാം. ഭയവും സങ്കോചവും കലർന്ന വൈകാരികവിക്ഷുബ്ധതകൾക്കിടയിലും ഏതെങ്കിലും സ്വനാംശങ്ങളോ നേരിയ ധ്വനന (echoing)ങ്ങളോ ഭാഷണ ഇടവേളകളെ പൂരിപ്പിക്കുന്ന രീതിയിൽ സംഭവിക്കാം. ആദെലും കൂട്ടരും പറയുന്ന തയ്യാറെടുപ്പിന്റെ സാധ്യത എല്ലായ്പ്പോഴും ഉണ്ടാകണമെന്നില്ല. അധികാരശ്രേണികൾക്കിടയിലെ പലതരം മേലാളരീതികൾക്കു മുന്നിലും ദുർബ്ബലരാക്കപ്പെടുന്നവരുടെ ഭാഷണത്തിലും ഇതു സംഭവിക്കാം.

നിശബ്ദരാക്കപ്പെടുന്നവരുടെ ശബ്ദപരിസരം

'നിശബ്ദരാക്കപ്പെടുന്നവർ' എന്ന അവസ്ഥയും ഭാഷണത്തിലെ അധികാരയുക്തിയും കൂടുതൽ ആലോചനകൾ ആവശ്യപ്പെടുന്ന വിഷയമാണ്. ചില സംഭാഷണങ്ങൾക്കിടയിൽ ആകസ്മികമായി അനുഭവപ്പെടുന്ന നിശബ്ദതകൾ, ശബ്ദം നി

ഷേധിക്കപ്പെടുന്നതിന്റെ ഫലമായുണ്ടാകുന്നതാണ്. ശബ്ദങ്ങൾ നിഷേധിക്കപ്പെടുന്നു എന്ന തോന്നലിൽ നിന്നോ തിരിച്ചറിവിൽ നിന്നോ സ്വയം തെരഞ്ഞെടുക്കുന്നതും ആകാം. എല്ലായ്പ്പോഴും നിശബ്ദത വക്താവിന്റെ തെരഞ്ഞെടുപ്പാകുകയുമില്ല. സാമൂഹികമായ അധികാരയുക്തികൾ സംഭാഷണങ്ങൾക്കിടയിൽ പ്രവർത്തിക്കുമ്പോൾ 'നിശബ്ദമാക്കൽ' തന്നെയാണ് സംഭവിക്കുക. സന്ദർഭം (context) ആണ് അത്തരം നിശബ്ദതകളുടെ കേന്ദ്രം എന്നതിനാൽ സാമൂഹിക ശ്രേണീകരണം, സ്വത്വം, പ്രതിനിധാനം, ഭാഷണത്തിന്റെ സാംസ്കാരികരാഷ്ട്രീയം എന്നീ പരിപ്രേക്ഷ്യങ്ങളിലൂടെയും ഭാഷണനിശബ്ദതയെ പഠിക്കാവുന്നതാണ്.

ട്രോമാറ്റിക് ആയ അനുഭവങ്ങളുണ്ടായവർ അവയെ സംബന്ധിച്ചുള്ള ചർച്ചകൾക്കു നടുവിൽ ഗാഢമായ നിശബ്ദതകളിലേക്കു പോകുന്നതിന്റെ കാരണം ഭീതിയും അപമാനവും കലർന്ന മാനസികാവസ്ഥയാണ്. നിരവധി ഉദാഹരണങ്ങളിലൂടെ സാമൂഹ്യശാസ്ത്രജ്ഞനായ സെറുബവേൽ നടത്തിയ പഠനങ്ങൾ, വാക്കുകൾകൊണ്ടു പ്രതികരിക്കാനോ നിർവചിക്കാനോ ആകാത്തത്ര ഭീകരമായ അവസ്ഥകളിലൂടെ കടന്നുപോകുന്നവർ നിശബ്ദതയുടെ കവചങ്ങളിലേക്ക് ഒതുങ്ങിക്കൂടുന്നതിനെക്കുറിച്ച് വിശദീകരിക്കുന്നുണ്ട് (Evitar Zerubavel 2006 : 4-6) എല്ലാവർക്കും അറിയാവുന്നതും അസുഖകരവുമായ ചില വാസ്തവങ്ങൾക്കു നേരെ സമൂഹം ഒന്നടങ്കം ഗൂഢമായി നിശബ്ദത പാലിക്കുന്ന സന്ദർഭങ്ങൾ, സമൂഹബലതന്ത്രങ്ങളുടെ തന്നെ സൃഷ്ടിയാണ്. സമൂഹത്തിന്റെ പൊതുനാവുകളായി വർത്തിക്കേണ്ട രാഷ്ട്രീയ പാർട്ടികൾ, മാധ്യമങ്ങൾ എന്നിവ പാലിക്കാറുള്ള ഇത്തരം നിശബ്ദതകളെ വിശകലനം ചെയ്തുകൊണ്ട് സെറുബാവേൽ അഭിപ്രായപ്പെടുന്നത്, പലവിധ നിയന്ത്രണങ്ങളാൽ തികച്ചും വ്യക്ത്യധിഷ്ഠിതമായി പ്രതികരണങ്ങൾ അശക്തമായിപ്പോകുന്നതിൽ നിന്ന് ഇവയും വ്യത്യസ്തമല്ല എന്നാണ്.

ഉപസംഹാരം

വ്യക്തിപരമായ അഭിപ്രായങ്ങൾക്ക് സ്വീകാര്യത ലഭിക്കുമ്പോൾ പരസ്യമായി പ്രകടിപ്പിക്കാനുണ്ടാകുന്ന ആത്മവിശ്വാസത്തിന്റെ നേർവിപരീതമാണ് സ്വീകാര്യതയില്ല എന്ന തിരിച്ചറിവാലുണ്ടാകുന്ന ഉൾവലിയൽ. സാമൂഹികമായ ഒറ്റപ്പെടുത്തലിനോടുള്ള ഭയം, സമൂഹവുമായി ഇഴുകിച്ചേരാനുള്ള വ്യഗ്രത എന്നിവ ഇതിൽ അന്തർലീനമാണ്. ഭാഷണനിശബ്ദതയുടെ ഏതു ശൈലിയും ഏതു മാതൃകയും

ഏതവസ്ഥയും പരിശോധിച്ചാൽ ബോധ്യപ്പെടുന്നത് അതൊരു മനോഭാവത്തിന്റെ സൃഷ്ടിയാണെന്നുള്ളതാണ്. നിരാകരണത്തിന്റെയോ അലക്ഷ്യതയുടെയോ അശ്രദ്ധയുടെയോ എന്തിന്റെ തന്നെ അടിസ്ഥാനത്തിലായാലും സവിശേഷവും സുനിശ്ചിതവുമായ അർഥധ്വനനത്തിന്റെ പ്രതീകം കൂടിയായിരിക്കും അത്. ഭാഷയുടെ സാമൂഹികവും സാംസ്കാരികവുമായ വായനകൾക്കുമുള്ള അവയുടെ സാധ്യതകൾ നിസ്സാരമല്ല.

സഹായകഗ്രന്ഥങ്ങൾ

1. കൃഷ്ണൻ, പി. (വിവ.) ഘടനാവാദവും ഉത്തരഘടനാവാദവും പൗരസ്ത്യകാവ്യശാസ്ത്രവും (ഗോപിചന്ദ് നാരംഗ്). സാഹിത്യ അക്കാദമി, 2013.
2. Adell Jordi, Bonafonte Antonio and Escudero David. Filled pauses in Speech synthesis : Towards conversational speech, in Proceedings of 10th International Conference on Text, Speech and Dialogue, LNCS 4629, Plazen : Springer, 2007.
3. Ephratt, Michal. Silence as Language : Verbal Silence as a Means of Expression. Cambridge University Press, 2022.
4. Rescher, Nicholas. The Significance of Silence . European Review, 1998
5. Saville- Troike Muriel. The Ethnography of communication: An Introduction. Cambridge, 1982.
6. Zerubavel Eviatar. The Elephant in the room: Silence and denial in Every day life. Oxford University Press, 2006

ഉടി റിസർച്ച് ജേണൽ • ISSN-2320-8880 • ലക്കം - 2 • ഡിസംബർ - 12

ഭാഷാസൂത്രണവും ഭാഷാനയവും

ഡോ. ദേവി കെ.
അസിസ്റ്റന്റ് പ്രൊഫസർ, ഡിപ്പാർട്ട്മെന്റ് ഓഫ് മലയാളം,
സെൻട്രൽ യൂണിവേഴ്സിറ്റി ഓഫ് കേരള, പെരിയ, കാസർകോട്

പ്രബന്ധസംഗ്രഹം:

ദേശീയതയുടെ പ്രത്യയശാസ്ത്രത്തിന് ഏകഭാഷാരാഷ്ട്രം എന്ന സങ്കല്പം ആവശ്യമാണ്. ആഗോളവൽക്കരണത്തിന്റെയും കുടിയേറ്റത്തിന്റെയും അന്തർദേശീയതയുടെയും ആവിർഭാവത്തോടെ ഏകഭാഷാരാഷ്ട്രമെന്ന ആശയം അപ്രസക്തമാകുകയും വംശീയ, ഭാഷാന്യൂനപക്ഷങ്ങളുടെ ഭാഷാപരമായ അവകാശങ്ങൾ അംഗീകരിക്കപ്പെടുകയും ചെയ്യുന്നു. ബഹുഭാഷാവാദവും ബഹുസംസ്കാരവും ഒരു രാജ്യത്തിന്റെ അവിഭാജ്യഘടകങ്ങളാണെങ്കിലും വൈവിധ്യമാർന്ന ജനസംഖ്യയുടെ ഭാഷാപരമായ അവകാശങ്ങൾ ശരിയായ രീതിയിൽ കൈകാര്യം ചെയ്യേണ്ടതാവശ്യമാണ്. ഭാഷകളുടെ ശരിയായ മാനേജ്മെന്റിന് ഭാഷാനയം അനിവാര്യമാണ്. ബഹുഭാഷാ പ്രദേശങ്ങളിൽ ഒരു മുഖ്യഭാഷ വിനിമയ ഭാഷയാകുമ്പോൾതന്നെ, ഇതരഭാഷകളുടെ സമാന്തരമായ വളർച്ച കൂടി പരിഗണിക്കുന്ന ഭാഷാനയമാണ് കൈക്കൊള്ളേണ്ടത്. ഭാഷാസൂത്രണത്തിന്റെയും ഭാഷാനയത്തിന്റെയും ആവശ്യകതയും കാലഘട്ട

ത്തിനനുസരിച്ചുള്ള വീക്ഷണ/പ്രവർത്തന വ്യതിയാനങ്ങളും ഇന്ത്യൻ സന്ദർഭത്തിൽ വിശകലനം ചെയ്യുകയാണ് പ്രബന്ധം.

താക്കോൽ വാക്കുകൾ:

ഭാഷാസൂത്രണം, ഭാഷാനയം, പദവിയാസൂത്രണം, വിഭവാസൂത്രണം, സമാർജ്ജനാസൂത്രണം, ജനാധിപത്യമാതൃക, പൊളിറ്റിക്കൽ തിയറി.

ആമുഖം

സാമൂഹികഭാഷാശാസ്ത്രത്തിന്റെ പരിധിയിലാണ് ഭാഷാസൂത്രണത്തെ പരിഗണിക്കേണ്ടത്. ഭാഷാസൂത്രണത്തെ ഇങ്ങനെ നിർവചിക്കാം. ഒരു ഭാഷയുടെ സാമൂഹികനില, ഘടന, ഭാഷാർജ്ജനം എന്നിവയുമായി ബന്ധപ്പെട്ട് ബോധപൂർവമായി നടത്തുന്ന ശ്രമങ്ങളാണ് ഭാഷാസൂത്രണം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. (ഫിഷ്മാൻ: 1974) ഭാഷാസൂത്രണം എന്ന പദം ആദ്യം ഉപയോഗിക്കുന്നത് അമേരിക്കൻ ഭാഷാശാസ്ത്രജ്ഞനായ എയ്നൻ ഹോഗനാണ് (1959). ഭാഷാസൂത്രണം കാലങ്ങൾ നീണ്ട പ്രവർത്തനമായതു കൊണ്ടുതന്നെ മാതൃകകൾ ചരിത്രത്തിൽ ലഭ്യമാണ്.

ഭാഷാസൂത്രണ മാതൃകകൾ : ചരിത്രപശ്ചാത്തലം

ഭാഷാസൂത്രണം ഏകകാലികമായ ഒരു പ്രക്രിയയല്ല. പല കാലങ്ങളിൽ പല ദേശങ്ങളിലായി ഇതിന്റെ പൂർവ്വമാതൃകകൾ കാണവാൻസാധിക്കും. പതിനാറാം നൂറ്റാണ്ടിൽ ഇറ്റലി, ഫ്രാൻസ് തുടങ്ങിയ രാജ്യങ്ങളിൽ ഉണ്ടായ അക്കാദമികൾ ലത്തീന്റെ ആധിപത്യത്തെ പരാജയപ്പെടുത്തിക്കൊണ്ട് പ്രാദേശികഭാഷകൾക്ക് പ്രാമുഖ്യംനൽകി. 1584 ഇറ്റലിയിൽ ഡല്ലാക്രൂസ്ക സ്ഥാപിതമായി. അതിന്റെ അടിസ്ഥാനനയം ഭാഷാവ്യവസ്ഥീകരണവും നിഘണ്ടു നിർമാണവുമായിരുന്നു. ദേശീയ മാനകഭാഷ എന്ന ലക്ഷ്യത്തിലേക്കായി ഡെല്ല ക്രൂസ്ക[1] 1612ൽ ഒരു നിഘണ്ടു പ്രസിദ്ധീകരിച്ചു. നിത്യോപയോഗത്തിൽ ഉള്ളതും ഇല്ലാത്തതുമായ പ്രധാന പദങ്ങളെ അതിൽ ഉൾപ്പെടുത്തി. ദേശഭക്തിയും ബഹുസ്വരതയുമായിരുന്നു. പദസ്വീകരണത്തിലെ മാനദണ്ഡങ്ങൾ. പതിനാലാം നൂറ്റാണ്ടിനെ ഭാഷാചരിത്രത്തിലെ ഒരു സുവർണ്ണയുഗമായി കണക്കാക്കാം. ഈ കാലഘട്ടം പ്രാദേശികഭാഷയെക്കുറിച്ചുള്ള പുതിയ സങ്കല്പനങ്ങൾക്ക് അടിത്തറയിട്ടു. ലത്തീൻഭാഷയുടെ പ്രാമാണ്യംകൊണ്ട് മാറ്റുകറ

ഞ്ഞ പ്രാദേശികഭാഷകളുടെ സ്വത്വം വീണ്ടെടുക്കുവാനുള്ള ശ്രമങ്ങളുണ്ടായി. ഭാഷാ സമീപനങ്ങൾ യാഥാസ്ഥിതികവും മാനദണ്ഡങ്ങളെ മുൻനിർത്തിയുള്ളതുമായിരുന്നു എന്നൊരു പരിമിതിയുണ്ടായിരുന്നു. ഫ്രാൻസ്, ഇംഗ്ലണ്ട് തുടങ്ങിയ യൂറോപ്യൻ രാജ്യങ്ങൾ ഇറ്റലിയിൽ ഇപ്രകാരം അക്കാദമികൾ സ്ഥാപിക്കുകയും ഭാഷാനിയമങ്ങൾ ആവിഷ്കരിച്ചുകൊണ്ട് തനിമയുള്ളൊരു പൊതുഭാഷ രൂപപ്പെടുത്തിയെടുക്കുകയും ചെയ്തു. ഭാഷയുടെ വ്യവസ്ഥീകരണത്തിനായി നിഘണ്ടുക്കളും രൂപപ്പെടുത്തി. ഇങ്ങനെ ഭാഷാനവീകരണത്തിന്റെയും വ്യവസ്ഥാപനത്തിന്റെയും കാലഘട്ടമായി പതിനാല്, പതിനഞ്ച് നൂറ്റാണ്ടുകൾ മാറി.

രണ്ടാം ലോകമഹായുദ്ധാനന്തരം ഏഷ്യയിലെയും ആഫ്രിക്കയിലെയും രാജ്യങ്ങൾ സ്വതന്ത്രമാകുകയും ബഹുഭാഷാമേഖലയിൽനിന്ന് രാഷ്ട്രഭാഷയായി ഏതു ഭാഷ തിരഞ്ഞെടുക്കണം എന്നുള്ള ആശയക്കുഴപ്പം ഉടലെടുക്കുകയും ചെയ്തു. ഇതിനെത്തുടർന്ന് ഭാഷാസൂത്രണസംരംഭങ്ങൾ വലിയതോതിൽ ആരംഭിച്ചു. അമേരിക്കയുടെ സഹായത്തോടെ യൂറോപ്പ് പുനർനിർമ്മിക്കപ്പെട്ടു. വിവിധമേഖലകളെ ഏകോപിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളും നടന്നു. ശാസ്ത്രജ്ഞർ, സാമ്പത്തികവിദഗ്ധർ, സാമൂഹ്യശാസ്ത്ര വിശാരദന്മാർ, ഭാഷാശാസ്ത്രകാരന്മാർ എന്നിവരെ ചേർത്തുകൊണ്ടാണിത് സാധ്യമാക്കിയത്. രണ്ടാം ലോകമഹായുദ്ധത്തെക്കുറിച്ചുള്ള വിലയിരുത്തലുകളിൽ സാമൂഹിക സാമ്പത്തിക രാഷ്ട്രീയ വിഷയങ്ങളോടൊപ്പം ഭാഷയ്ക്കും പ്രാധാന്യം കൊടുത്തു. സാമൂഹികം, രാഷ്ട്രീയം, സാമ്പത്തികം എന്നീ മേഖലകളെ നിർണ്ണയിക്കുന്നതിൽ പ്രധാന പങ്ക് ഭാഷാതീരുമാനത്തിനുണ്ട്. അതുകൊണ്ടു ഭാഷാസൂത്രണത്തിനും ഭാഷാനയരൂപീകരണത്തിനും വേണ്ട ആലോചനകളുണ്ടായി. 1. ഏതെങ്കിലും ഒരു പ്രമുഖ ഭാഷാഭേദത്തെ മാനകീകരിക്കുക 2. കൊളോണിയൽ അധികാര ഭാഷ നിലനിർത്തുക. 3. ബഹുഭാഷാ പ്രദേശങ്ങളിൽ, നിയതമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ഒരു ഭാഷയെ ഭരണഭാഷയായി തിരഞ്ഞെടുക്കുക എന്നിവയായിരുന്നു അവ. ആദ്യഘട്ടത്തിലെ ഭാഷാസമീപനത്തിൽനിന്നും വ്യത്യസ്തമായൊരു സമീപനമാണിവിടെ കാണുക. ചില ദേശരാഷ്ട്രങ്ങൾ ഭാഷാവൈവിധ്യത്തിൽ നിന്ന് ഒന്നിനെ അധികാരഭാഷയായി തിരഞ്ഞെടുത്തു. റഷ്യയിൽ നടപ്പാക്കിയ ഭാഷാസൂത്രണനയം എടുത്തുപറയേണ്ടതാണ്. 1920-30 വരെയുള്ള ബോൾഷെവിക് വിപ്ലവത്തിന്ശേഷം അനേകം വംശഭാഷാവൈവിധ്യ പ്രദേശങ്ങൾ ചേർന്ന് സോവിയറ്റ് യൂണിയൻ എന്ന രാഷ്ട്രം രൂപം കൊണ്ടു. നൂറിലധികം

വ്യത്യസ്തഭാഷാസമൂഹങ്ങൾ ഉള്ളടങ്ങുന്ന സോവിയറ്റ്യൂണിയന് ദേശ ഐക്യത്തിനായി റഷ്യനെ ഔദ്യോഗികഭാഷയായി അംഗീകരിക്കേണ്ടിവന്നു. വിദ്യാഭ്യാസം ഉൾപ്പെടെയുള്ള കാര്യങ്ങളിൽ വംശീയഭാഷാവിഭാഗങ്ങൾക്ക് സ്വയം നിർണയാവകാശങ്ങൾ നൽകിക്കൊണ്ട് ഈ ഏകഭാഷാധിപത്യത്തെ റഷ്യ നേരിട്ടു. ഓരോ ഭാഷയ്ക്കും പദാവലി വികാസത്തിനും ലിപി വൽക്കരണത്തിനുംവേണ്ട സഹായങ്ങൾ നൽകി. സോവിയറ്റ് യൂണിയൻ മാർക്സിസ്റ്റ് വീക്ഷണത്തിലാണ് ഭാഷാസൂത്രണത്തിന് മുതിർന്നത്. അതേസമയം 1920-30 കളിൽ തന്നെ പ്രാഗ് സ്കൂൾ ഓഫ് ലാംഗ്വേജ് ചെക്കോസ്ലോവാക്യയിൽ ഭാഷാസൂത്രണം നടത്തി. സോവിയറ്റ് യൂണിയൻ മുന്നോട്ടുവച്ച രീതിപദ്ധതികളിൽനിന്ന് ഭിന്നമായി അവർ സൂക്ഷ്മതലത്തിലെ ആസൂത്രണത്തിന് (Micro Level) പ്രാധാന്യം നൽകി. ചെക്ക്ഭാഷയുടെ വികാസമായിരുന്നു അവരുടെ ലക്ഷ്യം. ഭാഷാവൈവിധ്യങ്ങളിൽ ശ്രദ്ധയൂന്നുന്നതിന് പകരം തെരഞ്ഞെടുത്ത ചെക്ക് ഭാഷയ്ക്ക് മാത്രമാണ് പ്രാധാന്യം നൽകിയത്. ആധുനിക ഭാഷാസൂത്രണത്തിന് മുഖമുദ്രയാകുന്ന വിധത്തിലായിരുന്നു ഈ ഭാഷാസൂത്രണം നടപ്പാക്കിയത്. ഇങ്ങനെ നോക്കുമ്പോൾ ഭാഷാമാനകീകരണം, രാഷ്ട്രഭാഷാ തെരഞ്ഞെടുപ്പ്, ഭാഷാവൈവിധ്യങ്ങൾക്ക് നൽകേണ്ട പിന്തുണ, ഭാഷാന്യൂനപക്ഷ സംരക്ഷണം എന്നിങ്ങനെയുള്ള വിവിധ വിഷയങ്ങളാണ് ഈ കാലഘട്ടത്തിൽ ഭാഷാസൂത്രണത്തിന്റെ ഭാഗമായി ചർച്ചചെയ്യുന്നതെന്നു കാണാം.

ഭാഷാസൂത്രണ സമീപനങ്ങൾ

ഹെയിൻസ് ക്ലോസ് എന്ന ജർമൻ ഭാഷാശാസ്ത്ര പണ്ഡിതനാണ് ഭാഷാസൂത്രണത്തെ ഭാഷാപദവിയാസൂത്രണം, ഭാഷാവിഭവാസൂത്രണം, എന്നിങ്ങനെ രണ്ടായി തിരിച്ചത്. അതിനോടൊപ്പം സമാർജ്ജനാസൂത്രണത്തെ കൂട്ടിച്ചേർത്തത് റോബർട്ട് കൂപ്പർ ആണ്.

ഭാഷാപദവിയാസൂത്രണം (Status planning)

ഭാഷയുടെ സാമൂഹിക നിലയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളാണ് പദവിയാസൂത്രണം മുന്നോട്ടുവയ്ക്കുന്നത്.

1. ഔദ്യോഗികവത്കരണം (Officialisation) : ഉദാഹരണമായി 1961-ൽ ബ്രിട്ടീഷ് അഡ്മിനിസ്ട്രേഷൻ താൻസാനിയയെ ഒരു സ്വതന്ത്രരാജ്യമായി പ്രഖ്യാപിച്ചതി

നുശേഷം താൻസാനിയ സ്വാഹിലി എന്ന ഭാഷയാണ് ഭരണനിർവഹണത്തിന് ഔദ്യോഗിക ഭാഷയായി തെരഞ്ഞെടുത്തത്.

2. ഭാഷാപരിപാലനം (Language Maintanance) : തെക്ക് കിഴക്കേ അമേരിക്കയിൽ നടക്കുന്ന നവജോ ഭാഷയുടെ പഠനപ്രവർത്തനങ്ങൾ. രണ്ടാം ലോകമഹായുദ്ധകാലത്ത് രഹസ്യങ്ങൾ കൈമാറാൻ ഉപയോഗിച്ചിരുന്ന ഭാഷയാണ് നവജോഭാഷ. തെക്ക് കിഴക്കൻ അമേരിക്കൻ പ്രവിശ്യകളിൽ പ്രചാരത്തിലിരുന്ന ഈ ഭാഷയെ പുനരുദ്ധരിക്കുന്നതിനുവേണ്ട പ്രവർത്തനങ്ങൾ ഇന്ന് അമേരിക്കൻ ഭരണകൂടം നിർവഹിച്ചുപോരുന്നു.
3. ഭാഷാപുനരുജ്ജീവനം: അയർലാന്റിലെ ഐറിഷ് ഭാഷാപുനരുജ്ജീവനം ഇതിനുദാഹരണമാണ്. അയർലന്റിലെ ഭൂരിഭാഗം പ്രദേശങ്ങളിലും ഇംഗ്ലീഷ് പ്രബല ഭാഷയായി മാറിയതോടെ ഐറിഷ് ഭാഷയുടെ പ്രചാരം കുറഞ്ഞുപോയി. ഭാഷയുടെ വീണ്ടെടുപ്പിനായി നടത്തിയ പ്രവർത്തനങ്ങളെ പുനരുജ്ജീവനമാതൃകയായി കണക്കാക്കാം.
4. ഭാഷാനിരോധനം : തെക്കൻ ഓസ്ട്രിയയിൽ നാസികൾ സ്ലാവിക് ഭാഷ നിരോധിച്ചിരുന്നു. ഇത്തരം പ്രവർത്തനങ്ങളെല്ലാം പദവിയാസൂത്രണത്തിലുൾപ്പെടുന്നു.

വിഭവാസൂത്രണം (Corpus planning)

ഭാഷാഘടനയുടെ നവീകരണവുമായി ബന്ധപ്പെട്ടു നടക്കുന്ന ശ്രമങ്ങളെയാണിത് ഉൾക്കൊള്ളുന്നത്.

1. മാനകീകരണം : യൂറോപ്യൻ യൂണിയന്റെ ഔദ്യോഗിക ഭാഷകളിൽ ഒന്നായി റൊമാനിയൻ ഭാഷയെ നിർണയിച്ചത് മാനകീകരണത്തിന് ഒരു ഉദാഹരണമാണ്.
2. ലിപി വൽക്കരണം : ഏതെങ്കിലും ഒരു ഭാഷയുടെ വർണ്ണവിന്യാസക്രമം, ലിപി എന്നിവ പരിഷ്കരിക്കുകയോ നടപ്പാക്കുകയോ ചെയ്യലാണിത്. ബോളീവിയയിലെ ക്വെച്വ ഭാഷയുടെ ലിപിവികാസം ഉദാഹരണമായി ചൂണ്ടിക്കാട്ടാം.
3. ആധുനികീകരണം : പുതിയ മേഖലകളെ ഉൾക്കൊള്ളുന്നവിധത്തിൽ ഭാഷയുടെ പദസമ്പത്തും ശൈലിയും വികസിപ്പിക്കുക. ഉദാഹരണമായി തമിഴ് ഭാഷയുടെയും മലയാളത്തിന്റെയും വികാസം.
4. ഭാഷാശുദ്ധീകരണം : വിദേശഭാഷകളിൽനിന്നുള്ള കടംകൊള്ളലുകളെ മാറ്റിക്കൊണ്ട് തനത് പദങ്ങളെ തത്സ്ഥാനത്ത് പ്രയോഗസജ്ജമാക്കുന്ന പ്രവർത്തി

യാണിത്. ഉദാഹരണമായി സ്ലോവൻ ഭാഷയിലേക്ക് സർബോ ക്രൊയേഷ്യൻ ഭാഷയിൽനിന്നുള്ള കടംകൊള്ളലിനെ തടഞ്ഞുകൊണ്ട് സ്വീകരിച്ച നിലപാട്.

5. സാങ്കേതികപദവികാസം : ഭരണരംഗത്തും ശാസ്ത്രസാങ്കേതികരംഗത്തും കച്ചവടരംഗത്തുമുള്ള പുതുപ്രവണതകളെ ഉൾക്കൊള്ളാൻപാകത്തിലുള്ള ഭാഷയുടെ വികാസമാണത്. സാങ്കേതികപദാവലികളുടെ വിപുലീകരണത്തിലൂടെ ഭാഷാഭേദത്തെ ഭരണഭാഷയാക്കി മാറ്റുവാൻസാധിക്കുന്നു. മേൽപ്പറഞ്ഞ പ്രക്രിയകളെല്ലാം വിഭവാസൂത്രണത്തിൽപ്പെടുന്നു.

ഭാഷാ സമാർജ്ജനാസൂത്രണം (Aquisition planning)

വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട പരിശ്രമങ്ങളാണ് സമാർജ്ജനാസൂത്രണത്തിന്റെ പരിധിയിൽ വരുന്നത്. നാട്ടുഭാഷകൾ, കോളനിയധികാരഭാഷകൾ, ഇതരഭാഷകൾ എന്നിവയുടെ വൈവിധ്യങ്ങളിലാണ് ആർജിത ഭാഷാസൂത്രണം ശ്രദ്ധയൂന്നുന്നത്.

1. ഒന്നാംഭാഷ, രണ്ടാംഭാഷ, വിദേശഭാഷാധ്യാപനം : ഇന്ത്യയിലെ ത്രിഭാഷാപദ്ധതി ഇതിനൊരുദാഹരണമാണ്.
2. ലോകവ്യാപകമായ ഒരു വിദേശഭാഷയോളം സ്വഭാഷയെ ഉയർത്തുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിക്കുക. ഉദാഹരണമായി അന്താരാഷ്ട്ര ഭാഷയായ ഇംഗ്ലീഷിന്റെ സാധ്യതയിലേക്ക് ജാപ്പനീസ് ഭാഷയെ വളർത്തുന്നതിന് വേണ്ടി ജപ്പാൻ ഭരണകൂടം (MEXT) 2003 ൽ ആവിഷ്കരിച്ച ഭാഷാനയം.
3. ഭാഷാനിയന്ത്രണം : വിദ്യാഭ്യാസ ആവശ്യത്തിന് ഒരു പൊതുഭാഷ ഉപയോഗിക്കുകയും വംശീയ ഭാഷാഭേദങ്ങളെ നിയന്ത്രിക്കുകയുംചെയ്യുന്ന പ്രക്രിയ. ഉദാഹരണമായി കാലിഫോർണിയയിലേക്ക് കുടിയേറിയവരുടെ കുട്ടികൾക്ക് സ്കൂളിൽ ഇംഗ്ലീഷ് ഭാഷ നിർബന്ധിതമാക്കുകയും സ്പാനിഷ് ഭാഷ നിരോധിക്കുകയുംചെയ്യുന്ന സാഹചര്യം.
4. നിർബന്ധിത രണ്ടാംഭാഷ : യുഗോസ്ലാവിയ ഒന്നാം ഭാഷയായി വിദ്യാഭ്യാസത്തിന് ഇംഗ്ലീഷ് തെരഞ്ഞെടുത്തപ്പോൾ സെർബോ ക്രൊയേഷ്യനെ നിർബന്ധിത രണ്ടാംഭാഷയായി തീരുമാനിച്ചു. 1960 മുതൽ 1992 വരെ ഈ രണ്ടാംഭാഷാതീരുമാനം നിലനിന്നു. വിദ്യാഭ്യാസത്തിലും അന്താരാഷ്ട്രവൽക്കരണത്തിനും സ്വഭാഷയുടെ ഉന്നതിക്കും വേണ്ട വിവിധ ഘടകങ്ങളാണ് 1990-കൾ വരെയും ഭാഷാസ

മാർജ്ജനാസൂത്രണത്തിന്റെ ഭാഗമായി നിലനിന്നിരുന്നതെന്നു കാണാം.

ഭാഷാസൂത്രണ പ്രക്രിയ

എയ്നർഹോഗൻ അദ്ദേഹത്തിന്റെ ഭാഷാസൂത്രണപഠനത്തിൽ നോർവീജിയയിലെ ഉഭയഭാഷ മാനകീകരണത്തെക്കുറിച്ച് പ്രതിപാദിച്ചുകൊണ്ട് 'നാലിതൾ മാതൃക' (Four fold model) രൂപകൽപന ചെയ്തു. ഭാഷാസൂത്രകരുടെ പ്രവർത്തനങ്ങൾ പ്രതിപാദിക്കുന്നതായിരുന്നു അത്. ഈ മാതൃക നാല് തലങ്ങളെയാണ് അടയാളപ്പെടുത്തുന്നത്.

1. മാനദണ്ഡങ്ങളുടെ തിരഞ്ഞെടുപ്പ് (Selection of norms)

ഏതെങ്കിലും ഒരു പ്രാദേശിക അഥവാ സാമൂഹിക ഭാഷാഭേദത്തെ രാഷ്ട്രത്തിന്റെ അല്ലെങ്കിൽ സമൂഹത്തിന്റെ പ്രത്യേക ആവശ്യം പൂർത്തീകരിക്കുന്നതിനു വേണ്ടി തെരഞ്ഞെടുക്കുന്ന പ്രക്രിയയാണിത്. നോർവീജിയയിലെ നൈനോർസ്ക് (nynorsk) പ്രാദേശിക ഭാഷാസങ്കരമാണ്. എന്നാൽ ബോക്മൽ ആകട്ടെ ഡാനിഷ്ഭാഷയുടെ സ്വാധീനമുള്ള വിദ്യാസമ്പന്നരുടെയും നാഗരികരുടെയും ഭാഷണഭേദമാണ്. ഈ രണ്ടു ഭാഷകളേയും നോർവീജിയ ഔദ്യോഗിക ഭാഷയായി തെരഞ്ഞെടുത്തു. അതുപോലെ കെനിയയിൽ ഇംഗ്ലീഷ് ആണ് ഔദ്യോഗിക ഭാഷ എന്നാൽ അയൽരാജ്യമായ താൻസാനിയ സ്വാഹിലി എന്ന പ്രാദേശിക ഭാഷയെയാണ് തത്സ്ഥാനത്ത് തെരഞ്ഞെടുത്തത്.

2. രൂപങ്ങളുടെ ക്രോഡീകരണം (Codification of the form)

എഴുത്തുഭാഷയുടെ തെരഞ്ഞെടുപ്പ്, വ്യാകരണത്തിലൂടെ ആ ഭാഷക്ക് നൽകുന്ന ഭാഷാശാസ്ത്രാടിത്തറ, പദപാദനിയമങ്ങൾ എന്നിവയുടെ രൂപകല്പന, ശൈലികൾ, നിഘണ്ടുക്കൾ എന്നിവയുടെ സംവിധാനം ഇവയെല്ലാമാണ് രൂപങ്ങളുടെ ക്രോഡീകരണ ത്തിനുപയുക്തമാക്കേണ്ടത്. കൃത്യമായ പദനിഘണ്ടു മാത്രം പോരാ, ഉച്ചാരണ മാനകീകരണവും കൂടി ഇതിലുൾപ്പെടുന്നുണ്ട്. ഉദാഹരണമായി ഇംഗ്ലീഷിലെ സാമുവൽ ജോൺസിന്റെ ഡിക്ഷണറി ഓഫ് ഇംഗ്ലീഷ് ലാംഗ്വേജ്.

3. നിർവ്വഹണം (Implimentation)

പ്രകടമായ വിനിമയതന്ത്രങ്ങളിലൂടെ പുതിയ പദങ്ങൾക്ക് പ്രതിഷ്ഠ നൽകുക. ഉദാഹരണമായി റേഡിയോ, ടെലിവിഷൻ എന്നിവയിലൂടെ പ്രചാരംനേടുന്ന പദങ്ങൾ, നിയമവ്യവസ്ഥയിലേക്ക് കടന്നുകയറുന്ന പദങ്ങൾ.

4. പ്രവർത്തന വിപുലീകരണം (Elaboration of Function)

തെരഞ്ഞെടുത്ത മാതൃകകളുടെ പ്രവർത്തനമാണ് ഇതിൽ പ്രധാനമായും കടന്നുവരുന്നത്. പദതലത്തിലെ ആധുനികീകരണവും ശൈലീവികാസവും ഇതിലുൾപ്പെടുന്നു. ഉദാഹരണമായി സാങ്കേതികപദസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി ഉള്ള ഒരു ഉദ്യമം ഹീബ്രു അക്കാദമി നടപ്പിലാക്കി. പുതിയ ആശയങ്ങളെ വിനിമയം ചെയ്യാൻ പ്രാപ്തിയുള്ള പദങ്ങൾ ഭാഷാവികാസത്തിനു കാരണമാകുന്നു. സാങ്കേതിക വിദ്യകളും ശാസ്ത്രീയ കണ്ടുപിടുത്തങ്ങളും അടയാളപ്പെടുത്താനുള്ള ഭാഷയുടെ ക്ഷമത പ്രവർത്തന വിപുലീകരണത്തിലേക്കു നയിക്കുന്നു.

ആദ്യകാല ഭാഷാസൂത്രണത്തിലെ അപര്യാപ്തതകൾ

1. 1960-കളിലും 70-കളിലും നടന്ന ഭാഷാസൂത്രണം സാമ്പത്തികവികാസത്തെ മുൻനിർത്തിയുള്ളതായിരുന്നില്ല.
2. എല്ലാവർക്കും വിദ്യാഭ്യാസാവകാശം ഉറപ്പാക്കുമ്പോൾത്തന്നെ വ്യത്യസ്ത വംശീയ വിഭാഗങ്ങളുടെ സാമൂഹിക സാംസ്കാരിക ഐക്യത്തിനുന്നൽ നൽകിയില്ല.
3. സാമൂഹിക ബന്ധങ്ങളുടെ അവഗണന : ഉപരിവർഗങ്ങളുടെ ഭാഷ അംഗീകരിക്കപ്പെടുകയും ദുർബല വിഭാഗങ്ങളുടെ ഭാഷകൾ അവഗണിക്കപ്പെടുകയും ചെയ്യുന്ന അവസ്ഥയ്ക്കു കാരണമായി. അതായത് ദ്വിഭാഷിത്വമുള്ള പ്രദേശങ്ങളിൽ ഉപരിവർഗ്ഗത്തിന്റെ ഭാഷയ്ക്ക് ലഭിക്കുന്ന സാമൂഹികവും സാമ്പത്തികവും സാംസ്കാരികവുമായ അഭിവൃദ്ധി ആ വിഭാഗങ്ങളുടെ മാത്രം ക്ഷേമത്തിന് കാരണമായിത്തീർന്നു.
4. സ്ഥൂലതല (Macro level) വികാസത്തിന് കൂടുതൽ പ്രാധാന്യം കൊടുത്തു. പ്രത്യേകിച്ച് സ്കൂൾ വിദ്യാഭ്യാസം തുടങ്ങിയ വിഷയങ്ങൾക്ക് പരിഗണന നൽകി. എന്നാൽ ആശയവിനിമയത്തിന്റെ സൂക്ഷ്മതലത്തിൽ കൂടുതൽ ശ്രദ്ധചെലുത്തുന്നത് ഭാഷാനയങ്ങളുടെ സ്വാധീനത്തെക്കുറിച്ചുള്ള പ്രധാനപ്പെട്ട ദത്തങ്ങൾ സമാഹരിക്കുന്നതിന് ഇടനൽകുമെന്നിരിക്കെ അത്തരം പ്രവർത്തനങ്ങൾക്ക് പ്രാമുഖ്യം നൽകിയില്ല.

ഈ വിഷയങ്ങൾ പരിഹരിക്കുന്നതിനായി 1980 കൾക്കുശേഷം ഭാഷാസൂത്രണ സമീപനങ്ങളിൽ മാറ്റംവന്നു. ഈ കാലയളവുകളിൽ ഭാഷാസൂത്രണത്തെയും ഭാഷാനയങ്ങളെയും സ്വാധീനിച്ച സാമ്പത്തിക ശ്രേണി, ലിംഗം, വംശം എന്നിവയെ

ക്കുറിച്ചുള്ള ചരിത്രപരവും ഘടനാപരവുമായ വിശകലനം നടന്നു. ഭാഷാസൂത്രണ - ഭാഷാനയങ്ങളിൽ ചരിത്രപരവും ഘടനാത്മകവുമായ ഒരു സമീപനം ക്രിട്ടിക്കൽതിയറിയുടെ ഭാഗമായി കടന്നുവന്നു. 1990 കളോടുകൂടി അധികാരം, തുല്യതയില്ലായ്മ, സാമൂഹികനീതി, പുതുദേശീയത, ഭാഷാപ്രത്യയശാസ്ത്രവും പിൽക്കാല മുതലാളിത്തത്തിന്റെ ഇടപെടലുകളും എന്നിങ്ങനെയുള്ള ബഹുവിധമായ മേഖലകളിലേക്ക്കൂടി ഭാഷാസൂത്രണ ഭാഷാനയങ്ങളിലെ ഗവേഷണ പ്രവർത്തനങ്ങൾ ചെന്നെത്തുന്നതു കാണാം.

ഭാഷാനയവും ഭാഷാസൂത്രണവും

ഭാഷാസൂത്രണം, ഭാഷാനയം എന്നീ പദങ്ങൾ പരസ്പരപൂരകങ്ങളായ രണ്ടു പദങ്ങളാണ്. ഒരു ദേശരാഷ്ട്രത്തിനകത്ത് ഔദ്യോഗിക നിർദ്ദേശപ്രകാരം ഭാഷാ പ്രയോഗം, ഭാഷാഘടന എന്നിവയെക്കുറിച്ചുള്ള നിബന്ധനകളാണ് ഭാഷാനയം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഭാഷാനയം അന്തർവംശീയ സംരക്ഷണത്തിനുള്ള ഫലപ്രദമായ മാർഗ്ഗമാണ്. സ്പോൾസ്കി ഭാഷാനയത്തെ നിർവചിക്കുന്നത് ഇങ്ങനെയാണ്. ആധുനിക ദേശരാഷ്ട്രങ്ങളുടെ സ്വത്വം, ആശയവിനിമയം എന്നീ പ്രവർത്തനങ്ങൾക്കുവേണ്ടി ഒരു പൊതുഭാഷയെ രൂപപ്പെടുത്തുന്ന പ്രക്രിയയാണ് ഭാഷാനയത്തിൽ ഉൾപ്പെടുന്നത്. (Spolslki 2009, P 5). അതായത് ഭാഷാനയം ഭാഷാസൂത്രണത്തിലേക്ക് നയിക്കുന്ന ആശയങ്ങളുടെയും നിയമങ്ങളുടെയും സമാഹരണമാണ്. ഭാഷാസൂത്രണ ലക്ഷ്യങ്ങളിലേക്കെത്താൻ പര്യാപ്തമായ ആശയങ്ങൾ, നിയമങ്ങൾ, നിയന്ത്രണങ്ങൾ എന്നിവയുടെ കൂട്ടമാണ് ഭാഷാനയം (കപ്ലാൻ 1 ബൽഡോഫ് 2003: 6) ഔദ്യോഗിക സ്ഥാപനങ്ങൾ നടത്തുന്ന ഭാഷാസൂത്രണത്തെയാണതു സൂചിപ്പിക്കുന്നത്.

ഔദ്യോഗിക ഭാഷാനയം

രാജ്യത്തിന്റെ പ്രധാന ഭരണനിർവ്വഹണത്തിനുപയോഗിക്കേണ്ട ഭാഷ ഏതായിരിക്കണ മെന്നുള്ളതാണ് ഔദ്യോഗിക ഭാഷാനയത്തിലൂടെ വ്യക്തമാക്കുന്നത്. ഉദാഹരണത്തിന് ബഹുഭാഷാസാംസ്കാരികഭൂമികയാണ് ഇന്ത്യ. സ്വാതന്ത്ര്യാനന്തരം ഒരു പൊതുഭാഷ തെരഞ്ഞെടുക്കേണ്ടിവന്നപ്പോൾ അഞ്ച് പ്രധാന മാനദണ്ഡങ്ങൾ ഇതിനായി മുന്നോട്ടുവച്ചു.

1) തദ്ദേശീയമായിരിക്കണം (Indegenous) 2) ജനസംഖ്യയുടെ അനുപാതത്തിനനുസരിച്ച് വിനിമയം ചെയ്യുന്ന ഭാഷയായിരിക്കണം 3) ഉന്നതതല വിദ്യാഭ്യാസത്തിനുപയുക്തമായിരിക്കണം 4) ലിപിയുണ്ടായിരിക്കണം 5) സമ്പുഷ്ടമായ സാഹിത്യപാരമ്പര്യമുണ്ടായിരിക്കണം. ഈ മാനദണ്ഡങ്ങളെ മുൻനിർത്തിയാണ് ഹിന്ദിയെ ഔദ്യോഗിക ഭാഷയായി അംഗീകരിച്ചത്. (Gandhi K. L 1984:13) എന്നാൽ ഇംഗ്ലീഷ് ഭാഷ ഡിഫാക്ടോ ഓഫീഷ്യൽ ലാംഗ്വേജായി തുടർന്നു. ഹിന്ദി ഔദ്യോഗിക ഭാഷയായി. ഹിന്ദി സംസാരിക്കുന്ന ജനതയ്ക്ക് സാമൂഹികവും സാംസ്കാരികവും സാമ്പത്തികവുമായുണ്ടായ മേൽക്കൈ ഔദ്യോഗികഭാഷാപദവിയുടെ പോരായ്മയായി ചൂണ്ടിക്കാണിക്കപ്പെട്ടു. ഈ കാലയളവിൽ a) ഇന്ത്യയുടെ തെക്കും വടക്കും b) തീരപ്രദേശങ്ങളും ഇടനാടും c) ദ്രാവിഡവും ഇന്തോ ആര്യനും എന്നിങ്ങനെയുള്ള എതിർപ്പുകൾ രൂക്ഷമായി. (Nayar B. R 1969:22). തുടർന്ന് തമിഴ്നാട്, മണിപ്പൂർ, നാഗാലാന്റ് യൂണിയൻ ടെറിട്ടറികളായിരുന്ന ഗോവ, ദാമൻ & ദിയു എന്നിവിടങ്ങളിൽ ഹിന്ദി ഒഴിവാക്കിക്കൊണ്ട് ഇംഗ്ലീഷിനെ ഔദ്യോഗിക ഭാഷയായി പ്രതിഷ്ഠിച്ചു. എതിർപ്പുകൾ മാനിച്ചുകൊണ്ട് ഭാരത സർക്കാർ 1967 അമന്റ്മെന്റ് ആക്ട് വഴി ഇംഗ്ലീഷിനെ ഡിഫാക്ടോ ഓഫീഷ്യൽ ലാംഗ്വേജായി അംഗീകരിച്ചു. ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം ലഭിച്ച് മൂന്നുവർഷങ്ങൾക്കുശേഷം 1950 ജനുവരി 26 ന് ഗവൺമെന്റ് ഭരണഘടന സ്വീകരിച്ചു. ഈ ഭരണഘടനയിൽ ഹിന്ദി ഔദ്യോഗികഭാഷയും അന്ന് മലയാളം ഉൾപ്പെട്ട പതിനഞ്ചോളം സംസ്ഥാനഭാഷകൾ അംഗീകൃതഭാഷകളായും പ്രഖ്യാപിച്ചു. ഇന്ന് ഇരുപത്തിരണ്ടോളം ഭാഷകൾ അംഗീകൃത ഭരണഭാഷകളാണ്.

1969-ലെ ഔദ്യോഗികഭാഷാനിയമമനുസരിച്ച് (Official Language Policy) മലയാളവും ഇംഗ്ലീഷും കേരളത്തിലെയും ലക്ഷദ്വീപിലെയും ഔദ്യോഗിക ഭാഷകളാണ്. 1987 ലെ നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിനെത്തുടർന്ന് കേരളത്തിൽ കോടതി ഭാഷ കൂടി മലയാളമാക്കി.

വിദ്യാഭ്യാസവും ഭാഷാനയവും

ഫർഗ്ഗുസണിൽനിന്നും വ്യത്യസ്തമായി കപ്ലാനും ബൽഡോഫും (2003:217:220). വ്യത്യസ്തതരം ഭാഷാവിദ്യാഭ്യാസനയങ്ങളെ പ്രത്യേകമായി എടുത്തുകാട്ടുന്നുണ്ട്.

1. പ്രവേശനനയം (Access Policy)

ഒരു സംസ്ഥാനത്തിന്/ദേശത്തിന് ഏതുഭാഷ പഠിക്കണമെന്നുള്ള തീരുമാനമെടുക്കാനുള്ള അധികാരമുണ്ട്. ഉദാഹരണമായി കൊളോണിയൽ ഭാഷയായ ഇംഗ്ലീഷ് ആവശ്യമാണോ എന്ന വാദം. ഇന്ത്യയിൽ വളരെയധികം വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവേശനംനേടുന്നതിന് ഇംഗ്ലീഷ് ഭാഷയിലുള്ള പ്രാവീണ്യം ആവശ്യമാണ് എന്നുകാണാം.

2. ഉദ്യോഗസ്ഥ സമൂഹത്തിനുവേണ്ടിയുള്ള ഭാഷാനയം (Personnel Policy)

അധ്യാപകരെ തിരഞ്ഞെടുക്കുന്നതിനുള്ള ഭാഷാമാനദണ്ഡം നിശ്ചയിക്കുന്നു.

ഉദാ: ഇന്ത്യയിൽ ഇംഗ്ലീഷ്ഭാഷയിൽ പ്രാവീണ്യംനേടുന്നതിന് അധ്യാപകർക്ക് ഏർപ്പെടുത്തിയ ട്രെയിനിംഗ് പ്രോഗ്രാമുകൾ.

3. പാഠ്യപദ്ധതിയും സാമുദായികനയവും (Curriculum and Community Policy)

സംസ്ഥാനത്തിന്റെ വിദ്യാഭ്യാസ വകുപ്പിനാണ് പാഠ്യപദ്ധതി നിർണയിക്കുന്നതിൽ പൂർണ്ണ അധികാരമുള്ളത്. പാഠ്യവസ്തുക്കളുടെ ഉത്പാദനവും വിതരണവും നടത്തുവാനുള്ള ചുമതല സർക്കാരിന്റെ അംഗീകാരമുള്ള സെൻട്രൽ ബോഡിക്കാണ്. ഉദാ:- SCERT, NCERT തുടങ്ങിയവ. പഠനസമയത്തിനനുസരിച്ചാണ് പാഠ്യപദ്ധതിനയം ക്രമീകരിച്ചിരിക്കുന്നത്. വിദ്യാഭ്യാസത്തിന്റെ ദിശ നിർണയിക്കുന്നതിൽ രാഷ്ട്രീയ അധികാരത്തിന് നിർണായകസ്ഥാനമുണ്ട്. സമുദായങ്ങൾ അധികാരികളെ സമീപിക്കുകയും അവരുടെ ഭാഷ വിദ്യാലയങ്ങളിൽ പഠിപ്പിക്കുന്നതിനുവേണ്ട ആവശ്യങ്ങൾ ഉന്നയിക്കുകയുംചെയ്യുമ്പോൾ ഏതുഭാഷയാണ് പഠിപ്പിക്കേണ്ടതെന്നുള്ള തീരുമാനം കൈക്കൊള്ളാനുള്ള കരടുരേഖയാണ് സാമുദായികനയം മുന്നോട്ടുവയ്ക്കുന്നത്. അതിൽ അന്തിമതീരുമാനം എടുക്കുന്നതിന് പൂർണ്ണാധികാരം വിദ്യാഭ്യാസ മന്ത്രാലയത്തിനാണ്.

4. പ്രബോധനരീതിയും പഠനസാമഗ്രികളും (Methods and Materials Policy)

ഇത് പാഠ്യപദ്ധതിനയത്തോടു ചേർന്നുനിൽക്കുന്നു. പാഠ്യപദ്ധതിയെ നിയന്ത്രിക്കുന്നത് വിദ്യാഭ്യാസമന്ത്രാലയം ചുമതലനൽകിയ വിഭാഗമാണ്. ആശയസംവേദനം സാധ്യമാക്കുന്ന പഠനരീതിശാസ്ത്രങ്ങൾ കൈക്കൊള്ളുവാനുള്ള സ്വാതന്ത്ര്യം ഇത് മുന്നോട്ടുവയ്ക്കുന്നുണ്ട്. എന്നാൽ പഠനസാമഗ്രികൾ അധികാരത്തിന്റെ കൃത്യമായ നിർദ്ദേശപരിധിയിലാണ്.

5. വിഭവനയം (Resourcing Policy)

വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ ഫലത്തെ സ്വാധീനിക്കുന്നതിൽ വിഭവനയത്തിന് പ്രധാന പങ്കുണ്ട്. വിദ്യാഭ്യാസ പ്രവർത്തനപരിപാടിക്ക് ആവശ്യമായ തുകനൽകുക, ഭാഷാസൂത്രണത്തിനും ഭാഷാനയത്തിനുംവേണ്ടി സർക്കാർ നൽകുന്ന സബ്സിഡി ഇതെല്ലാം വിഭവനയത്തിന്റെ ഭാഗമാണ്. പലപ്പോഴും രാഷ്ട്രീയമായ കാരണങ്ങളെ മുൻനിർത്തിയായിരിക്കും വിഭവനയത്തിന്റെ പ്രവർത്തനം. ഉദാഹരണമായി - പ്രാദേശികഭാഷാധ്യാപനത്തിന് കൂടുതൽ അധ്യാപകരെ നിയമിക്കുക.

6. മൂല്യനിർണ്ണയനയം (Evaluation Policy)

കൃത്യമായ ഉദ്ദേശങ്ങളെ മുൻനിർത്തിയായിരിക്കും വിദ്യാഭ്യാസനയം ആസൂത്രണം ചെയ്യുന്നത്. അങ്ങനെ വിഭാവനംചെയ്ത വിദ്യാഭ്യാസനയത്തിന്റെ ഫലം എന്തെന്ന് വിലയിരുത്തുവാനുള്ള മാനദണ്ഡങ്ങളാണിതിലുൾപ്പെടുന്നത്. ഇന്ത്യയിലെ വിദ്യാഭ്യാസ സർവ്വേകളെ ഇതിനുദാഹരണമായി കണക്കാക്കാം. മൂല്യനിർണയനയം പുതിയ ലക്ഷ്യങ്ങളെയും ഉദ്ദേശ്യങ്ങളെയും വിഭാവനംചെയ്യുന്നു.

ആറു നയങ്ങൾ പ്രധാനമായും രണ്ട് സംഗതികൾക്കാണ് ഊന്നൽ നൽകുന്നത്.

1. പഠിക്കേണ്ട ഭാഷ 2. പാഠ്യപദ്ധതി. ഇതുമായി ബന്ധപ്പെട്ട സൂക്ഷ്മമായ വിശകലനങ്ങളാണ് ആറ് നയങ്ങളിലൂടെ കപ്ലാനും ബൽഡാഫും മുന്നോട്ടുവയ്ക്കുന്നത്. ഭാഷാസൂത്രണവും ഭാഷാനയവും ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രകടമാകുന്നത് വിദ്യാഭ്യാസ മേഖലയിലാണ്.

പൊതുസമൂഹം, അധികാരം എന്നീ രണ്ടു ഘടകങ്ങളെ മുൻനിർത്തിയാണ് വിദ്യാഭ്യാസ ഭാഷാചിന്തകൾ രൂപപ്പെട്ടതെന്നു കാണാം. ഇന്ത്യയിൽ 1964 ലെ കോത്താരി കമ്മീഷൻ ത്രിഭാഷാപദ്ധതി നടപ്പിലാക്കി. എന്നാൽ ഹിന്ദിഭാഷ നിർബന്ധിതമായി അടിച്ചേൽപ്പിക്കുന്നതിനെതിരെ പ്രശ്നങ്ങളുമുണ്ടായി. തമിഴ്നാട് ദ്വിഭാഷാനയം സ്വീകരിച്ചു. ഇന്ന് പുതിയ വിദ്യാഭ്യാസനയം (NEP 2020) ഭാഷാധ്യായനം, വിദ്യാഭ്യാസഭാഷ എന്നിങ്ങനെയുള്ള വിഷയങ്ങളിൽ വ്യത്യസ്ത കാഴ്ചപ്പാട് പുലർത്തുന്നു. ആറാംക്ലാസ് വരെ മാതൃഭാഷയിൽ അധ്യയനം നടത്താനുള്ള നിർദ്ദേശം ഇത് മുന്നോട്ടുവയ്ക്കുന്നു. ക്ലാസിക്കൽ ഭാഷ, ആധുനികഭാഷ (രണ്ടും ഇന്ത്യൻഭാഷകൾ ആയിരിക്കണം), വിദേശഭാഷ എന്നിങ്ങനെയാണ് പുതിയ ത്രിഭാഷ പദ്ധതി നടപ്പിലാക്കുന്നത്. ഭാഷകൾ തിരഞ്ഞെടുക്കാനുള്ള അന്തിമതീരുമാനം അതാതു സംസ്ഥാനഗവൺമെന്റാണ് കൈക്കൊള്ളുന്നത്.

മാധ്യമഭാഷാനയം

ഔപചാരിക വിദ്യാഭ്യാസംനേടാൻകഴിയാത്ത വിദ്യാഭ്യാസത്തിന്റെ പരിധിക്ക് പുറത്തു നിൽക്കുന്ന സമൂഹത്തിനുവേണ്ടിയുള്ള ഭാഷാസൂത്രണപരിപാടിയാണ് മാധ്യമഭാഷാസൂത്രണത്തിൽ ഉൾപ്പെടുന്നത്. വിവിധ ഭാഷകൾ സംസാരിക്കുന്നവരുടെ എണ്ണം, ഒരു ഭാഷയ്ക്ക് മറ്റു ഭാഷകളുമായുള്ള ബന്ധവും സ്ഥാനവും, വിവിധ ഭാഷാസമൂഹങ്ങളിലെ സാക്ഷരതയുടെ അളവ്, അഭ്യസ്തവിദ്യരല്ലാത്തവർക്കുവേണ്ടുന്ന വായനസാമഗ്രികളുടെ ലഭ്യതയും വിതരണവും. കൂടാതെ നിഘണ്ടുക്കൾ രൂപകല്പനചെയ്യുകയും സംഭാഷണത്തിന്റെയും എഴുത്തിന്റെയും മാതൃകകൾ വികസിപ്പിക്കുകയുംചെയ്യുന്നു (Karam 1974:117). പത്രമാധ്യമങ്ങളെ സംബന്ധിച്ചിടത്തോളം വിതരണത്തിന്റെ തോത് സാക്ഷരതയുടെ തോതുമായി ബന്ധപ്പെട്ടിരിക്കുന്നു. (കപ്ലാൻ ബെൽഡാഫ് 2003:93) ഭാഷയുടെ നിലയും ഭാഷാസംഭാഷകരുടെ എണ്ണവും പ്രധാനപ്പെട്ടതാണ്. കൂടുതൽ സംഭാഷകരുള്ള ഭാഷയിലെ പത്രങ്ങൾ കൂടുതൽ വിറ്റഴിക്കപ്പെടുന്നു. കുറച്ചുമാത്രം വിനിമയം ചെയ്യപ്പെടുന്ന ഭാഷകളെ സംബന്ധിച്ചിടത്തോളം ഈ തോത് കുറവാണ്. ടെലിവിഷനും റേഡിയോയും ആധുനികതയുടെ പ്രതിരൂപങ്ങളാണ്. അതിലൂടെയുള്ള വലിയ പ്രേക്ഷകപങ്കാളിത്തം ആശയവിനിമയത്തിന് ആക്കംകൂട്ടുന്നു. ഈ മാധ്യമങ്ങൾ മുന്നോട്ടുവച്ച പുതിയ സാങ്കേതികപദങ്ങൾ, ഭാഷാസാധ്യതകൾ എന്നിവ ഭാഷയുടെ ആധുനികീകരണത്തിന് പ്രേരകശക്തിയായിത്തീർന്നിട്ടുണ്ട്. തുടർന്നുവന്ന നവമാധ്യമങ്ങൾ ഭാഷയുടെ വേർതിരിവുകൾ കുറയ്ക്കുകയും ഭാഷാവ്യാപനത്തിന്റെ തോത് വർദ്ധിപ്പിക്കുകയും ചെയ്തു. ലിപി, പദങ്ങൾ, ശൈലികൾ എന്നിങ്ങനെ ഭാഷയുടെ സമസ്തമേഖലകളിലും പുതിയ അഭിരുചികളും സാധ്യതകളും തുറന്നിട്ടു. ഉദാ:- യൂണികോഡ് ഉപയോഗിച്ച് മലയാളം ടൈപ്പ് ചെയ്യുമ്പോൾ വരുന്ന മാറ്റങ്ങളും സാധ്യതകളുമെല്ലാം ഇതിൽപ്പെടുന്നു.

ഭാഷാസൂത്രണവും പൊളിറ്റിക്കൽ തിയറിയും

ഭാഷാസൂത്രണവും ഭാഷാനയവും ഒരു രാജ്യത്തിന്റെ ഔദ്യോഗിക ഗവൺമെന്റിന്റെ താല്പര്യങ്ങൾക്ക് അനുസൃതമായാണ് നിലകൊള്ളാറുള്ളത്. അതുകൊണ്ടുതന്നെ ഭാഷയേയും ഭാഷാസൂത്രണത്തെയും നിർണയിക്കുന്നതിൽ പൊളിറ്റിക്കൽ തിയറിക്ക് വളരെയധികം പ്രാധാന്യമുണ്ടെന്ന് സ്മിത്ത് (Schmidth 2006:21) അഭിപ്രായപ്പെടുന്നു. രാഷ്ട്രീയ ഭരണസ്ഥാപനങ്ങൾ, സാമൂഹികസാംസ്കാരികസ്വത്വ

ങ്ങൾ എന്നിവയെ രൂപപ്പെടുത്തുന്ന ഭാവി പദ്ധതികൾ ഭാഷാസൂത്രണം ചെയ്യുന്നു. അതുപോലെ ഭാഷാനയങ്ങളുടെ പ്രശ്നങ്ങളെ മുൻകൂട്ടി കാണുകയും ചെയ്യുന്നു. ആഗോളവൽക്കരണത്തിന്റെ ഭാഗമായി ദേശീയസ്വത്വരാഷ്ട്രീയ നയങ്ങൾക്ക് പ്രതിബന്ധങ്ങളുണ്ടായി. ഇതിനെത്തുടർന്ന് പല ദേശരാഷ്ട്രങ്ങൾക്കും ഇംഗ്ലീഷ് ഭാഷ ഒരു പ്രമുഖ ഭാഷയായി സ്വീകരിക്കേണ്ടിവന്നു. ഉദാഹരണമായി 1987 ൽ ബ്രിട്ടനിൽ നിന്ന് സ്വാതന്ത്ര്യം നേടിയ മലേഷ്യ, മലയ് ഭാഷയെ ഔദ്യോഗിക ഭാഷയായി നിർണയിച്ചു. 1971 മുതൽത്തന്നെ മലയ് ഭാഷയെ വിദ്യാഭ്യാസമാധ്യമമായി തീരുമാനിച്ചു കൊണ്ടുള്ള ഉത്തരവും പുറത്തിറങ്ങി. എന്നാൽ ആഗോളീകരണത്തിന്റെ ഭാഗമായി 2002 മുതൽ മലേഷ്യയിലെ വിദ്യാഭ്യാസനയങ്ങൾക്ക് മാറ്റമുണ്ടായി. മലയ് ഭാഷയോടൊപ്പം ഇംഗ്ലീഷ് ഭാഷകൂടി പ്രോത്സാഹിപ്പിക്കപ്പെട്ടു. ദേശീയതാല്പര്യത്തെ സംരക്ഷിക്കുന്നതിനോടൊപ്പംതന്നെ വംശീയ വിഭാഗങ്ങളെ ഉൾക്കൊള്ളുന്നതും അന്താരാഷ്ട്രവൽക്കരണത്തിനുതകുന്നതുമായ ഭാഷാനയമാണ് ഇംഗ്ലീഷിനെക്കൂടി ഉൾക്കൊണ്ടു മുന്നോട്ടുപോകാൻ അവരെ പ്രേരിപ്പിച്ചത്. ഭാഷാവകാശങ്ങൾ, താരതമ്യാത്മകമായ ഭാഷാസൂത്രണ ഭാഷാനയപഠനങ്ങൾ, ബഹുസാംസ്കാരിക പൗരത്വം എന്നിങ്ങനെയുള്ള വിവിധ വിഷയങ്ങളെ ഭാഷാസൂത്രണത്തിന്റെ രാഷ്ട്രീയസിദ്ധാന്തസമീപനം അഭിസംബോധന ചെയ്യുന്നുണ്ട്. അതുകൊണ്ട് ഭാഷാസൂത്രണ മേഖലയിൽ രാഷ്ട്രീയസിദ്ധാന്തസമീപനം തിരസ്കരിക്കാവുന്നതല്ല. ഭാഷാസൂത്രണ ഭാഷാ നയങ്ങളിലെ മറ്റൊരു സമീപനമാണ് ജനാധിപത്യമാതൃകകൾ (Democratic Models) അംഗീകരിക്കുക എന്നത്. ഭാഷാനയാസൂത്രണരംഗത്ത് സമൂഹങ്ങൾക്കുള്ള പങ്കാണ് ജനാധിപത്യമാതൃക മുന്നോട്ടുവയ്ക്കുന്നത്. 1990 മുതൽ ഇത്തരം ജനാധിപത്യമാതൃകകൾ പ്രവർത്തിക്കുന്നുമുണ്ട്. മക്കാർട്ടിയുടെ (Mccarty 2002) നവ്ജോ ഭാഷയുടെ പരിപാലനം പുനരുജ്ജീവനം എന്നിവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ജനാധിപത്യസമൂഹത്തിന് ഭാഷാനയത്തെയും ഭാഷാസൂത്രണത്തെയും നിർണയിക്കുന്നതിനുള്ള പങ്ക് വ്യക്തമാക്കുന്നു. ബഹുവംശീയ ബഹുഭാഷാരാഷ്ട്രങ്ങളിൽ ആഗോളീകരണത്തിന്റെ ഭാഗമായുണ്ടായ സാമ്പത്തികാരക്ഷിതത്വം കുറേ രാജ്യങ്ങളെ വംശീയഭാഷാരാഷ്ട്രങ്ങളാക്കി മാറ്റുന്നതിന് വേണ്ട ജനപങ്കാളിത്ത ശ്രമങ്ങൾക്ക് പ്രേരിപ്പിച്ചു. ഭാഷകളുടെ സാമൂഹികസംഘർഷം കുറയ്ക്കലായിരുന്നു ലക്ഷ്യം. എന്നാൽ ഇത്തരം ഭാഷാനയങ്ങളോട് അധികാരികൾ രണ്ടുതരത്തിലുള്ള സമീപനങ്ങളാണ് കൈക്കൊണ്ടത്. ഒന്ന് പലവിധത്തിലുള്ള അടിച്ചമർത്തലുകൾ ഏർപ്പെടുത്തി. ഉദാഹരണമായി

1. ഓസ്ട്രേലിയയിലും ഇംഗ്ലണ്ടിലും മുഖ്യഭാഷയ്ക്ക് (ഇംഗ്ലീഷ്) അനുകൂലമായനയം രൂപീകരിച്ചുകൊണ്ട് ഇതിനെ നേരിട്ടു. ഭരണഭാഷാനിയമം ആവിഷ്ക്കരിച്ചുകൊണ്ട് അമേരിക്ക ജനപങ്കാളിത്തഭാഷാസൂത്രണത്തെ അടിച്ചമർത്തി. തുർക്കി പട്ടാളത്തെ ഉപയോഗിച്ചാണിതിനെ നേരിട്ടത്.

2. ജനാധിപത്യ ബഹുസ്വരതയെ പിന്തുണക്കൽ

വിദ്യാഭ്യാസാവശ്യത്തിനായി നടന്ന ഭാഷാപുനരുജ്ജീവനം, ഭരണഭാഷയായി പ്രാദേശിക ഭാഷകളെ അനുവദിച്ചുകൊണ്ട് അതാതു പ്രദേശങ്ങൾക്ക് നൽകിയ സ്വാതന്ത്ര്യം എന്നിവയെല്ലാം ജനാധിപത്യബഹുസ്വരതയ്ക്ക് ലഭിച്ച പിന്തുണയാണ്. ഉദാഹരണമായി ന്യൂസിലാൻഡിൽ മിയോമി ഭാഷയ്ക്ക് ലഭിച്ച പ്രാതിനിധ്യം. അമേരിക്ക ചില സ്ഥാപനങ്ങൾക്ക് അർദ്ധസ്വയംഭരണാവകാശം നൽകിക്കൊണ്ട് അവരുടെ ഭാഷാപ്രവർത്തനങ്ങൾ ഗവൺമെന്റ് ഉപാധികളോടുകൂടി നടപ്പിലാക്കാനുള്ള ശ്രമങ്ങൾ തുടർന്നു. മൂന്നാമത്തേത് ഉഭയഭാഷാവിദ്യാഭ്യാസമാണ്. പ്രമുഖ ഭാഷയോടൊപ്പം ഓരോ വംശത്തിനും അവരവരുടെ ഭാഷ കൂടി പഠിക്കുവാനുള്ള സ്വാതന്ത്ര്യം നൽകിക്കൊണ്ടാണിത് സാധ്യമാക്കിയത്. ആദ്യത്തേത് പൊതുജനങ്ങളുടെ ഭാഷാപരമായ അവകാശങ്ങളെയും ഭാഷാനയത്തിലുള്ള പങ്കാളിത്തത്തെയും തടയുന്ന നിലപാടാണെങ്കിൽ രണ്ടാമത്തേത് ബഹുവംശീയതയെ/ബഹുസ്വരതയെ ഉൾക്കൊണ്ടുകൊണ്ട് മുന്നോട്ടുപോകുന്ന ഭാഷാനയമാണെന്ന് കാണാം. ജനാധിപത്യബഹുസ്വരതയെ പിന്തുണയ്ക്കുന്ന പ്രക്രിയ അത്ര എളുപ്പമല്ല. ന്യൂനപക്ഷ ഭാഷകൾക്ക് സ്വത്വം നിലനിർത്തിക്കൊണ്ടുതന്നെ സാമ്പത്തിക അവസരത്തിന് ആവശ്യമായ കഴിവുകൾ വിഭാവനംചെയ്യുന്ന ഭാഷാനയങ്ങൾ ആവിഷ്കരിക്കേണ്ടതായി വരുന്നു. ഭാഷാനയരൂപീകരണത്തിലൂടെ ഈ ലക്ഷ്യങ്ങൾ കൈവരിച്ചാൽത്തന്നെ സാമ്പത്തികം, സാമൂഹികം, രാഷ്ട്രീയം എന്നിവയിലെ ഭാഷാപരമായ അസമത്വങ്ങൾ വീണ്ടും പ്രതിസന്ധികൾ സൃഷ്ടിക്കും. അതുകൊണ്ട് ബഹുസ്വരഭാഷാസമീപനങ്ങളെ പിന്തുണയ്ക്കുമ്പോൾത്തന്നെ വംശീയഭാഷാവിഭാഗങ്ങൾക്ക് അവരുടെ ഭാഷാസ്വത്വം നിലനിർത്തുന്നതിനുവേണ്ട നയരൂപീകരണത്തിലെ വെല്ലുവിളികൾ പരിഹരിക്കേണ്ടതുണ്ട്. ഈ നയരൂപീകരണത്തിൽ അതത് വിഭാഗങ്ങളിലെ ആളുകളെ ഉൾക്കൊള്ളേണ്ടതുണ്ടോ എന്നുള്ളതാണ് പ്രധാനപ്പെട്ട തീരുമാനങ്ങളിലൊന്ന്. ഭാഷാസൂത്രണനയങ്ങൾ വിദഗ്ധർ ആവിഷ്കരിക്കുമ്പോൾ മറുഭാഗത്ത് അത് പ്രയോഗത്തിലെത്തിക്കുന്ന ഭാഷണസമൂ

ഹം നിലകൊള്ളുന്നുവെന്നുള്ളതും ഒരു വസ്തുതയാണ്. അതുകൊണ്ടുതന്നെ ജനാധിപത്യബഹുസ്വരതയിൽ അധിഷ്ഠിതമായ ഭാഷാസൂത്രണനയരേഖകൾ രൂപീകരിക്കേണ്ടത് ആധുനികസമൂഹത്തിന്റെകൂടി ആവശ്യമായിത്തീരുന്നു.

കുറിപ്പുകൾ:

1. അക്കാദമിയ സെല്ല ക്രുസ്ക - ഭാഷാവ്യവസ്ഥീകരണത്തിനുവേണ്ട മാനദണ്ഡങ്ങളെ നിർദ്ദേശിച്ചുകൊണ്ട് 1584ൽ ഇറ്റലിയിൽ സ്ഥാപിച്ച അക്കാദമി. 1612ൽ Vocabulario deli academici della crusca എന്ന നിഘണ്ടു വെനീസിൽ നിന്ന് പ്രസിദ്ധീകരിച്ചു.

സഹായക ഗ്രന്ഥങ്ങൾ

1. Cooper, Robert L., Language planning and Social chang. NewYork: Cambridge University Press, 1989.
2. Ferguson, Gibson, Language planning and education. Edinburgh: Edinburgh University Press, 2006.
3. Fishman, Joshua A. (ed.), Advances in language planning. The Hague: Mouton de Gruyter, 1974.
4. Gandhi K. L, The Problem of Official Language in India, Arya Book Depot, NewDelhi, 1984.
5. Haugen. E, Planning for a standard Language in Norway, 1959.
6. Kaplan, Robert B. et Richard B. Baldauf, Language and language in education planning in the Pacific basin. Dordrecht: Kluwer Academic Publications, 2003.
7. Karam, Francis X, 'Toward a Definition of Language Planning'. In Advances in Language Planning. The Hague: Mouton de Gruyter, 1974.
8. Mcarty. T. L, A Place to be Nav jo: Rough rock and the struggle for determination in Indegenous schooling. Mahwah, NJ:Erlbaum, 2002.
9. Nayar B. R, National Communication & Language Policy in India, Frederic A Praeger, Publishers, Newyork, Washington, London, 1969.
10. Schmidth Sr. R, Political theory and language policy, Thomas Ricento (Ed) 2015.
11. Spolski. B, Language Management, Cambridge University Press, 2009.

വർണഘടനാപ്രക്രിയകൾ: ഒരു ക്ലിനിക്കൽ ഭാഷാശാസ്ത്രപഠനം

ഡോ. സ്മിത കെ. നായർ
അസിസ്റ്റൻറ്പ്രൊഫസർ, ഭാഷാശാസ്ത്രസ്കൂൾ
തുഞ്ചത്ത്എഴുത്തച്ഛൻ മലയാള സർവകലാശാല, തിരൂർ

പ്രബന്ധസംഗ്രഹം:

ഭാഷാഭിന്നശേഷി പഠനമേഖലയിൽ ഭാഷാശാസ്ത്രതത്വങ്ങളുടെ പ്രയോഗമേഖലയാണ് ക്ലിനിക്കൽ ഭാഷാശാസ്ത്രം. ഭിന്നമായ ഭാഷാശേഷികൾ കണ്ടെത്തി വിശകലനം ചെയ്ത് തെറാപ്പി മൊഡ്യൂളുകൾ ആവിഷ്കരിക്കുകയാണ് ക്ലിനിക്കൽ ഭാഷാശാസ്ത്രത്തിന്റെ പഠനമേഖല. വ്യത്യസ്തമായ ഭാഷാഭിന്നശേഷികൾ ഭാഷയുടെ സ്വനപരമായ ധാരണ മുതൽ വാക്യഘടന, അർത്ഥം, സന്ദർഭാധിഷ്ഠിതമായ ഭാഷാപ്രയോഗം തുടങ്ങി ഭാഷാശേഷിയുടെ വിവിധ തലങ്ങളെ സ്വാധീനിക്കുന്നു. ഭാഷാവികാസത്തിന്റെ വിവിധഘട്ടങ്ങളിൽ കുഞ്ഞുങ്ങളുടെ ഉച്ചാരണത്തിൽ സംഭവിക്കുന്ന സ്വനപരമായ മാറ്റങ്ങളാണ് വർണഘടനാപ്രക്രിയകൾ. ക്ലിനിക്കൽ ഭാഷാശാസ്ത്രം എന്ന ഭാഷാശാസ്ത്രത്തിലെ താരതമ്യേന പുതിയ മേഖലയെ പരിചയപ്പെടുത്തി വർണഘടനാപ്രക്രിയകളിൽ ഭാഷാഭിന്നശേഷിയുടെ സ്വാധീനം ചർച്ച ചെയ്യുകയാണ് ഈ പ്രബന്ധത്തിന്റെ ലക്ഷ്യം.

താക്കോൽ വാക്കുകൾ:

ക്ലിനിക്കൽ ഭാഷാശാസ്ത്രം, ഭാഷാഭിന്നശേഷി, വർണഘടനാപ്രക്രിയ കൾ

ആമുഖം

വൈദ്യശാസ്ത്രരംഗത്ത് പ്രത്യേകിച്ച് ഭാഷാഭിന്നശേഷിപഠനത്തിൽ ഭാഷാശാസ്ത്രതത്വങ്ങളും രീതിശാസ്ത്രവും പ്രയോജനപ്പെടുത്തുന്ന മേഖലയാണ് ക്ലിനിക്കൽ ഭാഷാശാസ്ത്രം. ഭാഷാഭിന്നശേഷി കണ്ടെത്തുന്നതിനും ഭാഷാപരമായ പ്രത്യേകതകൾ പരിശോധിച്ച് വിശകലനം ചെയ്ത് പരിഹാരമാർഗ്ഗങ്ങളും തെറാപ്പി മോഡ്യൂളുകളും തയ്യാറാക്കുന്നതിൽ ക്ലിനിക്കൽ ഭാഷാശാസ്ത്രം പ്രധാന പങ്കുവഹിക്കുന്നു.

പത്തൊമ്പതാം നൂറ്റാണ്ടിലും ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിലുമാണ് ഭാഷാഭിന്നശേഷി പഠനങ്ങൾക്ക് അടിത്തറയുണ്ടാകുന്നത്. 1861 ൽ പോൾ ബ്രോക്കെ എന്ന ഫ്രഞ്ച് ന്യൂറോളജിസ്റ്റ് ഭാഷോല്പാദനവുമായി ബന്ധപ്പെട്ട തലച്ചോറിലെ ഒരു പ്രദേശം കണ്ടെത്തി. ഈ പ്രദേശം പിന്നീട് ബ്രോക്കാസ് പ്രദേശം എന്ന് അറിയപ്പെട്ടു. 1874ൽ കാൾ വെർണിക്കെ എന്ന ജർമ്മൻ ന്യൂറോളജിസ്റ്റ് തലച്ചോറിലെ മറ്റൊരു ഭാഷാപ്രദേശമായ വെർണിക്കെ പ്രദേശം കണ്ടെത്തി. ഇത് നാഡീയഭാഷാശാസ്ത്രപഠനങ്ങൾക്ക് ആരംഭം കുറിച്ചു. തലച്ചോറിൽ ഉണ്ടാകുന്ന വിവിധ ക്ഷതങ്ങൾ കാരണം സംഭവിക്കുന്ന ഭാഷാഘാതം (അഫേസിയ) പോലുള്ള ഭാഷാഭിന്നശേഷികളെക്കുറിച്ച് മനസ്സിലാക്കുന്നതിന് ഇത് കാരണമായി. ഇത്തരത്തിലുള്ള പഠനങ്ങൾ മസ്തിഷ്കക്ഷതം ഭാഷയെ എങ്ങനെ ബാധിക്കുന്നു എന്നതിനെക്കുറിച്ചുള്ള പ്രാഥമിക ഉൾക്കാഴ്ചകൾ നൽകി.

ഇരുപതാം നൂറ്റാണ്ടിന്റെ മധ്യകാലത്ത് നോം ചോംസ്കി, ഡേവിഡ് ക്രിസ്റ്റൽ തുടങ്ങിയ ഭാഷാശാസ്ത്രജ്ഞരുടെ സംഭാവനകൾ ഭാഷയെ വ്യവസ്ഥാപിതമായി വിശകലനം ചെയ്യുന്നതിനാവശ്യമായ ഭാഷാശാസ്ത്ര സൈദ്ധാന്തികപഠനങ്ങൾ നടത്തി. 1957ൽ നോം ചോംസ്കി ഭാഷാഘടനയെ വിശകലനം ചെയ്യുന്നതിനുള്ള പ്രജനകവ്യാകരണം അഥവാ ജനറേറ്റീവ് ഗ്രാമർ അവതരിപ്പിച്ചു. ഭാഷാവിശകലനത്തിനുള്ള ഈ സൈദ്ധാന്തിക ചട്ടക്കൂട് ഭാഷാശാസ്ത്രപഠനങ്ങളെ സ്വാധീനിച്ചു. യാക്കുബ്സൺ (1968) പ്രസിദ്ധീകരിച്ച child Language, Aphasia and phonological universals എന്ന പുസ്തകം ഭാഷാഭിന്നശേഷിപഠനത്തിന് പുതിയ വഴിത്തിരിവുണ്ടാ

ക്കി. ഭാഷാഭിന്നശേഷിമേഖലയിൽ ഭാഷാശാസ്ത്രസിദ്ധാന്തങ്ങളും രീതിശാസ്ത്രങ്ങളും സമന്വയിപ്പിച്ചുകൊണ്ട് യാക്കുബ്സൺ ക്ലിനിക്കൽ ഭാഷാദത്തങ്ങളെ പഠനവിധേയമാക്കി. ഇത് ക്ലിനിക്കൽ ഭാഷാശാസ്ത്രം എന്ന പുതിയ പഠനമേഖലയ്ക്ക് വഴിതെളിച്ചു.

ക്ലിനിക്കൽ ഭാഷാശാസ്ത്രം ഒരു സ്വതന്ത്രഗവേഷണമേഖലയായി വികാസം പ്രാപിച്ചത് ഡേവിഡ് ക്രിസ്റ്റലിന്റെ പ്രവർത്തനങ്ങളുടെ ഫലമായാണ്. 1981-ൽ പ്രസിദ്ധീകരിക്കപ്പെട്ട ക്ലിനിക്കൽ ലിംഗ്വിസ്റ്റിക്സ് എന്ന പുസ്തകത്തിൽ ഭാഷാഭിന്നശേഷികളുടെ ഭാഷാശാസ്ത്രപഠനം എന്ന് അദ്ദേഹം ക്ലിനിക്കൽ ഭാഷാശാസ്ത്രത്തെ നിർവചിച്ചു (ക്രിസ്റ്റൽ, 1981). ഭാഷാഭിന്നശേഷി നിർണ്ണയം, പരിശോധന, തെറാപ്പി മാതൃക തയ്യാറാക്കൽ തുടങ്ങിയ മേഖലകളിൽ ഭാഷാശാസ്ത്രജ്ഞരുടെ സംഭാവനകൾ ക്ലിനിക്കൽ ഭാഷാശാസ്ത്രം ഒരു അന്തർവൈജ്ഞാനിക പഠനമേഖലയായി വികസിക്കുന്നതിന് കാരണമായി. മനോഭാഷാവിജ്ഞാനീയസിദ്ധാന്തങ്ങളും നാഡീയ ഭാഷാശാസ്ത്രപഠനങ്ങളും ക്ലിനിക്കൽ ഭാഷാശാസ്ത്രമേഖലയുടെ വികാസത്തിന് മുതൽക്കൂട്ടായി.

1987ൽ ക്ലിനിക്കൽ ലിംഗ്വിസ്റ്റിക്സ് ആൻഡ് ഫോണറ്റിക്സ് എന്ന ജേർണൽ പ്രസിദ്ധീകൃതമായി. 1991-ൽ സ്ഥാപിതമായ ഇന്റർനാഷണൽ ക്ലിനിക്കൽ ഫൊണറ്റിക്സ് ആൻഡ് ലിംഗ്വിസ്റ്റിക് അസോസിയേഷൻ മാർട്ടിൻ ജെ. ബാളിന്റെ (Martin J. Ball) നേതൃത്വത്തിൽ ക്ലിനിക്കൽ ഭാഷാശാസ്ത്രപഠനങ്ങൾക്ക് കൂടുതൽ പ്രചാരം നൽകി. നിലവിൽ മൈസൂരുവിലെ ആൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആൻഡ് ഹിയറിങ് (AIISH), തിരുവനന്തപുരത്തെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആൻഡ് ഹിയറിങ് (NISH), ചെന്നൈയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ എംപവർമെൻറ് ഓഫ് പേഴ്സൺസ് വിത്ത് മൾട്ടിപ്പിൾ ഡിസിബിലിറ്റീസ് (NIEPMD) ഡൽഹിയിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, വെല്ലൂർ ക്രിസ്ത്യൻ മെഡിക്കൽ കോളേജ്, മാഹിയിലെ മണിപ്പാൽ അക്കാദമി ഓഫ് ഹയർ എജ്യുക്കേഷൻ, തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാലയിലെ ഭിന്നഭാഷാശേഷി പഠനകേന്ദ്രം എന്നിങ്ങനെ നിരവധി സ്ഥാപനങ്ങൾ ക്ലിനിക്കൽ ഭാഷാശാസ്ത്രമേഖലയിൽ ഗവേഷണങ്ങൾ നടത്തുന്നു.

ക്ലിനിക്കൽ ഭാഷാശാസ്ത്രത്തിന്റെ ബഹുവൈജ്ഞാനികത

ഭാഷാശാസ്ത്രം, മനഃശാസ്ത്രം, ന്യൂറോളജി, സ്പീച് ലാംഗ്വേജ് പത്തോളജി തുട

ങ്ങിയ വിവിധ വൈജ്ഞാനികമേഖലകളുടെ പരസ്പരസഹകരണത്തിലൂടെ ക്ലിനിക്കൽ ഭാഷാശാസ്ത്രം എന്നത് ഒരു ബഹുവൈജ്ഞാനികമേഖലയായി വികാസം പ്രാപിച്ചു.

മനോഭാഷാവിജ്ഞാനീയം, ധാരണ, ഭാഷോല്പാദനം, ഭാഷാസമാർജനം തുടങ്ങിയവയിലെ ധൈഷണികപ്രക്രിയകളെക്കുറിച്ച് പഠനം നടത്തുമ്പോൾ ക്ലിനിക്കൽ ഭാഷാശാസ്ത്രം ഭാഷാഭിന്നശേഷി മനസ്സിലാക്കുന്നതിനും തെറാപ്പി മാതൃകകൾ തയ്യാറാക്കുന്നതിനും ഈ അറിവുകൾ പ്രയോജനപ്പെടുത്തുന്നു.

ഭാഷയും തലച്ചോറും തമ്മിലുള്ള ബന്ധം, ഭാഷാപ്രയോഗവുമായി ബന്ധപ്പെട്ടുള്ള നാഡീയശൃംഖലകൾ തുടങ്ങിയവയാണ് നാഡീയഭാഷാശാസ്ത്രത്തിന്റെ പഠനവിഷയങ്ങൾ. ഭാഷാഭിന്നശേഷി തിരിച്ചറിയുന്നതിനായി ക്ലിനിക്കൽ ഭാഷാശാസ്ത്രമേഖലകൾ ഇന്ന് ഈ വിവരങ്ങൾ പ്രയോജനപ്പെടുത്തുന്നു. ഭാഷാഭിന്നശേഷിയുടെ പരിധി മനസ്സിലാക്കുന്നതിനും ഫലപ്രദമായ ഇടപെടലുകൾ നടത്തുന്നതിനും നാഡീയഭാഷാശാസ്ത്രപഠനങ്ങൾ സഹായകരമാണ്. മസ്തിഷ്ക ഇമേജിങ് പോലുള്ള നാഡീയഭാഷാശാസ്ത്രപഠനരീതികൾ ഭാഷയുമായി ബന്ധപ്പെട്ട മസ്തിഷ്ക പ്രവർത്തനങ്ങൾ ദൃശ്യവൽക്കരിക്കുന്നതിനും പഠനവിധേയമാക്കുന്നതിനും ഭാഷാശാസ്ത്രത്തിൽ ഉപയോഗിക്കുന്നു. ഭാഷയുടെ ധൈഷണികപ്രക്രിയകൾ, ഭാഷയുടെ നാഡീയപ്രക്രിയകൾ എന്നിവയുടെ പഠനങ്ങളിലൂടെ ഭാഷയുടെ അടിസ്ഥാനതത്വങ്ങൾ വിശദീകരിക്കുന്ന മനോഭാഷാവിജ്ഞാനീയം, നാഡീയഭാഷാശാസ്ത്രം എന്നീ പഠനമേഖലകളുടെ സമന്വയം ക്ലിനിക്കൽ ഭാഷാശാസ്ത്രമേഖലയിൽ ഭാഷാഭിന്നശേഷി തിരിച്ചറിയുക, പരിശോധനാസാമഗ്രികൾ നിർമ്മിക്കുക, അന്തർവൈജ്ഞാനികഗവേഷണം പ്രോത്സാഹിപ്പിക്കുക തുടങ്ങിയ ലക്ഷ്യങ്ങളെ സാധ്യമാക്കുന്നു. ഇത്തരത്തിൽ ഈ പഠന മേഖലകൾ പരസ്പരം ബന്ധപ്പെട്ട് നിൽക്കുന്നു.

കോഗ്നിറ്റീവ് ന്യൂറോസയൻസിന്റെ പഠനമേഖലകൾ ഉൾച്ചേർന്ന് ക്ലിനിക്കൽ ഭാഷാശാസ്ത്രം ഭാഷ, ധൈഷണികത, മസ്തിഷ്കപ്രവർത്തനം എന്നിവ തമ്മിലുള്ള പരസ്പര സഹകരണത്തെക്കുറിച്ച് ഉൾക്കാഴ്ചകൾ നൽകുന്നു. ഭാഷാഭിന്നശേഷി ഫലപ്രദമായി വിലയിരുത്തുന്നതിനും ചികിത്സിക്കുന്നതിനുമുള്ള വർദ്ധിച്ചുവരുന്ന ആവശ്യകത, ക്ലിനിക്കൽ പ്രാക്ടീസ് എന്നിവ ക്ലിനിക്കൽ ഭാഷാശാസ്ത്രത്തെ കൂടുതൽ പ്രസക്തമാക്കി.

ക്ലിനിക്കൽ ഭാഷാശാസ്ത്രമേഖലയിൽ തയ്യാറാക്കുന്ന പരിശോധനാസാമഗ്രി

കളും പഠനമൊഡ്യൂളുകളും സ്പീച്ച് ലാംഗ്വേജ് പത്തോളജി മേഖലയിൽ പ്രയോഗിക്കപ്പെടുന്നു. വിവിധതരം ഭാഷാഭിന്നശേഷികളിലെ ഭാഷാസവിശേഷതകൾ പഠനവിധേയമാക്കി ഓരോന്നിലെയും വ്യത്യസ്തതകൾ കണ്ടെത്തി ഭാഷാഭിന്നശേഷികളെ തിരിച്ചറിയാനും അതനുസരിച്ച് തെറാപ്പി മോഡ്യൂളുകൾ തയ്യാറാക്കാനും സഹായിക്കുന്നത് ക്ലിനിക്കൽ ഭാഷാശാസ്ത്രപഠനങ്ങളാണ്. സാമൂഹികവും സാംസ്കാരികവും ഭാഷാപരവുമായ വ്യത്യസ്തസന്ദർഭങ്ങൾ ഭാഷാഭിന്നശേഷിയെ സ്വാധീനിക്കുന്നതെങ്ങനെ എന്നും ബഹുഭാഷാസന്ദർഭങ്ങളിൽ ഭാഷാഭിന്നശേഷി പ്രകടമാകുന്നത് എങ്ങനെയെന്നും ക്ലിനിക്കൽ ഭാഷാശാസ്ത്രം അന്വേഷിക്കുന്നു.

ക്ലിനിക്കൽ ഭാഷാശാസ്ത്രപഠനങ്ങൾക്ക് സാങ്കേതികവിദ്യയുടെ സഹായത്തോടുകൂടി ഭാഷാഭിന്നശേഷി പരിശോധിക്കുന്നതിനും തെറാപ്പികൾ നടത്തുന്നതിനുമായുള്ള വിവിധടൂളുകൾ നിർമ്മിക്കാൻ സാധിക്കും. സാങ്കേതികവിദ്യയിലധിഷ്ഠിതമായ ക്ലിനിക്കൽ ഭാഷാശാസ്ത്രപഠനങ്ങളിലാണ് സമീപകാലത്ത് കൂടുതലായി ശ്രദ്ധ കേന്ദ്രീകരിക്കപ്പെട്ടിട്ടുള്ളത്. സാങ്കേതികവിദ്യയുടെയും ഡിജിറ്റൽ ഉപകരണങ്ങളുടെയും ഉപയോഗം ഭാഷാഭിന്നശേഷിപഠനങ്ങൾക്ക് കൂടുതൽ ഉൾക്കാഴ്ച നൽകുന്നു. നിർമ്മിതബുദ്ധി, യന്ത്രഗ്രാഹ്യത തുടങ്ങിയ സാങ്കേതികവിദ്യകൾ ഭാഷാഭിന്നശേഷി കണ്ടെത്തുന്നതിനുള്ള പ്രവചനമാതൃകകൾ വികസിപ്പിക്കുന്നതിനും ഭാഷാ ഉപയോഗത്തിലെ പാറ്റേണുകൾ തിരിച്ചറിയുന്നതിനും വലിയ ദത്തശേഖരങ്ങൾ വിശകലനം ചെയ്യുന്നതിനും സഹായിക്കുന്നു. ഭാഷണഭിന്നശേഷി പ്രശ്നങ്ങൾ തിരിച്ചറിയുന്നതിനായി സ്പീച് റെക്കഗ്നിഷൻ സാങ്കേതികവിദ്യ ഉപയോഗിക്കുന്നു. അതുപോലെ ഗുരുതരമായ ഭാഷണവൈകല്യമുള്ള വ്യക്തികൾക്കുള്ള ഇതര സഹായ ആശയവിനിമയ ഉപകരണ (Augmentative and alternative communication device) മായി ഭാഷണസംശ്ലേഷകം അഥവാ സ്പീച്ച് സിന്തസൈസർ വികസിപ്പിച്ചിട്ടുണ്ട്. ചുരുക്കത്തിൽ ബഹുമുഖമായ ഗവേഷണപ്രവർത്തനങ്ങളാണ് ക്ലിനിക്കൽ ഭാഷാശാസ്ത്രത്തിൽ ഇന്നു നടക്കുന്നത്.

ക്ലിനിക്കൽ ഭാഷാശാസ്ത്രമേഖലയിൽ ഉപയോഗിക്കുന്ന ദത്തങ്ങൾ

ക്ലിനിക്കൽ ഭാഷാശാസ്ത്രഗവേഷണത്തിൽ ഭാഷാഭിന്നശേഷി കണ്ടെത്തുന്നതിനും ഭാഷാപരമായ പ്രത്യേകതകൾ മനസ്സിലാക്കുന്നതിനുമായി വിവിധതരം ദത്തങ്ങൾ ഉപയോഗിക്കുന്നുണ്ട്.

ഭാഷാ - ഭാഷണദത്തങ്ങൾ

ഭാഷാഭിന്നശേഷിയുള്ള വ്യക്തികളിൽ നിന്ന് പരിശോധനാഘട്ടത്തിലോ തെറാപ്പി സെഷനുകളിലോ ശേഖരിക്കുന്ന ഭാഷണസാമ്പിളുകളും ലേഖനഭിന്ന ശേഷി, അപ്രാക്സിയ പോലെയുള്ള എഴുത്തിൽ പ്രശ്നങ്ങളുള്ള വ്യക്തികളിൽ നിന്ന് ഭാഷാശേഷി വിശകലനം ചെയ്യാൻ ശേഖരിക്കുന്ന ലിഖിത ഭാഷാ ദത്തങ്ങളുമാണ് പ്രധാന ഭാഷാ - ഭാഷണ ദത്തങ്ങൾ.

പരിശോധനാസാമഗ്രികൾ

ഭാഷാപ്രയോഗത്തിന്റെ സ്വനപരമായ പ്രത്യേകതകൾ, പദാവലി, വ്യാകരണം, വാക്യഘടന, പ്രകരണം തുടങ്ങിയ ഭാഷയുടെ വിവിധതലങ്ങൾ വിലയിരുത്തുന്നതിന് രൂപകൽപ്പന ചെയ്തിരിക്കുന്ന വിവിധതരം പരിശീലനപദ്ധതികളും ടൂളുകളും ക്ലിനിക്കൽ ഭാഷാശാസ്ത്രപഠനദത്തമായി ഉപയോഗിക്കുന്നു. കൂടാതെ ഭാഷാസംസ്കരണം, ഗ്രഹിക്കൽ, ഉൽപാദനം തുടങ്ങി ഭാഷാപ്രയോഗത്തിൽ ധൈഷണികശേഷിയുടെ പങ്ക് പരിശോധിക്കുന്നതിനായി രൂപകൽപ്പന ചെയ്ത പരീക്ഷണാത്മകവിശകലനരീതികളും ക്ലിനിക്കൽ ഭാഷാശാസ്ത്രപഠനദത്തമായി പ്രയോജനപ്പെടുന്നു. ഭാഷാസമാർജനഘട്ടങ്ങൾ, ഭാഷാശേഷി, ഭാഷാപ്രയോഗരീതി തുടങ്ങിയ വിവരങ്ങൾ ശേഖരിക്കാനായി തയ്യാറാക്കിയ ചോദ്യാവലികളും വ്യക്തിയുടെ വൈകാരികവും സാമൂഹികവുമായ ഇടപെടലുകൾ, ജീവിതനിലവാരം എന്നിവ പരിശോധിക്കുന്നതിനായി തയ്യാറാക്കുന്ന ജീവിതനിലവാരസർവ്വേകളും ഈ മേഖലയിലെ ദത്തങ്ങളാണ്.

നാഡീയ പഠനദത്തങ്ങൾ

ഭാഷോല്പാദനത്തിൽ തലച്ചോറിന്റെ പങ്ക്, ഭാഷയും തലച്ചോറും തമ്മിലുള്ള ബന്ധം എന്നിവ പഠനവിധേയമാക്കുന്നതിന് FMRI പോലുള്ള തലച്ചോറിന്റെ ഇമേജിങ് പഠനരീതികൾ ദത്തങ്ങളായി പ്രയോജനപ്പെടുത്തുന്നു. കൂടാതെ ഇലക്ട്രോ എൻസഫലോഗ്രാഫി, മാഗ്നെറ്റിക് എൻസഫലോഗ്രാഫി തുടങ്ങിയവയും ഭാഷയും തലച്ചോറും തമ്മിലുള്ള ബന്ധത്തെക്കുറിച്ചും ഭാഷാസംസ്കരണത്തിൽ തലച്ചോറിന്റെ ചലനാത്മകതയെക്കുറിച്ചുമുള്ള ഗവേഷണങ്ങൾക്ക് തെളിവു നൽകുന്നു.

ക്ലിനിക്കൽ നിരീക്ഷണങ്ങൾ

ഭാഷാഭിന്നശേഷിയുമായി ബന്ധപ്പെട്ട് തെറാപ്പി സെഷനുകളിലോ മറ്റു ക്ലിനിക്കൽ സന്ദർഭങ്ങളിലോ തെറാപ്പി നൽകുന്നവരോ ചികിത്സകരോ വ്യക്തി തന്നെയോ രേഖപ്പെടുത്തുന്ന വ്യത്യസ്ത നിരീക്ഷണഫലങ്ങൾ ക്ലിനിക്കൽ ഭാഷാശാസ്ത്രപഠനങ്ങൾക്ക് മുതൽക്കൂട്ടാണ്. കൂടാതെ ഭാഷാഭിന്നശേഷിയുടെ തുടക്കം, ചരിത്രം, നൽകിയ ചികിത്സകൾ, പുരോഗതി തുടങ്ങിയ വിവരങ്ങൾ ശേഖരിച്ചു വയ്ക്കുന്ന ഒരു വ്യക്തിയുടെ കേസ് ഹിസ്റ്ററി രേഖകളും ക്ലിനിക്കൽ ഭാഷാശാസ്ത്രപഠനങ്ങൾക്ക് ഉപയോഗിക്കുന്നു.

സാങ്കേതികദത്തങ്ങൾ

ഗുരുതരമായ ആശയവിനിമയ പ്രശ്നങ്ങളുള്ള വ്യക്തികൾ ഉപയോഗിക്കുന്ന ആധുനിക ഭാഷാസാങ്കേതിക വിദ്യകൾ ആയ AAC (Augmentative and alternative communication) തുടങ്ങിയ ഇതര സഹായ ആശയവിനിമയ ഉപകരണങ്ങളിൽ നിന്ന് ശേഖരിക്കുന്ന ദത്തങ്ങൾ ക്ലിനിക്കൽ ഭാഷാശാസ്ത്രപഠനമേഖലയിൽ ഉപയോഗിക്കുന്നു. കൂടാതെ ഭാഷാഭിന്നശേഷിക്ക് കാരണമാകുന്ന ജനിതകഘടകങ്ങളെ അന്വേഷിക്കുന്നതിനുള്ള ജനിതക പരിശോധനകളിൽ നിന്നുള്ള ഫലങ്ങൾ, തെറാപ്പി സെഷനുകളുടെ റെക്കോർഡിങ്ങുകൾ തുടങ്ങിയവയും സഹായകദത്തങ്ങളാണ്.

കോർപ്പസുകൾ

ഭാഷാഭിന്നശേഷിയുടെ കമ്പ്യൂട്ടർ അധിഷ്ഠിത പഠനങ്ങൾക്ക് പൊതുവേ ഉപയോഗിച്ച് വരുന്ന ഭാഷാകോർപ്പസുകൾ അഥവാ ഭാഷാദത്തങ്ങളുടെ ശേഖരം, ക്ലിനിക്കൽ ഡാറ്റാ ബേസുകൾ എന്നിവയും ക്ലിനിക്കൽ ഭാഷാശാസ്ത്രപഠനങ്ങൾക്ക് ഉപയോഗിക്കുന്നു. ക്ലിനിക്കൽ ഭാഷാശാസ്ത്രപഠനമേഖലയിൽ പരിശീലനരീതികളും പരിശോധനാടൂളുകളും വികസിപ്പിക്കുന്നതിനും കൃത്യമായ ദത്തവിശകലനം അടിസ്ഥാനമാക്കിയുള്ള തെറാപ്പി മൊഡ്യൂളുകൾ വികസിപ്പിക്കുന്നതിനും കോർപ്പസുകൾ അത്യന്താപേക്ഷിതമാണ്. വ്യത്യസ്ത ഭാഷ - സാമൂഹിക സാഹചര്യങ്ങളിൽ ഭാഷാഭിന്നശേഷി സമഗ്രമായി പഠനവിധേയമാക്കാൻ ഇത്തരത്തിലുള്ള കോർപ്പസുകൾ പ്രയോജനപ്പെടുന്നു.

ക്ലിനിക്കൽ ഭാഷാശാസ്ത്രപഠനതലങ്ങൾ

സ്വനം, സ്വനിമം, രൂപിമം, വാക്യം, അർത്ഥം, പ്രകരണം എന്നിങ്ങനെയുള്ള വ്യത്യസ്ത തലങ്ങൾ വിശകലനം നടത്തി ഭാഷാപ്രശ്നങ്ങളെ കണ്ടെത്തി ആവശ്യമായ തെറാപ്പി മോഡ്യൂളുകൾ രൂപകൽപ്പന ചെയ്യുകയും അതുവഴി ഭാഷാശേഷി വികസിപ്പിക്കുകയുമാണ് ക്ലിനിക്കൽ ഭാഷാശാസ്ത്രത്തിന്റെ പ്രധാന പ്രവർത്തനമേഖല. ക്ലിനിക്കൽ ഭാഷാശാസ്ത്രവിശകലനത്തിന്റെ വ്യത്യസ്ത തലങ്ങൾ താഴെപ്പറയുന്നു.

സ്വന- സ്വനിമതലം

ഭാഷണത്തിലെ അടിസ്ഥാനഘടകങ്ങളായ സ്വനങ്ങളുടെ ഉച്ചാരണപ്രക്രിയകളും ഉച്ചരിക്കപ്പെട്ട സ്വനങ്ങളുടെ ഭൗതികസവിശേഷതകളും ശ്രവണശേഷിയുമാണ് സ്വനതലത്തിന്റെ പഠനപരിധിയിൽപ്പെടുന്നത്. അർഥവ്യത്യാസം കുറിക്കുന്ന സ്വനങ്ങളെയാണ് സ്വനിമങ്ങൾ എന്നുപറയുന്നത്. സ്വന-സ്വനിമ തലത്തിലുള്ള ഭാഷാപഗ്രഥനത്തിലൂടെ ഉച്ചാരണവ്യതിയാനങ്ങൾ, ഫ്ലൂവൻസി വ്യതിയാനങ്ങൾ, ശബ്ദവ്യതിയാനങ്ങൾ, വർണ്ണഘടനാപ്രക്രിയകൾ ഉൾപ്പെടെയുള്ള വിവിധ ഭാഷണ-ഭാഷാവ്യതിയാനങ്ങൾ കണ്ടെത്താൻ സാധിക്കും (സ്മിത, കെ.എൻ. 2022.). ഭാഷണഭിന്നശേഷിയുള്ള കുട്ടികളിലെയും മുതിർന്നവരിലേയും ഉച്ചാരണപരവും വർണ്ണഘടനാപരവുമായ പരിമിതികൾ കണ്ടെത്തി തെറാപ്പി നൽകാൻ സാധിക്കത്തക്കവിധത്തിലുള്ള പഠനങ്ങളാണിവിടെ നടക്കുന്നത്.

രൂപ - വാക്യ തലം

വാക്യനിർമ്മിതിയിൽ രൂപഘടനാപരവും വാക്യഘടനാപരവുമായ പ്രശ്നങ്ങൾ രൂപ - വാക്യ തലം പരിശോധിക്കുന്നു. വിവിധ പ്രത്യയങ്ങളുടെ പ്രയോഗം, പദനിർമ്മിതി, വാക്യഘടന തുടങ്ങിയവ ഇവിടെ വിശകലനം ചെയ്യപ്പെടുന്നു.

അർത്ഥതലം

കുഞ്ഞുങ്ങളിലെ ഭാഷാവികാസഘട്ടങ്ങളിലെ വിവിധ പദവികാസരീതികൾ ഈ തലത്തിൽ പഠനവിധേയമാക്കുന്നു. ഈ ദത്തത്തിന്റെ സഹായത്തോടെ ഭിന്നശേഷിയുള്ള കുട്ടികളിലെ പദവികാസരീതിയും വിശകലനം ചെയ്യുന്നു. അതോടൊപ്പം പദങ്ങളുടെ അർത്ഥതലവികാസവും ഭിന്നശേഷിയുള്ളവരിൽ സന്ദർഭാധിഷ്ഠിത അർത്ഥവികാസത്തിന്റെ തോതും പഠനവിധേയമാക്കുന്നു.

പ്രകരണതലം

സാമൂഹികസാഹചര്യങ്ങൾക്കനുസൃതമായുള്ള ആശയവിനിമയം അഥവാ സന്ദർഭത്തിനനുസരിച്ച് ഭാഷ പ്രയോഗിക്കാനും മനസ്സിലാക്കാനുള്ള ശേഷി പരിശോധിക്കുകയാണ് പ്രകരണതലത്തിൽ ചെയ്യുന്നത്. അതായത് ഭാഷയും സന്ദർഭവും തമ്മിലുള്ള ബന്ധം പരിശോധിക്കുന്നു.

വർണഘടനാപ്രക്രിയകൾ

ഭാഷണസ്വനങ്ങളുടെ ഘടനയുടെയും ഉച്ചാരണത്തിന്റെയും വികാസം എന്നതാണ് വർണ്ണഘടനാവികാസം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. ഉച്ചാരണം ലളിതമാക്കാനായി മുതിർന്നവരുടെ വാക്കുകളിൽ കുഞ്ഞുങ്ങൾ വരുത്തുന്ന വ്യത്യാസങ്ങളാണ് വർണഘടനാപ്രക്രിയകൾ. ഭാഷാസമാർജനത്തിന്റെ വിവിധ ഘട്ടങ്ങളിൽ എല്ലാ കുഞ്ഞുങ്ങളുടെയും ഉച്ചാരണത്തിൽ സംഭവിക്കുന്ന ഇത്തരം പ്രക്രിയകൾ സാർവ്വലൗകികമാണ്. വർണഘടനാപ്രക്രിയ എന്ന ആശയം ആദ്യമായി ആവിഷ്കരിച്ചത് 1973 ൽ സ്റ്റാമ്പാണ് (stampe). വർണഘടനാപ്രക്രിയകൾ എല്ലാം തന്നെ ഏതാണ്ട് ഒരേ സമയത്ത് കുഞ്ഞുങ്ങളിൽ കാണാൻ സാധിക്കില്ല. ഭാഷാവികാസത്തിന്റെ വ്യത്യസ്ത സന്ദർഭങ്ങളിൽ ഒന്നോ അതിലധികമോ പ്രക്രിയകൾ പ്രത്യക്ഷമാവുകയും നിശ്ചിത സമയത്തിനുള്ളിൽ ലോപിച്ചു പോവുകയും ചെയ്യുകയാണ് പതിവ്.

പഠനവിഷയം

ഭാഷാഭിന്നശേഷിയുള്ളവരിലെ വർണ്ണഘടനാപ്രക്രിയകളാണ് ഈ പ്രബന്ധത്തിലെ പഠനവിഷയം. മലയാളസർവകലാശാലയിലെ ഭാഷാശാസ്ത്രസ്കൂൾ തയ്യാറാക്കിയ ഭിന്നഭാഷാശേഷി കോർപ്പസിൽ നിന്നാണ് ഈ പഠനത്തിന് ആവശ്യമായ ദത്തം സ്വീകരിച്ചിട്ടുള്ളത്. മലയാളം മാതൃഭാഷയായുള്ള ഭിന്നശേഷിയുള്ള കുട്ടികളിൽ നിന്ന് അവരുടെ ഭാഷാദത്തം ശേഖരിച്ച് ഭാഷാപരമായ പ്രത്യേകതകൾ വിശകലനം ചെയ്യുന്നതിനു സഹായകമാക്കുക എന്നതാണ് ഈ കോർപ്പസിന്റെ പ്രാഥമികലക്ഷ്യം. വിവിധ ഭാഷകളിലും സാംസ്കാരിക സന്ദർഭങ്ങളിലും ഉള്ള ഭാഷാവൈകല്യങ്ങളെ താരതമ്യം ചെയ്യുന്നതിനായി കൃത്യമായ ഒരു ദത്തശേഖരം പ്രസ്തുത കോർപ്പസ് ലഭ്യമാക്കുന്നു. 15 വയസ്സിൽ താഴെയുള്ള കുട്ടികളിൽ നിന്നും ശേഖരിച്ച ഭാഷണദത്തത്തെ ലിപ്യന്തരണം നടത്തി തയ്യാറാക്കിയ ഭാഷാദത്തമാണ് ഈ കോർപ്പസിലുള്ള

ത്. ദത്തവിശകലനത്തിന്റെ അടിസ്ഥാനത്തിൽ ലഭ്യമായ വർണ്ണഘടനാപ്രക്രിയക ളാണ് ഇവിടെ ചർച്ച ചെയ്യുന്നത്.

പദാദിയിലെ വ്യഞ്ജനം ഒഴിവാക്കൽ (Initial consonant reduction)

പദത്തിന്റെ തുടക്കത്തിലുള്ള വ്യഞ്ജനം ഒഴിവാക്കി ഉച്ചരിക്കുന്ന പ്രക്രിയയാണിത്. ഭാഷാവികാസത്തിൽ 1. 6 മുതൽ മൂന്ന വയസ്സുവരെ കുട്ടികളിൽ ഇത് സാധാരണയായി കണ്ടുവരുന്നു. എന്നാൽ ഭിന്നശേഷിയുള്ളവരിൽ മൂന്ന വയസ്സിനു ശേഷം ഇത് ലോപിച്ചു പോകുന്നില്ല.

ഉദാ.	അട്ടി	'ചട്ടി'
	അണ്ട്	'രണ്ട്'
	അൻസിൽ	'പെൻസിൽ'
	ആയ	' നായ'
	എവി	'ചെവി'

പദാന്ത്യത്തിലെ വ്യഞ്ജനം ഒഴിവാക്കൽ (Final consonant reduction)

പദാന്ത്യത്തിലെ വ്യഞ്ജനം ഒഴിവാക്കി ഉച്ചരിക്കുന്ന പ്രക്രിയയാണിത്. ഏതാണ്ട് മൂന്ന വയസ്സ് വരെ കുഞ്ഞുങ്ങളിൽ സർവസാധാരണമായിക്കാണുന്ന ഈ പ്രക്രിയ ഭാഷാഭിന്നശേഷിയുള്ളവരിൽ അതിനുശേഷവും പ്രകടമായിത്തന്നെ ക്കാണുന്നു.

ഉദാ.	അച്ച	'അച്ഛൻ'
	വിരൽ	'വിര് '
	വേ	'വേറെ'

സംഹിതകളെ ലളിതമാക്കൽ (cluster reduction)

ഒന്നിൽ കൂടുതൽ വ്യഞ്ജനങ്ങൾ ചേർത്ത് ഉപയോഗിക്കുന്ന സംഹിതകൾ ഉപയോഗിക്കാനുള്ള എളുപ്പത്തിനായി ലളിതവൽക്കരിച്ചുപയോഗിക്കുന്ന പ്രക്രിയയാണിത്.

ഉദാ.	സ്കൂട്ടറ് 'കൂട്ടറ്'	
	എത്തയോ	'എത്രയോ'
	പാവ്	'പ്രാവ്'
	അമൃത	'അമർത'
	'ബോസ്	ബോക്സ്'

ശിഥിലമായ അക്ഷരങ്ങളെ ഒഴിവാക്കൽ (weak syllable reduction)

രണ്ടിൽ കൂടുതൽ അക്ഷരങ്ങൾ ഉള്ള പദങ്ങളിലാണ് ഇത് സംഭവിക്കുന്നത്. ഉച്ചാരണം എളുപ്പമാക്കുന്നതിന് വേണ്ടി കുഞ്ഞുങ്ങൾ ചില അക്ഷരങ്ങൾ ഒഴിവാക്കി ഉച്ചരിക്കുന്നു.

ഉദാ.	അക്കം	'അടിക്കും'
	അമാര	'അലമാര'
	കുക്കനും	'കുറുക്കനും'
	കൊച്ച്	'കൊറച്ച് /കുറച്ച്'

ദ്വിഗുണീകരണം (reduplication)

അക്ഷരമോ അക്ഷരങ്ങളോ ആവർത്തിച്ച് വാക്കുകൾ ഉണ്ടാക്കുന്ന പ്രക്രിയ യാണിത്. ഭാഷാസമാർജ്ജനത്തിലും ശിശുഭാഷയിലും പ്രധാനപ്പെട്ട ഒരു പദനിർമ്മി തി പ്രക്രിയയാണിത്.

ഉദാ.	മീമീ	'മീൻ'
	പൌപൌപൌ	'ബൌബൌബൌ/ നായ'

സ്വനനിവേശം (epenthesis)

ഉച്ചാരണം എളുപ്പമാക്കുന്നതിനായി വാക്കുകളിൽ സ്വരാക്ഷരമോ വ്യഞ്ജനാ ക്ഷരമോ കൂട്ടിച്ചേർത്ത് ഉച്ചരിക്കുന്ന പ്രക്രിയയാണിത്. സംഹിതകളുടെ ഉപയോഗ ത്തിലാണ് ഇത്തരത്തിലുള്ള കൂട്ടിച്ചേർക്കൽ കൂടുതലായി കാണുന്നത്.

ഉദാ.	മാത്തറം	'മാത്രം'
	മദറസ	'മദ്രസ്'
	ബെഡ്	'ബ്രെഡ്'
	പാത്തറം	'പാത്രം'

സ്പർശവൽക്കരണം (stopping)

മറ്റു സ്വനങ്ങളെ സ്പർശസ്വനങ്ങൾ കൊണ്ട് ആദേശം ചെയ്യുന്ന പ്രക്രിയയാ ണിത്. പ്രത്യേകിച്ചും ശ, ഷ, സ, ഹ തുടങ്ങിയ ഘർഷസ്വനങ്ങൾ ഉച്ചരിക്കാൻ ബുദ്ധിമു ട്ടുള്ളതിനാൽ സ്പർശവൽക്കരിക്കുന്നതിന് സാധ്യത കൂടുതലാണ്.

ഉദാ.	ചൂ	'ഷൂ'
	കീച	'കീശ'
	ചർട്ട്	'ഷർട്ട്'

മഹാപ്രാണത്വലോപം (de aspiration)

മലയാളത്തിൽ വളരെ സാധാരണമായി കാണപ്പെടുന്ന പ്രക്രിയയാണിത്. മഹാപ്രാണശബ്ദങ്ങൾക്ക് ലോപം സംഭവിച്ച് സ്പർശശബ്ദങ്ങളായി മാറുന്നു.

ഉദാ.	അസുകം	' അസുഖം'
	കദ	'കഥ'
	പക്ഷണം	'ഭക്ഷണം'

മുന്നോട്ടാക്കൽ (fronting)

താരതമ്യേന ഉച്ചരിക്കാൻ ബുദ്ധിമുട്ടുള്ള പിൻസ്വനങ്ങളെ മുൻസ്വനങ്ങളായി ഉച്ചരിക്കുന്ന പ്രക്രിയയാണിത്. പിൻസ്വനങ്ങളായ മൃദുതാലവ്യ, താലവ്യ സ്വനങ്ങളെ യാണ് സാധാരണയായി മുന്നോട്ടാക്കൽ പ്രക്രിയയ്ക്ക് വിധേയമാക്കുന്നത്.

ഉദാ.	തന്നാതി	'കണ്ണാടി'
	തത്തി	'കത്തി'
	തപ്പാത്തി	'ചപ്പാത്തി'
	തക്ക	'ചക്ക'
	തത	'കഥ'

പിന്നോട്ടാക്കൽ

മുൻസ്വനങ്ങളെ പിൻസ്വനങ്ങളായി ഉച്ചരിക്കുന്നു.

ഉദാ.	കക്കാളി	'തക്കാളി'
	കയുക	'കഴുത'
	കേങ്ങ	'തേങ്ങ'
	ചോക്ക്	'ചോപ്പ്'

തെന്നൽ (gliding)

സ്വനിമങ്ങളെ യകാരത്താൽ ആദേശം ചെയ്യുന്ന പ്രക്രിയ ആണിത്. കൂടുതലാ യും ല, ര തുടങ്ങിയ സ്വനിമങ്ങളെയാണ് ഇപ്രകാരം ആദേശം ചെയ്തു കാണുന്നത്.

ഉദാ.	ഇയ്യേ	'ഇല്ലേ'
	എടുത്തിട്ടിയ്യ	'എടുത്തിട്ടില്ല'
	എയ	'എല/ഇല'
	കുദിയ	'കുതിര'

സ്വരീകരണം

വ്യഞ്ജനസ്വനങ്ങളെ സ്വരാക്ഷരങ്ങൾ കൊണ്ട് ആദേശം ചെയ്ത് ഉച്ചരിക്കുന്ന പ്രക്രിയയാണ് സ്വരീകരണം. സാധാരണയായി ല, ര,ങ, ഞ, ണ, മ, ന എന്നിങ്ങനെയുള്ള സ്വനങ്ങളെയാണ് സ്വരങ്ങൾ ആദേശം ചെയ്യുന്നത്.

ഉദാ.	അണ്ണ്	'കണ്ണ്'
	അത്ത്	'പത്ത്'
	അറത്ത്	'പുറത്ത്'
	ആആ	'കാക്ക'

പദാദിയിലും പദാന്ത്യത്തിലും വ്യഞ്ജനം ഒഴിവാക്കി ഉച്ചരിക്കൽ, സംഹിതകളെയും ശിഥിലമായ അക്ഷരങ്ങളെയും ലളിതമാക്കി ഉച്ചരിക്കൽ, ദ്വിഗുണീകരണം, സ്വനനിവേശം, സ്പർശവത്കരണം, മഹാപ്രാണത്വലോപം, പിൻസ്വരങ്ങളെ മുന്നോട്ടാക്കി ഉച്ചരിക്കലും അതുപോലെ മുൻസ്വരങ്ങളെ പിന്നോട്ടാക്കി ഉച്ചരിക്കലും, തെന്നൽ, സ്വരീകരണം തുടങ്ങിയ പ്രക്രിയകളാണ് പ്രധാനമായും കണ്ടെത്താൻ കഴിഞ്ഞത്. പിൻസ്വരങ്ങളെ മുന്നോട്ടാക്കി ഉച്ചരിക്കുന്നതുപോലെതന്നെ മുൻസ്വരങ്ങളെ പിന്നോട്ടാക്കി ഉച്ചരിക്കാനും സാധിക്കുന്നു എന്നത് കുട്ടികൾക്ക് പിൻസ്വരങ്ങളും ഉച്ചരിക്കാനുള്ള ശേഷിയെക്കാണിക്കുന്നു. പദങ്ങളുടെ സ്വനതലത്തിലുള്ള കൃത്യമായ ഉച്ചാരണപരിശീലനം വഴി ഉച്ചാരണം മെച്ചപ്പെടുത്താൻ സാധിക്കും എന്ന് ഇത് തെളിയിക്കുന്നു. പലപ്പോഴും തെന്നൽ സ്വരമായ യകാരം കൊണ്ടുള്ള ആദേശവും മഹാപ്രാണത്വലോപവും ഭാഷാഭേദവുമായി ബന്ധപ്പെട്ടുനിൽക്കുന്നു. മാത്രമല്ല മഹാപ്രാണത്വലോപം മലയാളത്തിന്റെ പൊതുസവിശേഷതയായി മാറിക്കൊണ്ടിരിക്കുന്നു. ഇതൊക്കെത്തന്നെയും ദത്തവിശകലനത്തിന്റെ അടിസ്ഥാനത്തിലുള്ള പരിശീലനപദ്ധതി തയാറാക്കാനുള്ള അടിസ്ഥാനഅറിവായി പ്രയോജനപ്പെടുത്താൻ സാധിക്കും എന്നതാണ് ഈ പഠനത്തിന്റെ പ്രസക്തി. ഇത്തരത്തിൽ വർണഘടനാപ്രക്രിയകളുടെ വിശകലനം കുട്ടികളുടെ വർണഘടനാവികാസത്തെക്കുറിച്ചുള്ള അറിവുകൾ നൽകുകയും ഉച്ചാരണപരമായ വ്യത്യസ്തതകൾ തിരിച്ചറിയാൻ സഹായിക്കുകയും ചെയ്യും. വർണ്ണഘടനാപ്രക്രിയകൾ പ്രധാനമായും നാലു വയസ്സിനു താഴെയുള്ള കുഞ്ഞുങ്ങളിലാണ് കാണപ്പെടുന്നത്. അതും കൃത്യമായ ഇടവേളകളിൽ വിവിധതരം വർണഘടനാപ്രക്രിയകൾ പ്രത്യക്ഷമാവുകയും ലോപിച്ചുപോകുകയും ചെയ്യും. നിശ്ചിതഘട്ടങ്ങളിൽ ഇവ ലോപിച്ചു പോയില്ലെങ്കിൽ അതിനെ വർണഘടനാപരമായ കാലതാമസം

അഥവാ ഭാഷാഭിന്നശേഷിയായി കണക്കാക്കും എന്നതുകൊണ്ടുതന്നെ ഭാഷാഭിന്ന ശേഷിപഠനങ്ങളിൽ ഇതു നിർണായക പങ്കു വഹിക്കുന്നു.

ഉപസംഹാരം

ക്ലിനിക്കൽ ഭാഷാശാസ്ത്രഗവേഷണത്തിലെ സമകാലികപ്രവണതകൾ കോർപ്പസ് അധിഷ്ഠിത പഠനങ്ങളുൾപ്പെടെയുള്ള സാങ്കേതികമുന്നേറ്റങ്ങളെ അടിസ്ഥാനമാക്കുന്ന, സാംസ്കാരികവും ഭാഷാപരവുമായ വൈവിധ്യത്തെ ഉൾക്കൊള്ളുന്ന, ബഹുവൈജ്ഞാനികസമീപനങ്ങൾ സ്വീകരിക്കുന്ന, ചലനാത്മകവും വികസിച്ചുകൊണ്ടിരിക്കുന്നതുമായ ഒരു മേഖലയാണ് എന്ന് വ്യക്തമാക്കുന്നു. ഈ പ്രവണതകൾ ഭാഷാഭിന്നശേഷിയെക്കുറിച്ച് കൂടുതൽ ആഴത്തിൽ മനസ്സിലാക്കുന്നതിനും കൂടുതൽ ഫലപ്രദവും സമഗ്രവുമായ തെറാപ്പി സാമഗ്രികൾ വികസിപ്പിക്കുന്നതിനും സഹായകമാണ്. ഈ സമകാലികപ്രവണതയ്ക്കനുസരിച്ച് മലയാളത്തിലെ ഭാഷാഭിന്നശേഷി പഠനമേഖലയിലും ക്രിയാത്മകമായ മാറ്റങ്ങൾ വരേണ്ടതുണ്ട്.

സഹായകഗ്രന്ഥങ്ങൾ

1. ക്രിസ്റ്റൽ ഡേവിഡ്. ക്ലിനിക്കൽ ലിംഗ്വിസ്റ്റിക്സ്. സ്പ്രിംഗർ വെർലാഗ് വെയ്ൻ, 1981.
2. പ്രബോധചന്ദ്രൻ നായർ, വി. ആർ. സ്വനവിജ്ഞാനം. കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്, 1998.
3. യാക്കുബ്സൺ, റോമൻ. ചൈൽഡ് ലാംഗ്വേജ്, അഫേസിയ ആൻഡ് ഫൊണോളജിക്കൽ യൂണിവേഴ്സൽസ് . മൌട്ടൺ പബ്ലിഷേഴ്സ്, 1968.
4. സ്മിത, കെ. നായർ. ശിശുഭാഷ സമാർജനവും സംവേദനവൈകല്യങ്ങളും. ലിപി പബ്ലിക്കേഷൻസ്, 2016.
5. സ്മിത, കെ. നായർ. ക്ലിനിക്കൽ ഭാഷാശാസ്ത്രത്തിന്റെ നൂതനമേഖലകൾ- കോർപ്പസ് അധിഷ്ഠിതപഠനം. ഭാഷാശാസ്ത്രം പുതുകാലം പുതുവഴികൾ. യു. സി കോളേജ്, 2022.

എഴുത്തച്ഛന്റെ ഭാഷ: സാമൂഹികഭാഷാ ശാസ്ത്രത്തിന്റെ പശ്ചാത്തലത്തിൽ

ഡോ. ഇ. എം. സുരജ
അസിസ്റ്റന്റ് പ്രൊഫസർ, മലയാള വിഭാഗം
എൻ. എസ്. എസ്. കോളേജ്, ഒറ്റപ്പാലം

പ്രബന്ധസംഗ്രഹം:

സാമൂഹികഭാഷാശാസ്ത്രത്തിൽ ഉൾപ്പെടുന്ന വ്യത്യസ്തചരങ്ങളെ മുൻനിർത്തി എഴുത്തച്ഛന്റെ കൃതികളിലെ ഭാഷയെ വിശകലനം ചെയ്യാനാണ് ഈ പഠനത്തിൽ ശ്രമിക്കുന്നത്. വിവിധസാമൂഹിക സന്ദർഭങ്ങൾ, ഭാഷാഘടകങ്ങൾ, വ്യാകരണ സവിശേഷതകൾ തുടങ്ങിയവ സാമാന്യമായി വിലയിരുത്തുകയും 'മാനകഭാഷ' എന്ന നിലയിൽ മലയാളത്തിന് സാമൂഹികാംഗീകാരം ലഭിക്കുന്നതിൽ എഴുത്തച്ഛൻ നൽകിയ സംഭാവനകളെ വിശദീകരിക്കുകയും ചെയ്യുന്നു.

താക്കോൽ വാക്കുകൾ:

കവിത, ഭാഷ, സാമൂഹികഭാഷാശാസ്ത്രം, വിമർശനാത്മക വ്യവഹാരാപഗ്രഥനം, എഴുത്തച്ഛന്റെ കവിതകൾ

ആമുഖം

വ്യക്തികളിലൂടെ സ്ഫുരിയ്ക്കുമ്പോഴാണ് ഭാഷ മൂർത്തമാകുക; വ്യക്തികളാവട്ടെ, അവരുടെ സ്ഥലത്തിലും കാലത്തിലും ബന്ധിതരും. അപ്പോൾ, വ്യക്തിയുടെ ജീവിതസന്ദർഭം ഭാഷാപഠനത്തിൽ ഏറെ പ്രധാനമാണ് എന്ന് വരും. ഈ വീക്ഷണകോണിൽനിന്നാണ് സാമൂഹികഭാഷാശാസ്ത്രം എന്ന പഠനശാഖ രൂപപ്പെടുന്നത്. ഭാഷയും സമൂഹവും തമ്മിലുള്ള പലതരം ഇടപെടലുകളാണിതിലെ അന്വേഷണവിഷയം. ഇപ്രകാരം, പുതിയ കാലഘട്ടത്തിൽ നിന്നുകൊണ്ട്, സാമൂഹികഭാഷാശാസ്ത്രത്തിലെ ഉപകരണങ്ങൾ (tool) ഉപയോഗിച്ച് കൊണ്ട് എഴുത്തച്ഛന്റെ കൃതികളെ പരിശോധിക്കാനാണ് ഈ പ്രബന്ധത്തിൽ ഉദ്ദേശിക്കുന്നത്.

എഴുത്തച്ഛന്റെ കവിതയിലെ ഭാഷയെ മുൻനിർത്തി ആ കാലഘട്ടത്തിലെ സാമൂഹികജീവിതത്തെക്കുറിച്ച് പഠിക്കുമ്പോൾ ചില പ്രായോഗിക ബുദ്ധിമുട്ടുകളുണ്ടെന്ന് ആദ്യമേ സൂചിപ്പിക്കട്ടെ. സമകാലജീവിതത്തെക്കുറിച്ച് അദ്ദേഹം അധികം സൂചനകളൊന്നും നല്കുന്നില്ല എന്നതാണ് ആദ്യത്തെ പ്രയാസം. മറ്റൊന്ന്, താരതമ്യേന മാനകീകരിക്കപ്പെട്ട ഒരു ഭാഷയിലാണ് എഴുത്തച്ഛൻ രചന നിർവഹിച്ചിട്ടുള്ളത് എന്നതും. അതിനാൽത്തന്നെ, പ്രാദേശികഭാഷാഭേദങ്ങളെയോ സവിശേഷമായ പ്രയോഗങ്ങളെയോ അദ്ദേഹത്തിന്റെ കൃതികളിൽ നിന്ന് വേർതിരിച്ചെടുത്ത് പഠിക്കാൻ സാധിക്കുകയില്ല. (കണ്ണശ്ശകൃതികളിലും കൃഷ്ണഗാഥയിലും മറ്റും കാണുന്ന പ്രാദേശികപ്രയോഗങ്ങളുടെ വൈപുല്യം ശ്രദ്ധിക്കുക.) മൂന്നാമതായി, നമ്പ്യാരിലും മറ്റും കാണുന്നത് പോലുള്ള സാമൂഹികഭാഷണ സന്ദർഭങ്ങൾ എഴുത്തച്ഛന്റെ കൃതികളിൽ തുലോം കുറവാണ്. എളുപ്പത്തിൽ ചെന്നെത്താവുന്ന ഇത്തരം ഇടങ്ങൾ കുറവാണെങ്കിലും, സാമൂഹികഭാഷാശാസ്ത്രത്തിന്റെ പഠനോപാധികളുപയോഗിച്ച് വിശദീകരിക്കാവുന്ന ചില സവിശേഷതകൾ എഴുത്തച്ഛൻ കൃതികളിലും കണ്ടെത്താൻ സാധിക്കും. അതെങ്ങനെയെന്ന അന്വേഷണമാണ് തുടർന്ന് നടത്തുന്നത്.

സാമൂഹികഭാഷാശാസ്ത്രം

1960കളിലാണ് വ്യതിരിക്തമായ ഒരു സൈദ്ധാന്തികമേഖല എന്ന നിലയിൽ സാമൂഹികഭാഷാശാസ്ത്രം രംഗപ്രവേശം ചെയ്യുന്നത്. ഭാഷയെ ഒരു ഘടനമാത്രമായി കാണുന്ന ഘടനാവാദസമീപനങ്ങളുടെ മറുപുറം എന്ന നിലയിൽ, സാമൂഹികവ്യവഹാരങ്ങളുടെ ആകെത്തുകയായി ഭാഷയെ കാണുന്ന രീതിയാണ്

ഇതിൽ പിന്തുടരുന്നത്. ഭാഷകരും ഭാഷയും തമ്മിലുള്ള ബഹുവിധമായ ബന്ധമാണ് ഇതിന്റെ പ്രധാന അന്വേഷണമേഖല. " വർഗ്ഗം, ജാതി മുതലായ വിവിധ സാമൂഹ്യ ഘടകങ്ങൾ മൂലം ഭാഷയിൽ സംഭവിക്കുന്ന മാറ്റങ്ങളെ പറ്റിയുള്ള വിശദപഠനമാണ് സാമൂഹികഭാഷാശാസ്ത്രം". (socio linguistics/ socio logical linguistics - ചേലനാട്ട് അച്യുതമേനോൻ). ഭാഷയെ സ്വാധീനിക്കുന്ന ഘടകങ്ങളെ സാമാന്യമായി രണ്ടായി തിരിക്കാം. "ഭാഷയിലും സമൂഹത്തിലും ചരം (variable മാറ്റത്തിനും വിധേയം) എന്ന് അംഗീകരിക്കുന്ന വസ്തുതകളുടെ പരസ്പരബന്ധമാണ് സാമൂഹികഭാഷാശാസ്ത്രജ്ഞരുടെ മുഖ്യമായ ശ്രദ്ധാവിഷയം. ഭാഷണം എന്ന സംഭവത്തിലെ പങ്കാളികളുടെ വിദ്യാഭ്യാസം, പ്രായം, സ്ത്രീപുരുഷഭേദം അവർ ഉൾപ്പെടുന്ന സാമൂഹികവർഗ്ഗം എന്നിവയാണ് സാമൂഹ്യചര (social variables)ങ്ങൾ. ഭാഷചര (Linguistic variable)ങ്ങൾ സ്വനം, സ്വനിമം, സന്ധി, വ്യാകരണം (അതിൽതന്നെ രൂപഘടനയും വാക്യഘടനയും) കോശം എന്നിവയാണ്." (ഉഷാ നമ്പൂതിരിപ്പാട് : 1994) ഒരു സാമൂഹികവൃത്തി (social construct) എന്ന നിലയിൽ ഭാഷയെ സമീപിക്കുമ്പോൾ, മനുഷ്യരുടെ സാമൂഹികവ്യവഹാരത്തിന്റെ സമസ്ത മണ്ഡലങ്ങളേയും വിശകലനം ചെയ്യാനുള്ള ഉപാധിയായി സാമൂഹികഭാഷാശാസ്ത്രം മാറുന്നത് കാണാം. ഈ സിദ്ധാന്തമുപയോഗിച്ച് സാഹിത്യകൃതികളെ പരിശോധിക്കുമ്പോഴോ, അവയിൽ പ്രത്യക്ഷപ്പെടുന്ന ഭാഷാഭേദങ്ങൾ, സ്ത്രീപുരുഷ ബന്ധങ്ങളെക്കുറിച്ചും സാമൂഹികപദവിയെക്കുറിച്ചുമുള്ള സമീപനങ്ങൾ, വിലക്കുഭാഷ(തെറിഭാഷ, ടാബൂ)യുടെ പ്രയോഗം തുടങ്ങി നിരവധി സൂചകങ്ങളെ ഉപയോഗിച്ച് അപഗ്രഥിക്കാൻ കഴിയുകയും ചെയ്യും.

ചരിത്രം, നരവംശശാസ്ത്രം, മനശ്ശാസ്ത്രം, വിമർശനാത്മകവ്യവഹാരാപഗ്രഥനം (Critical Discourse Analysis -CDA) തുടങ്ങി പല സൈദ്ധാന്തികമേഖലകളുമായും സാമൂഹികഭാഷാശാസ്ത്രവിശകലനങ്ങൾ ബന്ധപ്പെടുന്നുണ്ട്. വ്യവഹാരം എന്നത് ഭാഷാപരവും സാമൂഹികവുമാണ് എന്നതുകൊണ്ടു തന്നെ, സാമൂഹികഭാഷാശാസ്ത്ര പശ്ചാത്തലത്തിൽ എഴുത്തച്ഛന്റെ കൃതികളെ വിലയിരുത്തുമ്പോൾ വിമർശനാത്മക വ്യവഹാരാപഗ്രഥനത്തിന്റെ ആശയങ്ങളെ കൂടി ഒരുപാധി(tool)യായി പ്രയോജനപ്പെടുത്തുന്നുണ്ട്.

1. 1. വിമർശനാത്മകവ്യവഹാരാപഗ്രഥനം (CDA)

എൺപതുകൾക്ക് ശേഷമാണ്, ഒരു രീതിശാസ്ത്രമെന്ന നിലയിൽ വിമർശ

നാത്മകവ്യവഹാരാപഗ്രഥനം രൂപപ്പെടുന്നത്. "ഭാഷാവ്യവഹാരത്തിലെ അധികാരപ്രത്യയശാസ്ത്രങ്ങളെ പഠിക്കുന്നതിനായി രൂപംകൊണ്ട പഠനശാഖയാണ് വിമർശനാത്മകഭാഷാശാസ്ത്രം. സാമൂഹികസന്ദർഭത്തെ അടിസ്ഥാനമാക്കി പാഠത്തെ അപഗ്രഥിക്കുന്ന സമീപനമാണ് വിമർശനാത്മക വ്യവഹാരാപഗ്രഥനത്തിനുള്ളത്. പാഠം ആരെ അഭിസംബോധന ചെയ്യുന്നു, ഭാഷാപ്രയോഗങ്ങളിൽ നിഗൂഢലക്ഷ്യങ്ങൾ ഉണ്ടോ എന്നെല്ലാം ഈ പഠനരീതി അന്വേഷിക്കുന്നു." (കെ. എൻ. എഴുത്തച്ഛൻ : 2015) തന്നെയുമല്ല, "വ്യക്തിയുടെ ചിന്ത,നിരീക്ഷണം, വിശ്വാസം, പ്രവൃത്തി എന്നിവയെ നിയന്ത്രിക്കുന്ന സാമാന്യബോധത്തിനും വ്യവഹാരവുമായി ബന്ധമുണ്ട്. സാമൂഹിക ഘടനയും, ഭാഷാഘടനയും വിശദീകരിക്കുകയാണ് വ്യവഹാര അപഗ്രഥനത്തിന്റെ ലക്ഷ്യം." (കെ. എൻ. ഗണേഷ് : 1990)

സാമൂഹിക ഭാഷാശാസ്ത്രത്തിന്റെയും വിമർശനാത്മകവ്യവഹാരാപഗ്രഥനത്തിന്റെ യും ചില അടിസ്ഥാനാശയങ്ങളെ ക്രോഡീകരിക്കുക മാത്രമാണ് മുകളിൽ ചെയ്തിട്ടുള്ളത്. തുടർന്ന് ഇവയുടെ ചില പ്രയോഗമാതൃകകൾ എഴുത്തച്ഛന്റെ കൃതികളിൽ പ്രത്യക്ഷപ്പെടുന്നതെങ്ങനെയെന്ന് അന്വേഷിക്കുന്നു.

2. എഴുത്തച്ഛന്റെ ഭാഷ: സാമൂഹികഭാഷാശാസ്ത്രപശ്ചാത്തലത്തിൽ

ഓരോ ഭാഷണസമൂഹവും (speech community) അവരവരുടേതായ സാമൂഹികാടിത്തറയിലാണ് നിലനിൽക്കുന്നത്. എഴുത്തച്ഛനെ സംബന്ധിച്ചിടത്തോളം, ഇത് വള്ളുവനാട്ടിൽ നിലനിന്നിരുന്ന മലയാളമായിരുന്നു എന്ന് സാമാന്യമായി പറയാം. പക്ഷേ, കുറച്ചു കൂടി സൂക്ഷ്മമായി പരിശോധിക്കുമ്പോൾ, ഇത്, അക്കാലത്ത് ജനങ്ങൾ സാധാരണവ്യവഹാരത്തിൽ ഉപയോഗിച്ച ഭാഷയുടെയോ, സമകാലികസാഹിത്യത്തിൽ ഉപയോഗിച്ച ഭാഷയുടെയോ തനിപ്പകർപ്പ് ആയിരുന്നില്ല എന്നും കാണാം. എന്നാൽ ആലത്തൂർ മണിപ്രവാളം, ഗണിത യുക്തിഭാഷ തുടങ്ങിയ കൃതികളെപ്പോലെ, അക്കാലത്ത് (തിരൂരിലും പരിസരപ്രദേശങ്ങളിലും ജീവിച്ചിരുന്നവർ തന്നെയാണ് ഈ കൃതികളും രചിച്ചിട്ടുള്ളത്) ഗ്രന്ഥരചനയ്ക്ക് ഉപയോഗിച്ചിരുന്ന സവിശേഷ വ്യവഹാരഭാഷയുടെ കുറെകൂടി കാവ്യാത്മകമായ ഒരു പതിപ്പ് (version) ആണ് എഴുത്തച്ഛൻ ഉപയോഗിച്ചിരുന്നത് എന്നും കാണാൻ പ്രയാസമില്ല. സാമാന്യവ്യവഹാരത്തെക്കാൾ സവിശേഷ വ്യവഹാരത്തോട് അടുപ്പം കാണിക്കുന്ന ഭാഷാശൈലി എന്ന് ഇതിനെ സംഗ്രഹിക്കാം. എഴുത്തച്ഛന്റെ കൃതികളിൽ പ്രാദേശികഭാഷാഭേദങ്ങളും സാമൂഹികഭാ

ഷണസന്ദർഭങ്ങളും അധികമില്ലാത്തതിന്റെ കാരണവും ഇതുതന്നെയാണ്. എന്നാൽ സാമൂഹികഭാഷാശാസ്ത്ര വിശകലനത്തിൽ ഉൾപ്പെടുത്താവുന്ന രൂപങ്ങൾ (ശൂന്യ സംബോധനകൾ ഉൾപ്പെടെ) സഭ്യേതര സന്ദർഭങ്ങളിൽ ഭാഷയുടെ പ്രയോഗം, സ്വന്തം ഭാഷയോടുള്ള മനോഭാവം, ആചാരഭാഷയുടെയും ദിനചര്യാപദങ്ങളുടെയും പ്രയോഗം, പ്രകാരങ്ങൾ, അനുപ്രയോഗങ്ങൾ, നിഷേധരൂപങ്ങൾ തുടങ്ങിയവയുടെ പ്രയോഗം, ശ്രോതാവിന്റെയും, വക്താവിന്റെയും സാമൂഹിക വ്യക്തിത്വം അടയാളപ്പെടുത്തുന്ന സന്ദർഭങ്ങൾ, പഴഞ്ചൊല്ലുകളുടെയും ലോകോക്തികളുടെയും പ്രയോഗം, വ്യക്തിപരമായ സംഭാഷണങ്ങളും ഔപചാരിക ഭാഷണങ്ങളും തമ്മിലുള്ള വ്യത്യാസം, മാനകഭാഷയുടെ പ്രയോഗം തുടങ്ങിയ ഘടകങ്ങളെ എഴുത്തച്ഛന്റെ കൃതികളിൽ നിന്ന് കണ്ടെത്തി വിശകലനം ചെയ്യാൻ സാധിക്കും. (പി. എം. ഗിരീഷ് : 2017) ഇവയെ ഓരോന്നായി പരിശോധിക്കാം.

2. 1 സാമൂഹികവും ലിംഗപരവുമായ പദവി:-

സമൂഹത്തിൽ ഒരാൾ എങ്ങനെ ജീവിക്കുന്നു, സമൂഹം അവരുടെ ജീവിതത്തെ എപ്രകാരം പരിഗണിക്കുന്നു എന്നതിനെ അടിസ്ഥാനമാക്കിയാണ് അയാളുടെ സാമൂഹികപദവി നിർണ്ണയിക്കുന്നത്. ലിംഗഭേദത്തെ അടിസ്ഥാനമാക്കി സാമൂഹിക പദവിയിൽ വരുന്ന വ്യത്യാസങ്ങളും പ്രധാനമാണ്. കുലത്തൊഴിൽ അടിസ്ഥാനമാക്കി രൂപപ്പെടുന്ന ജാതിവ്യവസ്ഥയാണ് എഴുത്തച്ഛന്റെ കാലത്ത് (മധ്യകാലം മുതൽ നവോത്ഥാന ആധുനികതയുടെ ഘട്ടം വരെ) നിലനിന്നു പോന്നിരുന്നത്. ശുദ്ധാശുദ്ധങ്ങളും തീണ്ടലും കൊണ്ട് നിർണ്ണയിക്കപ്പെട്ട സാമൂഹികാതിർത്തികൾ; അവയെ നിർണ്ണയിക്കുന്ന ആചാരങ്ങൾ." ഈ അത്യാചാരങ്ങൾ മുഴുവനും കീഴ്ജാതിക്കാർ മനുഷ്യരല്ലെന്നു വരുത്തിത്തീർക്കുന്ന നിബന്ധനകളാണ്. കാളയേയും പോത്തിനേയും പോലെ അധ്വാനിക്കുന്ന വെറും ശരീരങ്ങൾ മാത്രമാണവർ എന്നു സ്ഥാപിക്കുകയാണ് ഈ വക ആശയങ്ങളും ആചാരങ്ങളുമൊക്കെ ചെയ്യുന്നത്". വ്യക്തിയെ /മനുഷ്യരെ ശരീരം മാത്രമാക്കിച്ചുരുക്കി, അതിന്മേൽ ഉടമസ്ഥാവകാശം സ്ഥാപിക്കുകയാണ് മേൽജാതിക്കാർ ചെയ്തത് എന്നർത്ഥം. ഇതിഹാസങ്ങളും പുരാണങ്ങളും ഇത്തരം ആശയങ്ങളുടെ സ്ഥാപനത്തിനു കൂടി പ്രയോജനപ്പെടുന്ന വിധത്തിലാണ് രചിക്കപ്പെട്ടിരുന്നത്. ഇതേ വർണ്ണാശ്രമധർമ്മത്തെ ഏതും ഭേദപ്പെടുത്താതെ ആവിഷ്കരിക്കുന്നുണ്ട് തന്റെ കൃതികളിൽ ഉടനീളം എഴുത്തച്ഛൻ. ചില ഉദാഹരണങ്ങൾ:

ശൂദ്രനായ താൻ രചിക്കുന്ന കാവ്യത്തെ പറ്റി കവി

"പാദസേവകനായ ഭക്തനാം ദാസൻ, ബ്രഹ്മ-
പാദജനജ്ഞാനിനാമാദ്യനായുള്ളൊരു ഞാൻ
വേദസമ്മിതമായ് മുമ്പുള്ള ശ്രീരാമായണം
ബോധഹീനന്മാർക്കറിയാം വണ്ണം ചൊല്ലീടുന്നേൻ -"
(അദ്ധ്യാത്മരാമായണം, ബാലകാണ്ഡം)

തനിക്കെതിരെ വാളെടുത്തേയ്ക്കാവുന്ന വ്യവസ്ഥിതിക്ക് അഹിതമുണ്ടാകാത്ത വിധത്തിൽ ആഖ്യാനോദ്ദേശ്യത്തെ മയപ്പെടുത്തി ആവിഷ്കരിക്കുകയാണ് കവി എന്ന മട്ടിൽ ഈ ഭാഗത്തെ വിശദീകരിക്കാനുള്ള ശ്രമങ്ങൾ കണ്ടിട്ടുണ്ട്. എന്നാൽ, കവി യ്ക്കുള്ളിലും വേരുറച്ച ഒരു ബോധ്യമാണ് ഇതെന്ന് മഹാഭാരതം കിളിപ്പാട്ടിൽ, (ശാന്തി പർവ്വം) ഭീഷ്മർ, യുധിഷ്ഠിരന് ധർമ്മോപദേശം നൽകുന്ന സന്ദർഭം സൂചിപ്പിയ്ക്കുന്നുണ്ട്:

"അക്ഷരാനഭിജ്ഞത്വമജ്ഞത്വം മൂഢത്വവു -
മക്ഷരവ്യക്തിവിഹീനാലാപങ്ങളും
ശൂദ്രധർമ്മങ്ങളെന്നു ധരിയ്ക്ക യുധിഷ്ഠിരാ!
ശൂദ്രനു ഭാഗിനേയൻ പിണ്ഡകർത്താവായതു
ശൂദ്രനു ഗതി വരുത്തീടുവാനെളുതല്ലാ.
സ്ത്രീധർമ്മം മിക്കവാറും ശൂദ്ര ധർമ്മത്തെപ്പോലെ
ഭേദവും പെരികെയില്ലറിക യുധിഷ്ഠിരാ!"
(ശാന്തിപർവ്വം)

ഒരൊറ്റ അനക്ഷരം ഉച്ചരിക്കാതെ എഴുത്തച്ഛന്റെ കിളിമകൾ ചൊല്ലിയതാണിതും! ആശയപരമായോ രൂപപരമായോ തനിക്ക ബോധ്യപ്പെടാത്ത സന്ദർഭങ്ങളെ അനായാസം വിട്ടുകളയാറുള്ള എഴുത്തച്ഛൻ എന്തുകൊണ്ട് ഇങ്ങനെയൊരു സന്ദർഭം ഒഴിവാക്കിയില്ല എന്ന ചോദ്യമുണ്ട്. സാമൂഹികഭാഷാശാസ്ത്രദൃഷ്ടിയിൽ, വ്യക്തിയുടെ സാമൂഹികപദവിയുമായി ബന്ധിപ്പിച്ച് ഇതിനെ വിശദീകരിക്കാം. നിലനിൽക്കുന്ന വ്യവസ്ഥയ്ക്കകത്തുതന്നെയാണ് താൻ എന്ന ബോധ്യത്തിന്റെ പ്രകാശനമുണ്ട്, ഇതിൽ. "ആൺകോയ്മയും ആൺപ്രമാണിത്തവും സാമൂഹികക്രമത്തിൽ ലക്ഷണമായിട്ടുള്ള ഇന്റോ ആര്യൻ സംസ്കൃതിയുടെ സാഹിത്യം അമ്മവഴക്കങ്ങളെ തങ്ങളിൽ നിന്ന് വേറിട്ട, ഒരു 'അപര'ത്തിന്റെ അടയാളമെന്ന് അധിക്ഷേപിക്കുന്നതായി ഡോ. എം. ആർ. രാഘവവാര്യർ നിരീക്ഷിച്ചിട്ടുണ്ട്. ഇത്തരമൊരപരസമൂഹ

ത്തിന്റെ- ഭഗിനേയർ പിണ്ഡകർത്താക്കളായുള്ള മരുമക്കത്തായ സമൂഹത്തിന്റെ- ഭാഗമാണ് എഴുത്തച്ഛൻ. വളരെ അപൂർവ്വമായി ഈ സ്വത്വബോധം അദ്ദേഹത്തിന്റെ രചനകളിൽ സ്ഫുരിക്കാറുമുണ്ട്:

ചൊല്ലെഴുമർജ്ജുനൻ തന്റെ തിരുമകൻ
വല്ലവീവല്ലഭാ നിന്റെ മരുമകൻ!
(സ്ത്രീപർവ്വം)

പിതൃദായക്രമത്തിന്റെ അധികാരസീമകൾക്കകത്ത് വളർന്ന ഗാന്ധാരിയിൽ നിന്നല്ല, മാതൃദായക്രമത്തിനകത്ത് ജീവിച്ച എഴുത്തച്ഛനിൽ നിന്നാണ് ഇവടെ 'മരുമകൻ' എന്ന വാത്സല്യസൂചകമായ വിളി പുറപ്പെടുന്നത്. മറ്റു ചില സന്ദർഭങ്ങളിലും (ഉദാ:- തച്ചു പൊടിച്ചു തകർത്തു രഥങ്ങളു/ മച്യുതൻ തന്റെ മരുമകനായവൻ - ദ്രോണപർവ്വം) എഴുത്തച്ഛൻ, കൃഷ്ണന്റെ മരുമകൻ എന്ന നിലയിൽ അഭിമന്യുവിനെ അടയാളപ്പെടുത്തിയിട്ടുണ്ട്.

2. 2 ശ്രോതാവിന്റെയും വക്താവിന്റെയും സാമൂഹികവ്യക്തിത്വങ്ങൾ

ആഖ്യാനത്തിന്റെ സന്ദർഭത്തിൽ, കഥാപാത്രങ്ങളുടെ സാമൂഹികവ്യക്തിത്വത്തെ എപ്രകാരം അടയാളപ്പെടുത്തുന്നു എന്ന നോട്ടവും കൗതുകകരമാണ്. സമൂഹത്തിലെ അധികാരഘടനയുടെ അദൃശ്യമായ സംക്രമണം ഭാഷയിലൂടെ ആവിഷ്കരിക്കുന്ന നിരവധി സന്ദർഭങ്ങൾ എഴുത്തച്ഛന്റെ കൃതികളിൽ കാണാം. ചില ഉദാഹരണങ്ങൾ :

1. അദ്ധ്യാത്മരാമായണം കിളിപ്പാട്ടിൽ താടകാവധത്തിനുശേഷം വിശ്വാമിത്രനോടൊപ്പം രാമലക്ഷ്മണന്മാർ സിദ്ധാശ്രമത്തിൽ എത്തുന്ന സന്ദർഭം : മുനിമാരുടെ സൽക്കാരം സ്വീകരിച്ചശേഷം രാമൻ, വിശ്വാമിത്രനോട് പറയുന്നു.

" താപസോത്തമ, ഭവാൻ ദീക്ഷിയ്ക്ക യാഗമിനി
താപം കൂടാതെ രക്ഷിച്ചീടുവനേതു ചെയ്തും.
ദുഷ്ടരാം നിശാചരേന്ദ്രന്മാരെക്കാട്ടിത്തന്നാൽ
നഷ്ടമാക്കുവൻ ബാണം കൊണ്ടു ഞാൻ തപോനിധേ!"
(ബാലകാണ്ഡം)

അധികാരശ്രേണിയിൽ താപസരേക്കാൾ മുകളിലാണ് രാജാവ്. ദശരഥപുത്രനും യുവരാജാവുമായ രാമന് പ്രത്യക്ഷ അധികാരമില്ലാത്ത വിശ്വാമിത്രനോട് ഇത്ര

യധികം വിധേയത്വം പ്രകടിപ്പിക്കേണ്ടതില്ല. എന്നാൽ, താപസശക്തി (ബ്രാഹ്മണ്യം) രാജാധികാരത്തെക്കാൾ മേന്മയേറിയതാണ് എന്ന് ചാതുർവർണ്യം വിശ്വസിക്കുന്നുണ്ട് (വിശ്വസിപ്പിക്കുന്നുമുണ്ട്). ഇതിനുള്ള തെളിവാണല്ലോ രാജാധികാരമുപേക്ഷിച്ച് വിശ്വാമിത്രൻ താപസനാകുന്നത്. രാജാധികാരത്തിൽ അധിഷ്ഠിതമായ വ്യവസ്ഥയ്ക്കകത്ത് നടക്കുന്ന ഒരുതരം മറിച്ചിടൽ ഇവിടെ കാണാം. അതിലൂടെ അധികാരം ഇല്ലെങ്കിലും ബ്രാഹ്മണൻ (താപസൻ) രാജാവിനേക്കാൾ മുകളിലാകുന്നു. ഇവിടെ വിശ്വാമിത്രൻ രാമലക്ഷ്മണന്മാർക്ക് രാജകുമാരന്മാർ എന്ന പരിഗണന നൽകുന്നുണ്ടെങ്കിലും അവരോട് കേവലം ബാലന്മാരോടെന്നപോലെത്തന്നെയാണ് ഇടപെടുന്നത്.

"ബാലകന്മാരെ! നിങ്ങൾ പഠിച്ചു ജപിച്ചാലും
ബലയും പുനരതിബലയും മടിയാതെ-"
(ബാലകാണ്ഡം)

ഇതിന്റെ മറുപുറം എന്ന നിലയിൽ രാമനും സുഗ്രീവനും തമ്മിൽ ഇടപെടുന്ന ഒരു സന്ദർഭം നോക്കാം. ബാലിവധാനന്തരം സുഗ്രീവൻ രാമനോട് പറയുന്നു:

"രാജ്യത്തെ രക്ഷിച്ചുകൊൾക വേണമിനി
പൂജ്യനാകും നിന്തിരുവടി സാദരം
ദാസനായുള്ളോരടിയനിനിത്തവ
ശാസനയും പരിപാലിച്ചു സന്തതം
ദേവദേവേശ തേ പാദപത്മദ്വയം
സേവിച്ചുകൊള്ളുവൻ ലക്ഷ്മണനെപ്പോലെ-"
(കിഷ്കിന്ധാകാണ്ഡം)

രാമന്റെ മറുപടി:-

"നീ തന്നെ ഞാനിതിനില്ലൊരു സംശയം
പ്രീതനായ്പോയാലുമാശു മമാജ്ഞയാ
രാജ്യാധികാരം നിനക്കു തന്നേനിനി-
പൂജ്യനായ്ച്ചെന്നഭിഷേകം കഴിയ്ക്ക നീ-"
(കിഷ്കിന്ധാകാണ്ഡം)

സുഗ്രീവനെ അധികാരം കൊണ്ടും (ആജ്ഞയാ) കാര്യലാഭത്തിനുതകേണ്ടവനാണ് എന്നതുകൊണ്ടും ('നീ തന്നെ ഞാനെ'ന്ന പ്രശംസ) ചേർത്തു പിടിക്കുകയാ

ണ്, ഇപ്പോൾ രാജാവല്ലാത്ത രാമൻ. കിഷ്കിന്ധയിലെ രാജാവാകാനിരിയ്ക്കുന്ന, മുൻപ് യുവരാജാവായിരുന്ന, സുഗ്രീവനോട്, സംസാരിയ്ക്കുമ്പോൾ വിശ്വാമിത്രനോടുള്ളത്ര ബഹുമാനമോ വിധേയത്വമോ പ്രകടിപ്പിക്കുന്നില്ല എന്നും കാണാം. രണ്ടു കൂട്ടരും (വിശ്വാമിത്രനും സുഗ്രീവനും) രാമനിൽ നിന്ന് സഹായം സ്വീകരിക്കുന്നവരാണ്. അവരുടെ എതിരാളികളെ ഇല്ലാതാക്കുന്നത് രാമനാണ്. വിശ്വാമിത്രനിൽ നിന്ന് തിരിച്ച് എന്തെങ്കിലും രാമൻ പ്രതീക്ഷിച്ചിട്ടില്ല (സീതാസ്വയംവരമൊക്കെ സന്ദർഭവശാൽ സംഭവിച്ചതാണല്ലോ). പക്ഷേ, സുഗ്രീവനെ പരിചയപ്പെടുന്നതു തന്നെ സീതാന്വേഷണത്തിൽ സഹായമാകും എന്ന ലക്ഷ്യത്തോടെയാണ്. എന്നിട്ടും സമീപനത്തിലുള്ള വ്യത്യാസം ശ്രദ്ധിക്കുക. സംഭാഷകരുടെ പ്രായം, ജാതി തുടങ്ങിയവ സാമൂഹികഭാഷാശാസ്ത്രദൃഷ്ടിയിൽ പ്രധാനമാണ്. വ്യക്തികൾ തമ്മിലുള്ള ഇടപെടലുകളിൽ ഇത് പ്രകടമാണ്. ഇവിടെ സുഗ്രീവന്റെ പ്രായത്തേക്കാൾ ജാതി (വാനരജാതി /കാട്ടുരാജ്യത്തെ രാജാവ്) യാണ് വിഷയം എന്നുകാണാം. കാടിനേക്കാൾ മീതെയാണ് നാട് എന്നും രാജാവിനേക്കാൾ മീതെയാണ് താപസൻ/ ബ്രാഹ്മണൻ എന്നുമുള്ള ബോധ്യം രാമായണത്തിലും മഹാഭാരതത്തിലും ഉടനീളം പ്രത്യക്ഷപ്പെടുന്നുണ്ട്. എഴുത്തച്ഛൻ ഉപയോഗിക്കുന്ന സംബോധനകൾ ശ്രദ്ധിച്ചാൽ ഇത് അല്പം കൂടി സ്പഷ്ടമാകും.

2. 3 സംബോധനകൾ

രക്തബന്ധമുള്ളവരോ സൗഹൃദമുള്ളവരോ പരസ്പരം ഇടപെടുമ്പോൾ സംബോധനാരൂപങ്ങൾ ധാരാളമായി ഉപയോഗിക്കും. സമൂഹത്തിലെയും കുടുംബത്തിലെയും അധികാരഘടനയുമായി നേരിട്ട് ബന്ധപ്പെടുന്നവയാണ് ഇത്തരം വിളികൾ. എഴുത്തച്ഛന്റെ കൃതികളിലാവട്ടെ സംബോധനാരൂപങ്ങളുടെ വൈപുല്യവും വൈവിധ്യവുമുണ്ട്. ഇവയെ സാമാന്യമായി താഴെ കാണും മട്ടിൽ വർഗ്ഗീകരിക്കാം.

1. പേരുകൾ :- പേരുകൾ തന്നെ വിളിച്ച് അഭിസംബോധന ചെയ്യുക.

   ഉദാ:- കൃഷ്ണാ! യുധിഷ്ഠിരാ! സഞ്ജയാ! കർണ്ണാ!സുഭദ്രേ!

2. ചാർച്ചപ്പേരുകൾ:-

   കുടുംബത്തിനകത്തുള്ള സംഭാഷണങ്ങളിലാണ് (ഗൃഹാന്തർഭാഗത്തുള്ള സംസാരങ്ങൾ) സാധാരണഗതിയിൽ ഇത്തരം ചാർച്ചപ്പേരുകൾ വിളിക്കുന്നത് കാണുക.

ഉദാ :- മകനേ! ഭർത്താവേ! നന്ദനാ! വല്ലഭേ! ഭഗിനീ! അമ്മേ! മാതാവേ!

3. സൗഹൃദസൂചകനാമങ്ങൾ:-

സമസ്ഥാനീയരോ സുഹൃത്തുക്കളോ തമ്മിൽ സംസാരിക്കുമ്പോൾ ഉപയോഗിക്കുന്ന വാക്കുകൾ

ഉദാ :- തോഴാ,സഖീ, സഖേ....

4. പാരമ്പര്യസൂചകമായ അഭിസംബോധനകൾ :-

ഒരാളുടെ കുലം, മാതാപിതാക്കൾ, തുടങ്ങിയവയിൽ നിന്ന് നിഷ്പാദിപ്പിച്ചെടുക്കുന്ന പേരുകൾ. പ്രത്യേകസന്ദർഭങ്ങളിൽ ഇവയ്ക്ക് ചിലപ്പോൾ അധിക സാംഗത്യവും വന്നുചേരാറുണ്ട്.

ഉദാ:- രാഘവാ! രഘൂത്തമാ! കുന്തീപുത്രാ! പാണ്ഡവന്മാരേ! മത്സ്യാത്മജാ ! കുരുകുലജാ! ഗന്ധവാഹജാ (കല്യാണസൗഗന്ധിക സന്ദർഭം)

5. അധികാരസൂചക സംബോധനകൾ:-

രാജാക്കന്മാരെയോ രാജതുല്യരേയോ അഭിസംബോധന ചെയ്യുമ്പോൾ,അവരുടെ അധികാരസ്ഥിതിയെ അംഗീകരിച്ചുകൊണ്ട് വക്താവ് വിളിക്കുന്ന പേരുകൾ.

ഉദാ :-, മന്നവാ! കുരുപതേ! ഭൂപതേ! മേദിനീശ്വരാ! ഭൂമിപാലകാ! ധാത്രീപതേ! നൃപാ! ഭൂമിപാലപ്രിയേ......

6. ജാതി/വർഗ്ഗപ്പേരുകൾ:- വ്യക്തികളെ അവരുടെ ജാതിപ്പേരുപയോഗിച്ച് സംബോധന ചെയ്യുന്ന രീതി ഇപ്പോഴും ചിലയിടങ്ങളിൽ നടപ്പുണ്ട്. (നായരേ, മാപ്പിളേ, നമ്പ്യാരേ എന്നൊക്കെ). ഇതിന്റെ ചില മാതൃകകൾ എഴുത്തച്ഛൻ ഉപയോഗിക്കുന്നതായി കാണാം.

ഉദാ :- സൂതാ, ക്ഷത്രിയാ, ദ്വിജാ, ബ്രാഹ്മണാ, കപേ, വാനരാ.

7. സ്ത്രീകളോടുള്ള അഭിസംബോധനകൾ:-

സാമാന്യമായി സൗന്ദര്യത്തെയോ, അബലാത്വത്തയോ, ബന്ധത്തെയോ, പാരമ്പര്യത്തെയോ ബഹുമതിയെയോ കുറിക്കുന്ന സംബോധനകൾ കാണാം.

ഉദാ :- സുമുഖി, സുന്ദരി, കാന്തലോചനേ, സുന്ദരഗാത്രി, ബാലേ, ബാലികേ, ദേവീ, കാന്തേ, ജനകജേ.......

8. പ്രസാദിപ്പിക്കാൻ ഉദ്ദേശിച്ചുള്ള (pleasing) മറ്റു പലതരം സംബോധനകൾ :-

ശ്രോതാവിന് ആഹ്ലാദം നൽകുന്ന വിധത്തിൽ അവരുടെ സൗന്ദര്യം,

വീര്യം, ദയവ് തുടങ്ങിയ ഗുണങ്ങളെ പ്രശംസിക്കുന്ന സംബോധനകൾ.

ഉദാ:- ദയാനിധേ, വിക്രമവാരിധേ, കാരുണികോത്തമാ, അത്ഭുതവിക്രമാ, വീരാ,ശൂരാ, രാജീവനേത്രാ, സുന്ദരകളേബരേ, (മുൻപ് സൂചിപ്പിച്ച) സുന്ദരി,സുമുഖി, സാരസാനനാ. .

9. പരിഹാസവും ആക്ഷേപവും സൂചിപ്പിക്കുന്ന വിളികൾ :-

കർമ്മം കൊണ്ടോ ജന്മം കൊണ്ടോ തങ്ങളിൽ താഴ്ന്നവരോടും അവരുടെ പ്രവൃത്തിയിലുള്ള ഇഷ്ടക്കേട് പ്രദർശിപ്പിക്കാനും ഉപയോഗിക്കുന്ന സംബോധനകൾ.

ഉദാ :- ഭോഷന്മാരേ, മൂഢാ, ദുർമ്മതേ, മൂഢേ, നൃപതികുലാധമാ. . .

10. സ്തുതികളിലെ സംബോധനകൾ:-

എഴുത്തച്ഛന്റെ കൃതികളിലെ സ്തുതികളെക്കുറിച്ചും അവയിലെ സംബോധനകളെക്കുറിച്ചുമുള്ള അന്വേഷണം വിപുലമായ ഒരു മേഖലയാണ്. അതിനാൽ ഏതാനും ചില സംബോധനാരൂപങ്ങൾ മാത്രം ചുവടെ നൽകുന്നു. കേവലവിശേഷണങ്ങൾ മാത്രമായി വരുന്നവ, സംബോധനകളല്ലാത്തതിനാൽ (ഉദാ: പരമൻ,പരാപരൻ നിർമ്മലൻ തുടങ്ങിയവ) ഇവിടെ ഉൾപ്പെടുത്തിയിട്ടില്ല.

സകലേശ്വരാ, വിഷ്ണോ, ജഗൽപതേ, ദയാനിധേ, കാരുണ്യാമൃതസിന്ധോ, കേവലജ്ഞാനമൂർത്തേ, ശ്രീരമണാത്മരാമാ, ശ്രീധരാ, ശ്രീനിധേ, ശ്രീപുരുഷോത്തമാ, ദേവദേവേശാ, വിശ്വസാക്ഷിൻ, വിശ്വമൂർത്തേ, പരബ്രഹ്മമേ, ദൈവമേ, അംബുജനാഭാ, നാഗേശപര്യങ്കക, പാപവിനാശനാ, മുനിവൃന്ദനിഷേവിതാ...

വൈഷ്ണവ ഭക്തിപ്രസ്ഥാനത്തിന്റെ ഭാഗമെന്നു വിളിയ്ക്കാവുന്ന ഇത്തരം സംബോധനകളിലൂടെ രാമനേയും, നരസിംഹത്തേയുമൊക്കെ വിഷ്ണുവുമായി ഏകീകരിക്കുന്നത് കാണാം. അത്തരത്തിൽ അവതാരസങ്കൽപവുമായി ജനതയുടെ പൊതുബോധത്തെ ഇണക്കുക എന്ന സാമൂഹികധർമ്മം ഈ കൃതികളിലൂടെ സാധിച്ചിട്ടുണ്ട്. കൗതുകകരമായ മറ്റൊരു വസ്തുത, ജഡായു, കബന്ധൻ തുടങ്ങിയവർ (അധഃസ്ഥിതരായതുകൊണ്ടാവണം) തങ്ങളുടെ സ്തുതികളിൽ രാമനെ നേരിട്ട് അഭിസംബോധന ചെയ്യുന്നതായി കാണുന്നില്ല. സാമൂഹികഭാഷാശാസ്ത്രദൃഷ്ട്യാ പരിശോധിയ്ക്കുമ്പോൾ ഇതിന് വളരെ പ്രധാന്യമുണ്ട്.

സംബോധനാരൂപങ്ങളെ പൊതുവായി നിരീക്ഷിക്കുമ്പോൾ സാമൂഹികമോ കുടുംബപരമോ ആയ ശ്രേണി ബന്ധത്തിൽ ഉയർന്നവർ, താഴ്ന്നവരോട് എന്നതിലധികം താഴ്ന്നവർ ഉയർന്നവരോട് സംസാരിക്കുമ്പോൾ സംബോധനകൾ

അധികം ഉപയോഗിക്കുന്നു. സ്തുതികളിലും മറ്റും കാണുന്നതുപോലെ, പ്രസാദിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടെ വിശേഷണങ്ങൾ മാലപോലെ കൊരുത്ത് പ്രയോഗിക്കുന്നതും കാണാം. നാമസങ്കീർത്തനങ്ങളുമായുള്ള ഘടനാ ബന്ധം ഈ സംബോധനകളിൽ പ്രകടമാണ്.

ഇത്തരത്തിൽ വിശേഷണങ്ങൾ ഉപയോഗിക്കുമ്പോൾ 'അച്ഛാ', 'പെങ്ങളേ', 'ആങ്ങളേ', 'അനിയാ', 'ഏട്ടാ' തുടങ്ങിയ നാട്ടുമൊഴികൾ ഉപയോഗിക്കുന്നതേയില്ല എന്നും ശ്രദ്ധിക്കണം. 'അമ്മേ' എന്നും 'ജ്യേഷ്ഠാ' എന്നും അപൂർവ്വമായി പ്രയോഗിച്ചു കാണാം. രാമനോട് സംസാരിക്കുമ്പോൾ അച്ഛനും രാജാവുമായ ദശരഥൻ പോലും 'ജഗന്നാഥാ' എന്ന മട്ടിലുള്ള സംബോധനകൾ സ്വീകരിക്കുന്നത് യാദൃശ്ചികമല്ല. പ്രായം കൊണ്ടോ, ജാതി കൊണ്ടോ, അധികാരം കൊണ്ടോ, സമരായവരെയും താഴ്ന്ന വരെയും "നീ" എന്ന് വിളിക്കുന്നതും ധാരാളമായി കാണാം. നിന്ദാസൂചകമായിട്ടും 'നീ' എന്ന് ഉപയോഗിക്കുന്നുണ്ട്. ഇത്തരം പ്രത്യക്ഷസംബോധനകൾക്ക് പുറമേ, ശൂന്യസംബോധനകളെയും, എഴുത്തച്ഛൻ, വൈവിധ്യതോടെ പ്രയോഗിക്കുന്നുണ്ട് .

2. 3. 1. ശൂന്യസംബോധനകൾ :-

പ്രത്യക്ഷത്തിലുള്ള സംബോധനാരൂപങ്ങളൊന്നും കൂടാതെയുള്ള സംബോധനകൾ ആണ് ശൂന്യസംബോധനകൾ. (വി. ആർ. പ്രബോധചന്ദ്രൻ നായർ : 1980) അപരിചിതരുടെ സാമൂഹികവ്യക്തിത്വം തിരിച്ചറിയാത്ത സന്ദർഭങ്ങളിലോ അനൗപചാരിക സംഭാഷണങ്ങൾക്കിടയിൽ സ്വാഭാവികമായിട്ടോ ഇത്തരം രൂപങ്ങൾ പ്രയോഗിക്കും. 'എടോ', 'എടാ','എടീ' 'അല്ലയോ' തുടങ്ങിയവ ഉദാഹരണങ്ങൾ.

" കൊല്ലാതെ കൊള്ളാഞ്ഞതെന്തവൻ തന്നെ നീ
കൊല്ലിക്കയത്രേ നിനക്കു രസമെടോ!"
(ഗാന്ധാരീവിലാപം,സ്ത്രീപർവ്വം)
" വായ്പടയൊട്ടു കുറയ്ക്കെടോ കർണ്ണാ നീ
വായ്പോട്ടു പാർത്ഥൻ വരുന്നതു കാണെങ്കിൽ -"
(വിരാടപർവ്വം)

" ആരുനീ മനോഹരേ, താതനാരെടോ തവ

ചാരുലോചനേ! വനവാസമെന്തേഹോ തവ!"

(ശാകുന്തളോപാഖ്യാനം, ഭാഗവതം കിളിപ്പാട്ട്)

വൈകാരിക സാഹചര്യമനുസരിച്ച് 'എടോ' എന്ന സംബോധനയ്ക്ക് വരുന്ന അർത്ഥഭേദങ്ങൾ ശ്രദ്ധിക്കുക. നമ്പ്യാരും മറ്റും ധാരാളം എടുത്തുപയോഗിക്കുന്ന 'എടാ' തുടങ്ങിയ രൂപങ്ങൾ എഴുത്തച്ഛന്റെ കൃതികളിൽ വിരളമാണ്. അമാന്യമെന്നു സാമൂഹികബോധത്തിൽ നിലനിൽക്കുന്ന രൂപങ്ങൾ പ്രയോഗിക്കാൻ അദ്ദേഹത്തിനുള്ള വൈമുഖ്യം ഇതിനൊരു കാരണമായിരിക്കാം.

2. 4 വ്യക്തിപരവും ഔപചാരികവുമായ ഭാഷണ സന്ദർഭങ്ങൾ:-

സാമൂഹികഭാഷണസന്ദർഭങ്ങളെ സാമാന്യമായി, വ്യക്തിപരമെന്നും ഔപചാരികമെന്നും രണ്ടായി തിരിയ്ക്കാം. വ്യക്തിബന്ധമുള്ളവർ തമ്മിൽ സ്വകാര്യതയിലോ ഗൃഹന്തർഭാഗത്തോ നടത്തുന്ന സംഭാഷണങ്ങളെ ആദ്യത്തെ വിഭാഗത്തിലും, ഔപചാരികമോ അധികാരസംബന്ധിയോ ആയ സംഭാഷണങ്ങളെ രണ്ടാമത്തെ വിഭാഗത്തിലും ഉൾപ്പെടുത്താം. വ്യക്തികൾ തമ്മിലുള്ള പദവിപരമായ വ്യത്യാസം ഇത്തരം സന്ദർഭങ്ങളിൽ പ്രധാനമാണ്. അദ്ധ്യാത്മരാമായണം കിളിപ്പാട്ടിലെ ചില സന്ദർഭങ്ങൾ പരിശോധിക്കാം:

സന്ദർഭം: വിച്ഛിന്നാഭിഷേകം,അയോധ്യാകാണ്ഡം

അഭിഷേകവിഘ്നവാർത്തയറിഞ്ഞ ശേഷം, കൈകേയി, ദശരഥൻ, കൗസല്യ, ലക്ഷ്മണൻ, സീത എന്നിവരുമായി രാമൻ നടത്തുന്ന സംഭാഷണങ്ങൾ ശ്രദ്ധിക്കാം. കൈകേയിയോടും ദശരഥനോടുമുളള സംഭാഷണങ്ങൾ ഏറെക്കുറെ ഔപചാരികമാണ്. മറ്റു മൂന്നു പേരോടുമുള്ള സംസാരം വ്യക്തിപരവും വൈകാരികവും.

1. കൈകേയിയോട് :-

"ഇത്രയെല്ലാം പറയേണമോ മാതാവേ
താതാർത്ഥമായിട്ടു ജീവനെത്തന്നെയും
മാതാവു തന്നെയും സീതയെത്തന്നെയും
ഞാനുപേക്ഷിക്കുമതിനില്ല സംശയം".

2. ദശരഥനോട് :-

"എന്തിനെൻ താതൻ വൃഥൈവ
ദുഃഖിക്കുന്നതെന്തൊരു ദണ്ഡമിന്നു മഹീപതേ

സോദരൻ നാട്ടും ഭരിച്ചിരുന്നീടുക
സാദരം ഞാനാരണ്യത്തിലും വാഴുവൻ"

3. കൈകേയിയോട് (ദുഃഖമടക്കി)
" ഇപ്പോൾ ഭുജിപ്പാനവസരമില്ലമ്മേ
ക്ഷിപ്രമരണ്യവാസത്തിനു പോകണം -
സന്താപമേതും മനസ്സിലുണ്ടാകാതെ
സന്തുഷ്ടയായ് വസിച്ചീടുക മാതാവും"

4. ലക്ഷ്മണനോട് :-
"വത്സ, സൗമിത്രേ, കുമാര, നീ കേൾക്കണം
മത്സരാദ്യം വെടിഞ്ഞെന്നുടെ വാക്കുകൾ
....
ഞാനിപ്പറഞ്ഞതെല്ലാമേ ധരിച്ചു തൽ-
ജ്ഞാനസ്വരൂപം വിചാരിച്ചു സന്തതം
മാനത്തെയൊക്കെ ത്യജിച്ചു നിത്യം പര-
മാനന്ദമുൾക്കൊണ്ടു മായാവിമോഹങ്ങൾ
മാനസത്തിൽ നിന്നാശു കളക നീ
മാനമല്ലോ പരമപദാമാസ്പദം. "

5. സീതയോട് :
"തന്നിതു ദണ്ഡകാരണ്യ രാജ്യം മമ-
പുണ്യം വരുത്തുവാൻ താതനറികെടോ!
ഞാനതു പാലിപ്പതിന്നാശു പോകുന്നു
മാനസേ ഖേദമിളച്ചു വാണീടുക.
മാതാവു കൗസല്യ തന്നെയും ശുശ്രൂഷ
ചെയ്തു സുഖേന വസിക്ക നീ വല്ലഭേ!"

ഏറ്റവും വൈകാരികമെന്നു കരുതാവുന്ന ഒരു സന്ദർഭത്തിൽ ഒരാളുടെ വാക്കുകൾ തനിക്ക് പ്രിയപ്പെട്ടവർക്ക് മുമ്പിൽ തരളമായിപ്പോകും. എന്നാൽ ഇവിടെ (അഭിസംബോധനകളിലല്ലാതെ) രാമന്റെ വാക്കുകളിൽ അത്തരമൊരു ഭേദമേ കാണുകയില്ല. (വാല്മീകിരാമായണത്തിൽ സീതയോടും ലക്ഷ്മണനോടുമൊക്കെയുള്ള സംസാരം ഭിന്നമാണെന്നും ഓർക്കാം.)

രാമന്റെ സ്ഥിതപ്രജ്ഞത്വം എന്നതിലുപരി ആഖ്യാതാവിന്റെ (കവിയുടെ) വിവക്ഷാഭേദമാണ് ഇവിടെ കാണുക. എത്ര വൈകാരികമായ സന്ദർഭത്തിലും തന്റെ നായകൻ അമാന്യമായി പെരുമാറുകയില്ല എന്ന കവിയുടെ നിശ്ചയം. അനൗപചാരികസംഭാഷണം പോലും ഔപചാരികമാകുന്നു എന്നതാണ് ഇതിന്റെ അനന്തരഫലം. ഭാഷയുടെ മാനകീകരണത്തിലേക്ക് നയിക്കുന്ന ഒരു ഘടകം കൂടിയാണ് ഔപചാരികമായ ഇത്തരം ഭാഷണങ്ങൾ. വ്യത്യസ്ത സാമൂഹികപദവിയുള്ളവർ തമ്മിലുള്ള അനൗപചാരിക സംഭാഷണങ്ങളുടെ ചില മാതൃകകൾ കൂടി ഇതോടൊന്നിച്ച് പരിശോധിക്കാവുന്നതാണ്.

II. അശോകവനിയിൽ വെച്ച് സീതയും ഹനുമാനും തമ്മിലുള്ള സംഭാഷണം:-

സീത :-

ശൃണു തനയ! പുനരൊടയാളവാക്യം ഭവാൻ
ശ്രുത്വാധരിച്ചു കർണ്ണേ പറഞ്ഞീടു നീ-"

ഹനുമാൻ:-

"കപടമൊരുവരൊടുമൊരു പൊഴുതുമറിയുന്നില-
കർമ്മണാ,വാചാ,മനസാപി മാതാവേ-"

സാമൂഹികപദവിയനുസരിച്ച് സീത രാജ്ഞിയാണ്. ഹനുമാൻ സേവകനും. എന്നാൽ, ഈ സന്ദർഭത്തിൽ പരസ്പരബഹുമാനവും വാത്സല്യവും സ്ഫുരിക്കുന്നതാണ് ഇരുവരുടെയും വാക്കുകൾ.

III. സീതാപഹരണത്തിനുമുമ്പ് ലക്ഷ്മണനും സീതയും തമ്മിലുള്ള സംഭാഷണം :-

സീത :-

"സൗമിത്രേ നീ ചെല്ലുക വൈകാതെ
അഗ്രജനുടെ വിലാപങ്ങൾ കേട്ടീലേ നീ -"

മറുപടിയായി ലക്ഷ്മണൻ:-

"ദുഃഖിയായ്ക്കാര്യേ! ദേവി കേൾക്കണം മമ വാക്യം
അന്ധനായ് ഞാനുമിതു കേട്ടു പോയകലുമ്പോൾ
നിന്തിരുവടിയേയും കൊണ്ടുപോയിടാമല്ലോ-"

സീത കോപത്തോടെ കയർക്കുന്നു:-

"രക്ഷോജാതിയിലത്രേ നീയുണ്ടായീ നൂനം
ഭ്രാതൃനാശത്തിനേത്രേ കാംക്ഷയാകുന്നതു തവ-

ചേതസി ദുഷ്ടാത്മാവേ ഞാനിതോർത്തീലയല്ലോ"

സീതയുടെ പരുഷങ്ങൾ കേട്ട ലക്ഷ്മണന്റെ മറുപടി:

"നിനക്കു നാശമടുത്തിരിയ്ക്കുന്നിതു പാര -
മെനിയ്ക്കു നിരൂപിച്ചാൽ തടുത്തു കൂടാ താനും
ഇത്തരം ചൊല്ലീടുവാൻ തോന്നിയതെന്തേ ചണ്ഡീ
ധിക്‌ധിഗത്യന്തം ക്രൂരചിത്തം നാരിമാർക്കെല്ലാം "

എല്ലായിപ്പോഴും, ജ്യേഷ്ഠപത്നി എന്നോ ജ്യേഷ്ഠത്തി എന്നോ ഉള്ളതിലധികം പരിഗണനയും ബഹുമാനവും സീതയ്ക്ക് നൽകുന്ന ലക്ഷ്മണനെയല്ല ഇവിടെ കാണുക. രാമനെന്തെങ്കിലും സംഭവിക്കുമോ എന്ന ഭയമാണ് സീതയുടെ ഉള്ളിൽ; അങ്ങനെ ഉണ്ടാകില്ല എന്ന വിശ്വാസം ലക്ഷ്മണനും. മറ്റു കേൾവിക്കാരൊന്നുമില്ലാത്ത സന്ദർഭത്തിൽ സീത ലക്ഷ്മണനോട് പറയുന്നു: എന്നെ ഭാര്യയാക്കണമെന്ന മോഹമുള്ളതുകൊണ്ടാണ്, നീ രാമനെ അന്വേഷിച്ച് പോകാത്തത്. സഹോദരന്മാർക്കിടയിൽ പത്നിമാരെ പങ്കുവയ്ക്കുന്ന ഒരു സാമൂഹികാചാരത്തെയാണ് സീതയുടെ ആശങ്ക അടയാളപ്പെടുത്തുന്നത്. താര, ബാലിയുടെയും സുഗ്രീവന്റെയും പത്നിയായി (പഞ്ചകന്യകമാരിൽ ഒരാളായ താര!) രാമായണത്തിൽത്തന്നെ പ്രത്യക്ഷപ്പെടുന്നുമുണ്ടല്ലോ. എന്നാൽ, ജ്യേഷ്ഠനെ പിതാവായും ദൈവമായും പരിഗണിക്കുന്ന ലക്ഷ്മണന് ഇത് അചിന്ത്യമായിരുന്നു. അതിനാലാണ് 'ദേവീ' എന്നും 'ആര്യേ'എന്നുമുള്ള സംബോധനകൾ 'നീ' യെന്നും 'ചണ്ഡീ' എന്നുമൊക്കെയായി മാറുന്നതും, സ്ത്രീചിത്തം ക്രൂരമാണ് എന്ന നിഗമനത്തിൽ ലക്ഷ്മണൻ എത്തിച്ചേരുന്നതും.

IV. രാമാഭിഷേകത്തിനുമുമ്പ് മന്ഥരയും കൈകേയിയും തമ്മിലുള്ള സംഭാഷണം:-

രാജ്ഞിയായ കൈകേകി, തോഴിയായ മന്ഥരയോട് :

"മന്ഥരേ ചൊല്ലൂ നീ, രാജ്യമെല്ലാടവു-
മെന്തൊരുമൂലമലങ്കരിച്ചീടുവാൻ -"

മന്ഥരയുടെ മറുപടി :-

"നാളീകലോചനനാകിയ രാമനു
നാളെയഭിഷേകമുണ്ടെന്നു നിർണ്ണയം-
ദുർഭഗേ, മൂഢേ, മഹാഗർവ്വിതേ, കിട-
ന്നെപ്പോഴും നീയുറങ്ങീടൊന്നറിയാതെ-"

കൈകേയിക്ക് രാമാഭിഷേകത്തിൽ സന്തോഷമേയുള്ളൂ. തോഴി 'ദുർഭഗേ', മൂഢേ,

മഹാഗർവ്വിതേ, എന്നൊന്നും വിളിക്കുന്നത് അവർ കേട്ടതായിപ്പോലും ഭാവിക്കുന്നില്ല:

" സന്തോഷമാർന്നിരിക്കുന്ന കാലത്തിങ്ക -
ലെന്തൊരു താപമുപാഗതമെന്നു നീ
ചൊല്ലുവാൻ കാരണം ഞാനറിഞ്ഞീലതി -
ന്നില്ലൊരവകാശമേതും നിരൂപിച്ചാൽ-"

കൈകേയിയുടെ ആഹ്ലാദഭരിതമായ വാക്കുകൾ മന്ഥരയെ ആകുലയാക്കി; അവർ കൈകേയിയെ ചൊടിപ്പിക്കാൻ ഉദ്ദേശിച്ചു വീണ്ടും പറയുന്നു:

"പാപേ, മഹാഭയ കാരണം കേൾക്ക നീ
ഭൂപതി നിന്നെ വഞ്ചിച്ചതറിഞ്ഞീലേ?
കൗസല്യ തന്നെപ്പരിചരിച്ചീടുക,
കൗസല്യാനന്ദനൻ തന്നെ ഭരതനും
സേവിച്ചു കൊണ്ടു പൊറുക്കെന്നതും വരും
ഭാവിക്കകയും വേണ്ട രാജത്വമേതുമേ-"

അധികാരത്തെ കുറിച്ച് ഇവിടെ പ്രത്യക്ഷപ്പെടുന്ന സൂചനകൾ ശ്രദ്ധേയമാണ്. രാജ്യത്തെ യുവരാജാവിനെ അഭിഷേകം ചെയ്യുന്ന ചടങ്ങിനെപ്പറ്റി അവിടുത്തെ രാജ്ഞിമാരിൽ പ്രധാനിയായൊരുവൾ അറിയുന്നത് തോഴിയിൽ നിന്നാണ് എന്നത് ഇന്ന് ആലോചിക്കുമ്പോൾ കൗതുകകരമാണ്. അന്നത്തെ സാഹചര്യത്തിൽ അന്തഃപുരസ്ത്രീകളുടെ സാമൂഹികപദവി എന്തായിരുന്നു എന്നതിലേക്ക് ഇത് വിരൽ ചൂണ്ടുന്നുണ്ട്. മറ്റൊന്ന്, തോഴിയായ മന്ഥര, രാജ്ഞിയായ കൈകേയിയെ വിശേഷിപ്പിക്കുന്ന വാക്കുകളാണ്. മൂഢ,പാപ, ഗർവ്വിത, ദുർഭഗ തുടങ്ങിയ ശകാരവാക്കുകൾ ഉപയോഗിച്ചിട്ടും അവയെ സ്വാഭാവികമട്ടിൽ സ്വീകരിക്കുകയാണ് കൈകേയി ചെയ്യുന്നത്. ഇടയ്ക്ക് മന്ഥരയെ 'പ്രാണസമേ' എന്നും കൈകേയി വിളിക്കുന്നുണ്ട്. അപ്പോൾ, പ്രാണസമമായ ഒരു ആത്മബന്ധത്തിന്റെ സ്വാതന്ത്ര്യമായിരിക്കാം മന്ഥര എടുത്തത് എന്നും വാദിക്കാവുന്നതാണ്. അതല്ലെങ്കിൽ, ഇത്തരം വചനങ്ങൾ കേട്ടു പരിചയിച്ചതുകൊണ്ടുമാകം. പക്ഷേ, ഒന്നുകൂടിയുണ്ട്: രാജ്ഞിയാണെങ്കിലും കൈകേയി അധികാരമില്ലാത്തവളാണ്. അത്, അവൾക്കും ഉള്ളിലുള്ള ദുഃഖമായിരുന്നിരിക്കണം. അതുകൊണ്ടാണ് തനിക്ക് പുത്രനെക്കാൾ അധികം വാത്സല്യമുള്ള രാമൻ രാജാവാകുന്നതിൽ ആഹ്ലാദിക്കുന്നുവെന്ന് പറഞ്ഞ കൈകേയി, കൗസല്യയെ പരിചരിച്ചുകൊണ്ട് വസിക്കേണ്ടി വരുമെന്നും രാജത്വമൊന്നും ഭാവിക്കാൻ കഴിയുകയില്ല എന്നുമുള്ള വാക്കുക

ളിൽ ഉടക്കി നിൽക്കുന്നത്. തുടർന്ന്, രാമാഭിഷേകവിഘ്നത്തിലാണല്ലോ ഇതവസാനിക്കുന്നത്.

2. 5 സഭ്യേതരസന്ദർഭങ്ങളിലെ ഭാഷാപ്രയോഗം

അനൗപചാരിക സംഭാഷണങ്ങളിൽ സഭ്യേതരമെന്നു പറയാവുന്ന പദങ്ങൾ കടന്നു വരാറുണ്ട്. ഇവയിൽ പ്രകടമായ ലൈംഗികസൂചനയുള്ള പദങ്ങളിൽ പലതും തെറിവാക്കുകൾ /വിലക്ക വാക്കുകൾ എന്ന നിലയിലാണ് ജനത പരിഗണിക്കുന്നത്. (ചില രോഗങ്ങളെക്കുറിച്ചും തുറന്നു പറയുകയില്ല). അവസരം വന്നാലും ഇത്തരം വാക്കുകൾ എഴുത്തച്ഛൻ കൃതികളിൽ കാണുകയില്ല എന്നു തന്നെ പറയാം. ചില ഉദാഹരണങ്ങൾ:

1) സംഭോഗശൃംഗാരവർണ്ണനയിലെ മിതത്വം; യയാതിയും ദേവയാനിയും തമ്മിലുള്ള ക്രീഡ:

"മനസി മദം കലർന്നൊരനുരാഗംചെയ്തും
കനിവിനോട്ടു ഗാഢം വാർകൊങ്ക തഴുകിയും
ആനന്ദാമൃതവാരിരാശിയിൽ മുഴുകിയു-
മാനനാദനംഗസ്വേദാമൃതമൊഴുകിയും
പീനവക്ഷോജങ്ങളിൽ കളഭമിഴുകിയും
മാനസത്തിങ്കലേറ്റമാനന്ദം പെരുകിയും
ചേതസ്സു കനിഞ്ഞുടൽ പുല്കിയും പലതരം
വേധസ്സിൻ വിനോദങ്ങളെത്രയും ചിത്രം ചിത്രം!"
(സംഭവപർവ്വം മഹാഭാരതം കിളിപ്പാട്ട്)

കവിയുടെ ശൈലി സംസ്കൃതബദ്ധമാകുന്നത് ശ്രദ്ധിക്കുക. യുദ്ധരംഗങ്ങളിലും മറ്റും തനി മലയാളത്തിൽ ലളിതമായി വാർന്നു വീണ ഭാഷയിലുണ്ടായ വ്യത്യാസം യാദൃശ്ചികമല്ല. മണിപ്രവാളകൃതികളിൽ കാണുന്ന സംഭോഗശൃംഗാരരംഗങ്ങളോടുള്ള വിയോജിപ്പ് എഴുത്തച്ഛൻകൃതികളിൽ ഉടനീളം കാണാം. അതിലുപരി, തന്റെ കൃതികളുടെ വായനാസമൂഹത്തെപ്പറ്റി കവിക്കുള്ള ധാരണയും ഇത്തരം രംഗങ്ങൾ ആഖ്യാനം ചെയ്യുമ്പോൾ കവിയുടെ ബോധത്തെ സ്വാധീനിച്ചിരിക്കാം. പുത്രസ്ഥാനീയരും ശിഷ്യരും ഉൾപ്പെടുന്നവർ (കളരികളിലെ അഭ്യാസവുമായി ബന്ധിപ്പിച്ച്) പാരായണം ചെയ്യുകയും പഠിക്കുകയും ചെയ്യുന്ന കൃതികളാണ് താൻ എഴുതുന്നത്

എന്ന് അദ്ദേഹത്തിനറിയാമായിരുന്നു. മണിപ്രവാളകവികളെ പോലെ കേവലം 'നേരമ്പോക്കി'നല്ല തന്റെ കാവ്യരചന; അത്യന്തരഹസ്യങ്ങളായ വേദപുരാണാദികൾ തന്റെ ജനതയ്ക്ക് മനസ്സിലാക്കിക്കൊടുക്കുന്നതിനാണ്.

ശ്രോതാക്കളുടെ, വായനക്കാരുടെ ഭാഗത്തുനിന്നുണ്ടാകാവുന്ന പ്രതികരണങ്ങളെ പരിഗണിച്ച്, കവി, സ്വയം നടത്തുന്ന പാകപ്പെടുത്തൽ (self editing) എഴുത്തച്ഛന്റെ കൃതികളിലുണ്ട് എന്നാണ് പറഞ്ഞു വന്നത്. കവിയുടെ എഴുത്ത് ഒരുതരം സാമൂഹികഭാഷണം കൂടിയായതിനാൽ സാമൂഹികഭാഷാശാസ്ത്രദൃഷ്ടിയിൽ ഇതിന് വലിയ പ്രാധാന്യമുണ്ട്.

2) വ്യാസോൽപത്തിയും ദ്രോണോൽപത്തിയും വിവരിക്കുന്ന സന്ദർഭങ്ങളിൽ ആഖ്യാതാവ് നടത്തുന്ന കൂട്ടിച്ചേർക്കലുകൾ :

എന്തിനു പറയുന്നു വെറുതേ ബഹുവിധം
ബന്ധമോക്ഷങ്ങളുടെ ഭേദം കണ്ടോരു മുനി
നല്ലൊരു തീർത്ഥഭൃതയായോരു യമുനയി-
ലെല്ലാരു കുളിച്ചൂത്തു സന്ധ്യയെ വന്ദിക്കുമ്പോൾ
മത്സ്യഗന്ധിനിയായ കൈവർത്തകന്യകയെ
മത്സ്യകേതനശരമേറ്റു പുൽകിനാൻ മുനി-"
(സംഭവപർവ്വം മഹാഭാരതം)

"ദ്രോണരാകുന്നതാരെന്നെന്നോടു ചോദിക്കിൽ, ഞാൻ
നാണവും പൂണ്ടുമണ്ടും, ചൊല്ലുവാൻ കാലം പോരാ-"

എഴുത്തച്ഛന്റെ കാലത്തോടെ ഉയർന്നുവന്ന,(ഇന്നും പല തലങ്ങളിലും നിലനിൽക്കുന്നതുമായ), പുതിയ സദാചാരബോധത്തിന്റെ പ്രതിഫലനം ഈ രണ്ടു പറച്ചിലുകളിലുമുണ്ട്. 'എന്തിനു പറയുന്നു വെറുതെ പലവിധം' എന്ന നിശ്വാസവും 'നാണവും പൂണ്ടു മണ്ടും' എന്നതിലെ ആക്ഷേപവും സൂചിപ്പിക്കുന്നത്, മണിപ്രവാളകൃതികളിലെ സാമൂഹികഘടനയോടുള്ള വിയോജിപ്പുതന്നെയാണ്. ഇത്തരം ഒരു സമൂഹം നിലവിലുണ്ടായിരുന്നുവോ എന്നതിലുപരി, പുതിയ ഒരാദർശസമൂഹത്തെക്കുറിച്ചുള്ള സ്വപ്നങ്ങൾ രൂപപ്പെട്ടു തുടങ്ങിയിരുന്നു എന്നതാണ് പ്രധാനം. അതിന്റെ ശക്തനായ വക്താവായിരുന്നു എഴുത്തച്ഛൻ.

2.6 ആചാരഭാഷയുടെയും ദൈനംദിന പ്രവൃത്തികളെ കുറിക്കുന്ന പദങ്ങളുടെയും പ്രയോഗം :

സാധാരണജനങ്ങളുടെ വ്യവഹാരഭാഷയിൽ കാണുന്ന സംബോധനകളും പ്രാദേശിക പദപ്രയോഗങ്ങളും മറ്റും എഴുത്തച്ഛന്റെ കൃതികളിൽ വിരളമാണ്. എന്നാൽ, ആചാരഭാഷയുടെ പ്രയോഗം അദ്ദേഹത്തിന്റെ കൃതികളിൽ ധാരാളമായി കാണാൻ സാധിക്കും. സമൂഹത്തെ നിയന്ത്രിച്ചിരുന്ന മേൽജാതിക്കാർക്ക് കീഴ്ജാതിക്കാരുടെമേൽ തങ്ങളുടെ അധികാരം സ്ഥാപിക്കാനുള്ള ഏറ്റവും എളുപ്പവഴിയായിരുന്നു ആചാരഭാഷ. "വളരെ ചെറിയ ഭാഷാപ്രയോഗങ്ങൾ കൊണ്ടുതന്നെ താൻ ആരെന്നും സമൂഹത്തിൽ തന്റെ സ്ഥാനമെന്തെന്നും നിഷ്പ്രയാസം വെളിപ്പെടുത്താൻ ആചാരഭാഷാപ്രയോഗത്തിനു കഴിഞ്ഞു. സാമൂഹികശ്രേണീകരണത്തെ ആവിഷ്കരിക്കുന്നു എന്ന നിലയ്ക്ക് ആചാരഭാഷയെ ആദരസൂചകപദങ്ങൾ എന്നും വിനയസൂചകപദങ്ങൾ എന്നും തിരിയ്ക്കാം. സമൂഹത്തിന്റെ അടരുകളിലെ മേലാളരെ കുറിച്ചു പറയുമ്പോൾ അവരോടുള്ള ആദരവ് സൂചിപ്പിക്കാൻ ആദരസൂചകപദങ്ങളും എളിയവർ സ്വന്തം കാര്യം പറയുമ്പോൾ വിനയസൂചക പദങ്ങളും ഉപയോഗിക്കും. " (വി. ആർ. പ്രബോധചന്ദ്രൻ നായർ : 2016 എഴുത്തച്ഛന്റെ ഭാഷയിലാവട്ടെ, നിൻതിരുവടി, തിരുവുള്ളം, തിരുവുള്ളക്കേട് തുടങ്ങിയ ആദരസൂചകശബ്ദങ്ങളും 'അടിയൻ' മാതിരിയുള്ള വിനയസൂചക ശബ്ദങ്ങളും ധാരാളമായി കാണാൻ സാധിക്കും. അദ്ദേഹം ഉപയോഗിക്കുന്ന സംബോധനകൾ ശ്രദ്ധിച്ചാലും അവയിൽ ഈ സ്ഥാനഭേദം വ്യക്തമാകും.

ദൈനംദിനവൃത്തികളായ ഊണ്, ഉറക്കം, കുളി തുടങ്ങിയവയെക്കുറിച്ചുള്ള പരാമർശങ്ങളും നാമമാത്രങ്ങളാണ്. അത്തരം സന്ദർഭങ്ങളിൽ ഔപചാരികമായി പറഞ്ഞു പോകുമ്പോൾ അശിക്കുക, ഭുജിക്കുക തുടങ്ങിയ വാക്കുകൾ ഉപയോഗിക്കുന്നതായിട്ടാണ് കാണുക (അപൂർവമായി ഉണ്ണുക എന്നും മറ്റും കാണാം). എന്നാൽ സന്ധ്യാവന്ദനത്തെ കുറിച്ചുള്ള സൂചനകൾ താരതമ്യേന അധികമായി കാണാം. ബ്രാഹ്മണജീവിതശൈലിയുടെ ഭാഗമായ സന്ധ്യാവന്ദനത്തെ പ്രാധാന്യത്തോടെ സ്ഥാപിക്കുന്നതിൽ നേരത്തെ സൂചിപ്പിച്ച ആദർശാത്മക സമൂഹസൃഷ്ടിയെ കുറിച്ചുള്ള ചിന്തകളുമുണ്ട്.

2. 7 പഴഞ്ചൊല്ലുകളും ലോകോക്തികളും:-

പഴയകാല സാഹിത്യകൃതികളെ സാമൂഹികഭാഷാശാസ്ത്രത്തിന്റെ വീക്ഷ ണത്തിലൂടെ സമീപിക്കുമ്പോൾ അവയിൽ പ്രത്യക്ഷപ്പെടുന്ന പഴഞ്ചൊല്ലുകൾക്കും ലോകോക്തികൾക്കും ഏറെ പ്രാധാന്യമുണ്ട്. കുഞ്ചൻനമ്പ്യാരുമായും മറ്റും താരത മ്യപ്പെടുത്തുമ്പോൾ താരതമ്യേന കുറവാണെങ്കിലും എഴുത്തച്ഛന്റെ കൃതികളിലും ചില ചൊല്ലുകളും ലോകോക്തികളും കടന്നുവരുന്നത് കാണാം.

ഉദാ :-

"എന്നും കുരയ്ക്കുന്ന പട്ടി കടിയ്ക്കയി-
ല്ലെന്നു നീ കേട്ടിട്ടുമില്ലേ സുയോധനാ -"
(ദ്രോണപർവ്വം)
"ചാകാത നാളല്ല ഞാനും പിറന്നിതു-"
(ഭീഷ്മപർവ്വം)
"കല്ലുകൊണ്ടോ മനം താവകം -"
(സ്ത്രീ പർവ്വം)
"സ്വപ്നം ചിലർക്കു ചില കാലമൊത്തിടും"

എന്നാൽ, എഴുത്തച്ഛനെ സംബന്ധിച്ചിടത്തോളം ഇവയെക്കാൾ പ്രാധാ ന്യമുണ്ട്, അദ്ദേഹത്തിന്റെ കൃതികളിൽ നിന്ന് സമൂഹത്തിലേക്ക് തിരിച്ചിറങ്ങിയ പഴ ഞ്ചൊൽ പ്രായമായ ഈരടികൾക്കും.

ഉദാ :

"താൻതാൻ നിരന്തരം ചെയ്യുന്ന കർമ്മങ്ങൾ
താൻതാനനുഭവിച്ചീടുകെന്നേ വരൂ"
(അദ്ധ്യാത്മ രാമായണം അയോധ്യാകാണ്ഡം)
"പാരിൽ സുഖം ദുഃഖമൂലമല്ലോ നൃണാ"
(അയോധ്യാകാണ്ഡം)
"ക്രോധമല്ലോ യമനായതു നിർണ്ണയം"
(അയോധ്യാകാണ്ഡം)
"കോപമാകുന്നതു വിത്തെന്നറിയണം
പാപമാകുന്ന മഹാമരത്തിനെടോ"
(സ്ത്രീ പർവ്വം)

"പ്രത്യുപകാരം മറക്കുന്ന പൂരുഷൻ
ചത്തതിനൊക്കുമേ ജീവിച്ചിരിക്കിലും"
(കിഷ്കിന്ധാകാണ്ഡം)

"ഭോഗങ്ങളെല്ലാം ക്ഷണപ്രഭാചഞ്ചലം
വേഗേന നഷ്ടമാമായുസ്സുമോർക്ക നീ"
(അയോധ്യാകാണ്ഡം)
"ആപത്തു വന്നടുത്തീടുന്ന കാലത്തു
ശോഭിക്കയില്ലെടോ സജ്ജനഭാഷിതം"
(കിഷ്കിന്ധാകാണ്ഡം)
"താതകാര്യം അനജ്ഞാപ്തമെന്നാകിലും
മോദേനചെയ്യുന്ന നന്ദനനുത്തമൻ"
(അയോധ്യാകാണ്ഡം)
"കിംക്ഷണന്മാർക്ക് വിദ്യയുണ്ടാകുകയില്ലല്ലോ
കിംകണന്മാരായുള്ളോർക്കർത്ഥവുമുണ്ടായ് വരാ
കിമൃണന്മാർക്ക് നിത്യസൗഖ്യവുമുണ്ടായ് വരാ
കിംദേവന്മാർക്കു ഗതിയും പുനരതുപോലെ"
(ബാലകാണ്ഡം)
"ക്രോധിക്കർത്ഥവുമില്ല, ശഠനു മിത്രമില്ല,
ക്രൂരനു നാരിയില്ല, സുഖിക്കു വിദ്യയില്ല,
കാമിക്കു നാണമില്ല, കോശമില്ലലസനു
സർവ്വവുമില്ല നൂനമനവസ്ഥിതന്നോർത്താൽ"
(ശ്രീ മഹാഭാരതം, ഉദ്യോഗപർവ്വം)

ഈ മട്ടിൽ ഉദാഹരണങ്ങൾ എത്രയും വിപുലപ്പെടുത്താം. ആശയങ്ങൾ മൂലകൃതിയിൽ നിന്നെടുത്തതാണെങ്കിലും ഈ വരികളെല്ലാംതന്നെ പിൽക്കാലത്ത് കേരളീയപൊതുബോധത്തിന്റെയും ആദർശങ്ങളുടെയും ഭാഗമായി മാറുകയും വരി തെറ്റാതെ, മുതിർന്നവരുടെ ഉപദേശങ്ങളുടെ ഭാഗമായി അടുത്തടുത്ത തലമുറകളിലേക്ക് പകരുകയും ചെയ്തു. പലപ്പോഴും മുഖ്യധാരയ്ക്ക് പുറത്തായിപ്പോയ സ്ത്രീകൾ ഇവ ധാരാളമായി എടുത്തുപയോഗിച്ചിരുന്നു എന്നതും പ്രധാനമാണ്. ഇത്തരം ഉദ്ധരണി

കളെല്ലാം തന്നെ വർണാശ്രമധർമ്മവ്യവസ്ഥയുടെ പൊതുബോധവുമായി ഇണങ്ങി നിൽക്കുന്നതായിരുന്നു എന്നു കാണാൻ പ്രയാസമില്ല. നമ്പ്യാരെപ്പോലെ, 'തള്ളയ്ക്കിട്ടോരു തല്ലു വരുമ്പോൾ പിള്ളയെടുത്തു തടുക്കേയുള്ളൂ' എന്നോ 'എമ്പ്രാനല്പം കട്ടു ഭുജിച്ചാൽ അമ്പലവാസികളൊക്കെ കക്കും' എന്നോ 'പട്ടന്മാരൊരു വസ്ത്രമെടുത്താൽ പൊട്ടന്മാരിഹ തോൽക്കേയുള്ളൂ' എന്നോ ഒന്നും എഴുത്തച്ഛൻ എഴുതിയിട്ടില്ല. ചാതുർവർണ്യവ്യവസ്ഥയുടെ ഭാഗമായ വിധിവിശ്വാസത്തെ ഊട്ടിയുറപ്പിക്കുന്നതായിരുന്നു എപ്പോഴും അദ്ദേഹത്തിന്റെ വരികൾ.

2. 8 പ്രകാരങ്ങൾ, അനുപ്രയോഗങ്ങൾ, നിഷേധരൂപങ്ങൾ :

വക്താവിന്റെ വിവക്ഷയെ സ്പഷ്ടമായി വെളിപ്പെടുത്താനുപയോഗിക്കുന്ന ഭാഷണഘടകങ്ങളാണ്, പ്രകാരങ്ങളും അനുപ്രയോഗങ്ങളും, നിഷേധരൂപങ്ങളും (ഭാഷണത്തിനിടയിലെ) ഊന്നലുകളും മറ്റും. സാമൂഹികചരങ്ങൾ എന്നതിനേക്കാൾ ഭാഷാചരങ്ങൾ ഉൾപ്പെടുന്ന ഈ വിഭാഗം വ്യാകരണവുമായിട്ടാണ് അധികം ബന്ധപ്പെടുന്നത്. എന്നാൽ, ഇത്തരം പ്രയോഗങ്ങൾ കൊണ്ടുണ്ടാകുന്ന വിവക്ഷഭേദങ്ങൾ സാമൂഹിക ഭാഷാശാസ്ത്രത്തിന്റെ അന്വേഷണപരിധിയിൽ ഉൾപ്പെടുന്നതാണ്. "ഒരു സംബോധന പ്രയോഗിച്ചതിനുശേഷം ശാസനയോ ആജ്ഞയോ അർത്ഥമായി വരുന്ന പ്രകാരം ഉപയോഗിച്ചാൽ സംബോധന കൊണ്ടുണ്ടാക്കിയ ആദരവിന്റെ പ്രസക്തി നഷ്ടപ്പെടുന്നു." (കെ.എം. പ്രഭാകര വാര്യർ : 1999) അതുപോലെതന്നെ അധികാരപരമായി താഴ്ന്നു നിൽക്കുന്നവരും ഉയർന്നുനിൽക്കുന്നവരും തമ്മിലുള്ള സ്ഥാനഭേദം കുറിക്കാനും സംസാരത്തിൽ സവിശേഷമായ ഊന്നലുകൾ കൊടുക്കാനും ഇത്തരം പ്രയോഗങ്ങൾ കൊണ്ട് സാധിക്കുന്നുണ്ട്.

1. രാമൻ, സുഗ്രീവനോട്, സീതയെ തിരയാൻ കപികളെ അയക്കണം എന്ന് പറയുന്ന സന്ദർഭം:

"അർക്കനന്ദനൻ മൊഴി കേട്ടു രാഘവദേവൻ
മർക്കടപ്രവരനെത്തഴുകിയരുൾ ചെയ്തു,
നാലു ദിക്കിലുമയച്ചീടേണം കപികളെ -
പ്പാലോലും മിഴിയാളാം സീതയെയന്വേഷിപ്പാൻ -"
(ശ്രീരാമോദന്തം,ആരണ്യപർവ്വം)

തഴകി അരുളി ചെയ്യുകയാണെങ്കിലും 'അയച്ചിടേണം' എന്ന വിധായക പ്രകാരം പ്രയോഗിക്കുന്നതോടുകൂടി അതൊരു ആജ്ഞയുടെ സ്വഭാവത്തിലേക്ക് മാറുന്നു.

2) സുഭദ്രാഹരണ സന്ദർഭത്തിൽ (സംഭവപർവ്വം) സുഭദ്രയും പാർത്ഥനും തമ്മിലുള്ള സംഭാഷണം:

അർജ്ജുനൻ :
തെളിച്ചിടേണം തേരെനിക്കു സുഭദ്രേ, ഞാ-
നൊളിച്ചുകൊണ്ടുപോയിതെന്നതുമരുതല്ലോ
വിളിച്ചു പറയേണം വിപൃഥു തന്നോടു ഞാൻ
കളിച്ചു യുദ്ധം ചെയ്യുന്നതു നീ കണ്ടു കൊൾക"
സുഭദ്രയുടെ മറുപടി :
"ചെയ്താലുമാകും വണ്ണം ജന്യം, ഞാൻ പാത്രമത്രേ
ചൈതന്യമെനിയ്ക്കേതുമില്ലെന്നോ നിരൂപിച്ചു
....
ഭാഗത്തിൽ സമരസംയോഗത്തിനൊത്തവണ്ണം
വേഗത്തിൽ കൂട്ടിടുവൻ കാട്ടിക്കൊണ്ടാലും ശൗര്യം"

താൻ ബാഹുകവംശത്തിൽ പിറന്നവളും ബാഹുബലമുള്ള ഭ്രാതാക്കളുള്ളവളും അർജ്ജുനനു യുദ്ധം ചെയ്യാനൊക്കും മട്ടിൽ തേര് കൂട്ടാൻ കഴിവുള്ളവളുമാണെന്ന ബോധ്യമുണ്ടെങ്കിലും സുഭദ്രയുടെ വാക്കുകളിൽ വിനയം പ്രകടമാണ്. 'ചെയ്താലുമാകും വണ്ണം ജന്യം', 'കാട്ടിക്കൊണ്ടാലും ശൗര്യം' തുടങ്ങിയ പ്രയോഗങ്ങൾ (നിയോജകപ്രകാരം) ഇതിന്റെ സൂചനയാണ്. സ്ത്രീകൾക്ക് ഉണ്ടായിരിക്കേണ്ട വിനയത്തെ കുറിച്ചുള്ള കവിയുടെ ബോധ്യവും ഇവിടെ വായിച്ചെടുക്കാം.

പ്രകാരങ്ങളുടെ അവധാരരൂപങ്ങളും അനുപ്രയോഗങ്ങളും സവിശേഷമായ ചില ദീർഘങ്ങളും പ്രയോഗിച്ച് വിവക്ഷയെ പ്രകാശിപ്പിക്കുന്നതിൽ അദ്വിതീയമായ വൈഭവം എഴുത്തച്ഛനുണ്ട്:

"ദേഹികളെ പരിപാലിച്ചു കൊള്ളുകി -
ലൈഹിക പാരത്രികങ്ങളും സാധിക്കും-"

(ആസ്തികപർവ്വം)

"സർവൈകസാക്ഷിണം സർവ്വജ്ഞമീശ്വരം
സർവ്വദാ ചേതസി ഭാവിച്ചു കൊൾക നീ"

(അയോധ്യാകാണ്ഡം)

". . . എന്നിവ നാലിങ്കലുമസത്യം പറഞ്ഞാലു-
മെന്നുമേ ദോഷമില്ലയെന്നു കേളിയുമില്ലേ?"

(സംഭവപർവ്വം)

"കാലസ്വരൂപനല്ലോ പരമേശ്വരൻ"

(ഉദ്യോഗപർവ്വം)

"ചിത്തഭ്രമമിദം ചിത്രമത്രേ തുലോം"

(സ്ത്രീപർവ്വം)

"ഇഷ്ടം പറയുന്ന ബന്ധുക്കളാരുമേ
കഷ്ടകാലത്തിങ്കലില്ലെന്നു നിർണ്ണയം"

(യുദ്ധകാണ്ഡം)

"നാമജപത്തിനാലേ വരും മോക്ഷവും"

(യുദ്ധകാണ്ഡം)

ഉദാഹരണങ്ങൾ എത്രയും ദീർഘിപ്പിക്കാം. നിഷേധരൂപങ്ങൾ പ്രയോഗിക്കുന്നതിലെ വൈവിധ്യം കൂടി ഈ സന്ദർഭത്തിൽ പരിശോധിക്കാവുന്നതാണ്.

"കാമിച്ച നാരിതന്നെ ത്യാഗം ചെയ്തീടുന്നവൻ
കാമിച്ചതൊന്നും വരാ, നരകം വരും താനും"

(സംഭവപർവ്വം)

"നിത്യവും രാമരാമേതി ജപിക്കുന്ന
മർത്യനു മൃത്യു ഭയാദികളൊന്നുമേ
സിദ്ധിയ്ക്കയില്ലതേയല്ല കൈവല്യവും
സിദ്ധിയ്ക്കുമേവനുമെന്നതും നിർണ്ണയം"

(അയോധ്യാകാണ്ഡം)

"ദുഷ്ടതയല്ലാ ചൊൽവനൊട്ടുമേ കേട്ടാലും നീ
മട്ടോലും മിഴിയാളേ ധർമ്മത്തെ നിരൂപിയ്ക്ക"

(സംഭവപർവ്വം)

"രാമനെച്ചിന്തിച്ച ദുഃഖിയായ്ക്കാരുമേ,
കോമളഗാത്രിയാം ജാനകി മൂലവും"
(അയോധ്യാകാണ്ഡം)
"അലമലമിതരുതരുതു രാമകാര്യർത്ഥമാ -
യാശു പോകം വിധൗ പാർക്കരുതെങ്ങുമേ-"
(സുന്ദരകാണ്ഡം)
"ഭോഗത്തിനായ് കൊണ്ടു കാമിക്കകയും വേണ്ട
ഭോഗം വിധികൃതം വർജ്ജിക്കയും വേണ്ട-"

അല്ല, ഇല്ല, അരുത്, വേണ്ട, ആ തുടങ്ങിയ നിരവധി നിഷേധരൂപങ്ങൾ എഴുത്തച്ഛൻകൃതികളിലുടനീളം കാണാം. നിഷേധങ്ങളുടെ ഈ വൈപുല്യം പഴയ മലയാളഭാഷയുടെ സവിശേഷതകളിൽ ഒന്നുമാണ്. എന്നാൽ അനുപ്രയോഗങ്ങളും ദീർഘങ്ങളും നിഷേധങ്ങളും മറ്റും ഉപയോഗിച്ച് അദ്ദേഹം തന്റെ കാവ്യശൈലിയിൽ ഉണ്ടാക്കുന്ന വൈചിത്ര്യത്തിലാണ് ഇവിടെ ഊന്നുന്നത്. ഇതൊരു ശൈലീവിശേഷം എന്നു മാത്രം പരിഗണിച്ചാൽ പോരാ. കവിതയ്ക്കു പുറത്ത്, സാമൂഹികമായ ഒരുതരം ഉറപ്പിക്കലും, പഠിപ്പിക്കലും കൂടി കവി ഉദ്ദേശിക്കുന്നുണ്ട്. വക്താവിന്റെ വാക്കുകളുടെ 'ഉറപ്പി'ന് ശ്രോതാക്കളെ തീർച്ചയായും സ്വാധീനിക്കാൻ കഴിയും. എന്ത് ചെയ്യണമെന്നും, എന്ത് ചെയ്യരുതെന്നും ശിഷ്യപരമ്പരകൾക്ക് മുമ്പിൽ അവതരിപ്പിക്കുക കൂടിയാണ് ഇത്തരം ഊന്നലുകളിലൂടെ കവി ചെയ്തിട്ടുള്ളത് എന്ന് ഈ അംശത്തെ സംഗ്രഹിക്കാം.

3. എഴുത്തച്ഛനും മാനകമലയാളവും

എഴുത്തച്ഛന്റെ കൃതികളിലെ സാമൂഹികഭാഷാശാസ്ത്രഘടകങ്ങൾ സൂക്ഷ്മമായി പരിശോധിച്ചാൽ അദ്ദേഹത്തെ മലയാളഭാഷയുടെ പിതാവ് എന്ന് അഭിസംബോധന ചെയ്യാൻ ഇടയായതിന്റെ കാരണത്തിലേക്ക് കൂടി എത്തിച്ചേരാവുന്നതാണ്. ഭാഷാശാസ്ത്രപരമായി നോക്കിയാൽ എഴുത്തച്ഛൻ ഉപയോഗിച്ചത് ഏറെക്കുറെ ഒരു 'മാനക മലയാള'മായിരുന്നു. പ്രാദേശികഭാഷാഭേദങ്ങളോ അനൗപചാരികസംഭാഷണങ്ങളോ, സഭ്യേതരമായ പ്രയോഗങ്ങളോ ഒന്നുമില്ലാത്ത ഒരു മാനകരൂപം. അദ്ദേഹം ജീവിച്ചിരുന്ന കാലഘട്ടത്തിൽ സാഹിത്യഭാഷ അത്തരമൊരു മാനകീകരണം ആവശ്യപ്പെട്ടിരുന്നു.

ഏതു ഭാഷയുടേയും മാനകീകരണത്തിൽ, തിരഞ്ഞെടുക്കൽ(selection), ക്രോഡീകരണം (codification), വിപുലീകരണം (development), അംഗീകാരവും നടപ്പാക്കലും (Recognition and implementation) എന്നിങ്ങനെ നാലു ഘട്ടങ്ങളുണ്ടല്ലോ. (കെ.എം. പ്രഭാകര വാര്യർ & ശാന്ത അഗസ്റ്റിൻ : 1972) മലയാളത്തെ സംബന്ധിച്ചിടത്തോളം, ഈ പ്രക്രിയയിലെ ആദ്യ രണ്ടു ഘട്ടങ്ങൾ പൂർത്തിയാകുന്നത് എഴുത്തച്ഛന്റെ കാലത്തോടെയാണ് എന്നു കാണാം.

പാട്ട്, മണിപ്രവാളം എന്നിവയിൽ നിന്ന് വ്യത്യസ്തവും സവിശേഷവ്യവഹാരത്തിന് തികച്ചും അനുയോജ്യവുമായ ഒരു ശൈലിയാണ് എഴുത്തച്ഛൻ തെരഞ്ഞെടുത്തത്. അതിന്, ഏതു ഭാവത്തെയും ആർജ്ജവത്തോടെ ആവിഷ്കരിക്കാൻ ശക്തിയുണ്ടായിരുന്നു; ലാളിത്യവും ഗാംഭീര്യവുമുണ്ടായിരുന്നു. അങ്ങനെയാണ്,

"നമുക്കെഴുത്തച്ഛനെടുത്ത ഭാഷാ-
ക്രമക്കണക്കേ ശരണം, ജനങ്ങൾ
സ്സമസ്തരും സമ്മതിയാതെ കണ്ടീ-
സ്സമർത്ഥനെഴുതില്ലൊരു വാക്കുപോലും-" (കേരളം, കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ)

എന്നൊക്കെ പഴഞ്ചൊല്ലു പോലെ സ്വീകാര്യത ലഭിക്കുന്ന വരികൾ രൂപപ്പെടുന്നത്. മറ്റൊന്നുകൂടി, സാമൂഹികഭാഷാശാസ്ത്രദൃഷ്ടിയിൽ, കുഞ്ഞിക്കുട്ടൻതമ്പുരാൻ എഴുതിയതിലെ രണ്ടാമത്തെ ഭാഗത്തിനാണ് കൂടുതൽ പ്രസക്തി. (എഴുത്തച്ഛൻ എഴുതിയത് ജനങ്ങൾ അംഗീകരിച്ചു എന്ന പോലെതന്നെ,) സമസ്തജനങ്ങൾക്കും അംഗീകരിക്കാവുന്ന വിധത്തിൽ അദ്ദേഹം തന്റെ രചന നിർവഹിക്കുകയാണ് ഉണ്ടായത്. അതായത്, സമൂഹാബോധമനസ്സിൽ അമൂർത്തമായി നിലനിന്നിരുന്ന ആശയങ്ങൾക്കും ആദർശങ്ങൾക്കും ഭാഷാസ്വരൂപം നൽകുകയാണ് എഴുത്തച്ഛൻ ചെയ്തത് എന്നിതിനെ ചുരുക്കാം.

ഉപസംഹാരം

സാമൂഹികഭാഷാശാസ്ത്രത്തിൽ ഉൾപ്പെടുന്ന വ്യത്യസ്തചരങ്ങളെ മുൻനിർത്തി എഴുത്തച്ഛൻ കൃതികളിലെ ഭാഷയെ പഠിക്കാനാണ് ഈ പ്രബന്ധത്തിൽ ശ്രമിച്ചത്. അതിന് വിവിധസാമൂഹിക സന്ദർഭങ്ങൾ പ്രത്യക്ഷപ്പെടുന്ന ഭാഷാഘടകങ്ങളെയും വ്യാകരണഘടകങ്ങളെയും സാമാന്യമായി വിലയിരുത്തുകയും 'മാനകഭാഷ'

എന്ന നിലയിൽ മലയാളത്തിന് സാമൂഹികാംഗീകാരം ലഭിക്കുന്നതിൽ എഴുത്തച്ഛൻ നൽകിയ സംഭാവനകളെ വിശദീകരിക്കുകയും ചെയ്തു. പ്രബന്ധത്തിന്റെ പ്രധാന ഉപദർശനങ്ങളെ താഴെ കാണും പ്രകാരം ക്രോഡീകരിക്കാം.

പ്രാദേശികഭാഷാഭേദങ്ങൾ, സാമൂഹികവ്യവഹാരത്തിലെ അനൗപചരിക സന്ദർഭങ്ങൾ എന്നിവ എഴുത്തച്ഛൻ കൃതികളിൽ വിരളമായേ കാണൂ.

ഒരു പൊതുസദസ്സിൽ പറയാവുന്ന വിധത്തിൽ, നിലവാരപ്പെടുത്തിയ ഭാഷയാണ് ആഖ്യാനത്തിനായി എഴുത്തച്ഛൻ തെരഞ്ഞെടുക്കുന്നത്.

വ്യവസ്ഥാപിതമായ സാമൂഹികപദവികളിലെ വ്യത്യാസങ്ങൾ കൃത്യമായി എഴുത്തച്ഛൻ സ്വീകരിക്കുകയും ആഖ്യാനത്തിൽ ഉൾപ്പെടുത്തുകയും ചെയ്യുന്നുണ്ട്. മറ്റൊരുതരത്തിൽപ്പറഞ്ഞാൽ നിലനിൽക്കുന്ന വർണ്ണാശ്രമധർമ്മാധിഷ്ഠിതമായ വ്യവഹാരങ്ങളെ കൃത്യമായി പിന്തുടരുകയാണ് എഴുത്തച്ഛൻ ചെയ്യുന്നത്. താൻ 'പാദജ'നാണ് എന്നംഗീകരിയ്ക്കാനും ഭഗിനേയർ ശേഷക്രിയ ചെയ്യുന്ന പാദജർ 'കർമ്മ'ത്തിൽ അധികാരമില്ലാത്തവരാണ് എന്ന് പറയാനും അദ്ദേഹം മടിച്ചില്ല എന്നത് ഇതിന് തെളിവാണ്. ഇത് മേൽജാതിക്കാർക്കും സ്വീകാര്യമായിരുന്നു. അതുകൊണ്ടു തന്നെ, മേൽജാതിയിൽ നിന്നുമുണ്ടാകുന്ന ഘർഷണങ്ങൾ അദ്ദേഹത്തിന്റെ രചനകളെ കാര്യമായി ബാധിച്ചില്ല.

മേൽസൂചിപ്പിച്ച, ചാതുർവർണ്യത്തിൽ അധിഷ്ഠിതമായ ജാതിവ്യവസ്ഥയുടെ അടിസ്ഥാന ആദർശങ്ങളിൽ ഒന്നാണ് കർമസിദ്ധാന്തം. വിധിവിശ്വാസമാണ് ഇതിൽ അടിസ്ഥാനം. എഴുത്തച്ഛന്റെ കൃതികളിൽ, ഈ കർമ്മസിദ്ധാന്തത്തെ ഊട്ടിയുറപ്പിക്കുന്ന നിരവധി സന്ദർഭങ്ങൾ കാണാം. എന്നാൽ, ഒരു ആദർശമെന്ന നിലയിൽ കർമ്മസിദ്ധാന്തത്തെ സ്ഥാപിക്കുന്ന 'ഭഗവത്ഗീത' അദ്ദേഹം വിവർത്തനത്തിന് എടുക്കാതെ വിട്ടുകളഞ്ഞു. വർണ്ണവ്യവസ്ഥയ്ക്കെതിരെ അദ്ദേഹത്തിൽ ഉണ്ടായ ആന്തരികസംഘർഷം ഇതിനു കാരണമായിരിക്കാം എന്ന് അഭ്യൂഹിക്കാം.

എഴുത്തച്ഛന്റെ കാലഘട്ടത്തോടെ വ്യാപകമായ ഗുരുകുലങ്ങളും കളരികളും അദ്ദേഹത്തിന്റെ രചനയേയും അതിന്റെ പിൽക്കാല സംക്രമണത്തെയും കാര്യമായി സ്വാധീനിച്ചിട്ടുണ്ട്. മാനകമലയാളം എന്ന നിലയിൽ, -എഴുത്തച്ഛനെടുത്ത അക്ഷരക്രമക്കണക്കേ ശരണം എന്ന മട്ടിൽ - അതിനു സ്വീകാര്യത ലഭിക്കുന്നതിൽ അക്കാലത്തെ സാമ്പ്രദായികവിദ്യാഭ്യാസത്തിന് വലിയ പങ്കുണ്ടായിരുന്നു. മറ്റൊരു വിധത്തിൽ പറഞ്ഞാൽ അത്തരമൊരു വ്യവസ്ഥയിലൂടെ സംക്രമിക്കരുതാത്ത യാതൊന്നും എഴു

ത്തച്ഛന്റെ കൃതികളിൽ കണ്ടെത്താനും സാധിക്കില്ല.

ഇനിയും വിപുലീകരിക്കാനാവുന്നതും നിരവധി അന്വേഷണങ്ങൾക്ക് സാധ്യതയുള്ളതുമായ വിഷയമാണ്, "എഴുത്തച്ഛന്റെ ഭാഷ - സാമൂഹികഭാഷാശാസ്ത്രത്തിന്റെ പശ്ചാത്തലത്തിൽ" എന്നുമാത്രം സൂചിപ്പിച്ചുകൊണ്ട് ചുരുക്കട്ടെ.

കുറിപ്പുകൾ

താഴെ കൊടുത്തിട്ടുള്ള പാഠങ്ങൾ ആസ്പദമാക്കിയാണ് ഈ പ്രബന്ധത്തിൽ എഴുത്തച്ഛൻ കൃതികളിൽ നിന്നുള്ള ഉദ്ധരണികൾ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

അദ്ധ്യാത്മരാമായണം കിളിപ്പാട്ട് -2003, തൃശ്ശൂർ,എച്ച്. ആൻഡ്. സി. പബ്ലിഷിംഗ് ഹൗസ്.

ശ്രീ മഹാഭാഗവതം കിളിപ്പാട്ട് -1994, കോട്ടയം, ഡി. സി ബുക്ക്

ശ്രീ മഹാഭാരതം കിളിപ്പാട്ട് -2003,കോഴിക്കോട്,അർജ്ജുൻ ബുക്സ്

സഹായക ഗ്രന്ഥങ്ങൾ

1. പ്രബോധചന്ദ്രൻനായർ. വി. ആർ,, ഭാഷാശാസ്ത്രപരിചയം, തിരുവനന്തപുരം, മാളുബൻ പബ്ലിക്കേഷൻ, 2016, പു. 93
2. അതേ പുസ്തകം, പു. 93,94
3. ഗിരീഷ് പി. എം, അധികാരവും ഭാഷയും, കോഴിക്കോട്, ഐ. ബുക്സ് കേരള,പു. 12
4. അതേ പുസ്തകം, 2017, പു. 13
5. രാഘവവാരിയർ & രാജൻ ഗുരുക്കൾ, കേരളചരിത്രം, ഭാഗം. 2, ശുകപുരം,വള്ളത്തോൾ വിദ്യാപീഠം, 2012, പു. 151
6. രാഘവവാരിയർ. എം. ആർ, അമ്മവഴിക്കേരളം, തൃശ്ശൂർ, കേരള സാഹിത്യ അക്കാദമി, 2006, പു. 15
7. ഗിരീഷ് പി. എം, അധികാരവും ഭാഷയും, കോഴിക്കോട്, ഐ. ബുക്സ് കേരള,പു. 120
8. അതേ പുസ്തകം, 2017, പു. 36
9. അതേ പുസ്തകം, പു 127

10. പ്രബോധചന്ദ്രൻനായർ. വി. ആർ, ഭാഷാശാസ്ത്രപരിചയം, തിരുവനന്തപുരം, മാളുബൻ പബ്ലിക്കേഷൻ, 2016, പു. 101, 102. (വിശദാംശങ്ങൾ വിട്ടുകളഞ്ഞിട്ടുണ്ട്)

11. ഉഷാ നമ്പൂതിരിപ്പാട്, സാമൂഹികഭാഷാവിജ്ഞാനം, തിരുവനന്തപുരം, കേരള ഭാഷ ഇൻസ്റ്റിറ്റ്യൂട്ട്, 1994.

12. എഴുത്തച്ഛൻ കെ. എൻ, തുഞ്ചത്തെഴുത്തച്ഛന്റെ അദ്ധ്യാത്മരാമായണം ഒരു പഠനം, തിരൂർ, തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല, 2015.

13. ഗണേഷ്. കെ. എൻ, കേരളത്തിന്റെ ഇന്നലെകൾ തിരുവനന്തപുരം, സാംസ്കാരികപ്രസിദ്ധീകരണ വകുപ്പ്, 1990.

14. ഗിരീഷ് പി. എം, അധികാരവും ഭാഷയും, കോഴിക്കോട്, ഐ. ബുക്സ് കേരള, 2017.

15. ഗിരീഷ് പി. എം & സി. ജിരാജേന്ദ്രബാബു(സമാ), മലയാളം: തായ്വേരുകൾ, പുതുനാമ്പുകൾ, ചെന്നൈ, ദക്ഷിണ, 2015.

16. ഗുപ്തൻനായർ എസ്. എസ്, (എഡി), തുഞ്ചൻ പ്രബന്ധങ്ങൾ, തൃശ്ശൂർ, കേരള സാഹിത്യ അക്കാദമി, 1985.

17. പ്രബോധചന്ദ്രൻ വി. ആർ, സ്വനവിജ്ഞാനം, തിരുവനന്തപുരം, കേരള ഭാഷാഇൻസ്റ്റിറ്റ്യൂട്ട്, 1980.

18. പ്രബോധചന്ദ്രൻനായർ. വി. ആർ, ഭാഷാശാസ്ത്രപരിചയം, തിരുവനന്തപുരം, മാളുബൻ പബ്ലിക്കേഷൻ, 2016.

19. പ്രഭാകരവാരിയർ. കെ. എം, ഭാഷായും മനശ്ശാസ്ത്രവും, തിരുവനന്തപുരം, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 1999.

20. പ്രഭാകരവാരിയർ കെ. എം,& ശാന്ത അഗസ്റ്റിൻ, ആധുനിക ഭാഷാശാസ്ത്രം, തിരുവനന്തപുരം, കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്, 1972.

21 ബാലകൃഷ്ണൻ. പി. കെ, 1982 എഴുത്തച്ഛന്റെകല, തിരുവനന്തപുരം, നവധാര.

22. രാഘവവാരിയർ. എം. ആർ 2006, അമ്മവഴിക്കേരളം,തൃശ്ശൂർ, കേരള സാഹിത്യ അക്കാദമി.

23. രാഘവവാരിയർ. എം. ആർ, മധ്യകാലകേരളം: സ്വരൂപനീതിയുടെ ചരിത്രപാഠങ്ങൾ, കോട്ടയം SPCS /NBS, 2014.

24. രാഘവവാരിയർ & രാജൻ ഗുരുക്കൾ, കേരളചരിത്രം, ഭാഗം. 2, ശുകപുരം,വള്ളത്തോൾ വിദ്യാപീഠം, 2012.

25. രാമചന്ദ്രൻ നായർ, പന്മന, (എ. ഡി), തുഞ്ചൻ പഠനങ്ങൾ, തിരുവനന്തപുരം, പി. കെ. പരമേശ്വരൻ നായ സ്മാരക ട്രസ്റ്റ് / കറന്റ് ബുക്ക്സ്, 2012.

26. വേണുഗോപാലപണിക്കർ ടി. ബി, ഭാഷാർത്ഥം, തിരുവനന്തപുരം, കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്, 1997.

27. ശ്രീജൻ വി. സി, വിമർശനാത്മകസിദ്ധാന്തം, കോട്ടയം, ഡിസി ബുക്ക്സ്, 1999.

28. ശ്രീവത്സൻ ടി, ഹരിത ഭാഷാവിചാരം, തിരുവനന്തപുരം, കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്, 2013.

29. സങ്കാലിയ (വിവഃമൈത്രേയൻ), രാമായണ പഠനങ്ങൾ,ലെൻസ് ബുക്സ്, പത്തനംതിട്ട, 2011

മലയോരഭാഷണത്തിലെ സ്ഥായീസവിശേഷതകൾ : ഒരു സാമൂഹിക സ്വനവിജ്ഞാന പഠനം

ഡോ. ശരത് വി. എസ്.
വെണ്മലശ്ശേരി ഹൌസ്
ഇടവനക്കാട്, എറണാകുളം

പ്രബന്ധസംഗ്രഹം:

കേൾവിയിൽ തന്നെ തിരിച്ചറിയാവുന്നതും സൂക്ഷ്മ നിരീക്ഷണത്തിലൂടെ മാത്രം തിരിച്ചറിയാൻ സാധിക്കുന്നതുമായ നിരവധി ഭേദങ്ങൾ ഉള്ള ഒരു ഭാഷയാണ് മലയാളം. തനതായ സവിശേഷതകൾ കൊണ്ട് വ്യതിരിക്തമാണ് ഓരോ ഭാഷാഭേദവും. മതം, തൊഴിൽ, ലിംഗം, ഭൂപ്രകൃതി തുടങ്ങിയ ഘടകങ്ങളുടെ സ്വാധീനം ഈ ഭാഷാവൈവിധ്യങ്ങളിൽ പ്രതിഫലിച്ചുകാണാം. സവിശേഷ ഭൂപ്രകൃതിയും ഘടനയുമുള്ള മലയോരമേഖലയിലെ വ്യവഹാരഭാഷയുടെ സവിശേഷതകളെയാണ് ഈ പ്രബന്ധം പഠനവിധേയമാക്കുന്നത്. പ്രദേശത്തെ ഭാഷണം മറ്റ് ഭാഷാഭേദങ്ങളിൽ നിന്നും വ്യതിരിക്തമായി ഭാഷണപരമായ സമാനതകൾ സൂക്ഷിക്കുന്നതെങ്ങിനെ എന്ന് ഭാഷണത്തിലെ സ്ഥായീസവിശേഷതകൾ, ഊന്നൽ എന്നീ അതിഖണ്ഡസവിശേഷതകളുടെ അടിസ്ഥാനത്തിൽ വിശകലനം ചെയ്യുകയാണ് ഈ പഠനം.

താക്കോൽ വാക്കുകൾ:

ഭാഷണസ്വത്വം, സ്ഥായി, ഉച്ചാരണഘടകം, ശൈലീഖണ്ഡം, അനുതാനഖണ്ഡം.

ആമുഖം

ഭാഷാവൈവിധ്യങ്ങൾ കൊണ്ട് സമ്പന്നമാണ് മലയാളഭാഷ. "ആറു മലയാളിക്ക് നൂറ് മലയാളം അര മലയാളിക്കുമൊരു മലയാളം" എന്ന പഴഞ്ചൊല്ലിനെ അന്വർത്ഥമാക്കുന്നതാണ് മലയാളത്തിന്റെ ഭാഷാവൈവിധ്യം. ഓരോ സമൂഹത്തെയും സ്വാധീനിക്കുന്ന ജാതി, മതം, ലിംഗം, പ്രായം, ഭൂപ്രകൃതി തുടങ്ങിയ ഘടകങ്ങൾ അതതു സമൂഹത്തിൽ നിലനിൽക്കുന്ന വ്യവഹാരഭാഷയിലും പ്രകടമായ സ്വാധീനം ചെലുത്തുന്നുണ്ട്. ഭാഷയിൽ ഭേദങ്ങൾ സൃഷ്ടിക്കപ്പെടുന്നതിന്റെ അടിസ്ഥാനമായി കണക്കാക്കപ്പെടുന്ന ഈ സാമൂഹികചരങ്ങൾ വ്യത്യസ്ത തലങ്ങളിൽ ഭാഷയെ സവിശേഷമാക്കിത്തീർക്കുന്നു. എന്നാൽ, പ്രാദേശികതലത്തിൽ നിലനിൽക്കുന്ന ഭാഷാഭേദങ്ങൾക്ക് എപ്പോഴും പ്രസക്തിയും പ്രാധാന്യവും കൂടുതൽ ലഭിക്കുന്നതായി കാണാം. പദാവലിയുടെയും ഉച്ചാരണത്തിന്റെയും അടിസ്ഥാനത്തിലുള്ള പ്രകടമായ വൈവിധ്യങ്ങൾ പെട്ടെന്ന് തന്നെ ശ്രോതാവിന്റെ ശ്രദ്ധയാകർഷിക്കുന്നു എന്നതും താരതമ്യേന വലിയ ഭാഷണസമൂഹമാണെന്നതും പ്രാദേശികഭാഷാഭേദങ്ങളുടെ സവിശേഷതകളാണ്. ഭാഷാവൈവിധ്യത്തിനു കാരണമാകുന്ന അനേകം ഘടകങ്ങളെ ഉൾക്കൊള്ളുന്ന ഭാഷണസമൂഹമായിരുന്നിട്ടും പ്രാദേശികതലത്തിൽ ഭാഷണസമാനതകൾ ഉണ്ടാകുന്നതും നിലനിൽക്കുന്നതും ഓരോ പ്രദേശങ്ങളിലെയും സവിശേഷമായ ഭൂപ്രകൃതിയുടെ അടിസ്ഥാനത്തിലാണ്. ഓരോ ഭൂവിഭാഗവും അവിടെ അധിവസിക്കുന്ന ജനങ്ങളുടെ ജീവിതത്തെയും സംസ്കാരത്തെയും ഭാഷയെയും സ്വാധീനിക്കുന്നതിനാലാണ് മറ്റ് സാമൂഹികചരങ്ങൾ സൃഷ്ടിക്കുന്ന വൈവിധ്യങ്ങൾക്കുമുകളിൽ പ്രാദേശികഭാഷണത്തിൽ സമാനതകൾ നിലനിൽക്കുന്നത്.

സവിശേഷമായ ഭൂപ്രകൃതിയുള്ള പ്രദേശമാണ് മലയോരമേഖലകൾ. ഏതൊരു ഭൂവിഭാഗവുമെന്ന പോലെ അവിടെ അധിവസിക്കുന്ന ജനങ്ങളുടെ ജീവിതശൈലിയെയും സംസ്കാരത്തെയും രൂപപ്പെടുത്തുന്നതിൽ ഈ ഭൂപ്രകൃതിയും വലിയ പങ്കുവഹിക്കുന്നുണ്ട്. ഒരു സമൂഹത്തിന്റെ വ്യവഹാരഭാഷയെപ്പോലും സ്വാധീനിക്കുന്ന പ്രധാനപ്പെട്ട ഘടകമാണ് ഭൂപ്രകൃതി എന്നതിനാൽ ഈ പ്രദേശങ്ങളിൽ അധിവസി

ക്കുന്ന ജനങ്ങളുടെ ഭാഷണവും സവിശേഷതകൾ നിറഞ്ഞതാണ്. ഇത്തരത്തിൽ പ്രകൃതിയുടെയും മറ്റ് സാമൂഹികചരങ്ങളുടെ സ്വാധീനത്തിന്റെയും ഫലമായി രൂപപ്പെട്ട് ഒരു നിശ്ചിത സമൂഹത്തിന്റെ ഭാഗമായി മാറുന്ന ഭാഷ ക്രമേണ ആ പ്രദേശത്തിന്റെ സ്വത്വമായിത്തീരുന്നു. ഒരു പ്രദേശത്തുള്ള എല്ലാ ഭാഷകരും ഉപയോഗിക്കുന്നതും മറ്റ് ഭാഷാഭേദങ്ങളിൽ നിന്നും വ്യത്യസ്തമായതുമായ ഭാഷണശൈലി ഒരു ജനതയെ തിരിച്ചറിയുന്നതിനുള്ള അടയാളമായി മാറുമ്പോൾ ഭാഷണത്തിലെ നിരവധി ഘടകങ്ങൾ അതിന്റെ ഭാഗമാകുന്നുണ്ട്. ഇവയിൽ പ്രധാനപ്പെട്ട ഘടകങ്ങളാണ് ഭാഷണത്തിലെ അതിഖണ്ഡസവിശേഷതകൾ. ഓരോ ഭാഷണത്തിലെയും സിലബിൾ, ഉച്ചാരണഘടകം, ശൈലീഖണ്ഡം, അനുതാനഖണ്ഡം എന്നീ തലങ്ങളുടെ അടിസ്ഥാനത്തിലാണ് പരിശോധിക്കുന്നത്. തനതായ ഭാഷണശൈലിയുള്ള മഞ്ഞള്ളൂർ എന്ന മലയോരമേഖലയിൽ നിലനിൽക്കുന്ന ഭാഷ അതിന്റെ പ്രാദേശികത നിലനിർത്തുന്നത് എങ്ങിനെയെന്ന് ഭാഷണത്തിലെ അതിഖണ്ഡസവിശേഷതകളിൽ പ്രധാനപ്പെട്ടവയായ ഊന്നൽ, സ്ഥായീസവിശേഷതകൾ എന്നിവയെ വിശകലനം ചെയ്ത് മലയോരമേഖലയിലെ ഭാഷണത്തിന്റെ പൊതുവായ സവിശേഷതകൾ തിരിച്ചറിയുവാൻ ശ്രമിക്കുകയാണ് ഈ പഠനം.

പഠനമേഖല

വൈവിധ്യമാർന്ന ഭൂപ്രകൃതിയുള്ള എറണാകുളം ജില്ലയിലെ മലനാട് ഭൂവിഭാഗത്തിൽ ഉൾപ്പെടുന്ന മഞ്ഞള്ളൂർ എന്ന പ്രദേശത്തെ വ്യവഹാരഭാഷയെയാണ് ഈ പ്രബന്ധം പഠനവിധേയമാക്കുന്നത്. എറണാകുളം ജില്ലയുടെ കിഴക്കേ അതിർത്തിയിലുള്ള ഒരു മലമ്പ്രദേശ ഗ്രാമമാണ് മഞ്ഞള്ളൂർ. മുൻകാലത്ത് തൊടുപുഴ ബ്ലോക്ക് വരെ എറണാകുളം ജില്ലയുടെ ഭാഗമായിരുന്നു. 1972-ൽ ഇടുക്കി ജില്ലയുടെ രൂപീകരണത്തോടെ മഞ്ഞള്ളൂർ ഗ്രാമത്തിലുൾപ്പെടുന്ന അച്ചൻകവല എന്ന പ്രദേശം എറണാകുളം ജില്ലയുടെ പുതുക്കിയ അതിർത്തിയായി നിശ്ചയിക്കുകയായിരുന്നു. ഇന്ന് ഈ പ്രദേശം മുവാറ്റുപുഴ ബ്ലോക്കിൽ ആണ് ഉൾപ്പെടുന്നത്. 1953-ൽ ആണ് മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്ത് രൂപീകൃതമായത്. 23. 02 ചതുരശ്ര കിലോമീറ്റർ വിസ്തീർണമുള്ള ഈ ഗ്രാമത്തിന്റെ വടക്ക്, കിഴക്ക്, പടിഞ്ഞാറ് അതിർത്തികൾ യഥാക്രമം കല്ലൂർക്കാട് ഗ്രാമപഞ്ചായത്ത്, കുമാരമംഗലം ഗ്രാമപഞ്ചായത്ത്, ആവോലി ഗ്രാമപഞ്ചായത്ത് എന്നിവയും തെക്കേ അതിർത്തി തൊടുപുഴ ആറും ആണ്. ഹിന്ദു, ക്രൈസ്തവൻ,

മുസ്ലീം മതവിഭാഗങ്ങൾ ഇടകലർന്ന് ജീവിക്കുന്ന ഈ ഗ്രാമത്തിലെ ജനസംഖ്യ 17,145 ആണ്. ഇതിൽ 8697 സ്ത്രീകളും 8448 പുരുഷന്മാരും ഉൾപ്പെടുന്നു. ശരാശരി ഇടത്തരം സാമ്പത്തികസ്ഥിതിയിൽ ഉൾപ്പെടുന്ന ഈ ഗ്രാമത്തിലെ എൺപത് ശതമാനം ജനങ്ങളും കാർഷികവൃത്തിയെ ആശ്രയിച്ച് ജീവിക്കുന്നവരാണ്. പൈനാപ്പിൾ, റബ്ബർ, തെങ്ങ്, കുരുമുളക്, കവുങ്ങ് മുതലായവയാണ് ഈ ഗ്രാമത്തിലെ പ്രധാന വിളകൾ. താരതമ്യേന കുറവാണെങ്കിലും നെൽ കൃഷിയും ചെയ്യുന്നുണ്ട്.

ഭാഷാഭേദം

കേരളത്തിലെ ഭൂപ്രകൃതിയും സമൂഹവും സംസ്കാരവുമെല്ലാം വൈവിധ്യമാർന്നതാണ്. ഈ വൈവിധ്യം സമൂഹത്തിലെ ഓരോ ഭാഷകരിലും പ്രകടമാണ്. ചിലർ സംസാരിക്കുമ്പോൾ മാനകമായ മലയാളത്തിൽ നിന്ന് പ്രകടമായ വ്യത്യാസം കാണാം. മറ്റു ചിലരുടേത് അത്ര തന്നെ വ്യതിരിക്തത പ്രകടിപ്പിച്ചെന്നു വരില്ല. ഒരു വ്യക്തിയുടെ സമഗ്രഭാഷണസ്വഭാവത്തെ വ്യക്തിഭാഷ അല്ലെങ്കിൽ തന്മൊഴി (Idiolect) എന്നു പറയുന്നു. സമൂഹം എന്നത് വ്യക്തികളുടെ കൂട്ടായ്മയാണ്. അതിനാൽ സമാനസ്വഭാവം പ്രദർശിപ്പിക്കുന്ന വ്യക്തിഭാഷകളുടെ സമന്വയമാണ് ഭാഷാഭേദം. ഒരു ഭാഷാമേഖലയിലുള്ള ഭാഷാഭേദങ്ങളുടെ സമാഹാരത്തെയാണ് ആ മേഖലയിലെ ഭാഷ എന്നു പറയുന്നത്. അങ്ങനെ തന്മൊഴികൾ ചേർന്ന് ഭാഷാഭേദവും ഭാഷാഭേദങ്ങൾചേർന്ന് ഭാഷയും ഉണ്ടാകുന്നു. വിവിധങ്ങളായ തന്മൊഴികളുടെ സമഗ്രമായ കൂടിച്ചേരലാണ് ഓരോ ഭാഷാഭേദവും. വിവിധ ഭാഷാഭേദങ്ങളിൽ കണ്ടെത്തിയ സവിശേഷതകളുടെ ആകത്തുകയാണ് ഓരോ ഭാഷയും (പ്രബോധചന്ദ്രൻ നായർ. 2009, പ്രഭാകരവാരിയർ, 2010).

ഭാഷണത്തെ സ്വാധീനിക്കുന്ന സാമൂഹികഘടകങ്ങളാണ് ഭാഷാശാസ്ത്രചരങ്ങൾ. ഈ സാമൂഹികഘടകങ്ങളിലുണ്ടാവുന്ന വ്യത്യാസം ഭാഷയുടെ ഉച്ചാരണം, പദാവലി, അർഥം, എന്നീ തലങ്ങളിലെ വൈവിധ്യങ്ങൾക്ക് കാരണമാവുന്നു. ഭാഷണത്തെ സ്വാധീനിക്കുന്ന സാമൂഹികചരങ്ങളിൽ പ്രധാനപ്പെട്ട ഘടകങ്ങളാണ് ഭാഷകരുടെ പ്രദേശം, അവർ ഉൾപ്പെടുന്ന സാമൂഹികവിഭാഗം തുടങ്ങിയവ.

പ്രാദേശിക ഭാഷാഭേദം

ഒരു പ്രദേശത്തെ ജനതയുടെ ഭാഷണരീതി മറ്റൊരു പ്രദേശത്തെ ഭാഷണ

രീതിയിൽ നിന്നും പദാവലിയിലോ അധിഖണ്ഡസവിശേഷതയിലോ പ്രകടമായും വ്യത്യസ്തമായിരിക്കുന്നതാണ് പ്രാദേശികഭാഷാഭേദം.

മറ്റു പ്രദേശങ്ങളുമായുള്ള സമ്പർക്കമില്ലായ്മ മൂലമോ അന്യഭാഷകളുമായുള്ള സമ്പർക്കം മൂലമോ പ്രദേശികഭാഷാഭേദങ്ങൾ ഉണ്ടാവാൻ സാധ്യതയുണ്ട്. ചില പ്രദേശങ്ങളിൽ രണ്ട് വ്യത്യസ്തഭാഷകൾ കൂടിച്ചേർന്ന് സവിശേഷമായ ഭാഷ രൂപപ്പെടാറുണ്ട് (പ്രഭാകര വാരിയർ. 2010). സ്വനം, സ്വനിമം, രൂപം, പദം, വാക്യം, അർഥം എന്നിങ്ങനെ എല്ലാ തലങ്ങളിലും ഭാഷയ്ക്ക് ദേശത്തിന്റെ അടിസ്ഥാനത്തിൽ വ്യത്യാസം ഉണ്ടാകാറുണ്ട് (പ്രബോധചന്ദ്രൻ നായർ. 2009).

രാജ്യാതിർത്തികൾ, ഒരു കാലത്ത് മറുപുറം കടക്കാന്പ്രയാസമായ പുഴകൾ, പർവതം, മരുഭൂമി തുടങ്ങിയവ രണ്ടു പ്രദേശങ്ങളിലുള്ള ആളുകൾ തമ്മിലുള്ള പരസ്പര സമ്പർക്കത്തിനു വിഘാതമായി നിന്നത് അതത് പ്രദേശങ്ങളിൽ പ്രത്യേകമായ ഭാഷാഭേദങ്ങൾ രൂപപ്പെടുന്നതിന് വഴിയൊരുക്കുന്ന കാരണങ്ങളാണ്. ലക്ഷദ്വീപിനെ കേരളത്തിൽ നിന്നും ഒറ്റപ്പെടുത്തുന്ന കടൽ ലക്ഷദ്വീപ് മലയാളത്തിനു കാരണമാണ്. ആളുകൾ തമ്മിലുള്ള ഭൂമിശാസ്ത്രപരമായ അടുപ്പം കുറയുമ്പോൾ ഭാഷകൾ തമ്മിലുള്ള അകലം വർധിക്കുന്നു. ഓരോ പ്രദേശത്തെ ഭാഷയും അതതിന്റെ വ്യക്തിത്വം പുലർത്തിക്കൊണ്ട് വളർന്നു. ഇത് പ്രാദേശികമായ ഭാഷാവ്യതിയാനങ്ങൾക്ക് കാരണമായി (സോമശേഖരൻ നായർ. 2016).

സാമൂഹിക സ്വനവിജ്ഞാനം

സമൂഹവുമായി ബന്ധപ്പെട്ട ഭാഷാരൂപമായ ഭാഷാഭേദങ്ങളെ ശാസ്ത്രീയമായി പഠിക്കുന്ന മേഖലയാണ് സാമൂഹികഭാഷാശാസ്ത്രം (Socio-Linguistics). സാമൂഹിക ഭാഷാശാസ്ത്രത്തെയും ഭാഷയിലെ ഉച്ചാരണപരമായ സവിശേഷതകളെ പഠിക്കുന്ന ഭാഷാശാസ്ത്രമേഖലയായ ഫൊണിറ്റിക്സ് (Phonetics) അഥവാ സ്വനവിജ്ഞാനത്തെയും സംയോജിപ്പിച്ചുകൊണ്ട് ഭാഷയിലെ സാമൂഹ്യവൈവിധ്യങ്ങളിലെ ഉച്ചാരണസവിശേഷതകളെ പഠനവിധേയമാക്കുന്ന ഭാഷാശാസ്ത്രമേഖലയാണ് സാമൂഹികസ്വനവിജ്ഞാനം (Socio-Phonetics) (Eric R. Thomas. 2011). ഓരോ പ്രദേശത്തെയും ഭാഷണത്തിലെ സ്വന, സ്വനിമങ്ങളുടെയും അധിഖണ്ഡസവിശേഷതകളിലെയും വൈവിധ്യങ്ങളെ വിശകലനം ചെയ്യുക എന്നതാണ് സാമൂഹികസ്വനവിജ്ഞാനത്തിന്റെ മുഖ്യധർമം.

പഠനരീതി

മഞ്ഞള്ളൂർ പഞ്ചായത്തിലെ സ്ഥിരതാമസക്കാരായ, ജാതി, മതം, പ്രായം, തൊഴിൽ, സാമ്പത്തികനിലവാരം തുടങ്ങിയ വ്യത്യസ്തത സാമൂഹികചരങ്ങളിൽ ഉൾ പ്പെടുന്ന ആവേദകരിൽ നിന്നും നേരിട്ടാണ് പഠനത്തിനാവശ്യമായ ദത്തശേഖരണം നടത്തിയത്. ശേഖരിച്ച ദത്തം ഒഡാസിറ്റി സോഫ്റ്റ് വെയറിന്റെ സഹായത്തോടെ എഡിറ്റ് ചെയ്ത് വിശകലനത്തിന് അനുകൂലമായ രീതിയിൽ പൂർണവാചകമോ, പൂർണ മായ ആശയങ്ങൾ ഉൾക്കൊള്ളുന്ന ഭാഷണഖണ്ഡങ്ങളോ ആക്കി തിരിച്ചു. ഭാഷണ വിശകലനത്തെ സഹായിക്കുന്ന പ്രാത്ത് (Praat) സോഫ്റ്റ് വെയർ ഉപയോഗിച്ചാണ് ഈ പഠനത്തിനാവശ്യമായ വിശകലനത്തിനുള്ള മാതൃകകൾ തയ്യാറാക്കിയത്.

പ്രാത്ത് സോഫ്റ്റ്‌വെയറിന്റെ സഹായത്തോടെ വിശകലനത്തിനായി തിരഞ്ഞെടുത്ത ഭാഷണമാതൃകകളെ ഗ്രാഫ് രൂപത്തിലാക്കി ഭാഷണത്തിന്റെ സ്ഥായീസവിശേഷതകളെ തിരിച്ചറിയാനുതകുന്ന മാതൃകകൾ സൃഷ്ടിച്ചു. കൂടാതെ ഗ്രാഫിനോടൊപ്പം ചിഹ്നങ്ങൾ രേഖപ്പെടുത്താനുള്ള സൗകര്യം ഉപയോഗപ്പെടുത്തി ഭാഷണങ്ങളുടെ സ്വനിമം, സിലബിൾ, ഉച്ചാരണഘടകം, ശൈലീഖണ്ഡം, അനുതാനഖണ്ഡം (വാചകം) എന്നിങ്ങനെ അഞ്ചു തലങ്ങളിലായി തരംതിരിച്ചു. ഗ്രാഫിൽ ഉൾപ്പെടുന്ന ഓരോ ടയറുകളിലും അനുയോജ്യമായ ചിഹ്നങ്ങൾ ഉപയോഗിച്ച് ഭാഷ ണസ്വരങ്ങളും ഭാഷണത്തിന്റെ സ്ഥായിയുടെ ഗതിയും നിലയും രേഖപ്പെടുത്തുകയും ചെയ്തു. തിരഞ്ഞെടുത്ത ഓരോ ഭാഷണത്തിന്റെയും ഊന്നൽ, രണ്ടു ശൈലീഖ ണ്ഡങ്ങളുടെയും ആരംഭത്തിലെയും അവസാനത്തെയും സ്ഥായിയുടെ ഗതി, ഓരോ ശൈലീഖണ്ഡത്തിലെയും സ്ഥായിയുടെ പൊതുവായ ഘടന, ഓരോ ശൈലീഖണ്ഡ ത്തിലെയും സിലബിൾ അടിസ്ഥാനത്തിലുള്ള സ്ഥായിയുടെ വ്യതിയാനങ്ങൾ, ഓരോ ശൈലീഖണ്ഡത്തിലെയും സ്ഥായീനില തുടങ്ങിയ സവിശേഷതകളാണ് ഈ പഠനം വിശകലനം ചെയ്യുന്നത്. പഠനത്തിനായി വിശകലനം ചെയ്ത എല്ലാ മാതൃകകളെയും ഈ പ്രബന്ധത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. വിശകലനരീതി വ്യക്തമാക്കുന്നതിനായി ഏതാനും മാതൃകകൾ മാത്രമാണ് ഇവിടെ ഉൾപ്പെടുത്തിയിട്ടുള്ളത്.

പഠനത്തിൽ ഉൾപ്പെടുന്ന ഭാഷണതലങ്ങൾ (Category)

ദത്തമായി ശേഖരിച്ച ഭാഷണങ്ങളെ വ്യത്യസ്ത തലങ്ങളിൽ തരംതിരിച്ചാണ് വിശകലനം ചെയ്തിട്ടുള്ളത്. ഭാഷണങ്ങളെ സ്വനിമം, സിലബിൾ, ഉച്ചാരണഘടകം,

ശൈലീഖണ്ഡം എന്നിങ്ങനെ വ്യത്യസ്ത ഭാഷണഘടകങ്ങളാക്കി തിരിച്ച്, ഓരോ ഘടകത്തിന്റെ അടിസ്ഥാനത്തിലും പ്രത്യേകം വിശകലനം നടത്തിയാണ് പഠനം നടത്തിരിക്കുന്നത്. വിശകലനത്തിന്റെ എല്ലാ തലത്തിലും ഭാഷണത്തെ ശൈലീഖണ്ഡങ്ങളാക്കി തിരിച്ച് അവയുടെ അടിസ്ഥാനത്തിലാണ് ഭാഷണഘടകങ്ങളുടെ സവിശേഷതകൾ പരിശോധിക്കുകയും താരതമ്യം ചെയ്യുകയും ചെയ്തിട്ടുള്ളത്.

ഏകകം, സ്വനിമം (Phoneme)

ഭാഷണത്തിലുൾ പ്പെടുന്ന ഏറ്റവും ചെറിയ ഏകകമാണ് സ്വനിമം. ഓരോ ഭാഷണത്തിന്റെയും അടിസ്ഥാനഘടകങ്ങളാണ് സ്വനിമങ്ങൾ. അതിനാൽത്തന്നെ ഈ പഠനത്തിനായി ശേഖരിച്ച ദത്തം വിശകലനം ചെയ്യുന്നതിന്റെ ആദ്യപടിയായി ഭാഷണത്തിന്റെ ഏറ്റവും ചെറിയ ഏകകങ്ങളാക്കി തരംതിരിച്ച് ഗ്രാഫിനടിയിലുള്ള ആദ്യത്തെ ടയറിൽ ഭാഷണത്തിലെ ഓരോ സ്വനിമങ്ങൾക്കും അതിർത്തികൾ നിശ്ചയിക്കുകയും ഓരോ സ്വനിമത്തിന്റെയും ഉച്ചാരണഭാഗത്ത് പ്രസ്തുത സ്വനിമത്തെ പ്രതിപാദിക്കുന്ന ഇന്റർനാഷണൽ ഫൊണിറ്റിക് ആൽ ഫബറ്റ് ചിഹ്നം ഉപയോഗിച്ച് രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

സിലബിൾ (Syllable)

ഒരു സ്വരം മാത്രം ഉൾക്കൊള്ളുന്ന ഉച്ചാരണഘടകമാണ് സിലബിൾ. ഒരു സ്വരം മാത്രമായോ സ്വരത്തോടു കൂടെ വ്യഞ്ജനങ്ങളെയും ഉൾക്കൊള്ളുന്ന രീതിയിലോ സിലബിളുകൾ ഉണ്ടാകാറുണ്ട്. സാഹചര്യങ്ങൾക്കനുസരിച്ച് ഒരു പദം തന്നെയോ, അല്ലെങ്കിൽ പദത്തിന്റെ ഭാഗമായോ സിലബിളുകൾ പരിഗണിക്കപ്പെടുന്നു. ഗ്രാഫിന്റെ രണ്ടാം ടയറിൽ ഭാഷണത്തെ സിലബിളുകളായാണ് തിരിച്ചിരിക്കുന്നത്. ഗ്രാഫിനടിയിലുള്ള രണ്ടാം ടയറിൽ ഭാഷണത്തിലെ ഓരോ സിലബിളിന്റെയും അതിർത്തികൾ രേഖപ്പെടുത്തിയിട്ടുണ്ട്.

ഉച്ചാരണഘടകം (Prosodic unit)

ഭാഷണത്തിലെ സ്ഥായി, ഉച്ചാരണദൈർഘ്യം എന്നീ ഘടകങ്ങളുടെ അടിസ്ഥാനത്തിൽ ഉണ്ടാകുന്ന ഒരു സ്പഷ്ടമായ ഭാഷണ ഏകകമാണ് ഉച്ചാരണഘടകം. വിശകലനത്തിനായി ശേഖരിച്ച ഭാഷണമാതൃകകളുടെ ഉച്ചാരണഘടകങ്ങളുടെ

അതിർത്തികൾ തിരിച്ചറിയുകയാണ് ഇവിടെ ചെയ്തിരിക്കുന്നത്. ഭാഷയിലെ ഈ ഉച്ചാരണഘടകങ്ങൾ വ്യാകരണഘടകങ്ങളിൽ നിന്നും വ്യത്യസ്തമാണ്. പ്രകടമായ സ്ഥായീവ്യതിയാനങ്ങൾ സംഭവിക്കുന്നതുവരെയുള്ള ഭാഷണഭാഗത്തെ ഒരു ഉച്ചാരണഘടകമായാണ് ഇവിടെ പരിഗണിച്ചിട്ടുള്ളത്. ഗ്രാഫിനു താഴെ ഉച്ചാരണഘടകത്തെ രേഖപ്പെടുത്തുന്നതിനായുള്ള ഭാഗത്ത് ഉച്ചാരണഘടകങ്ങളുടെ അതിർത്തികൾ അടയാളപ്പെടുത്തുകയും ഉച്ചാരണഘടകങ്ങളിലെ സ്ഥായി ഘടനയെ L, H തുടങ്ങിയ, പ്രോസോഡിക് ഘടന അനുശാസിക്കുന്ന ചിഹ്നങ്ങൾ ഉപയോഗിച്ച് രേഖപ്പെടുത്തുകയും ചെയ്തിരിക്കുന്നു. സ്ഥായിയുടെ ഉയർച്ച, താഴ്ച, താഴ്ന്ന സമനിരപ്പ്, ഉയർന്ന സമനിരപ്പ്, എന്നിവയാണ് അടയാളപ്പെടുത്തുന്നത്. പ്രോസോഡിക് സ്ട്രക്ച്ചർ എന്ന സിദ്ധാന്തത്തിന്റെ അടിസ്ഥാനത്തിലാണ് ഈ വിശകലനം നടത്തിയിരിക്കുന്നത്. അനുതാനപഠനങ്ങൾക്കുപയോഗിക്കുന്ന നൂതനമായ വിശകലന രീതിയാണിത് (Caroline Fery. 2016).

ശൈലീഖണ്ഡം (Accentual Phrase)

ഒന്നോ അതിൽ കൂടുതലോ ഉച്ചാരണഘടകങ്ങൾ ചേർന്നാണ് ശൈലീഖണ്ഡങ്ങൾ രൂപപ്പെടുന്നത്. ഒരു അനുതാനഖണ്ഡത്തിന് സ്വാഭാവികമായും രണ്ട് ശൈലീഖണ്ഡങ്ങൾ ഉണ്ടാകും. ഒരു ഭാഷണത്തിന്റെ പ്രാഥമികവിശകലനത്തിൽ സ്ഥായിയുടെയോ, വിരാമങ്ങളുടെയോ, ഉച്ചാരണതീവ്രതയുടെയോ അടിസ്ഥാനത്തിൽ ഒരു വിഭജനം കാണാൻ കഴിയും. ഇത്തരത്തിൽ വിഭജിക്കപ്പെട്ട ഭാഷണഖണ്ഡങ്ങളാണ് ശൈലീഖണ്ഡങ്ങളായി പരിഗണിക്കുന്നത്.

അനുതാനഖണ്ഡം (Intonation Phrase)

ഒരു ഭാഷണം ആരംഭിച്ച് ആദ്യത്തെ വിരാമം വരെയുള്ള ഭാഷണ സവിശേഷതകളുടെ ആകെ തുകയാണ് അനുതാനം. ഇതേ ഭാഷണഖണ്ഡത്തെയാണ് അനുതാനഖണ്ഡം എന്ന് പരിഗണിക്കുന്നത്. സാധരണഗതിയിൽ ഒരു വാചകമാണ് ഈ രീതിയിൽ ഭാഷണഖണ്ഡമാകാറുള്ളത്. എങ്കിലും എല്ലാ സാഹചര്യത്തിലും അതൊരു പൂർണ്ണമായ വാചകം ആകണമെന്ന് നിർബന്ധമില്ല. പൂർണ്ണമായ അർത്ഥം വിനിമയം ചെയ്യുന്ന അത്തരം ഭാഷണഖണ്ഡങ്ങളെയും ഈ പഠനം അനുതാനഖണ്ഡമായി പരിഗണിക്കുന്നുണ്ട്.

പഠനം വിശകലനം ചെയ്യുന്ന അതിഖണ്ഡസവിശേഷതകൾ

മലയോരപ്രദേശത്തെ വ്യവഹാരഭാഷയുടെ ഉച്ചാരണപരമായ സവിശേഷതകളെ തിരിച്ചറിയുന്നതിനായി പ്രദേശത്തെ ഭാഷണത്തിൽ ഉൾപ്പെടുന്ന അതിഖണ്ഡസവിശേഷതകളിൽ പ്രധാനപ്പെട്ടവയായ ഊന്നൽ, സ്ഥായി എന്നീ സവിശേഷതകളെയാണ് ഈ പഠനം വിശകലനം ചെയ്യുന്നത്. ഓരോ ഭാഷാഭേദങ്ങളുടെയും ശൈലീപരമായ ഘടനയെ സ്വാധീനിക്കാൻ കഴിയുന്ന ഘടകങ്ങളാണ് ഇവ. ഭാഷണത്തിൽ ഉൾപ്പെടുന്ന ഊന്നലിന്റെ സ്ഥാനം, സ്ഥായിയിൽ സംഭവിക്കുന്ന വ്യതിയാനങ്ങൾ എന്നിവ ഓരോ ഭാഷാഭേദത്തെയും വ്യതിരിക്തമാക്കിത്തീർക്കുന്നു. ഈ സവിശേഷതകൾ ശ്രോതാവിന് ഒരു പരിധിവരെ കേൾവിയിൽ അനുഭവപ്പെടുന്നവയാണ് എന്നതിനാലാണ് ഭാഷണസവിശേഷതകളെ തിരിച്ചറിയുന്നതിനായുള്ള ഈ ശ്രമത്തിൽ ഊന്നൽ, സ്ഥായി എന്നീ അതിഖണ്ഡസവിശേഷതകളെ വിശകലനത്തിനായി തിരഞ്ഞെടുത്തത്.

ഊന്നൽ

ഒരു വാചകത്തിലെ പ്രത്യേക സിലബിളിന് മറ്റുള്ളവയിൽ നിന്നും വ്യത്യസ്തമായി നല്കുന്ന സവിശേഷ പരിഗണനയാണ് ഊന്നൽ . ഭാഷണത്തിന്റെ ഊന്നലിനെ വ്യത്യസ്ത കാഴ്ചപ്പാടുകളിലൂടെ വിശദീകരിക്കാൻ കഴിയും. ഒരു ഊന്നലുള്ള സിലബിൾ എങ്ങനെ ഉല്പാദിപ്പിക്കപ്പെടുന്നു എന്ന രീതിയിലും, ഒരു ശബ്ദത്തിന്റെ എന്ത് സവിശേഷതയാണ് ഒരു സിലബിൾ ഊന്നലുള്ളതാണെന്ന തോന്നൽ ശ്രോതാവിനുണ്ടാക്കുന്നത് എന്ന രീതിയിലും ഭാഷണത്തിലെ ഊന്നലിനെ വിശദീകരിക്കാൻ കഴിയും. പൊതുവെ പറഞ്ഞാൽ ഭാഷകർ മറ്റ് സിലബിളുകൾ ഉച്ചരിക്കാൻ ഉപയോഗിക്കുന്ന കായികബലത്തിൽ വ്യക്തമായും വ്യതിയാനം വരുത്തിക്കൊണ്ട് ഉച്ചരിക്കുന്ന സിലബിളാണ് ഊന്നലുള്ളതായി പരിഗണിക്കുന്നത്. ശ്രോതാവിന്റെ ഭാഷയിൽ ഊന്നലുള്ള സിലബിളിന് പൊതുവായ ഒരു സവിശേഷതയാണുള്ളത്. അത് പ്രസ്തുത സിലബിൾ ഭാഷണത്തിൽ കൂടുതൽ സ്പഷ്ടമാണെന്നുള്ളതാണ്. ഊന്നലുള്ള സിലബിളുകൾ തിരിച്ചറിയപ്പെടുന്നത് അവയ്ക്ക് ഭാഷണത്തിൽ കൂടുതൽ ഊന്നൽ നല്കുന്നതിനാൽ അവ മറ്റുള്ളവയേക്കാൾ സ്പഷ്ടമായി ഉച്ചരിക്കപ്പെടുന്നതുകൊണ്ടാണ്.

സ്ഥായി (pitch)

സ്വനപാളികൾ കമ്പനം ചെയ്യുന്ന വേഗതയുടെ ശ്രവണസഹസംബന്ധിയാണ് സ്ഥായി (Wells, J. C. 2006). ഉയർന്ന സ്ഥായി സ്വനപാളികളുടെ അതിദ്ധ്രുതമായ കമ്പനത്തിലൂടെയാണുണ്ടാവുന്നത്. താരതമ്യേന കുറഞ്ഞ കമ്പനത്തിലൂടെ താഴ്ന്ന സ്ഥായിയും ഉണ്ടാവുന്നു. സ്വനപാളികളുടെ കമ്പനം സ്ഥിരമായ അവസ്ഥയിൽ തുടരുമ്പോഴാണ് സ്ഥിരതയാർന്ന സ്ഥായി ഉണ്ടാവുന്നത്.

സ്ഥായീവിശകലനം

പഠനത്തിനായി തിരഞ്ഞെടുത്ത മഞ്ഞള്ളൂർ പ്രദേശത്തെ ഭാഷണത്തിലെ സ്ഥായീവിശകലനത്തെ രണ്ട് ഘട്ടമായി തരംതിരിക്കാം. മഞ്ഞള്ളൂർ പ്രദേശത്തുനിന്നും വിശകലനത്തിനായി തിരഞ്ഞെടുത്ത ഓരോ വാചകത്തിന്റെയും സവിശേഷതകളുടെ പ്രത്യേകമായ വിശകലനമാണ് ആദ്യഘട്ടത്തിൽ ചെയ്യുന്നത്. പിന്നീട് പ്രദേശത്തെ ഭാഷണത്തിന്റെ പൊതുസവിശേഷതകൾ തിരിച്ചറിയുന്നതിന് വേണ്ടി ഓരോ ഭാഷണത്തിന്റെയും സവിശേഷതകളെയും താരതമ്യാത്മകമായി വിശകലനം ചെയ്യുകയും ചെയ്യുന്നു.

ഓരോ ഭാഷണത്തിലെയും സ്ഥായിയുടെ ഗ്രാഫു വിശകലനം

ഈ ഘട്ടത്തിൽ മഞ്ഞള്ളൂർപ്രദേശത്തെ ഭാഷണങ്ങളിലെ ഊന്നൽ തിരിച്ചറിയുകയും അവയുടെ സ്ഥാനത്തിന്റെ സവിശേഷത പരിശോധിക്കുകയും ചെയ്യുന്നു. വാചകത്തെ ഓരോ ശൈലീഖണ്ഡങ്ങളാക്കി തരംതിരിച്ച് ഓരോ ശൈലീഖണ്ഡങ്ങളിലെയും സ്ഥായിയുടെ സവിശേഷതകളെ വിശകലനം ചെയ്യുകയും ചില സന്ദർഭങ്ങളിൽ രണ്ടു ശൈലീഖണ്ഡങ്ങളിലെയും സ്ഥായീഘടനയെ താരതമ്യം ചെയ്യുകയും ചെയ്യുന്നു.



വാചകം : "തോന്നലാണതൊക്കെ" [t̪o:n̪n̪ala:ɳad̪okke]

"തോന്നലാണതൊക്കെ" എന്ന വാചകത്തിന്റെ സ്ഥായീവിശകലനസ്പെക്ട്രോഗ്രാം

രണ്ട് ശൈലീഖണ്ഡങ്ങൾ ഉള്ള ഈ ഭാഷണത്തിലെ ആദ്യ ശൈലീഖണ്ഡത്തിന്റെ ആദ്യ സിലബിളിലാണ് ഖണ്ഡത്തിലെ പ്രധാന ഊന്നലിന്റെ സ്ഥാനം. രണ്ടാം ശൈലീഖണ്ഡത്തിന്റെ ആദ്യ ഭാഗത്താണ് ഖണ്ഡത്തിലെ പ്രധാന ഊന്നൽ . മുഴുവന്ഭാഷണത്തിലെ പ്രഥമ ഊന്നൽ രണ്ടാം ശൈലീഖണ്ഡത്തിലേതാണ്.

വാചകത്തിന്റെ ആദ്യ ശൈലീഖണ്ഡത്തിന്റെ ആരംഭത്തിൽ സ്ഥായിയുടെ ഗതി താഴ്ന്നതായാണ് കാണുന്നത്. അതിദീർഘമായ ആദ്യ സിലബിളിലെ രണ്ടാം സ്വനത്തിന്റെ പകുതിയിൽ സ്ഥായിയുടെ ഗതി ഉയരാന്തുടങ്ങുന്നു. 224 Hz ൽ ആരംഭിക്കുന്ന സ്ഥായി, ഖണ്ഡത്തിന്റെ അവസാനം 296 Hz ൽ എത്തുന്നു. ഖണ്ഡത്തിലെ പൊതുവായ സ്ഥായിഘടന ആരോഹണക്രമത്തിലാണ്. രണ്ടാം ശൈലീഖണ്ഡത്തിന്റെ ആരംഭത്തിൽ സ്ഥായിയുടെ ഗതി അവരോഹണക്രമത്തിലാണുള്ളത്. ഖണ്ഡത്തിലുടനീളം സ്ഥായിയുടെ ഗതി ഇതേ ക്രമത്തിലാണ്. എന്നാൽ വാചകാന്ത്യത്തിലുള്ള സിലബിളിനുശേഷം സ്ഥായിയുടെ ഗതി ചെറിയ ദൈർഘ്യമുള്ള ഉയർച്ചയാണ്. അതിനുശേഷം വാചകാന്ത്യത്തിൽ സ്ഥായി താഴുകയും ചെയ്യുന്നുണ്ട്. പൊതുവെ ഭാഷണത്തിൽ ഉയർന്ന സ്ഥായി കൂടുതൽ സമയം നിലനിൽക്കുന്നത് ആദ്യ ശൈലീഖണ്ഡത്തിലാണ്. ആദ്യശൈലീഖണ്ഡത്തിൽ സ്ഥായിയുടെ ഗതിയിൽ സിലബിൾ അടിസ്ഥാനത്തിൽ വ്യതിയാനങ്ങൾ ആവർത്തിക്കുന്നുണ്ട്.



വാചകം : "കൈ കൊണ്ടൊടിക്ക്യാ" [kai koɳʈoɖikkya:]

"കൈ കൊണ്ടൊടിക്ക്യാ" എന്ന വാചകത്തിന്റെ സ്ഥായീവിശകലന സ്പെക്ട്രോഗ്രാം

രണ്ട് വീതം ഉച്ചാരണഘടകങ്ങൾ ഉൾപ്പെടുന്ന രണ്ട് ശൈലീഖണ്ഡങ്ങളാണ് ഈ ഭാഷണത്തിലുള്ളത്. രണ്ടാം ശൈലീഖണ്ഡത്തിന്റെ ആദ്യഭാഗത്താണ് ഖണ്ഡത്തിലെയും മുഴുവൻഭാഷണത്തിലെയും പ്രധാന ഊന്നൽ .

ഭാഷണത്തിലെ ആദ്യ ശൈലീഖണ്ഡത്തിന്റെ ആരംഭത്തിൽ സ്ഥായിയുടെ ഗതി താഴേക്കാണ്. തുടക്കത്തിൽ 212 Hz ൽ ആരംഭിക്കുന്ന സ്ഥായി തുടക്കത്തിൽ വളരെ ഹ്രസ്വമായ ഒരു താഴ്ച്ചയ്ക്ക് ശേഷം ഉയരുന്നു. ഖണ്ഡത്തിലെ പൊതുവായ സ്ഥായീഘടന ആരോഹണക്രമമാണ്. രണ്ട് ശൈലീഖണ്ഡങ്ങളും ചേരുന്ന സ്ഥാനം വരെ ഉയരുന്ന സ്ഥായി പ്രസ്തുത സ്ഥാനത്ത് 264 Hz വരെ എത്തുന്നു. രണ്ടാം ശൈലീഖണ്ഡത്തിന്റെ ആരംഭത്തിൽ താഴ്ന്ന് തുടങ്ങുന്ന സ്ഥായിയുടെ ഭാഷണത്തിലെ പൊതുവായ ഗതി അവരോഹണക്രമമാണ്. ആദ്യസിലബിളിൽ പ്രകടമായ താഴ്ച്ചയ്ക്ക് ശേഷം ക്രമമായി വാചകാന്ത്യം വരെ ഈ രീതി തുടർന്ന് വാചകത്തിലെ അവസാന സിലബിളിൽ 155 Hz ൽ അവസാനിക്കുന്നു. ഭാഷണത്തിൽ താരതമ്യേന കൂടുതൽ സമയം ഉയർന്ന സ്ഥായി നിലനിൽ ക്കുന്നത് ആദ്യ ശൈലീഖണ്ഡത്തിലാണ്. ആദ്യ ശൈലീഖണ്ഡത്തിൽ ഓരോ സിലബിളിലും സ്ഥായിയുടെ ഗതിയിൽ വ്യതിയാനങ്ങൾ സംഭവിക്കുന്നുണ്ട്. എന്നാൽ രണ്ടാം ശൈലീഖണ്ഡത്തിൽ പ്രധാന ഊന്നലുകൾ കൊള്ളുന്ന സിലബിളിൽ മാത്രമാണ് ഈ സവിശേഷത ഉണ്ടാകുന്നുള്ളൂ.



വാചകം : “അതിനെക്ക്യൊണ്ട്” [at̪inekkjonḏə]

“അതിനെക്ക്യൊണ്ട്” എന്ന വാചകത്തിന്റെ സ്ഥായീവിശകലന സ്പെക്ട്രോഗ്രാം

രണ്ട് ശൈലീഖണ്ഡങ്ങൾ ഉൾപ്പെട്ടതാണ് ഈ വാചകം. രണ്ട് വീതം ഉച്ചാരണഘടകങ്ങൾ ഉൾപ്പെടുന്ന ഖണ്ഡങ്ങളിൽ ആദ്യ ശൈലീഖണ്ഡത്തിന്റെ രണ്ടാം ഉച്ചാരണഘടകത്തിലാണ് ഭാഷണത്തിലെ പ്രധാന ഊന്നലിന്റെ സ്ഥാനം.

ഭാഷണത്തിലെ ആദ്യ ശൈലീഖണ്ഡത്തിന്റെ ആരംഭത്തിൽ സ്ഥായി ഉയരുന്നതായാണ് കാണുന്നത്. പൊതുവേ ആദ്യ ശൈലീഖണ്ഡത്തിലെ സ്ഥായിയുടെ ഗതി ആരോഹണക്രമത്തിലാണുള്ളത്. 119 Hz ൽ ആരംഭിച്ച് ഘട്ടം ഘട്ടമായി ഉയർന്ന് ആദ്യഖണ്ഡത്തിന്റെ അവസാനം സ്ഥായി 178 Hz ൽ എത്തുന്നു. രണ്ടാം ശൈലീഖണ്ഡത്തിന്റെ ആരംഭത്തിൽ സ്ഥായിയുടെ ഗതി താഴ്ന്നു തുടങ്ങുന്നു. ഖണ്ഡത്തിലുടനീളം അവരോഹണക്രമത്തിലാമ് സ്ഥായിയുടെ ഗതി. വാചകാന്ത്യത്തിലെ ദീർഘമായ സ്വനിമത്തിന്റെ ആരംഭത്തിൽ അവസാനിക്കുന്ന സ്ഥായിയുടെ അവസാന നില 97 Hz ആണ്. ഭാഷണത്തിന്റെ ആദ്യശൈലീഖണ്ഡത്തിൽ ഓരോ സ്വനിമത്തിന്റെ ഉച്ചാരണത്തിലും സ്ഥായിയിൽ പ്രകടമായ മാറ്റങ്ങൾ സംഭവിക്കുന്നുണ്ട്. എന്നാൽ രണ്ടാം ഖണ്ഡത്തിൽ സവിശേഷത ആവർത്തിക്കുന്നില്ല. ഭാഷണത്തിലെ ആദ്യ ശൈലീഖണ്ഡത്തിലാണ് സ്ഥായി കൂടുതൽ സമയം ഉയർന്ന നിലയിൽ തുടരുന്നത്.



വാചകം : “അതെക്ക ഒണ്ടാക്കാറെണ്ട്” [adekka onda:kka:rəndə]

“അതെക്ക ഒണ്ടാക്കാറെണ്ട്” എന്ന വാചകത്തിന്റെ സ്ഥായീവിശകലന സ്പെക്ട്രോഗ്രാം

താരതമ്യേന ദൈർഘ്യം കൂടിയ ഈ ഭാഷണത്തിൽ രണ്ട് ശൈലീഖണ്ഡങ്ങളാണുള്ളത്. ഇവയിൽ രണ്ടാം ശൈലീഖണ്ഡത്തിന്റെ അവസാനത്തിലാണ് ഭാഷണത്തിലെ പ്രധാന ഊന്നലിന്റെ സ്ഥാനം.

ഈ ഭാഷണത്തിലെ ആദ്യ ശൈലീഖണ്ഡത്തിന്റെ ആരംഭത്തിൽ സ്ഥായി ഉയരുന്നതായാണ് കാണുന്നത്. ഖണ്ഡത്തിലെ സ്ഥായിയുടെ ഗതി പൊതുവേ ആരോഹണക്രമത്തിലാണ്. 101 Hz ൽ ആരംഭിക്കുന്ന സ്ഥായി ഘട്ടം ഘട്ടമായി ഉയർന്ന് ഖണ്ഡത്തിന്റെ അവസാനത്തിൽ 193 Hz ൽ എത്തുന്നു. എന്നാൽ ഖണ്ഡത്തിന്റെ അവസാനം സ്ഥായിയുടെ ഗതി താഴുന്ന രീതിയലാണുള്ളത്. സ്ഥായിയിൽ ചെറിയ തോതിലുള്ള താഴ്ച്ച രണ്ടാം ഖണ്ഡത്തിന്റെ ആരംഭത്തിലും പ്രകടമാണ്. രണ്ടാം ഖണ്ഡത്തിൽ ചെറിയ തോതിൽ ആരംഭിക്കുന്ന താഴ്ച ആദ്യ സിലബിളിനുശേഷം പ്രകടമായ രീതിയിൽ വാചകവസാനം വരെ അവരോഹണക്രമത്തിൽ തുടരുകയും ചെയ്യുന്നു. 193 Hz ൽ രണ്ടാം ഖണ്ഡം ആരംഭിക്കുന്ന സ്ഥായി 98 Hz ൽ ആണ് വാചാകാന്ത്യത്തിൽ അവസാനിക്കുന്നത്. വാചകത്തിന്റെ ആദ്യഖണ്ഡത്തിൽ സ്ഥായിയുടെ ഘടനയ്ക്ക് അനുസൃതമായി ഓരോ സിലബിളിലും പ്രകടമായ വ്യതിയാനങ്ങൾ സംഭവിക്കുന്നുണ്ട്. എന്നാൽ രണ്ടാം ശൈലീഖണ്ഡത്തിൽ ഈ സവിശേഷതകൾ സംഭവിക്കുന്നില്ല. ഭാഷണത്തിൽ കൂടുതൽ സമയം ഉയർന്ന സ്ഥായി നിലനിൽക്കുന്നത് ആദ്യത്തെ ശൈലീഖണ്ഡത്തിലാണ്.

ഭാഷണങ്ങളുടെ സ്ഥായീസവിശേഷതകളുടെ താരതമ്യവിശകലനം

മഞ്ഞള്ളൂർപ്രദേശത്തുനിന്നും ശേഖരിച്ച ഓരോ ഭാഷണത്തിലെയും ഊന്നലുകളുടെ സ്ഥാനത്തിന്റെ പൊതുവായ ഘടനയും വ്യത്യസ്ത ഭാഷണതലങ്ങളിലെ സ്ഥായിയുടെ നില, ഗതി തുടങ്ങിയ സവിശേഷതകളുമാണ് സ്ഥായീവിശകലനത്തിൽ പരിശോധിച്ചത്. ഇതിൽ നിന്നും ലഭിച്ച ഫലത്തിന്റെ അടിസ്ഥാനത്തിൽ പ്രദേശത്തെ എല്ലാ ഭാഷണങ്ങളിലും ആവർത്തിക്കുന്ന പൊതുവായ സവിശേഷതകൾ ഏതൊക്കെയെന്ന് കണ്ടെത്തുകയാണ് ഇവിടെ താരതമ്യവിശകലനത്തിൽ ചെയ്യുന്നത്.

ഊന്നൽ

മഞ്ഞള്ളൂർപ്രദേശത്തെ ഭാഷണത്തിലെ ഊന്നലിന് പൊതുവായി ഉള്ള സവിശേഷതയാണ് ഈ ഘട്ടത്തിൽ പരിശോധിക്കുന്നത്. ഇതിനായി പ്രസ്തുത പ്രദേശത്തു നിന്നും ശേഖരിച്ച പതിനാല് ഭാഷണമാതൃകകളുടെ വിശകലനഫലം താരതമ്യം ചെയ്യുപ്പോൾ മൂന്ന് വാചകങ്ങളുടെ ഭാഷണത്തിലെ ഊന്നൽ വാചകത്തിലെ ആദ്യ ശൈലീഖണ്ഡത്തിലാണുള്ളതെന്ന് കാണാൻ കഴിഞ്ഞു. ഇവയിൽ രണ്ടു സാഹചര്യങ്ങളിൽ ആദ്യ ശൈലീഖണ്ഡത്തിന്റെ അവസാനഭാഗത്ത് രണ്ടാം ശൈലീഖണ്ഡത്തോട് ചേർന്നാണ് ഭാഷണത്തിലെ പ്രഥമ ഊന്നലിന്റെ സ്ഥാനം. ഒരു മാതൃകയിൽ മാത്രം ഭാഷണാരംഭത്തിൽ തന്നെ ഊന്നൽ ഉണ്ടാകുന്നുണ്ട്. പരിശോധിച്ച മാതൃകകളിൽ പത്ത് ഭാഷണങ്ങളിൽ രണ്ടാം ശൈലീഖണ്ഡത്തിലാണ്



ഭാഷണത്തിലെ പ്രധാന ഊന്നൽ ഉള്ളത്. ഇവയിൽ എട്ട് ഭാഷണങ്ങളിൽ രണ്ടാം ശൈലീഖണ്ഡത്തിന്റെ ആരംഭത്തിലും രണ്ട് ഭാഷണങ്ങളിൽ ശൈലീഖണ്ഡത്തിന്റെ മധ്യഭാഗത്തോടടുത്തും ആണ് ഊന്നലിന്റെ സ്ഥാനം. പരിശോധിച്ച പതിനാല് മാതൃകകളിൽ ഒരു ഭാഷണത്തിൽ മൂന്ന് ശൈലീഖണ്ഡങ്ങൾ ഉൾപ്പെടുന്നുണ്ട്. ഈ വാചകത്തിലെ പ്രഥമ ഊന്നൽ ഭാഷണത്തിലെ മൂന്നാം ശൈലീഖണ്ഡത്തിന്റെ ആരംഭത്തിലാണുള്ളത്. ഈ ഭാഷണത്തിന്റെ ആദ്യ ശൈലീഖണ്ഡം വളരെ ഹ്രസ്വവും സ്ഥായീവ്യതിയാനങ്ങൾ ഇല്ലാത്തതും ആണ്. അതിനാൽതന്നെ ഭാഷണത്തിലെ അനുതാനഗുണങ്ങൾ പ്രകടിപ്പിക്കാന്ഈ ഖണ്ഡത്തിന് കഴിയുന്നില്ല. അതുകൊണ്ട് വാചകത്തിലെ രണ്ടാം ശൈലീഖണ്ഡത്തിലാണ് ഭാഷണസവിശേഷതകൾ പ്രകടമായും ആരംഭിക്കുന്നത്. ഫലത്തിൽ ഈ വാചകത്തിലും അനുതാനസവിശേഷതകൾ പ്രകടമായുള്ള ഭാഷണത്തിലെ രണ്ടാം ശൈലീഖണ്ഡത്തിലാണ് പ്രഥമ ഊന്നൽ എന്ന് കാണുന്നു.

പരിശോധിച്ച ഭാഷണഖണ്ഡങ്ങളിൽ നിന്നും ഭാഷണത്തിലെ ഊന്നലിന്റെ ഘടനയിൽ വ്യക്തമായും ഒരു പൊതു സ്വഭാവം മഞ്ഞള്ളൂരിലെ ഭാഷകർ സൂക്ഷിക്കുന്നുണ്ടെന്ന് മനസ്സിലാക്കാം. ഭാഷണത്തിലെ രണ്ടാം ശൈലീഖണ്ഡത്തിന്റെ ആരംഭത്തിലാണ് പ്രസ്തുത പ്രദേശത്തെ ഭാഷകർ പ്രഥമ ഊന്നൽ നല്കുന്നത്.

സ്ഥായീനില

മഞ്ഞള്ളൂർ പ്രദേശത്ത് നിന്നും ശേഖരിച്ച പതിനാല് ഭാഷണങ്ങളുടെ സ്ഥായിയുടെ നിലയുടെയും ഗതിയുടെയും സവിശേഷതകളെ വിശകലനം ചെയ്യുതിലൂടെ



ലഭിച്ച ഫലത്തിന്റെ അടിസ്ഥാനത്തിൽ പ്രദേശത്തെ ഭാഷണങ്ങളിൽ പൊതുവായി ആവർത്തിക്കുന്ന സവിശേഷതകളെ കണ്ടെത്തുകയാണ് ഈ ഘട്ടത്തിൽ ചെയ്യുന്നത്.

ശേഖരിച്ച ഭാഷണത്തിലെ ഓരോ ശൈലീഖണ്ഡത്തിലെയും ആദ്യവും അവസാനവും ഉള്ള സ്ഥായിയുടെ ഗതിയിലുള്ള സവിശേഷതകളുടെ പരിശോധനയാണ് ഈ വിശകലനത്തിന്റെ ആദ്യപടി. മഞ്ഞള്ളൂരിലെ ഭാഷണങ്ങളിലെ ആരംഭത്തിലെ സ്ഥായിയുടെ ഗതി പരിശോധിക്കുമ്പോൾ പതിനാല് മാതൃകകളിൽ ആറ് മാതൃകകളുടെ ആരംഭത്തിൽ സ്ഥായി ഉയരുകയും എട്ട് മാതൃകകളിൽ ഭാഷണാരംഭത്തിൽ സ്ഥായി താഴുകയും ചെയ്യുന്നുണ്ട്. ഏറെക്കുറെ സമാനമായ ഈ പരിശോധനാഫലത്തിൽ നിന്നു കൊണ്ട് ഏതെങ്കിലും ഒരു രീതിയെ സാധൂകരിക്കാൻ സാധ്യമല്ല.



മഞ്ഞള്ളൂർ പ്രദേശത്തെ ഭാഷണങ്ങളിലെ ആദ്യ ശൈലീഖണ്ഡത്തിന്റെ ആരംഭത്തിലെ സ്ഥായിയുടെ ഗതിയുടെ സ്റ്റാറ്റിസ്റ്റിക്കൽ വിശകലനഫലം.

ആദ്യ ശൈലീഖണ്ഡത്തിലെ അവസാനഭാഗത്തെ സ്ഥായിയുടെ ഗതി പരിശോധിക്കുമ്പോൾ പതിനാല് വാചകങ്ങളിൽ പത്ത് വാചകങ്ങളിലും സ്ഥായി ഉയരുന്നതായാണ് കാണിക്കുന്നത്. നാല് മാതൃകകളിൽ മാത്രമാണ് ആദ്യ ശൈലീഖണ്ഡത്തിന്റെ അവസാനഭാഗത്ത് സ്ഥായിയുടെ ഗതി താഴുന്നതായി കാണുന്നത്. വ്യത്യസ്തമായ ഈ നാല് മാതൃകകളിലും രണ്ട് ശൈലീഖണ്ഡങ്ങളും സന്ധിക്കുന്ന ഭാഗത്തെ സ്വനവിതരണത്തിന്റെ സവിശേഷതകൾ മൂലം രണ്ടാം ശൈലീഖണ്ഡത്തിലെ ഉച്ചാരണസവിശേഷതകൾ ആദ്യ ശൈലീഖണ്ഡത്തിന്റെ അവസാന

ത്തിൽ തന്നെ ആരംഭിക്കുന്നതായാണ് കാണാൻ കഴിയുന്നത്. ഈ മാതൃകകളിൽ ആദ്യ ശൈലീഖണ്ഡത്തിന്റെ അവസാന സിലബിളിലാണ് സ്ഥായിയുടെ ഗതി താഴവാൻ ആരംഭിക്കുന്നത്.

മഞ്ഞള്ളൂർ പ്രദേശത്തെ ഭാഷണങ്ങളിലെ ആദ്യ ശൈലീഖണ്ഡത്തിന്റെ അവസാന ഭാഗത്തെ സ്ഥായിയുടെ ഗതിയുടെ സ്റ്റാറ്റിസ്റ്റിക്കൽ വിശകലനഫലം.

ഭാഷണത്തിന്റെ രണ്ടാം ശൈലീഖണ്ഡത്തിലെ ആരംഭത്തിലെ സ്ഥായിയുടെ ഗതി പരിശോധിക്കുമ്പോൾ മഞ്ഞള്ളൂരിലെ ഭാഷകരുടെ പൊതുവായ സ്ഥായീഗതി താഴേക്കാണെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. പരിശോധിച്ച പതിനാല് മാതൃകകളിൽ ഒന്പത് വാചകങ്ങളിലും രണ്ടാം ശൈലീഖണ്ഡത്തിന്റെ ആരംഭത്തിൽ സ്ഥായിയുടെ ഗതി താഴേക്കാണ്. വ്യത്യസ്തമായ അഞ്ച് മാതൃകകളിൽ രണ്ട് മാതൃകകളുടെ രണ്ടാം ശൈലീഖണ്ഡത്തിന്റെ ആരംഭത്തിൽ മാത്രമാണ് സ്ഥായിയിലെ ഉയർച്ച കാണുന്നത്. ഈ മാതൃകകളിൽ ആദ്യ ശൈലീഖണ്ഡത്തിലെ ഉച്ചാരണത്തിന്റെ ഒഴുക്ക് സ്വനവിതരണഘടനയുടെ സഹായത്തോടെ സ്ഥായീഘടനയുടെ സവിശേഷതയെ രണ്ടാം ശൈലീഖണ്ഡത്തിലേക്ക് വ്യാപിപ്പിക്കുന്നു. മറ്റ് മൂന്ന് സാഹചര്യങ്ങളിലും രണ്ടാം ഖണ്ഡത്തിലെ പൊതുവായ സ്ഥായീഗതി ആരോഹണക്രമത്തിലാണുള്ളത്. ഭാഷകർ ഭാഷണത്തിൽ രണ്ടാം ശൈലീഖണ്ഡത്തിനവസാനം വിരാമം നല്കാതെ അടുത്ത ഭാഷണഖണ്ഡത്തിലേക്ക് തുടർച്ചയായി കടക്കുമ്പോൾ, താരതമ്യേന ചെറിയ ഭാഷണഖണ്ഡങ്ങളിൽ ഇത്തരത്തിലുള്ള വൈവിധ്യങ്ങൾ കാണുന്നുണ്ട്. ഓരോ അനുതാനഖണ്ഡം കഴിയുമ്പോഴും വ്യക്തമായ വിരാമം ഉള്ളപ്പോൾ മാത്രമാണ് രണ്ടാം ശൈലീഖണ്ഡത്തിന്റെ സവിശേഷത വ്യക്തമായും പ്രതിഫലിക്കുന്നത്. ദത്തമായി ശേഖരിച്ച വാചകങ്ങൾ തുടർഭാഷണങ്ങളുടെ ഭാഗമായവയായതിനാലാണ് ഇത്തരത്തിലുള്ള വ്യതിയാനങ്ങൾ വിശകലനത്തിൽ കാണുന്നത്.



മഞ്ഞള്ളൂർ പ്രദേശത്തെ ഭാഷണങ്ങളിലെ രണ്ടാം ശൈലീഖണ്ഡത്തിന്റെ ആരംഭത്തിലെ സ്ഥായിയുടെ ഗതിയുടെ സ്റ്റാറ്റിസ്റ്റിക്കൽ വിശകലനഫലം.

ഭാഷണങ്ങളുടെ രണ്ടാം ശൈലീഖണ്ഡത്തിലെ അവസാനഭാഗത്തെ സ്ഥായിയുടെ ഗതി പരിശോധിക്കുമ്പോൾ വിശകലനം ചെയ്ത പതിനാല് മാതൃകകളിൽ പതിനൊന്ന് മാതൃകകളിലും സ്ഥായിയുടെ ഗതി താഴേക്കാണെന്ന് കാണാം. മൂന്ന് മാതൃകകളിൽ മാത്രമാണ് സ്ഥായിയുടെ ഗതി ഭാഷണാവസാനത്തിൽ ഉയർന്നു കാണുന്നത്. തുടർഭാഷണങ്ങളുടെ സവിശേഷതയായ തൊട്ടടുത്ത വാചകത്തിലേക്കുള്ള ഒഴുക്കോടെയുള്ള തുടർച്ചയാണ് ഈ വ്യതിയാനത്തിനു കാരണം.



മഞ്ഞള്ളൂർ പ്രദേശത്തെ ഭാഷണങ്ങളിലെ രണ്ടാം ശൈലീഖണ്ഡത്തിന്റെ അവസാനഭാഗത്തെ സ്ഥായിയുടെ ഗതിയുടെ സ്റ്റാറ്റിസ്റ്റിക്കൽ വിശകലനഫലം.

മഞ്ഞളൂരിലെ ഭാഷകരുടെ ഭാഷണത്തിലെ ഓരോ ശൈലീഖണ്ഡത്തിലെയും പൊതുവായ ഗതി പരിശോധിക്കുമ്പോൾ പതിനാല് മാതൃകകളിൽ പതിനൊന്ന് വാചകങ്ങളിലും ആദ്യ ശൈലീഖണ്ഡത്തിലെ സ്ഥായിയുടെ പൊതുവായ ഗതി ആരോഹണക്രമത്തിലാണ്. മറ്റ് മൂന്ന് സാഹചര്യങ്ങളിലും സ്ഥായിയുടെ ഗതി ഖണ്ഡത്തിന്റെ ആദ്യാവസാനം പ്രകടമായ രീതിയില്ലുള്ള മാറ്റങ്ങൾ സംഭവിക്കാതെ സമാനമായ നിലയിലാണുള്ളത്.

മഞ്ഞളൂർ പ്രദേശത്തെ ഭാഷണങ്ങളിലെ ആദ്യ ശൈലീഖണ്ഡത്തിലെ സ്ഥായിയുടെ പൊതുവായ ഗതിയുടെ സ്റ്റാറ്റിസ്റ്റിക്കൽ വിശകലനഫലം.

രണ്ടാം ശൈലീഖണ്ഡത്തിലെ സ്ഥായിയുടെ ഗതി പൊതുവേ അവരോഹണക്രമത്തിൽ ആണെന്നാണ് ഈ വിശകലനത്തിൽ നിന്നും വ്യക്തമാകുന്നത്. പരിശോധിച്ച പതിനാല് മാതൃകകളിൽ പത്ത് സാഹചര്യങ്ങളിലും മഞ്ഞളൂരിലെ ഭാഷണത്തിലെ രണ്ടാം ശൈലീഖണ്ഡത്തിലെ സ്ഥായിയുടെ ഗതി അവരോഹണക്രമത്തിലാണുള്ളത്. മറ്റ് നാല് മാതൃകകളിൽ രണ്ട് വാചകങ്ങളിൽ സ്ഥായീനില സമാനരീതിയിൽ ഖണ്ഡത്തിന്റെ ആദ്യാവസാനം തുടരുകയും രണ്ട് വാചകങ്ങളിൽ സ്ഥായിയുടെ ഗതി ഉയരുന്ന നിലയിലും ആണുള്ളത്. രണ്ടാം ശൈലീഖണ്ഡത്തിൽ സ്ഥായിയുടെ ഗതി ഉയരുന്ന മാതൃകകളിൽ ഭാഷണം അടുത്ത വാചകത്തിലേക്ക് അവിരാമം തുടരുന്നതായി കാണാം. തുടർഭാഷണങ്ങളുടെ ഈ ഒഴുക്ക് മൂലമാണ് ഭാഷണത്തിലെ സ്ഥായീഘടനയിൽ ഈ വ്യതിയാനം സംഭവിക്കുന്നത്.



മഞ്ഞള്ളൂർ പ്രദേശത്തെ ഭാഷണങ്ങളിലെ രണ്ടാം ശൈലീഖണ്ഡത്തിലെ സ്ഥായിയുടെ പൊതുവായ ഗതിയുടെ സ്റ്റാറ്റിസ്റ്റിക്കൽ വിശകലനഫലം.

മഞ്ഞള്ളൂരിലെ ഭാഷകരുടെ ഭാഷണത്തിൽ ഉൾപ്പെടുന്ന ആദ്യ രണ്ട് ശൈലീഖണ്ഡങ്ങളിലെ ആദ്യത്തെയും അവസാനത്തെയും ഭാഗങ്ങളിലെ സ്ഥായിയുടെ ഗതി പരിശോധിക്കുമ്പോൾ ഭാഷണാരംഭത്തിൽ പൊതുവായ ഒരു സവിശേഷത കണ്ടെത്താൻ കഴിയുന്നില്ല എങ്കിലും ആദ്യ ശൈലീഖണ്ഡത്തിന്റെ അവസാനഭാഗത്തും രണ്ടാം ശൈലീഖണ്ഡത്തിന്റെ ആരംഭത്തിലും അവസാനത്തിലും വ്യക്തമായും പൊതുവായ ഒരു സവിശേഷത മഞ്ഞള്ളൂരിലെ ഭാഷകർക്ക് ഉണ്ടെന്ന് കണ്ടെത്താൻ കഴിഞ്ഞു. ഭാഷണത്തിലെ ഓരോ ശൈലീഖണ്ഡങ്ങളിലെയും പൊതുവായ സ്ഥായീസവിശേഷതകൾക്ക് അനുസൃതമായ രീതിയിൽ ആദ്യ ശൈലീഖണ്ഡത്തിന്റെ അവസാനഭാഗത്ത് സ്ഥായിയുടെ ഗതി ഉയരുകയും രണ്ടാം ശൈലീഖണ്ഡത്തിന്റെ ആരംഭത്തിലും അവസാനത്തിലും സ്ഥായിയുടെ ഗതി താഴുകയും ചെയ്യുന്നുണ്ട്. ഓരോ ശൈലീഖണ്ഡത്തിലെയും പൊതുവായ സ്ഥായീഘടന പരിശോധിക്കുമ്പോഴും മഞ്ഞള്ളൂരിലെ ഭാഷകർപൊതുവായ ഒരു സവിശേഷഘടന സൂക്ഷിക്കുന്നതായാണ് കാണാൻ കഴിയുന്നത്. ഈ പ്രദേശത്തെ ഭാഷകരുടെ ഭാഷണത്തിലെ ആദ്യ ശൈലീഖണ്ഡത്തിൽ പൊതുവേ സ്ഥായിയുടെ ഗതി ആരോഹണക്രമത്തിലും രണ്ടാം ശൈലീഖണ്ഡത്തിലെ പൊതുവായ സ്ഥായീ ഗതി അവരോഹണക്രമത്തിലും ആണുള്ളത്.

സ്ഥായീഘടന

മഞ്ഞളൂരിലെ ഭാഷണത്തിലെ സ്ഥായിയുടെ വ്യതിയാനങ്ങളുടെ ഘടന യെയാണ് ഈ ഘട്ടത്തിൽ വിശകലനം ചെയ്തിട്ടുള്ളത്. ദത്തമായി ശേഖരിച്ച ഭാഷ ണങ്ങളിലെ സ്ഥായിയുടെ സിലബിൾ അടിസ്ഥാനത്തിലുള്ള വ്യതിയാനങ്ങളെ വില യിരുത്തിയാണ് ഘടനയുടെ സവിശേഷതകൾ പരിശോധിക്കുന്നത്. വാചകത്തിലെ ഓരോ ശൈലീഖണ്ഡത്തിലെയും പൊതുവായ സ്ഥായീഘടന നിലനിൽക്കുമ്പോൾ ത്തന്നെ സിലബിളുകൾ മാറുന്നതനുസരിച്ച് പ്രത്യേകമായ വ്യതിയാനങ്ങൾ സ്ഥായി യിൽ സംഭവിക്കുന്നുണ്ടോ എന്ന് പരിശോധിച്ച് അത്തരം മാറ്റങ്ങളുടെ അടിസ്ഥാന ത്തിലാണ് ഈ വിശകലനം നടത്തിയത്. മഞ്ഞളൂർ പ്രദേശത്ത് നിന്നും ദത്തമായി ശേഖരിച്ച പതിനാല് വാചകങ്ങളുടെ സ്ഥായിയെ സൂക്ഷ്മമായി പരിശോധിച്ചപ്പോൾ എല്ലാ ഭാഷകരുടെയും ഭാഷണത്തിൽ ആദ്യ ശൈലീഖണ്ഡത്തിലെ സ്ഥായിയിൽ സിലബിൾ അടിസ്ഥാനത്തിൽ കൃത്യമായ മാറ്റങ്ങൾ ആവർത്തിക്കുന്നുണ്ടെന്ന് കണ്ടെത്താൻ കഴിഞ്ഞു. ഓരോ ഭാഷകരുടെയും ഭാഷണത്തിലെ മാറ്റങ്ങളുടെ തോത് വ്യത്യസ്തമാണെങ്കിലും കൃത്യമായും ഈ വ്യതിയാനം ആവർത്തിക്കുന്നുണ്ട്. ചില ഭാഷണങ്ങളിൽ പ്രകടമായും കാണാവുന്ന ഈ ഘടന മറ്റ് മാതൃകകളിൽ സൂ ക്ഷ്മമായ നിരീക്ഷണത്തിലാണ് തിരിച്ചറിയാനാകുന്നത്. ശൈലീഖണ്ഡത്തിന്റെ പൊതുവായ ഘടനയ്ക്ക് അനുസൃതമായ രീതിയിലാണ് ഈ വ്യതിയാനങ്ങൾ സംഭവി ക്കുന്നത്. എന്നാൽ ഭാഷണത്തിലെ രണ്ടാം ശൈലീഖണ്ഡത്തിൽ ഈ സവിശേഷത സംഭവിക്കുന്നില്ല. എല്ലാ ഭാഷണങ്ങളിലും രണ്ടാം ശൈലീഖണ്ഡത്തിൽ വ്യതിയാന ങ്ങൾ സംഭവിക്കുന്നുണ്ടെങ്കിലും പ്രസ്തുത മാറ്റങ്ങൾ ആദ്യ ശൈലീഖണ്ഡത്തിൽ സം ഭവിക്കുന്ന രീതിയിൽ സിലബിൾ അടിസ്ഥാനത്തിൽ കൃത്യമായി ആവർത്തിക്കുന്നില്ല.

മഞ്ഞളൂർ പ്രദേശത്തെ എല്ലാ ആവേദകരും ഭാഷണത്തിൽ പൊതുവായി പിന്തുടരുന്ന ഒരു മാതൃകയാണ് ആദ്യ ശൈലീഖണ്ഡത്തിലെ സിലബിൾ അടിസ്ഥാ നത്തിലുള്ള സ്ഥായിയുടെ ആവർത്തിച്ചുള്ള വ്യതിയാനം. താളാത്മകമായ ഈ ഭാ ഷണസവിശേഷത പ്രസ്തുത പ്രദേശത്തെ ഭാഷണത്തിലെ അനുതാനത്തെ സ്വാധീ നിക്കുന്ന ഒരു ഘടകമാണ്. എല്ലാ ഭാഷകരും സമാനമായ ഘടന ഭാഷണത്തിൽ ആവർത്തിക്കുന്നതിനാൽ ഇത് മഞ്ഞളൂരിന്റെ ഭാഷണത്തിലെ ഒരു പൊതു സവി ശേഷതയായി കണക്കാക്കാവുന്നതാണ്.



മഞ്ഞള്ളൂർ പ്രദേശത്തെ ഭാഷണങ്ങളിലെ സ്വനിമികാടിസ്ഥാനത്തിലുള്ള സ്ഥായിയുടെ വ്യതിയാനത്തിന്റെ സ്റ്റാറ്റിസ്റ്റിക്കൽ വിശകലനഫലം.

ശൈലീഖണ്ഡങ്ങളിലെ പൊതുവായ സ്ഥായിയുടെ നില

മഞ്ഞള്ളൂരിലെ ഭാഷകരിൽ നിന്നും ശേഖരിച്ച ഭാഷണമാതൃകകളിലെ പൊതുവായ സ്ഥായിയുടെ നിലയെ ശൈലീഖണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ വിശകലനം ചെയ്യുകയാണ് ഈ ഘട്ടത്തിൽ ചെയ്യുത്. ഭാഷണത്തിലെ രണ്ട് ശൈലീഖണ്ഡങ്ങളിലെയും സ്ഥായിയുടെ പൊതുവായ നിലയെ താരതമ്യം ചെയ്ത് ഏത് ശൈലീഖണ്ഡത്തിലാണ് സ്ഥായി കൂടുതൽ സമയം ഉയർന്ന നിലയിൽ തുടരുന്നത് എന്നാണ് ഇവിടെ പരിശോധിക്കുന്നത്. മഞ്ഞള്ളൂരിലെ ഭാഷകർപൊതുവായി ഭാഷണത്തിലെ ഏതെങ്കിലും ഒരു ശൈലീഖണ്ഡത്തിലെ സ്ഥായിയിൽ കൂടുതൽ പ്രധാന്യം നൽകുന്നുണ്ടെങ്കിൽ ഭാഷണത്തിലെ അനുതാനത്തെ സ്വാധീനിക്കുന്ന പ്രധാനഘടകം എന്ന നിലയ്ക്ക് സ്ഥായിയിലെ ഈ സവിശേഷത പഠനത്തിൽ അനിവാര്യമാണ്. മഞ്ഞള്ളൂർ പ്രദേശത്ത് നിന്നും വിശകലനത്തിനായി ശേഖരിച്ച പതിനാല് ഭാഷണമാതൃകകളിലെ ശൈലീഖണ്ഡങ്ങളുടെ പൊതുവായ സ്ഥായീഘടന പരിശോധിക്കുമ്പോൾ അവയിൽ ഏഴ് മാതൃകകളിൽ ആദ്യ ശൈലീഖണ്ഡത്തിലാണ് സ്ഥായി കൂടുതൽ സമയം ഉയർന്നനിലയിൽ തുടരുന്നതായി കാണാൻ കഴിഞ്ഞത്. നാല് മാതൃകകളിൽ രണ്ടാം ശൈലീഖണ്ഡത്തിൽ സ്ഥായീനില കൂടുതൽ സമയം ഉയർന്നു നില്ക്കുന്നുണ്ട്. രണ്ട് ഭാഷണങ്ങളിൽ സ്ഥായിയുടെ നില രണ്ട് ശൈലീഖണ്ഡങ്ങളിലും സമാനമാണ്. രണ്ടാം ശൈലീഖണ്ഡത്തിൽ സ്ഥായീനില കൂടുതൽ

ഉയർന്നു നിൽക്കുന്ന ഭാഷണങ്ങൾ പൊതുവേ അടുത്ത വാചകത്തിലേക്ക് തുടരുന്ന രീതിയിലുള്ളവയാണ്. പ്രസ്തുത ഭാഷണഖണ്ഡത്തിനുശേഷം തുടർച്ചയായി ഒഴുക്കോടെ അടുത്ത ഖണ്ഡം ആരംഭിക്കുന്നതിനാലാണ് സ്ഥായീഘടനയിൽ ഈ വ്യതിയാനം സംഭവിക്കുന്നത്.

മഞ്ഞള്ളൂർ പ്രദേശത്തെ ഭാഷണങ്ങളിലെ ശൈലീഖണ്ഡങ്ങളുടെ അടിസ്ഥാനത്തിലുള്ള സ്ഥായീനിലയുടെ സ്റ്റാറ്റിസ്റ്റിക്കൽ വിശകലനഫലം.

സാധാരണഗതിയിൽ മഞ്ഞള്ളൂരിലെ ഭാഷകരുടെ ഭാഷണത്തിൽ ആദ്യ ശൈലീഖണ്ഡത്തിലെ സ്ഥായിയുടെ നില താരതമ്യേന രണ്ടാം ശൈലീഖണ്ഡത്തിലേതിലേക്കാൾ കൂടുതൽ സമയം ഉയർന്നു നില്ക്കുന്നു എന്നാണ് ഈ വിശകലനത്തിൽ നിന്നും മനസ്സിലാക്കാൻ കഴിയുന്നത്. വിശകലനം ചെയ്ത ഭൂരിപക്ഷം ഭാഷണ മാതൃകകൾ ഈ നിഗമനത്തെ സാധൂകരിക്കുന്നതിനാൽ ഈ ഭാഷണസവിശേഷത മഞ്ഞള്ളൂരിന്റെ പൊതുവായ ഭാഷണസ്വഭാവമായി പരിഗണിക്കാവുന്നതാണ്.

നിഗമനം

എറണാകുളം ജില്ലയുടെ കിഴക്കൻ അതിർത്തിയിലുള്ള മലയോരമേഖലയായ മഞ്ഞള്ളൂർ പ്രദേശത്തെ ഭാഷണത്തിലെ സവിശേഷതകളെ തിരിച്ചറിയുന്നതിനായി ഭാഷണത്തിലെ ഊന്നൽ, സ്ഥായി എന്നീ ഘടകങ്ങളെ അടിസ്ഥാനമാക്കി നടത്തിയ വിശകലനത്തിൽ നിന്നും ലഭിച്ച നിഗമനമാണ് ഇവിടെ വിശദീകരിക്കുന്നത്.

പ്രദേശത്തെ ഭാഷണത്തിലെ ഊന്നലിന്റെ സ്ഥാനം പരിശോധിച്ചതിൽ നിന്നും ഭാഷണത്തിലെ ഊന്നലിന്റെ ഘടനയിൽ വ്യക്തമായും ഒരു പൊതു സ്വഭാവം മഞ്ഞളൂരിലെ ഭാഷകർ സൂക്ഷിക്കുന്നുണ്ടെന്ന് മനസ്സിലാക്കാം. ഭാഷണത്തിലെ രണ്ടാം ശൈലീഖണ്ഡത്തിന്റെ ആരംഭത്തിലാണ് പ്രസ്തുത പ്രദേശത്തെ ഭാഷകർപ്രഥമ ഊന്നൽ നല്കുന്നത്. ഈ സവിശേഷത മഞ്ഞളൂരിലെ ഭാഷണത്തിലെ അന്തതാനഘടനയെ വ്യക്തമായും സ്വാധീനിക്കുന്ന ഒരു ഘടകമാണ്. ഒരു പ്രദേശത്തെ ഭാഷകർ പൊതുവായി ഓരോ ഭാഷണത്തിലും ഒരു പ്രത്യേക സ്ഥാനത്തു തന്നെ ഭാഷണത്തിലെ ഊന്നൽ കേന്ദ്രീകരിക്കുന്നു എന്നത് പ്രദേശത്തെ ഭാഷണത്തിന്റെ ശൈലിയിൽ പ്രകടമായ സമാനതയും പൊതു സ്വഭാവവും ഉണ്ടാകുന്നതിന് കാരണമാകും.

ഭാഷണത്തിലെ സ്ഥായീസവിശേഷതകളുടെ വിശകലനഫലവും പ്രദേശത്തെ ഭാഷണസമൂഹത്തിന്റെ ഭാഷണശൈലിയിലെയും ഘടനയിലെയും സമാനതകളെയാണ് വ്യക്തമാക്കുന്നത്. ഭാഷണങ്ങളിലെ ശൈലീഖണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ സ്ഥായിയുടെ ഗതി പരിശോധിച്ചപ്പോൾ ആദ്യ ശൈലീഖണ്ഡത്തിന്റെ ആരംഭത്തിലും, രണ്ടാം ശൈലീഖണ്ഡത്തിന്റെ ആരംഭത്തിലും അവസാനഭാഗത്തും സ്ഥായിയുടെ പൊതുവായ ഗതി അവരോഹണക്രമത്തിലും, ആദ്യ ശൈലീഖണ്ഡത്തിന്റെ അവസാനം സ്ഥായിയുടെ പൊതുവായ ഗതി ആരോഹണക്രമത്തിലുമാണെന്ന് കണ്ടെത്തി. മഞ്ഞളൂരിലെ ഭാഷണങ്ങളിൽ ആദ്യ ശൈലീഖണ്ഡത്തിലെ സ്ഥായിയുടെ പൊതുവായ ഗതി ആരോഹണക്രമത്തിലും, രണ്ടാം ശൈലീഖണ്ഡത്തിൽ അവരോഹണക്രമത്തിലുമാണുള്ളത്. കൂടാതെ മഞ്ഞളൂരിലെ ഭാഷണങ്ങളിൽ പൊതുവായി സ്ഥായീനില കൂടുതൽ സമയം ഉയർന്ന നിലയിൽ തുടരുന്നത് ആദ്യ ശൈലീഖണ്ഡത്തിലാണെന്നും തിരിച്ചറിഞ്ഞു. മഞ്ഞളൂരിലെ ഭാഷണങ്ങളിലെ ആദ്യ ശൈലീഖണ്ഡത്തിൽ സ്ഥായിയിലെ വ്യതിയാനങ്ങൾ സിലബിൾ അടിസ്ഥാനത്തിൽ ആവർത്തിക്കുന്നുണ്ട്. എന്നാൽ രണ്ടാം ശൈലീഖണ്ഡത്തിൽ ഇത് സംഭവിക്കുന്നില്ല. ഈ സവിശേഷതകൾ പ്രദേശത്തെ ഭാഷണങ്ങളിലെ സ്ഥായി ഭാഷണാരംഭത്തിൽ താരതമ്യേന ഉയർന്ന നിലയിൽ നിന്നും ആരംഭിച്ച് ഭാഷണമധ്യത്തിലുള്ള പ്രധാന ഊന്നൽ വരെ ക്രമമായി ആവർത്തിക്കുന്ന വ്യതിയാനങ്ങളിലൂടെ ഉയരുകയും പിന്നീട് ഭാഷണാന്ത്യം വരെ അവരോഹണക്രമത്തിലുള്ളതുമായ പൊതു ഘടന പ്രകടിപ്പിക്കുന്നു എന്നും തെളിയിക്കുന്നു.

പ്രദേശത്തെ ഭാഷണത്തിലെ സ്ഥായിയുടെയും ഊന്നലിന്റെയും സവിശേഷതകളെ വിശകലനം ചെയ്തതിൽ നിന്നും മലയോരമേഖലയായ മഞ്ഞള്ളൂരിലെ ഭാഷണത്തിൽ സമാനതകൾ സൃഷ്ടിക്കുന്ന പൊതുവായ ഘടകങ്ങളാണ് ഊന്നൽ, സ്ഥായി എന്നിവ എന്ന് ഈ പഠനത്തിലൂടെ വ്യക്തമാകുന്നു.

സഹായക ഗ്രന്ഥങ്ങൾ

1. അനുപമ, എം., ഭാഷാഭേദം, സമയം പബ്ലിക്കേഷൻസ്, കണ്ണൂർ, 2011.
2. ഉഷാ, നമ്പൂതിരിപ്പാട്, സാമൂഹികഭാഷാവിജ്ഞാനം. കേരളഭാഷാ ഇന്സ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1994.
3. കുമാരൻ വയലേരി, ഭാഷയും സമൂഹവും. പുസ്തകഭവൻ, കണ്ണൂർ, 2010.
4. നമ്പൂതിരിപ്പാട്, ഇ. എം. എസ്., നമ്മുടെ ഭാഷ, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1997.
5. പ്രബോധചന്ദ്രൻ നായർ, വി. ആർ. സ്വനവിജ്ഞാനം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1998.
6. പ്രബോധചന്ദ്രന്നായർ, വി. ആർ., ഭാഷാശാസ്ത്രനിഘണ്ടു, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2012.
7. പ്രഭാകരവാരിയർ, കെ. എം., ഭാഷാവലോകനം, വള്ളത്തോൾ വിദ്യാപീഠം, എടപ്പാൾ, 2010.
8. രവി, ഇരിഞ്ജയം, ഭാഷാവ്യവഹാരരൂപങ്ങൾ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2009.
9. ശ്രീനാഥന്, എം., ഭാഷാഭേദപഠനം – മലപ്പുറം, തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല, തിരൂർ, 2015.
10. സോമശേഖരന്നായർ, പി., ഭാഷാഭേദവിജ്ഞാനം. കേരളഭാഷാ ഇന്സ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2016.
11. Asher, R. E. & Kumari, T. C., Malayalam. Roultage, London & New York, 1997.
12. Caroline Fery. Intonation and Prosodic Structure, Cambridge University Press, Cambridge, 2016.

13. Crystal, D., Prosodic Systems and Intonation in English. Cambridge University Press, Cambridge, 1969.

14. Dalton, C. & Seidlholder, B., Pronunciation. Oxford University Press, 1994.

15. Daniel Jones, The Phonetic Structure of Sechuana LanguageRead at the anniversary meeting of the Phonological Society on Friday, 1917.

16. Denise Deshaies Lafontaine, A Socio - Phonetics Study of A Quebec French community: Trois- Rivieres. PhD Thesis. University of Londen, London, 1974.

17. Elan Dresher, B. The Phoneme, 2011. https://www. ling. upenn. edu/ ~gene/ courses/530/readings/Dresher2011.

ഗ്രന്ഥകർത്താവിന്റെ മരണം - ഒരു ലകാനിയൻ വായന

പ്രൊഫ. സെബാസ്റ്റ്യൻ വട്ടമറ്റം
റിട്ടയേർഡ് പ്രൊഫസർ,
എസ്. ബി. കോളേജ്, ചങ്ങനാശേരി

പ്രബന്ധസംഗ്രഹം:

സൊസ്സ്യൂറിന്റെ ഭാഷാശാസ്ത്രത്തിന്റെ ചുവടുപിടിച്ച് ചിഹ്നവിജ്ഞാനത്തിൽ വലിയ മുന്നേറ്റം നടത്തിയ ആളാണ റൊളാങ് ബാർത്ത് (Roland Barthes) മനശ്ശാസ്ത്രത്തിൽ ഴാക് ലകാനും. ബാർത്തിന്റെ വളരെ പ്രസിദ്ധമായ ഒരു ലേഖനമാണ 'ഗ്രന്ഥകർത്താവിന്റെ മരണം' Death of the Author). ലകാന്റെ വിചാരപരിസരത്തിൽ അതിന്റെ പുതിയൊരു വായനയാണിവിടെ ഉദ്ദേശിക്കുന്നത്.

താക്കോൽ വാക്കുകൾ:

പ്രതീകക്രമം, ഭീമാപരം, ഗുരുസൂചകം, യഥാതഥം, സൂക്ഷ്മാപരം, തൃഷ്ണ, ഴയിസാങ്സ്

ആമുഖം

ഭാഷയൊരു ചിഹ്നവ്യവസ്ഥ ആണല്ലോ, ഓരോ വാക്കും ഒരു ചിഹ്നവും.

മലയാളഭാഷയിൽ 'ഞാൻ' എന്ന വാക്കിന്റെ ശബ്ദരൂപമാണ സൂചകം. എന്നാൽ സൂചിതം (അർത്ഥം) എന്താണ്? 'ഞാൻ' എന്ന് ആരുച്ചരിക്കുന്നോ അതാണ് ആ നിമിഷം അതിന്റെ സൂചിതം. ഭാഷയെന്ന ചിഹ്നവ്യവസ്ഥയിലെ സകല വാക്കുകൾക്കുമുണ്ട് ഈ അർത്ഥഫലമയും പൊലിമയും. സൊസ്സ്യൂറിന്റെ ഈ ഭാഷാസിദ്ധാന്തമാണ് നമ്മുടെ സാഹിത്യവിചാരങ്ങളെ തകിടം മറിച്ചതും സാഹിത്യസാമ്രാജ്യത്തിൽ ഗ്രന്ഥകർത്താവിനെ താഴെയിറക്കിയതും.

ഗ്രന്ഥകർത്താവിന്റെ മരണം

ബൽസാക്കിന്റെ 'സരാസിൻ' (Sarrasine) എന്ന കഥയിൽ സ്ത്രീവേഷത്തിൽ കലാവേദിയിൽ പ്രത്യക്ഷപ്പെടുന്ന ഒരു പുരുഷഗായകനുണ്ട്, ശബ്ദഭംഗി നിലനിർത്താൻ കൗമാരപ്രായത്തിൽ ലിംഗച്ഛേദം നടത്തിയ ഒരാൾ. കഥാകൃത്ത് ആ 'സ്ത്രീ'കഥാപാത്രത്തെ അവളിലെ 'അമ്പരപ്പും യുക്തിരഹിതമായ തോന്നലുകളും സഹജഭീതികളും ധൈര്യഭാവങ്ങളും' മറ്റും വിവരിച്ച് അവതരിപ്പിക്കുന്നു. ഈ വിവരണത്തിന്റെ കർത്താവ് (ഓഥർ) ആരെന്നു ചോദിച്ചുകൊണ്ടാണ് ബാർത്ത് തന്റെ 'ഗ്രന്ഥകർത്താവിന്റെ മരണം' ആരംഭിക്കുന്നത്. വിവരണത്തിന്റെ ഓഥർ കഥയിലെ നായകൻ ആണോ? പുരുഷനായ ബൽസാക്ക് സ്ത്രീകളെക്കുറിച്ചുള്ള തന്റെ ധാരണ വച്ചു പറയുന്നതാണോ? ബൽസാക്ക് എന്ന കഥാകൃത്ത് സ്ത്രീകളെക്കുറിച്ചുള്ള ചില 'സാഹിത്യ' ചിന്തകളുടെ പിൻബലത്തിൽ പറയുന്നതാണോ? . . . എന്നിങ്ങനെ പല ചോദ്യങ്ങളുമുന്നയിച്ചുകൊണ്ടാണ് ബാർത്ത് ലേഖനമാരംഭിക്കുന്നത്.

ഈ ചോദ്യങ്ങൾ എന്റെ മനസ്സിലേക്കാനയിക്കുന്നത് നമ്മുടെയൊക്കെ 'ഞാൻബോധ'ത്തെ - സ്വത്വത്തെ - കുറിച്ചുള്ള ലകാനിയൻ കാഴ്ചപ്പാടാണ്. ഞാനൊരു കഥയെഴുതുകയാണെങ്കിൽ, അതിലെ ഭാവനാസൃഷ്ടികളായ കഥാപാത്രങ്ങളുമായി മാറിമാറി ഞാൻ താദാത്മ്യപ്പെട്ടുകൊണ്ടിരിക്കും. മാറിക്കൊണ്ടിരിക്കുന്ന ഈ 'ഞാൻബോധ'മാണ് ലകാന് എന്റെ സ്വത്വം. ചിഹ്നങ്ങൾപോലെ ചഞ്ചലമാണത്. ഒരു കുഞ്ഞ് ആദ്യമായി സ്വയം തിരിച്ചറിയുന്നതുതന്നെ കണ്ണാടിഘട്ടത്തിൽ കണ്ണാടിയിലെ തന്റെ പ്രതിച്ഛായയിൽ നിന്നാണ് - ഒരു ചിഹ്നമായിട്ടാണ്. അതിനാൽ മനുഷ്യസ്വത്വമെന്നതു ഭാഷപോലെ അസ്ഥിരമാണ്. 'മീതേക്കുമീതെ എടുത്തണിയാവുന്ന വസ്ത്രങ്ങൾ പോലെയാണത്. ' (Lacan 1988, p. 155)

ഇനി ബാർത്തിലേക്കുവരാം. എല്ലാ എഴുത്തും (സാഹിത്യം) പല ശബ്ദങ്ങൾ കൂടിച്ചേർന്ന ഒരു സവിശേഷ ശബ്ദമാണെന്നും സാഹിത്യം ആ ശബ്ദത്തിന്റെ കണ്ടെത്തലാണെന്നും എഴുത്താൾ അതിന്റെ ഉറവിടമല്ലെന്നുമാണ് അദ്ദേഹം സ്ഥാപിക്കുന്നത്. എഴുത്താൾ ആ സവിശേഷ ശബ്ദത്തിൽ മുങ്ങിപ്പോകുന്നു, അയാളുടെ അനന്യത നഷ്ടപ്പെടുന്നു - സ്വന്തം ശരീരത്തിന്റെ അനന്യതയൊഴിച്ച്. എന്നാൽ 'വർത്തമാന സംസ്കാരത്തിൽ കാണുന്ന സാഹിത്യസങ്കൽപം ഓഥറുടെ സമഗ്രാധിപത്യത്തിൽ കേന്ദ്രീകരിച്ചിരിക്കുന്നു - അയാളുടെ ആളത്തം, ജീവചരിത്രം, അഭിരുചികൾ ആസക്തികൾ എന്നിവയിൽ. ' ബാർത്ത് സൂചിപ്പിക്കുന്ന 'സവിശേഷശബ്ദം' എന്തെന്നു മെവിടെനിന്നെന്നുമാണ് നമുക്കാലോചിക്കേണ്ടത്. അതിനു ലകാൻ വിവരിക്കുന്ന നമ്മുടെ മൂന്നു മനോവലയങ്ങളെക്കുറിച്ചറിയണം.

ലകാനിയൻ മനോവലയങ്ങൾ

ചെറുപ്പകാലങ്ങളിലുള്ള ശീലം നാം മറക്കില്ലല്ലോ. ഏറ്റവും പ്രധാനം കഥകൾ കേൾക്കുന്ന ശീലമാണ്. മുത്തശ്ശി മാത്രമല്ല, ചുറ്റിലും കാണുന്ന പള്ളികളുമുത്സവങ്ങളുമെല്ലാം നമ്മോടു കഥകൾ പറയുന്നുണ്ട്. അവയെക്കൂടി ഉൾപ്പെടുത്തി നമുക്കു കഥകളെ ആഖ്യാനങ്ങൾ എന്നു വിളിക്കാം. കണ്ടുമുട്ടുന്നവയിൽ പലതും ആഖ്യാനങ്ങളിലൂടെ അർഥപ്പൊലിമയുള്ള മറ്റെന്തൊക്കെയോ ആയി നമ്മുടെ മനസ്സിൽ കേറിക്കൂടുന്നു. അവയെ നമുക്കു മിത്തുകളെന്നുവിളിക്കാം. ഇവയിൽ നിന്നെല്ലാം മനസ്സിലൊട്ടേറെ പിതൃബിംബം പോലുള്ള ബിംബങ്ങളും പ്രതീകങ്ങളും രൂപകങ്ങളും മറ്റും ഉറഞ്ഞുകൂടുന്നു. ഇതെല്ലാം സംഭവിക്കുന്ന ഒരു മനോവലയമുണ്ട്, പ്രതീകക്രമം (Symbolic Order). അകത്തോ പുറത്തോ എന്നു പറയാനാവാത്തതും നമ്മെ നിയന്ത്രിക്കുന്നതുമായ അതിനെ ഭീമാപരം (the big Other) എന്നും ലകാൻ വിളിക്കുന്നു. അതാണു നമ്മുടെ മനസ്സിന്റെ അബോധതലത്തിലെ അധികഭാഗവും.

പ്രതീകക്രമത്തിൽ പ്രതീകങ്ങൾക്കു വലിയൊരു സ്ഥാനമുണ്ട്. ഒരു ചിഹ്നത്തിൽ സൂചകംതന്നെ സൂചിതമെന്ന പ്രതീതി ജനിക്കുമ്പോൾ അതൊരു പ്രതീകമാകുന്നു. ഒരു രാഷ്ട്രീയ എതിരാളിയുടെ കോലം കത്തിക്കുമ്പോൾ അതു ചെയ്യുന്നവർക്കുണ്ടാകുന്ന ആഹ്ലാദം ആ കോലംതന്നെയാണ് എതിരാളി എന്ന തോന്നലുകൊണ്ടാണ്. 'ഗോമാതാവ്' എന്ന മിത്ത് നമ്മുടെ ദേശത്തിന്റെ പ്രതീകമെന്നു ധരിക്കുമ്പോൾ തൊഴുത്തിലെ പശു നമുക്ക് ദേശംതന്നെ ആകുന്നു, അതിനെ ദ്രോഹി

ക്കുന്നതു ദേശദ്രോഹവും. പ്രതീകങ്ങൾ ഒരു ഭാഷാസമൂഹത്തിലെ അംഗങ്ങളെ പരസ്പരം കണ്ണിചേർക്കുന്നു. അതിനാലാണ 'സമൂഹഘടന പ്രതീകാത്മകമാണ്' എന്നു ലകാൻ പറയുന്നത്. (Lacan 2006, p. 108)

പ്രതീകക്രമത്തിലെ മറ്റൊരു പ്രധാനഘടകം ഗുരുസൂചകങ്ങളാണ് (Master Signifiers). കൃത്യമായ സൂചിതങ്ങളൊന്നുമില്ലാതെതന്നെ നമ്മുടെ മനസ്സിൽ കയറിക്കൂടി സ്വാധീനം ചെലുത്തുന്ന സൂചകങ്ങളാണവ. മലയാളസാഹിത്യത്തിലേക്ക് അതിവേഗം 'ആധുനികത' കടന്നുവന്ന കാലമോർക്കുക. അന്നത്തെ എഴുത്തുകാർക്കതൊരു ഗുരുസൂചകമായിരുന്നു. എന്തെന്നു വ്യക്തമായി അറിയില്ലെങ്കിലും, അതിന്റെ മാസ്മരികതയിൽ അവരുടെതന്നെ പഴയ രചനകളെയവർ വെറുക്കാൻ തുടങ്ങി.

അപ്പോൾ ഗുരുസൂചകങ്ങളും പ്രതീകങ്ങളുമെല്ലാമടങ്ങിയ പ്രതീകക്രമം നമ്മുടെ വ്യക്തിജീവിതത്തിലും സാമൂഹ്യജീവിതത്തിലും വലിയ സ്വാധീനമാണ ചെലുത്തുന്നത്. നമ്മുടെ കർമ്മകാമനകളിലെല്ലാമതു നിഴൽ വീഴ്ത്തുന്നു. ഭീമാപരവും നമ്മുടെ സ്വത്വബോധവും തമ്മിൽ അപരിഹാര്യമായ ഒരു വിഘടനമുണ്ടെന്നും ലകാൻ സ്ഥാപിക്കുന്നുണ്ട്. എങ്കിൽ എനിക്കെങ്ങനെ എന്റെ എഴുത്തിന്റെ കർതൃത്വമവകാശപ്പെടാനാവും. ഈ ലേഖനം ഞാനെഴുതുന്നത് ഒരു അക്കദമിക് മാസികയ്ക്കു വേണ്ടിയാണ്. ആ മാസികയുടെ 'നിലവാരം' ഒരു ഗുരുസൂചകമായി എന്റെ കരങ്ങളെ നിയന്ത്രിക്കുന്നു.

സാഹിത്യരചനയിൽ ഏർപ്പെട്ടിരിക്കുന്ന എഴുത്താൾ പല ശബ്ദങ്ങൾ ഒത്തുചേർന്ന ഒരു 'സവിശേഷ ശബ്ദ'ത്തിൽ മുങ്ങിപോകുന്നു എന്നാണല്ലോ ബാർത്ത് പറയുന്നത്. ആ ശബ്ദം രൂപം കൊള്ളുന്നത് എഴുത്താളുടെ പ്രതീകതലത്തിലാണ്. അതുകൊണ്ടാണ് മൗലികമായ സാമൂഹ്യപരിവർത്തനത്തിനു സമൂഹത്തിന്റെ പ്രതീകക്രമത്തെ പുനഃസൃഷ്ടിക്കേണ്ടിയിരിക്കുന്നു എന്നും അതിൽ കലാസാഹിത്യ രചയിതാക്കൾക്കു നിർണായക പങ്കുണ്ടെന്നും 'ഒരു പ്രതീക വിപ്ലവത്തിലേക്ക്' എന്ന ലേഖനത്തിൽ കാപ്പനച്ചൻ പറയുന്നത്. (സെബാസ്റ്റിയൻ കാപ്പൻ, 2023, 248)

അപ്പോൾ, എഴുത്താൾ മനസ്സിനുള്ളിലെ അധികാരബിംബങ്ങൾക്കുംമറ്റും കീഴടങ്ങി എഴുതുകയല്ല ചെയ്യുന്നത്. അവയുടെയൊക്കെ പല വിലക്കുകളും ദമിതമോഹങ്ങളായി ഉള്ളിലൊതുങ്ങുകയും എന്തിനുവേണ്ടിയെന്നറിയാതുള്ള തൃഷ്ണയായി നമ്മെ പുതിയ മേച്ചിൽപ്പുറങ്ങളിലേക്കു നയിക്കുകയും ചെയ്യും. തൃഷ്ണപോലെ ആരെ/

എന്തിനെ എന്നറിയാതുള്ള ഭയമാണു സംത്രാസം. (Lacan 1978, p. 95). അതിന്റെ പ്രവർത്തനവും സമാനമാണ്.

നമ്മുടെ മറ്റൊരു അബോധ ചാലകശക്തിയുടെ ഉറവിടം അമ്മയുടെ ഗർഭ ജലത്തിലെ സുരക്ഷിത സുഖജീവിതത്തിന്റെ മങ്ങാത്ത സ്മരണയാണ്. ഇനിയുമപ്രാപ്യമായ ആ സുഖപാരമ്യം - ഴുയിസാങ്സ് (Juissance) - അസ്സാധ്യകാര്യങ്ങളെത്തിപ്പിടിക്കാൻ നമ്മെ പ്രലോഭിപ്പിച്ചുകൊണ്ടിരിക്കും. (Lacan, Écrits, p. 690) ഇത്തരം തൃഷ്ണകൾക്കും പ്രലോഭനങ്ങൾക്കും വഴിപ്പെട്ട് പുതിയ വഴിത്താരകൾ തേടാൻ കരുത്തേകുന്ന മറ്റൊരു മനോവലയവും നമുക്കുണ്ട്. അതാണ് ഭാവനാതലം (the Imaginary). മനുഷ്യസ്വാതന്ത്ര്യം സൂചകങ്ങളുടെ അനന്തമായ അർത്ഥോൽപാദന സാധ്യതകളുമായി ബന്ധപ്പെട്ടിരിക്കുന്നു. വിലക്കപ്പെടുന്ന സ്വാതന്ത്ര്യത്തെ സ്വകാര്യജീവിതത്തിൽ നാം വീണ്ടെടുക്കുന്നതു മിഥ്യാടന (fantasy) ങ്ങളിലൂടെയാണ്. സാമൂഹ്യജീവിതത്തിൽ സ്വാതന്ത്ര്യത്തിന്റെ സംരക്ഷണത്തിനും വീണ്ടെടുപ്പിനുമുള്ള വഴി തുറക്കുന്നതു കലാസൃഷ്ടികളും. മിഥ്യാടനങ്ങളും കലാസൃഷ്ടികളും ഉറവെടുക്കുന്നത് ഭാവനാതലത്തിലാണ്.

തൃഷ്ണകൾ പോലെ ഭാഷയിലൂടെ ആവിഷ്ക്കരിക്കാൻ കഴിയാത്ത ധാരാളം അനുഭവങ്ങളും നമുക്കുണ്ട്. അവയെല്ലാം ചേർന്ന മനോവലയമാണ് യഥാതഥം (The Real). എന്റെ ഊരും പേരും തൊഴിലും പരിസരാഖ്യാനങ്ങളും ഭീമാപരവും എന്നോടു പറഞ്ഞുകൊണ്ടിരിക്കുന്നു ഞാൻ ആരാണെന്ന്. അതിൽ നിന്നാണെന്റെ സ്വത്വബോധമുണരുന്നത്. ഭാഷാനിർമ്മിതമായ ആ സ്വത്വബോധത്തിനപ്പുറം എന്റെ 'ഉണ്മയുടെ കാതൽ' ആയി ഒന്നുണ്ട്. അതാണെന്റെ ആത്മം (self). മൺകുടത്തെ കുടമാക്കുന്ന അതിനുള്ളിലെ ശൂന്യതയോടാണ് ലകാൻ ആത്മത്തെ ഉപമിക്കുന്നത്. ആത്മവും യഥാതഥത്തിന്റെ ഭാഗംതന്നെ. (Lacan 1991, p. 44). സ്വത്വം നമ്മുടെ ആത്മത്തിന്റെ പ്രതീകമാണ്; അതുതന്നെയാണ് ആത്മമെന്ന പ്രതീതി ജനിപ്പിക്കുന്നു. (Lacan 1997, p. 131). മൺകുടം നിറയ്ക്കുമ്പോൾ അതിലെ ശൂന്യത പിൻവാങ്ങുന്നതുപോലെ സ്വത്വബോധത്താൽ ആത്മവും മാഞ്ഞുപോകുന്നു.

ഗ്രന്ഥകർത്താവിൽ നിന്നു വായനക്കാരിയിലേക്ക്

വായനയാണ് ഒരു സാഹിത്യകൃതിയെ പാഠമാക്കുന്നത്. അതിലെ വാക്കുകൾ സാമാന്യാർത്ഥത്തിൽ മാത്രം മനസ്സിലാക്കി വായിക്കുമ്പോൾ അത് അർത്ഥപ്പൊ

ലിമയില്ലാത്ത ഒരു കൃതിമാത്രം. ഓരോ വാക്കിന്റെയും അർത്ഥതലങ്ങൾ തേടിയും സമന്വയിപ്പിച്ചുമുള്ള വായന കൃതിയെ പാഠമാക്കുന്നു. അത്തരം വായനയെ ആസ്വാദനമെന്നല്ല സംവാദമെന്നാണു പറയേണ്ടത്, നമ്മുടെ പ്രതീകക്രമത്തിലെ പാഠങ്ങളുടെ വെളിച്ചത്തിൽ ഭാവനയിലൂന്നിയൊരു സംവാദം. യഥാതഥത്തിലെ നമ്മുടെ 'ആത്മ'പ്രേരണയുടെ ആത്മവത്തയും (hidden poesy) അതിൽ പങ്കുചേരുന്നു.

ഓരോ സാഹിത്യകൃതിയും ഒരു പാഠവും അതിനാലനേകം സാംസ്കാരിക ഉറവിടങ്ങളിൽ നിന്നുരുവാകുന്ന പലപല മാനങ്ങളുമുള്ള ഒരു മണ്ഡലവുമാണ്. നമ്മുടെയീ പ്രപഞ്ചംതന്നെ ഒരു പാഠമാണല്ലോ. അതിനൊരു ആത്യന്തികാർത്ഥം നൽകുകയാണു ദൈവശാസ്ത്രം ചെയ്യുന്നത്. അപ്പോൾ ഒരു പാഠത്തിനും സ്ഥിരാർത്ഥം നൽകാതിരിക്കുക എന്നതു ദൈവശാസ്ത്രവിരുദ്ധമാണ്, വിപ്ലവകരമാണ്. 'അർത്ഥത്തെ സ്ഥിരപ്പെടുത്താൻ വിസമ്മതിക്കുക എന്നാൽ ദൈവത്തെയും യുക്തി, ശാസ്ത്രം, നിയമം എന്ന ത്രിത്വത്തെയും നിഷേധിക്കുക എന്നാണർത്ഥം. ' (ബാർത്ത്) ഇവയിലൊന്നിലും വാക്കുകൾക്കു സ്ഥിരാർത്ഥങ്ങളുണ്ടാകാതെ പറ്റില്ലല്ലോ.

ഓഥർ ഇല്ലെങ്കിൽ പിന്നെ പാഠം വായിച്ചു പൊരുൾ കണ്ടെത്തുക (decipher) എന്നു പറയുന്നതിലർത്ഥമില്ല. ഒരു പാഠത്തിനൊരു ഓഥറെ കൽപിക്കുകയെന്നത് അതിനൊരു അന്തിമാർത്ഥം ചാർത്തുന്നതിനു തുല്യമാണ്. അപ്പോൾ സാഹിത്യവിമർശനത്തിന്റെ ഉന്നം കൃതിയുടെ ഉള്ളിൽ നിന്ന് ഓഥറെ കണ്ടെത്തുക എന്നതാകും. അതു സാധിച്ചാൽ പിന്നെ പാഠത്തിന്റെ ഒഴുക്കു നിലയ്ക്കും.

'ഗ്രന്ഥകർത്താവിന്റെ മരണം വായനക്കാരന്റെ/രിയുടെ ജനനത്തിനുള്ള മോചനദ്രവ്യമാണ്" എന്നു പറഞ്ഞാണ് ബാർത്ത് തന്റെ ലേഖനമവസാനിപ്പിക്കുന്നത്.

ഉപസംഹാരം

മനുഷ്യകർതൃത്വത്തെക്കുറിച്ചുള്ള ലകാനിയൻ ചിന്തകൾ, ദാർശനിക തലത്തിൽ മൗലിക മാറ്റങ്ങൾക്കാണ് വഴിതെളിച്ചിരിക്കുന്നത്. മുതലാളിത്ത ആധുനികതയിലെ വ്യക്തിസങ്കല്പത്തെ എന്നവണ്ണം മാർക്സിയൻ ദർശനത്തിലെ 'പൂർണ്ണമനുഷ്യ'നെയും ആധിപത്യപരമായ ദൈവസങ്കല്പങ്ങളെയും അത് തകിടംമറിക്കുന്നു. ഗ്രന്ഥകർത്താവിന്റെ പിറവി തന്നെ ഒരു ചോദ്യചിഹ്നമാക്കുന്നു.

സഹായക ഗ്രന്ഥങ്ങൾ

1. vLacan, Jacques, The Four Fundamental Concepts of Psycho-Analysis, W. W. Norton & Company, 1978
2. Lacan, Jacques, Seminar II: The Ego in Freud's Theory and in the Technique of Psychoanalysis, W. W. Norton & Company; 1988, 1991
3. Lacan, Jacques, The Psychoses, Norton paperback 1997
4. Lacan, Jacques, Seminar XI: The Four Fundamental Concepts of Psychoanalysis, New York: W. W. Norton & Company Inc. , 1998
5. Lacan, Jacques, Écrits: A Selection, W. W. Norton & Co. , New York, 2006
6. സെബാസ്റ്റ്യൻ വട്ടമറ്റം, ലകാനും സിസേക്കും: മനസ്സ് മതം മാർക്സിസം, ആത്മ ബുക്സ്, കോഴിക്കോട്, 2023
7. സെബാസ്റ്റ്യൻ കാപ്പൻ, കാപ്പനച്ചന്റെ സമ്പൂർണ കൃതികൾ, വാല്യം 1, അധ്യായം 20, ഡി സി ബുക്സ്, കോട്ടയം, 2023

സാങ്കേതികവിദ്യാധിഷ്ഠിതഭാഷാബോധനം - വിദ്യാഭ്യാസ ഭാഷാശാസ്ത്രത്തിന്റെ നൂതനപ്രവണതകൾ

ഡോ. ഐശ്വര്യ പി.
അസിസ്റ്റന്റ് പ്രൊഫസർ, സ്കൂൾ ഓഫ് ലിംഗ്വിസ്റ്റിക്സ്
തുഞ്ചത്തെഴുത്തച്ഛൻ മലയാളം യൂണിവേഴ്സിറ്റി

പ്രബന്ധസംഗ്രഹം:

മലയാളഭാഷാബോധനത്തിന് സാങ്കേതികവിദ്യാധിഷ്ഠിതമായ ഒരു ഭാഷാകേളീമാതൃക (Technology based Language Game) വികസിപ്പിക്കുന്നതിന് വേണ്ട സമീപനങ്ങളും അത്തരം ഒരു മാതൃകയുടെ പ്രസക്തിയും ഈ പ്രബന്ധം അവതരിപ്പിക്കുന്നു. പ്രയുക്തഭാഷാശാസ്ത്രത്തിന്റെ പ്രധാനപ്പെട്ട മേഖലയായ വിദ്യാഭ്യാസഭാഷാശാസ്ത്രത്തിലെ ഏറ്റവും നൂതനമായ പഠനരീതിയിലാണ് ഈ പ്രബന്ധം തയ്യാറാക്കുന്നത്. നിലവിൽ ആപ് സ്റ്റോറുകളിൽ ലഭ്യമായ മലയാളം പഠിക്കുന്നതിന് സഹായിക്കുന്ന 'ലാങ്ഗ്വേജ് ഗെയിം ആപ്പ്'കളുടെ ഉള്ളടക്കം പരിശോധിച്ച് അവയെ വിമർശനാത്മകമായി വിലയിരുത്തി അവയുടെ പരിമിതികൾ കണ്ടെത്തുകയും ആ പരിമിതികളെ പരിഹരിച്ചുകൊണ്ട് മലയാളസന്ദർഭത്തിൽ നൂതനമായ ഒരു ബോധനമാതൃക അവതരിപ്പിക്കാൻ ശ്രമം നടത്തുകയുമാണ് ഈ പഠനത്തിൽ. ഈ പഠനത്തിന്റെ കണ്ടെത്തലുകൾ ഭാഷാശാസ്ത്രപരമായ ഭാഷാബോധനരീതികളെയും

അവയുടെ നൂതനസാങ്കേതികമായ അവതരണസാധ്യതകളെയും സമന്വയിപ്പിച്ച് മലയാളഭാഷാബോധനത്തിന് കൂടുതൽ കാര്യക്ഷമമായ നവീനമായ സമീപനം നൽകുന്നു.

താക്കോൽ വാക്കുകൾ:

വിദ്യാഭ്യാസഭാഷാശാസ്ത്രം, ആപ്പുകൾ, ഭാഷാകേളികൾ, സാങ്കേതികവിദ്യാധിഷ്ഠിതഭാഷാബോധനം.

ആമുഖം

ആധുനികസമൂഹത്തിൽ എല്ലാമേഖലകളിലും മനുഷ്യപ്രവർത്തിയെ ലഘൂകരിക്കാനും പ്രയത്നങ്ങൾ ആയാസരഹിതമാക്കാനും കൂടുതൽ രസകരമാക്കാനും സാങ്കേതികവിദ്യയുടെ സാധ്യതകൾ ഉപയോഗിച്ചുവരുന്നു. ലോകഭാഷകളെ ആധുനിക ഡിജിറ്റൽ സാങ്കേതികവിദ്യയോട് കൂട്ടിയിണക്കാനും അതുവഴി ഭാഷാനാശം തടയാനും ഓരോ ഭാഷയേയും ആധുനികീകരിക്കുന്നതിനുമുള്ള ശ്രമങ്ങളിൽ ഭാഷാശാസ്ത്രജ്ഞരും കമ്പ്യൂട്ടർ ശാസ്ത്രജ്ഞരും ചേർന്ന് സ്വാഭാവികഭാഷാസംസ്കരണത്തിലും (Natural Language Processing) നിർമ്മിതബുദ്ധിയിലും (Artificial Intellegence) ഗവേഷണങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു. മലയാളഭാഷയും മലയാളഭാഷാബോധനവും ഈ രീതിയിലുള്ള പ്രവർത്തനങ്ങളിലേക്ക് ചുവടുകൾ വച്ചുകൊണ്ടിരിക്കുകയാണ്.

കേരളത്തിൽ സാങ്കേതികവിദ്യാധിഷ്ഠിതമായ വിദ്യാഭ്യാസചിന്തയ്ക്ക് തുടക്കം കുറിക്കുന്നത് 2000-ലാണ്. 2001 ൽ കേരളവിദ്യാഭ്യാസവകുപ്പിന് കീഴിലുള്ള വിദ്യാലയങ്ങളിൽ പാഠ്യപദ്ധതിയിൽ വിവരസാങ്കേതികവിദ്യ (Information technology) ഉൾപ്പെടുത്തി. 2003 മുതൽ അത് നിർബന്ധിതപഠനവിഷയമായി. ഇന്ത്യയിലെ ആദ്യത്തെ വിദ്യാഭ്യാസചാനൽ ആയ വിക്ടേഴ്സ് 2005 ലാണ് ആരംഭിക്കുന്നത്, അതേ വർഷമാണ് IT@School പ്രൊജക്ട് കേരളത്തിൽ ആരംഭിക്കുന്നത്. 2009 മുതൽ ലോവർ പ്രൈമറി- അപ്പർ പ്രൈമറി തലങ്ങളിൽ IT@School പദ്ധതി ഉപയോഗപ്പെടുത്താൻ തുടങ്ങി. രണ്ടുവർഷം മുൻപ് ചർച്ചകൾ ആരംഭിച്ച സാങ്കേതികവിദ്യാധിഷ്ഠിതമായ അധ്യയനരീതി (ICT) 2010 മുതൽ കേരളത്തിൽ പ്രാവർത്തികമായിത്തുടങ്ങി. 2014 ൽ വിക്ടേഴ്സ് ഡിജിറ്റൽ രൂപത്തിലേക്ക് മാറി. 2016 - 2017

കാലഘട്ടത്തിൽ ഹൈ-ടെക് പ്രൊജക്ടുകളും ബ്രോഡ്ബാന്റ് കണക്ടിവിറ്റിയുമെല്ലാം പ്രൈമറി തലത്തിലേക്ക് വ്യാപിച്ചു. ഹരിതവിദ്യാലയം (എഡി. 2) കുട്ടിക്കൂട്ടം തുടങ്ങിയ പദ്ധതികൾ എൽ. പി, യു. പി കുട്ടികൾക്കായി ലഭ്യമാക്കി. 2017 ൽ IT@School പ്രൊജക്ട് KITE (Kerala Infrastructure and Technology for Education) ആയി പരിവർത്തിച്ചു. 2018 ൽ ഹൈ-ടെക് സ്കൂൾ പ്രോഗ്രാം വലിയ രീതിയിൽ പുരോഗമിച്ചു. ഐടി ക്ലബ്ബുകൾ, പഠനറിസോഴ്സുകൾക്കായി സമഗ്ര പോർട്ടൽ തുടങ്ങിയവ ഇതേ വർഷം ആരംഭിച്ചു (Venkiteswaran, C. S., and V. Sivadasan).

2018 ൽ കേരളത്തിലെ പൊതുവിദ്യാഭ്യാസവകുപ്പ് ഹൈ-ടെക്ക് സ്കൂൾ പദ്ധതി- ഹായ് സ്കൂൾകുട്ടിക്കൂട്ടം എന്ന പദ്ധതിയിലെ 'ലിറ്റിൽ കൈറ്റ്സ്' (little KITEs) എന്ന പേരിലാക്കി. പദ്ധതിയുടെ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന് കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എജ്യുക്കേഷനെ ചുമതലപ്പെടുത്തിക്കൊണ്ട് ഉത്തരവും പുറപ്പെടുവിച്ചു.

കേരള പൊതുവിദ്യാഭ്യാസവകുപ്പിന്റെ പൊതുവിദ്യാഭ്യാസസംരക്ഷണവിജ്ഞാനത്തിന്റെ ഭാഗമായി ഹൈടെക് സ്കൂൾ പദ്ധതി ആരംഭിച്ച സംവിധാനമാണ് 'സമഗ്ര'വിഭവ പോർട്ടൽ. ക്ലാസ് റൂമിൽ കുട്ടികൾക്ക് പ്രയോജനപ്പെടുത്താൻ കഴിയുന്ന തരത്തിൽ നിർമ്മിക്കപ്പെട്ട ഡിജിറ്റൽ റിസോഴ്സ് പോർട്ടൽ ആണിത്.

ഇത്തരത്തിലുള്ള വികസനപ്രവർത്തനങ്ങൾ കാണുന്നുണ്ടെങ്കിലും മലയാളഭാഷാധ്യയനത്തിന് മാത്രമായി സാങ്കേതികവിദ്യാസഹായം സ്വീകരിക്കുന്ന രീതിയോ മലയാളഭാഷയെ വിദ്യാഭ്യാസഭാഷാശാസ്ത്രവുമായി ഇണക്കിക്കൊണ്ടുള്ള പ്രവർത്തനങ്ങളോ കേരളത്തിലിനിയും പ്രചാരത്തിലില്ല. രണ്ടാം ഭാഷാപഠനത്തിന്റെ ഭാഗമായി ചില കോളേജുകളിൽ ഭാഷാപരീക്ഷണശാലകൾ (Language Lab) ഉപയോഗിക്കുന്നുണ്ടെങ്കിലും സ്കൂളുകളിൽ മലയാളത്തിന് വേണ്ടി ഇങ്ങനെ ഒരു സൗകര്യം ഉണ്ടായിട്ടില്ല. ഈ വിടവ് പരിഹരിക്കപ്പെടേണ്ടത് അത്യാവശ്യമാണ്. ഭാഷയുടെ അടിസ്ഥാനധാരണകളുറയ്ക്കുന്ന പ്രായത്തിലുള്ള കുട്ടികൾക്ക് ആത്മവിശ്വാസത്തോടുകൂടി പഠനം നടത്തുന്നതിന് വേണ്ട കാര്യങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് വിദ്യാഭ്യാസഭാഷശാസ്ത്രത്തിന്റെയും സാങ്കേതികവിദ്യയുടെയും സാധ്യതകളെ സമന്വയിപ്പിക്കേണ്ടതുണ്ട്. (Lekshmi, K. R. 2020).

പഠനത്തിൽ താൽപര്യം വർദ്ധിപ്പിക്കാനും പഠനപ്രക്രിയയുടെ കാര്യക്ഷമത കൂട്ടുവാനുമെല്ലാം സാങ്കേതികവിദ്യാധിഷ്ഠിതബോധനം കൊണ്ട് സാധിക്കുന്നു.

വളരെ ചെറിയ കുട്ടികൾ പോലും സ്വന്തമായി ടെലിവിഷനും മൊബൈൽ ഫോണും പ്രവർത്തിപ്പിക്കുന്ന സാഹചര്യത്തിൽ സാങ്കേതികവിദ്യയുടെ സാധ്യതകൾ ഭാഷാധ്യയനത്തിന് പ്രയോജനപ്പെടുത്തുന്നത് പഠിതാക്കളിൽ ഭാഷാപഠനത്തിന് താൽപര്യം വർദ്ധിപ്പിക്കാൻ സഹായിക്കുന്നു. (Chun, et al. 2016).

ഭാഷാബോധനത്തിലെ പ്രധാനപ്രശ്നങ്ങളാണ് ലിപിയുടെയും ഉച്ചാരണത്തിന്റെയും മാനകീകരണം നടക്കാത്തത്. അദ്ധ്യാപകരുടെ ഉച്ചാരണപ്രശ്നങ്ങളും (അദ്ധ്യാപകരുടെ വ്യക്തിഭാഷയിൽ Idiolect- കാര്യമായ ഉച്ചാരണപ്രശ്നങ്ങൾ ഉണ്ടെങ്കിൽ അത് ആ വ്യക്തി പഠിപ്പിക്കുന്ന കുട്ടികളിലേക്കും പകരാൻ സാധ്യതയുണ്ട്. അത്തരം സാഹചര്യത്തിൽ അദ്ധ്യാപകർക്ക് സാങ്കേതികവിദ്യയുടെ സഹായത്തോടെ കൃത്യമായ ഉച്ചാരണം മനസിലാക്കിക്കൊടുക്കാൻ സാധിക്കും.) ഭാഷാഭേദത്തിന്റെ സ്വാധീനവും അതിന് കാരണമാകുന്നുണ്ട്. അത്തരം പ്രയാസങ്ങൾ ഇല്ലാതാക്കാനും കുട്ടികളുടെ ഉച്ചാരണരീതി ശാസ്ത്രീയവൽക്കരിക്കാനും ശരിയായ ലിപിവിന്യാസം പഠിപ്പിക്കാനും സാങ്കേതികവിദ്യയുടെ സഹായത്തോടെയുള്ള ഭാഷാബോധനത്തിന് സാധിക്കും, അവ്വിധം ശാസ്ത്രീയമായി എഴുത്തിലെ പ്രശ്നങ്ങളും ഉച്ചാരണപ്രശ്നങ്ങളും പരിഹരിക്കാൻ സാങ്കേതികവിദ്യാധിഷ്ഠിതമായ ഭാഷാബോധനത്തിലൂടെ സാധിക്കുന്നു. അത്തരത്തിൽ സാങ്കേതികമായി മാതൃഭാഷാവിദ്യാഭ്യാസം വികസിപ്പിക്കുന്നതിനും ആ രീതിയിൽ വിദ്യാഭ്യാസപദ്ധതി ആധുനികീകരിക്കുന്നതിനും അങ്ങനെ മലയാളഭാഷാധ്യയനം മാനകീകരിക്കുന്നതിനും സാധിക്കുന്നു.

മാതൃകയിലെ കേളികൾ നിരവധി തവണ ആവർത്തിക്കാൻ കഴിയുന്നു. ആവർത്തനത്തിലൂടെ വ്യാകരണവും മറ്റും കുട്ടികളിലുറപ്പിക്കാനും ഈ രീതികൊണ്ടാവും. കേളികളിലൂടെയുള്ള വ്യാകരണബോധനം പഠിക്കുന്നതിനും പഠിപ്പിക്കുന്നതിനും കൂടുതൽ സൗകര്യമാവുന്നു. വ്യാകരണനിയമങ്ങൾ ഓർമ്മിച്ചുവയ്ക്കുന്നതിനും കേളികളിലൂടെയുള്ള പഠനം സഹായിക്കുന്നു. അദ്ധ്യാപക-വിദ്യാർത്ഥി ബന്ധത്തിനും പഠനച്ചുറ്റുപാടുകൾക്കുമെല്ലാം മാറ്റമുണ്ടാക്കുവാനും സാങ്കേതികവിദ്യയിലൂന്നിയുള്ള പഠനത്തിന് സാധിക്കും. അത്തരം ചർച്ചകൾക്കെല്ലാം വഴിയൊരുക്കുന്നു എന്നുള്ളതും ഈ പഠനത്തിന്റെ പ്രസക്തിയെ വ്യക്തമാക്കുന്നതാണ്.

പൂർവ്വപഠനങ്ങൾ

ഭാഷാബോധനത്തിന്റെ നവീനസാധ്യതയായ സാങ്കേതികവിദ്യാധിഷ്ഠിത

മായ ഭാഷാബോധന-ഭാഷാപഠനരീതികളെക്കുറിച്ച് വിശദമായ പഠനങ്ങളും മാതൃകകളും ലോകത്തിലെ വിവിധ ഭാഷകളിൽ ധാരളമായി തയ്യാറാക്കപ്പെടുന്നുണ്ട്. യുനെസ്കോയുടെ 2014 - 2021 കാലഘട്ടത്തിലെ എജ്യുക്കേഷണൽ സ്ട്രാറ്റെജിയിൽ കമ്പ്യൂട്ടർ/മൊബൈൽ അധിഷ്ഠിത വിദ്യാഭ്യാസത്തിന്റെ (ICT) പ്രാധാന്യത്തെ പ്രഖ്യാപിക്കുന്നു (UNESCO: 2014).

നിലവിൽ മലയാളഭാഷ പഠിക്കുന്നതിന് വേണ്ടി ഗൂഗിൾ പ്ലേസ്റ്റോറിൽ ലഭ്യമായ, ഭാഷാകേളി ആപ്പുകളെയാണ് (Language Game Apps) ഇവിടെ പൂർവപഠനത്തിനായി സ്വീകരിച്ചിരിക്കുന്നത്. ഈ ആപ്പുകളുടെ ഉള്ളടക്കവിശകലനം നടത്തി അവയെ വിമർശനാത്മകമായി വിലയിരുത്തി മാതൃകാനിർമ്മിതിയ്ക്കാവശ്യമായ പഠനസമീപനരീതി കണ്ടെത്തുന്നു. നിലവിലെ സാങ്കേതികവിദ്യാധിഷ്ഠിതമാതൃകകളുടെ പോരായ്മകൾ ചർച്ച ചെയ്ത് നവീനമായൊരു ഭാഷാകേളി മോഡൽ എത്തരത്തിലുള്ളതായിരിക്കണമെന്ന അനുമാനത്തിൽ എത്തിച്ചേരുന്നു.

അതിനായി ഓരോ ആപ്പിന്റെയും പൂർണമായ ഉള്ളടക്കം പരിശോധിക്കുന്നു. തുടർന്ന് വിമർശനാത്മക വിശകലനത്തിൽ ആപ് തയ്യാറാക്കിയിരിക്കുന്നത് ഗെയിം രീതിയിലാണോ അതോ പാഠപുസ്തകരീതിയിലാണോ, പഠനം ആകർഷണീയമാക്കാനും പഠനതാൽപര്യം വർധിപ്പിക്കാനും ശ്രമിച്ചിട്ടുണ്ടോ ഉണ്ടെങ്കിൽ അവ ഏതെല്ലാം രീതിയിലാണ് തുടങ്ങിയ കാര്യങ്ങൾ പരിശോധിക്കുന്നു, ആപ്, മാതൃഭാഷാപഠനത്തിനാണോ രണ്ടാം ഭാഷാപഠനത്തിനാണോ പ്രയോജനപ്പെടുത്തേണ്ടത്, ഭാഷാധ്യയനത്തിലെ ഏതെല്ലാം മേഖലകൾ കൈകാര്യം ചെയ്യുന്നു, ആപ് എത്രത്തോളം സമഗ്രമാണ് എന്ന കാര്യങ്ങൾ പരിശോധിക്കുന്നു, ആപ്, സ്വയം പഠനത്തിന് (Self-learning) എത്രത്തോളം സഹായിക്കുന്നു, പഠനത്തിനിടയിലെ തെറ്റുകൾ സ്വയം വിലയിരുത്താനുള്ള അവസരം ആപ്പിൽ നൽകിയിട്ടുണ്ടോ, സ്വന്തമായി പഠനനിലവാരം അറിയാനും മൂല്യനിർണയം നടത്താനും കഴിയുന്നുണ്ടോ, ശ്രദ്ധ, ഭാഷണം, എഴുത്ത്, വായന എന്നീ ഭാഷാനൈപുണികളെ എത്രമാത്രം പ്രചോദിപ്പിക്കുന്നുണ്ട് തുടങ്ങിയ കാര്യങ്ങൾ പരിശോധിക്കുന്നു. ഈ രീതിയിൽ ലഭ്യമായ ഭാഷാകേളികളുടെ അപഗ്രഥനം നടത്തുന്നു. മലയാളത്തിൽ ലഭ്യമായ സാങ്കേതികവിദ്യാധിഷ്ഠിതമായ ഭാഷാബോധന ആപ്പുകളുടെ പൂർണമായ വിശകലനത്തിനുശേഷം അവയുടെ വിടവ് അപഗ്രഥനം നടത്തിയാണ് എങ്ങനെയുള്ള മാതൃകയാണ് അവതരിപ്പിക്കേണ്ടത് എന്ന് തിരിച്ചറിയുന്നത്.

മാതൃഭാഷാപഠനത്തിന് സഹായിക്കുന്ന ആപ്പുകൾ

മലയാളം വാക്കുകൾ കളി, മലയാളപാഠം ഭാഷാകേളി, മലയാളപാഠം, എഞ്ചുവടി, വിദ്യ ലേൺ മലയാളം, മലയാളം സ്മാർട്ട് സ്ലേറ്റ്, അക്ഷര ലേൺ മലയാളം, മലയാളം അക്ഷരമാല, മലയാള പാഠാവലി, ചിംകി ലേൺ മലയാളം, മലയാളം ആൽഫബെറ്റ്സ്, മലയാളം വേർഡ് സെർച്ച്, അക്കു, ലാപ്പ് (LAAPP) മലയാളം, ക്രോസ് വേഡ് പസിൽ മലയാളം, ലേൺ ആൽഫബെറ്റ്സ് മലയാളം, മലയാളം വേഡ് ഗെയിം, അക്ഷരമാല, അക്ഷരദീപം, പദമഞ്ജരി, ഹരിശ്രീ, അക്ഷരമാല, കുട്ടി സ്ലേറ്റ്, റൈറ്റ് മലയാളം ആൽഫബെറ്റ്, കിഡ്സി ഡൂഡിൽസ്, ക മലയാളം ആൽഫബെറ്റ്സ്, മലയാളം കിന്റർഗാർട്ടൻ, സൈറ്റ് റീഡിംഗ് മലയാളം, ഫ്ളാഷ് കാർഡ് മലയാളം ലെസ്സൺ, മോണി, കിഡ്സ് ലേൺ മലയാളം ആൽഫബെറ്റ്സ്, പ്രീസ്കൂൾ തുടങ്ങിയ ആപ്പുകൾ മലയാളം മാതൃഭാഷയായുള്ള കുട്ടികളെ സഹായിക്കുന്നവയാണ്. ഈ ആപ്പുകൾ അവയുടെ പ്രവർത്തനരീതി വിവരിക്കുന്നിടത്തും കളികൾക്കിടയിലുമെല്ലാം കൂടുതലായും മലയാളം തന്നെയാണ് മാധ്യമമായി ഉപയോഗിക്കുന്നത്. ഇംഗ്ലീഷിലുള്ള പരാമർശങ്ങൾ ചില ആപ്പുകളിൽ കാണുന്നുണ്ടെങ്കിലും ഇവയിൽ ഭൂരിഭാഗവും മലയാളം മാധ്യമമായുള്ളവയാണ്. മാതൃഭാഷാപഠനത്തിന് ശ്രദ്ധയൂന്നുന്ന ഈ ആപ്പുകളിൽ തന്നെ ചെറിയകുട്ടികളെ മാത്രം ഉദ്ദേശിച്ച് അക്ഷരമാലയും ലഘുപദാവലിയും മാത്രം വരുന്നവയും ഭാഷയുടെ പ്രാഥമികതലത്തിന് അപ്പുറം നിൽക്കുന്ന, മുതിർന്ന കുട്ടികൾക്ക് പ്രയോജനമാവുന്ന വിഷയങ്ങൾ കൈകാര്യം ചെയ്യുന്നവയും ഉണ്ട്. പക്ഷെ വ്യാകരണമോ വാക്യവിജ്ഞാനപരമോ ആയ കാര്യങ്ങളൊന്നും മാതൃഭാഷ അറിയുന്ന മുതിർന്ന കുട്ടികളിലെത്തിക്കാൻ ശ്രമിച്ചതായി കാണുന്നില്ല. സ്വന്തമായി ഉച്ചരിച്ച് റെക്കോഡ് ചെയ്ത് ഉച്ചാരണസവിശേഷതകളും പഠനത്തിലെ പിഴവുകളും തിരിച്ചറിയാനുള്ള സാധ്യത മാതൃഭാഷ പഠിക്കാൻ തയ്യാറാക്കിയിട്ടുള്ള ആപ്പുകളിലൊന്നും ലഭ്യമല്ല.

സാങ്കേതികവിദ്യയുടെ ഉപയോഗം ഭാഷാപഠന ആപ്പുകളിൽ

സാങ്കേതികവിദ്യയുടെ സാധ്യതകൾ എത്രമാത്രം പ്രയോജനപ്പെടുത്തുന്നു അവ ഏതെല്ലാം രീതിയിൽ മലയാളഭാഷാബോധനത്തിന് സഹായിക്കുന്നു എന്ന് നിരീക്ഷിക്കുന്നു. അനിമേഷൻ, വീഡിയോകൾ, പശ്ചാത്തലസംഗീതം, ഉച്ചാരണം, ഒ. സി. ആർ (Optical Character Recognition) സൗകര്യം വ്യത്യസ്തങ്ങളായ ഭാഷാ

ബോധനകേളികൾ തുടങ്ങിയവ ഉപയോഗപ്പെടുത്തുന്ന ആപ്പുകളെ കേളീരീതിയിലുള്ള ആപ്പുകളെന്നും അത്തരം സൗകര്യങ്ങൾ വേണ്ടത്ര പ്രയോജനപ്പെടുത്താത്ത ആപ്പുകളെ പാഠപുസ്തകരീതിയിലുള്ള ആപ്പുകളെന്നും തിരിക്കുന്നു.

കേളീരീതിയിലുള്ള ആപ്പുകൾ

സാങ്കേതികവിദ്യയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തി പഠനം ആയാസരഹിതവും ആവേശപൂർണ്ണവുമാക്കാൻ സഹായിക്കുകയാണ് കേളീരീതിയിൽ തയ്യാറാക്കുന്ന ആപ്പുകളുടെ ലക്ഷ്യം. കുട്ടികളെ ഭാഷാപഠനത്തിലേക്ക് ആകർഷിക്കാനും പഠനം രസകരമാക്കാനും ഏറ്റവും അനുയോജ്യമായ രീതിയാണ് കേളീരീതിയിലുള്ള ആപ്പുകൾ തയ്യാറാക്കേണ്ടത്. അക്ഷരമാല മുതൽ വാക്യവും വ്യാകരണവുമെല്ലാം കേളികളിലൂടെ പഠിക്കാൻ വേണ്ട സഹായമാണ് സാങ്കേതികവിദ്യാധിഷ്ഠിതമായ ഭാഷാബോധനസാമഗ്രികളാൽ സാധ്യമാവേണ്ടത്. കടലാസിന്റെയും അച്ചടിയുടെയും സ്ഥലകാലപരിമിതികളുടെയും കുറവുകളിൽ നിന്ന് ഭാഷാപഠനത്തെ മോചിപ്പിക്കുന്നത് ഇത്തരം പഠനരീതികളാണ്. മലയാളഭാഷയിൽ തയ്യാറാക്കപ്പെട്ടിട്ടുള്ള സാങ്കേതികവിദ്യാധിഷ്ഠിതമായ ഭാഷാബോധന ആപ്പുകളിൽ കേളീരീതിയിൽ തയ്യാറാക്കപ്പെട്ടതായി ഈ പഠനത്തിൽ ലഭിച്ച ആപ്പുകൾ 15 എണ്ണമാണ്. മലയാളപാഠം ഭാഷാകേളി, അക്ഷരമാല, വിദ്യ, മോണി, അക്കു, ലാപ്പ് മലയാളം, വേഡ് പസിൽ, ലേൺ ആൽഫബെറ്റ്സ്, പദമഞ്ജരി എന്നിവയൊക്കെ കേളികളിലൂടെ ഭാഷാപഠനം സാധ്യമാക്കുന്ന ആപ്പുകൾക്ക് ഉദാഹരണമാണ്. എന്നാൽ അവയെല്ലാം പൂർണമായി കേളീരീതിയിൽ തയ്യാറാക്കിയ ആപ്പുകളല്ല. മലയാളസർവ്വകലാശാല തയ്യാറാക്കിയ മലയാളപാഠം ഭാഷാകേളിയിൽ അക്ഷരമാലയും പദങ്ങളും കേളീരീതിയിൽ മാത്രമാണ് അവതരിപ്പിച്ചിരിക്കുന്നത്. അത് പൂർണമായും സൗജന്യവുമാണ്.

രണ്ടാം ഭാഷയായി മലയാളം പഠിപ്പിക്കുന്ന ആപ്പുകളിൽ പതിനൊന്നെണ്ണത്തിൽ നാല് എണ്ണമാണ് കേളീരീതി പ്രയോജനപ്പെടുത്തിയിട്ടുള്ളത്. രണ്ടാം ഭാഷാപഠനസഹായികൾ കുട്ടികളെക്കാളുപരി മുതിർന്നവരെയാണ് ലക്ഷ്യം വയ്ക്കുന്നത് എന്നുള്ളത് അതിനൊരു കാരണമാണ്.

പണം കൊടുത്തു മാത്രം തുറക്കാവുന്ന ആപ്പുകളും ഒരു സാമ്പിൾ രൂപം സൗജന്യമായി നൽകി ബാക്കി പണം കൊടുത്ത് ഉപയോഗിക്കേണ്ടുന്ന ആപ്പുകളും മുഴുവനായും സൗജന്യമായിത്തന്നെ ഉപയോഗിക്കാവുന്ന ആപ്പുകളും കേളീരീതി കൂടി

ഉൾപ്പെടുത്തിയതായി കാണുന്നുണ്ട്. അക്ഷരമാല പഠിപ്പിക്കുന്ന ആപ്പുകളിലാണ് ഭൂരിഭാഗവും കേളീരീതി വരുന്നത്, ചെറിയ കുട്ടികൾക്ക് അക്ഷരങ്ങൾ ബഹുവർണത്തിൽ ഉച്ചരിച്ചു കേൾക്കുന്നതും അത് സ്ക്രീനിൽ സ്വയം എഴുതി നോക്കാനുമുള്ള സൗകര്യങ്ങൾ ഭാഷാപഠനത്തെ ഏറെ സഹായിക്കുന്നുണ്ട്. വിദ്യാഭ്യാസ ആപ്പുകളുടെ പ്രധാനമായ ഒരു പരിമിതിയാണ് കേളീരീതിയിലുള്ള ആപ്പുകളുടെ കുറവ്. കേളീരൂപത്തിൽ ആപ്പുകൾ നിർമ്മിക്കേണ്ടതിന് ചിലവ് കൂടുതലായതും സാങ്കേതികത്തികവ്, സർഗാത്മകശേഷി തുടങ്ങിയവ കൂടിയ അളവിൽ വേണമെന്നതിനാലുമാവാം ഇത്തരത്തിലുള്ള മാതൃകകൾ കുറവായി കാണുന്നത്.

പാഠപുസ്തകരീതിയിലുള്ള ആപ്പുകൾ

സാങ്കേതികവിദ്യയുടെ സഹായത്താൽ ചിത്രങ്ങളോ വീഡിയോകളോ ആനിമേഷനോ ഒന്നും ഉപയോഗിക്കാതെ അക്ഷരങ്ങളും പദങ്ങളും വെറുതെ എഴുതിക്കാണിക്കുക മാത്രം ചെയ്യുന്ന ആപ്പുകളെയാണ് ഈ വിഭാഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ചില ആപ്പുകളിൽ അക്ഷരങ്ങൾ ഉച്ചരിച്ചുകേൾപ്പിക്കുന്നുണ്ടെങ്കിലും കാര്യമായ ആകർഷണീയത പഠനത്തിൽ കൊണ്ടുവരാൻ ഇത്തരം ആപ്പുകൾക്ക് സാധിച്ചിട്ടില്ല. സാങ്കേതികപദകേളികളുടെ പ്രാഥമിക ഉദ്ദേശ്യം തന്നെ പഠനം കൂടുതൽ ആകർഷണീയമാക്കുകയാണെന്നിരിക്കെ അങ്ങനെ അല്ലാതെ നിർമ്മിക്കപ്പെടുന്ന ആപ്പുകളുടെ സാധ്യത ചിന്തിക്കേണ്ടതാണ്. ഈ പഠനത്തിൽ മാതൃഭാഷാബോധനത്തിന് സഹായിക്കുന്ന 17 ആപ്പുകൾ പാഠപുസ്തകരീതിയിൽ തയ്യാറാക്കിയതായി ശ്രദ്ധയിൽപ്പെട്ടു. മൂന്ന് ആപ്പുകൾ ഗെയിം മോഡലും പാഠപുസ്തകരീതിയും സമ്മിശ്രമായി ഉപയോഗിച്ച് കാണാൻ സാധിച്ചു. ആപ്പുകളുടെ നിർമ്മാണത്തിൽ കൃത്യമായ നയങ്ങളില്ലാത്തതും ഇത്തരം വ്യത്യാസങ്ങൾക്ക് കാരണമാവുന്നുണ്ട്.

നിലവിൽ മലയാളത്തിൽ ലഭ്യമായ സാങ്കേതികവിദ്യാധിഷ്ഠിതമായ ഭാഷാബോധനസാമഗ്രികൾ പരിശോധിച്ചതിൽ നിന്നും മലയാളഭാഷാബോധനത്തിനായി നവീനമായൊരു ഭാഷാഗെയിം മാതൃക തയ്യാറാക്കുന്നതിന് ശ്രദ്ധിക്കേണ്ട കാര്യങ്ങൾ.

മലയാളഭാഷാബോധനത്തിന് സഹായിക്കുന്ന സമഗ്രമായ ഒരു സാങ്കേതികവിദ്യാധിഷ്ഠിതമായ ഒരു ഭാഷാകേളി നിലവിൽ ലഭ്യമല്ല.

വിപണിയിൽ ഏറ്റവും കൂടുതൽ ഉപയോഗിക്കപ്പെടുന്ന ആക്ഷൺ ഗെയിമുകളെയോ (Action games) അഡ്വേഞ്ചർ ഗെയിമുകളെയോ പോലെ വിദ്യാഭ്യാസഗെയിമുകൾ ഉപയോഗിക്കപ്പെടുന്നില്ല.

ആപ്പ് ഉപഭോക്താക്കൾ തങ്ങളുടെ കഴിവിന് ചലഞ്ചിംഗ് ആയിട്ടുള്ള ഗെയിമുകളാണ് ഇഷ്ടപ്പെടുന്നത്. എളുപ്പം കടന്നുപോകാനാവുന്ന ലെവലുകളോ ഒരിക്കലും മുന്നോട്ട് നീങ്ങാത്തത്ര പ്രയാസമുള്ള ലെവലുകളോ കളിക്കുന്നവർ ഇഷ്ടപ്പെടുന്നില്ല. കളിയിൽ ലളിതം, ഇടനില, പ്രയാസം എന്നിങ്ങനെ മൂന്ന് രീതികൾ ഉൾപ്പെടുത്തണം. പഠിതാവിന്റെ കഴിവും താൽപര്യവുമനുസരിച്ച് കളി തിരഞ്ഞെടുക്കാൻ കഴിയണം. പഠിതാവിന്റെ ഓരോ പ്രവർത്തനത്തിനും കളിയിൽ നിന്ന് മികച്ച പ്രതികരണം ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തണം. ഭാഷാബോധനത്തനുവേണ്ടി നിർമ്മിക്കുന്ന കേളീരീതിയിലുള്ള സാങ്കേതികമാതൃക തയ്യാറാക്കുമ്പോൾ ഇത് പ്രധാനമാണ്.

നിലവിൽ ലഭ്യമായിട്ടുള്ള പല സാങ്കേതികവിദ്യാധിഷ്ഠിതമായ ഭാഷാബോധന ആപ്പുകളുടെയും രീതികൾ സമാനമാണ്. കളി തുടങ്ങിയാൽ തീരുന്നതുവരെ പസിൽ ഗെയിം ആണെങ്കിൽ മുഴുവനായും പസിലുകൾ മാത്രം ഉൾപ്പെടുത്തുന്നു. ഇത് കളിയിൽ പെട്ടെന്ന് വിരസതയുണ്ടാക്കും. വിദ്യാഭ്യാസഗെയിമുകൾ കളിക്കാനായി തിരഞ്ഞെടുക്കുന്ന കുട്ടികൾക്ക് തങ്ങൾ പഠിക്കാനാണ് കളിക്കുന്നത് എന്ന മനോഭാവം ഉണ്ടാവാൻ സാധ്യതയുണ്ട്. അത് എത്രയും പെട്ടെന്ന് മാറ്റുന്ന തരത്തിൽ ആകർഷണീയമായ മാതൃകയാണ് നിർമ്മിക്കേണ്ടത്.

പരിശോധിച്ച ഗെയിമുകളിൽ പലതിലും ഗുരുതരമായ ഉച്ചാരണപ്പിഴവുകളും അക്ഷരത്തെറ്റുകളും വ്യാകരണതെറ്റുകളും കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. ഇവയൊന്നും പരിശോധിക്കുന്നതിന് കൃത്യമായ ഭാഷാസൂത്രണനയങ്ങൾ ഇല്ല എന്നാണ് വ്യത്യസ്തങ്ങളായ ഇത്തരം ആപ്പുകളുടെ വിശകലനത്തിലൂടെ വ്യക്തമായത്.

മാതൃകാനിർമ്മിതിയുടെ രീതി

വിദ്യാഭ്യാസഭാഷാശാസ്ത്രത്തിന്റെയും കമ്പ്യൂട്ടർ സാങ്കേതികവിദ്യയുടെയും സാധ്യതകളെ സമന്വയിപ്പിച്ചുകൊണ്ടാണ് മാതൃകാനിർമ്മിതി നടത്തുന്നത്. രണ്ട് ഭാഗങ്ങളാക്കി തിരിച്ച് മാതൃകയെ അവതരിപ്പിക്കുന്നു. കളിയുടെ നിയമങ്ങളുടെ അവതരണം, കഥാപാത്രങ്ങളുടെ വിശദാംശങ്ങൾ തുടങ്ങി ദൃശ്യപരമായ സവിശേഷതകൾ മുൻ എഞ്ചിനിൽ ഉൾക്കൊള്ളിക്കുന്നു. മാതൃക പ്രവർത്തിപ്പിക്കുന്നതിന് ഉപ

യോഗിക്കേണ്ട ഭാഷാനിയമങ്ങളടങ്ങിയ ഭാഗമാണ് മാതൃകയുടെ പിൻ എഞ്ചിനിൽ കൊടുത്തിട്ടുള്ളത്.

ഭാഷാശാസ്ത്രപരമായ കാര്യങ്ങൾ ഉൾക്കൊള്ളുന്ന പിൻ എഞ്ചിനാണ് ആദ്യം തയ്യാറാക്കുന്നത്. അതിനായി മലയാളഭാഷയുടെ ഘടന കൃത്യമായി മനസിലാക്കുക യാണ് ആദ്യം ചെയ്യേണ്ടത്. അതിൽ നിന്നും ലഭിച്ച അറിവിനെ വിവരണാത്മകരീതി യിൽ നിയമങ്ങളാക്കി മാറ്റുന്നു. നിയമങ്ങൾ കൃത്യമാണോ, അവയ്ക്ക് വ്യക്തതയുണ്ടോ തുടങ്ങിയ കാര്യങ്ങൾക്ക് പ്രാധാന്യം നൽകുകയും അവ സാങ്കേതികവിദ്യാധിഷ്ഠി തമായി ഉപയോഗപ്രദമാണോ എന്ന് വിലയിരുത്തുകയും ചെയ്യുന്നു. അതിനുശേഷം ഗെയിം ഡിസൈനിങ്ങിന് വേണ്ട കാര്യങ്ങൾ തയ്യാറാക്കുന്നു, ഭാഷാകേളി ഉപയോ ഗിക്കുന്ന കുട്ടികൾക്ക് ഏത് തരം കളിയാണ് വേണ്ടത്, അവർക്ക് കേളിയുടെ ഓരോ ഘട്ടത്തിലും ലഭിക്കേണ്ട ഭാഷാനൈപുണികൾ എന്തൊക്കെ എന്നിവ ഭാഷാശാസ്ത്രപ രമായി വിലയിരുത്തുന്നു. കളിയോടുള്ള താൽപര്യം സൃഷ്ടിക്കാനാവശ്യമായ ആകർ ഷണീയത, കേളിയുടെ ഓരോ ഘട്ടം പൂർത്തിയാക്കുമ്പോഴും കിട്ടുന്ന പ്രോത്സാഹന ങ്ങൾ എന്നിവ ശ്രദ്ധിച്ച് അവയെ കുട്ടികൾക്ക് ഉൾക്കൊള്ളാൻ കഴിയുന്ന രീതിയിൽ ലളിതമായ ഭാഷാശൈലി ഉപയോഗിച്ച് ആകർഷണീയമായ സ്ക്രിപ്റ്റ് തയ്യാറാക്കുന്നു.

അടുത്തതായി കേളിയുടെ ദൃശ്യരൂപം അവതരിപ്പിക്കുന്ന മുൻ എഞ്ചിൻ ആണ്. കൃത്യമായും ഒരു സ്മാർട് ഫോൺ സ്ക്രീനിൽ കാണുന്ന ആപ്പിന്റെ അതേ രീ തിയിലാണ് മാതൃക വിഭാവനം ചെയ്യപ്പെട്ടിട്ടുള്ളത്. മൊബൈൽ ഫോണിൽ വ്യത്യ സ്തങ്ങളായ ആപ്പുകൾ ഉപയോഗിക്കുമ്പോൾ സ്ക്രീനിൽ കാണുന്ന കാഴ്ചകൾ എന്ന രീതിയിൽ ആണ് മാതൃകയുടെ മുൻ എഞ്ചിൻ വിവരിച്ചിരിക്കുന്നത്. മുൻ എഞ്ചിനിൽ നൽകുന്ന കേളിയുടെ നിയമങ്ങൾ, അതിലെ ദൃശ്യ-ശ്രാവ്യ തലങ്ങളിൽ ഉൾപ്പെടുത്തു ന്ന വിവരങ്ങൾ, ചിത്രങ്ങൾ, അനിമേഷൻ സാധ്യതകൾ എന്നിവയാണ് സ്ക്രിപ്റ്റിൽ നൽകുന്നത്. അതോടൊപ്പം കളിയുടെ ഘടന, ഓരോ ഘട്ടത്തിലും വരുന്ന പശ്ചാ ത്തലചിത്രങ്ങൾ, അവയുടെ നിറം, ഓരോ മാതൃകയും ആരംഭിക്കുമ്പോൾ സ്ക്രീനിന്റെ സ്ഥാനം (ഇടതുവശത്താണോ വലതുവശത്താണോ മുകളിലാണോ താഴെയാണോ തുടങ്ങിയ വിവരങ്ങൾ), കളിയുടെ നിയമങ്ങളുടെ അവതരണം, കഥാപാത്രങ്ങളുടെ വിശദാംശങ്ങൾ തുടങ്ങിയവയെല്ലാം മുൻ എഞ്ചിനിൽ ഉൾക്കൊള്ളിക്കുന്നു.

കേളിയിലെ ഘട്ടങ്ങൾ (Levals) വിദ്യാർത്ഥികൾക്ക് സ്വയം ചെയ്തു നോക്കാനും സ്വയം ഫീഡ്ബാക്ക് നൽകാനുമുള്ള സൗകര്യങ്ങൾ ഉൾപ്പെടുത്തി ഒരു

ക്കുന്നു. ആകർഷണീയമായ പശ്ചാത്തലസംഗീതം മറ്റു മൾട്ടിമീഡിയ സാധ്യതകൾ എന്നിവ പ്രയോജനപ്പെടുത്തി പഠനം സുഗമവും ആകർഷണീയവും ആക്കുന്നതിന് വേണ്ട കാര്യങ്ങൾ ഗെയിം മാതൃകയിൽ ഉൾപ്പെടുത്തുന്നു.

മാതൃക

ഭാഷാശാസ്ത്രത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തി ഉച്ചാരണതലം മുതൽ ഘടനാപരമായ സവിശേഷതകൾ വരെ കേളീരൂപത്തിൽ അവതരിപ്പിക്കാൻ കഴിയുന്ന ഒരു മാതൃകയാണ് നമുക്ക് ആവശ്യം. ഇവിടെ സ്വന-സ്വനിമതലത്തിൽ ഭാഷയുടെ ഉച്ചാരണം പൂർണമായും ഭാഷാശാസ്ത്രപരമായി അവതരിപ്പിക്കാൻ കഴിയുന്ന ഒരു മാതൃകയും (ഉദാഹരണം 1). പദപഠനത്തിനും പദസമ്പത്ത് നേടുന്നതിനും സഹായിക്കുന്ന ഒരു മാതൃകയും ചുവടെ ഉദാഹരണമായി ചേർക്കുന്നു (ഉദാഹരണം 2).

മാതൃകയ്ക്ക് ഉദാഹരണം

ഉദാഹരണം 1

ഉച്ചാരണസവിശേഷതകൾ - കവർഗം (Velar Sounds in Malayalam)

മുൻ എഞ്ചിൻ

അനനുനാസികശബ്ദം

അനുനാസികശബ്ദം

പിൻ എഞ്ചിൻ

മുൻ എഞ്ചിനിൽ കാണുന്ന കാഴ്ചകളുടെ ഭാഷാശാസ്ത്രവിവരണം, കുട്ടികൾക്ക് ഉൾക്കൊള്ളുന്ന രീതിയിൽ അവതരിപ്പിക്കുന്ന സ്ക്രിപ്റ്റ് ആണ് പിൻ എഞ്ചിനിൽ ഉൾക്കൊള്ളുന്നത്.

കവർഗം – (കുട്ടികളുടെ ശബ്ദത്തിൽ) ക, ഖ, ഗ, ഘ, ങ എന്നീ അക്ഷരങ്ങളെല്ലാം ഒരു കുടുംബത്തിലെ ആളുകളാണ്. ആ കുടുംബത്തിന്റെ പേരാണ് ട്ടോ കവർഗം. ഒരു വീട്ടിലെ ആളുകൾക്കൊക്കെ എന്തെങ്കിലും സാമ്യം ഉണ്ടാവില്ലേ, നിങ്ങള് ആലോചിക്കുമ്പോ എന്തൊക്കെ കാര്യങ്ങൾക്കാണ് നിങ്ങളുടെ ചേച്ചിയോട് അല്ലെങ്കിൽ ചേട്ടനോട് അല്ലെങ്കിൽ അനിയത്തിയോടോ അനിയനോടോ ഒക്കെ സാമ്യമുള്ളത്... അല്ലെങ്കിൽ നിങ്ങളുടെ കൂട്ടുകാരുടെ വീടിനെപ്പറ്റി ആലോചിച്ചു നോക്കിയാലോ... അങ്ങനെ ഈ കയുടെ കുടുംബത്തിലെ അഞ്ച് അക്ഷരങ്ങൾക്കും തമ്മിൽ നല്ല സാമ്യം ഉണ്ട് ട്ടോ... ഈ അക്ഷരങ്ങളെല്ലാം പുറത്ത് വരുന്നത് ഒരേ സ്ഥലത്തുനിന്നാണ്. നമ്മുടെ നാവ് കണ്ടിട്ടില്ലേ, ആ നാവിന്റെ ഏറ്റവും പിറകിലെ അറ്റം ഉണ്ടല്ലോ നമ്മുടെ തൊണ്ടയോടടുത്ത് മുട്ടി നിൽക്കുന്ന ഭാഗം... അവിടെ തൊടുമ്പോഴാണ് കവർഗത്തിലെ അക്ഷരങ്ങളൊക്കെ നമുക്ക് പറയാൻ പറ്റുന്നത്. വാതുറന്ന് കണ്ണാടിയുടെ അടുത്ത് ചെന്ന് നാവിന്റെ ഏറ്റവും പിറകിലെ അറ്റം കാണുന്നുണ്ടോ എന്ന് നോക്കണേ... ആ അറ്റത്തു നിന്നാണ് ട്ടോ കവർഗത്തിലെ അക്ഷരങ്ങൾ വരുന്നത്. കവർഗത്തിന്റെ വീട് അപ്പൊ എവിടെയാണ്...? അതേ അപ്പൊ നമുക്ക് കവർഗത്തിലെ അക്ഷരങ്ങളെ പരിചയപ്പെടാം.

കകാരം – ക എന്നു പറയാൻ എല്ലാവർക്കും അറിയില്ലേ... കാക്ക, കടൽ, കവിത അങ്ങനെ എത്രയെത്ര വാക്കുകളാണ് ക എന്ന അക്ഷരം വച്ച് തുടങ്ങുന്നത്. ക ആണ് കവർഗത്തിലെ ആദ്യത്തെ അക്ഷരം കേട്ടോ... ക എന്ന അക്ഷരം എങ്ങനെയാ നമ്മൾ ഉണ്ടാക്കുന്നത് എന്ന് ആലോചിച്ചിട്ടുണ്ടോ... നാവിന്റെ ഏറ്റവും പിന്നിലെ അറ്റം നമ്മുടെ തൊണ്ടയില്ലേ അതിന് തൊട്ടുമുകളിൽ ഒന്നു മുട്ടും, അങ്ങനെ മുട്ടുമ്പോൾ നമ്മൾ പുറത്തുവിടുന്ന നിശ്വാസമുണ്ടല്ലോ അത് അവിടെ ചെറുതായൊന്ന് അമർത്തി തടയും, ആ തടസം നീങ്ങുമ്പോഴാണ് ക എന്ന ശബ്ദം പുറത്ത് വരുന്നത്. അങ്ങനെ അമർത്തിത്തടഞ്ഞ് പുറത്തുവിടുന്ന ശബ്ദമായതുകൊണ്ട് ക ഒരു ഖരം ആണെന്ന് പറയാം. . ഒന്നു പറഞ്ഞേ... (കുട്ടികൾക്ക് ഉത്തരം റെക്കോർഡ് ചെയ്യാനുള്ള അവസരവും സമയവും കൊടുക്കുന്നു) ഓ... വളരെ നന്നായി...ഇപ്പൊ

ശ്രദ്ധിച്ചോ വായുടെ ഏറ്റവും പിറകുവശത്തായി നാവിന്റെ അറ്റവും തൊണ്ടയും കൂട്ടി മുട്ടുന്നതിന്റെ അനക്കം കാണാൻ കഴിയുന്നില്ലേ. .

ഉദാഹരണം 2

പദവല്ലരി

മുൻ എഞ്ചിൻ

കളിയിലേക്ക് ആകർഷിക്കുന്നതിനായും പദസമ്പത്ത് വർധിപ്പിക്കുന്നതിനായും നാമങ്ങൾ ഉൾക്കൊള്ളിച്ചുള്ള കളി ഉൾപ്പെടുത്തുന്നു. സ്ക്രീൻ തുറക്കുമ്പോൾ ഒരു കുട്ടി (ശരീരപ്രകൃതി വാർപ്പുമാതൃകാ സൌന്ദര്യസങ്കൽപ്പങ്ങളിൽ ഉൾപ്പെടാത്ത രൂപം നൽകുന്നു) കയ്യിൽ ഒരു വിത്തെടുത്ത് മണ്ണിൽ കുഴിച്ചിടുന്ന രംഗം അനിമേഷനിലൂടെ കാണിക്കുന്നു. കളി തുടങ്ങുമ്പോൾ കുട്ടി സ്ക്രീനിൽ നൽകുന്ന പാത്രത്തിൽ നിന്നും വിത്തുകുഴിച്ചിട്ട മണ്ണിലേക്ക് വെള്ളമൊഴിക്കുന്നു. ഉടനെ വിത്ത് മുളച്ച് വള്ളിപ്പടർപ്പുകളായി വരുന്നു. ഓരോ ഇലയിലും ഓരോ അക്ഷരങ്ങൾ, ചിലത് സ്വരചിഹ്നങ്ങളടക്കം തൂങ്ങിക്കിടക്കുന്നു. കുട്ടി ഒരിലയിൽ തൊട്ട് അടുത്ത ഇലയിൽ തൊടുമ്പോൾ രണ്ട് അക്ഷരങ്ങൾ ചേർന്ന് അർത്ഥമുള്ള വാക്ക് വരികയാണെങ്കിൽ വള്ളിയിൽ പൂവിരിയുന്നു. വാക്കും അതിന്റെ ചിത്രവും ലിപിയും ഉച്ചാരണവും സ്ക്രീനിൽ തെളിയുന്നു. രണ്ടക്ഷരവും മൂന്നക്ഷരവും നാലക്ഷരവുമുള്ള നാമപദങ്ങളാണ് കളിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. കുട്ടിയ്ക്ക് എത്രനേരം വേണമെങ്കിലും കളി തുടർന്നു കൊണ്ടുപോകാവുന്നതാണ്. ലളിതരീതിയിൽ സമയപരിധി വച്ചിട്ടില്ല. കഠിനരീതിയുടെ ഭാഗത്ത് നിശ്ചിതസമയത്തിനുള്ളിൽ കൂടുതൽ വാക്കുകൾ കണ്ടെത്തുന്നതിനനുസരിച്ച്, ഓരോ വാക്കിനും രണ്ട് മാർക്ക് വീതം നൽകുന്നുണ്ട്.

പിൻ എഞ്ചിനിൽ പദങ്ങളുടെ കോർപ്പസാണ് നൽകുന്നത്.

മാതൃകയുടെ പ്രസക്തി

സാങ്കേതികവിദ്യയിലധിഷ്ഠിതമായ വിദ്യാഭ്യാസം പുതിയ തലമുറയിലെ പഠിതാക്കളെ ഏറെ സ്വാധീനിക്കുന്ന ഒന്നാണ്. പഠിക്കുകയാണെന്ന തോന്നൽ വരുത്താതെ തികച്ചും കളികളുടെ രൂപത്തിൽ ഭാഷയെക്കുറിച്ചും ഉച്ചാരണത്തെയും വ്യാകരണത്തെയും കുറിച്ചുമുള്ള അടിസ്ഥാന ആശയങ്ങൾ പഠിതാക്കളിൽ എത്തിക്കാൻ ശ്രമിക്കുകയാണ് ഇത്തരം മാതൃകയുടെ ലക്ഷ്യം. ഭാഷാബോധനത്തിന്റെ കാര്യത്തിൽ മലയാളം ഇപ്പോഴും സാങ്കേതികവിദ്യയുമായി പൂർണമായ സൗഹൃദത്തിലെത്തിയെന്ന് പറയാനാവില്ല. അത്തരത്തിൽ ഭാഷാധ്യയനത്തെ സാങ്കേതികവിദ്യയോട് കൂട്ടിയിണക്കാൻ ശ്രമിക്കുന്ന ഇത്തരം ബോധനമാതൃകകൾ മലയാളഭാഷാസാഹചര്യത്തിൽ ഏറെ പ്രസക്തമാവുന്നു.

സാങ്കേതികവിദ്യാധിഷ്ഠിതമായി മാതൃക തയ്യാറാക്കുമ്പോൾ ഒരു ആശയത്തെ തന്നെ നിരവധി തവണ ആവർത്തിക്കാനുള്ള സൌകര്യം കേളികളിൽ ഉൾപ്പെടുത്താനാവും. ആവർത്തനത്തിലൂടെ ഭാഷയുടെ അടിസ്ഥാനകാര്യങ്ങൾ പഠിതാക്കളിലുറപ്പിക്കാനും ഈ രീതികൊണ്ടാവും.

മുഖ്യധാരാവിദ്യാഭ്യാസത്തിനുള്ളിൽത്തന്നെ പഠനഭിന്നശേഷിയുള്ള കുട്ടികളെയും മലയാളം പഠിക്കാൻ പ്രയാസമനുഭവിക്കുന്ന ഗോത്രവിഭാഗങ്ങളിലെ കുട്ടികളെയുമെല്ലാം സഹായിക്കാൻ സാങ്കേതികവിദ്യയിലൂന്നിയുള്ള ഈ മാതൃകയ്ക്ക് സാധിക്കുന്നു. സ്വനിമതലം മുതൽ മലയാളത്തിന്റെ ഘടനാസവിശേഷതകൾ വരെ ഇത്തരത്തിൽ സാങ്കേതികവിദ്യാധിഷ്ഠിതമായ കേളീരൂപത്തിൽ അവതരിപ്പിക്കാൻ കഴിയും.

നിഗമനം

സാങ്കേതികവിദ്യാധിഷ്ഠിതഭാഷാബോധനമെന്നത് വിദ്യാഭ്യാസഭാഷാശാസ്ത്രം മുന്നോട്ട് വയ്ക്കുന്ന ഭാഷാബോധനത്തിന്റെ നവീന സാധ്യതയാണ്. മലയാളഭാഷയിൽ ഇത്തരം ശ്രമങ്ങൾ പരിമിതമായാണ് നടക്കുന്നത്. കമ്പ്യൂട്ടർ ഭാഷാശാസ്ത്രം, വിദ്യാഭ്യാസഭാഷാശാസ്ത്രം, ശിശുമനഃശാസ്ത്രം, സാമൂഹ്യഭാഷാശാസ്ത്രം, സംസ്കാരപഠനം തുടങ്ങിയ പഠനമേഖലകളുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി മലയാളഭാഷാബോധനത്തിന് അനുയോജ്യമായ ഭാഷാകേളി തയ്യാറാക്കുന്നതിലൂടെ ഭാഷാബോധനരീതികളെ ആധുനികീകരിക്കാൻ സാധിക്കും.

നിലവിൽ ആപ്പ് സ്റ്റോറുകളിൽ ലഭ്യമായ മലയാളം പഠിക്കുന്നതിന് സഹായിക്കുന്ന 'ലാങ്ഗ്വേജ് ഗെയിം ആപ്പ്'കളുടെ ഉള്ളടക്കം പരിശോധിച്ചതിൽ നിന്നും അവയിൽ ഭാഷാശാസ്ത്രപരമായ നിരവധി പരിമിതികൾ കണ്ടെത്താൻ കഴിഞ്ഞു. ആ പരിമിതികളെ പരിഹരിച്ചുകൊണ്ട് മലയാളസന്ദർഭത്തിൽ നൂതനമായ ഒരു ബോധനമാതൃകയ്ക്ക് ഉദാഹരണമാണ് ഈ പഠനത്തിൽ അവതരിപ്പിച്ചത്. വിദ്യാഭ്യാസ ഭാഷാശാസ്ത്രത്തിൽ അധിഷ്ഠിതമായ ഭാഷാബോധനരീതികളെയും അവയുടെ നൂതനമായ അവതരണസാധ്യതകളെയും സമന്വയിപ്പിച്ച് മലയാളഭാഷാബോധനത്തിന് കൂടുതൽ കാര്യക്ഷമമായ നവീനമായ സമീപനം ഈ മാതൃകയിലൂടെ നൽകുന്നു.

കേരളത്തിന്റെ മാതൃഭാഷാവിദ്യാഭ്യാസമേഖലയിൽ നിലനിൽക്കുന്ന പ്രയാസങ്ങൾക്ക് സാങ്കേതികവിദ്യയുടെ സഹായത്താൽ പരിഹാരം കാണാനാവും. പ്രൈമറിതലത്തിൽ ഭാഷയുടെ അടിസ്ഥാനകാര്യങ്ങളും ഉച്ചാരണവും വികസിപ്പിക്കാൻ മാതൃകയ്ക്ക് കഴിയും. പഠനഭിന്നശേഷി അനുഭവിക്കുന്ന കുട്ടികളുടെയും മറ്റ് സാമൂഹികകാരണങ്ങളാൽ പഠനതാൽപര്യക്കുറവ് പ്രകടിപ്പിക്കുന്ന കുട്ടികളുടെയും വിദ്യാഭ്യാസത്തിൽ നേരിടുന്ന ബുദ്ധിമുട്ടുകൾക്ക് നിയന്ത്രണം വരുത്താനും ആസ്വാദ്യകരമായ രീതിയിൽ മാതൃഭാഷാബോധനം നടത്താനും സാങ്കേതികവിദ്യാധിഷ്ഠിതമായ ഭാഷാകേളിയ്ക്ക് സാധിക്കുന്നു. പഠനഭിന്നശേഷി അനുഭവിക്കുന്ന കുട്ടികൾ, അധ്യയനത്തിന്റെ പരിമിതി, സാമ്പത്തികം തുടങ്ങിയ മറ്റ് കാരണങ്ങളാൽ പഠന പിന്നാക്കാവസ്ഥ അനുഭവിക്കുന്ന കുട്ടികൾ പോലെയുള്ള സാമൂഹികമായുള്ള വേർതിരിവിനെ സാങ്കേതികമായി ഇല്ലായ്മചെയ്യാൻ ഈ മാതൃകയിലൂടെ കഴിയുന്നു. അറിവിന്റെ വിനിമയം എല്ലാ തരക്കാരായ കുട്ടികളിലേക്കും എത്തിക്കുക വഴി വിദ്യാഭ്യാസത്തെ ജനാധിപത്യവത്കരിക്കുന്ന ശ്രമങ്ങളെ പിന്തുണയ്ക്കാൻ ഇത്തരത്തിൽ സാങ്കേതികവിദ്യാധിഷ്ഠിതമായ ഭാഷാബോധനമാതൃകയ്ക്ക് സാധിക്കുന്നു.

സഹായക ഗ്രന്ഥങ്ങൾ

1. Collin, Simon, and Thierry Karsenti. "Facilitating linguistic integration of immigrants: An overview of ICT tools." Issues in Informing Science and Information Technology 9.12 (2012): 243-251.
2. Palackal, Antony, et al. "ICT and the Kerala model." Past, present and future of research in the information society (2007): 225-244.
3. Venkiteswaran, C. S., and V. Sivadasan. "An Evaluation of the Impact of Public

Education Rejuvenation Campaign in Kerala."

4. Lekshmi, K. R., V. S. Jithesh, and Elizabeth Sherly. "Malayalam speech corpus: Design and development for dravidian language." Proceedings of the WILDRE5–5th Workshop on Indian Language Data: Resources and Evaluation. 2020.
5. Chun, Dorothy, Richard Kern, and Bryan Smith. "Technology in language use, language teaching, and language learning." The Modern Language Journal 100. S1 (2016): 64-80.

വെബ്സൂചി

1. https://kite. kerala. gov. in
2. https://targetstudy. com/school/montessori-schools-in-kerala. html
3. https://kite. kerala. gov. in
4. https://samketham. kite. kerala. gov. in
5. https://kool. kite. kerala. gov. in
6. https://wikisource. org
7. https://ml. wikibooks. org
8. https://ml. wiktionary. org
9. https://ml. wikiquote. org
10. https://www. justkerala. in/guide/learn-malayalam8
11. www. cs. cmu. edu/afs/cs/usr/www/mal. html
12. https://www. youtube. com/channel/UCCk_-hHj5V6xFd)eyQuU_9
13. https://www. youtube. com/channel/UCC6l5Pt4Q1_xDP58pZOMkWQ
14. http://www. youtube. com/user/pebblesMalayalam
15. https://www. youtube. com/channel/UCdmiMFC1vPyU0X6jxfxsgA
16. https://www. youtube. com/channel/UCdmiMFC1vPyU0X6jxfxsgA
17. http://play. google. com/store/apps/details?id=com. nutreek. akkoo
18. https://play. google. com/store/apps/details?id=com. thinkpalm. akshara
19. https://play. google. com/store/apps/details?id=com. vcode. enjuvadi
20. https://play. google. com/store/apps/details?id=com. gmail. cipthoughts. learnmalayalamwriting

21. https://play. google. com/store/apps/details?id=com. manjuapps. malayalamalphabets
22. https://play. google. com/store/apps/details?id=com. soneira. learnmalayalamalphabets
23. https://play. google. com/store/apps/details?id=com. nithin. gesture
24. https://play. google. com/store/apps/details?id=com. j8. malayalam. puzzle
25. https://play. google. com/store/apps/details?=com. raio. chimkyma
26. https://play. google. com/store/apps/details?=com. mal. padamanjari
27. https://play. google. com/store/apps/details?id=com. magicbox. preschoolmalayalam2018
28. https://play. google. com/store/apps/details?id=com. magicbox. preschoolmalayalam2018
29. https://play. google. com/store/apps/details?id=com. tinas. apps. malayalamalphabets
30. https://play. google. com/store/apps/details?id=com. malayalam_apps. malayalam_balwadi
31. https://play. google. com/store/apps/details?id=timeshunt. malayalam. alphabets
32. https://play. google. com/store/apps/details?id=com. malayalamuniversity. malayalapaadam
33. https://play. google. com/store/apps/details?is=com. Quartzbit. MalayalaPaadam
34. https://play. google. com/store/apps/details?id=net. infofru. sprml. android,wordsearch
35. https://play. google. com/store/apps/details?id=com. bignol. malayalamsmartslate
36. https://play. google. com/store/apps/details?id=com. bignol. malayalamsmartslate
37. https://play. google. com/store/apps/details?=com. manoramaonline. vidyalearnmalayalam
38. https://play. google. com/store/apps/details?id=in. littlesavants. sightreading_ malayalamlite

39. https://play. google. com/store/apps/details?id=in. littlesavants. sightreading_malayalamlite

40. https://play. google. com/store/apps/details?id=in. littlesavants. sightreading_malayalamlite

41. https://play. google. com/store/apps/details?id=in. littlesavants. sightreading_malayalamlite

42. https://play. google. com/store/apps/details?id=in. littlesavants. sightreading_malayalamlite

43. https://play. google. com/store/apps/details?id=com. livares. kiddiedoodle. mal

44. https://play. google. com/store/apps/details?id=com. livares. kiddiedoodle. mal

45. https://play. google. com/store/apps/details?id=com. livares. kiddiedoodle. mal

46. https://play. google.com/store/apps/details?=com. emm. app. masteranylanguage

47. https://play. google.com/store/apps/details?=com. emm. app. masteranylanguage

48. https://play. google.com/store/apps/details?=com. emm. app. masteranylanguage

49. https://play. google. com/store/apps/details?id=com. bigknol. malayalam360

50. https://play. google.com/store/apps/details?id=com. eduven. ld. lang. malayalam

51. https://oer. galilieo. use. edu/education-textbooks

52. https://oer. galilieo. use. edu/education-textbooks

53. https://www. simplypsychology. org/oconditioning. html

54. https://doi. org/10. 1037/h0074428

ഉടി റിസർച്ച് ജേണൽ • ISSN-2320-8880 • ലക്കം - 12 • വാല്യം - 2

വിവർത്തനം- ശീതയുദ്ധം മുതൽ നിർമിതബുദ്ധി വരെ

പ്രജിഷ എ. കെ.
റിസർച്ച് അസോസിയേറ്റ്, അമൃത സെന്റർ ഫോർ റിസർച്ച് ഇൻ അനലിറ്റിക്സ്,
ടെക്നോളജീസ് ആൻഡ് എജ്യുക്കേഷൻ, അമൃത വിശ്വവിദ്യാപീഠം, അമൃതപുരി, കൊല്ലം

പ്രബന്ധസംഗ്രഹം:

യന്ത്രവിവർത്തനചരിത്രം സാമാന്യമായി പരിശോധിക്കുകയും അതിന്റെ ഏറ്റവും പുതിയ സാങ്കേതികവിദ്യയെ ആദ്യമായി മലയാളത്തിൽ അവതരിപ്പിക്കുകയും ചെയ്യുന്നു. ഇംഗ്ലീഷ്- മലയാളവിവർത്തനം, മലയാളം- ഇംഗ്ലീഷ് വിവർത്തനം എന്നിവ എൻഎൽഎൽബി, ഗൂഗിൾ ട്രാൻസ്ലേറ്റ്, മൈക്രോസോഫ്റ്റ് ബിങ് ട്രാൻസ്ലേറ്റർ എന്നീ യന്ത്രവിവർത്തനപ്രോഗ്രാമുകൾ എത്തരത്തിലാണ് കൈകാര്യം ചെയ്യുന്നതെന്ന് പരിശോധിക്കുകയും അവയ്ക്ക് പരിഹാരം നിർദേശിക്കുകയും ചെയ്യുന്നു.

താക്കോൽ വാക്കുകൾ:

യന്ത്രവിവർത്തനം, ന്യൂറൽ നെറ്റവർക്ക്, ബൃഹദ്ഭാഷാമാതൃകകൾ, എൻഎൽഎൽബി, ഗൂഗിൾ ട്രാൻസ്ലേറ്റ്, മൈക്രോസോഫ്റ്റ് ബിങ് ട്രാൻസ്ലേറ്റ്

ആമുഖം

രണ്ടാംലോക മഹായുദ്ധത്തിന് ശേഷം യുഎസ്എസ്ആറും യുഎസ്സും തമ്മിലുള്ള ശീതയുദ്ധമാണ് വിവർത്തനത്തിന്റെ ആവശ്യകതയും സാധ്യതയും വർധിക്കാൻ കാരണമായത്. റഷ്യൻ ഭാഷയടക്കം യുഎസ്എസ്ആറിൽ ഉൾപ്പെട്ട ഭാഷകൾ മനസിലാക്കാൻ യുഎസ് അന്ന് ബുദ്ധിമുട്ട് നേരിട്ടിരുന്നു. ഇതാണ് യന്ത്ര വിവർത്തന ഗവേഷണങ്ങൾക്ക് ആക്കം കൂട്ടിയത്. എന്നാൽ പിന്നീട് അക്കാദമിക ഗവേഷണങ്ങളിലേക്ക് അതിന്റെ പരിധികൾ വളർന്നതും ഹാർഡ്വെയർ രംഗത്തുണ്ടായ മുന്നേറ്റങ്ങളും യന്ത്രവിവർത്തനം എന്ന സ്വതന്ത്രമേഖലയ്ക്ക് വഴിയൊരുക്കി. 1949 മുതൽ യന്ത്രവിവർത്തനത്തിൽ നിരന്തരമായി പരീക്ഷണങ്ങൾ നടന്നു. ആദ്യകാലത്ത് ഭാഷയിലെ നിയമങ്ങളെല്ലാം ഒന്നൊന്നായി പട്ടികപ്പെടുത്തിയായിരുന്നു യന്ത്രവിവർത്തനം നടത്തിയിരുന്നത്. യന്ത്രസഹായത്തോടെയുള്ള വിവർത്തനമായിരുന്നു പിന്നീടുള്ള ലക്ഷ്യം. എന്നാൽ ഇന്ന് പൂർണമായും യന്ത്രം തന്നെ വിവർത്തനം ചെയ്യുന്ന തരത്തിലുള്ള യന്ത്രവിവർത്തന ശ്രമങ്ങളാണ് നടക്കുന്നത്.

യന്ത്രവിവർത്തനം എന്തിന്?

ഭാഷ ഓരോ മനുഷ്യരുടെയും സ്വകാര്യതയും തിരിച്ചറിയൽ ഉപാധിയുമാണ്. അങ്ങനെയാവുമ്പോൾ നിർമിതബുദ്ധിയടക്കമുള്ള മേഖലകൾ ഭാഷാപ്രവർത്തനങ്ങളിൽ എന്തിന് ഏർപ്പെടുന്നുവെന്നും, എന്തിന് മനുഷ്യർ അതിന് വേണ്ടി പ്രയത്നിക്കുന്നുവെന്നുമുള്ള ആശങ്കകളും എതിർപ്പുകളും ഭാഷാസ്നേഹികളിൽ നിന്ന് ഉയർന്ന് വരുന്നത് സ്വാഭാവികമാണ്. മലയാളത്തിന്റെയും ഇംഗ്ലീഷിന്റെയും അല്ലെങ്കിൽ നമുക്കറിയാവുന്ന ഭാഷകളെ മാത്രം മുൻനിർത്തിക്കൊണ്ടാവരുത് നാം യന്ത്ര വിവർത്തനത്തെ കാണേണ്ടത്. ലോകത്തെ ഏതൊരാൾക്കും സ്വന്തം ഭാഷയിൽ ലോകത്തോട് മുഴുവൻ സംവദിക്കാനുള്ള ഭാഷാ അവകാശമുണ്ട്. 2022 ലെ എത്നോലോഗിന്റെ കണക്കുകളനുസരിച്ച് 7139 ഭാഷകളാണ് ലോകത്ത് ആകെയുള്ളത്. അതിൽ 90 ശതമാനം ഭാഷകൾക്കും ഒരു ലക്ഷത്തിൽ താഴെയാണ് ഭാഷകരുള്ളത്. ഈ ഭാഷകൾ സംസാരിക്കുന്നവർക്ക് അവരുടെ ഭാഷ സംരക്ഷിക്കാനും ഏത് ഭാഷയിലും ലഭ്യമായ അറിവുകൾ അവരുടെ ഭാഷയിലൂടെ മനസിലാക്കാനും ഉള്ള അവസരം സൃഷ്ടിക്കപ്പെടുക എന്നത് യന്ത്രവിവർത്തനത്തിലൂടെ മാത്രമേ സാധിക്കൂ. മനുഷ്യർക്ക് പഠിച്ചെടുക്കാവുന്ന ഭാഷാവ്യാപ്തിയും മനുഷ്യർക്ക് പരിഹരിക്കാനാവുന്ന

വിവർത്തന ആവശ്യവുമല്ല (Translation Demand) ഇന്നുള്ളത്. അതുകൊണ്ട് നൂറ് കണക്കിന് ഭാഷകൾ ഒരു തടസ്സവും കൂടാതെ വളരെ വേഗത്തിൽ, കുറഞ്ഞ ചിലവിൽ വിവർത്തനം ചെയ്യാൻ സഹായിക്കുന്ന യന്ത്രവിവർത്തന ശ്രമങ്ങളെ വലിയ സാധ്യതയായി വേണം പരിഗണിക്കാൻ. സാഹിത്യവിവർത്തനവും അർഥ സന്ദിഗ്ധതയുള്ള വിവർത്തനവുമെല്ലാം മനുഷ്യർ തന്നെ കൈകാര്യം ചെയ്യുന്ന താണ് ഇപ്പോഴും ഉചിതം. എന്നാൽ ശാസ്ത്രമേഖലയിലെ വിവർത്തനത്തിനും മറ്റും യന്ത്രവിവർത്തനത്തെ ആശ്രയിക്കാം. ഇത് താരതമ്യേന കുറവ് ഭാഷകരുള്ള ഭാഷകളുടെയും നിലനിൽപ്പിനെ സഹായിക്കും. അല്ലെങ്കിൽ ലിപിയില്ലാത്ത ഭാഷകൾ നശിച്ചുപോയതുപോലെ സാങ്കേതികവിദ്യയുമായി ഇണക്കാത്ത ഭാഷകളും നശിക്കാനിടയായേക്കാം. ആഫ്രിക്കയിലെയോ മറ്റോ ആദിവാസി ഭാഷകൾ യന്ത്രവിവർത്തനത്തിന്റെ ഭാഗമായിട്ടുണ്ടെന്ന് സങ്കൽപിക്കുക, നാം മലയാളത്തിൽ സന്ദേശമയക്കുമ്പോൾ അതവർക്ക് യന്ത്രവിവർത്തനം വഴി അവരുടെ ഭാഷയിൽ ലഭ്യമാവുകയും അതിന് മറുപടിയായി അവർ അവരുടെ ഭാഷയിൽ സന്ദേശമയക്കുമ്പോൾ നമുക്ക് അത് മലയാളത്തിൽ ലഭിക്കുകയും ചെയ്യുന്ന, ഭാഷാതിർത്തികളാൽ മനുഷ്യരെ വേർതിരിക്കാത്ത ഒരു ലോകം സൃഷ്ടിക്കാൻ യന്ത്രവിവർത്തനത്തിന് സാധിക്കും. ലോകത്തെ അറിയാനും ലോകം നമ്മളെ അറിയാനുമുള്ള വിശാലമായ സാധ്യതയാണ് യന്ത്രവിവർത്തനം നൽകുന്നത്. ഇന്ത്യൻ സന്ദർഭത്തിലും യന്ത്രവിവർത്തനത്തിന് പ്രസക്തിയുണ്ട്. 28 സംസ്ഥാനങ്ങളും 8 കേന്ദ്രഭരണപ്രദേശങ്ങളും ഉൾക്കൊള്ളുന്ന വിപുലമായ ഒരു ഫെഡറൽ വ്യവസ്ഥയാണ് നമുക്കുള്ളത്. നിലവിൽ സംസ്ഥാനങ്ങൾക്ക് തമ്മിൽ ആശയവിനിമയം നടത്താനും കേന്ദ്രത്തിന് സംസ്ഥാനങ്ങളുമായി ആശയവിനിമയം നടത്താനുമെല്ലാം ഇംഗ്ലീഷ്, ഹിന്ദി എന്നീ ഭാഷകളാണ് ഉപയോഗിക്കുന്നത്. എന്നാൽ ഇന്ത്യൻഭാഷകളിലെയും യന്ത്രവിവർത്തനം സാധ്യമായാൽ കൂടുതൽ കെട്ടുറപ്പുള്ള ഫെഡറൽ വ്യവസ്ഥയ്ക്ക് അത് വഴിയൊരുക്കും എന്നുള്ളതും തീർച്ചയാണ്. അതിനാൽ യന്ത്രവിവർത്തനത്തിന്റെ അനന്തമായ സാധ്യതകൾക്കാണ് നാം ഊന്നൽ നൽകേണ്ടത്.

അമേരിക്ക, റഷ്യ എന്നീ രാജ്യങ്ങളിലാണ് 1940 കൾ മുതൽ നിരന്തരമായി യന്ത്രവിവർത്തനശ്രമങ്ങൾ നടന്നുകൊണ്ടിരുന്നത്. പിന്നീട് ജപ്പാൻ, ചൈന മുതലായ രാജ്യങ്ങളിലെ സാങ്കേതികവിപ്ലവം ഇന്ത്യയടക്കമുള്ള രാജ്യങ്ങളിലേക്കും വ്യാപിച്ചു. (അധികവിവരങ്ങൾക്ക് https://scholar. google. co.

in/citations?view_op=list_works&hl=en&hl=en&user=zX0w-ssAAAAJ, http://hdl. handle. net/10603/308567 എന്നിവ സന്ദർശിക്കാവുന്നതാണ്)

യന്ത്രവിവർത്തനം എപ്രകാരം?

ഭാഷാനിയമങ്ങൾ ഒന്നൊന്നായി എഴുതി തയ്യാറാക്കി ഉപയോഗിക്കുന്നതിന് പകരം ഇന്നുപയോഗിക്കുന്നത് ഓരോ ഭാഷയിലെയും ലക്ഷക്കണക്കിന് വരുന്ന വാക്യങ്ങളെ ദത്ത(data)മാക്കി സ്വീകരിച്ചുകൊണ്ടാണ്. നിയമാധിഷ്ഠിത രീതി മുതൽ നിർമിതബുദ്ധി വരെയുള്ള സാങ്കേതികവളർച്ചയാണ് യന്ത്രവിവർത്തനത്തിന്റെയും വളർച്ച.

1. 1. നിയമാധിഷ്ഠിത രീതി (Rule Based Machine Translation)

1970 കളിൽ ആണ് നിയമാധിഷ്ഠിതരീതി അടിസ്ഥാനമാക്കിയുള്ള വിവർത്തനം നടത്തിയിരുന്നത്. ദ്വിഭാഷാനിഘണ്ടുവും വിവർത്തനം ചെയ്യുന്ന ഭാഷകളിലെ ഭാഷാനിയമങ്ങളും ഉപയോഗിച്ചുകൊണ്ടാണ് വിവർത്തനം നടത്തുന്നത്. ലിപ്യന്തരണം നടത്താനോ അക്ഷര-വ്യാകരണത്തെറ്റുകൾ തിരുത്താനോ ഉണ്ടെങ്കിൽ അതിന് ചെറിയ രീതിയിൽ മനുഷ്യ ഇടപെടലും വേണ്ടി വന്നിരുന്നു.

1. 2. സാംഖികാധിഷ്ഠിതരീതി (Statistical Machine Translation)

ഓരോ വാക്കും എത്ര തവണ ആവർത്തിക്കുന്നു എന്നത് അടിസ്ഥാനമാക്കിയാണ് ഇത് പ്രവർത്തിക്കുന്നത്. ഉദാഹരണമായി 'ഞാൻ മാങ്ങ തിന്നു' എന്ന വാക്യം എടുത്ത് പരിശോധിക്കാം. പദങ്ങളെ അതിന്റെ സ്ഥാനത്തിനനുസരിച്ച് ഓരോ സംഖ്യകളായി മനസിലാക്കുന്നു (ഇൻഡക്സിങ്). ഇവയുടെ സഹസ്ഥിതി എത്തരത്തിലാണെന്നാണ് അടുത്തതായി പരിശോധിക്കുന്നത്. 'മാങ്ങ' എന്ന പദത്തിന് ശേഷം 'തിന്നു' എന്ന ക്രിയ എത്ര തവണ വരുന്നു എന്നും 'വായിച്ചു' എന്ന ക്രിയ എത്ര തവണ വരുന്നു എന്നും നോക്കി ഇവയുടെ സഹസ്ഥിതിയനുസരിച്ച് ഒരു സ്കോറും നൽകുന്നു. ഇത് ഓരോ തവണയും വിവർത്തനം ചെയ്യുമ്പോൾ പരിശോധിക്കും. ഇത്തരത്തിൽ ആയിരക്കണക്കിന് വാക്യങ്ങളിലെ പദങ്ങളുടെ ആവൃത്തിയാണ് പരിശോധിക്കുന്നത്. ഇതിൽ ഓരോ വാക്കും പ്രത്യക്ഷപ്പെടുന്നതിന് കൃത്യമായ ഒരു സ്ഥാനം ഉണ്ടായേക്കാം. ഓരോ പദത്തിന്റെയും കൂടെ വരുന്ന

പദത്തിന്റെ എണ്ണത്തിന് വ്യത്യാസം വരുമല്ലോ. ഉദാഹരണത്തിന് മാങ്ങ എന്ന പദത്തിന് ശേഷം, അതിനോടൊപ്പം തിന്നു, പറിച്ചു, എറിഞ്ഞു, കഴിച്ചു, മുറിച്ചു എന്നിങ്ങനെയുള്ള ക്രിയകൾ ആയിരിക്കും വരുക. ഇത്തരത്തിൽ ഓരോ വാക്കിന്റെയും ആവൃത്തിയാണ് ഈ മാതൃകയിൽ പരിശോധിക്കുന്നത്. അതനുസരിച്ച് ആ പദങ്ങൾ തിരഞ്ഞെടുത്തുപയോഗിക്കുന്നു.

1990 കളോടെയാണ് ഈ രീതി ആരംഭിച്ചത്. വിവർത്തനം ചെയ്യാനുള്ള ഭാഷകളിലെ ദത്തമാണ് (Parallel Corpus) ഉപയോഗിക്കുന്നത്. ഇംഗ്ലീഷിൽ നിന്നും മലയാളത്തിലേക്കുള്ള വിവർത്തനമാണ് നടത്തുന്നതെങ്കിൽ ഇംഗ്ലീഷ് വാക്യത്തിന് തുല്യമായ മലയാള-വിവർത്തിതവാക്യങ്ങൾ അതിനോടൊപ്പം നൽകുകയും രണ്ട് ഭാഷകളിലുമുള്ള പദങ്ങളുടെയും പദസംഹിതകളുടെയും അർഥം മനസിലാക്കുകയും അതെടുത്ത് ഉപയോഗിക്കുകയും ചെയ്യുന്നു. ഓരോ രീതികളുടെയും പോരായ്മകളാണ് മറ്റ് മാതൃകകൾക്ക് വഴി തെളിച്ചത്. സന്ദർഭാധിഷ്ഠിത അർഥവും നാനാർഥങ്ങളും അടക്കമുള്ള ഭാഷാപ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ ഈ രീതിയിൽ സാധിച്ചിരുന്നില്ല. മലയാളം പോലെയുള്ള ഭാഷകൾക്കാണെങ്കിൽ സന്ധിനിയമങ്ങളും പ്രത്യയങ്ങളുടെ എണ്ണക്കൂടുതലും സംശ്ലിഷ്ടസ്വഭാവവുമെല്ലാം ഒട്ടേറെ വെല്ലുവിളികളാണ് സൃഷ്ടിച്ചത്. കേരളത്തിൽ കമ്പ്യൂട്ടർ ഭാഷാശാസ്ത്രത്തിലെ ഗവേഷണങ്ങൾ ആരംഭിക്കുന്നത് പോലും 1990 കളിൽ ആയിരുന്നു എന്നതും ഈ മേഖലയിലെ മെല്ലെപ്പോക്കിന് കാരണമായി. സാംഖികാധിഷ്ഠിതരീതിയ്ക്ക് ശേഷമാണ് ന്യൂറൽ നെറ്റവർക്ക് അതിന്റെ ഭാഗമായ ട്രാൻസ്ഫോർമർ, അതിന് ശേഷം ബൃഹദ്ഭാഷാ മാതൃകകൾ എന്നിവ വികസിപ്പിച്ചത്.

1. 3. ന്യൂറൽനെറ്റുവർക്കിൽ നിന്നും ബൃഹദ്ഭാഷാ മാതൃകകളിലേക്ക്

മനുഷ്യർക്ക് ഓരോ പദങ്ങൾ തമ്മിലുള്ള അർഥബന്ധങ്ങൾ മനസിലാവും. പൂച്ച, പട്ടി, മരം എന്നീ ജോഡികളിൽ പൂച്ച- പട്ടി എന്നതിനാണ് കൂടുതൽ അർഥസാമ്യം (മൃഗങ്ങൾ ആയതിനാൽ) എന്ന് മനുഷ്യർ മനസിലാക്കുന്നു. എന്നാൽ കമ്പ്യൂട്ടർ ഈ ബന്ധം മനസിലാക്കുന്നത് ഇവയെ സംഖ്യകളാക്കി മാറ്റിയതിന് ശേഷമാണ്. കമ്പ്യൂട്ടർ എല്ലാ കാര്യങ്ങളും മനസിലാക്കുന്നതും സൂക്ഷിച്ച് വെക്കുന്നതും 0, 1 എന്നീ ദ്വന്ദ്വങ്ങളിലൂടെയാണ്. അതായത്, അക്ഷരങ്ങളായി നാം നൽകുന്നതിനെ 0, 1 എന്നിവയാക്കി മാറ്റേണ്ടതുണ്ട്. ഇതിന് വേണ്ടിയാണ് പദഗണിതവൽകരണം

(Word Vectorisation) നടത്തുന്നത്. ഇത് ഓരോ പദത്തെയും സംഖ്യകളായി മാറ്റുകയും പദങ്ങളുടെ ശ്രേണി മനസിലാക്കി പദങ്ങൾ തമ്മിലുള്ള അർഥബന്ധം മനസിലാക്കുകയും ചെയ്യുന്നു. മനുഷ്യഭാഷയുടെ സാംഖികപ്രതിനിധാനമാണ് പദ ഗണിതവൽകരണത്തിൽ. മനുഷ്യമസ്തിഷ്കം പ്രവർത്തിക്കുന്നതിന് സമാനമായാണ് ന്യൂറൽ നെറ്റ്വർക്ക് പ്രവർത്തിക്കുന്നത്. മനുഷ്യരുടെ തലച്ചോറിൽ ന്യൂറോണുകൾ വിവരം കൈമാറുന്നത് പോലെ ഹിഡ്ഡൻ ലേയറുകളിലൂടെയാണ് ന്യൂറൽ നെറ്റ്വർക്കിൽ വിവരങ്ങൾ കൈമാറുന്നത്. സിഗ്മോയിഡ് ഫങ്ഷൻ (Sigmoid Function), ടാൻ എച്ച് (Tanh) മുതലായ ഗണിതക്രിയകളിലൂടെയാണ് ഇതിന്റെ പ്രവർത്തനം.

അഭ്യസ്ത ഭാഷാമാതൃകകൾ (Pretrained Language Models)- ഒരു ഭാഷയിലെ വലിയ അളവിലുള്ള ദത്തം ഉപയോഗിച്ചുകൊണ്ടാണ് ഇത് പ്രവർത്തിക്കുന്നത്. യന്ത്രവിവർത്തനം കൂടാതെ ഏത് സ്വാഭാവികഭാഷാസംസ്കരണ മേഖലയിലും ഇത്തരം മാതൃകകൾ സ്വീകരിക്കാം. അതിന് നമ്മുടെ കൈവശമുള്ള, താരതമ്യേന ചെറിയ അളവിലുള്ള ദത്തം കൂടി ആ മാതൃകയെക്കൊണ്ട് പരിശീലിപ്പിക്കണം. ഫൈൻ ട്യൂണിങ് (Fine Tuning) എന്നാണ് ഈ ഘട്ടം അറിയപ്പെടുന്നത്.

നിലവിൽ നിർമിതബുദ്ധി ഉപയോഗിച്ചുകൊണ്ടുള്ള സാങ്കേതികവിദ്യയാണ് യന്ത്രവിവർത്തനത്തിനായി ഉപയോഗിക്കുന്നത്. നിർമിതബുദ്ധിയുടെ ഭാഗമായ യന്ത്രഗ്രാഹ്യതയുടെയും (Machine Learning) അഗാധഗ്രാഹ്യതയുടെയും (Deep Learning) അൽഗരിതങ്ങൾ പ്രയോജനപ്പെടുത്തിയാണ് നിലവിൽ കൂടുതൽ യന്ത്ര വിവർത്തനശ്രമങ്ങളും നടക്കുന്നത്. ഗൂഗിൾ അടക്കമുള്ള ടെക് കമ്പനികളെല്ലാം ന്യൂറൽ യന്ത്രവിവർത്തനമാണ് (Neural Machine Translation) നടത്തുന്നത്. ഭാഷാദത്തത്തിന്റെ അളവ് കൂടുന്നതിനനുസരിച്ച് ആ ഭാഷ മനസിലാക്കാനും സാഹചര്യവും ശൈലികളും വിഷയാധിഷ്ഠിത പദങ്ങളും എല്ലാം മനസിലാക്കാനും ഇതുവരെ ഉണ്ടായിരുന്ന മറ്റുള്ള സാങ്കേതികതയിൽ നിന്നും വ്യത്യസ്തമായി കൂടുതൽ മെച്ചപ്പെട്ട രീതിയിൽ വിവർത്തനം നടത്താനും ന്യൂറൽ യന്ത്രവിവർത്തനത്തിന് സാധിക്കും. ഒട്ടേറെ ഭാഷകൾ ഒരേ സമയം കൈകാര്യം ചെയ്യാൻ സാധിക്കും എന്നതും ന്യൂറൽ യന്ത്രവിവർത്തനത്തിന്റെ മേന്മയാണ്. മനുഷ്യരുടെ തലച്ചോറിലെ പ്രവർത്തനങ്ങളെ അനുകരിച്ചുകൊണ്ടാണ് ന്യൂറൽ നെറ്റ്വർക്ക് വികസിപ്പിച്ചത്. സംവേദനനാഡികളിലൂടെ ആശയം കൈമാറുന്ന മനുഷ്യരുടെ മസ്തിഷ്കപ്രവർത്തനങ്ങൾ പോലെ ഓരോ ലേയറുകളിലേക്കും വിവരങ്ങൾ കൈമാറുകയാണ്

ന്യൂറൽ നെറ്റവർക്കിൽ ചെയ്യുന്നത്. സംഖ്യകളായിട്ടാണ് ന്യൂറൽ നെറ്റവർക്കിലും വിവരങ്ങൾ സൂക്ഷിക്കുന്നത്. ഓരോ വാക്കിനെയും വ്യത്യസ്തസംഖ്യകൾ ആയിട്ടായിരിക്കും സൂക്ഷിക്കുക. 'ഞാൻ മാങ്ങ തിന്നു' എന്ന വാക്യമാണ് വിവർത്തനം ചെയ്യേണ്ടത് എന്ന് സങ്കൽപിക്കുക. ഇത് വൺ ഹോട്ട് എൻകോഡിങ് വെക്ടർ (One Hot Encoding Vector) എന്ന പദഗണിതവൽകരണ രീതി എങ്ങനെ കൈകാര്യം ചെയ്യുന്നുവെന്ന് നോക്കാം. ആദ്യമായി ഓരോ പദങ്ങൾക്കും ക്രമസംഖ്യ നൽകുന്നു. ദശലക്ഷക്കണക്കിന് വരുന്ന വാക്കുകളാണ് ഓരോ മാതൃകകൾക്കും പഠിക്കാൻ നൽകുക.

ഞാൻ 0

മാങ്ങ 1

തിന്നു 2

എന്നിങ്ങനെ വാക്യത്തിലെ ഓരോ പദത്തിനും അതിന്റെ പദക്രമത്തിനനുസരിച്ച് സാംഖികപ്രതിനിധാനം (indexing) നൽകുന്നു.

ഞാൻ	മാങ്ങ	തിന്നു
1	0	0
0	1	0
0	0	1

ഇത്തരത്തിലാണ് ഓരോ പദങ്ങളെയും സംഖ്യകളാക്കി മാറ്റുന്നത്. ആർഎൻഎൻ (RNN- Recurrent Neural Network), ലോങ് ഷോർട്ട് ടേം മെമ്മറി (Long Short Term Memory) എന്നിങ്ങനെ പല മാതൃകകളും ന്യൂറൽ നെറ്റവർക്കിൽ ഉൾക്കൊള്ളുന്നുണ്ട്. ഇൻപുട്ട് ലേയറിൽ നിന്നും ഹിഡൻ ലേയറുകളിലേക്കാണ് വിവരങ്ങൾ കൈമാറുന്നത്. വിവർത്തനം നടത്താനുള്ള സ്രോതവാക്യമാണ് ഇൻപുട്ട് ലെയർ. അത് പിന്നീട് ഹിഡൻ ലെയറുകളിലേക്ക് കൈമാറുന്നു. ഹിഡൻ ലെയറുകളിൽ വെച്ചാണ് വാക്യങ്ങളെ സംഖ്യകളാക്കി മാറ്റുന്നത്. പിന്നീട് ഔട്ട്പുട്ട് ലെയറിലേക്ക് കൈമാറുന്നു. ഇതായിരിക്കും ലക്ഷ്യവാക്യം. അവസാനത്തെ ഹിഡൻ ലേയറിൽ നിന്നും ഔട്ട്പുട്ട് ലെയറിലേക്ക് കൈമാറുന്നതിന് മുമ്പ് സംഖ്യയിൽ നിന്നും അക്ഷരങ്ങളിലേക്ക് മാറ്റേണ്ടതുണ്ട്. ഈ പ്രക്രിയയാണ് വിസങ്കേതനം (Decoding). നൽകിയിട്ടുള്ള ദത്തത്തിൽ നിന്നും ഓരോന്നിനും

യോജിക്കുന്ന പദങ്ങൾ എടുത്തുപയോഗിക്കുന്നു. നൽകുന്ന ദത്തത്തിന്റെ ഗുണമനു സരിച്ച് ഇതിന്റെ വിവർത്തനങ്ങളും മാറിക്കൊണ്ടിരിക്കും. വിവർത്തിതവാക്യങ്ങൾ കൂടുതലായും തെറ്റിപ്പോവുന്നതാണ് മലയാളത്തിന്റെ കാര്യത്തിൽ നമുക്ക് കാണാനാവുക. ഇത്തരത്തിൽ തെറ്റുകൾ കൂടുതലായി തിരഞ്ഞെടുക്കുന്നത് ഒഴിവാക്കാൻ അറ്റൻഷൻ മെക്കാനിസം ഉപയോഗിക്കുന്നു. ഇതിൽ ഓരോ പദവും തിരഞ്ഞടുത്തതിന് ശേഷവും തൊട്ടുപിറകിലുള്ള പദവും കൂടി പരിശോധിക്കും. ഹിഡൻ ലെയറുകളിലൊന്ന് ഇത് ഓർത്തുവെക്കും. ഓരോ തവണയും ഇത് പരിശോധിക്കുന്നു. സഹസ്ഥിതപദത്തിന് ഭാഷയിൽ പ്രാധാന്യമുള്ളതിനാൽ യന്ത്രവിവർത്തനത്തിന് ഈ രീതി നല്ല മാറ്റങ്ങളാണ് ഉണ്ടാക്കിയിട്ടുള്ളത്.

1. 3. 1. ബൃഹദ്ഭാഷാമാതൃകകൾ (Large Language Models- LLMs)

നിർമിതബുദ്ധിയുടെ മേഖലകളിൽ ഒന്നാണ് യന്ത്രവിവർത്തനം. ഒരു ഭാഷയിൽ നിന്നും മറ്റൊരുഭാഷയിലേക്ക് യന്ത്രം വിവർത്തനം ചെയ്യുന്ന പ്രക്രിയയാണ് യന്ത്രവിവർത്തനം. കമ്പ്യൂട്ടർ സോഫ്റ്റ്വെയറുകളും അൽഗരിതങ്ങളും ഉപയോഗിച്ചുകൊണ്ട് മനുഷ്യഭാഷകൾ തമ്മിലുള്ള വിടവ് ഇല്ലാതാക്കാനാണ് യന്ത്രവിവർത്തനമേഖലയിലെ ഗവേഷണങ്ങളിലൂടെ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഓരോ ഭാഷകളെയും ആഴത്തിൽ കമ്പ്യൂട്ടറിന് മനസിലാക്കിക്കൊടുത്ത് സൃഷ്ടിച്ചവയാണ് ബൃഹദ്ഭാഷാമാതൃകകൾ. ബൃഹത്തായ ദത്തം കമ്പ്യൂട്ടറിന് നൽകുകയും അതിനെക്കൊണ്ട് വിശകലനം ചെയ്യിപ്പിക്കുകയും ചുരുക്കരൂപത്തിലാക്കുകയും, നൽകിയ ദത്തം അടിസ്ഥാനമാക്കി പുതിയ ദത്തം സൃഷ്ടിക്കുകയും ആ ഭാഷ മനസിലാക്കി മനുഷ്യരുടേതിന് സമാനമായി ഭാഷോൽപാദനം നടത്തുകയും ചെയ്യുന്ന രീതിയിലാണ് ബൃഹദ്ഭാഷാമാതൃകകളുടെ അൽഗരിതം പ്രവർത്തിക്കുന്നത്. ലഭ്യമായ എല്ലാ പുസ്തകങ്ങളും ദത്തങ്ങളും നൽകുകയാണെങ്കിൽ മനുഷ്യരുടേതിന് സമാനമായ രീതിയിൽ വളരെ ഭംഗിയായി ഭാഷ ഉപയോഗിച്ചേക്കാം. അത് കൂടാതെ നാം നൽകുന്ന മറുപടികളിൽ നിന്നും പഠിച്ച് കൃത്യമായി ഭാഷ മെച്ചപ്പെടുത്താനുള്ള കഴിവും ഈ അൽഗരിതങ്ങൾക്ക് ഉണ്ട്. ചാറ്റ് ജിപിടിയും (https://chatgpt. com/) ഗൂഗിൾ ജെമിനിയും (https://gemini. google. com/app) അനുദിനം മെച്ചപ്പെട്ടുകൊണ്ടിരിക്കുന്നത് ഇതിന്റെ അടിസ്ഥാനത്തിലാണ്.

നാം നൽകുന്ന ദത്തത്തിലെ സവിശേഷതകൾ തിരിച്ചറിയുന്നതും പദങ്ങൾ

തമ്മിലുള്ള അർഥം മനസിലാക്കുന്നതും ന്യൂറൽ നെറ്റ്വർക്കുകൾ വഴിയാണ്. ഒരു വാക്യത്തിനുള്ളിലെ മുഴുവൻ വാക്കുകൾ തമ്മിലുമുള്ള ആർഥികബന്ധവും ന്യൂറൽ നെറ്റ്വർക്ക് വഴി മനസിലാക്കാൻ ശ്രമിക്കുന്നു. ന്യൂറൽ നെറ്റ്വർക്കിന്റെയും ട്രാൻ സ്ഫോർമർ അൽഗരിതത്തിന്റെയും കണ്ടെത്തലാണ് യന്ത്രവിവർത്തനത്തിന്റെ കൃത്യത ഗണ്യമായി വർധിപ്പിച്ചത്. മനുഷ്യരുടെ തലച്ചോറിൽ നാഡികൾ തമ്മിൽ സംവേദനം നടത്തുന്നതുപോലെ ഒരു ലേയറിൽ നിന്നും മറ്റൊരു ലേയറിലേക്ക് വിവരം കൈമാറിക്കൊണ്ട് നൽകിയ ദത്തം പഠിക്കുന്ന രീതിയാണ് ന്യൂറൽ നെ റ്റ്വർക്ക്. ന്യൂറൽ നെറ്റ്വർക്ക് അടിസ്ഥാനമാക്കിയാണ് ട്രാൻസ്ഫോർമർ പ്രവർ ത്തിക്കുന്നത്. യന്ത്രവിവർത്തനത്തിന് വേണ്ടി നിർമിച്ചതാണ് (2017) ഇതെങ്കിലും ഇപ്പോൾ മറ്റ് സ്വാഭാവിക ഭാഷാസംസ്കരണ പ്രവർത്തനങ്ങൾക്കും, കമ്പ്യൂട്ടർ വിഷൻ, ശബ്ദവുമായി ബന്ധപ്പെട്ട വിശകലനങ്ങൾ (Speech Analysis) എന്നിവ യെല്ലാം ട്രാൻസ്ഫോർമർ രീതി ഉപയോഗിക്കുന്നുണ്ട്. നൽകിയ ദത്തത്തിന്റെ ഘടന മനസിലാക്കി ഒരു വാക്കിന് ശേഷം വരാവുന്ന വാക്കുകൾ ഊഹിക്കുകയാ ണ് ഇവ പ്രധാനമായും ചെയ്യുന്നത്. സെൽഫ് അറ്റൻഷൻ (Self Attention), ഫീഡ് ഫോർവേഡ് നെറ്റ്വർക്ക് (Feed Forward Network) എന്നിവയാണ് ട്രാൻ സ്ഫോർമറുകളുടെ പ്രത്യേകത. നാം നൽകുന്ന എല്ലാ വാക്കുകളും ഗണിതവൽക രിച്ചതിന് (Word Vectorisation) ശേഷം മാത്രമാണ് കമ്പ്യൂട്ടർ മനസിലാക്കുന്നത്. ഓരോ വാക്കുകളെയും വെക്ടറുകളാക്കി (Vectors) മാറ്റുകയാണ് ആദ്യപടി. ഒരു വാക്യത്തിലുള്ള ഓരോ വാക്കുകൾക്കും വ്യത്യസ്ത ഗണിതപ്രതിനിധാനമായിരിക്കും ഉണ്ടാവുക. അതിന് ശേഷമാണ് സെൽഫ് അറ്റൻഷനിലൂടെ പദങ്ങൾ തമ്മിലുള്ള ബന്ധം കണ്ടെത്തുന്നത്. ഫീഡ് ഫോർവേർഡ് നെറ്റ്വർക്ക് അവ ഓർത്ത് വെ ക്കുകയും അടുത്തടുത്തുള്ള ലേയറുകളിലേക്ക് കൈമാറ്റം ചെയ്യുകയും ചെയ്യുന്നു. ഭാഷാപരമായ പ്രത്യേകതകൾ പഠിക്കുന്നത് അറ്റൻഷൻ രീതിയിലൂടെയാണ്. അന്വാദേശബന്ധവും (Anaphora) സമുച്ചയബന്ധവുമെല്ലാം (Connectives) വേർതിരിച്ചെടുക്കുന്നത് ഈ ഘട്ടത്തിലാണ്. (അതുകൊണ്ടാണ് 2017 ൽ ന്യൂറൽ യന്ത്രവിവർത്തനമാരംഭിച്ചത് മുതൽ ഗൂഗിളിന് ഒന്നിലേറെ വാക്യങ്ങൾ ഒരേ സമ യത്ത് വിവർത്തനം ചെയ്യാൻ സാധിച്ചത്). പിന്നീട് ഡീകോഡറുകൾ വഴിയാണ് സംഖ്യകളായി സൂക്ഷിച്ചുവെച്ചിരിക്കുന്നതിനെ തിരിച്ച് അക്ഷരങ്ങളാക്കി മാറ്റുന്നത്. ഇത്തരത്തിൽ ഘട്ടം ഘട്ടമായാണ് ട്രാൻസ്ഫോർമർ രീതിയിൽ വിവർത്തനം

നടക്കുന്നത്. ന്യൂറൽനെറ്റ്വർക്കിലെ ഓരോന്നിനും ചെറിയ രീതിയിലുള്ള മാറ്റങ്ങൾ വരുത്തിക്കൊണ്ടാണ് ഇന്ന് ഉപയോഗിക്കുന്ന രീതിയിലുള്ള ട്രാൻസ്ഫോർമർ മാതൃകയിലേക്ക് എത്തുന്നത്. എല്ലാത്തിന്റെയും അടിസ്ഥാനപ്രവർത്തനം ഒരുപോലെ തന്നെയായിരിക്കും.

ട്രാൻസ്ഫോർമർ അൽഗരിതം അടിസ്ഥാനമാക്കിയാണ് ബൃഹദ് ഭാഷാ മാതൃകകൾ പ്രവർത്തിക്കുന്നത്. ബൃഹദ്ഭാഷാ മാതൃകകൾ മലയാളവിവർത്തനത്തെ സംബന്ധിച്ച് നല്ലത് എന്ന് പറയാറായിട്ടില്ല. പതിനായിരക്കണക്കിന് ഭാഷാപരിമാത്രകളാണ് (Language Parameters) ഇവയിൽ ഉപയോഗിക്കുന്നത് എന്നതിനാൽ യന്ത്രവിവർത്തനം പോലെയുള്ള ഒരുപാട് പ്രവർത്തനങ്ങൾ ബൃഹദ്ഭാഷാ മാതൃകകൾ ഉപയോഗിച്ച് ചെയ്യാനാവും.

മലയാളത്തിലെ ശ്രമങ്ങൾ

ഇന്ത്യയിലെ പല വിവർത്തനപദ്ധതികളിലും മലയാളവും ഉൾപ്പെട്ടിരുന്നു. പിന്നീട് ഗൂഗിൾ, മൈക്രോസോഫ്റ്റ് തുടങ്ങിയ വലിയ ടെക് കമ്പനികളുടെയും യന്ത്രവിവർത്തനപദ്ധതികളിൽ മലയാളം ഉൾപ്പെട്ടു. ന്യൂറൽ യന്ത്രവിവർത്തനം ഉപയോഗിച്ചുകൊണ്ടാണ് ഇപ്പോൾ ഈ വിവർത്തനങ്ങളെല്ലാം നടക്കുന്നത്. ഇന്റർനെറ്റിൽ ലഭിക്കുന്ന എണ്ണമറ്റ ഭാഷാദത്തമാണ് ഇതിനായി ഉപയോഗിക്കുന്നത് എന്നതിനാൽ കൂടുതൽ നന്നായി വിവർത്തനം ചെയ്യാനും മറ്റ് ഭാഷാപ്രവർത്തനങ്ങൾ നടത്താനും ഇവയ്ക്ക് സാധിക്കും. ഏറ്റവും പുതിയ സാങ്കേതികവിദ്യ ഉപയോഗിച്ചുകൊണ്ടുള്ള ബൃഹദ്ഭാഷാ മാതൃകയായ എൻഎൽഎൽബിയിലും, ലോകത്ത് ഏറ്റവും കൂടുതൽ വിവർത്തനത്തിനായി ഉപയോഗിക്കുന്ന ഗൂഗിൾ ട്രാൻസ്ലേറ്റ്, മൈക്രോസോഫ്റ്റ് ബിങ് ട്രാൻസ്ലേറ്റർ എന്നിവയിലും മലയാളം എത്തരത്തിൽ പ്രതിനിധീകരിക്കുന്നുവെന്ന് പരിശോധിക്കാം.

2. 1. ഇംഗ്ലീഷ്- മലയാളം വിവർത്തനം

താഴെ നൽകിയിരിക്കുന്ന ഇംഗ്ലീഷ്ഭാഷയിലെ ഭാഗം മൂന്ന് യന്ത്രവിവർത്തനപ്രോഗ്രാമുകളിലും എങ്ങനെയാണ് വിവർത്തനം ചെയ്തിരിക്കുന്നത് എന്ന് പരിശോധിക്കാം.

The Lowland is a critically acclaimed novel written by Indian-American author Jhumpa Lahiri. Published in 2013, it received widespread praise and was shortlisted for the Man Booker Prize in the same year. The Lowland explores themes of identity, love, loss, and political turmoil, set against the backdrop of the vibrant city of Kolkata (formerly known as Calcutta) in India, as well as the United States.

2. 1. 1. എൻഎൽഎൽബി (NLLB- No Language Left Behind)

ഇന്ത്യൻ-അമേരിക്കൻ എഴുത്തുകാരൻ ജൂംപ ലഹിരി എഴുതിയ വിമർശക രുടെ പ്രശംസ നേടിയ. 2013 ൽ പ്രസിദ്ധീകരിച്ച ഈ പുസ്തകം വലിയ പ്രശംസ നേടി. അതേ വർഷം തന്നെ മാൻ ബുക്കർ പുരസ്. ഇന്ത്യയിലെ കൊൽക്കത്ത (മുൻപ് കൽക്കത്ത എന്നറിയപ്പെട്ട) നഗരത്തിന്റെയും അമേരിക്കയുടെയും പശ്ചാ ത്തലം.

2. 1. 2. മൈക്രോസോഫ്റ്റ് ബിങ് ട്രാൻസ്ലേറ്റർ (Microsoft Bing Translator)

ഇന്ത്യൻ-അമേരിക്കൻ എഴുത്തുകാരി ജുമ്പ ലാഹിരി എഴുതിയ നിരൂപക പ്രശംസ നേടിയ നോവലാണ് ദി ലോലാൻഡ്. 2013 ൽ പ്രസിദ്ധീകരിച്ച ഈ പുസ്തകം വ്യാപകമായ പ്രശംസ നേടുകയും അതേ വർഷം മാൻ ബുക്കർ പ്രൈസി നായി ഷോർട്ട്ലിസ്റ്റ് ചെയ്യപ്പെടുകയും ചെയ്തു. ഇന്ത്യയിലെ ഊർജ്ജസ്വലമായ കൊൽക്കത്ത നഗരത്തിന്റെയും (മുമ്പ് കൽക്കട്ട എന്നറിയപ്പെട്ടിരുന്നു) യുണൈറ്റ ഡ് സ്റ്റേറ്റ്സിന്റെയും പശ്ചാത്തലത്തിൽ ഒരുക്കിയ സ്വത്വം, സ്നേഹം, നഷ്ടം, രാഷ്ട്രീയ പ്രക്ഷുബ്ധത എന്നിവയുടെ തീമുകൾ ലോലാൻഡ് പര്യവേക്ഷണം ചെയ്യുന്നു

2. 1. 3. ഗൂഗിൾ ട്രാൻസ്ലേറ്റ് (Google Translate)

ഇന്ത്യൻ-അമേരിക്കൻ എഴുത്തുകാരി ജുമ്പ ലാഹിരി എഴുതിയ നിരൂപക പ്രശംസ നേടിയ നോവലാണ് ദ ലോലാൻഡ്. 2013-ൽ പ്രസിദ്ധീകരിച്ച ഇത് വ്യാപ കമായ പ്രശംസ നേടുകയും അതേ വർഷം തന്നെ മാൻ ബുക്കർ പ്രൈസിന് ഷോർ ട്ട്ലിസ്റ്റ് ചെയ്യുകയും ചെയ്തു. ലോലാൻഡ് ഐഡൻറിറ്റി, പ്രണയം, നഷ്ടം, രാഷ്ട്രീയ പ്രക്ഷുബ്ധത എന്നിവയുടെ തീമുകൾ പര്യവേക്ഷണം ചെയ്യുന്നു, ഇന്ത്യയിലെയും

യുണൈറ്റഡ് സ്റ്റേറ്റ്സിലെയും ഊർജ്ജസ്വലമായ കൊൽക്കത്ത നഗരത്തിന്റെ (മുമ്പ് കൽക്കട്ട എന്നറിയപ്പെട്ടിരുന്നത്) പശ്ചാത്തലത്തിൽ

2. 2. മലയാളം- ഇംഗ്ലീഷ് വിവർത്തനം

സൂര്യന്റെ ചൂടേറ്റ് ഭൗമോപരിതലത്തിലെ ജലം നീരാവിയായി അന്തരീക്ഷത്തിലേയ്ക്ക് ഉയർന്ന് മേഘങ്ങളാവുന്നു. ഈ മേഘങ്ങൾ ഘനീഭവിച്ച് വെള്ളത്തുള്ളികളായി ഭൗമോപരിതലത്തിൽ പതിക്കുന്നതാണ് മഴ. കൂടുതൽ തണുപ്പുള്ള പ്രദേശങ്ങളിൽ ജലമായിട്ടല്ലാതെ ഐസായും മഴയുണ്ടാകാം. ഉഷ്ണമേഖലാപ്രദേശങ്ങളിലും അതിനോട് ചേർന്നുകിടക്കുന്നയിടങ്ങളിലും മഴയോടൊപ്പം ചിലസമയത്ത് ഐസ് കഷ്ണങ്ങളും വീഴാം. ഇവയെയാണ് ആലിപ്പഴം എന്നു വിളിക്കാറുള്ളത്

2. 2. 1. എൻഎൽഎൽബി (NLLB)

The heat of the sun causes the water on the earth's surface to rise into the atmosphere. These clouds are thick and fall down on the surface of the earth as droplets of water. In colder areas, there may be ice rain, not water. In tropical and adjoining areas, sometimes ice fragments fall with rain. These are what are called alippolds.

2. 2. 2. Microsoft Bing Translator

Due to the heat of the Sun, the water on the earth's surface evaporates and rises into the atmosphere to form clouds. Rain is the process by which these clouds condense and fall on the earth's surface as droplets of water. In areas where it is colder, there may also be ice and rain, rather than as water. In the tropics and adjoining areas, pieces of ice can sometimes fall along with the rain. These are called hailstones.

2. 2. 3. Google Translate

The water on the surface of the earth is heated by the sun and rises into the atmosphere as clouds. Rain is when these clouds condense

and fall on the earth's surface as water droplets. In colder areas it may rain as ice instead of water. In and around tropical regions, rain can also be accompanied by ice flakes at times. These are called hailstones

ഉപസംഹാരം

നൂറോളം ഭാഷകളിലെ സ്വാഭാവികഭാഷാ സംസ്കരണ പ്രക്രിയകൾ കൈകാര്യം ചെയ്യാൻ സാധിക്കുന്ന ഒരു ബൃഹദ്ഭാഷാ മാതൃകയാണ് എൻഎൽഎൽബി. ഭാഷാനിയമങ്ങൾ എന്തുതന്നെയായാലും അതൊന്നും ബാധിക്കുന്നില്ല എന്ന രീതിയിലാണ് എൽഎൽഎം മാതൃകകൾ അവതരിപ്പിക്കപ്പെട്ടിട്ടുള്ളത്. 600 മില്യൺ ഭാഷാദത്തം ഉപയോഗിച്ചുകൊണ്ട് പരിശീലിപ്പിച്ചിട്ടുള്ള വേർഷനാണ്(facebook/nllb-200-distilled-600M) ഈ പഠനത്തിനായി ഉപയോഗിച്ചത്. ഇത് ഒരു ഉൽപ്പന്നമായി ലഭ്യമല്ലാത്തിനാൽ പൈത്തൺ കോഡ് ഉപയോഗിച്ചാണ് വിവർത്തനം ചെയ്തത്. നൽകിയത് ഒരു ഖണ്ഡിക ആയിരുന്നെങ്കിലും രണ്ട് തവണയും (സ്രോത ഭാഷയായി ഇംഗ്ലീഷ് നൽകിയപ്പോഴും മലയാളം നൽകിയപ്പോഴും) ആ ഖണ്ഡികയിലെ ആദ്യവരി മാത്രമാണ് എൻഎൽഎൽബിയ്ക്ക് വിവർത്തനം ചെയ്യാൻ സാധിച്ചത്. (പിന്നീട് ഓരോ വാക്യങ്ങളായി നൽകിയതിന് ശേഷമുള്ള വിവർത്തനമാണ് മുകളിൽ നൽകിയിട്ടുള്ളത്). അതും പൂർണാർഥത്തിൽ വിവർത്തനം ചെയ്യാൻ സാധിച്ചില്ല. ഏറെക്കുറെ വാക്കുകൾ വിവർത്തനം ചെയ്തിട്ടുണ്ടെങ്കിലും വാക്യം പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല. എന്നാൽ ഇംഗ്ലീഷിൽ വാക്യഘടനയ്ക്കനുസൃതമായി തന്നെയാണ് വിവർത്തനം ചെയ്തിരിക്കുന്നത്. അതിനർഥം മലയാളഭാഷയിലെ പാഠോൽപാദനത്തിൽ (Text Generation) വെല്ലുവിളി നേരിടുന്നു എന്നതാണ്. പദങ്ങൾക്ക് പകരം മറ്റ് പദങ്ങൾ ഉപയോഗിച്ചാലോ പദങ്ങൾ കർത്താവ്, കർമം, ക്രിയ എന്ന ക്രമത്തിൽ ഉപയോഗിച്ചാലോ മലയാളത്തിൽ വ്യാകരണനിഷ്ഠവും അർഥയുക്തവുമായ വാക്യമാവില്ല. അതിന് പ്രത്യയങ്ങളുടെ ഉപയോഗവും കൃത്യമാവണം. ക്രിയയ്ക്ക് മറ്റ് വാക്യാംഗങ്ങളോടുള്ള ബന്ധം മനസിലാവണമെങ്കിലും പദങ്ങൾ തമ്മിൽ ചേരണമെങ്കിലുമെല്ലാം പ്രത്യയങ്ങളുടെ ഉപയോഗം പരമപ്രധാനമാണ്. അക്കാര്യത്തിലാണ് ഈ മാതൃക പരാജയപ്പെടുന്നത്. നിരന്തരമായ പരിശീലനത്തിലൂടെയും മലയാളത്തിലെ ദത്തവിപുലനത്തിലൂടെയും മാത്രമേ ഇത് പരിഹരിക്കാനാവൂ.

എന്നാൽ ഗൂഗിൾ ട്രാൻസ്ലേറ്റ്, മൈക്രോസോഫ്റ്റ് ബിങ് ട്രാൻസ്ലേറ്റർ എന്നിവ താരതമ്യേന നല്ല വിവർത്തനമാണ് നൽകുന്നത്. ന്യൂറൽ യന്ത്രവിവർത്തനമാണ് ഇത് രണ്ടും നടത്തുന്നത്. നിരന്തരം വിവർത്തനത്തിന് വേണ്ടി ഉപയോഗിക്കുന്നത് കൊണ്ടായിരിക്കാം ഇവ രണ്ടും താരതമ്യേന നല്ല വിവർത്തനം നൽകുന്നത്. നാം ഓരോ തവണയും വിവർത്തനം ചെയ്യുന്നത് ഇത് സൂക്ഷിച്ചുവെക്കുകയും അത് ഭാഷാദത്തമായി സ്വീകരിച്ച് പഠിക്കുകയും ചെയ്യുന്നതിനാൽ ദിനംപ്രതിയുള്ള മെച്ചപ്പെടുത്തലിന് ഇവ രണ്ടും വിധേയമാവുന്നുണ്ട്. ഇപ്പോഴും മലയാളവിവർത്തനത്തിൽ അന്വാദേശം, സമുച്ചയങ്ങൾ, അനുപ്രയോഗങ്ങൾ (light verbs) എന്നിവയെല്ലാം വിവർത്തനത്തിനതീതമായി നിലകൊള്ളുന്നുവെന്നത് വസ്തുതയാണ്. അതുകൊണ്ട് മലയാളത്തിന്റെ ഭാഷാപ്രത്യേകതകളിൽ ഊന്നിക്കൊണ്ടുള്ള ഗവേഷണങ്ങൾക്ക് പ്രാധാന്യം നൽകണം. മലയാളത്തിലെ അർഥസന്ദിഗ്ധതയെ (ambiguity) മറികടക്കാൻ കഴിയുന്ന രീതിയിലുള്ള പദഗണിതവൽകരണവും വികസിപ്പിക്കേണ്ടതുണ്ട്. ഇത്തരത്തിൽ നമ്മുടെ ഭാഷയിൽ നാം ലോകത്തോട് സംസാരിക്കുകയും ലോകം നമ്മുടെ ഭാഷയിൽ നമ്മോട് സംവദിക്കുകയും ചെയ്യുന്ന കാലം വിദൂരമല്ലെന്ന് പ്രതീക്ഷിക്കാം.

സഹായക ഗ്രന്ഥങ്ങൾ

1. ദിവാകരൻ, ആർ വി എം., യന്ത്രവിവർത്തനം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2014.
2. പ്രജിഷ, എ കെ., യന്ത്രവിവർത്തനത്തിലെ മലയാളപ്രശ്നങ്ങൾ. മലയാളഭാഷാശാസ്ത്രം ഗവേഷണജേണൽ (എഡി: ശ്രീനാഥൻ എം) വാല്യം-1, ലക്കം-1, തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല, തിരൂർ, 2017.
3. പ്രജിഷ, എ കെ., യന്ത്രവിവർത്തനം. മലയാളം കമ്പ്യൂട്ടിങ് (എഡി: ശ്രീകാന്ത് ആർവി). കേരള സർവകലാശാല, തിരുവനന്തപുരം, 2019.
4. പ്രജിഷ, എ കെ., മലയാള യന്ത്രവിവർത്തനവും ഗൂഗിൾ ട്രാൻസ്ലേറ്റും. വിജ്ഞാനകൈരളി. വാല്യം- 52, ലക്കം-3, മാർച്ച് 2020. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2020.
5. പ്രജിഷ, എ കെ., യന്ത്രവിവർത്തനം. മലയാളഭാഷാശാസ്ത്രം ഗവേഷണജേണൽ (എഡിഃ സ്മിത കെ നായർ) വാല്യം-2-5, ലക്കം-3-8, തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല, തിരൂർ, 2021.

6. പ്രജിഷ, എ കെ., നിർമിതബുദ്ധിയ്ക്ക് ഒരാമുഖം. വിജ്ഞാനകൈരളി. വാല്യം-55, ലക്കം-1, ഓഗസ്റ്റ് 2023. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2023.
7. Prajisha AK., Malayalam experience of Google Translate: morpho-syntactic observations (Ed: Kumar Vishwamangal Pandey) SCONLI-12 (ISSN: 2348771), 2017.

വെബ് സൂചി

1. https://www. freecodecamp. org/news/a-history-of-machine-translation-from-the-cold-war-to-deep-learning-f1d335ce8b5/
2. https://www. translatefx. com/blog/what-is-neural-machine-translation-engine-how-does-it-work?lang=en
3. https://towardsdatascience. com/neural-machine-translation-15ecf6b0b
4. https://ieeexplore. ieee. org/document/10039859
5. https://www. nssce. ac. in/pdf/cse/2016%20batch_poster%204. pdf
6. https://medium.com/analytics-vidhya/english-to-malayalam-machine-translation-using-python-e61f3c76deee
7. https://swaplanguage. com/blog/how-many-languages-in-the-world/

തുടി റിസർച്ച് ജേണൽ • ISSN-2320-8880

തിരുവനന്തപുരം തീരദേശ (മത്സ്യതൊഴിലാളി) ഭാഷ – ഒരു ഭാഷാശാസ്ത്ര സമീപനം

ഡോ. ഡാർവിൻ എൽ.
അസിസ്റ്റന്റ് പ്രൊഫസർ, ഭാഷാശാസ്ത്രവിഭാഗം,
കേരള സർവകലാശാല

പ്രബന്ധസംഗ്രഹം:

തിരുവനന്തപുരത്തെ തീരദേശം പ്രധാനമായും ക്രിസ്ത്യൻ വിഭാഗത്തിൽപ്പെട്ട മത്സ്യതൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന സ്ഥലമാണ്, അവിടെ അവർക്ക് അവരുടേതായ സംസ്കാരവും, ഭാഷയും, വ്യവഹാരചുറ്റുപാടുകളും, ഉപജീവന മാർഗങ്ങളും എന്നുവേണ്ട ഒരു മനുഷ്യജീവന് വേണ്ടുന്ന എല്ലാ ജിവനോപാധികളും ആവാസ വ്യവസ്ഥിതിയും അവിടെയുണ്ട്. ഈ തീരദേശവാസികളുടെ മുഖ്യമായ ഉപജീവന മാർഗം മത്സ്യബന്ധനമാണ്, കടലാണ് പ്രധാന ആശ്രയകേന്ദ്രം. കടലും, കടലുമായി ബന്ധപ്പെട്ടുമാണ് അവരുടെ സംസ്കാരവും ജീവിതരീതികളും രൂപപ്പെട്ടിരിക്കുന്നത്. ഈ വിഭാഗത്തിൽപ്പെട്ടവർ പ്രത്യേകം ഭാഷയും സംസ്കാരവും ഇന്നും നിലനിർത്തി പോരുന്നവരാണ്. മറ്റ് ജനവിഭാഗവുമായി നിരന്തരം സമ്പർക്കത്തിലേർപ്പെടുന്നുണ്ടെങ്കിലും അവരുടെ ഭാഷ ഇന്നും നഷ്ടപ്പെട്ടുപോകാതെ സംരക്ഷിക്കാൻ അവർക്കാകുന്നുണ്ട്. അവരുടെ സംസ്കാരത്തിൽ പലതരത്തിലുള്ള മാറ്റങ്ങൾ വരുന്നുണ്ടെങ്കിൽക്കൂടി, ഭാഷ അവർക്കിയിൽ യാതൊരുവിധ പ്രയാ

സവുമില്ലാതെ ഉപയോഗിക്കാൻ കഴിയുന്നുണ്ട്, ആ ഭാഷതന്നെയാണ് അവർക്കിപ്പോഴും കൂടുതൽ വ്യക്തതയോടെ പ്രയോഗിക്കാൻ കഴിയുന്നതും. തിരുവനന്തപുരത്തെ മത്സ്യത്തൊഴിലാളികളുടെ (മുക്കുവ) ഭാഷയ്ക്ക് നിരവധി പ്രത്യേകതകളുണ്ട്, അത് മലയാളമോ മലയാളത്തിന്റെ ഭാഷാഭേദമോ ആയി കണക്കാക്കാനാകില്ല. അതിന് അതിന്റേതായ പ്രത്യേകതയുണ്ട്; ഈ ഭാഷയ്ക്ക് ശബ്ദതലം മുതൽ വ്യാകരണികതലം, അർത്ഥതലം, പ്രയോഗതലം എന്നിവയിലെല്ലാം വേർതിരിച്ചറിയാൻ കഴിയുന്ന വിധത്തിലുള്ള പ്രത്യേകതകൾ കാണാനാവും. ഈ പഠനത്തിന്റെ പ്രധാന ലക്ഷ്യം തിരുവനന്തപുരം ജില്ലയിലെ തിരദേശഭാഷയുടെ വ്യാകരണിക പ്രത്യേകതകൾ കണ്ടെത്തുക എന്നതാണ്. തിരവനന്തപുരം ജില്ലയിലെ തീരദേശനിവാസികളായ ക്രിസ്ത്യൻ മത്സ്യത്തൊഴിലാളികളുടെ ഭാഷയുടെ വ്യാകരണിക സ്വഭാവം വിവരണാത്മക രീതിശാസ്ത്രത്തിന്റെ അടിസ്ഥാനത്തിൽ വിശദമാക്കുകയാണ് ഇവിടെ ചെയ്യുന്നത്. ഇത് മലയാളഭാഷയുമായി എത്രമാത്രം വേറിട്ട് നിൽക്കുന്നുവെന്നും, കൂടാതെ ഇത് എത്രമാത്രം മലയാളഭാഷയുമായി ചേർന്ന് നിൽക്കുന്നുണ്ട് എന്നും പരിശോധിച്ച് വിലയിരുത്തുന്നു.

താക്കോൽ വാക്കുകൾ:

തീരദേശഭാഷ, മുക്കുവർ, നാമരൂപം, ക്രിയാരൂപം, വിഭക്തി, വചനം, ലിംഗഭേദം, പുരുഷഭേദം

ആമുഖം

തിരുവനന്തപുരത്തെ മത്സ്യത്തൊഴിലാളി (മുക്കുവ) സമുദായത്തിന്റ ഭാഷ തിരുവനന്തപുരത്തെയും കേരളത്തിലെയും മറ്റ് ജനവിഭാഗങ്ങളിൽ നിന്ന് തികച്ചും വ്യത്യസ്തമാണ്. അവർക്ക് അവരുടേതായ ഒരു പ്രത്യേക സംസ്കാരമുണ്ട്; അവർ തങ്ങളുടെ ഉപജീവനത്തിനായി കടലിനെയും കടൽ മത്സ്യബന്ധനത്തെയും പൂർണ്ണമായും ആശ്രയിക്കുന്നു. കേരളത്തിലെ പരമ്പരാഗത മത്സ്യത്തൊഴിലാളികളാണവർ, ഇപ്പോഴും അവർ മത്സ്യബന്ധനത്തിനായി അവരുടെ പരമ്പരാഗത രീതികൾ സംരക്ഷിക്കുകയും ഉപയോഗിക്കുകയും ചെയ്യുന്നു. ഈ വിഭാഗം പ്രത്യേകിച്ചും ക്രിസ്ത്യൻ വി

ശ്വാസത്തിന് കീഴിലുള്ളവരും അതായത് ലാറ്റിൻ കത്തോലിക്കാ വിശ്വാസങ്ങളിൽ പെട്ടവരുമാണ്.

തിരുവനന്തപുരം ജില്ലയിലെ തീരദേശ മുക്കുവ (മത്സ്യത്തൊഴിലാളി) സമൂഹം

മുക്കവർ ഒരു പരമ്പരാഗത സമുദ്ര മത്സ്യത്തൊഴിലാളി സമൂഹമാണ് ഔദ്യോഗികമായി ലാറ്റിൻ കാത്തലിക് മുക്കവ എന്ന് അറിയപ്പെടുന്ന വിഭാഗമാണ്. ഇവരെ പ്രധാനമായും ഇന്ത്യയുടെ തെക്ക്-പടിഞ്ഞാറൻ തീരത്തായാണ് കാണപ്പെടുന്നത് 200000 (0.2 ദശലക്ഷം) ജനസംഖ്യയുള്ള കേരളത്തിലെ പരമ്പരാഗത കടൽ മത്സ്യത്തൊഴിലാളികളുടെ 42%-വും തിരുവനന്തപുരം തലസ്ഥാന ജില്ലയിലെ 30 ഓളം മത്സ്യബന്ധന ഗ്രാമങ്ങളിലായി വ്യാപിച്ചുകിടക്കുന്നു. അതിർത്തി ജില്ലയായ കന്യാകുമാരിയിൽ 40 ഓളം മത്സ്യത്തൊഴിലാളി ഗ്രാമങ്ങളുണ്ട്. ഇന്ത്യയുടെ സംസ്ഥാന പുനഃസംഘടന ഭാഷാടിസ്ഥാനത്തിൽ (ഉദാഹരണത്തിന്, മലയാളം, തമിഴ് യഥാക്രമം) നടത്തുന്ന 1956 വരെ, രണ്ട് ജില്ലകളും തിരുവിതാംകൂർ നാട്ടുരാജ്യത്തിന്റെ ഭാഗമായിരുന്നു. എന്നിരുന്നാലും, രണ്ട് അയൽ സംസ്ഥാന ജില്ലകളിലെയും മുക്കവ സമുദായത്തിൽ ചരിത്രപരവും മതപരവും ഭാഷാപരവും സാംസ്കാരികവുമായ ആഭിമുഖ്യം കാണുന്നുണ്ട്, അതേ അവസ്ഥയിൽതന്നെ അവരുടെ ബന്ധം തുടർന്നു വരുന്നു. ഈ ഗ്രാമങ്ങളിൽ ഭൂരിഭാഗവും ജനസാന്ദ്രത കൂടുതലുള്ള പ്രദേശങ്ങളാണ്. കേരളത്തിലെയും തമിഴ്നാട്ടിലെയും ഔദ്യോഗിക ഭാഷകളിൽ നിന്ന് വ്യത്യസ്തമാണ് മുക്കവ സമുദായത്തിന്റെ സവിശേഷത, രണ്ട് ഭാഷകളും, തമിഴും മലയാളവും കലർത്തിയാണ് തിരുവനന്തപുരത്തെ തീരദേശവാസികൾ സംസാരിക്കുന്നത്. മറ്റൊരു പ്രധാന വശം, ഈ മത്സ്യത്തൊഴിലാളികളുടെ മത്സ്യബന്ധന രീതികൾ മറ്റ് അയൽ ജില്ലകളിൽ നിന്ന് പല കാര്യങ്ങളിലും വ്യത്യസ്തമാണ്, ഇവ പ്രധാനമായും കടൽത്തീരത്തെ ആവാസവ്യവസ്ഥയെ അടിസ്ഥാനമാക്കിയുള്ള രീതികൾ രൂപപ്പെടുത്തി എടുക്കുന്നതാണ്. ഇത് അവരുടെ ചുറ്റുമുള്ള സമുദ്ര ആവാസവ്യവസ്ഥിതിയെക്കുറിച്ചുള്ള അറിവിനെ വ്യക്തമാക്കുന്നു.

പഠനലക്ഷ്യം

തിരുവനന്തപുരത്തെ തീരദേശ (മത്സ്യത്തൊഴിലാളി) ഭാഷയുടെ വ്യാകരണപരമായ പ്രത്യേകതകൾ കണ്ടെത്തുക എന്നതാണ്.

രീതിശാസ്ത്രം

വിവരശേഖരണത്തിനായി എത്നോഗ്രാഫിക് ഗവേഷണ രീതിശാസ്ത്രം സ്വീകരിച്ചു, ഒരു ചോദ്യാവലി ഉപയോഗിച്ച് ഡാറ്റ ശേഖരിക്കുന്നതിന് നേരിട്ടുള്ള എലിസിറ്റിംഗ് മാതൃകയും ഡാറ്റ വിശകലനത്തിനായി ഒരു വിവരണാത്മക വ്യാകരണ മാതൃകയും സ്വീകരിച്ചു.

പഠനമേഖല

തിരുവനന്തപുരം ജില്ലയിലെ പൊഴിയൂർ മുതൽ പെരുമാതുറ വരെയുള്ള തീരപ്രദേശങ്ങളാണ് എടുത്തിരിക്കുന്നത്. ഈ സമൂഹം തിരുവനന്തപുരത്തിന്റെ തീരപ്രദേശത്ത് പൊഴിയൂർ മുതൽ പെരുമാതുറവരെയുള്ള മത്സ്യബന്ധന ഗ്രാമങ്ങളിലായി വ്യാപിച്ചുകിടക്കുന്നു. അവർ കൂട്ടം കൂട്ടമായി അടുത്തടുത്ത് രണ്ട് വീടുകൾക്കിടയിൽ ഒട്ടും അകലം ഇല്ലാതെ ഒട്ടിച്ചേർന്ന് ഒരുമിച്ച് തീരത്തിനോട് ചേർന്ന് വസിക്കുന്നവരാണിവർ, ഇവരിൽ 90% ആളുകളും ഈ വരുമാനത്തെ ആശ്രയിച്ചാണ് ജീവിക്കുന്നത് മുക്കവരുടെ സാമൂഹിക-സാംസ്കാരിക പാരമ്പര്യവും ഉപജീവനമാർഗവും അഴിമുഖങ്ങൾ, തീരക്കടൽ, ഉൾക്കടൽ തുടങ്ങിയ സമുദ്ര ആവാസവ്യവസ്ഥയുമായി ആഴത്തിൽ ബന്ധപ്പെട്ടിരിക്കുന്നു. മുക്കവ സമുദായത്തിന്റെ ചരിത്രം മനസ്സിലാക്കാൻ, സമുദ്ര ആവാസവ്യവസ്ഥയുടെ വ്യാപ്തിയെക്കുറിച്ചുള്ള അവബോധം വളരെ ആവശ്യമാണ്. കടലും മുക്കവ സമുദായവും തമ്മിൽ അഭേദ്യമായ ബന്ധമാണുള്ളത്. സമുദ്രവും സമുദ്ര ആവാസവ്യവസ്ഥിതിയും ഈ സമൂഹത്തിന്റെ ചരിത്രപരമായ ഉന്നമനത്തിന്റെ അവിഭാജ്യ ഘടകമാണ്.

കടലും കടലിന്റെ പരിസ്ഥിതിയുമായുള്ള പരസ്പര ബന്ധത്തിലൂടെയാണ് മുക്കവരുടെ ഭാഷ വികസിക്കുന്നത്. സമുദ്ര പരിസ്ഥിതിയുടെയും സമുദ്ര ആവാസവ്യവസ്ഥയുടെയും നിരവധി വശങ്ങൾ ഭാഷയിൽ അടങ്ങിയിരിക്കുന്നു. തീരപ്രദേശങ്ങളിലെ പാരിസ്ഥിതികതയെക്കുറിച്ച് മനസ്സിലാക്കാൻ ഈ ഭാഷ സ്വായത്തമാക്കുന്നത് പ്രയോജനകരമാണ്. അതിനാൽ, സമുദ്ര ജൈവവൈവിധ്യത്തിന്റെ സംരക്ഷണത്തിനോടൊപ്പം തന്നെ പ്രാദേശിക, തദ്ദേശീയ ഭാഷകളുടേയും തിരച്ചുമുള്ള സംരക്ഷണത്തെയും സൂചിപ്പിക്കുന്നു. ഈ ഭാഷയ്ക്ക് സമുദ്രജൈവവൈവിധ്യവും ആവാസവ്യവസ്ഥിതിയുമായി ഒഴിവാക്കാനാവാത്ത ബന്ധമുണ്ട്.

നിലവിൽ, മുക്കുവ സമുദായത്തെ നിയന്ത്രിക്കുന്നതും നയിക്കുന്നതും കത്തോലിക്കാ (ലാറ്റിൻ) പുരോഹിതന്മാരാണ്; സാമുദായിക കാര്യങ്ങളും അവരുടെ പിന്തുണയും താൽപ്പര്യങ്ങളും സംബന്ധിച്ച മിക്ക സാമൂഹിക-രാഷ്ട്രീയ, സാമ്പത്തിക ഫോറങ്ങളെയും അവർ പ്രതിനിധീകരിക്കുന്നു, ചില സന്ദർഭങ്ങളിൽ, സർക്കാരും മറ്റ് സംഘടനകളും പോലും അവരുടെ അംഗീകാരം തേടുന്നു. ആധുനിക വിദ്യാഭ്യാസവും ഇംഗ്ലീഷ് ഭാഷയും സമൂഹത്തിൽ കത്തോലിക്കാ സഭ പ്രോത്സാഹിപ്പിക്കുന്നുണ്ടെങ്കിലും, പോർച്ചുഗീസ് നിയന്ത്രണത്തിന്റെ കാലത്ത് തീരദേശ സമൂഹങ്ങളിൽ വിദ്യാഭ്യാസത്തെ നിരുത്സാഹപ്പെടുത്താൻ ബോധപൂർവമായ ശ്രമങ്ങൾ നടന്നിരുന്നു എന്നതിന്റെ തെളിവുകൾ മറ്റു ചിലർ ഉയർത്തിക്കാട്ടുന്നുണ്ട്. മതപരമായ വശങ്ങൾ മാത്രമല്ല, വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ മാനേജ്മെന്റ് ഉൾപ്പെടെയുള്ള സമൂഹത്തിന്റെ സാമൂഹിക-സാമ്പത്തിക കാര്യങ്ങൾ അടക്കമുള്ളവ നോക്കുന്ന പ്രധാന നേതാവോ എക്സ്-ഒഫീഷ്യോയോയാണ് പ്രാദേശിക ഗ്രാമ ഇടവക വികാരി. അവരുടെ മിക്ക ഗ്രാമോത്സവങ്ങളും മതപരമായ പ്രവർത്തനങ്ങളാൽ ശക്തമായി സ്വാധീനിക്കപ്പെടുന്നുണ്ട്. മതത്തിന്റെ പ്രചാരണം വളരെ കൂടുതലുമാണ്, അതോടൊപ്പം മതപരമായ പ്രവർത്തനങ്ങളിൽ പങ്കാളിത്തവും നിർബന്ധമാണ്.

എന്നിരുന്നാലും, കത്തോലിക്കാ പുരോഹിതരുടെ കൈകളിലെ അധികാര കേന്ദ്രീകരണത്തിലും അവരുടെ പൂർവ്വിക വേരുകളുമായി അടുത്ത ബന്ധമുള്ള സമുദായ സ്വത്വത്തിന്റെ സ്ഥാനത്ത് മതപരമായ സ്വത്വത്തിലും ചില സമുദായ അംഗങ്ങൾക്ക് സംശയമുണ്ട്. തീരദേശ ഭാഷയും സംസ്കാരവും സംരക്ഷിക്കാനും പ്രോത്സാഹിപ്പിക്കാനും സഭാ സ്ഥാപനങ്ങൾ ഒരു ശ്രമവും നടത്തിയിട്ടില്ലെന്ന് അവർ ഉദ്ധരിക്കുന്നു; പകരം, അവയെ തകർക്കാനും മത്സ്യത്തൊഴിലാളികളെയും അവരുടെ കുടുംബങ്ങളെയും അവരുടെ തദ്ദേശീയമായ സ്വഭാവസവിശേഷതകൾ കാരണം 'കീഴാളരും അപരിഷ്കൃതരുമായ ആളുകളായി' ചിത്രീകരിക്കാനും ശ്രമം നടക്കുന്നുണ്ട്. തിരുവനന്തപുരം ജില്ലയിലെ മത്സ്യത്തൊഴിലാളികളുടെ സാമൂഹിക സ്ഥിതിവിവരക്കണക്കുകൾ അവരുടെ ഭാഷയുടെ പരിപാലനം വെളിപ്പെടുത്തുന്നു, പല കാലഘട്ടങ്ങളിലായി അവർ സാമൂഹികവും ഭാഷാപരവുമായ പരിവർത്തനത്തിന് വിധേയരായിട്ടുണ്ട് എന്ന് വെളിപ്പെടുന്നു. സോഷ്യൽ സ്റ്റാറ്റിസ്റ്റിക്കൽ ഡാറ്റ ചുവടെ നൽകിയിരിക്കുന്നു

തിരുവനന്തപുരത്തെ സമുദ്ര മത്സ്യതൊഴിലാളി ജനസംഖ്യ – 2012-2013

ജില്ല	ആൺ	പെൺ	കുട്ടികൾ	ആകെ
തിരുവനന്തപുരം	62857	55527	49370	167754

ഉറവിടം: കേരള മറൈൻ ഫിഷറീസ് സ്റ്റാറ്റസ്റ്റിക്സ്-2015

മേൽപ്പറഞ്ഞ ഡാറ്റ കാണിക്കുന്നത് ഈ കമ്മ്യൂണിറ്റിയുടെ ജനസംഖ്യാ വലിപ്പം തീരപ്രദേശത്തിന്റെ 72 കിലോമീറ്റർ തീരത്തായാണ്, പ്രത്യേകിച്ചും; ഇവരിൽ 90% ആളുകളും ഈ തീരപ്രദേശത്ത് തീരത്ത് നിന്ന് 50 മീറ്ററിനുള്ളിലായി തീരത്തോട് ചേർന്നാണ് താമസിക്കുന്നത്. ഈ പ്രദേശത്തെ ജനസാന്ദ്രത മറ്റ് പ്രദേശങ്ങളെ അപേക്ഷിച്ച് വളരെ കൂടുതലാണെന്നാണ് ഇത് സൂചിപ്പിക്കുന്നത്. ഉയർന്ന ജനസാന്ദ്രത എല്ലാ സമയത്തും പരസ്പരം കൂടുതൽ സമ്പർക്കം പുലർത്തുന്നതിനുള്ള ഒരു കാരണമാകുന്നതിനാൽ, അതിലൂടെ അവർക്ക് അവരുടെ ഭാഷ നിലനിർത്താൻ കഴിയുന്നു.

വിദ്യാഭ്യാസ നിലവാരം

ജില്ല	പ്രൈമറിതലം		ഹയർ സെക്കണ്ടറി		ഹയർ സെക്കണ്ടറിക്ക് മേൽ		സ്കൂളിൽ പോയിട്ടില്ലാത്തവർ*	
	ആൺ	പെൺ	ആൺ	പെൺ	ആൺ	പെൺ	ആൺ	പെൺ
തിരുവനന്തപുരം	19,098	18,331	18,191	16,674	4,560	4,156	27,123	25,426

*5 വയസിന് താഴെയുള്ള കുട്ടികളെ ചേർക്കാതെ. ഉറവിടം: Marine Fisheries Census 2010

മുകളിൽ സൂചിപ്പിച്ച കണക്കുകൾ പറയുന്നത് മൊത്തം ജനസംഖ്യയുടെ മൂന്നിലൊന്ന് വിദ്യാഭ്യാസം തീരെയും ലഭിക്കാത്തവരാണ്. എന്നാൽ മൊത്തം ജനസംഖ്യയുടെ മൂന്നിൽ രണ്ട് പേരും വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിലൂടെ വിദ്യാഭ്യാസം നേടുന്നു എന്നാണ് മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ വികസന സൂചിക നല്കുന്ന വിവരം. ലത്തീൻ കത്തോലിക്കാ അതിരൂപത ഈ പ്രദേശങ്ങളിൽ ധാരാളം വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്തുന്നു, പ്രത്യേകിച്ച് മത്സ്യത്തൊഴിലാളികൾക്കിടയിൽ സ്ഥിതി ചെയ്യുന്ന ഈ സ്ഥാപനങ്ങൾ. ജനസംഖ്യയുടെ മൂന്നിൽ രണ്ട് ഭാഗവും വിദ്യാഭ്യാസം നേടുന്നതിന് കാരണമാകുന്നു, എന്നിരുന്നാലും അവർ ഇപ്പോഴും അവരുടെ ഭാഷ നിലനിർത്തുന്നു. മാനകഭാഷയിലുള്ള വിദ്യാഭ്യാസം ഒരു ഭാഷയെ അപകട

ത്തിലാക്കുന്ന ഒരു ഘടകമല്ല എന്ന് ഇത് വെളിപ്പെടുത്തുന്നു, എന്നാൽ വ്യക്തിഗത സംഭാഷണ വൈവിധ്യത്തിനായി അത് മാറ്റാനോ പരിഷ്ക്കരിക്കാനോ കഴിയുമെന്ന് ഈ ഡാറ്റ വെളിവാക്കുന്നു, ഇവരിൽ ഭൂരിഭാഗവും ദ്വിഭാഷക്കാരാണ്, അവർക്ക് മലയാളം മനസ്സിലാകും, അവർക്ക് കുറച്ച് മലയാളം സംസാരിക്കാനും കഴിയും. വിദ്യാഭ്യാസം കാരണം ആ ആളുകൾക്ക് മലയാളം സിനിമകളും പാട്ടുകളും കാണാൻ താൽപര്യമുണ്ടായി തുടങ്ങിയിരിക്കുന്നു, മുൻകാലങ്ങളിൽ പള്ളികളിലെ കുർബാനകളും പള്ളികളിലെ മറ്റ് ആചാരങ്ങളും തമിഴ് ഭാഷയിലായിരുന്നു നടത്തിയിരുന്നത്, കാരണം അവരുടെ ഭാഷയ്ക്ക് തമിഴ് ഭാഷയുമായി കൂടുതൽ സാമ്യമുണ്ട് എന്നുള്ളതുകൊണ്ടും, മലയാളത്തേക്കാൾ കൂടുതൽ മനസ്സിലാക്കാൻ കഴിയുന്നത് അതായിരുന്നതു കൊണ്ടുമാണ്. ഏതാണ്ട് 20 കൊല്ലമേ ആയിട്ടുള്ളൂ അവരുടെ പള്ളിയുമായി ബന്ധപ്പെട്ട ആചാര കർമ്മങ്ങളിൽ മലയാളം കൂട്ടിച്ചേർത്തു തുടങ്ങിയിട്ട്.

തിരുവനന്തപുരത്തെ സമുദ്ര മത്സ്യത്തൊഴിലാളികളുടെ രൂപരേഖ -2010

ജില്ല	മത്സ്യബന്ധന വില്ലേജ്	മത്സ്യ തൊഴിലാളി കുടുംബങ്ങൾ	പരമ്പരാഗത മത്സ്യ തൊഴിലാളി കുടുംബങ്ങൾ	ബിപിഎൽ കുടുംബങ്ങൾ	മത്സ്യ തൊഴിലാളി ജനസാന്ദ്രത
തിരുവനന്തപുരം	42	33,340	32,859	19,377	146,326

ഉറവിടം: മറൈൻ ഫിഷറീസ് സെൻസസ് 2010

ഈ സമൂഹത്തിലെ സജീവ മത്സ്യത്തൊഴിലാളികൾ ഇവരുടെ മൊത്തം ജനസംഖ്യയുടെ മൂന്നിലൊന്ന് ആണെന്ന് മുകളിലുള്ള ഡാറ്റ കാണിക്കുന്നു, അതായത് സമൂഹത്തിലെ 90% അംഗങ്ങളും മത്സ്യബന്ധനത്തിൽ നിന്നുള്ള വരുമാനത്തെ ആശ്രയിച്ചിരിക്കുന്നു. പരമ്പരാഗത തൊഴിൽ അവരുടെ ദൈനംദിന ജീവിതത്തെയും ഭാഷാ ഉപയോഗത്തെയും വളരെയധികം സ്വാധീനിക്കുന്നുണ്ടെന്ന് ഇത് കാണിക്കുന്നു. കാരണം, ഈ ഭാഷ ഉപയോഗിക്കാതെ അവർക്ക് അവരുടെ പരമ്പരാഗത തൊഴിലിനെക്കുറിച്ചും സമുദ്ര പരിസ്ഥിതിയെക്കുറിച്ചും ഉള്ള ആശയം ശരിയായി ആശയവിനിമയം നടത്താൻ കഴിയുകയില്ല, അതുപോലെ കാലാവസ്ഥാ വ്യതിയാനം, അന്തരീക്ഷ വ്യതിയാനങ്ങൾ, കടലിലെ മാറ്റങ്ങൾ എന്നിവയെക്കുറിച്ച് ശരിയായി ആശയവിനിമയം നടത്താൻ അവർക്ക് കഴിയില്ല. കാരണം ഇവയുടെയെല്ലാം

പദപ്രയോഗങ്ങൾ അവരുടെ ഭാഷയിൽ മാത്രമാണ് അവർക്കറിയാമായിരുന്നത്. അത്തരം അറിവുകളിൽ ചിലത് ചുവടെ നൽകിയിരിക്കുന്നു

മുക്കുവ സമുദായത്തിന്റെ ഭാഷയ്ക്ക് സമ്പന്നമായ സമുദ്ര, തീരദേശ പാരിസ്ഥിതിക, ജൈവവൈവിധ്യ വിവരങ്ങൾ, സമുദ്ര ആവാസവ്യവസ്ഥിതി തുടങ്ങിയവയൊക്കെ വെളിപ്പെടുത്താനുള്ള കഴിവുണ്ട്. തിരമാലകൾ, കാറ്റ്, സമുദ്ര പ്രവാഹങ്ങൾ (വലിവ്/ഒഴുക്ക്), ജ്യോതിശാസ്ത്ര വസ്തുതകൾ (അതായത് നക്ഷത്രം കടൽത്തീരത്തെ മൺതിട്ടകൾ) ആവാസവ്യവസ്ഥകൾ (അതായത് പാര്), ദിശകൾ (മേലാ (വടക്ക്) കീളാ (തെക്ക്), കൂടാതെ മറ്റു പല കടലറിവുകളും വിവരിക്കാൻ ധാരാളം വാക്കുകൾ ഉപയോഗിക്കുന്നു. അതായത് അവർക്ക് അവരുടെ ഭാഷയിലല്ലാതെ ഇത്തരം കടലറിവുകൾ പകർന്നു നൽകാൻ കഴിയില്ല. മത്സ്യത്തൊഴിലാളികൾ വിവരിക്കുന്ന തരത്തിൽ തിരമാലകളുടെ പല രൂപങ്ങളേയും ഭാവങ്ങളേയും രീതികളേയും പറ്റി മറ്റാർക്കും വിവരിക്കുക അസാധ്യമാണ്. തിരമാലകളുടെ ഉത്ഭവം അഥവാ ഉറവിടം അനുസരിച്ച് അവയെ മേലാക്കടൽ (പടിഞ്ഞാറ് / വടക്ക് ഭാഗത്ത് നിന്ന് വരുന്നവ), കീളാക്കടൽ (പടിഞ്ഞാറ് / വടക്ക് ഭാഗത്ത് നിന്ന് വരുന്നവ), നേരുകടൽ (നേരെ മുന്നിൽ നിന്നും വരുന്നവ) എന്നിങ്ങനെ തരം തിരിച്ചിരിക്കുന്നു. ഒത്തമേട് (ഒറ്റ തിരമാലയായി വരുന്നത്), എരട്ടമേട്ട അല്ലെങ്കിൽ എറണമേട് (ഇരട്ട തിരകൾ ഒരുമിച്ച് വരുന്നതിനെയാണ്) മേലാക്കടൽ വേളയിൽ (അതായത് ഈ സമയത്ത് കടലിന്റെ ശക്തി പ്രവഹിക്കുന്നത് വടക്ക് ഭാഗത്തുനിന്നാണ്) കടൽവായ്നീട്ടം (അതായത് തീരക്കടലിൽ വളരെ ശാന്തമായ രീതിയിലുള്ള ചെറിയ തിരമാലകളും, കടൽ കുറച്ച് ഉള്ളിലേക്ക് വലിഞ്ഞ് നിൽക്കുന്നതുമായ അവസ്ഥ), എന്ന പ്രതിഭാസം ഉണ്ടാകാറുണ്ട്, തിരമാലകളുടെ മാറ്റങ്ങൾക്ക് കാരണം കാറ്റാണ് എന്നുതന്നെയാണ് മത്സ്യതൊഴിലാളികളുടേയും പൊതുധാരണ. കൂടാതെ ചിലപ്പോൾ ചന്ദ്രന്റെയും സൂര്യന്റെയും ഗുരുത്വാകർഷണബലം മൂലവും തിരമാലകൾക്ക് മാറ്റം ഉണ്ടാകാറുണ്ട്; അവയെ വേലിയേറ്റങ്ങളെന്ന് വിളിക്കുന്നു (ഉയർന്ന വേലിയേറ്റങ്ങളും താഴ്ന്ന വേലിയേറ്റങ്ങളും-വേലിയേറ്റവും, വേലിയിറക്കവും കാണാം) മൺസൂൺ തിരമാലകൾ പരുക്കനാണ്, അവ അത്യന്തം അപകടകരവുമാണ്. സമുദ്രജലത്തിന്റെ നിരന്തരമായ ഒഴുക്കുകളും, അടിയൊഴുക്കുകളും, തിരമാലകളും. മത്സ്യബന്ധനം, സമുദ്ര യാത്രകൾ തുടങ്ങിയവക്കുള്ള ഭീഷണിയും അപകടസാധ്യതകളും എത്രമാത്രമാണെന്ന് അറിയുന്നതിന് ഈ ഭാഷയിലെ അറിവ് വളരെ പ്രധാനവും പ്രയോജനകരവുമാണ്. മത്സ്യത്തൊ

ഴിലാളികൾ പ്രധാനമായും കാറ്റിനേയും കാറ്റിന്റെ അവസ്ഥയേയും അനുസരിച്ച് കാറ്റിനെ 8 ദിശകളായി തരംതിരിക്കുന്നു: 1) കോടക്കാത്ത് അല്ലെങ്കിൽ കാരക്കാത്ത് (സമുദ്രത്തിലേക്ക് / കിഴക്കൻ കാറ്റ് അല്ലെങ്കിൽ കിഴക്ക് നിന്ന് വരുന്ന കാറ്റ്), 2) കൊണ്ടൽ അല്ലെങ്കിൽ കടക്കാത്ത് (തീരത്തേക്ക് /കരയിലേക്ക് കടലിൽനിന്നും കാറ്റ് വീശുന്നു) 3) കാച്ചൻ കാത്ത് (വടക്ക് നിന്നും തെക്കോട്ട് വീശുന്ന കാറ്റ്) 4) വാടക്കാത്ത്, (തെക്ക് നിന്ന് വടക്ക് ദിശയിലേക്ക് വീശുന്ന കാറ്റ്,), 5) കച്ചാൻ കോടെ (വടക്കുകിഴക്ക് നിന്ന് തെക്ക് പടിഞ്ഞാറ് ഭാഗത്തേക്ക് വീശുന്ന കാറ്റ്,), 6) കച്ചാൻ കൊണ്ടൽ (വടക്കുപടിഞ്ഞാറ് നിന്ന് തെക്കുകിഴക്ക് ഭാഗത്തേക്ക് വീശുന്ന കാറ്റ്,) 7) വാടെ കോടെ (തെക്കുകിഴക്ക് നിന്ന് വടക്കുപടിഞ്ഞാറ് ഭാഗത്തേക്ക് വീശുന്ന കാറ്റ്,) കൂടാതെ 8) വാടെ കൊണ്ടൽ (തെക്കുപടിഞ്ഞാറ് തീരത്ത് നിന്ന് വടക്കുകിഴക്ക് ഭാഗത്തേക്ക് വീശുന്ന കാറ്റ്,). ഇത്തരത്തിൽ കാറ്റിനെക്കുറിച്ച് മാത്രമല്ല, കടലിന്റെയും ആകാശത്തിന്റെയും സീസണുകളുടെയും ഒക്കെ വ്യക്തമായ അറിവ് ഇക്കൂട്ടർക്ക് ഉണ്ട് അതും അവരുടെ ഭാഷയിൽ മാത്രം വ്യവഹാരം ചെയ്യാൻ കഴിയുകയുമുള്ളു എന്നതാണ് അവരുടെ പ്രത്യേകത. ഇത് അവരുടെ ദൈനംദിന ജീവിതത്തിൽ ഉപയോഗിക്കേണ്ടിയും വരുന്നുണ്ട് അതിലൂടെയാണ് അവർ തനതു ഭാഷ നിലനിർത്തിക്കൊണ്ട് പോരുന്നത്. ഇപ്പോഴും നക്ഷത്രങ്ങളെ മാത്രം നോക്കി കരയിലേക്കും കടലിലെ കൃത്യം സ്ഥാനത്തും എത്തിച്ചേരുന്ന പരമ്പരാഗത മത്സ്യതൊഴിലാളികൾ ധാരളമുള്ള തീരദേശമാണ് തിരുവനന്തപുരം.

തിരുവനന്തപുരം മത്സ്യത്തൊഴിലാളികളുടെ (മുക്കുവ) ഭാഷാ വ്യാകരണ വിശകലനം

ഈ വിശകലനത്തിൽ ഭാഷയുടെ രണ്ട് പ്രധാനഭാഗങ്ങളാണ് വിശകലനം ചെയ്യുന്നത്, ഒന്ന് പാദരൂപിമഘടന, മറ്റൊന്ന് ക്രിയാ രൂപിമഘടന. പാദരൂപിമഘടനയിൽ പുരുഷൻ, വചനം, ലിംഗം, വിഭക്തി തുടങ്ങിയവെയാണ് വിശകലനം ചെയ്യുന്നത്. ക്രിയാ രൂപിമഘടനയിൽ കാലവും, കാലത്തിന്റെ വിവിധ രൂപങ്ങളും പുരുഷ ഭേദവുമാണ് വിശകലനം ചെയ്യുന്നത്.

നാമരൂപിമഘടന

ഒരു വസ്തുവിന്റെയോ ഒരു വ്യക്തിയുടേയോ, ഒരു സ്ഥലത്തിന്റെയോ പേരായ പദത്തെ നാമം എന്നു പറയാം, എന്നാൽ ഇത്തരം പദങ്ങളോടൊപ്പം വിഭക്തിപ്രത്യയങ്ങൾ ചേർക്കാൻ കഴിയുന്നതും കാലപ്രത്യയം ചേർക്കാൻ കഴിയാത്തതുമായവയെ മാത്രമേ നാമം എന്ന് പറയാൻ കഴിയുകയുള്ളൂ. എല്ലാഭാഷകളിലും എല്ലാതരത്തിലുമുള്ള നാമങ്ങൾ കാണണമെന്ന് നിർബന്ധമില്ല. അതുപോലെതന്നെയാണ് തീരദേശഭാഷയിലും വ്യത്യസ്തമായ നാമപദങ്ങൾ കാണാനാവുന്നത്. അവയിൽ ചിലതിനെ ഇവിടെ വിശകലനം ചെയ്യുന്നു.

സർവനാമം

ഒരു സർവ്വനാമം എന്നത് നാമത്തെ യോഗ്യമാക്കുന്ന ഒരു പദമാണ്, അത് സ്വയം ഉപയോഗിക്കുന്ന ഒരു നാമപദമായി പ്രവർത്തിക്കാം,

നോമിനേറ്റീവ് സർവ്വനാമങ്ങൾ: ചില നാമനിർദ്ദേശ സർവ്വനാമങ്ങൾ ചുവടെ ചർച്ചചെയ്യുന്നു

ഉത്തമപുരുഷൻ

നാൻ, നാങ്ക, നാമെ

നാൻ വന്തേൻ	'ഞാൻ വന്നു
നാങ്കെ വന്തോം	'ഞങ്ങൾ വന്നു'(ഒഴികെ)
നാമ വന്തോം	'ഞങ്ങൾ വന്നു (ഉൾപ്പെടെ)
നാമ വന്തോം	'ഞങ്ങൾ വന്നു (ഉൾപ്പെടെ)

മദ്ധ്യമപുരുഷൻ

നീ, നീങ്ക

നീ വന്താൻ	'നീ വന്നു' (ആൺ)
നീങ്ക പോനീര്	‘നീ പോയി’ (ബഹു)

പ്രഥമപുരുഷൻ

അവൻ, അവ, അതു, അതുങ്ക, അവര്

അവൻ വന്താൻ	'അവൻ വന്നു'

അവ വന്താ	'അവൾ വന്നു'
അതു വന്തത്	'അതു വന്നു
അതുങ്ക വന്തതു	'അത് വന്നു; (ബഹു) (മനുഷ്യരല്ലാത്തത്)'
അവര് വന്താര്	'അവർ വന്നു (മനുഷ്യൻ)'

ചോദ്യ സർവ്വനാമങ്ങൾ

എന്നെയാ	'എന്ത്'
ഏതു	'ഏത്'
എങ്ക്	'എവിടെ'
എപ്പ	'എപ്പോൾ'
ആര്	'ആരാണ്'
ആരുക്കെ/ആരുക്കൊളെ	'ആരുടെ'
എപ്പടി/എന്നമ്പ	'എങ്ങനെ'
ഏത്തനെ	'എത്ര'

വചനം

ഏകവചനം, ബഹുവചനം, ദ്വിവാക്യം എന്നിങ്ങനെയുള്ള വൈരുദ്ധ്യങ്ങൾ പ്രദർശിപ്പിക്കുന്ന പദ ക്ലാസുകളുടെ വിശകലനത്തിനായി ഉപയോഗിക്കുന്ന ഒരു വ്യാകരണ വിഭാഗമാണ് സംഖ്യ. ഈ ഭാഷയിലും ഏകവചനവും ബഹുവചനവുമുണ്ട്. ഉത്തമപുരുഷൻ, മദ്ധ്യമപുരുഷൻ, പ്രഥമപുരുഷൻ, റിഫ്ലെക്സിവ് പ്രോനോമിനൽ ബേസ് എന്നിവയ്ക്ക് ശേഷം വചനപ്രത്യയങ്ങൾ കാണപ്പെടുന്നു.

ഏകവചനം:

ഏകവചനം സൂചിപ്പിക്കാൻ പ്രത്യേക പ്രത്യയങ്ങൾ ഒന്നുമില്ല, എന്നാൽ -അൻ, -അൾ പോലുള്ള മനുഷ്യ ലിംഗ പ്രത്യയങ്ങൾ തന്നെ ഏകവചന പ്രത്യയങ്ങളായും കണക്കാക്കപ്പെടുന്നു.

അവൻ	അവൻ (ഏകവചനം)
അവളുക്കൊള	അവളുടെ (ഏകവചനം)

ബഹുവചനം

ഈ ഭാഷയിൽ ബഹുവചനത്തെ സൂചിപ്പിക്കാൻ രണ്ട് പ്രത്യയങ്ങളാണ് കാണപ്പെടുന്നത്

/-മ, -ങ്ക/

നാമ	'നമ്മൾ'(മൊത്തം)
നാങ്കെ	'ഞങ്ങൾ' (അവർ ഇല്ലാതെ)
നീങ്കെ	നിങ്ങൾ'
അവുങ്ക	'അവർ'

അലിംഗ ബഹുവചനം

അലിംഗ ബഹുവചനമായി ഈ ഭാഷയിൽ കാണപ്പെടുന്നത് ഒരു പ്രത്യയമാണ്, എന്നാൽ അതിന്റെ നാല് വ്യത്യസ്തരൂപങ്ങൾ വ്യത്യസ്ത പ്രദേശങ്ങളിൽ ഉപയോഗിക്കുന്നു. അതായത് /-ക, -കോ, -വ, -വോ/ എന്നിവയാണ്. . .

അതുക/ അതുവ	'അവ'
അതുവോ/ അതുകോ	'അവ'
ചെടിക/ ചെടികോ	'ചെടികൾ'
ചെടിവ/ ചെടിവോ	ചെടികൾ

ലിംഗം

നാമങ്ങളുടേയും സർവനാമങ്ങളുടേയും കൂട്ടങ്ങളെ സൂചിപ്പിക്കാനുള്ള വ്യകരണ വിഭാഗത്തെയാണ് ലിംഗം എന്ന് പറയുന്നത്. ഈ ഭാഷയിൽ മൂന്ന് ലിംഗങ്ങളാണുള്ളത്, പുല്ലിംഗം, സ്ത്രീലിംഗം, നപുംസകലിംഗം. ലിംഗത്തിന്റെ അടിസ്ഥാനത്തിലാണ് നാമങ്ങളെ തരംതിരിച്ചിരിക്കുന്നത്, നാമത്തിന് പകരമായി സർവനാമങ്ങൾ ഉപയോഗിക്കുമ്പോഴും അവയുടെ ലിംഗത്തിന്റെ അടിസ്ഥാനത്തിലായിരിക്കും.

പുല്ലിംഗം

/□, -ആൻ, -അൻ,/

ആസാരി	+ □	'ആശാരി"
പൂസാരി	+ □	'പൂജാരി'

നാവ്യൻ (അൻ) 'മുടിവെട്ടുകാരൻ'

തട്ടാൻ (ആൻ) 'തട്ടാൻ'

ചില പണ്ഡിതർ /-കാരൻ/ ഒരു പുല്ലിംഗ പ്രത്യയമായി സ്വീകരിക്കുന്നുണ്ട്, എന്നാൽ ഈ പഠനം അതിനെ ഒറ്റ പ്രത്യയമായി കാണുന്നില്ല, കാരണം /കാർ/ എന്നത് ഒരു ബഹുവചന പ്രത്യയമാണെന്നും അതിനോടൊപ്പം മാത്രമേ /-അൻ/ എന്ന പ്രത്യയം പിന്നെ ചേർക്കാൻ സാധിക്കുകയുള്ളൂ എന്നുമാണ് ഈ പഠനം വെളിവാക്കുന്നത്.

കൂട്ടുകാറൻ 'കൂട്ടുകാരൻ'

പാലുകാറൻ 'പാലുകാരൻ'

സ്ത്രീലിംഗം

ഈ ഭാഷയിൽ അഞ്ച് സ്ത്രീലിംഗ പ്രത്യയങ്ങൾ കാണപ്പെടുന്നുണ്ട്, അവ

/-ആത്തി, -അത്തി, -അച്ചി, -ി, -ആട്ടി /

തട്ടാത്തി 'തട്ടാത്തി'

കൊല്ലത്തി 'കൊല്ലത്തി'

മേത്തച്ചി 'മുസ്ലിം സ്ത്രീ

വേലക്കാറി 'വേലക്കാരി'

പെണ്ടാട്ടി 'ഭാര്യ'

തമ്പുരാട്ടി 'തമ്പുരാട്ടി'

വിഭക്തി

വാക്യത്തിൽ നാമത്തിന് ക്രിയയോടുള്ള ബന്ധത്തെയാണ് വിഭക്തി സൂചിപ്പിക്കുന്നതെന്ന് പാണിനി വ്യക്തമാക്കിയിട്ടുണ്ട്. അർത്ഥത്തെ ആസ്പദമാക്കി മേൽപ്പറഞ്ഞ ബന്ധങ്ങളെ ആറ് കാരകങ്ങളായി അദ്ദേഹം വിഭജിച്ചിരിക്കുന്നു. ഈ കാരകബന്ധങ്ങളെ കാണിക്കുവാൻ വാക്യത്തിൽ നാമങ്ങളോട് ചേർത്ത് പ്രയോഗിക്കുന്ന രൂപങ്ങളെയാണ് പാണിനി വിഭക്തി എന്ന് പറയുന്നത്. ഈ ഭാഷയിൽ 8 വിഭക്തി രൂപങ്ങൾ കാണാൻ കഴിയും ഓരോന്നിനും വ്യത്യസ്തമായ പ്രയോഗവും ഉണ്ട്. ആദ്യത്തെ വിഭക്തി നിർദ്ദേശികയാണ് എന്നാൽ ഈ വിഭക്തി യാതൊരു പ്രത്യയങ്ങളുടേയും സാന്നിധ്യം ഇല്ലാതെയാണ് പ്രയോഗിക്കപ്പെടുന്നത്. കർത്താവിനോടൊപ്പം ഒരു പ്രത്യയവും ചേരാതെതന്നെ അത് സ്വയമായി വാക്യത്തിൽ പ്രതിഗ്രഹിക്കുന്നു, ഇതിനെയാണ് നിർദ്ദേശിക എന്ന് പറയുന്നത്.

പ്രതിഗ്രാഹിക

കർമ്മത്തെക്കുറിക്കാൻ പ്രയോഗിക്കുന്ന വിഭക്തിയെ പ്രതിഗ്രാഹിക എന്നു പറയുന്നു, അതിന്റെ പ്രത്യയം കർമ്മത്തോടൊപ്പം -എ ചേർക്കുന്നു. .

/-എ/

അവനെ	'അവനെ'
അവളെ	'അവളെ'

സംയോജിക

സംയോജിക വിഭക്തിയെന്നാൽ ഒപ്പം, അഥവാ സാക്ഷിയാവുക എന്ന അർത്ഥത്തിൽ പ്രയോഗിക്കുന്നവയാണ്, പ്രത്യയം -ഓടെ.

/-ഓടെ/

അവനോടെ	'അവനോട്'
അവളോടെ	'അവളോട്'

ഉദ്ദേശിക

കർമ്മവും ക്രിയയും തമ്മിലുള്ള ബന്ധം കൃത്യമായി പ്രായോഗികമാകുന്നതിന് പ്രയോഗിക്കുന്ന വിഭക്തിയാണ് ഉദ്ദേശിക, പ്രത്യയം -ക്ക്.

/-ക്ക്/

അവളുക്ക്	'അവൾക്ക്'
അവനുക്ക്	'അവന്

പ്രയോജിക

എന്തിന്റെയെങ്കിലും ഉത്ഭവം ഇതിൽനിന്നാകാം എന്നതിനെ പ്രകരണം ചെയ്യാൻ ഉപയോഗിക്കുന്ന വിഭക്തിയാണ് പ്രയോജിക, പ്രത്യയം /-ആലെ/

അവളാലെ	'അവളാൽ'
അവനാലെ	'അവനാൽ'
അതിനാലെ	'അതിനാൽ'

സംബന്ധിക

ഒരു നാമം മറ്റൊരു നാമത്തെ പരിഷ്കരിക്കുന്നതിന് പ്രയോഗിക്കുന്ന വിഭക്തിയാണ് പ്രയോജിക വിഭക്തി, പ്രത്യയം /-ക്കൊളെ/.

/-ക്കൊളെ/

അവനുക്കൊളെ 'അവന്റെ'
അവളുക്കൊളെ 'അവളുടെ'

ആധാരിക

ഏതെങ്കിലും ഒരു ഇടത്തെ വാക്യത്തിൽ പ്രതിനിധീകരിക്കാൻ പ്രയോഗിക്കുന്ന വിഭക്തിയാണ് ആധാരിക വിഭക്തി, പ്രത്യയം. /-ഈ/-ഇല്/

വീട്ടീ 'വീട്ടിൽ
വീട്ടില് 'വീട്ടിൽ'

സംബോധിക

വ്യക്തികളെ സംബോധന ചെയ്യുന്നതിന് ഉപയോഗിക്കുന്ന പ്രക്രിയയാണ് സംബോധിക വിഭക്തി, ഈ ഭാഷയിൽ കൂടുതലായും പദാന്ത്യത്തിലെ അ, ഇ എന്നിവയെ നീട്ടി ഉപയോഗിക്കുന്നു.

അമ്മാ 'അമ്മേ
കള്ളീ 'കള്ളീ'

ക്രിയാരൂപിമഘടന

ഒരു വസ്തു എങ്ങനെ ആയിരിക്കുന്നു എന്ന അവസ്ഥയെ സൂചിപ്പിക്കുക എന്നതാണ് ക്രിയകൊണ്ട് ഉദ്ദേശിക്കുന്നത്. ഒരു പദത്തിന് കാലപ്രത്യയങ്ങളെ സ്വീകരിച്ച് വാക്യഘടനയിൽ അതിന്റെ ചുമതല കൃത്യമായി നിർവഹിക്കാൻ കഴിയുമെങ്കിൽ അത്തരം പദങ്ങളെ ക്രിയാപദങ്ങൾ എന്നു പറയാം. ഇത്തരത്തിലുള്ള ക്രിയാരൂപിമഘടന ഈ ഭാഷയിലും കാണാനാവും. .

കാലം

ഈ ഭാഷയിൽ ഇപ്പോൾ വർത്തമാനം ഭൂതം, ഭാവി കാലങ്ങൾ കാണുന്നുണ്ടെങ്കിലും അതിലെ പ്രത്യയങ്ങളുടെ സ്വഭാവമനുസരിച്ച് പരിശോധിക്കുമ്പോൾ, ഈ ഭാഷ മുൻകാലങ്ങളിൽ ഭൂതകാലവും, ഭൂതകാലമല്ലാത്തവ എന്ന രണ്ട് വിഭാഗങ്ങളുള്ള ഘടനയിൽ നിന്നാകാം ഇപ്പോഴുള്ള ഈ ഘടനയിലേക്ക് എത്തിപ്പെട്ടിരിക്കുന്നത്. കാരണം ഇപ്പോൾ ഈ ഭാഷയിൽ വർത്തമാനകാല പ്രത്യയം ഭൂതകാലപ്രത്യയങ്ങളിൽ കാ

ണാനാവുന്നുണ്ട്. ഇത് കൃത്യമായി തടർപഠനം അനിവാര്യമായി വരുന്നു എന്നതാണ് ചൂണ്ടിക്കാണിക്കുന്നത്.

വർത്തമാനകാലം

/-ണ-)

പോണാൻ	'പോകുന്നു'(അവൻ)
ഇരുക്ക് ണാൻ	'ഇരിക്കുന്നു'(അവൻ)
ഓട് ണാൻ	'ഓടുന്നു'(അവൻ)
വയി ണാൻ	വരുന്നു (അവൻ)

ഭൂതകാലം

/-ച്ച്-, -ത്-, -ത്ത്-, -ട്ട്-, -ന്ത്-, -ണ്-, -ട്-, -ഞ്ച്-, -ന്ന്-/

അവെൻ കളിച്ചാൻ	'അവൻ കളിച്ചു'
അവെൻ കട്ടാൻ	'അവൻ കട്ടു'
അവെൻ ഇരുന്താൻ	'അവൻ ഇരുന്നു'
അവെൻ നിണ്ണാൻ	'അവൻ നിന്നു'
നാൻ കണ്ടേൻ	' ഞാൻ കണ്ടു'
നാൻ പാത്തേൻ	'ഞാൻ കണ്ടു'
അവ ചുട്ടാ	'അവൾ ചുട്ടു'
അവ ചെഞ്ചാ	'അവൾ ചെയ്തു'
അവെൻ കൊടുത്താൻ	'അവൻ കൊടുത്തു'
അവ പൊക്കിനാ	'അവൾ പൊക്കി'
അവ വേണ്ട് ണാ	'അവൾ വാങ്ങി'
അവ കരയ് ണാ	'അവൾ കരഞ്ഞു'
അത് വെന്തത്	'അത് വെന്തത്'
അവെൻ പോണാൻ	'അവൻ പോയി'
അവെൻ കൊന്നാൻ	'അവൻ കൊന്നു'
അവ തിന്നാ	'അവൾ തിന്നു'

ഭാവികാലം

/-ഉവ-/

അവൻ കളിച്ചുവാൻ	'അവൻ കളിക്കും'
അവ ഓടുവാ	'അവൾ ഓടും'
അവെൻ പാടുവാൻ	'അവൻ പാടും'

പുരുഷഭേദം.

ഈ ഭാഷയിൽ വാക്യഘടന രൂപപ്പെട്ടിരിക്കുന്നത് പുരുഷനെ അടിസ്ഥാനമാക്കി ക്രിയാന്ത്യത്തിന് രൂപമാറ്റം ഉണ്ടാകുന്നു, അത്തരത്തിലുള്ള ഒരു ബന്ധം ക്രിയയും പുരുഷനും തമ്മിലുണ്ടാകുന്നു, ഇത്തരത്തിലുള്ള കൃത്യമായ ആഖ്യയും ക്രിയയും തമ്മിൽ ഒരു എഗ്രിമന്റ് രൂപപ്പട്ടിട്ടുണ്ട്

നാൻ പോണേൻ (ഏൻ)	'ഞാൻ പോയി'
നാങ്ക പോണോം (ഓം)	'ഞങ്ങൾ പോയി'
നാമ പോണോം (ഓം)	'നമ്മൾ പോയി'
നീ പോണാൻ (ആൻ)	'നീ പോയി' (പുരുഷൻ)
നീ പോണാ (ആ)	'നീ പോയി') (സ്ത്രീ)
അവെൻ വന്താൻ(ആൻ)	'അവൻ വന്നു
അവ വന്താ (ആ)	'അവൾ വന്നു'
അത് വന്തതു (അതു)	'അതു വന്നു'
അവുങ്ക വന്താര് (ആര്)	'അവർ വന്നു'

ഉപസംഹാരം

ഈ ഹ്രസ്വ വിശകലനം, ഈ ഭാഷയുടെ അപാരമായ അറിവും പ്രത്യേകത കളും നൽകുന്നു. ഈ ഭാഷയ്ക്ക് മലയാളവുമായോ തമിഴുമായോ സാമ്യമില്ലെന്ന് ഇത് കാണിക്കുന്നു. ഇതിന് വ്യക്തി, നമ്പർ, ലിംഗം, നാമരൂപശാസ്ത്ര ഭാഗത്ത് പ്രത്യേക വിഭക്തിരൂപഘടന എന്നിവയുണ്ട്. അതുപോലെ, ക്രിയാരൂപിമ ഭാഗത്ത്, അത് വ്യക്തമായി കാണിക്കുന്നു; അതിന്റെ വർത്തമാന, ഭൂത, ഭാവി കാലഘട്ട അടയാ ളങ്ങളും അതിന്റെ സംവിധാനവും മറ്റ് ഭാഷകളായ തമിഴ്, മലയാളം എന്നിവയിൽ നിന്ന് തികച്ചും വ്യത്യസ്തമാണ്. ഈ ഭാഷയുടെ പ്രത്യേകത ഇതാണ്; വ്യാകരണ ഭാ

ഗങ്ങളിൽ അതിന് വ്യാകരണ സംവിധാനമുണ്ടെന്ന് കാണിക്കുന്നു. ഇപ്പോഴത്തെ ഭാവികാലപ്രത്യയത്തിന്റെ കാര്യത്തിൽ /-ണ/ ആണ്, ഒരേയൊരു പ്രത്യയം മാത്രമേ ഉപയോഗിക്കുന്നുള്ളൂ, എന്നാൽ അതേ പ്രത്യയം ഭൂതകാലത്തിനും ഉപയോഗിക്കുന്നു. ചില അവസരങ്ങളിൽ, അതിന്റെ വർത്തമാനകാല പ്രത്യയം /-ണ/ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്, എന്നാൽ അതിന്റെ പ്രവർത്തന പശ്ചാത്തലത്തിലൂടെ മാത്രമേ അത് വ്യക്തമാക്കാനാകൂ. വ്യക്തിപരമായ അവസാനിപ്പിക്കലിന്റെ കാര്യത്തിൽ, ചില പ്രത്യേക സവിശേഷതകൾ കണ്ടെത്തി. ഈ ഭാഷയ്ക്ക് ആഴത്തിലുള്ള പഠനം ആവശ്യമാണെന്ന് ഈ വിശകലനം കാണിക്കുന്നു. വിദ്യാസമ്പന്നരും എണ്ണത്തിൽ കുറവല്ല, ഭൂരിഭാഗം ആളുകളും സാക്ഷരരാണ്, എന്നിട്ടും അവർ അവരുടെ ഭാഷ നിലനിർത്തുന്നു. ഭാഷ നിലനിർത്തുന്നതിന്റെ പങ്കിനെ ബാധിക്കുന്ന ചില തരത്തിലുള്ള പരിപാലന ഘടകങ്ങൾ ഉണ്ട്. ചില പരിപാലന ഘടകങ്ങൾ ചുവടെ നൽകിയിരിക്കുന്നു.

ജനസാന്ദ്രത വളരെ കൂടുതലാണ്

1. ചേരി പ്രദേശം പോലെ ജനങ്ങൾ കൂട്ടം കൂട്ടമായി തിങ്ങിപ്പാർക്കുന്നു.
2. ഇപ്പോഴും അവരുടെ പരമ്പരാഗത തൊഴിൽ നിലനിർത്തുകയും, അവരിൽ ഭൂരിഭാഗവും അതിനെ ആശ്രയിച്ചു ജീവിക്കുകയും ചെയ്യുന്നു.
3. തൊഴിലിനായി മറ്റിടങ്ങളിലേക്ക് പോകുന്നവരുടെ എണ്ണം വളരെ കുറവാണ്.
4. പരമ്പരാഗത തൊഴിലിനോടുള്ള മനോഭാവവും അതിനോടുള്ള പ്രതിപത്തിയും വളരെ വലുതാണ്.
5. വിശ്രമവേളകളിൽ ഒത്തുചേരാനുള്ള അവസരം കൂടുതലാണ്.
6. ഈ തീരപ്രദേശത്തുനിന്നുമുള്ള നിർബന്ധിതമായതോ അല്ലാത്തതോ ആയ കുടിയിറക്കം തീരെ കുറവാണ്.

സഹായക ഗ്രന്ഥങ്ങൾ

1. CMFRI, 2005, Marine Fisheries Census 2005. CMFRI, 2010, Marine Fisheries Census 2010 Department of Fisheries, 2013, Marine Statistics 2013, Govt. of Kerala.
2. L Darwin, 2021 December, Socio-cultural and Linguistic Diversity among the fishermen communities at Trivandrum – A Study, Diversity in Indian, Culture, Language and Literature ISBN 9788093542263, Aram Book House, Erode.
3. L Darwin, 2023, Maintenance Techniques of a Language: A study based on

Mukkuva (Fisher folk) communities at Trivandrum, Kerala, Linguistics and its Application: Needs and Challenges, ISBN 9789395341554, Department of Linguistics, Madurai Kamaraj University.

4. L. Darwin, 2020, Extinct and Endangerment of culture and Language – A Study based on fishermen community at Trivandrum, Journal of Heritage, ISSN 2347-5463, Department of Archeology, University of Kerala.
5. Lyle Campbell and Anna Belew, (Ed.), 2018, Cataloguing the World's endangered languages, Routledge 711 Third Avenue, New York, NY 10017.
6. Rao, C.V. S. (1987) Nylon Made Shore Seine to Catch More fish. Marine Fisheries issue: Communicating change: Representing self and community in a technological world.
7. Sreenathan. M, 2006, Keralathile Bhashakal, ICKS, University of Kerala
8. Swathi, R. 2018, Vulnerability of coastal Areas and livelihood Challenges of fisher communities: A case study in Kerala, International Journal of Pure and Applied Mathematics, Vol. 118, No,18, ISSN 1311-8080 (print) ISSN 1314-3395 (online).
9. UNESCO Case Study Report, 2016, Mukkuva Community in South India: socio-religious history and bio-cultural diversity
10. www.latinarchdiocese.org
11. എൽ. ഡാർവിൻ, 2021, ആധാരികാ വിഭക്തി-ഒരു ഭാഷാശാസ്ത്ര സമീപനം,
12. വിജ്ഞാന കൈരളി, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് തിരുവനന്തപുരം.

തുടി റിസർച്ച് ജേണൽ • ISSN-2320-8880

പരിസ്ഥിതിഭാഷാശാസ്ത്രം; തദ്ദേശീയ ജ്ഞാന സംരക്ഷണത്തിനുള്ള അന്തർവൈജ്ഞാനിക രീതിശാസ്ത്രമെന്ന നിലയിൽ

ഡോ. ലിജിഷ എ. ടി
നവകേരള പോസ്റ്റ് ഡോക്ടറൽ ഗവേഷക
കേരള സർവകലാശാല

പ്രബന്ധസംഗ്രഹം:

പരിസ്ഥിതിഭാഷാശാസ്ത്രം എന്ന അന്തർവൈജ്ഞാനിക ശാഖയുടെ സൈദ്ധാന്തിക വശങ്ങളും വികാസപരിണാമങ്ങളും വിശദീകരിച്ചു കൊണ്ട് നിലവിലെ സാമൂഹ്യസാഹചര്യത്തിൽ ഈ പഠനശാഖയുടെ പ്രസക്തി നിർണയിക്കാനാണ് ഈ പ്രബന്ധത്തിലൂടെ ശ്രമിച്ചിരിക്കുന്നത്. മുതലാളിത്തത്തിന്റെ ചൂഷണാത്മക മനോഭാവത്തിനോടുള്ള ഭാഷാശാസ്ത്രപരമായ വിമർശനാത്മക സമീപനമെന്ന രീതിയിലാണ് പരിസ്ഥിതിഭാഷാശാസ്ത്രം രൂപപ്പെടുന്നത്. തദ്ദേശീയ സമൂഹങ്ങളുടെ ഭാഷാസംരക്ഷണവും ജൈവവൈവിധ്യസംരക്ഷണവും പരസ്പരപൂരകമാണെന്ന ചിന്തയും ഇതിനോടൊപ്പം വളർന്നു. തദ്ദേശീയ സമൂഹങ്ങളുടെ ജ്ഞാനാർജനത്തെക്കുറിച്ച് പഠിക്കുന്നതിനായി ഉപയോഗപ്പെടുത്താവുന്ന ഒരു അന്തർവൈജ്ഞാനിക ഭാഷാശാസ്ത്ര ശാഖയാണ് പരിസ്ഥിതിഭാഷാശാസ്ത്രം. ഒരു സമൂഹത്തിന്റെ പാരിസ്ഥിതികമായ അറിവുകൾ, വർഗീകരണ യുക്തികൾ, അറിവു നിർമാണത്തിന്റെ

രീതിശാസ്ത്രം എന്നിവയെല്ലാം പഠിക്കുന്നതിന് പരിസ്ഥിതിഭാഷാശാസ്ത്രത്തിന്റെ രീതിശാസ്ത്രത്തിലൂടെ സാധിക്കുന്നു.

താക്കോൽ വാക്കുകൾ:

ആധുനിക പരിസ്ഥിതിവാദം, പരിസ്ഥിതിഭാഷാശാസ്ത്രം, പാരിസ്ഥിതിക മാർക്സിസം, ഭാഷാപരിസ്ഥിതി, ഭാഷാ-പരിസ്ഥിതി സംരക്ഷണം, പാരിസ്ഥിതിക വിമർശനം, വിമർശനാത്മക പരിസ്ഥിതിഭാഷാശാസ്ത്രം, തദ്ദേശീയ ജ്ഞാന സംരക്ഷണം.

ആമുഖം

പരിസ്ഥിതിയെ സംബന്ധിച്ച് ആഗോളതലത്തിൽ ഉയർന്നു വന്ന തത്വചിന്തകളുടെയും ശാസ്ത്രാവബോധത്തിന്റെയും പശ്ചാത്തലത്തിൽ ഭാഷയെ വിശകലനം ചെയ്യുകയും പരിസ്ഥിതിസൌഹൃദപരമായ ഭാഷാസാധ്യതകളെക്കുറിച്ച് ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന അന്തർവൈജ്ഞാനിക ശാഖയാണ് പരിസ്ഥിതിഭാഷാശാസ്ത്രം. ഭാഷാശാസ്ത്രം, പരിസ്ഥിതിശാസ്ത്രം, സാമൂഹ്യശാസ്ത്രം, നരവംശശാസ്ത്രം, എന്നീ വൈജ്ഞാനിക മേഖലകളുമായുള്ള സമ്പർക്കത്തിലൂടെയും സംലയനത്തിലൂടെയുമാണ് പരിസ്ഥിതിഭാഷാശാസ്ത്രം വികാസം പ്രാപിക്കുന്നത്. ഈ വൈജ്ഞാനികധാരയുടെ തുടക്കം പരിസ്ഥിതിവിജ്ഞാനം (ecology) എന്ന ഏണസ്റ്റ് ഹെക്കലിന്റെ ആശയത്തിൽ നിന്നാണ്. പരിസ്ഥിതിയും ജീവജാലങ്ങളും തമ്മിലുള്ള ജൈവികവും അജൈവികവുമായ പരസ്പരബന്ധത്തെക്കുറിച്ചുള്ള പഠനമാണ് പരിസ്ഥിതിവിജ്ഞാനം (Ernst Haeckel, 1866- 286). പരിസ്ഥിതി വിജ്ഞാനത്തെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ ആശയം ആധുനിക പരിസ്ഥിതിശാസ്ത്രത്തിന്റെ (ecological science) അടിത്തറയായി മാറുന്നതിനോടൊപ്പം സാമൂഹ്യശാസ്ത്രവിഷയങ്ങളിലേക്കും പടർന്നു പന്തലിച്ചു. പരിസ്ഥിതി എന്ന ആശയം ശാസ്ത്രത്തിന് പുറമെ സാമൂഹ്യശാസ്ത്രത്തിലേക്കും പരിസ്ഥിതിഭാഷാശാസ്ത്രത്തിലേയ്ക്കും എത്തിച്ചേർന്ന ആഗോളസാഹചര്യത്തെ വിശദമാക്കാനും തദ്ദേശീയ ജ്ഞാനസംരക്ഷണത്തിനുള്ള അന്തർവൈജ്ഞാനിക രീതിശാസ്ത്രമെന്ന നിലയിൽ പരിസ്ഥിതിഭാഷാശാസ്ത്രത്തിന്റെ സാമൂഹ്യപ്രസക്തിയെ വിശദീകരിക്കാനുമാണ് ഈ പ്രബന്ധത്തിൽ ശ്രമിക്കുന്നത്.

ആധുനിക പരിസ്ഥിതിവാദവും പരിസ്ഥിതിചിന്തയും

ആധുനിക പരിസ്ഥിതിവാദവും പാരിസ്ഥിതികപ്രതിരോധങ്ങളും ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശകം മുതൽ വളർന്നു വന്നത് അമേരിക്കയിലാണെന്നാണ് പരിസ്ഥിതിചിന്തകനായ ജി. മധുസൂദനൻ അഭിപ്രായപ്പെടുന്നത് (മധുസൂദനൻ ജി, 2000). എമേഴ്സൺ, ഹെന്റി ഡേവിഡ് തൊറോ, ജോണ്മുയ്മർ തുടങ്ങിയ അമേരിക്കൻ ചിന്തകരുടെ അതീന്ദ്രിയതാവാദം (Transcendentalsim), പൗരാണികദർശനങ്ങളുടെ സദാചാരബോധം, കാല്പനികതയുടെ ഗൃഹാതുരത, അൽദോ ലിയപോൾദിന്റെ പ്രകൃതി സംരക്ഷണ (Nature Conservation) - പാരിസ്ഥിതിക നൈതിക (Environmental or Ecosystem Ethics) ചിന്തകൾ എന്നിങ്ങനെ നിരവധി സ്വാധീനങ്ങളിൽ നിന്ന് ഉരുത്തിരിഞ്ഞതാണ് അമേരിക്കൻ പരിസ്ഥിതി ചിന്തയിലെ മുഖ്യധാരയെന്നാണ് അദ്ദേഹത്തിന്റെ നിരീക്ഷണം. ലൂയിസ് മംഫോഡിനേയും (1895–1990) ബാരികോമണറേയും (1917-2012) പോലുള്ള ഇടതുപക്ഷ പാരിസ്ഥിതിക ചിന്തകരുടെ ബദൽ പാരമ്പര്യം അമേരിക്കയിൽ ശക്തമായിരുന്നെങ്കിലും അവയൊക്കെ അവഗണിക്കപ്പെടുകയാണുണ്ടായത്. നഗര വികസനത്തിൽ പാരിസ്ഥിതിക ആസൂത്രണത്തിന്റെ പ്രാധാന്യം മംഫോർഡ് ഊന്നിപ്പറഞ്ഞിരുന്നു. പാരിസ്ഥിതിക സന്തുലിതാവസ്ഥ, സാമൂഹിക ക്ഷേമം, സാമൂഹിക നീതി എന്നിവ ഉറപ്പു വരുത്തിക്കൊണ്ടായിരിക്കണം നഗരങ്ങൾ രൂപകൽപന ചെയ്യേണ്ടതെന്നായിരുന്നു അദ്ദേഹത്തിന്റെ അഭിപ്രായം.

അമേരിക്കൻ ജീവശാസ്ത്രജ്ഞനും കോളേജ് പ്രൊഫസറും ആധുനിക പരിസ്ഥിതി പ്രസ്ഥാനത്തിന്റെ സ്ഥാപകരിൽ ഒരാളുമായിരുന്നു ബാരി കോമണർ. വ്യവസായവൽക്കരണത്തിന്റെയും മലിനീകരണത്തിന്റെയും പ്രശ്നങ്ങളെക്കുറിച്ചാണ് അദ്ദേഹം ചൂണ്ടിക്കാണിച്ചിരുന്നത്. സുസ്ഥിരമായ വികസനത്തെക്കുറിച്ചുള്ള കാഴ്ചപ്പാടുകളും പങ്കുവെച്ചിരുന്നു. എന്നാൽ ഇത്തരം ചിന്തകൾക്ക് അക്കാലത്ത് വലിയ പ്രസക്തി ലഭിച്ചില്ല.

പാരിസ്ഥിതിക മാർക്സിസം

കാൾ മാർക്സിന്റെ പാരിസ്ഥിതിക വീക്ഷണത്തെ വിസ്മരിച്ചുകൊണ്ട് ആധുനികപരിസ്ഥിതിവാദത്തെക്കുറിച്ച് പരാമർശിക്കാനാവില്ല. രണ്ടാം കാർഷിക വിപ്ലവത്തിന്റെ പശ്ചാത്തലത്തിൽ പത്തൊമ്പതാം നൂറ്റാണ്ടിന്റെ മധ്യത്തിൽ, മണ്ണിന്റെ ഉർവരതാചൂഷണവുമായി ബന്ധപ്പെട്ട സജീവമായ ചർച്ചകളെ പുനർനിർ

മിക്കുന്നതോടെയാണ് മാർക്സിയൻ പാരിസ്ഥിതികവാദം ശക്തമാകുന്നത്. സാമൂഹ്യ ശാസ്ത്രജ്ഞനായ ജോൺ ബെല്ലാമി ഫോസ്റ്റർ പാരിസ്ഥിതിക മാർക്സിസത്തെക്കുറിച്ച് വിശദീകരിക്കുന്നുണ്ട് (2000). 1830- 1870 കാലങ്ങളിൽ യൂറോപ്പിലെയും വടക്കേ അമേരിക്കയിലെയും മുതലാളിത്തത്തെ പ്രതിസന്ധിയിലാക്കിയ ജനപ്പെരുപ്പം, നഗരമലിനീകരണം, വനനാശം എന്നിവയോടൊപ്പം ഏറ്റവും കൂടുതൽ അലോസരപ്പെടുത്തിയ മറ്റൊരു പ്രശ്നമായിരുന്നു മണ്ണിലെ പോഷകമൂലകങ്ങളുടെ നഷ്ടം കാരണം അതിന്റെ സ്വാഭാവികമായ ഉർവരതയിൽ വന്നു കൊണ്ടിരുന്ന ക്ഷയം. അതുകൊണ്ടുതന്നെ മുതലാളിത്ത കൃഷി നിലനിൽത്താനും മണ്ണിന്റെ ഉർവരത വർദ്ധിപ്പിക്കാനുമുള്ള ഗവേഷണങ്ങൾക്ക് അക്കാലത്ത് വലിയ പ്രസിദ്ധി ലഭിച്ചു. ഇതിനെത്തുടർന്ന് കൂടുതൽ ജൈവവളങ്ങളുടെ സാധ്യത തേടി മുതലാളിത്തശക്തികൾ പുതിയ പ്രദേശങ്ങളിലേക്ക യാത്ര തുടങ്ങി. കടൽപ്പക്ഷികളുടെ കാഷ്ഠം കുന്നു കൂടിയുണ്ടാകുന്ന ഗുവാനാ എന്ന ജൈവവളം തേടി പെറുവിലേക്കും ശാന്തസമുദ്രത്തിലെ ദ്വീപുകളിലേക്കും കടന്നു ചെന്നവർ സാമ്രാജ്യത്വപരമായി തദ്ദേശീയസമൂഹങ്ങളെ കീഴടക്കുകയും തങ്ങൾക്കനുഗുണമാകുംവിധം പുതിയ നിയമങ്ങളുണ്ടാക്കുയും ചെയ്തു. സ്വർണവും വെള്ളിയും തേടിയുള്ള യൂറോപ്യൻ അധിനിവേശത്തിന്റെ തുടർച്ച തന്നെയായിരുന്നു ഇത്. എന്നിട്ടും വൻതോതിലുള്ള കാർഷികോൽപാദനങ്ങൾക്ക് ഇവ മതിയാകാതെ വന്നു. Justus von Liebig, Jean-Baptiste Boussingault, John Bennet Lawes, Joseph Henry Gilbert തുടങ്ങിയ ശാസ്ത്രജ്ഞരുടെ നേതൃത്വത്തിൽ കൃത്രിമരാസവളങ്ങളുടെ സാധ്യതയെക്കുറിച്ചുള്ള സംവാദങ്ങൾക്ക് തുടക്കമിടുന്നത് ഇക്കാലത്താണ്. ജൈവവളങ്ങളുടെ അപര്യാപ്തത പരിഹരിക്കുന്നതിനായി 1842 മുതൽ ലണ്ടനിലും ജർമനിയിലുമെല്ലാം കൃത്രിമരാസവളങ്ങൾ ധാരാളമായി ഉപയോഗിച്ചു തുടങ്ങി.

താൽകാലിക ലാഭത്തിനും പ്രശ്നപരിഹാരത്തിനുമായി സ്വീകരിച്ച ഈ മുതലാളിത്ത കൃഷിരീതിയുടെ അപകടസാധ്യതകളെ ചൂണ്ടിക്കാണിച്ചുകൊണ്ടാണ് കാൾ മാർക്സ് മുതലാളിത്തത്തിനെതിരായ തന്റെ പാരിസ്ഥിതികവാദം അവതരിപ്പിക്കുന്നത്. പ്രകൃതി മനുഷ്യന്റെ അജൈവശരീരമാണെന്നാണ് മാർക്സ് അഭിപ്രായപ്പെട്ടത്. പ്രകൃതിയിൽ നിന്നു വേറിട്ടു കൊണ്ട് മനുഷ്യന് നിലനിൽക്കാനാവില്ലെന്ന് അദ്ദേഹം നിരീക്ഷിച്ചു. മനുഷ്യനും പ്രകൃതിയും തമ്മിലുള്ള പ്രകിയയെ അവതരിപ്പിക്കാൻ മാർക്സ് ചയാപചയമെന്ന (metabolic rift) സങ്കൽപത്തെ ഉപയോഗപ്പെടുത്തി.

1871ൽ മൂലധനത്തിന്റെ ഒന്നാം വോള്യത്തിൽ കാൾ മാർക്സ് ഇങ്ങനെയെഴുതി; " മുതലാളിത്ത ഉൽപാദനം മനുഷ്യനും ഭൂമിയും തമ്മിലുള്ള ചയാപചയ പ്രവർത്തനത്തെ (metabolic rift) തകരാറിലാക്കുന്നു. മനുഷ്യൻ ഭക്ഷണമായും വസ്ത്രമായും മണ്ണിൽ നിന്നെടുത്ത് ഉപഭോഗം ചെയ്യുന്ന മൂലകങ്ങൾ മണ്ണിലേക്ക് തിരിച്ചു നൽകപ്പെടുന്നില്ല. അതിനാൽ മണ്ണിന്റെ ഉർവരത ശാശ്വാതമായി നിലനിൽക്കുന്നില്ല. അതുകൊണ്ടു തന്നെ മുതലാളിത്ത കൃഷിരീതിയിലെ എല്ലാ പുരോഗതിയും തൊഴിലാളിയേയും മണ്ണിനേയും ഒരുപോലെ ചൂഷണം ചെയ്യുന്ന കലയിലുള്ള പുരോഗതിയാണ്. മണ്ണിന്റെ ഉർവരത വർധിപ്പിക്കുന്നതിനുള്ള ഓരോ താൽകാലിക വിജയവും ദീർഘകാലാടിസ്ഥാനത്തിൽ അതിന്റെ ഉർവരത നശിപ്പിക്കുന്നതിലേക്കുള്ള കാൽവെയ്പ്പാണ്. എല്ലാ സമ്പത്തിന്റേയും അടിസ്ഥാന സ്രോതസുകളെ, മണ്ണിനേയും മനുഷ്യനേയും ഒരേസമയം നശിപ്പിച്ചുകൊണ്ടാണ് മുതലാളിത്ത ഉൽപാദനം അതിന്റെ സാങ്കേതികതകളും സാമൂഹ്യപ്രക്രിയകളും വളർത്തുന്നത്". ഉൽപാദകരുടെ കൂട്ടായ്മ നിലനിൽക്കുന്ന സമൂഹത്തിൽ പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ചയാപചയത്തെ യുക്തിപരമായ രീതിയിൽ ക്രമീകരിക്കണമെന്നും എന്നാൽ ബൂർഷ്വാസമൂഹത്തിന്റെ കഴിവുകൾക്കപ്പുറമാണിതെന്നുമാണ് അദ്ദേഹം അഭിപ്രായപ്പെടുന്നത്. നിലവിലെ സങ്കീർണമായ പാരിസ്ഥിതിക പ്രശ്നം രൂപപ്പെട്ടത് ബൂർഷ്വാസമൂഹത്തിന്റെ ഈ അപര്യാപ്തത മൂലമാണെന്നും അദ്ദേഹം നിരീക്ഷിച്ചു. പ്രകൃതിയുടെ പ്രവർത്തനങ്ങളേയും മനുഷ്യപ്രവർത്തനങ്ങളേയും പരസ്പരം മനസിലാക്കാൻ സാധിക്കുന്ന, സമ്പദ്ശാസ്ത്രത്തിന്റേയും പാരിസ്ഥിതികശാസ്ത്രത്തിന്റേയും സമന്വയത്തിലൂടെയുണ്ടാകുന്ന സിദ്ധാന്തത്തിനു മാത്രമേ നിലവിലെ പാരിസ്ഥിതിക പ്രതിസന്ധിയെ തരണം ചെയ്യാനാവു എന്നതാണ് പാരിസ്ഥിതിക മാർക്സിസം സൂചിപ്പിക്കുന്നത്. പരിസ്ഥിതിശാസ്ത്രത്തിൽ പരിസ്ഥിതിയും ജീവജാലങ്ങളും തമ്മിലുള്ള ജൈവ-അജൈവ ബന്ധങ്ങളെക്കുറിച്ചുള്ള ഗവേഷണങ്ങൾ വികസിച്ചുകൊണ്ടിരിക്കെത്തന്നെയാണ് സാമൂഹ്യശാസ്ത്ര മേഖലയിൽ മനുഷ്യനും പ്രകൃതിയും ഉൽപാദനബന്ധങ്ങളും തമ്മിലുള്ള ചർച്ചകളും സജീവമാകുന്നത്.

ഭാഷയും പരിസ്ഥിതിയും

മനുഷ്യസമൂഹവും പ്രകൃതിയും തമ്മിലുള്ള ചയാപചയ പ്രവർത്തനത്തിന്റെ പ്രതിഫലനങ്ങൾ മനുഷ്യസംസ്കരത്തിന്റെ ജനിതകഘടകങ്ങളെ വഹിക്കുന്ന

ഭാഷയിലും കണ്ടെത്താനാവുന്നത് സ്വാഭാവികമാണല്ലോ. ഈയൊരു ചിന്തയിൽ നിന്നാണ് നരവംശശാസ്ത്രജ്ഞനായ എഡ്വേർഡ് സപീർ ഭാഷയും പരിസ്ഥിതിയും (1912) എന്ന പ്രബന്ധത്തിലേക്ക് എത്തിച്ചേരുന്നത്. ഈ പ്രബന്ധത്തിൽ എഡ്വേർഡ് സപീർ പരിസ്ഥിതിയുടെ (Environment) [2] അവസ്ഥാന്തരങ്ങളെക്കുറിച്ച് പറയുന്നുണ്ട്. ഭൗതിക പരിസ്ഥിതി (Physical Environment), സാമൂഹ്യപരിസ്ഥിതി (Social Environment) എന്നിവയാണവ. ഭൗതികപരിസ്ഥിതി എന്നു പറയുന്നത്, ഭാഷകസമൂഹത്തിന്റെ ഭൌമസവിശേഷതകള്, കാലാവസ്ഥ, മഴയുടെ ലഭ്യത എന്നിവയും മനുഷ്യരുടെ സാമ്പത്തികസ്രോതസുകളായ സസ്യവൈവിധ്യം, ജീവിവൈവിധ്യം, ധാതുലവണങ്ങൾ തുടങ്ങിയവയുമാണ്. സാമൂഹ്യപരിസ്ഥിതിയിൽ ഉൾപ്പെടുന്ന പ്രധാനഘടകങ്ങൾ മതം, നീതിബോധം, രാഷ്ട്രീയസംഘടനകൾ, കല തുടങ്ങിയവയാണ്. ഒരു സമൂഹത്തിന്റെ ഭൗതികവും സാമൂഹികവുമായ പരിസരങ്ങളെ പ്രതിഫലിപ്പിക്കാൻ ഭാഷയ്ക്ക് കഴിയുമെന്നാണ് സപീർ ഈ ലേഖനത്തിൽ പറയുന്നത്. ഒരു പ്രദേശത്തെ ഭാഷ, ആ പരിസ്ഥിതിയിലെ ജീവികളേയും സാഹചര്യങ്ങളേയും പ്രതിഫലിപ്പിക്കുക മാത്രമല്ല, ആ ഭാഷകസമൂഹത്തിന് തങ്ങളുടെ ഭൗതികപരിസ്ഥിതിയോടുള്ള സമീപനമെന്തെന്ന് വ്യക്തമാക്കുക കൂടിയാണ് ചെയ്യുന്നതെന്ന് സപീർ അഭിപ്രായപ്പെട്ടു.

സാമൂഹിക-സാംസ്കാരിക പഠനങ്ങളിൽ നിന്ന് ഭൌതികപരിസ്ഥിതിയെ മാറ്റി നിർത്താനാവില്ലെന്ന ചിന്തയ്ക്ക് നരവംശ- ഭാഷാശാസ്ത്രജ്ഞർക്കിടയിൽ തുടക്കമായി. വടക്കേ അമേരിക്കയിലെ നരവംശശാസ്ത്രജ്ഞനായ ആൽ ഫ്രഡ് ക്രോബർ (1928, 1939) അവിടത്തെ പ്രാദേശികജനതയുടെ സംസ്കാരത്തെയും പരിസ്ഥിതിയേയും ബന്ധപ്പെടുത്തി പഠിക്കുകയും സംസ്കാരം പരിസ്ഥിതിയുമായി ബന്ധപ്പെട്ടു കിടക്കുന്നുണ്ടെങ്കിലും ഏതെങ്കിലും ഒന്നിനെ മാത്രം മുൻ നിർത്തി സംസ്കാരത്തെ പഠിക്കാനാവില്ലെന്നും കണ്ടെത്തി.

ആധുനിക പരിസ്ഥിതിവാദത്തെ ശക്തമാക്കിയ നിശബ്ദ വസന്തം

ജീവജാലങ്ങളുടെ വംശനാശം, മലിനീകരണം പോലുള്ള പാരിസ്ഥിതിക പ്രശ്നങ്ങളുടെ ഭാഗമായി മനുഷ്യർ പ്രകൃതിയെ ചൂഷണാത്മകമായി സമീപിക്കുന്നു എന്ന തരത്തിലുള്ള ചിന്തകൾ ഉയർന്നു വന്നതിന്റെ വെളിച്ചത്തിൽ പ്രകൃതിയെയും പ്രകൃതിവിഭവങ്ങളേയും സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെ 1948ൽ വേൾഡ്

കൺസർവേഷൻ യൂണിയൻ സ്ഥാപിക്കപ്പെട്ടു. ഈ പരിസ്ഥിതിസംരക്ഷണ സംഘടന പിന്നീട് ഇന്റർനാഷണൽ യൂണിയൻ ഫോർ ദ കൺസർവേഷൻ ഓഫ് നേച്ചർ ആൻഡ് നാച്ചുറൽ റിസോഴ്സ് (IUCN) എന്നറിയപ്പെടാൻ തുടങ്ങി. ഡി.ഡി.റ്റി എന്ന കീടനാശിനിയുടെ അമിതോപയോഗം സൃഷ്ടിച്ച പാരിസ്ഥിതിക ആഘാതങ്ങൾ വെളിപ്പെടുത്തുന്ന നിശബ്ദവസന്തം (Silent Spring) എന്ന റേച്ചൽ കാർസന്റെ (1962) പ്രായോഗിക ശാസ്ത്രഗ്രന്ഥത്തിന്റെ പ്രസിദ്ധീകരണത്തിനു ശേഷം, ആദിമവ്യാപാരസംസ്കാരം, സാമ്രാജ്യത്വം, വ്യവസായമുതലാളിത്തം, കുത്തകമുതലാളിത്തം തുടങ്ങി മുതലാളിത്തവികാസത്തിന്റെ വിവിധ ഘട്ടങ്ങളിൽ ലോകത്താകെ സംഭവിച്ച പാരിസ്ഥിതികപ്രതിസന്ധിയെക്കുറിച്ചുള്ള ഗൗരവകരമായ ചർച്ചകൾ ശക്തമായി പുനരാരംഭിച്ചു. ഭൂമിയിലെ ജീവജാലങ്ങളുടെ നിലനില്പും ഭീഷണിയും ചർച്ച ചെയ്യുന്ന സംഘടനകളായ Friends of The Earth (1968), The Natural Resources Defence Counsil (1969), Green Peace (1971)) തുടങ്ങി നിരവധി സംഘടനകളുടെ രൂപീകരണവും ഇതോടൊപ്പം നടന്നു. പരിസ്ഥിതി എന്ന രൂപകത്തെ ഉപയോഗപ്പെടുത്തി ഓരോ വൈജ്ഞാനിക മേഖലകളിലും പുതിയ ആശയങ്ങൾ ഉരുത്തിരിയുകയും ചെയ്തു.

സാമൂഹ്യപരിസ്ഥിതി (Social ecology)

നഗരവൽക്കരണവും വ്യവസായവല്കരണവും മനുഷ്യജീവിതത്തേയും പരിസ്ഥിതിയേയും മാറ്റിമറിച്ചതിനെക്കുറിച്ചുള്ള അന്വേഷണങ്ങളാണ് സാമൂഹ്യപരിസ്ഥിതി/ സോഷ്യൽ ഇക്കോളജി (Murray Bookchin: 1971) എന്ന സിദ്ധാന്തത്തിന്റെ പശ്ചാത്തലം. മാർക്സിസം, സ്ഥിതിസമത്വവാദം, ഹരിത രാഷ്ട്രീയം തുടങ്ങിയ പാരിസ്ഥിതികാശയങ്ങളുടെ പശ്ചാത്തലത്തിലാണ് സാമൂഹ്യപരിസ്ഥിതിയും വികസിച്ചു വരുന്നത്. ഈ ആശയപ്രകാരം പരിസ്ഥിതിവാദം എന്നാൽ സാമൂഹ്യപ്രശ്നം തന്നെയാണ്. മുതലാളിത്ത വ്യവസ്ഥിതിയാണ് പരിസ്ഥിതിപ്രശ്നങ്ങൾക്ക് കാരണമെന്നും ശ്രേണീബദ്ധമായ സാമൂഹ്യഘടനയിലാണ് അതിന്റെ വേരുകൾ ആഴ്ന്നു കിടക്കുന്നതെന്നുമാണ് ഈ ചിന്താപദ്ധതിയുടെ അടിസ്ഥാനം. ഉപയോഗമൂല്യത്തിലധിഷ്ഠിതമായ ലോകവീക്ഷണത്തെ സോഷ്യൽ ഇക്കോളജി തിരസ്കരിക്കുന്നുണ്ട്. സാമൂഹികാവബോധത്തെ ചോർത്തിക്കളഞ്ഞ് വ്യക്തികളുടെ ആന്തരികവും ബാഹ്യവുമായ പ്രപഞ്ചത്തെ കമ്പോളസംസ്കൃതി കോളനീകരിക്കുകയാണെന്നും

ഈ അവസ്ഥയിൽ ദീർഘനാൾ മനുഷ്യന് തുടരാനാവില്ലെന്നും സോഷ്യൽ ഇക്കോളജിസ്റ്റുകൾ ചൂണ്ടിക്കാണിച്ചു. സാമൂഹ്യശാസ്ത്രത്തിന്റെ വിഷയങ്ങൾക്കൊപ്പം മണ്ണ്, ജലം, സസ്യജാലങ്ങൾ തുടങ്ങിയ പാരിസ്ഥിതികഘടകങ്ങൾ കൂടി ഉൾപ്പെടുത്തി കൂടുതൽ ജൈവികവും ജൈവകേന്ദ്രിതവുമായ സാമ്പത്തിക- സാമൂഹ്യഘടനയാണ് സാമൂഹ്യപരിസ്ഥിതിയെന്ന ആശയത്തിലൂടെ പ്രണേതാക്കൾ വിഭാവനം ചെയ്തത്.

ലോകപരിസ്ഥിതിസമ്മേളനവും ഭാഷാസംരക്ഷണകേന്ദ്രവും

വിഭവങ്ങളുടെ അമിതചൂഷണം, ജനിതകവൈവിധ്യച്ചോർച്ച, യുദ്ധം, മാലിന്യപ്രശ്നം, ആഗോളതാപനം, കാലാവസ്ഥാവ്യതിയാനം, ജനപ്പെരുപ്പം, പ്രകൃതിക്ഷോഭങ്ങൾ എന്നിങ്ങനെ ആഗോളതലത്തിൽ വർദ്ധിച്ചു വരുന്ന പരിസ്ഥിതിപ്രശ്നങ്ങൾക്കെതിരെ ലോകത്തൊന്നാകെ ഉയർന്നുവന്ന പ്രതിരോധങ്ങളുടെ ഭാഗമായി ഐക്യരാഷ്ട്രസഭയുടെ ആഭിമുഖ്യത്തിൽ 1972ൽ സ്വീഡനിലെ സ്റ്റോക്ഹോമിൽ പ്രഥമ ലോകപരിസ്ഥിതിസമ്മേളനം നടന്നു. അതിന്റെ ഭാഗമായി വികസനപ്രവർത്തനങ്ങളിൽ പരിസ്ഥിതിയുടെ പ്രാധാന്യം ലോകജനതയുടെ അടിയന്തിരശ്രദ്ധയിൽ കൊണ്ടു വരികയും പരിസ്ഥിതിയുടെ വിവിധ വശങ്ങളെക്കുറിച്ചുള്ള ചർച്ചകൾ നടക്കുകയും യുഎൻഇപി (United Nations Environment Programme, 1972) എന്ന പദ്ധതി ആവിഷ്കരിക്കുകയും ചെയ്തു.

മുതലാളിത്ത വളർച്ചയോടെ പടർന്നുപിടിച്ച സാമ്രാജ്യത്വവും കോളനിവൽക്കരണവും തദ്ദേശീയസമൂഹങ്ങളുടെ സാംസ്കാരികവും ഭാഷാപരവുമായ നാശത്തിന് കാരണമായിത്തീരുന്നതിനെക്കുറിച്ചുള്ള ചർച്ചകളും ഇക്കാലത്ത് സജീവമാകുന്നുണ്ടായിരുന്നു. പരിസ്ഥിതിസംരക്ഷണത്തിനായി ലോകപരിസ്ഥിതിസമ്മേളനം സംഘടിപ്പിച്ച അതേ വർഷം (1972) തന്നെയാണ് അലാസ്കയിലെ തദ്ദേശീയഭാഷകളെക്കുറിച്ച് പഠനം നടത്തിയ മൈക്കേൽ ക്രൗസ് അപകടത്തിലായ ഭാഷകൾക്കു വേണ്ടി Alaska Native Language Centre (1972) സ്ഥാപിക്കുന്നത്. അദ്ദേഹം സ്ഥാപിച്ച ഈ ഗവേഷണസ്ഥാപനം തദ്ദേശീയഭാഷകളെക്കുറിച്ചുള്ള ഗവേഷണങ്ങൾക്ക് വലിയ പ്രാധാന്യം നല്കി. അതോടൊപ്പം ഭാഷാശാസ്ത്രജ്ഞർക്കിടയിൽ ഭാഷാവൈവിധ്യം, ഭാഷാനാശം, ഭാഷാസംരക്ഷണം എന്നീ ആശയങ്ങളെ കേന്ദ്രീകരിച്ചുകൊണ്ട് ധാരാളം പഠനങ്ങളും സംവാദങ്ങളും നടന്നു.

ഭാഷാപരിസ്ഥിതി (Language ecology)

ഭാഷയെയും പരിസ്ഥിതിയേയും ബന്ധപ്പെടുത്തിയുള്ള സപീറിന്റെ വീക്ഷണങ്ങളെ പിന്തുടർന്നുകൊണ്ട് എയ്നർ ഹോഗൻ 'ഭാഷാപരിസ്ഥിതി' (Ecology of language) എന്ന പ്രബന്ധത്തിലേക്ക് എത്തിച്ചേർന്നത് (1972) ഇക്കാലയളവിലാണ്. ഭാഷയും അതു നിലനില്ക്കുന്ന പരിസരവും തമ്മിലുള്ള പാരസ്പര്യത്തെയാണ് 'ഭാഷാപരിസ്ഥിതി' എന്ന് ഹോഗൻ വിളിച്ചത്. ഒരു ഭാഷയെ പഠിക്കുകയും ഉപയോഗിക്കുകയും കൈമാറ്റം ചെയ്യുകയും ചെയ്യുന്ന സമൂഹമാണ് ഭാഷാപരിസ്ഥിതിയെ നിർണയിക്കുന്നതെന്ന് അദ്ദേഹം വ്യക്തമാക്കി. ഭാഷാശാസ്ത്രം, സാമൂഹ്യശാസ്ത്രം, നരവംശശാസ്ത്രം, മനഃശാസ്ത്രം തുടങ്ങിയ മേഖലകളിൽ നിന്നുള്ള ഉൾക്കാഴ്ചകളുടെ സമന്വയത്തിലൂടെയാണ് ഭാഷാപരിസ്ഥിതി എന്ന അന്തർവൈജ്ഞാനികശാഖ രൂപം കൊള്ളുന്നത്.

ജൈവ സ്പീഷീസുകളെപ്പോലെ, ഭാഷകളും മത്സരിക്കുകയും പൊരുത്തപ്പെടുകയും പരിണമിക്കുകയും ചിലപ്പോൾ വംശനാശം സംഭവിക്കുകയും ചെയ്യുന്നുവെന്ന് ഹോഗൻ അഭിപ്രായപ്പെട്ടു. ഈ ചലനാത്മകമായ ഇടപെടൽ കാലക്രമേണ ഭാഷാപരമായ മാറ്റത്തിന് കാരണമായിത്തീരുമെന്നും അദ്ദേഹം നിരീക്ഷിച്ചു. ഭാഷാമാറ്റവും ഭാഷാസംരക്ഷണവും തമ്മിലുള്ള സന്തുലിതാവസ്ഥയെ സ്വാധീനിക്കുന്ന ഘടകങ്ങളിൽ സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവും വിദ്യാഭ്യാസപരവുമായ സമ്മർദ്ദങ്ങൾ ഉൾപ്പെടുന്നുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി. ഭീഷണി നേരിടുന്ന ഭാഷകളെ പിന്തുണയ്ക്കുന്നതിനായി ഡോക്യുമെന്റേഷനും പുനരുജ്ജീവന പ്രവർത്തനങ്ങളും നടത്തണമെന്നും അദ്ദേഹം വാദിച്ചു. ഭാഷാവൈവിധ്യം കൈകാര്യം ചെയ്യുന്നതിന് ഫലപ്രദമായ ഭാഷാനയവും ആസൂത്രണവും അത്യന്താപേക്ഷിതമാണ്. ന്യൂനപക്ഷ ഭാഷകളെ പിന്തുണയ്ക്കുന്നതിനും ഭാഷാപരമായ സമത്വം പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള നയങ്ങൾ സർക്കാരുകൾക്കും സ്ഥാപനങ്ങൾക്കും എങ്ങനെ നടപ്പാക്കാമെന്നും ഹൗഗൻ ഈ പ്രബന്ധത്തിൽ വിശദീകരിക്കുന്നുണ്ട്. ഭാഷ- സമൂഹം- പരിസ്ഥിതി എന്നിവ തമ്മിലുള്ള അഭേദ്യബന്ധത്തിന്റെ ഉൾപ്പൊരുൾ തേടിയുള്ള അന്വേഷണങ്ങൾക്ക് ദിശാബോധം നൽകാൻ എയ്നർ ഹോഗന്റെ ചിന്തകൾക്ക് സാധിച്ചു.

ഗഹനപരിസ്ഥിതിവാദം (Deep Ecology)

അമേരിക്കയിലെ മുഖ്യധാര പരിസ്ഥിതിചിന്തകരുടേയും പൗരസ്ത്യ ദർശനങ്ങളുടേയും സ്വാധീനങ്ങളിൽ നിന്നും ഉരുത്തിരിഞ്ഞു വന്ന ആശയമായിരുന്നു ഗഹനപരിസ്ഥിതിവാദം (Arne Naess: 1973). മനുഷ്യന്റെ ആവശ്യങ്ങൾക്കപ്പുറം നൈസർഗികമായ പല മൂല്യങ്ങളും (Intrinsic Value) പ്രകൃതിയ്ക്കുണ്ടെന്നും മനുഷ്യകേന്ദ്രിതമായി പ്രകൃതിയെ നോക്കിക്കാണുന്നത് വലിയ അപകടമാണെന്നുമാണ് ഈ ആശയത്തിൽ പറയുന്നത്. ജൈവവൈവിധ്യം നിലനിർത്തുക, മനുഷ്യരുടെ ജനസംഖ്യാവർധനവ് നിയന്ത്രിക്കുക, വ്യക്തിസ്വാതന്ത്ര്യം പോലെ പ്രകൃതിസത്തകളുടെ സ്വാതന്ത്ര്യവും നിലനില്പും സംരക്ഷിക്കുക എന്നിവയായിരുന്നു ഈ ദർശനത്തിന്റെ തത്വങ്ങൾ.

പാരിസ്ഥിതിക സ്ത്രീവാദം (Eco- feminism)

പരിസ്ഥിതിയെ വിവിധ വിജ്ഞാനമേഖലകൾ വിവിധ രീതിയിൽ ഉൾക്കൊണ്ടു തുടങ്ങിയതിന് മറ്റൊരു ഉദാഹരണമാണ് പാരിസ്ഥിതിക സ്ത്രീവാദം. ഫ്രാൻകോയിസ് ദ യൂബോണ് (Francois d' Eaubonne) എന്ന ഫ്രഞ്ച് ഫെമിനിസ്റ്റ് ചിന്തകയാണ് പാരിസ്ഥിതിക സ്ത്രീവാദം എന്ന ആശയം ആദ്യമായി അവതരിപ്പിക്കുന്നത് (Carolyn Merchant: 1992) പാരിസ്ഥിതിക പ്രതിസന്ധിയുടെ അടിസ്ഥാന കാരണം പുരുഷന് പ്രാമുഖ്യമുള്ള അധികാരഘടനകളാണെന്നാണ് feminism or death (1974) എന്ന തന്റെ ഗ്രന്ഥത്തിൽ ഫ്രാൻകോയിസ് ദ യൂബോണ്വ്യക്തമാക്കുന്നത്.

പാരിസ്ഥിതിക വിമർശനം (Eco Criticism)

പാരിസ്ഥിതിക വിമർശനം (വില്യം റുക്കേർട്ട്: 1978)) എന്ന നൂതനസാഹിത്യനിരൂപണപദ്ധതി ഉയർന്നു വന്നത് ഈ ഘട്ടത്തിലാണ്. പാരിസ്ഥിതികശാസ്ത്രത്തിലേയും പാരിസ്ഥിതികചിന്തയിലേയും ആശയങ്ങൾ സാഹിത്യത്തെ പഠിക്കാനുപയോഗിക്കുക എന്നതായിരുന്നു വില്യം റുക്കേർട്ടിന്റെ സമീപനം. ആദ്യമായി Eco Criticism എന്ന വാക്കുപയോഗിച്ചത് വില്യം റുക്കേർട്ടാണെങ്കിലും ആദ്യത്തെ പാരിസ്ഥിതിക വിമർശന ഗ്രന്ഥം എന്നറിയപ്പെടുന്നത് The Comedy of Survival: Studies in Literary Ecology (Joseph Meeker: 1974) എന്ന ഗ്രന്ഥമാണ്. മനു

ഷ്യസ്വത്വവും സമൂഹവും പ്രകൃതിയും സാഹിത്യകൃതിയും തമ്മിലുള്ള ബന്ധത്തെ പാരിസ്ഥിതികബോധത്തോടെയും മൂല്യാധിഷ്ഠിതമായും വർഗ-വർണ-ലിംഗബോധ്യത്തോടെയും സൗന്ദര്യപരമായി വിലയിരുത്തുന്ന സമീപനമാണ് പാരിസ്ഥിതിക വിമർശനം സ്വീകരിച്ചത്. 'ഇരുപതാം നൂറ്റാണ്ടിന്റെ അവസാനദശകത്തിലാണ് പാരിസ്ഥിതികവിമർശനം ഒരു സംഘടിതപഠനമേഖലയായി വളർന്നു വരുന്നത്. സാഹിത്യത്തിൽ പൗരാണിക കാലം മുതൽ തന്നെയുണ്ടായിരുന്ന പ്രകൃതിവർണനകൾക്കും പ്രകൃതിപൂജകൾക്കും പ്രകൃത്യാവബോധത്തിനുമപ്പുറം വ്യവസായവിപ്ലവം സൃഷ്ടിച്ച നാനാവിധ പ്രതിസന്ധികൾ ജീവന്റെ നിലനില്പിനു തന്നെ ഭീഷണിയായി വളർന്നതാണ് ഈ പുതിയ പഠനമേഖലയുടെ പശ്ചാത്തലം' (മധുസൂധനൻ , ജി: 2015). 1995ൽ കൊളറാഡോ സർവകലാശാലയിൽ നടന്ന ഒന്നാം പരിസ്ഥിതി സാഹിത്യസമ്മേളനത്തിലാണ് പാരിസ്ഥിതികവിമർശനത്തിന്റെ ഔദ്യോഗിക തുടക്കം കുറിച്ചത്. ഈ വിമർശനാത്മകരീതി സാഹിത്യത്തിലെന്ന പോലെ സംസ്കാരപഠനം, സാമ്പത്തികശാസ്ത്രം, തത്വചിന്ത, സാമൂഹ്യശാസ്ത്രം, മനശാസ്ത്രം, ഭാഷാശാസ്ത്രം എന്നിങ്ങനെ ബഹുതലമായ വൈജ്ഞാനികശാഖകളിലേക്ക് വികസിക്കപ്പെട്ടു തുടങ്ങി.

വിമർശനാത്മകഭാഷാശാസ്ത്രം (Critical Linguistics)

വിമർശനാത്മകഭാഷാശാസ്ത്രം എന്ന സംജ്ഞ ആദ്യമായി അവതരിപ്പിക്കുന്നത് Roger Fowler, Gunther Kress, Robert Hodge, Tony Trew (1979) എന്നിവരാണ്. നവമാർക്സിയൻ പരികൽപനകളുടെ വെളിച്ചത്തിൽ ഭാഷയ്ക്കുള്ളിലെ പ്രത്യയശാസ്ത്രം, അധികാരം തുടങ്ങിയവയെ നിർവചിക്കുവാനുള്ള ശ്രമമെന്ന നിലയിലാണ് വിമർശനാത്മകഭാഷാശാസ്ത്രം രൂപപ്പെടുന്നത്. ഭാഷാവ്യവഹാരങ്ങളിലെ സാമൂഹ്യസാഹചര്യങ്ങളെ അടിസ്ഥാനമാക്കി പാഠത്തെ അപഗ്രഥിക്കുകയാണ് ഈ സമീപനത്തിന്റെ രീതി. Halliday (1979), Threadgold (1986), Wodak (1989) തുടങ്ങിയവരെല്ലാം ഈ സമീപനത്തെ വിവിധതലങ്ങളിൽ വികസിപ്പിക്കുകയും ചെയ്തു. ഈ സമീപനത്തിന്റെ വികസിച്ച രൂപമെന്ന നിലയിലാണ് വിമർശനാത്മകവ്യവഹാരാപഗ്രഥനത്തെ (Critical Discourse Analysis) കാണുന്നത് (Wodak Ruth: 1989). വായ്മൊഴിയിലൊ വരമൊഴിയിലൊ അന്തർലീനമായ വ്യത്യസ്ത ലോകവീക്ഷണങ്ങളെയാണ് വ്യവഹാരമെന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് (Norman Fairclough: 1989).

ഭാഷയുടെ പാരിസ്ഥിതികാപഗ്രഥനം (Ecological Analysis of Language)

പാരിസ്ഥിതിക വിമർശനത്തിന്റേയും വിമർശനാത്മക വ്യവഹാരാപഗ്രഥനത്തിന്റേയും (Critical Discourse Analysis) അടിസ്ഥാനസങ്കല്പങ്ങളുപയോഗിച്ച് ഭാഷയെ അപഗ്രഥിക്കുന്ന, ഭാഷയുടെ പാരിസ്ഥിതികാപഗ്രഥനം (Ecological Analysis of Language) എന്ന സമീപനരീതി ഇക്കാലഘട്ടത്തിൽ വികസിക്കപ്പെട്ടു. ഇതാണ് പിന്നീട് വിമർശനാത്മക പരിസ്ഥിതിഭാഷാശാസ്ത്രം (critical ecolinguistics) എന്ന പേരിലറിയപ്പെട്ടത് (Tommi Yuniawan, Father Rokhman etc.: 2017).

വായ്മൊഴി, വരമൊഴി, ചിത്രങ്ങൾ, ഇന്റർനെറ്റ് എന്നിങ്ങനെ സമൂഹത്തിലെ വിവിധങ്ങളായ വ്യവഹാരങ്ങളെ പരിസ്ഥിതി തത്വശാസ്ത്രങ്ങളുടെ വീക്ഷണത്തിൽ പരിശോധിക്കുന്ന രീതിയാണ് വിമർശനാത്മക പരിസ്ഥിതിഭാഷാശാസ്ത്രത്തിൽ ഉൾപ്പെടുന്നത് (Alwin Fill, Muhlhausler: 2001). ഇതിനെത്തന്നെ വീണ്ടും രണ്ടായി തരം തിരിച്ചിട്ടുണ്ട്. വ്യവസ്ഥയുടെ വിമർശനവും (system critical part) പാഠവിമർശനവും (Text critical one). ഭാഷാവ്യവസ്ഥയെ/വ്യാകരണത്തെ പാരിസ്ഥിതിക വീക്ഷണത്തിൽ ഊന്നിക്കൊണ്ട് വിമർശനാത്മകമായി പരിശോധിക്കുക എന്നതാണ് വ്യവസ്ഥയുടെ വിമർശനം എന്ന സമീപനത്തിൽ ഉൾപ്പെടുന്നത് (ibid: 2001). രാഷ്ട്രീയപ്രസംഗങ്ങൾ, പരിസ്ഥിതിയുമായി ബന്ധപ്പെട്ട പരസ്യങ്ങൾ, പരിസ്ഥിതിയുമായി ബന്ധപ്പെട്ട ലേഖനങ്ങൾ തുടങ്ങിയ പാഠങ്ങളെ പാരിസ്ഥിതികവീക്ഷണത്തിൽ നിന്നുകൊണ്ട് വിമർശനാത്മകമായി പരിശോധിക്കുന്ന രീതിയാണ് പാഠവിമർശനം (Hara, Brockmeir, Muhlhausler: 1999).

എം. എ. കെ ഹാലിഡെയുടെ (1990) New Ways of Meaning: The Challenge to Applied Linguistics എന്ന പ്രബന്ധമാണ് വ്യവസ്ഥയുടെ വിമർശനം എന്ന സമീപനത്തിൽ പ്രധാനപ്പെട്ടത്. ലോകത്താകമാനം നടന്നുകൊണ്ടിരിക്കുന്ന പരിസ്ഥിതിനാശപ്രവർത്തനങ്ങൾ ഭാഷയെക്കൂടി ബാധിക്കുന്നുവെന്ന് പറഞ്ഞുകൊണ്ട് ഭാഷയിലെ പരിസ്ഥിതിവിരുദ്ധപ്രയോഗങ്ങളെ വിമർശിക്കുവാനാണ് ഹാലിഡെ (1990) ശ്രമിച്ചത്. വില്യം ട്രംപ് (1991) ഭാഷയിലെ മനുഷ്യകേന്ദ്രിതത്വത്തേയും വാണിജ്യവല്ക്കരണത്തേയും വിമർശനാത്മകമായി സമീപിക്കുന്നുണ്ട്. കൃഷിയുമായി ബന്ധപ്പെട്ട ഭാഷാലോകവ്യൂഹത്തെയാണ് അദ്ദേഹം തന്റെ പഠനത്തിനായി സ്വീകരിച്ചത്. കൃഷിയുമായി ബന്ധപ്പെട്ട പദങ്ങളിലെ ന്യൂനോക്തികൾ

(Euphemism), രൂപകങ്ങൾ (Metaphor), നാമപദങ്ങൾ എന്നിവയെ വിമർശനാത്മകമായി വിശകലനം ചെയ്തു കൊണ്ട് പരിസ്ഥിതി സൌഹൃദപദങ്ങളുടെ ആവശ്യകതയെക്കുറിച്ച് അദ്ദേഹം വിശദമാക്കുന്നുണ്ട്. കൃഷിയുമായി ബന്ധപ്പെട്ട ഭാഷാലോകവ്യൂഹത്തിൽ ജീവനുള്ളവയെ വസ്തുവല്ക്കരിച്ചു കാണുന്ന ഭാഷാപ്രയോഗങ്ങൾ (ഉദാഹരണം: Meat production, Horse material, Livestock, Slaughter stock, Cattle production etc..) രാസ-വ്യവസായ ശാലകളുടേയും വാണിജ്യസ്ഥാപനങ്ങളുടേയും സ്വാധീനത്താലാണെന്നാണ് വില്യം ട്രംപ് കണ്ടെത്തിയത്. അതുപോലെ കീടം (Pest), കള (Weed) തുടങ്ങിയ പദങ്ങളും പരിസ്ഥിതിവിരുദ്ധമാണെന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം. മനുഷ്യരുടെ ഉപയോഗത്തിന്റെ അടിസ്ഥാനത്തിൽ മാത്രം ഒരു വസ്തുവിന്റെ /ജീവിയുടെ മൂല്യവും നിലനിൽപും നിശ്ചയിക്കുന്ന രീതി പ്രകൃതിയ്ക്കും മനുഷ്യകുലത്തിനും അനുഗുണമല്ലെന്നാണ് അദ്ദേഹം പറയാൻ ശ്രമിക്കുന്നത്.

ബെത്ത് ഷുട്സിന്റെ (1992) പഠനത്തിൽ പരമ്പരാഗത പദങ്ങളുടെ ന്യൂനോക്തി (Euphemism) പരിശോധിച്ച്, ചില ബദൽരൂപങ്ങൾ നിർദേശിക്കുകയാണ് ചെയ്യുന്നത്. Alien species എന്ന പദത്തിന് Introduced Species എന്നാണ് അദ്ദേഹം ബദലായി നിർദേശിക്കുന്നത്. മറ്റു ചില പദങ്ങൾക്ക് കൂടി അദ്ദേഹം ചില ബദൽരൂപങ്ങൾ നിർദേശിക്കുന്നുണ്ട്. കോറിഡോർ (ഇടനാഴി/ നടപ്പാത) എന്ന പദത്തെക്കാൾ പരിസ്ഥിതി പ്രാധാന്യമുള്ള പദമാണ് ഹാബിറ്റാറ്റ് ലിൻഗേജ് (ആവാസവ്യവസ്ഥകളെ ബന്ധിപ്പിക്കുന്ന വഴി) എന്നത്. ടിമ്പേർഡ് (തടിയായിട്ടുള്ള) എന്ന പദത്തിൽ ഒരു മരത്തിന്റെ മനുഷ്യപ്രയോജനത്തെ മാത്രമാണ് സൂചിപ്പിക്കുന്നത്. ഈ പദപ്രയോഗത്തിലൂടെ മരത്തിന്റെ മറ്റു മൂല്യങ്ങളും അസ്തിത്വവും വിസ്മരിക്കപ്പെടുന്നുണ്ട്. പകരം കാട് എന്നു സൂചിപ്പിക്കുമ്പോൾ ആ പദത്തിൽ പ്രകൃതിയുടെ ജൈവികതയുണ്ട്. ഇത്തരത്തിൽ പരിസ്ഥിതിവിരുദ്ധതയുടെ രൂക്ഷത കുറയ്ക്കുന്ന തരത്തിലുള്ള പദപ്രയോഗങ്ങൾക്കും ന്യൂനോക്തികൾക്കും പകരം പ്രശ്നരൂക്ഷത വ്യക്തമാക്കുന്ന പദങ്ങളാണ് ഉപയോഗിക്കേണ്ടതെന്നാണ് അദ്ദേഹം വ്യക്തമാക്കുന്നത്. അതോടൊപ്പം മനുഷ്യകേന്ദ്രിതപദങ്ങളെ പരിസ്ഥിതിസൌഹൃദമാക്കുന്നതിനുള്ള നിർദേശങ്ങളും അദ്ദേഹം മുന്നോട്ട് വെയ്ക്കുന്നുണ്ട്. ഇത്തരത്തിലുള്ള പഠനങ്ങളാണ് ഈ മേഖലയിൽ നടന്നിരുന്നത്.

രാഷ്ട്രീയപ്രസംഗങ്ങൾ, പരിസ്ഥിതിയുമായി ബന്ധപ്പെട്ട പരസ്യങ്ങൾ, പരിസ്ഥിതിയുമായി ബന്ധപ്പെട്ട ലേഖനങ്ങൾ തുടങ്ങിയ പാഠങ്ങളെ പാരിസ്ഥിതികവീക്ഷണത്തിൽ നിന്നുകൊണ്ട് വിമർശനാത്മകമായി പരിശോധിക്കുന്ന രീതിയാണ് പാഠവിമർശനം (Hara, Brockmeir, Muhlhausler: 1999). ഡാനിഷ് ഭാഷാചിന്തകരായ യോർഗൻബാംഗും യോർഗൻഡ്യൂറും (1995, 2007) ഭാഷണ സന്ദർഭങ്ങളിലെ പദപരാമർശങ്ങളെ പാഠാന്തരം (inter-textual), പാഠബാഹ്യം (intra-textual), പാഠേതരം (extra textual) എന്നിങ്ങനെ തിരിച്ചറിയുവാനാണ് ശ്രമിക്കുന്നത്. കാരണം പദങ്ങളുടെ പാഠാന്തരബന്ധങ്ങൾ അർഥവിജ്ഞാനത്തിന്റേയും പാഠബാഹ്യബന്ധങ്ങൾ വാക്യവിചാരത്തിന്റേയും പാഠേതരബന്ധങ്ങൾ പ്രയുക്തഭാഷാശാസ്ത്രത്തിന്റേയും മേഖലയാണ്. മനുഷ്യരെ സാമൂഹികവും പാരിസ്ഥിതികവുമായ പരിസരങ്ങളിൽ വെച്ച് മനസിലാക്കാൻ ശ്രമിക്കുന്നതു പോലെത്തന്നെ പദങ്ങളേയും മനസിലാക്കാൻ ശ്രമിക്കണമെന്നാണ് അദ്ദേഹത്തിന്റെ നിരീക്ഷണം. പരസ്പര സഹകരണം, പങ്കുവെയ്ക്കൽ, ജനാധിപത്യസംവാദം, അഹിംസ, സമത്വം, പാരിസ്ഥിതിക സുസ്ഥിരത എന്നിവയാണ് പരിസ്ഥിതിഭാഷാശാസ്ത്രത്തിന്റെ ദർശനങ്ങളെന്ന് യോർഹെൻ ബാംഗ് (2007) അഭിപ്രായപ്പെട്ടു. പത്രവാർത്തകളിലെ പദാവലി ശേഖരിച്ചുകൊണ്ട് മാത്തിയാസ് യുങ് (2001) നടത്തിയ മറ്റൊരു പഠനത്തിൽ അദ്ദേഹം പറയുന്നത്; ആരോഗ്യകരമായ പ്രകൃതിദത്ത ഊർജത്തെ ദുരുപയോഗം ചെയ്യാനുള്ള പ്രേരണ ഭാഷയുടെ കൂടി ഇടപെടലാണെന്നാണ്.

ഭാഷാപരിസ്ഥിതിയും ജൈവവൈവിധ്യവും

അതേസമയം തന്നെ പരിസ്ഥിതിയും ജൈവവൈവിധ്യവും ഭാഷകസമൂഹവും തമ്മിലുള്ള ബന്ധങ്ങളിലൂന്നിയുള്ള പഠനങ്ങളും വികസിക്കുന്നുണ്ടായിരുന്നു. പരിസ്ഥിതി (Ecology) എന്ന രൂപകത്തിന് ഭാഷകസമൂഹത്തിന്റെ ഭൗതികപരിസ്ഥിതിയും ഇതര ജീവജാലങ്ങളും തമ്മിലുള്ള പാരസ്പര്യമെന്ന അർഥമാണ് ഭാഷാശാസ്ത്രം പരിഗണിച്ചത് (Einar Haugen: 1972). ജൈവവ്യൂഹം നേരിടുന്ന പരിസ്ഥിതിപ്രശ്നങ്ങൾ പോലെത്തന്നെ ഭാഷാലോകവ്യൂഹവും ഭീഷണി നേരിടുന്നുണ്ടെന്ന പഠനങ്ങൾ ഈ ഘട്ടത്തിൽ ഏറെ ശ്രദ്ധിക്കപ്പെട്ടു. നോർമാൻ ഡെനിസണ് (1982), നിക്കോളാസ് ജെ (1990, 1992), ലൂയിസ മാഫി (1998), Wolfram, Walt, Schilling (1998), ഡാനിയേൽ നെറ്റിൽ, സൂസന്ന റൊമയ്നെ (2000) ടോവ് സ്കട്നാബ്

കാംഗാസ് (2000), കോളാർഡ്, ഫോളി (2002), മന്നെ (2003) തുടങ്ങിയ ഗവേഷകരുടെ പഠനങ്ങൾ ഇതിന് ഉദാഹരണങ്ങളാണ്. തദ്ദേശീയമായ ആവാസവ്യവസ്ഥയിൽ ദീർഘകാലം പ്രതിപ്രവർത്തിച്ച് പരിവർത്തനപ്പെടുന്ന ചെറു സമൂഹങ്ങൾ തങ്ങളുടെ പരിസ്ഥിതിയെ സ്വാംശീകരിക്കുന്നതോടൊപ്പം തന്നെ ആ പരിസ്ഥിതിയെ പരിഷ്കരിക്കുകയും ചെയ്യുന്നതിനാൽ പരിസ്ഥിതിയെ സൂക്ഷ്മമായി വിലയിരുത്താനും അറിവുകൾ ശേഖരിക്കാനും ഇതിലൂടെ സാധിക്കുന്നുവെന്നും ഇത്തരത്തിൽ ശേഖരിക്കപ്പെടുന്ന അറിവുകളെ വിവിധ രൂപങ്ങളിൽ ഭാഷയിലൂടെ തലമുറകളിലേക്ക് കൈമാറ്റം ചെയ്യുകയും ചെയ്യുന്നുവെന്നുമാണ് ഈ പഠനങ്ങൾ വ്യക്തമാക്കുന്നത്. അതിനാൽ തന്നെ ഇത്തരം ചെറുഭാഷകളുടെ നാശം പാരിസ്ഥിതികജ്ഞാനശോഷണത്തിനു കാരണമായിത്തീരുകയും ചെയ്യും.

പരിസ്ഥിതിഭാഷാശാസ്ത്രം

തദ്ദേശീയസമൂഹങ്ങളുടെ ഭാഷാസാംസ്കാരികനാശത്തിന്റെ പ്രധാന കാരണം സാമ്രാജ്യത്വവും അധിനിവേശവും തന്നെയായിരുന്നു. തദ്ദേശീയഭാഷകൾക്കു മേൽ അധിനിവേശിത ഭാഷകൾ ആധിപത്യമുറപ്പിച്ചതിനെയാണ് റോബർട്ട് ഫിലിപ്സൺ (1992) ഭാഷാസാമ്രാജ്യത്വമെന്ന് (Linguistic Imperialism) വിളിച്ചത്. അധിനിവേശവും സാമ്രാജ്യത്വവും അധിനിവേശിത രാജ്യങ്ങളിലെ ഇക്കോളജിയേയും സമൂഹങ്ങളേയും കൊള്ളയടിക്കുകയും പാശ്ചാത്യശക്തികളുടെ ഉല്പാദനവിപണന പ്രക്രിയകൾക്കുള്ള അസംസ്കൃത വസ്തുക്കൾ സൃഷ്ടിക്കാനായി കോളനിരാജ്യങ്ങളിലെ ജൈവവൈവിധ്യം നശിപ്പിച്ചുകൊണ്ട് വാണിജ്യവിളകളുടെ ഏകവിളത്തോട്ടങ്ങൾ ലോകമെമ്പാടും സൃഷ്ടിക്കുകയും ചെയ്തത് ജൈവവൈവിധ്യനാശത്തിനും ആദിമജനതയുടെ സാസ്കാരികനാശത്തിനും വഴി വെച്ചുവെന്ന് മാർക്സിസ്റ്റ് സൈദ്ധാന്തികനായ ജോൺബെല്ലാമി ഫോസ്റ്റർ(1994) വ്യക്തമാക്കുന്നുണ്ട്. ഈയൊരു പശ്ചാത്തലത്തിൽ പരിസ്ഥിതിസംരക്ഷണവും ഭാഷാസംരക്ഷണവും പരസ്പരപൂരകങ്ങളാണെന്ന് വ്യക്തമാക്കുന്ന പഠനങ്ങൾ ശ്രദ്ധിക്കപ്പെട്ടതോടെ മുതലാളിത്തത്തിന്റെ ചൂഷണാത്മക മനോഭാവത്തിനോടുള്ള വിമർശനാത്മക സമീപനമെന്ന രീതിയിൽ പരിസ്ഥിതിഭാഷാശാസ്ത്രം രൂപാന്തരപ്പെട്ടു. തദ്ദേശീയ സമൂഹങ്ങളുടെ ഭാഷ, സംസ്കാരം എന്നിവയോടൊപ്പം പ്രാദേശിക പരിസ്ഥിതിയും സംരക്ഷിക്കപ്പെടേണ്ടതുണ്ട് എന്ന ചിന്തയും ഇതിനോടൊപ്പം വളർന്നു. 1990കളോ

ടെയാണ് പരിസ്ഥിതിയും ഭാഷയും തമ്മിലുള്ള ബന്ധത്തെക്കുറിച്ചുള്ള പഠനങ്ങൾ പരിസ്ഥിതിഭാഷാശാസ്ത്രം എന്ന പുതിയ ശാഖയായി വികസിച്ചു തുടങ്ങിയത് (Alwin Fill, Muhlhausler: 2001). പരിസ്ഥിതിഭാഷാശാസ്ത്രത്തിന്റെ പ്രധാന ലക്ഷ്യങ്ങളെ താഴെ സൂചിപ്പിക്കും വിധം സംഗ്രഹിക്കാം.

പ്രകൃതിയെക്കുറിച്ചുള്ള അവബോധത്തെ ഭാഷ പ്രതിഫലിപ്പിക്കുകയും സ്വാധീനിക്കുകയും രൂപപ്പെടുത്തുകയും ചെയ്യുന്നതെങ്ങനെ എന്ന് അന്വേഷിക്കുന്നതിനോടൊപ്പം ഈ രൂപപ്പെടുന്ന ഭാഷ പാരിസ്ഥിതികാവബോധത്തിന് അനുകൂലമാണൊ പ്രതികൂലമാണൊ എന്നും നിരീക്ഷിക്കുന്നു.

മാധ്യമങ്ങൾ, വിദ്യാഭ്യാസം, നയരൂപീകരണങ്ങൾ, നിത്യജീവിതത്തിലെ സംഭാഷണങ്ങൾ എന്നിവയിലെല്ലാമുള്ള പാരിസ്ഥിതിക വ്യവഹാരങ്ങളെ ഭാഷാശാസ്ത്രപരമായി വിശകലനം ചെയ്യുന്നു.

ഉപഭോക്തൃ സംസ്കാരം, വ്യവസായവൽക്കരണം, സാമ്രാജ്യത്വം, പ്രകൃതിവിഭവ ചൂഷണം തുടങ്ങിയ പ്രശ്നങ്ങൾ ഭാഷയെ സ്വാധീനിക്കുന്നതും ഭാഷകമനോഭാവത്തിൽ മാറ്റം വരുത്തുന്നതും എങ്ങനെ എന്നു കണ്ടെത്തുന്നു.

ഭാഷയിലെ പ്രകൃതിവിരുദ്ധപ്രയോഗങ്ങളേയും മനുഷ്യകേന്ദ്രിതത്വത്തേയും ഒഴിവാക്കി, പരിസ്ഥിതിസൗഹൃദപരമായി ഭാഷയെ പുനർനിർമിക്കാൻ ശ്രമിക്കുന്നു.

തദ്ദേശീയഭാഷയിലെ ജ്ഞാനങ്ങളെ നിലനിർത്തിക്കൊണ്ട് ഭാഷാവൈവിധ്യത്തെ സംരക്ഷിക്കുന്നതിന് ശ്രമിക്കുന്നു.

1991 മുതൽ 2015 വരെയുള്ള പരിസ്ഥിതിഭാഷാശാസ്ത്രപഠനങ്ങളെ വിശകലനം ചെയ്യുന്ന ഒരു പഠനത്തിൽ (Sibo Chen: 2016) ഭൂമിശാസ്ത്രപരമായ അതിർത്തികൾക്കപ്പുറം, ബഹുഭാഷകളെ പ്രോൽസാഹിപ്പിക്കുകയും വിനിമയം ചെയ്യുകയും ചെയ്യുന്ന മേഖലയായി മാറാൻ പരിസ്ഥിതിഭാഷാശാസ്ത്ര പഠനങ്ങൾക്കു സാധിക്കുന്നുണ്ട് എന്ന് വ്യക്തമാക്കുന്നു. തദ്ദേശീയപഠനങ്ങളെ ആഗോളതലത്തിൽ അടയാളപ്പെടുത്തുകയും പാശ്ചാത്യ വിജ്ഞാന സിദ്ധാന്തങ്ങളോടൊപ്പം, ലോകത്തെവിടേയുമുള്ള വിജ്ഞാനസിദ്ധാന്തങ്ങളെക്കൂടി സംയോജിപ്പിക്കുകയും ചെയ്തുകൊണ്ട് മനുഷ്യബന്ധങ്ങളുടെ സങ്കീർണതകളെ അനാവരണം ചെയ്യാനുതകുംവിധമാണ് പരിസ്ഥിതിഭാഷാശാസ്ത്രപഠനങ്ങൾ വികസിക്കേണ്ടതെന്നും അദ്ദേഹം കൂട്ടിച്ചേർക്കുന്നു.

യുനെസ്കോയുടെ നേതൃത്വത്തിൽ ഭാഷാപരിസ്ഥിതിയിലൂന്നി ഒട്ടനവധി പ്രവർത്തനങ്ങൾ നിലവിൽ നടന്നു വരുന്നുണ്ട്. 2019നെ ഐക്യരാഷ്ട്രസംഘടന അന്താരാഷ്ട്ര തദ്ദേശീയഭാഷാവർഷമായി (International Year of Indigenous Languages) പ്രഖ്യാപിച്ചിരുന്നു. ഗോത്ര-ഗോത്രേതര- തദ്ദേശീയഭാഷകളെ നിലനിർത്തുക, ചെറുസമൂഹങ്ങളുടെ ഭാഷാവകാശങ്ങളെയും അറിവുകളെയും സംരക്ഷിക്കുക തുടങ്ങിയ ആശയങ്ങളെ ലോകത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുക എന്നതാണ് ഐക്യരാഷ്ട്രസംഘടന ഈ പ്രഖ്യാപനത്തിലൂടെ ലക്ഷ്യം വെയ്ക്കുന്നത്. ലോകത്തെ വലുതും ചെറുതുമായ ഭാഷകൾ അതിഭീകരമായി അപകടത്തിലായിക്കൊണ്ടിരിക്കുകയാണ് എന്ന തിരിച്ചറിവിന്റെ ഭാഗമാണ് ഈ പ്രഖ്യാപനം. മാത്രമല്ല, തദ്ദേശീയ സമൂഹങ്ങളുടെ ഭാഷകളും അറിവുകളും ശേഖരിക്കുന്നതിനും സംരക്ഷിക്കുന്നതിനും വേണ്ടി ഐക്യരാഷ്ട്രസംഘടനയുടെ ജനറൽ അസംബ്ലി (റെസല്യൂഷൻ A/RES/74/135) 2022 നും 2032 നും ഇടയിലുള്ള കാലഘട്ടത്തെ തദ്ദേശീയ ഭാഷകളുടെ അന്താരാഷ്ട്ര ദശകമായി (IDIL 2022-2032) പ്രഖ്യാപിച്ചിട്ടുണ്ട്. തദ്ദേശീയ സമൂഹങ്ങൾക്ക് അവരുടെ ഭാഷകൾ സംരക്ഷിക്കാനും പുനരുജ്ജീവിപ്പിക്കാനും പ്രോത്സാഹിപ്പിക്കാനുമുള്ള അവകാശം ഉറപ്പാക്കാനും ഭാഷാവൈവിധ്യത്തെയും ബഹുഭാഷിത്വത്തെയും സുസ്ഥിര വികസനത്തിന്റെ ഭാഗമാക്കാനുമാണ് ഈ ശ്രമം.

പരിസ്ഥിതിഭാഷാശാസ്ത്രത്തിന്റെ സാധ്യതകൾ

തദ്ദേശീയ സമൂഹങ്ങളുടെ ജ്ഞാനാർജനത്തെക്കുറിച്ച് പഠിക്കുന്നതിനായി ഉപയോഗപ്പെടുത്താവുന്ന ഒരു അന്തർവൈജ്ഞാനിക ഭാഷാശാസ്ത്ര ശാഖയാണ് പരിസ്ഥിതിഭാഷാശാസ്ത്രം. ഒരു സമൂഹത്തിന്റെ പാരിസ്ഥിതികമായ അറിവുകൾ, വർഗീകരണ യുക്തികൾ, അറിവു നിർമാണത്തിന്റെ രീതിശാസ്ത്രം എന്നിവയെല്ലാം പഠിക്കുന്നതിന് പരിസ്ഥിതിഭാഷാശാസ്ത്രത്തിന്റെ രീതിശാസ്ത്രത്തിലൂടെ സാധിക്കുന്നു. ഏൾ ഷോറിസിന്റെ (2000) ഒരു പഠനത്തിൽ വടക്കെ അമേരിക്കയിലെ ജൈവസമ്പന്നമായ മായൻ വനത്തിലെ നീലശലഭങ്ങളും ഭാഷയും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് വിശദീകരിക്കുന്നുണ്ട്. മായൻ ഭാഷയിൽ 9 തരം നീലശലഭങ്ങളുണ്ടെങ്കിലും സ്പാനിഷ് വിവർത്തനത്തിൽ 3 തരം നീലശലഭങ്ങളെക്കുറിച്ച് മാത്രമെ രേഖപ്പെടുത്തിയിട്ടുള്ളൂ. ബാക്കി 6 നീലശലഭങ്ങളും നീലയുടെ വകഭേദങ്ങളെ സൂചിപ്പിക്കുന്ന പദങ്ങളും കാല

ക്രമേണെ മനുഷ്യബോധത്തിൽ നിന്ന് മാഞ്ഞു പോകുമെന്നാണ് ഷോറിസ് അഭിപ്രായപ്പെടുന്നത്. അതോടെ അവയെക്കുറിച്ചുള്ള അറിവുകളും ഇല്ലാതായിത്തീരും.

ബാലിനീസ് ഭാഷയിൽ അപൂർവ സസ്യങ്ങളുടെ നാമങ്ങളെ അടയാളപ്പെടുത്തിയിരിക്കുന്ന രീതിയും വിദ്യാഭ്യാസത്തിൽ അവയെ ഉൾപ്പെടുത്തേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ചും വ്യക്തമാക്കുന്നതാണ് I Made Suweta (2013) യുടെ പ്രബന്ധം. വിശ്വാസങ്ങൾ, മാന്ത്രിക- താന്ത്രികം, താമസം, ഭക്ഷണം, കൃഷി, കന്നുകാലി വളർത്തൽ, ഔഷധം എന്നിവയുമായി ബന്ധപ്പെട്ട സസ്യങ്ങളുടെ പേരുകൾ ശേഖരിച്ച് നടത്തിയ ഈ പഠനത്തിൽ അപൂർവ സസ്യങ്ങളെ സംരക്ഷിക്കാൻ അവയെ പഠനമാധ്യമത്തിൽ ഉൾപ്പെടുത്തേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ച് വ്യക്തമാക്കുന്നുണ്ട്. ചില സസ്യങ്ങൾക്ക് വംശനാശം സംഭവിച്ചുവെങ്കിലും അവ വ്യവഹാരങ്ങളിൽ നിലനിൽക്കുന്നതിനെക്കുറിച്ചും ഈ പഠനത്തിൽ സൂചിപ്പിക്കുന്നുണ്ട്.

ദക്ഷിണ പസഫിക്കിനടുത്തുള്ള നോർഫോക് പ്രദേശത്തെ സ്ഥലനാമങ്ങളെ, പരിസ്ഥിതിഭാഷാശാസ്ത്ര വീക്ഷണത്തിൽ വിശകലനം ചെയ്യുന്ന പഠനത്തിൽ (ജോഷ്വ നാഷ്: 2015) മനുഷ്യരും പരിസ്ഥിതിയും തമ്മിലുള്ള സാമൂഹ്യവിനിമയത്തെ പ്രതിഫലിപ്പിക്കുന്നതാണ് സ്ഥലനാമങ്ങളെന്ന് വ്യക്തമാക്കുന്നുണ്ട്. പൂർവകാല പ്രകൃതിയും മനുഷ്യനും തമ്മിലുള്ള വിനിമയബന്ധത്തിന്റെ ഓർമയാണ് ഓരോ ഭാഷയെന്നും ഈ ഓർമകളെ വഹിക്കുന്ന ചാലകമാവാൻ സ്ഥലനാമങ്ങൾക്കു സാധിക്കുന്നുണ്ടെന്നും ഈ പഠനത്തിൽ അഭിപ്രായപ്പെടുന്നു.

വടക്കൻ സുമാത്രയിലെ കാരനീസ് (Karonese) ഭാഷ സംസാരിക്കുന്ന 7 ഗ്രാമങ്ങളിലെ പരമ്പരാഗത ഭക്ഷണങ്ങളിലെ സസ്യനാമങ്ങളെക്കുറിച്ചുള്ള പഠനത്തിൽ (Bahagia Tarigan, Eddy Setia etc.: 2016) സാംസ്കാരിക മാറ്റം പരമ്പരാഗത ഭക്ഷണരീതിയെ സ്വാധീനിക്കുന്നതിനാൽ സസ്യനാമങ്ങൾ വിസ്മരിക്കപ്പെടുന്നുവെന്ന് കണ്ടെത്തുന്നുണ്ട്. സസ്യനാമങ്ങൾ വിസ്മരിക്കപ്പെടുന്നതോടെ അവ വംശനാശത്തിനു വിധേയമാകുകയും ചെയ്യുന്നുവെന്നാണ് ഈ പഠനത്തിന്റെ കാതൽ. വടക്കൻ സുമാത്രയിലെ തോബ ബതക് എന്ന ഗോത്രത്തിന്റെ ഭാഷയിലെ ജലവുമായി ബന്ധപ്പെട്ട പദങ്ങളെ ആസ്പദമാക്കി തരിദ അൽവിന സിമൻജുൻതാക് (2019) നടത്തിയ പഠനത്തിൽ ഗോത്രത്തിലെ പുതുതലമുറ ഈ പദങ്ങളെക്കുറിച്ച് അജ്ഞരാണ് എന്നാണ് കണ്ടെത്തുന്നത്.

ബംബാംഗ് പ്രസ്റ്റ്യോ, അനംഗ് സന്റോസൊ തുടങ്ങിയവർ നടത്തിയ ഒരു പഠനത്തിൽ (2023) വംശനാശത്തിന്റെ വക്കിലെത്തി നിൽക്കുന്ന അനക് ദലം ജാംബി ഗോത്രത്തിന്റെ ഭാഷയിലെ വനവുമായി ബന്ധപ്പെട്ട പദങ്ങളും ആശയങ്ങളും ശേഖരിച്ച് അർഥവിശകലനം ചെയ്ത് വനസംരക്ഷണവുമായി ബന്ധപ്പെട്ട അവരുടെ ബോധം കണ്ടെത്താനാണ് ശ്രമിക്കുന്നത്. പ്രസ്തുത ഗോത്രത്തിന്റെ പ്രത്യയശാസ്ത്രം, ജീവശാസ്ത്രം, സാമൂഹ്യശാസ്ത്രം, സാംസ്കാരിക ബോധം എന്നിവയെല്ലാം പ്രകൃതിവിഭവങ്ങളുടെ സൂക്ഷ്മമായ വിനിയോഗത്തെയും വനസംരക്ഷണ ബോധത്തെയും അടിസ്ഥാനമാക്കിയുള്ളതാണെന്ന് കണ്ടെത്താൻ ഈ പഠനത്തിലൂടെ സാധിച്ചിട്ടുണ്ട്. ഈ പ്രത്യയശാസ്ത്രങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിച്ചാൽ വനം നശിക്കുമെന്ന ബോധവും അവർക്കുള്ളതായി ഈ പഠനത്തിലൂടെ വ്യക്തമാക്കുന്നു. ഇന്തോനേഷ്യയിലെ പാഗ ഭാഷയിലെ നാടൻപാട്ടുകളെ പരിസ്ഥിതിഭാഷാശാസ്ത്രപരമായി വിശകലനം ചെയ്യുന്ന ഒരു പഠനത്തിൽ (2020) നാടൻപാട്ടുകൾ പ്രസ്തുത സമൂഹത്തിന്റെ പരിസ്ഥിതിയെ ആഴത്തിൽ പ്രതിഫലിക്കുന്നതായി കണ്ടെത്തുന്നുണ്ട്.

ഉപസംഹാരം

ഇന്ത്യയിൽ ഭാഷാവൈവിധ്യങ്ങളെക്കുറിച്ചും ഭാഷാനാശങ്ങളെക്കുറിച്ചും പഠനങ്ങൾ നടന്നിട്ടുണ്ടെങ്കിലും ഭാഷയെ പരിസ്ഥിതിയുമായി ബന്ധപ്പെടുത്തിയുള്ള പഠനങ്ങൾ വളരെ കുറവാണ്. എം. ശ്രീനാഥന്റെ പഠനങ്ങളിൽ (1997, 1998, 2002, 2005, 2008, 2009, 2011, 2014, 2018) ഇന്ത്യയിലെ ആദിവാസിഭാഷകൾ നേരിടുന്ന പ്രതിസന്ധികളെക്കുറിച്ചും തദ്ദേശീയ ജ്ഞാനങ്ങളുടെ നഷ്ടത്തെക്കുറിച്ചും സൂചിപ്പിക്കുന്നുണ്ട്. ആന്തമാനിലെ ആദിവാസിഗോത്രങ്ങളുടെ ഭാഷയും പരിസ്ഥിതിയും സംസ്കാരവും തമ്മിലുള്ള വിനിമയബന്ധത്തെ സൂചിപ്പിക്കുന്നതാണ് ഈ പഠനങ്ങൾ . അന്വിത അബിയുടെ (2006) പഠനത്തിൽ ആന്തമാനിലെ ആദിവാസിവിഭാഗങ്ങളുടെ തദ്ദേശീയജ്ഞാനത്തെക്കുറിച്ചും വായ്മൊഴിഭാഷകൾ സംരക്ഷിക്കപ്പെടേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ചും വ്യക്തമാക്കുന്നുണ്ട്. 2004ൽ ഇന്ത്യൻ മഹാസമുദ്രത്തിലും ബംഗാൾ ഉൾക്കടലിലുമുണ്ടായ സുനാമിയിൽ നിന്നും ആന്തമാനിലെ ആദിവാസിവിഭാഗങ്ങൾ അൽ ഭുതകരമായി രക്ഷപ്പെട്ടതിനെക്കുറിച്ചു വിശദീകരിച്ചുകൊണ്ടാണ് അൻവിത അബി തദ്ദേശീയ ജ്ഞാനങ്ങളുടേയും വാ

യ്മൊഴികളുടേയും പ്രാധാന്യത്തെക്കുറിച്ച് പ്രതിപാദിക്കുന്നത്. അന്വിത അബിയും സതീഷ് പാണ്ഡെയും രചിച്ച (2011) ആന്തമാനിലെ പക്ഷികളെക്കുറിച്ചുള്ള ഗ്രന്ഥവും ഈ രംഗത്തെ സുപ്രധാന പഠനങ്ങളിലൊന്നാണ്.

കേരളത്തിൽ പരിസ്ഥിതിഭാഷാശാസ്ത്രത്തെ പരിചയപ്പെടുത്തുന്ന ഒരു പുസ്തകം (ടി. ശ്രീവൽസൻ, 2013) മാത്രമാണ് നിലവിലുള്ളത്. ചില ലേഖനങ്ങൾ ഈ വിഷയത്തെ സംബന്ധിച്ച് പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. ഒരു ഗോത്രവിഭാഗത്തിന്റെ ഭാഷയെ പരിസ്ഥിതിഭാഷാശാസ്ത്ര സമീപനത്തിൽ വിശകലനം ചെയ്യുന്ന പഠനങ്ങൾക്ക് ഗോത്രസമ്പന്നമായ കേരളത്തിൽ സാധ്യതകളുണ്ടെങ്കിലും നിലവിൽ ചോലനായ്ക്ക ഗോത്രവിഭാഗത്തിന്റെ ഭാഷയെ ആസ്പദമാക്കിയുള്ള പഠനങ്ങൾ മാത്രമാണുള്ളത്. പശ്ചിമഘട്ട പർവതനിരകളിൽ പ്പെടുന്ന കരുളായി, ചുങ്കത്തറ, വഴിക്കടവ് വനമേഖലകളിലെ ഉൾവനങ്ങളിൽ താമസിക്കുന്ന ഗോത്രവിഭാഗമായ ചോലനായ്ക്കരെക്കുറിച്ചുള്ള ലേഖികയുടെ പഠനങ്ങളിൽ (2020, 2021) ചോലനായ്ക്കരുടെ പരിസ്ഥിതിബോധം, വർഗീകരണ രീതികൾ, പദനിർമിതിയുടെ സവിശേഷതകൾ എന്നിവയെല്ലാം കണ്ടെത്താനാണ് ശ്രമിച്ചിരിക്കുന്നത്. ജൈവസമ്പന്നമായ ഒരാവാസവ്യൂഹത്തിൽ താമസിക്കുന്ന ജനതയായതിനാൽത്തന്നെ ചോലനായ്ക്കരുടെ ഭാഷയും ജൈവവൈവിധ്യത്താൽ അതിസമ്പന്നമാണ്. നഗ്നനേത്രങ്ങളാൽ കാണാൻ സാധിക്കുന്ന സർവചരാചരങ്ങൾക്കും ചോലനായ്ക്കർ പേരുകൾ നൽകിയിട്ടുണ്ട്. ചോലനായ്ക്കരുടെ ഭാഷയും പരിസ്ഥിതിയും തദ്ദേശീയ ജ്ഞാനവും തമ്മിലുള്ള ബന്ധം കണ്ടെത്താൻ ഈ പഠനങ്ങൾക്കായിട്ടുണ്ട്. കേരളത്തിലെ മറ്റു ഗോത്രവിഭാഗങ്ങളുടെ ഭാഷയേയും പരിസ്ഥിതിയേയും ബന്ധപ്പെടുത്തിയുള്ള പഠനങ്ങൾ ഇനിയും സജീവമാകേണ്ടതുണ്ട്.

ഒരു ജനതയുടെ പാരിസ്ഥിതികമായ അറിവുകൾ ഉള്ളടങ്ങിയിരിക്കുന്ന പദങ്ങൾ, ഭാഷാപ്രയോഗങ്ങൾ, കഥകൾ, കവിതകൾ, മിത്തുകൾ, ചരിത്രങ്ങൾ എന്നിങ്ങനെയുള്ള സാംസ്കാരികരൂപങ്ങളെ കൃത്യമായി ഡോക്യുമെന്റ് ചെയ്യുകയും പരിസ്ഥിതിഭാഷാശാസ്ത്രപരമായി വിശകലനം ചെയ്യുകയും ചെയ്യുന്നതിലൂടെ തദ്ദേശീയ ജ്ഞാനസംരക്ഷണം ഉറപ്പു വരുത്താനും ഭാഷാനാശം ചെറുക്കാനും നമുക്കാവുന്നതാണ്.

സഹായക ഗ്രന്ഥ- ലേഖനസൂചി

1. മധുസൂദനൻ. ജി., കഥയും പരിസ്ഥിതിയും. കോട്ടയം ഡി. സി ബുക്സ്, 2006 (2000). (22-23)
2. ശ്രീവൽസൻ. ടി., ഹരിതഭാഷാവിചാരം. തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2013.
3. Alwin fill, Peter Muhlhausler (eds)., The Ecolinguistic reader. New York: continuum press, 2001.
4. Andrew goatly, Green grammar and grammatical metaphor, or language and myth of power, or metaphors we die by. In The Ecolinguistic reader. Alwin fill, Peter Muhlhausler (eds). New York: continuum press, 1996 (2001).
5. Anvita Abbi, Endangered languages of the Andaman islands. Germany: Lincom GmbH. Google scholar, 2006.
6. Arne Naess, The Shallow and the Deep -Long Range Ecology Movement: A Summary, 1973.
7. Bahagia Tarigan, Eddy Setia, Dwi Wdayati, Aron Meko Mbete, Language maintenance and shift of floras lexicons in Karonse traditional food: an Ecolinguistic perspective. Communication and linguistics studies, 2016. http:/ www. sciencepublishinggroup. com/ j/cls
8. Bang, Jurgen Christian and Jurgen Door, Language, Ecology and Society. A Dialectical Approach. Sune Vorkteffensen, Joshua Nash (Ed). London: Continuum, 2007.
9. Beth Schultz, Language and the natural environment. In The Ecolinguistic reader. Alwin fill, Peter Muhlhausler (eds). New York: continuum press, 1992 (2001).
10. Daniel nettle, Suzanne romaine, Vanishing voices. The extinction of the world's languages. UK: oxford university press. Web of science. Google scholar, 2000.
11. Daniel nettle, Linguistic diversity. Oxford, UK: Oxford University Press, 1999.
12. Edward sapir, Language and environment. In The Ecolinguistics reader. Alwin fill, Peter Muhlhausler (eds). New York: continuum press, 2001 (1912).
13. Einar Haugen, The ecology of language. In The Ecolinguistic reader. Alwin fill, Peter Muhlhausler (eds). New York: continuum press, 1972 (2001).
14. Gorenflo. L. J, Suzanne Romaine, Russell. A, Mittermeier, Kristen Walker-

Paine Milla. Co-occurrence of linguistic and biological diversity in biodiversity hotspots and high biodiversity wilderness areas, 2012. https://doi. org/10. 1073/pans.

15. Haeckel, E. General Morphology of Organisms (Vol. 2, p. 286). Berlin: Georg Reimer, (1866).
16. Halliday. MAK. New ways of meaning- the challenges to applied linguistics. In The Ecolinguistic reader. Alwin fill, Peter Muhlhausler (eds). New York: continuum press, 1990 (2001).
17. Hare. R, Brockmeier. J, Muhlhausler, The Ever-Growing Body of Green speaking And Green writing. A study of environmental discourse. Thousand oak. CA, 1999.
18. I Made Suweta, Ecolinguistics approach in preservation rare plants growing in bali. International journal of linguistics, 2013. Vol. 5. No. 1. URL: http://dx. doi. org/10/5296/ijl. v5il. 3311
19. John Bellamy Foster, Marx's Ecology. New York Monthly Review Press, (2000).
20. Joshua Nash, Placenames and ecolinguistics, some considerations for toponymists, 2015. File://C:\Users\ BRANDED\Downloads\toponymy. gif
21. Lijisha AT, Honey and Bee in Cholanaikka Language: Eco linguistic Analysis. in Tariq Khan (ed), the interplays of language, society and culture., (2020). pp. 190-195, Central Institute of Indian Languages & Linguistic Society of India, Mysuru, ISBN No 978-81-946499-8-4
22. Lijisha AT , Cholanaikka language and imitative sound symbolism. Vijnanakairali, (2021)
23. Lijisha AT, The names of Alais in Cholanaikkan Language. Ishalpaithrkam. December. 2020. ISSN: 2582-550X
24. Lijisha AT, Cholanaikka Language; An Eco linguistic Study. PhD Thesis, (2020).
25. Luisa Maffi. (ed), On biocultural diversity. Linking language, knowledge and the environment. Washington, DC: Smithsonian institution press. Google Scholar, 2001.
26. Manne, Nothing has yet lasted forever: current and threatened levels of biological diversity. Evol ecol res 5., 2003. Pp. 517-527 Google scholar
27. Norman Denison, A linguistic ecology for Europe. In The Eco linguistic reader. Alwin fill, Peter Muhlhausler (eds). New York: continuum press, 2001 (1982).

28. Peter Finke, Identity and manifoldness- new perspective in science, language and politics. In The Eco linguistic reader. Alwin fill, Peter Muhlhausler (eds). New York: continuum press, 2001 (1996).
29. Robert Phillipson, Linguistic imperialism. Oxford: Oxford University Press. 1992. https://www. researchgate. net/publication/31837620_Linguistic_Imperialism_R_Phillipson/link/5c21fd03a6fdccfc70671565/download
30. Sibo Chen, Language and ecology: a content analysis of ecolinguistics as an emerging field. Ampersand, 2016. www. elsevier. com/locate/amper
31. Sreenathan. M., Eco dynamics of Folklore. National seminar on tribal societies and sustainable development. Department of anthropology. Ooty: University of madras and tribal research Centre. (proceedings), 1997.
32. Sreenathan. M., Eco- traits and language: an eco- linguistics study. Section of anthropology and archaeology. Indian science congress. (proceedings), 1998.
33. Sreenathan. M., Eco Friendliness; An Ecolinguistics Study Based on Foragers of India. International conference on urgent research in anthropology in South- East Asia with special reference to India. Anthropological survey of India in collaboration with the commission on urgent anthropological research South- East Asia Centre of the international union of anthropological and ethnological sciences Vienna. (proceedings), 2002.
34. Sreenathan. M. 2008. Eco lexicon in Endangered Languages of Andaman Islands. Tribal development in India. Awadhesh Kumar Singh (Ed). New Delhi: serials publication
35. Sreenathan. M., Bleeding languages of south India. Issues and prospects. In Endangered languages in India. Kamalini Sen Gupta. (ed). New Delhi: INTACH, 2009.
36. Sreenathan. M., Language Diversity, Indigenous Knowledge and Biodiversity Conservation: The Symbiosis. Journal of social anthropology. Vol. 6. No. 1-2. , 2009. Pp. 1-10
37. Sreenathan. M., Language vs language endangerment in India. Journal of social anthropology, 2011. Vo. 8. No. 1-2.
38. Sreenathan. M., Subaltern linguistic identities in India: Current issues and future prospects. In Tribes and analogous people of India: contemporary issues. Francis Kulirani, Misra, K. K. (Eds). ISBN 8121213037, 2014.

39. Suzanne Romaine, Planning for the survival of linguistic diversity. Language policy. Google scholar, 2006.
40. Threadgold, T., Postmodernism, systematic- functional linguistics as metalanguage and the practice of cultural critique. Christie f. (ed). Literacy in social processes, 1991, 60-82
41. Tommi Yuniawan, Father Rokhman, Rustono, Hari Bakti Mardikantoro, The Study of Critical Eco linguistic in Green Discourse: Prospective Eco-Linguistic Analysis. Humaniora, 2017. Vol. 29. No. 2. P 291-300.
42. Tove Skutnabb Kangas, David Harmon, Biological Diversity and Language Diversity; Parallels and Differences, 2015. www. Researchgate. Net
43. Wilhem Trampe, Language and ecological crisis- extracts from dictionary of industrial agriculture. In The Ecolinguistic reader. Alwin fill, Peter Muhlhausler (Eds). New York: continuum press, 2001 (1990)
44. William. F. Macky, The ecology of language shift. In The Ecolinguistic reader. Alwin fill, Peter Muhlhausler (Eds). New York: continuum press, 1980 (2001).
45. Wolfram, Walt, Natalie Schilling-Estes, Endangered dialects: A neglected situation in the endangerment canon. Southwest Journal of Linguistics, 1998. Vol. 4. Pp. 117-131

തെരഞ്ഞെടുപ്പ് വാർത്താ തലക്കെട്ടുകളിലെ യുദ്ധലക്ഷകങ്ങൾ : ലക്ഷക സിദ്ധാന്തത്തെ അടിസ്ഥാനമാക്കിയുള്ള വിശകലനം

മരിയ സണ്ണി
ഗവേഷക, മലയാള വിഭാഗം
ഗവ. ബ്രെണ്ണൻ കോളേജ്, തലശ്ശേരി

പ്രബന്ധസംഗ്രഹം:

സാമൂഹികവും ഔപചാരിക സ്വഭാവമുള്ളതുമായ ഭാഷാ വിനിമയം ദൈനംദിനാടിസ്ഥാനത്തിൽ നടക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ഭാഷോപാധികളിൽ ഒന്നാണ് ദിനപത്രങ്ങൾ. ദിനപത്രങ്ങളിലെ വാർത്തകളുടെയും അവയിൽ ഉപയോഗിക്കപ്പെടുന്ന ലക്ഷകങ്ങളുടെയും വിശകലനം, വിവിധ സാമൂഹിക രാഷ്ട്രീയ സന്ദർഭങ്ങളിൽ പൊതു വ്യവഹാരങ്ങളെ സംബന്ധിച്ചുള്ള വിവരങ്ങൾ പൊതുജനത്തെ അറിയിക്കാനും അഭിപ്രായങ്ങൾ രൂപപ്പെടുത്താനും ഭാഷ എങ്ങനെ ഉപയോഗിക്കുന്നു എന്നതിനെക്കുറിച്ച് വ്യക്തമായ ധാരണകൾ നൽകുന്നതാണ്. ഇതിന്റെ സൂക്ഷ്മതല വിശകലനത്തിനായി 2024 ലെ ലോകസഭ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് വിവിധ പത്രങ്ങളിൽ വന്നിട്ടുള്ള വാർത്താ തലക്കെട്ടുകളെയാണ് തിരഞ്ഞെടുത്തിരിക്കുന്നത്. ഇവയിൽ വ്യാപകമായി ഉപയോഗിച്ചിരിക്കുന്ന യുദ്ധലക്ഷകങ്ങൾ ലോകയാഥാർഥ്യങ്ങ

ളെ മനസിലാക്കുന്നതിലും വായനക്കാരുടെ ധൈഷണിക സാമൂഹിക ഇടപെടൽ ശേഷിയെ നിർണയിക്കുന്നതിലും എത്രത്തോളം പങ്കുവഹിക്കുന്നു എന്ന് ലക്ഷക സിദ്ധാന്തത്തിന്റെ പരികല്പനകളെ മുൻനിർത്തി പരിശോധിക്കുകയും അതുവഴി യുദ്ധലക്ഷകങ്ങൾക്ക് ഭാഷയിലും മനുഷ്യവ്യവഹാരങ്ങളിലുമുള്ള സ്വാധീനതലത്തിന്റെ വ്യാപ്തി കണ്ടെത്തുകയുമാണ് ഈ പ്രബന്ധത്തിലൂടെ ലക്ഷ്യമിടുന്നത്.

താക്കോൽ വാക്കുകൾ:

ധൈഷണിക മനശാസ്ത്രം,ധൈഷണിക ഭാഷാശാസ്ത്രം, ജ്ഞാനമാതൃക, ലക്ഷക സിദ്ധാന്തം,സദൃശ്യസൃഷ്ടി, സങ്കൽപനലക്ഷകം, യുദ്ധലക്ഷകങ്ങൾ.

ആമുഖം

ഭാഷയെ ശാസ്ത്രീയാപഗ്രഥനത്തിന് വിധേയമാക്കുന്ന വിവിധ സൈദ്ധാന്തിക സമീപനങ്ങൾ ഇന്ന് നിലവിലുണ്ട്. ഈ നവീന സിദ്ധാന്തങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ് ധൈഷണിക ഭാഷാശാസ്ത്രം. ധൈഷണിക മനശാസ്ത്രത്തിന്റെ പരികല്പനകളെ വികസിപ്പിച്ചുകൊണ്ട് രൂപമെടുത്ത ഭാഷാശാസ്ത്ര ശാഖയാണിത്. റൊണാൾഡ് ലംഗാക്കറാണ് ഈ പുതിയ ഭാഷാപഠനപദ്ധതി വികസിപ്പിച്ചെടുത്തത്. മനുഷ്യന്റെ ധൈഷണിക വൃത്തികളിൽ പ്രധാനപ്പെട്ട ഒന്നായി ഭാഷയെ പരിഗണിക്കുകയും സിദ്ധാന്തവത്കരിക്കുകയും ചെയ്യുന്ന ഭാഷാ സമീപനത്തിലെ നവീന ധാരയാണിത്.

മനുഷ്യമനസിന്റെ ജ്ഞാനാർജനപ്രക്രിയകളെയാണ് ധൈഷണികത എന്ന പദം കൊണ്ട് അർത്ഥമാക്കുന്നത്. ചുറ്റുപാടുകളിൽ നിന്ന് സ്വീകരിക്കുന്ന അറിവിനെ വിവിധ മാനസിക വൃത്തികളായ ചിന്ത,സ്മരണ, അപഗ്രഥനം,വർഗീകരണം, പൂർവ്വധാരണ തുടങ്ങിയവയിലൂടെ, വിനിമയം ചെയ്യുന്നതിനുള്ള ആശയങ്ങളാക്കി മാറ്റുകയാണ് ധൈഷണിക പ്രക്രിയകളിലൂടെ പ്രധാനമായും നടക്കുന്നത്. ഭാഷ സ്വതന്ത്രധൈഷണിക സിദ്ധിയല്ല എന്നതാണ് ധൈഷണിക ഭാഷാശാസ്ത്രത്തിന്റെ പ്രധാനപ്പെട്ട പരികല്പനകളിൽ ഒന്ന്. "നാം ചുറ്റുപാടുകളിൽ നിന്ന് ആർജ്ജിക്കുന്ന അറിവാണ് സങ്കല്പനം. ഇന്ദ്രിയജ്ഞാനം വഴിയാണ് അറിവ് ആർജ്ജി

ക്കുന്നത്. ഇന്ദ്രിയാനുഭവങ്ങളിലൂടെ മനസിലെത്തുന്ന വിവരങ്ങൾ ഓർമ്മയിൽ ശേഖരിച്ച് വക്കുന്നു. അവ ആവശ്യമായ സന്ദർഭങ്ങളിൽ ഉപയോഗിക്കുകയും ചെയ്യുന്നു. ഭൗതികയാഥാർത്ഥ്യത്തിൽ വേരോട്ടമുള്ള ഒരു മാനസിക പ്രതിഭാസ മാണ് സങ്കല്പനം. വ്യക്തിയെ ചുറ്റുപാടുകളുമായി ബന്ധിപ്പിക്കുകയാണ് സങ്കല്പന പ്രക്രിയകളിലൂടെ "(ഗിരീഷ് പി. എം. ,2016 :111). ഭാഷയുടെ വ്യാകരണം സങ്കൽപ്പ നപരമാണ് എന്നും ഭാഷയെ കുറിച്ചുള്ള അറിവ് ഭാഷാപ്രയോഗങ്ങളിൽ നിന്നാണ് ഉളവാകുന്നത് എന്നുമുള്ള പരികല്പനകൾ കൂടി ധൈഷണിക ഭാഷാശാസ്ത്രം മുന്നോ ട്ടുവയ്ക്കുന്നുണ്ട്. ധൈഷണിക ഭാഷാശാസ്ത്രത്തിന്റെ ഈ നൂതന പരികല്പനകളുടെ അടിസ്ഥാനത്തിൽ മസ്തിഷ്ക ഗവേഷണങ്ങളുടെ ഫലമായ കണ്ടെത്തലുകളെ കൂടി ഉപയോഗപ്പെടുത്തിക്കൊണ്ട് ജോർജ് ലക്കോഫ് രൂപപ്പെടുത്തിയെടുത്ത സിദ്ധാന്ത മാണ് മെറ്റഫർ തിയറി അഥവാ ലക്ഷക സിദ്ധാന്തം.

ലക്ഷക സിദ്ധാന്തം

ജോർജ് ലക്കോഫ്, മാർക്ക് ജോൺസുമായി ചേർന്നെഴുതിയ 'മെറ്റഫേഴ്സ് വീ ലിവ് ബൈ' എന്ന ഗ്രന്ഥം സങ്കൽപ്പനലക്ഷക സിദ്ധാന്തത്തെകുറിച്ചുള്ള ആധി കാരിക ഗ്രന്ഥമാണ്. മനുഷ്യന്റെ ചിന്തയെയും അനുഭവത്തെയും രൂപപ്പെടുത്തിയെ ടുക്കുന്നതിൽ ലക്ഷകത്തിന്റെ പങ്കെന്ത് എന്നതിനെകുറിച്ചുള്ള ആഴത്തിലുള്ള ഉൾ ക്കാഴ്ചകൾ നൽകുന്ന ഗ്രന്ഥമാണിത്. ലക്ഷകാത്മകമായ ഭാഷ എപ്രകാരമാണ് നമ്മുടെ ആശയധാരണകളെയും ദൈനംദിന ചിന്തയെയും പെരുമാറ്റത്തെയും രൂപപ്പെടുത്തുന്നതെന്നും സ്വാധീനിക്കുന്നതെന്നും ഈ പുസ്തകം ചർച്ച ചെയ്യുന്നു. ലക്ഷകങ്ങൾ കേവലം ഭാഷാപരമായ ഉപാധികളല്ല മറിച്ച് നമ്മുടെ അറിവിന്റെ അടിസ്ഥാനമാണെന്നും യാഥാർത്ഥ്യത്തെ കുറിച്ചുള്ള നമ്മുടെ ധാരണകളെ രൂപ പ്പെടുത്തുന്നവയാണെന്നും ലക്കോഫും ജോൺസും വാദിക്കുന്നു. ലോക യാഥാർത്ഥ്യ ങ്ങൾ മനസ്സിലാക്കുന്നതിൽ ലക്ഷകങ്ങൾ എപ്രകാരം പങ്കുവഹിക്കുന്നു എന്ന് തെളി യിക്കാൻ രാഷ്ട്രീയം മുതൽ വൈകാരികത വരെയുള്ള മാനുഷിക അനുഭവങ്ങളുടെ വിശകലനത്തിലേക്ക് ഇവർ ശ്രദ്ധ ചെലുത്തുന്നുണ്ട്. ലക്ഷകങ്ങളെ അവയുടെ ഘടനയുടെയും സ്വഭാവത്തിന്റെയും അടിസ്ഥാനത്തിൽ വിവിധങ്ങളായി വിഭജിച്ചി ട്ടുണ്ട്. അവയിൽ പ്രധാനപ്പെട്ട ഒന്നാണ് യുദ്ധലക്ഷകങ്ങൾ.

യുദ്ധ ലക്ഷകങ്ങൾ

ശാരീരികേതരമായ സംഘട്ടനങ്ങളെയും പോരാട്ടങ്ങളെയും വിവരിക്കാൻ ദൈനംദിന വ്യവഹാരങ്ങളിൽ യുദ്ധവുമായി ബന്ധപ്പെട്ട ഭാഷ ഉപയോഗിക്കുന്നതിനെയാണ് യുദ്ധ ലക്ഷകങ്ങൾ എന്ന് വിളിക്കുന്നത്. ഇവ സംഘർഷം, പ്രശ്നപരിഹാരം, അധികാര ബലതന്ത്രങ്ങൾ എന്നിവയെ കുറിച്ചുള്ള നമ്മുടെ ധാരണയെ രൂപപ്പെടുത്തുന്നു എന്ന് ലക്കോഫും ജോൺസും സമർത്ഥിക്കുന്നു. ഭാഷയിൽ വളരെ വ്യാപകമായി ഉപയോഗിക്കപ്പെടുന്ന ഒന്നാണ് യുദ്ധ ലക്ഷകങ്ങൾ. രാഷ്ട്രീയം, സാമ്പത്തികം,കായികം, ആരോഗ്യം, ദൈനംദിന സംഭാഷണം എന്നിവ ഉൾപ്പെടെ വിവിധ വ്യവഹാരങ്ങളിൽ അവ കാണപ്പെടുന്നു. സന്ദർഭത്തിന്റെ അടിയന്തരസ്വഭാവം വ്യക്തമാക്കാനോ പിന്തുണ വർദ്ധിപ്പിക്കാനോ ആയെല്ലാം ഇവ പ്രയോജനപ്പെടുത്തുന്നു. ഈ ലക്ഷകങ്ങൾ എത്രത്തോളം വ്യാപകമാണെന്നും ബോധപൂർവ്വമല്ലാതെ പോലും അവ നമ്മുടെ ചിന്തയെ എങ്ങനെ സ്വാധീനിക്കുന്നു എന്നുമുള്ള വിശകലനം യാഥാർത്ഥ്യത്തെ കുറിച്ചുള്ള നമ്മുടെ ധാരണയെ ഭാഷ എങ്ങനെ രൂപപ്പെടുത്തുന്നു എന്നതിന്റെ വിശാലമായ അന്വേഷണങ്ങളിലേക്ക് വഴിതെളിക്കുന്നതാണ്.

സാമൂഹികവും ഔപചാരിക സ്വഭാവമുള്ളതുമായ ഭാഷാ വിനിമയം ദൈനംദിനാടിസ്ഥാനത്തിൽ നടക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ഭാഷോപാധികളിൽ ഒന്നാണ് ദിനപത്രങ്ങൾ. ദിനപത്രങ്ങളിലെ വാർത്തകളുടെയും അവയിൽ ഉപയോഗിക്കപ്പെടുന്ന ലക്ഷകങ്ങളുടെയും വിശകലനം, വിവിധ സാമൂഹിക രാഷ്ട്രീയ സന്ദർഭങ്ങളിൽ പൊതു വ്യവഹാരങ്ങളെ സംബന്ധിച്ചുള്ള വിവരങ്ങൾ പൊതുജനത്തെ അറിയിക്കാനും അഭിപ്രായങ്ങൾ രൂപപ്പെടുത്താനും ഭാഷ എങ്ങനെ ഉപയോഗിക്കുന്നു എന്നതിനെക്കുറിച്ച് വ്യക്തമായ ധാരണകൾ നൽകുന്നതാണ്. ഇതിന്റെ സൂക്ഷ്മതല വിശകലനത്തിനായി 2024 ലെ ലോകസഭ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് വിവിധ പത്രങ്ങളിൽ വന്നിട്ടുള്ള വാർത്താ തലക്കെട്ടുകളെയാണ് തിരഞ്ഞെടുത്തിരിക്കുന്നത്. ഇവയിൽ വ്യാപകമായി ഉപയോഗിച്ചിരിക്കുന്ന യുദ്ധലക്ഷകങ്ങൾ ലോകയാഥാർഥ്യങ്ങളെ മനസിലാക്കുന്നതിലും വായനക്കാരുടെ ധൈഷണിക സാമൂഹിക ഇടപെടൽ ശേഷിയെ നിർണയിക്കുന്നതിലും എത്രത്തോളം പങ്കുവഹിക്കുന്നു എന്ന് ലക്ഷക സിദ്ധാന്തത്തിന്റെ പരികല്പനകളെ മുൻനിർത്തി പരിശോധിക്കുകയും അതുവഴി യുദ്ധലക്ഷകങ്ങൾക്ക് ഭാഷയിലും മനുഷ്യവ്യവഹാരങ്ങളിലുമുള്ള സ്വാധീനതലത്തിന്റെ വ്യാപ്തി കണ്ടെത്തുകയുമാണ് ഈ പ്രബന്ധത്തിന്റെ ലക്ഷ്യം.

പത്രവാർത്ത തലക്കെട്ടുകളിലെ യുദ്ധലക്ഷകങ്ങൾ

പ്രാരംഭ ഘട്ടത്തിൽ പത്രവാർത്തകൾ സംഭവവിവരണം മാത്രമായിരുന്നു. എന്നാൽ ഇപ്പോൾ കാര്യങ്ങളെ രസകരമായി അവതരിപ്പിക്കുക എന്ന രീതിയിലേക്ക് പത്രവാത്തകൾ മാറിക്കഴിഞ്ഞു. " സാമൂഹികതയാലും ധൈഷണിക ക്ഷമതയാലും സൃഷ്ടിക്കപ്പെടുന്ന വ്യവഹാരങ്ങളാണ് മാധ്യമ ഭാഷ. ഭാഷയെ എത്രത്തോളം കച്ചവടവൽക്കരിക്കാം എന്നുള്ള അന്വേഷണമാണ് മാധ്യമപ്രവർത്തകർ നിരന്തരം നടത്തുന്നത്"(ഗിരീഷ്,2013: 92). ഈ നിലയിൽ ജ്ഞാനമാതൃക, സദൃശ്യസൃഷ്ടി, സങ്കൽപനലക്ഷകം തുടങ്ങിയ ധൈഷണികവൃത്തികൾക്ക് സ്ഥാനമുള്ള വാങ്മയചിത്രങ്ങളാണ് വാർത്തകളും അവയുടെ തലക്കെട്ടുകളും.

ഭാഷയിലെ ചില സാധാരണ പ്രയോഗങ്ങളെ അനുകരിച്ച് ചില വിരളപ്രയോഗങ്ങൾക്ക് രൂപം കൊടുക്കുന്ന പ്രക്രിയയാണ് സദൃശ്യസൃഷ്ടി. ഭാഷയിലെ ഒരു തുടർപ്രക്രിയായതിനാൽ ഭാഷയുടെ ചലനാത്മകതയെ ഇത് സ്വാധീനിക്കുന്നു. സദൃശ്യസൃഷ്ടി ഒരു മാതൃകയുടെ പകർപ്പാണ്. ജ്ഞാനമാതൃക സദൃശ്യസൃഷ്ടിയായി ഉപയോഗിക്കുന്ന രീതി പത്ര തലക്കെട്ടുകളിൽ കാണാം. ഇത് പത്രത്തലക്കെട്ടുകൾ കൂടുതൽ ആകർഷകമാക്കുന്നു"(അജീഷ് പ്രഭാകരൻ പി. ,2021: 109). സദൃശ്യസൃഷ്ടി പോലെ തന്നെ മനുഷ്യരുടെ അനുഭവപരിസരങ്ങളിൽ നിന്ന് രൂപം കൊണ്ട് സങ്കൽപന വ്യവസ്ഥയുടെ ഭാഗമായി മാറിയ ലക്ഷകങ്ങൾ ഉപയോഗിച്ചുകൊണ്ടും തലക്കെട്ടുകൾ ആകർഷകമാക്കുന്നു.

തെരഞ്ഞെടുപ്പ് വാർത്തകളുടെ തലക്കെട്ടുകളിൽ ഉപയോഗിക്കപ്പെടുന്ന ലക്ഷക നിർമ്മിതിയുടെ പൊതുശൈലി പരിശോധിക്കുമ്പോൾ തെരഞ്ഞെടുപ്പ് എന്ന ജനാധിപത്യ പ്രക്രിയയെ ഒരു യുദ്ധഭൂമിയായും മത്സരിക്കുന്ന മുന്നണികളെയും സ്ഥാനാർത്ഥികളെയും പോരാളികളായുമാണ് വാർത്തകളിൽ അവതരിപ്പിക്കുന്നത്. യുദ്ധത്തിലെ ജയപരാജയങ്ങൾ തെരഞ്ഞെടുപ്പിലും ഉണ്ട്. സ്ഥാനാർത്ഥിയുടെ വിജയം ആ മുന്നണിയെ അനുകൂലിക്കുന്ന എല്ലാവരുടെയും വിജയമായും ഉയർച്ചയായും അവർക്ക് അനുഭവപ്പെടുന്നു. യുദ്ധത്തിലെ തന്ത്രങ്ങൾ പോലെ തിരഞ്ഞെടുപ്പിൽ ജയിക്കാനും തന്ത്രങ്ങൾ ഉണ്ട്. യുദ്ധം എന്ന ജ്ഞാനമാതൃകയുമായി ബന്ധപ്പെട്ട് നിൽക്കുന്ന മറ്റു ഘടകങ്ങൾ മനസ്സിലാകുന്ന ഒരാൾക്കേ യുദ്ധലക്ഷകങ്ങൾ കടന്നുവരുന്ന വാർത്തയും തലക്കെട്ടുകളും മനസ്സിലാക്കാനാകൂ. പോരാളികൾ, പോരാട്ടം, ജയപരാജയം, സന്നാഹം, ആയുധം, പടയോട്ടം, ചെങ്കോൽ തുടങ്ങിയവയെല്ലാം യുദ്ധവുമായി ബന്ധപ്പെട്ട് നിൽക്കുന്ന ഘടകങ്ങളാണ്.

1. പടക്കളത്തിലും കണ്ണൂർ മേൽക്കോയ്മ

(മാതൃഭൂമി 19 ഏപ്രിൽ 2024)

സ്രോതസ് തലം : യുദ്ധം നടക്കുന്ന സ്ഥലമാണ് പടക്കളം. ഇവിടെ തിരഞ്ഞെടുപ്പിനെ പടക്കളമായി സങ്കൽപ്പിക്കുന്നു. ഇരുവിഭാഗങ്ങളിൽ നിന്നും യുദ്ധത്തിൽ മുന്നേറി നിൽക്കുന്നവർക്കാണ് മേൽക്കോയ്മ നേടാനാകുക.

ലക്ഷ്യ തലം : തെരഞ്ഞെടുപ്പിൽ മൂന്ന് മുന്നണികളുടെ സ്ഥാനാർഥികളായി മത്സരിക്കുന്നത് കണ്ണൂർ ജില്ലക്കാരായ ഒൻപത് പേരാണ്. മറ്റൊരു ജില്ലയിൽ നിന്നും ഇത്രയധികം സ്ഥാനാർത്ഥികൾ ഇല്ല. ഇവിടെ സ്ഥാനാർത്ഥികളിൽ അംഗബലം കൂടുതൽ കണ്ണൂർ ജില്ലകാർക്കാണ് എന്ന് സൂചിപ്പിക്കാനയാണ് ഈ ലക്ഷകത്തെ ഉപയോഗിച്ചിരിക്കുന്നത.

2. സ്ഥാനാർത്ഥി സ്ത്രീയെങ്കിൽ ആയുധം അധിക്ഷേപം.

(മാതൃഭൂമി 18 ഏപ്രിൽ 2024)

സ്രോതസ്ഥലം : യുദ്ധത്തിൽ പരസ്പരം പോരാടാനായി പോരാളികൾ ഉപയോഗിക്കുന്നതാണ് ആയുധം. തിരഞ്ഞെടുപ്പിനെ യുദ്ധക്കളമായും സ്ഥാനാർത്ഥികളെ പോരാളികളായും പരിഗണിച്ച് സ്ത്രീ പടയാളികളെ പരാജയപ്പെടുത്താനുള്ള ആയുധമായി അധിക്ഷേപത്തെ കണക്കാക്കുന്നു.

ലക്ഷ്യ തലം : വടകരയിലെ എൽ. ഡി. എഫ്. സ്ഥാനാർത്ഥി കെ. കെ. ശൈലജ സൈബർ ഇടങ്ങളിൽ അപമാനിക്കപ്പെട്ട സാഹചര്യത്തെയാണ് ഇവിടെ സൂചിപ്പിക്കുന്നത്. തെരഞ്ഞെടുപ്പിൽ സ്ത്രീ സ്ഥാനാർഥിയെ പരാജയപ്പെടുത്താനുള്ള ഉപകരണമായി സ്വീകരിക്കുന്നത് അധിക്ഷേപത്തെയാണ്. പോരാളി ഒരു സ്ത്രീയാകുമ്പോൾ ഭൗതിക ആയുധങ്ങളെക്കാൾ അവരെ പരാജയപ്പെടുത്താൻ ലൈംഗിഗാധിക്ഷേപത്തെ തെരഞ്ഞെടുക്കുന്നതിനു പിന്നിലുള്ള കാരണങ്ങൾ പല മട്ടിൽ കൂടി വിശകലനം അർഹിക്കുന്നുണ്ട്.

3. പുതുച്ചേരി പിടിക്കാൻ പൊരിഞ്ഞ പോര്

(മാതൃഭൂമി 18 ഏപ്രിൽ 2024)

സ്രോതസ് തലം : രണ്ട് സൈന്യങ്ങൾ തമ്മിൽ രാജ്യങ്ങൾക്കുവേണ്ടിയോ മറ്റു പ്രശ്നങ്ങളിലോ നടക്കുന്ന ശക്തമായ യുദ്ധമാണ് പോരാട്ടം. ഇരു രാജ്യങ്ങളും സർവ്വശക്തിയും ഉപയോഗിച്ച് പൊരുതും. തുല്യശക്തികൾ തമ്മിലുള്ള യുദ്ധമാണ് പോരാട്ടമായി പറയുന്നത്.

ലക്ഷ്യ തലം : പുതുച്ചേരി ലോകസഭാ മണ്ഡലത്തിൽ ഇരു മുന്നണികളും തമ്മിൽ യുദ്ധസമാനമായ മൽസരമാണ് നടക്കുക. ഇരു മുന്നണികളും തുല്യശക്തികളാണ് എന്ന സൂചന പോരാട്ടം എന്ന യുദ്ധലക്ഷകത്തിലൂടെ ലഭിക്കുന്നു.

4. കോൺഗ്രസ്സിനെ ഏതിരാളിയാക്കുന്ന ബിജെപി തന്ത്രം

(ദേശാഭിമാനി 2024 ഏപ്രിൽ 23)

സ്രോതസ് തലം : എതിരാളികൾ തമ്മിലാണ് യുദ്ധം നടക്കുക. യുദ്ധത്തിൽ ജയിക്കുന്നതിനായി ഇരുഭാഗത്തുമുള്ളവർ തന്ത്രങ്ങളും കുതന്ത്രങ്ങളും പ്രയോഗിക്കാറുണ്ട്.

ലക്ഷ്യതലം : തെരഞ്ഞെടുപ്പിൽ ബിജെപിയും കോൺഗ്രസ്സും മാത്രമാണ് മത്സരിക്കുന്നത് എന്ന പ്രതീതി ജനിപ്പിക്കുന്നു എന്ന തന്ത്രമാണ് ഇവിടെ പ്രയോഗിക്കുന്നത്. തെരഞ്ഞെടുപ്പിൽ മത്സരിക്കുന്ന മറ്റു പാർട്ടികളെയെല്ലാം തീർത്തും അവഗണിക്കുന്ന തരത്തിലുള്ള ഭാഷാപ്രയോഗമാണ് ഇത്.

5. പ്രതിപക്ഷം നുഴഞ്ഞുകയറ്റക്കാർക്ക് ഒപ്പമെന്ന്

(ദേശാഭിമാനി 23 ഏപ്രിൽ 2024)

സ്രോതസ് തലം : യുദ്ധതന്ത്രങ്ങളിൽ ഒന്നാണ് നുഴഞ്ഞുകയറ്റം. എതിരാളികളുടെ അതിർത്തിക്കുള്ളിലേക്ക് അവർ അറിയാതെ പ്രവേശിച്ച് യുദ്ധതന്ത്രങ്ങൾ ചോർത്തിയെടുക്കുകയോ അപ്രതീക്ഷിത ആക്രമണം നടത്തുകയോ ഒക്കെയാണ് നുഴഞ്ഞുകയറ്റത്തിലൂടെ ലക്ഷ്യമാക്കുന്നത്. ഇവിടെ പ്രതിപക്ഷം അധികാരത്തിൽ വന്നാൽ കൂടുതൽ കുട്ടികളുള്ള നുഴഞ്ഞുകയറ്റക്കാർക്ക് രാജ്യത്തെ വിഭവങ്ങൾ നൽകുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി തന്റെ പ്രസംഗത്തിൽ പരാമർശിച്ചതാണ് സംഭവം. രാജ്യത്തെ ആദ്യ അവകാശികൾ മുസ്ലീങ്ങളാണെന്ന് പ്രധാനമന്ത്രിയായിരിക്കെ മൻമോഹൻ സിംഗ് പറഞ്ഞുവെന്ന് ആരോപിച്ചായിരുന്നു മോദിയുടെ ഈ പരാമർശം.

ലക്ഷ്യ തലം : നുഴഞ്ഞു കയറ്റക്കാർ എന്ന് ഇവിടെ പരാമർശിക്കുന്നത് മുസ്ലീം വിഭാഗത്തെയാണ്. ഒറ്റ പദപ്രയോഗത്തിലൂടെ തന്നെ ഒരു വിഭാഗത്തെ ശത്രുപക്ഷത്ത് പ്രതിഷ്ഠിക്കുന്നു. ഇവിടെ പ്രതിപക്ഷം നുഴഞ്ഞുകയറ്റക്കാർക്ക് ഒപ്പമാണെന്ന് പറയുന്നതിലൂടെ പ്രതിപക്ഷത്തെക്കൂടി രാജ്യവിരുദ്ധരാക്കുകയും അവരെ പരാജപ്പെടുത്തേണ്ടത് രാജ്യത്തെ ഓരോ പൗരന്മാരുടെയും ധർമ്മമാണ് എന്നും സ്ഥാപിക്കാൻ സാധിക്കുന്നു. ദൂരവ്യാപകമായ ഫലമുളവാക്കാൻ പ്രാപ്തമായ പ്രയോഗമാണ് ഇത്.

6. രാഘവൻ എന്ന ഒറ്റയാൾ പട്ടാളം
(മലയാള മനോരമ 2024 ഏപ്രിൽ 24)

സ്രോതസ് തലം :ഒരു രാജ്യത്തിന്റെ സേനാ വിഭാഗത്തെയാണ് പട്ടാളം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. രാജ്യങ്ങൾ തമ്മിലുള്ള യുദ്ധങ്ങളിൽ രാജ്യത്തിനു പ്രതിരോധം തീർക്കുന്നത് പട്ടാളക്കാരാണ്. ഇവിടെ കോഴിക്കോട് ലോകസഭാ മണ്ഡലത്തിലെ യു. ഡി. എഫ്. സ്ഥാനാർത്ഥി എം. കെ. രാഘവനെ ഒറ്റയാൾ പട്ടാളം എന്നാണ് വിശേഷിപ്പിക്കുന്നത്.

ലക്ഷ്യ തലം : ലോകസഭാ തെരഞ്ഞെടുപ്പിൽ കോഴിക്കോട് മണ്ഡലത്തിൽ യുഡിഎഫിനെ വിജയത്തിലേക്ക് നയിക്കുന്നത് എം. കെ. രാഘവൻ എന്ന സ്ഥാനാർത്ഥിയുടെ വ്യക്തിപ്രഭാവത്തിന്റെ ബലത്തിലാണ് എന്നതാണ് ഇവിടെ പറഞ്ഞുവെക്കുന്നത്. പട്ടാളം എന്നത് ധാരാളം അംഗബലമുള്ള ഒരു സേനയാണ്. എന്നാൽ ഇവിടെ സ്ഥാനാർത്ഥിയെ ഒറ്റയാൾ പട്ടാളം എന്ന് വിശേഷിപ്പിക്കുന്നതിലൂടെ സ്ഥാനാർത്ഥിയുടെ മഹത്വത്തെ പെരിപ്പിച്ചു കാണിക്കുകയാണ് ഈ ലക്ഷകത്തിലൂടെ സാധ്യമാകുന്നത്. മറ്റു പല രാഷ്ട്രീയ ഘടകങ്ങളെക്കാളും പ്രാധാന്യമുള്ളത് അദ്ദേഹത്തിന്റെ വ്യക്തിപ്രഭാവത്തിനാണ് എന്ന് സൂചിപ്പിക്കാൻ ഈ ലക്ഷകത്തിന് കഴിയുന്നു. വായനക്കാരിൽ സ്ഥാനാർത്ഥിക്ക് അനുകൂലമായ മനോഭാവം വളർത്തുന്നതിനുതകുന്ന രീതിയിൽ ഏകപക്ഷീയമായ ഒരു പരിചരണ രീതിയാണ് ഈ തലക്കെട്ടിൽ പ്രയോഗിച്ചിരിക്കുന്നത്.

പത്രത്തലക്കെട്ടുകളിലെ യുദ്ധ ലക്ഷകങ്ങൾക്ക് പൊതുസമൂഹത്തിന്റെ ആശയ ഗ്രഹണപ്രക്രിയയിലും അഭിരുചി രൂപീകരണത്തിലും നിർണായക സ്വാധീനം ചെലുത്താനാകും. സംഘർഷമോ യുദ്ധമോ ആയി ബന്ധപ്പെട്ട ലക്ഷകങ്ങൾ ഉപയോഗിച്ച് ഒരു സന്ദർഭം വിശദീകരിക്കുന്നതിലൂടെ ഭയം, സംഭവങ്ങളുടെ അടിയന്തരത സ്വഭാവം, ധ്രുവീകരണം തുടങ്ങിയ ഋണാത്മക വികാരങ്ങളുടെ പ്രബലനമാണ് സാധ്യമാകുന്നത്. ഇത് പ്രശ്നങ്ങളെയും ദൈനദിന സന്ദർഭങ്ങളെപ്പോലും ജയപരാജയങ്ങളുടെയോ ശത്രുതയുടെയോ അടിസ്ഥാനത്തിൽ നോക്കിക്കാണുന്നതിനുള്ള പ്രവണത വളർത്തുകയും ചെയ്യുന്നു. ഇതിന് വായനക്കാരുടെ തീരുമാനമെടുക്കൽ ശേഷി, പ്രശ്നപരിഹരണ സമീപനങ്ങൾ തുടങ്ങിയ ധൈഷണികവൃത്തികളെ സ്വാധീനിക്കാൻ കഴിയും. ഇപ്രകാരം ധൈഷണികക്ഷമതയെയും സാമൂഹികചലനാത്മകതയെയും നിയന്ത്രിക്കുന്ന സവിശേഷ സംവർഗമായി യുദ്ധലക്ഷകങ്ങൾ നിലകൊള്ളുന്നു.

വിവിധ സാംസ്കാരിക ചരിത്ര സന്ദർഭങ്ങൾക്കനുസരിച്ച് യുദ്ധ ലക്ഷകങ്ങളുടെ വ്യാപനവും വ്യാപ്തിയും വ്യത്യാസപ്പെട്ടിരിക്കും. "ഒരു സംസ്കാരത്തിലെ ഏറ്റവും അടിസ്ഥാനപരമായ മൂല്യങ്ങൾ ആ സംസ്കാരത്തിലെ ഏറ്റവും അടിസ്ഥാനപരമായ ആശയങ്ങളുടെ ലക്ഷക ഘടനയുമായി യോജിച്ചതായിരിക്കും. നമ്മുടെ മൂല്യങ്ങൾ സ്വതന്ത്രമല്ല, മറിച്ച് നമ്മൾ ജീവിക്കുന്ന ലക്ഷകസങ്കൽപ്പങ്ങളുമായി യോജിച്ച സംവിധാനത്തിൽ നിന്നാണ് അവ രൂപപ്പെടുന്നത്. ഒരു ലക്ഷക സംവിധാനവുമായി യോജിച്ച എല്ലാ സാംസ്കാരിക മൂല്യങ്ങളും യഥാർത്ഥത്തിൽ നിലവിലുണ്ടെന്ന് അവകാശപ്പെടുന്നില്ല, നിലനിൽക്കുന്നതും ആഴത്തിൽ വേരൂന്നിയതും മാത്രമേ ലക്ഷക വ്യവസ്ഥയുമായി പൊരുത്തപ്പെടുന്നുള്ളൂ"(മാർക്ക് ജോൺസ് &ജോർജ് ലക്കോഫ്,1983 : 22,24). ഇത്തരത്തിൽ വ്യത്യസ്ത സമൂഹങ്ങളിൽ യുദ്ധവുമായി ബന്ധപ്പെട്ട ആശയങ്ങൾക്ക് വ്യത്യസ്ത അർത്ഥങ്ങളും മൂല്യങ്ങളുമായിരിക്കും ചരിത്രപരമായി വ്യവസ്ഥപ്പെടുത്തിയിരുന്നത്. ഇത് യുദ്ധലക്ഷകങ്ങൾ എപ്രകാരം മനസ്സിലാക്കുകയും പ്രയോഗിക്കുകയും ചെയ്യുന്നു എന്നതിനെ സ്വാധീനിക്കാം.

ഭാഷാ സമ്പുഷ്ടീകരണത്തിന്റെയും ഉയർന്ന ധൈഷണികക്ഷമതയുടെയും ദൃഷ്ടാന്തമായി ലക്ഷകങ്ങളെ പരിഗണിക്കുമ്പോഴും, യുദ്ധലക്ഷകങ്ങൾ മറ്റൊരു തലത്തിൽ വിമർശനാത്മക ചിന്തയെയും സൂക്ഷ്മ ധാരണകളെയും പരിമിതപ്പെടുത്തുന്നവ കൂടിയാണ്. ഒരു സാഹചര്യത്തിന്റെ സൂക്ഷ്മമായ വിശകലനത്തിൽ നിന്നും ധാരണ രൂപപ്പെടുത്തലിൽ നിന്നും നമ്മെ തടയുകയും വിരുദ്ധധ്രുവങ്ങൾ എന്ന ലളിതയുക്തിയിലേക്ക് വേഗത്തിൽ എത്തിച്ചേരാൻ പ്രേരിപ്പിക്കുകയും ചെയ്യുന്നവയാണ് ഇത്തരം യുദ്ധലക്ഷകങ്ങൾ. ക്രിയാത്മകമായ ആശയവിനിമയത്തെയും സഹകരണത്തെയും ഇത് അസാധ്യമാക്കുന്നുമുണ്ട്.

ഉപസംഹാരം

തെരഞ്ഞെടുപ്പ് വാർത്ത തലക്കെട്ടുകളെ ജ്ഞാനമാതൃക, ലക്ഷക സിദ്ധാന്തം എന്നീ സങ്കൽപനങ്ങളുടെ അടിസ്ഥാനത്തിൽ വിശകലന വിധേയമാക്കിയതിൽ നിന്നും ലഭിച്ച നിഗമനങ്ങൾ ക്രോഡീകരിക്കുന്നു.

തെരഞ്ഞെടുപ്പ് വർത്താതലക്കെട്ടുകൾ ലക്ഷക സമൃദ്ധമാണ് എന്നും ഇതിൽ കൂടുതൽ കാണപ്പെടുന്നത് യുദ്ധം എന്ന ജ്ഞാനമാതൃകയുമായി ബന്ധപ്പെട്ട ലക്ഷകങ്ങളാണ് എന്നും വ്യക്തമാകുന്നു.

പടക്കളം, പോര്, ആയുധം,എതിരാളി, തന്ത്രം, നുഴഞ്ഞുകയറ്റക്കാർ തുടങ്ങിയ തലക്കെട്ടുകളുടെ പിന്നിലുള്ള സങ്കല്പനങ്ങൾ രൂപപ്പെടുന്നതിന്റെ അടിസ്ഥാനം യുദ്ധത്തിന്റെ ജ്ഞാനമാതൃകയാണ്. യുദ്ധ ലക്ഷകങ്ങളുടെ സ്വാധീന തലം പരിശോധിക്കുമ്പോൾ വ്യക്തികളുടെ ധാരണകളിലും വികാരങ്ങളിലും രാഷ്ട്രീയ പ്രക്രിയയുമായുള്ള ഇടപഴകലിലും ബഹുമുഖ സ്വാധീനം ചെലുത്താൻ പ്രാപ്തമായവയാണ് യുദ്ധലക്ഷകങ്ങൾ എന്ന വസ്തുതയാണ് കണ്ടെത്താനാവുന്നത്. തെരഞ്ഞെടുപ്പ് പ്രക്രിയയിൽ വോട്ടറുടെ പെരുമാറ്റം, ജനാധിപത്യത്തോടുള്ള മനോഭാവം എന്നിവയിൽ ഹ്രസ്വകാല ഫലങ്ങൾ രൂപപ്പെടുത്തുന്നതിലും ലക്ഷകങ്ങൾ നിർണായക പങ്ക് വഹിക്കുന്നുണ്ട്.

സഹായക ഗ്രന്ഥങ്ങൾ

1. ഗിരീഷ് പി. എം., അറിവും ഭാഷയും ധൈഷണിക ഭാഷാശാസ്ത്രം :ആമുഖം,കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2012.
2. ഗിരീഷ് പി. എം., മലയാളം :സ്വത്വവും വിനിമയവും, വള്ളത്തോൾ വിദ്യാപീഠം, ശുകപുരം, 2013.
3. ഗിരീഷ് പി. എം., ജോർജ് ലക്കോഫ് ഭാഷയുടെ രാഷ്ട്രീയ മനസ്സ്, ചിന്ത പബ്ലിഷേസ്, തിരുവനന്തപുരം, 2016.
4. George Lakoff &Mark Johnsons, Metaphors We Live By, University Of Chicago Press, 1983.

ഗവേഷണപ്രബന്ധം

1. അജീഷ് പ്രഭാകരൻ പി., കായികവാർത്തഃ ന്യൂറോധൈഷണിക ഭാഷാശാസ്ത്ര സമീപനം, മദ്രാസ് സർവകലാശാല, 2021.

ഭാഷാശാസ്ത്രത്തിന്റെ മലയാഴ്മവഴികൾ

ഡോ. ജയ്സൺ ജോസഫ്
അസിസ്റ്റന്റ് പ്രൊഫസർ, മലയാളവിഭാഗം,
നിർമലഗിരി കോളേജ്, കൂത്തുപറമ്പ്, കണ്ണൂർ

പ്രബന്ധസംഗ്രഹം:

1852ന് മുമ്പ് എഴുതി, 1863-ൽ പ്രസിദ്ധീകരിച്ച റവ. ജോർജ് മാത്തന്റെ 'മലയാഴ്മയുടെ വ്യാകരണം' എന്ന ഗ്രന്ഥത്തിലെ ഭാഷാശാസ്ത്ര ദർശനങ്ങളുടെ പ്രാധാന്യം കണ്ടെത്തലാണ് ഈ ലേഖനം. മലയാളത്തിൽ പൂർണമായും ഒരു മലയാളി എഴുതിയ ആദ്യത്തെ വ്യാകരണ ഗ്രന്ഥത്തിലെ സാങ്കേതിക പദങ്ങൾ, ഭാഷയുടെ സവിശേഷതകളായ ഘടനാത്മകത, ഉച്ചാരണക്ഷമത, പരിശീലനാവശ്യകത, പ്രതീകാത്മകത, സാമൂഹികപരത, സാർവ്വലൗകി കത്വം എന്നിവ വ്യക്തമാക്കുന്നു.

താക്കോൽ വാക്കുകൾ:

അർദ്ധാച്ച് (half vowel sound), ഗദം (Articulate), ഋതം (inarticulate), വചനം (verb), നാമാധേയം (adjective)-നാമം ആധാരം ആയിരിക്കുന്ന പദം, വചനാധേയം (adverb), ലന്തം - പാക്ഷികവിനയെച്ചം.

വന്തം - പിൻവിനയെച്ചം, നന്തം - മുൻവിനയെച്ചം, പരാധാരനില (dependent state), നിരാധാരനില (absolute state).

ആമുഖം

മലയാളഭാഷയ്ക്ക് ശാസ്ത്രീയ പഠനങ്ങൾ കുറവാണെന്ന് പറഞ്ഞാലും ഉണ്ടായിട്ടുള്ള പഠനങ്ങൾ വേണ്ടതുപോലെ ശ്രദ്ധിക്കപ്പെടുകയും തുടർ പഠനങ്ങൾക്ക് വിധേയമാക്കുകയും ചെയ്തിട്ടില്ല. അത്യാവശ്യഘട്ടത്തിൽ മാത്രമാണ് ഭാഷാ പണ്ഡിതർ ഭാഷാപഗ്രഥന ഗ്രന്ഥങ്ങൾ എഴുതി യിട്ടുള്ളത്. റവ ജോർജ് മാത്തൻ അടുത്തറിഞ്ഞ മലയാള ഭാഷയെ സൂക്ഷ്മമായി മനസ്സിലാക്കി അതിന്റെ വ്യാകരണം എഴുതുമ്പോൾ തനിയെ കടന്നുവരുന്ന ഭാഷാശാസ്ത്ര ദർശനങ്ങൾ ഇന്നും പ്രസക്തങ്ങളാണ്.

അക്ഷരം അറിയാതിരുന്നതുകൊണ്ട് ഉള്ളടക്കം അറിയാതെ ഒപ്പിട്ടു കൊടുക്കേണ്ടി വന്നവരുടെയും കോടതിവിധിയോ വിസ്താരമോ നേരിട്ടു മനസ്സിലാക്കാനാവാത്തവരുടെയും അപേക്ഷകൾ എഴുതാൻ കഴിയാത്തവരുടെയും പ്രയാസങ്ങൾ1 നേരിട്ടുകണ്ട റവ. ജോർജ് മാത്തൻ ഭാഷാഭ്യസനത്തിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞു. അതുകൊണ്ട് അദ്ദേഹം മലയാളിയുടെ ബോധനമാധ്യമം മലയാളം ആകണമെന്ന് ഒരു പൊതുവേദിയിൽവച്ച് പറയുകയും വ്യാകരണം ഇല്ലാത്ത വെറും പാമരപ്രലാപമല്ല മലയാളം എന്ന് തെളി യിക്കുന്നതിന് അദ്ദേഹം 'മലയാഴ്മയുടെവ്യാകരണം' 1852-ൽ തന്നെ എഴുതുകയും ചെയ്തു. ഒരു മലയാളി സ്വഭാഷയുടെ ലക്ഷണങ്ങളും പ്രയോഗങ്ങളും അവയ്ക്കുള്ള കാരണങ്ങളും പൂർണ്ണമായി മലയാളത്തിൽ തന്നെ വിവരിക്കുന്ന ആദ്യത്തെ ഗ്രന്ഥമാണ് മലയാഴ്മയുടെ വ്യാകരണം. മലയാളം എന്ന പദം ദേശനാമമായി ഉപയോഗിച്ചുവന്നിരുന്ന കാലമായിരുന്നു അത്. 'മലയാഴ്മ, മലയായ്മ, മലയാണ്മ' എന്നിവയായിരുന്നു ഭാഷയെ സൂചിപ്പിക്കാൻ ഉപയോഗിച്ചിരുന്ന പദങ്ങൾ.

ഗദ്യരചനകൾ, പരിഭാഷകൾ, പ്രഭാഷണങ്ങൾ എന്നിവ നിർവഹിച്ച പരിചയം ഭാഷാപ്രയോഗത്തിന്റെ വിവിധ വശങ്ങൾ അപഗ്രഥിക്കാൻ ജോർജ്ജമാത്തനെ സഹായിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ എഴുത്തിന്റെയും സംസാരത്തിന്റെയും മറ്റു സാമൂഹികപ്രവർത്തനങ്ങളുടെയും ഒരു തുടർച്ചയായിരുന്നു മലയാഴ്മയുടെ വ്യാകരണ രചന. അടുത്തറിഞ്ഞ വ്യവഹാരഭാഷയുടെ ലക്ഷണങ്ങളും പ്രയോഗ വിശേഷങ്ങളും വിവരിക്കുമ്പോൾ അദ്ദേഹം ആധുനിക ഭാഷാ ശാസ്ത്രത്തിന്റെ വഴി

ത്താരയിലൂടെ മുമ്പേ നടന്നു നീങ്ങുന്നതായി അനുഭവപ്പെടുന്നു. ഏക കാലികവും വിവരണാത്മകവുമായ ഒരു വ്യാകരണ രചനാരീതിയാണ് അദ്ദേഹം സ്വീകരിച്ചത്. സംസ്കൃതം, ഹീബ്രു, സുറിയാനി, ഇംഗ്ലീഷ്, തമിഴ്, തെലുങ്ക്, ഹിന്ദി തുടങ്ങിയ ഭാഷകളിൽ ജോർജ് മാത്തനുണ്ടായിരുന്ന പരിചയം ഈ രചനയെ സവിശേഷമാക്കിത്തീർക്കുന്നുണ്ട്.

ഭാഷയെന്ന പ്രതിഭാസത്തിന്റെ സവിശേഷതകളായ ഘടനാത്മകത, സാർവലൗകികത്വം, വൈവിധ്യങ്ങളിലെ ഏകത്വം, സാമൂഹികപരത, ഉച്ചരിതശബ്ദങ്ങൾ, പരിശീലനാവശ്യകത, പദങ്ങളുടെ പ്രതീകാത്മകത എന്നിവയെക്കുറിച്ചുള്ള പരാമർശങ്ങൾ അദ്ദേഹത്തിന്റെ രചന കളിൽ കാണാം.

ഘടനാത്മകത

ഗദ - രുത ശബ്ദങ്ങളിൽ പദനിർമ്മിതിക്ക് ഉപകരിക്കുന്ന വ്യക്തമായ ഗദശബ്ദങ്ങൾ, അവ ചേർന്ന് ഉണ്ടാകുന്ന പദങ്ങൾ, പദങ്ങൾ ചേർന്നുണ്ടാകുന്ന വാക്യങ്ങൾ, അവയുടെ പ്രയോഗ രീതികൾ എന്നിവ വിവരിക്കുമ്പോൾ ജോർജ്ജ മാത്തൻ ഭാഷയുടെ ഘടനാത്മക സ്വഭാവം തന്നെയാണ് അപഗ്രഥിക്കുന്നത്. മലയാളത്തിന്റെ അടിസ്ഥാന ഘടകമായ അക്ഷരങ്ങളുടെ നിർണയം അന്ന് ഒരു വെല്ലുവിളിയായിരുന്നു. അക്കാലത്ത് നാട്ടിലെ എഴുത്ത് വേലകൾ മിക്കതും തമിഴ് അക്ഷരത്തിൽ ആയിരുന്നു. "തമിഴക്ഷരം ബഹുജനങ്ങൾക്ക് അന്യമായി രിക്കുന്നു എന്നുമാത്രമല്ല അത് മലയാണ്മക്ക് കൊള്ളുന്നതുമല്ല. ഇതിലെ എല്ലാ ശബ്ദങ്ങൾക്കും അതിൽ അക്ഷരങ്ങൾ ഇല്ലായ്കയാൽ സാക്ഷി, കൃഷ്ണൻ, ജലം, ബലം എന്നിങ്ങനെയുള്ള മൊഴികൾ ശബ്ദം പിഴപ്പിച്ചും പൊരുൾ പിണങ്ങത്തക്ക വണ്ണവും താക്കിഴി, കിട്ടിണൻ, ചലം, പലം എന്നിപ്രകാരം എഴുതേണ്ടി വരുന്നു." (സാമുവൽ, 1992:550)2 അതുകൊണ്ട് സംസ്കൃത അക്ഷരമാല കൂടി മലയാളം സ്വീകരിച്ചു. അക്കാലത്ത് പോർച്ചുഗീസ്, ലത്തീൻ, ഇംഗ്ലീഷ് ഭാഷകളിൽ എഴുതിയ മലയാള വ്യാകരണകൃതികളിൽ മലയാള അക്ഷരങ്ങളുടെ എണ്ണം വ്യത്യസ്തമായിരുന്നു. ഇത്തരമൊരു സാഹചര്യത്തിലാണ് മലയാളത്തിലെ അക്ഷരങ്ങളെ യുക്തിപൂർവ്വം വിശദീകരിച്ച് അവതരിപ്പിക്കാനുള്ള ഉത്തരവാദിത്തം ജോർജ് മാത്തൻ ഏറ്റെടുക്കുന്നത്. നാട്ടുഭാഷ ശ്രവിച്ചും ഓരോ അക്ഷരവും സ്വയം ഉച്ചരിച്ചു നോക്കിയും മലയാള അക്ഷരങ്ങൾ വിവരിക്കുന്നതിലെ വസ്തുനിഷ്ഠത ഭാഷാശാസ്ത്രജ്ഞരെ ആകർഷിക്കുന്നുണ്ട്.

അക്ഷരങ്ങൾ ചേർന്നുണ്ടാകുന്ന പദങ്ങളെ പല രീതിയിലാണ് വൈയാകരണർ വർഗീകരിച്ചിട്ടുള്ളത്. കേരളപാണിനി 'നാമാദിയാംവിഭാഗത്തിനെല്ലാം അർത്ഥം നിയാമക' മെന്ന് പറഞ്ഞിട്ടുണ്ടെങ്കിലും അർത്ഥം മാത്രമല്ല രൂപം, ഘടന, വ്യുൽപത്തി, പ്രകൃതി, സ്വഭാവം, പ്രാമാണ്യം, പ്രയോഗം ഇവയെല്ലാം മാനദണ്ഡങ്ങളായി സ്വീകരിച്ചിട്ടുണ്ടെന്ന് ഡോ. ഇ.വി.എൻ. നമ്പൂതിരി പറയുന്നു. (മേരി, 2009 :379)3 വാക്യത്തിലെ ഘടകങ്ങളുടെ അന്യോന്യബന്ധം, ഘടകങ്ങൾക്കുള്ള രൂപ സവിശേഷതകൾ എന്നിവയുടെ അടിസ്ഥാന ത്തിൽ ഘടകങ്ങളെ വർഗീകരിക്കണം. അതിനായി നാമം, വചനം, അവ്യയം എന്നീ മൂന്ന് പ്രധാന വിഭാഗങ്ങളിൽ ജോർജ് മാത്തൻ പദങ്ങളെ ഉൾപ്പെടുത്തുന്നു. 'പദങ്ങൾക്ക് അർഥത്ര പതലങ്ങളിൽ പരിവർത്തനം വന്നുകൊണ്ടിരിക്കുന്നതിനാൽ അവയ്ക്ക് പുതിയ വ്യാകരണ സംവർഗങ്ങൾ ഉണ്ടായിരിക്കും എന്നും അതിനാൽ താൽക്കാലികമായി ഓരോന്നിനെയും ഓരോ വ്യാകരണസംവർഗമായി തിരിക്കുന്നതിൽ അർഥമില്ലെന്നും അതുകൊണ്ട് നാമം, കൃതി, അവ്യയം എന്നൊരു വിഭജനം മതി മലയാള വ്യാകരണത്തിൽ'4 എന്നും ശ്രീ എൻ. എൻ. മൂസത് അഭിപ്രായപ്പെടുന്നത് ഇവിടെ സ്മരണീയം.

നാമം, ക്രിയ, അവ്യയം എന്നിവയിൽ ലിംഗ - വചന - വിഭക്തി പ്രത്യയങ്ങൾ ചേർന്നതോ ചേരാത്തതോ ആയ നാമത്തിനോട് വചനത്തിന്റെ ഭാവത്തിനും നിലയ്ക്കും അവസ്ഥയ്ക്കു മനുസരിച്ച് ചേരേണ്ട രൂപങ്ങളോ ഉപരൂപങ്ങളോ ചേർന്ന് വചനാധേയങ്ങളുടെയോ നാമാധേ യങ്ങളുടെയോ ചേരുവ കൂടിയോ കൂടാതെയോ മനുഷ്യൻ നിനവുകൾ പരസ്പരം അറിയിക്കുന്നു. ജോർജ് മാത്തൻ അക്കാര്യങ്ങളാണ് വിവരിക്കുന്നത്. അതാണ് അദ്ദേഹത്തിന്റെ ഭാഷാ ശാസ്ത്രവും.

സാർവലൗകികത്വം

വ്യാകരണം എന്തെന്ന് നിർവചിച്ച് അതിന് രണ്ട് വിഭാഗങ്ങൾ കല്പിക്കുന്നുണ്ട് ജോർജ് മാത്തൻ. സാധാരണ വ്യാകരണങ്ങളും പ്രത്യേക വ്യാകരണങ്ങളും. "ഭാഷയുടെ കാതലായ ലക്ഷണങ്ങളെയും എല്ലാ ഭാഷയിലും ഒരുപോലെ കാണുന്ന പ്രമാണങ്ങളെയും മാത്രം വിവരപ്പെടുത്തുന്നതാണ് സാധാരണ വ്യാകരണം" (ജോർജ് മാത്തൻ, 2000 :2) ഈ നിരീക്ഷണം ഭാഷയുടെ സാർവ്വലൗകിക വ്യാകരണം എന്ന കാഴ്ചപ്പാടിലേക്ക് നയിക്കുന്നതാണ്. ' മനുഷ്യർക്കൊക്കെയും ആദ്യ മാതാപിതാക്കൾ ഒന്നായിരുന്നതുപോലെ അവർ സംസാരിച്ച ഭാഷയും ഒന്നായിരുന്നു.

പിന്നീട് അവർ പല കുലങ്ങളായും വംശങ്ങളായും പിരിഞ്ഞതിൻവണ്ണം അവരുടെ ഭാഷയും പലതായി തീർന്നു എന്ന് വിചാരിപ്പാൻ ഇടയുണ്ട്" (സാമുവൽ ചന്ദനപ്പള്ളി 1992:576) മാറ്റം സംഭവിക്കുമ്പോഴും മാറ്റമില്ലാത്ത ഒരു പ്രാക്തനാംശം ഭാഷയിൽ പ്രമുഖമായി നിലകൊള്ളുന്നു എന്ന ഭാഷാശാസ്ത്രകാരന്മാരുടെ അഭിപ്രായത്തോട് ഈ വിചാരത്തെ ചേർത്തുവയ്ക്കാവുന്നതാണ്. മലയാള ഭാഷയുടെ വ്യാകരണ കാര്യങ്ങളെ മറ്റു ഭാഷകളുടേതുമായി തട്ടിച്ചു നോക്കുന്നത് ലിംഗ ചർച്ചയിലും വിഭക്തി, അവ്യയം, പദവിഭാഗങ്ങൾ എന്നിവയെ പരാമർശിക്കുന്നിടത്തും കാണാൻ കഴിയും. സ്വര വ്യഞ്ജനങ്ങളുടെ സാർവത്രി കതപോലെ ലോകഭാഷയിൽ പൊതുവായികാണുന്ന ചില പ്രമാണങ്ങൾ ഉണ്ട്. നോം ചോംസ്കിയുടെ വിശ്വവ്യാകരണം എന്ന കാഴ്ചപ്പാടിലേക്ക് വെളിച്ചം വീശുന്ന ചിന്തകൾ തന്നെയാണ് അവ. ഭാഷകളുടെ താരതമ്യ പഠനത്തിലേക്കും ആഗമികവും അനുമാനാത്മകവുമായ പഠനങ്ങ ളിലേക്കും നയിക്കുന്ന നിരീക്ഷണങ്ങൾ ഇവിടെ കാണുന്നുണ്ട്.

സാമൂഹികപരത

പ്രയോഗിക്കുകയും പ്രയോഗിച്ച് കേൾക്കുകയും ചെയ്യുന്നതുകൊണ്ടാണ് ശബ്ദാർത്ഥങ്ങൾ തമ്മിൽ പൊരുത്തപ്പെട്ടിരിക്കുന്നത് എന്ന് 'തീ, വെള്ളം' എന്നീ പദങ്ങൾ ഉദാഹരിച്ചു ജോർജ് മാത്തൻ സമർത്ഥിക്കുന്നുണ്ട്. (ജോർജ് മാത്തൻ, 2000 : 32) ഒരു ഭാഷ സംസാരിക്കുന്ന സമൂഹത്തിലാണ് ആ ഭാഷയിലെ പദങ്ങളുടെ അർത്ഥം അംഗീകരിക്കപ്പെടുന്നത്. ഉദാഹരണത്തിന് ഇന്നത്തെ സമൂഹമാണ് 'ചെത്ത്, തേപ്പ്' എന്നീ മലയാള പദങ്ങൾക്ക് പുതിയ അർഥങ്ങൾ കൽപ്പിച്ച് നൽകിയിട്ടുള്ളത് എന്ന് ഇരുപത് വർഷം മുമ്പ് ജീവിച്ചിരുന്നവരോട് ചോദിച്ചാൽ അറിയും.

ഉച്ചരിത ഭാഷണ ശബ്ദങ്ങൾ

ഗദമായും വാക്കിന് മുതലായും നിൽക്കുന്ന ശബ്ദത്തിനും അതിന്റെ അടയാളത്തിനും അക്ഷരം എന്ന് പേര് വിളിക്കുന്ന ജോർജ് മാത്തൻ ഗദശബ്ദം രുതശബ്ദത്തിൽ നിന്ന് വേറിട്ട താണെന്ന് വിശദീകരിക്കുന്നിടത്ത് അത് ഉച്ചരിതമാണെന്ന് വ്യക്തമാക്കുന്നു. പക്ഷികളുടെയും മറ്റും ശബ്ദമായ 'രുത' ശബ്ദത്തിന് കണ്ഠ്യം, താലവ്യം എന്നിങ്ങനെയുള്ള ഭേദങ്ങൾ ഇല്ലെന്നും ഗദശബ്ദങ്ങൾക്കതുണ്ടെന്നും എല്ലാ 'ഗദ' ശബ്ദങ്ങളും അക്ഷരങ്ങൾ ആകില്ലെന്നും പദങ്ങളിൽ വരുന്ന വ്യക്തമായ ഗദശബ്ദ

ങ്ങൾ മാത്രമേ അക്ഷരങ്ങൾ ആവുകയുള്ളൂ എന്നും പറയുന്നിടത്ത് ഉച്ചാരണാസ്പദ സ്വനവിജ്ഞാനത്തിന്റെ പ്രധാന ആശയങ്ങൾ കടന്നുവരുന്നു.

പരിശീലനാവശ്യകത

ജൈവിക വൃത്തികളെ പോലെയല്ല ഭാഷ പ്രവർത്തിക്കുന്നത് എന്നാണ് ജോർജ് മാത്തൻ നിരീക്ഷിക്കുന്നത്. ബാലാഭ്യസനത്തെകുറിച്ചുള്ള പ്രസംഗത്തിൽ അദ്ദേഹം ഇങ്ങനെ പറയുന്നു, "പൈതങ്ങൾ കളിയിലും വിളയാട്ടിലും വീട്ടിൽ നിൽക്കുമ്പോഴും പുറത്ത് സഞ്ചരിക്കുമ്പോഴും മാതൃഭാഷ പ്രയോഗിക്കുകയും പ്രയോഗിച്ച് കേൾക്കുകയും ചെയ്യുന്നതിനാൽ അതിലെ മൊഴികളും അതിലെ പൊരുളുകളും അവർക്ക് താനെ മനസ്സിലാകുന്നു". (സാമുവൽ, 1992:437) ഭാഷാജ്ഞാനം മനുഷ്യമനസ്സിൽ നിക്ഷിപ്തമാണെങ്കിലും അത് വേണ്ട തുപോലെ വികസിപ്പിച്ചെടുക്കാനും പ്രയോഗിച്ച് പരിശീലിക്കാനും അവസരം ഒരുങ്ങുന്നില്ലെങ്കിൽ ഭാഷാവികാസം നടക്കുകയില്ല എന്ന് നോം ചോംസ്കി പറയുന്നിടത്തും ഇക്കാര്യം തന്നെയാണ് ഓർമിപ്പിക്കുന്നത്.

പദങ്ങളുടെ പ്രതീകാത്മകത

"പദം എന്നത് ഗദശബ്ദങ്ങളാൽ ഉണ്ടാകുന്നതും പുറമേ കാണുന്ന വസ്തുക്കളെ കുറിച്ച് നമ്മുടെ ഉള്ളിൽ തോന്നുന്ന രൂപങ്ങളുടെ അടയാളങ്ങളുമാകുന്നു". (ജോർജ് മാത്തൻ, 2000 : 32) ഇവിടെ പദങ്ങളുടെ അർത്ഥം ആരോപിതമാണെന്ന സൂചന നൽകുകയാണ്. ഭാഷകളിലെ പദങ്ങൾ ഭൂരിഭാഗവും അപ്രകാരമുള്ളതാകുന്നു എന്ന് ജോർജ് മാത്തൻ നിരീക്ഷിക്കുന്നു. മനുഷ്യഭാഷകളുടെ ചിഹ്നശാസ്ത്രപരമായ ഇത്തരം സവിശേഷതകൾ മലയാ ളത്തിൽ ആദ്യമായി വിവരിക്കുന്നത് ജോർജ് മാത്തനാണ്.

വ്യാകരണ ദർശനം

വ്യാകരണം ഒരേ സമയം സൂത്രവും ശാസ്ത്രവും ആണെന്ന് ജോർജ് മാത്തൻ പറയുന്നു. ഭാഷാപരിചയമില്ലാത്തവർക്ക് അത് എളുപ്പത്തിൽ പഠിക്കാനുള്ള ചില സൂത്രങ്ങൾ വ്യാകരണത്തിലുണ്ട്. വ്യാകരണം ഭാഷയുടെ പ്രമാണങ്ങളെയും അതിലെ പ്രയോഗങ്ങളുടെ കാരണങ്ങളെയും കാണിക്കുന്നതാകയാൽ അതൊരു ശാസ്ത്രമാകുന്നു. (ജോർജ് മാത്തൻ, 2000 : 3) വ്യാകരണം പഠിച്ചാലാണ് യുക്തികളും വി

സ്ഥാരങ്ങളും അടങ്ങിയിരിക്കുന്ന സംഗതികളെക്കുറിച്ച് മുറപോലെയും തെളിവായും പറയുകയോ എഴുതുകയോ ചെയ്യാ നാകുന്നത്. മലയാളികൾ ഈ ശാസ്ത്രം അഭ്യസി ക്കാത്തതിനാലാണ് മലയാളത്തിൽ നല്ല വാചകങ്ങൾ ചുരുക്കമായിരിക്കുന്നതെ ന്നാണ് ജോർജ് മാത്തന്റെ അഭിപ്രായം. (ജോർജ് മാത്തൻ, 2000 : 3) അർത്ഥശ ങ്ക കൂടാതെ ഭാഷ മുറപോലെ പ്രയോഗിക്കാൻ വ്യാകരണവിദ്യ ആവശ്യം തന്നെ എന്ന അഭിപ്രായമുണ്ടെങ്കിലും അതുകൊണ്ട് ഭാഷയുടെ അറിവ് പൂർണമാകില്ലെന്ന കാഴ്ചപ്പാടുമുണ്ട്. "ഭാഷയെ പണിയുന്നതിനുള്ള സാധനങ്ങളും വ്യാകരണ വിദ്യകൊ ണ്ട് ആ വേലയ്ക്ക് വേണ്ടുന്ന കരുക്കളും നമുക്ക് ഉണ്ടാകും. എന്നാൽ പണിയുടെ ഭംഗി അറിയാൻ മറ്റ് നല്ല പണിക്കാരുടെ പണിത്തരങ്ങളെ കാണുകയും ഭംഗിയോട് പണിയാൻ അങ്ങനത്തെത്തരത്തിൽ പണിതു ശീലിക്കുകയും വേണം."5 പന്മന രാമചന്ദ്രൻനായർ 'ശുദ്ധമലയാളം' എഴുതാനും എം.എൻ. കാരശ്ശേരി 'തെളിമല യാളം' പറയാനും കണ്ടെത്തുന്ന മാർഗങ്ങളിൽ പ്രധാനം ഇതുതന്നെയാണ് –നല്ല ശൈലിയിൽ എഴുതിയ ഗ്രന്ഥങ്ങൾ, എഴുതി പരിശീലിക്കുക.

വ്യാകരണ സംജ്ഞകൾ

ജോർജ് മാത്തൻ ഉപയോഗിച്ച വ്യാകരണ സംജ്ഞകൾ മലയാഴ്മയുടെ വ്യാകരണത്തെ സാധാരണക്കാരിൽനിന്നകറ്റി എന്ന ആക്ഷേപത്തിന് അദ്ദേഹം തന്നെ എഴുതിയ മുഖവുരയിൽ മറുപടി പറയുന്നുണ്ട്. വ്യാകരണ വസ്തുതകളുടെ വി ശദീകരണത്തിന് അനുയോജ്യമയ സംജ്ഞകളാണ് ഉപയോഗിച്ചിരിക്കുന്നതെന്ന് അദ്ദേഹം പറയുന്നു. പുതിയ സാങ്കേതിക പദങ്ങൾ ആദ്യം അല്പം അപരിചിതത്വം തോന്നിയാലും അവ കൊണ്ടുവരുന്ന സംക്ഷിപ്തതയും ഭംഗിയും പരിചയപ്പെട്ടു കഴി ഞ്ഞാൽ ആശയങ്ങൾ കൃത്യമായും സ്പഷ്ടമായും ദ്വയാർഥം കൂടാതെയും മനസ്സിലാ ക്കാൻ കഴിയും. അതുകൊണ്ട് തന്നിരിക്കുന്ന സാങ്കേതികപദ സൂചികയിലെ വിവ രണത്തിൽ നിന്നും ആശയം മനസ്സിലാക്കി ഗ്രന്ഥാപഗ്രഥനം നടത്താ മെന്നാണ് ജോർജ് മാത്തന്റെ വിവക്ഷ. അതു ശരിയാണെന്ന് ഈ ഗ്രന്ഥം പഠിക്കുന്നവർക്ക് ബോധ്യമാകും.

മലയാഴ്മയുടെ വ്യാകരണം - സ്വരൂപം

ഈ ഗ്രന്ഥത്തിന് രണ്ട് ഭാഗങ്ങളുണ്ട്. അക്ഷര ലക്ഷണമെന്ന ഒന്നാം കാ

ണ്ഡത്തിൽ 92 ഖണ്ഡികകളും പദകാണ്ഡം എന്ന രണ്ടാം ഭാഗത്ത് 384 ഖണ്ഡികകളുമാണുള്ളത്. കൂടാതെ അ കാരാദിക്രമത്തിൽ വ്യാകരണ പദങ്ങളുടെ പട്ടികയും അവയുടെ ഇംഗ്ലീഷിലുള്ള അർത്ഥവും ഉള്ളടക്കം സൂചിപ്പിക്കുന്ന പേജും ഉൾപ്പെടുത്തിയിട്ടുണ്ട്. ശാസ്ത്രീയമായാണ് ഗ്രന്ഥം തയ്യാറാ ക്കിയതെന്ന് വ്യക്തം.

അക്ഷരലക്ഷണം.

അക്ഷരം എന്ന സങ്കല്പത്തിന്റെ നിർവചനം, മലയാളത്തിന് ആവശ്യമായ അക്ഷരങ്ങൾ, ചില അക്ഷരങ്ങളുടെ പ്രത്യേകതകൾ എന്നിവ സൂക്ഷ്മതയോടെ വിവരിക്കുന്നു. മലയാള സ്വരങ്ങൾ അ, ഇ, ഉ, എ , ഒ എന്നിവയും അവയുടെ ദീർഘങ്ങളുമാണ്. അദ്ദേഹം അർദ്ധാച്ച് എന്നു വിളിക്കുന്ന സംവൃതോകാരത്തെയും കൂടി വർണ്ണങ്ങളിൽ ഉൾപ്പെടുത്തണം. കാരണം അതിന്റെ അർഥവ്യാവർത്തനശേഷി കാട - കാട് എന്നീ പദങ്ങൾ ചൂണ്ടികാട്ടി വിശദമാക്കുന്നുണ്ട്. വർത്സ്യവർഗത്തിന്റെ പ്രാധാന്യം വിശദമാക്കുന്ന അദ്ദേഹം 38 വ്യഞ്ജന ങ്ങളെയും വർണ്ണമാലയിൽ ഉൾപ്പെടുത്തുന്നത് കാണാം. ആധുനിക ഭാഷാ ശാസ്ത്രത്തിന്റെ സ്വനിമ നിർണയം ജോർജ് മാത്തന്റെ ഈ നിരീക്ഷണങ്ങൾക്കൊത്തു പോകുന്നതാണ്. അക്ഷരങ്ങളും പദങ്ങളും തമ്മിൽ കൂടിച്ചേരുമ്പോഴുള്ള ഭേദങ്ങൾ വിവരിക്കുന്നിടത്ത് സന്ധി കാര്യങ്ങൾ ചുരുക്കി വിവരിച്ചിട്ടുണ്ട്. സന്ധിക്കുന്ന വർണ്ണങ്ങൾ സ്വരമാണോ വ്യഞ്ജനം ആണോ എന്നതിനെ അടിസ്ഥാനമാക്കിയുള്ള വിവരണമാണ് നൽകുന്നതെങ്കിലും അവിടെ ലോപസന്ധി , ആഗമ സന്ധി, ആദേശ സന്ധി, ദ്വിത്വസന്ധി എന്നിവയുടെ വിവരണം ഉണ്ട്. ഭാഷയിലെ സംസ്കൃത പദങ്ങളുടെ സന്ധി ആ ഭാഷയുടെ നിയമപ്രകാരം നടക്കട്ടെ എന്ന് പറയുമ്പോഴും മലയാള രീതിപ്രകാരം സംസ്കൃത ശബ്ദങ്ങൾ സന്ധി ചെയ്യുന്നത് അദ്ദേഹത്തിന്റെ ശ്രദ്ധയിൽപെടാതിരിക്കുന്നില്ല. (ജോർജ് മാത്തൻ, 2000 :24)

മലയാളഭാഷക്ക് അക്ഷരങ്ങളെത്ര എന്ന ചോദ്യത്തിന് കൃത്യമായി ഉത്തരം പറയാൻ സാധിക്കുന്ന ഒരു സമീപന രീതി ജോർജ് മാത്തന്റെ വിവരണത്തിനുണ്ട്. ഭാഷയെയും ഭാഷകനെയും സശ്രദ്ധം വീക്ഷിച്ച് വസ്തുതകളുടെ അടിസ്ഥാനത്തിൽ എത്തിച്ചേരേണ്ട തീരുമാനമാണതെന്ന് അദ്ദേഹം തുടക്കത്തിലെ വ്യക്തമാക്കി. അവിടെ മിതത്വത്തിനും ശാസ്ത്രീയതയ്ക്കുമാണ് മുൻതൂക്കം. അദ്ദേഹത്തിന്റെ ഇത്തരം നിരീക്ഷണങ്ങളെ തുടർന്നുവന്ന വൈയാകരണന്മാർക്ക് പൂർണമായും പ്രയോജനപ്പെടുത്താനായില്ല.

പദലക്ഷണം

മലയാഴ്മയുടെ വ്യാകരണത്തിലെ 476 ഖണ്ഡികകളിൽ 384 ഉം ഉൾപ്പെടുന്ന രണ്ടാം കാണ്ഡമായ പദലക്ഷണം പദങ്ങളുടെ രൂപപരവും വാക്യാർഥപരവുമായ അപഗ്രഥനം ഒരുമിച്ചു നടത്തുന്നതിനാൽ അല്പം നീണ്ടുപോയിട്ടുണ്ട്. "പദങ്ങളെ മുറപോലെ തരംതിരിക്കുന്നതല്ല, അവയുടെ ലക്ഷണങ്ങളെ തെറ്റുകൂടാതെ കാണിക്കുന്നതു തന്നെ വ്യാകരണത്തിന്റെ പ്രധാന സാധ്യമാകുന്നു". (ജോർജ് മാത്തൻ, 2000:33)എന്നു സൂചിപ്പിച്ച് പദങ്ങളെ നാമം, വചനം, അവ്യയം എന്നിങ്ങനെ മൂന്നായി തിരിച്ചാണ് വിവരണങ്ങൾ നൽകുന്നത് . നാമവും വചനവും എല്ലാ ഭാഷകളിലും ഉണ്ടെന്നും നമ്മുടെ വിചാരങ്ങളെ അറിയിക്കുന്നതിന് ഈ രണ്ടു വക പദങ്ങൾ മതിയെന്നും പറയുന്നു. അവ്യയങ്ങൾ വാചകത്തിന്റെ എളുപ്പത്തിനും അലങ്കാരത്തി നുമായിട്ട് ഉണ്ടാക്കിയിരിക്കുന്നു. ഇപ്പോൾ അവ ഒഴിച്ചുകൂടാനാവാത്തതാണ്. ഇപ്രകാരം ഭാഷയെ സംബന്ധിച്ച സൂക്ഷ്മ നിരീക്ഷണങ്ങൾ ഇവിടെ കാണാം. ഈ അധ്യായം മൂന്ന് ഭാഗങ്ങളായി അവതരിപ്പിച്ചിരുന്നെങ്കിൽ കൂടുതൽ നന്നായേനെ.

നാമം

നാമങ്ങളെ ഏകനാമം, വർഗ്ഗനാമം, സർവ്വനാമം, ബന്ധനാമം എന്നിങ്ങനെ വേർതിരിച്ച് നാമങ്ങളോടൊപ്പം ചേരുന്ന ലിംഗം, സംഖ്യ, വിഭക്തി പ്രത്യയങ്ങളെയും അവയുടെ 'പ്രയോഗാർഥങ്ങളെയും വിവരിക്കുന്നു. തുടർന്ന് നാമങ്ങളെ തന്നെ ഉത്ഭവം അടിസ്ഥാനമാക്കി മൂലനാമങ്ങൾ, തദ്ധിതനാമങ്ങൾ, സമാസനാമങ്ങൾ എന്നിങ്ങനെ തരംതിരിക്കുന്നു. അതിനുശേഷമാണ് സർവ്വനാമങ്ങളെ പുരുഷാർഥങ്ങൾ, നിശ്ചയകരങ്ങൾ, പൃച്ഛകങ്ങൾ, സർവ്വാർത്ഥങ്ങൾ, സാംഖ്യങ്ങൾ എന്ന് അഞ്ചായി തിരിച്ച് വിവരിക്കുന്നത്. 'ആചാരവാക്ക് എന്ന പേരിൽ പുരുഷാർത്ഥങ്ങളുടെയും മറ്റും സവിശേഷപ്രയോഗങ്ങൾ എടുത്തു പറയുകയും ചെയ്യുന്നുണ്ട്. സാമൂഹിക ഭാഷാശാസ്ത്രത്തിൽ സ്ഥാനം പിടിക്കുന്ന ആശയങ്ങളാണ് ഇവിടെ പറയുന്നത്.

രൂപവിജ്ഞാനത്തിന്റെ പ്രധാന ചർച്ചാവിഷയം പദങ്ങൾ അവ വഹിക്കുന്ന ആശയം പരിഷ്കരിക്കാനും അന്യോന്യബന്ധം വ്യക്തമാക്കാനുംവേണ്ടി രൂപഭേദം പ്രാപിക്കുന്നതാണ്. ലിംഗ-വിഭക്തി -സംഖ്യാ പ്രത്യയങ്ങൾ ചേരുമ്പോഴുണ്ടാകുന്ന നാമ വിഭാഗത്തിന്റെ രൂപഭേദം ജോർജ് മാത്തൻ പ്രത്യേകം വിവരിക്കുന്നുണ്ട്. "നാമങ്ങൾക്ക് രൂപഭേദം വരുന്നത് അവ അടയാളമായിരിക്കുന്ന വസ്തുക്കളുടെ ലിംഗ

ത്തെയും സംഖ്യയെയും വിഭക്തിയേയും കാണിക്കുന്നതിനായിട്ട് ആകുന്നു." (ജോർജ് മാത്തൻ, 2000 : 38)

2. വചനം

വചനം ശുദ്ധമെന്നും വാച്യമെന്നും രണ്ടായി തിരിച്ച് വാച്യത്തെ ഭാവവചനം, സംഭവവചനം, ക്രിയാവചനം എന്നിങ്ങനെ തരംതിരിക്കുന്നു. അതിലെ ക്രിയാവചനത്തെ അകർമകം, സകർമ്മകം, കാരണി, കർമ്മണി എന്നിങ്ങനെ തിരിക്കുന്നു. വചനം പാരമ്പര്യവ്യാ കരണങ്ങളിൽ കാണുന്ന ക്രിയാസങ്കല്പത്തിൽ നിന്നും ഉയർന്ന ആശയതലം മുന്നോട്ടുവയ്ക്കുന്നു. 'ക്രിയ വചനത്തിന്റെ ഉപവിഭാഗം മാത്രമാണ്. കാരണം വചനം 'ആഖ്യാതം' എന്ന് വിശേഷി പ്പിക്കാവുന്ന അർഥമുൾക്കൊള്ളുന്നുണ്ട്. ഈ വചനത്തിന്റെ പരാധാരനില, നിരാധാരനില, ഭാവഭേദങ്ങൾ എന്നീ വിഭാഗങ്ങളിൽ വിശദമായ ചർച്ച നടക്കുന്നത് വ്യാകരണ കാര്യങ്ങൾ ലളിതമായി മനസ്സിലാക്കാൻ പര്യാപ്തമാണ്. അവിടെ നാമാധേയം, വചനാധേയം, ലന്തം,വന്തം, ആന്തം, നന്തം തുടങ്ങിയ സാങ്കേതിക സംജ്ഞകൾ മനസ്സിലാക്കണമെന്ന് മാത്രം.

3. അവ്യയം

നാമങ്ങളും വചനങ്ങളും തമ്മിലുള്ള സംബന്ധത്തെ കാണിക്കുന്നതിന് ഉപയോഗിക്കുന്ന രൂപഭേദമില്ലാത്ത പദങ്ങളെയാണ് അവ്യയം എന്ന വിഭാഗത്തിൽ ജോർജ് മാത്തൻ വിവരിക്കുന്നത്. ഇവ ഭാഷാശാസ്ത്ര പ്രകാരം സ്വതന്ത്രമോ ആശ്രിതമോ ആയ രൂപിമങ്ങളായി നിൽക്കുന്നു. തദ്ധിതാവ്യയങ്ങളുടെ ഒരു നീണ്ട പട്ടിക തന്നെ ജോർജ് മാത്തൻ നൽകുന്നുണ്ട്. നൂറ്ററുപതിലധികം അവ്യയങ്ങളെ അക്ഷരമാല ക്രമത്തിൽ അവതരിപ്പിക്കാനും വ്യത്യസ്ത വാക്യങ്ങളിൽ എപ്രകാരമാണ് അവ അർഥം പ്രകാശിപ്പിക്കുന്നതെന്ന് വിശദീകരിക്കാനും ജോർജ് മാത്തൻ ശ്രമിച്ചിട്ടുണ്ട്. അവ്യയം ചേർന്നുവരുന്ന അധേയം ഏതു വിഭക്തിയിലാണ് എന്ന് വിശദീകരിക്കുന്നുമുണ്ട്. വാക്യതലത്തിലുള്ള ഇത്തരം അപഗ്രഥനം ഭാഷാർഥത്തിലേക്ക് കടന്നെത്താൻ സഹായകമാണ്.

ഉൾക്കാഴ്ചയിലെ ഭാഷാശാസ്ത്ര തിളക്കം

പദലക്ഷണം എന്ന രണ്ടാം ഭാഗത്ത് പദങ്ങളിൽ അധികവും ആശയങ്ങ

ളുടെ നിർയുക്തിക അടയാളങ്ങളാണെന്നും രൂപവും അർത്ഥവും ഒരുപോലെ ഭാഷാപഗ്രഥനത്തിൽ പ്രധാന പ്പെട്ടതാണെന്നും ഒരേ അർത്ഥമുള്ള പലരൂപങ്ങളെ ഒരു രൂപമായി കാണുന്നതാണ് യുക്തം എന്നുമുള്ള നിരീക്ഷണങ്ങൾ ആധുനിക ഭാഷാശാസ്ത്രത്തിൽ ഏറെ ചർച്ചചെയ്യപ്പെടുന്നു. അർഥവ്യാവർത്തന ശേഷിയുള്ള സവിശേഷ രൂപങ്ങളാണ് രൂപിമങ്ങൾ. അവയെ സ്വതന്ത്രം, ബദ്ധം, ആശ്രിതം, ശൂന്യം, ഉപരൂപം, വിച്ഛിന്ന രൂപം എന്നിങ്ങനെ തരം തിരിച്ച് പഠിക്കാറുണ്ട് ഈ സാങ്കേതിക സംജ്ഞകളിലൂടെ അവതരിപ്പിക്കുന്ന ആശയങ്ങൾ മലയാഴ്മയുടെ വ്യാകരണത്തിൽ പലയിടത്തും കാണാം. ഉദാഹരണം:- അവൻ പുസ്തകം വായിച്ചു. പുസ്തകം പ്രതിഗ്രാഹിക വിഭക്തിയിലാണ് (പുസ്തകത്തെ - എ പ്രത്യയം ചേർക്കുന്നില്ല) ഇതിനെ ആന്തര വിഭക്തി എന്ന് ജോർജ് മാത്തൻ വിളിക്കുന്നു. ശൂന്യ രൂപിമത്തിന് ഉദാഹരണമാണിത്. എല്ലാ കാര്യവും എന്ന പ്രയോഗത്തിലെ 'ആ... ഉം' എന്നീ രൂപങ്ങൾ ഒരർത്ഥത്തെ വ്യത്യസ്ത സ്ഥാനങ്ങളിൽ ഇരുന്ന് വെളിപ്പെടുത്തുന്ന വിച്ഛിന്ന രൂപിമത്തിന് ഉദാഹരണമാണ്.

സഹായവചന ചർച്ചയിലും അവ്യയ ചർച്ചയിലും വചനചർച്ചയിലും എല്ലാം ഉള്ള അർഥ വിശകലനം ജോർജ്ജുമാത്തന്റെ വാക്യഘടനാപരമായ സൂക്ഷ്മ നിരീക്ഷണം വ്യക്തമാക്കുന്നു. നാമാധേയങ്ങൾ വിശദീകരിക്കുന്നിടത്തെ അർത്ഥവിശകലനത്തിൽ ആധാരികാന്തത്തോട് 'ഉള്ള' ചേർന്നും 'എ' ചേർന്നുമുണ്ടാകുന്ന നാമവിശേഷണധർമ്മം വ്യത്യസ്ത അർത്ഥസൂചന തരുന്നെന്ന് വ്യക്തമാക്കുന്നത് ഇതിന് ദൃഷ്ടാന്തമാണ്. കിണറ്റിലെ വെള്ളം (മേശപ്പുറത്തും വയ്ക്കാം) കിണറ്റിലുള്ള വെള്ളം (കിണറ്റിൽ തന്നെ ഉള്ളതാണ്)

ഉപസംഹാരം

മാതൃഭാഷയെ തികഞ്ഞ ഉൾക്കാഴ്ചയോടെ അപഗ്രഥിച്ച് ഏകകാലികവും വസ്തുനിഷ്ഠവും വിവരണാത്മകവുമായി അതിന്റെ ലക്ഷണങ്ങളെയും നിയമങ്ങളെയും അതിനുള്ള കാരണ ങ്ങളെയും എഴുതുമ്പോൾ അത് സന്ദർഭോചിതവും സാമൂഹിക പ്രസക്തവും ആവുമെന്ന് മലയാഴ്മയുടെ വ്യാകരണം തെളിയിക്കുന്നു. അതിനാൽ സാമൂഹിക ഭാഷാസ്ത്രത്തിന്റെയും പ്രകരണവിജ്ഞാനത്തിന്റെയും ധൈഷണിക ഭാഷാശാസ്ത്രത്തിന്റെയും അന്വേഷണങ്ങൾക്ക് വക നൽകുന്നുണ്ട് ഈ ഗ്രന്ഥം.

കുറിപ്പുകൾ

1. 'മണ്ഡപത്തിൻ വാതുക്കൽ മുതൽ ഹജൂർവരെയും മുൻശിപ്പ് കോടതി മുതൽ ചതുർകോടതി വരെയും ഉള്ള എഴുത്തുവേലകൾ ഒക്കെയും ഇന്നേവരെയും തമിഴ് അക്ഷരത്തിൽ ആകുന്നു നടക്കുന്നത്. ആകയാൽ ആധാരമോ കുറിയോ ആകട്ടെ സമനോ വിധിപ്പേർപ്പോ ആകട്ടെ തമിഴ് അക്ഷരത്തിൽ അല്ലാതെ മലയാംഭാഷയ്ക്ക് വിഹിതം ആയിരിക്കുന്ന ഗ്രന്ഥക്ഷരത്തിൽ യാതൊന്നും കാണുന്നില്ല. എന്നല്ല വല്ല വരും തങ്ങളുടെ മൊഴിയോ ആവലാതിയോ ഗ്രന്ഥത്തിൽ എഴുതിക്കൊണ്ട് കച്ചേരിയിലോ കോടതിയിലോ ചെന്നാൽ പിള്ളമാർ ആയതിനെ അംഗീകരിക്കാതെ തമിഴിൽ എഴുതി കൊണ്ടുവരാൻ പാവപ്പെട്ട കുടിയാന്മാരെ നിർബന്ധിക്കുകയും ചെയ്യുന്നു.............അക്ഷരാഭ്യാസമുള്ളവരിൽതന്നെ പലരും തമിഴ് എഴുത്ത് ശീലം ഇല്ലായ്കയാൽ തങ്ങളുടെ ദേഹത്തെയും വസ്തുവകകളെയും സംബന്ധിച്ച് പല ഓലകൾക്കും വായിച്ചറിയാതെ കയ്യൊപ്പ് വെച്ചു കൊടുക്കേണ്ടി വരുന്നു.'_വിദ്യാസംഗ്രഹം, കോട്ടയം കോളേജ് മാഗസിൻ. നമ്പർ 1, ജൂലൈ 1864, വോളിയം ഒന്ന്, പുറം 33, ഡോ. സാമുവൽ ചന്ദനപ്പള്ളി, ജോർജ് മാത്തൻ കൃതികളും പഠനങ്ങളും എന്ന ഗ്രന്ഥത്തിൽ സമാഹരിച്ച സന്മാർഗോപദേശം എന്ന പുസ്തക നിരൂപണത്തിൽ നിന്ന്. പുറം 449-450.

2. ജോർജ്ജ് മാത്തന്റെ പ്രസംഗം, പരിഭാഷ, വ്യാകരണം, വിവിധ ലേഖനങ്ങൾ എന്നിവയെല്ലാം സമാഹരിച്ച് സാമുവൽ ചന്ദനപ്പള്ളി ജോർജ് മാത്തൻ കൃതികളും പഠനവും എന്ന പേരിൽ തയ്യാറാക്കിയ പുസ്തകത്തിൽ നിന്നുള്ള വാക്യങ്ങൾ ഈ പ്രബന്ധത്തിൽ ഉദ്ധരിച്ചിട്ടുണ്ട്. റവ. മാത്തന്റെ സന്മാർഗോപദേശം എന്ന ലേഖനത്തിൽ നിന്നാണ് ഈ പരാമർശം. മറാഠിയിൽ നിന്നും പരിഭാഷപ്പെടുത്തി, 'സന്മാർഗോപദേശം' എന്ന പേരിൽ അച്ചടിച്ച ടി. ലക്ഷ്മണരായരുടെ കൃതിയിലെ ഭാഷയെയും അതിന്റെ ഉള്ളടക്കത്തെയും നിരൂപണം നടത്തി ജോർജ്ജ് മാത്തൻ 1864 ൽ എഴുതിയ ലേഖനമാണിത്.

3. ഭാഷാസാഹിതിയിൽ (ഏപ്രിൽ - ജൂൺ 1994) ശ്രീ ഇ. വി. എൻ. നമ്പൂതിരി എഴുതിയ ലേഖനമാണ് കേരളപാണിനീയം: മലയാളത്തിലെ അക്ഷര ഘടനയും പദ

വിഭാഗ കൽപ്പനയും. കേരള പാണിനി പദവിഭജനം നടത്തിയിരിക്കുന്നത് ചുവടെ ചേർക്കുന്ന പല ഉപാധികളെ അടിസ്ഥാനമാക്കിയാണെന്ന് ലേഖകൻ നിരീക്ഷിക്കുന്നു.

അർത്ഥം	- വിഭാവകം, പാരിമാണികം
രൂപം	- 34,40,കാരികകൾ
ഘടന	- ഗതി, ഘടകം, സകർമകം, അകർമ്മകം
വ്യുത്പത്തി	- സർവ്വനാമികം, നാമാംഗജം, ക്രിയാംഗജം, നിപാതം
പ്രകൃതി	- കേവലം , പ്രയോജകം
സ്വഭാവം	- കാരിതം, അകാരിതം
പ്രാമാണ്യം	- മുറ്റുവിന , പറ്റുവിന

4. ഭാഷാസാഹിതയിൽ ശ്രീ എൻ. എൻ. മൂസത് (ഏപ്രിൽ -ജൂൺ 1994)എഴുതിയ ലേഖനമാണ് വിശേഷണം, അവ്യയം എന്നീ വ്യാകരണിക സംവർഗങ്ങളെപ്പറ്റി. '
5. ബാലാഭ്യസനത്തെക്കുറിച്ച് ഒരു പ്രസംഗം എന്ന പേരിൽ ഡോ. സാമുവൽ ചന്ദനപ്പിള്ളി റവ. ജോർജ് മാത്തൻ കൃതികളും പഠനവും എന്ന ഗ്രന്ഥത്തിൽ സമാഹരിച്ചത്. പുറം 443.

സഹായക ഗ്രന്ഥങ്ങൾ

1. കാരശ്ശേരി, എം.എന്, തെളിമലയാളം, ഡിസി ബുക്സ്, കോട്ടയം, 2005
2. ചന്ദനപ്പള്ളി, സാമുവൽ, റവ. ജോർജ് മാത്തൻ കൃതികളും പഠനവും, സീഡീസ് ബുക്സ്, ഓറിയന്റൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് , ചന്ദനപ്പള്ളി, 1992.
3. പ്രഭാകരവാര്യർ, കെ. എം., ഭാഷാശാസ്ത്ര വിവേകം, വള്ളത്തോൾ വിദ്യാപീഠം ശുകപുരം 2013.
4. മാത്തൻ, ജോർജ്, റവറെന്റ്, മലയാഴ്മയുടെ വ്യാകരണം, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2000.
5. രാജരാജവർമ്മ, എ. ആർ. , കേരളപാണിനീയം, ഡിസി ബുക്സ് , കോട്ടയം, 1999.
6. രാമചന്ദ്രന് നായര്, പന്മന, നല്ലഭാഷ, ഡിസി ബുക്സ്, കോട്ടയം, 2014.

ഉടി റിസർച്ച് ജേണൽ • ISSN-2320-8880 • ലക്കം - 12 • വാല്യം - 2

നിഷേധാശയ കോശിമങ്ങൾ പ്രകരണ വീക്ഷണത്തിൽ

രമ്യ ഇ. പി.
ഗവേഷക, ഭാഷാശാസ്ത്ര സ്കൂൾ,
തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാല ,തിരൂർ

പ്രബന്ധസംഗ്രഹം:

വ്യാകരണിക സംവർഗങ്ങളിലൊന്നാണ് നിഷേധം. നിഷേധരൂപങ്ങളുപയോഗിച്ചാണ് മലയാളത്തിൽ നിഷേധ വാക്യങ്ങളുണ്ടാക്കുന്നത്. ഇല്ല, അല്ല, അരുത്, വേണ്ട, ഒല്ലാ, കൂടാ, വഹിയാ എന്നിങ്ങനെയാണ് നിഷേധരൂപങ്ങൾ. ഏതൊരു വാക്യത്തെയും നിഷേധമാക്കി മാറ്റാൻ നിഷേധരൂപങ്ങൾ ഉപയോഗിക്കുകയാണ് ചെയ്യുന്നത്. എന്നാൽ നിഷേധ രൂപങ്ങൾ അഥവാ പ്രത്യയങ്ങൾ എന്നിവയ്ക്ക് പുറമേ ചില കോശിമങ്ങളും പദങ്ങളും നിഷേധാർഥം പ്രകടിപ്പിക്കുന്നുണ്ട്. നിഷേധരൂപങ്ങൾക്കു പുറമേ നിഷേധാശയം സൃഷ്ടിക്കുന്ന ചില കോശിമങ്ങൾ മലയാളത്തിലുണ്ട്. അവ ഏതെല്ലാമാണെന്നു ഉദാഹരണ സഹിതം വ്യക്തമാക്കുകയും ചില കോശിമങ്ങളുടെ പ്രാഥമികാർഥം നിഷേധാശയം കിട്ടുന്നതും മറ്റുചില കോശിമങ്ങൾക്ക് ആന്തരികാർഥം തന്നെ നിഷേധാശയം കിട്ടുന്നവയുമുണ്ട് അവയെ അവതരിപ്പിക്കുകയും . ഇല്ല, വേണ്ട എന്നീ നിഷേധത്തെ സൂചിപ്പിക്കുന്ന കോശിമങ്ങളേയും കണ്ടെ

ത്തി അവതരിപ്പിക്കുകയും എന്ത്, എങ്ങനെ, എവിടെ, ആര്, എപ്പോൾ തുടങ്ങിയ ചോദ്യരൂപങ്ങളടങ്ങിയ വാക്യത്തിന്റെ ആന്തരികാർഥം നിഷേധാശയം വരുന്നവയുമുണ്ട്. വാക്യത്തിൽ ആശയം മനസിലാക്കുന്നത് അർഥം കൊണ്ട് മാത്രമല്ല, അതിന്റെ സന്ദർഭത്തോട് കൂട്ടി വായിക്കുമ്പോൾ കൂടിയാണ്. ഇത്തരത്തിൽ മലയാളത്തിൽ വന്നിട്ടുള്ള നിഷേധാശയം സൃഷ്ടിക്കുന്ന ചില കോശിമങ്ങളെ അവതരിപ്പിക്കാനാണ് ഈ പേപ്പറിലൂടെ ശ്രമിക്കുന്നത്.

താക്കോൽ വാക്കുകൾ:

നിഷേധം, നിഷേധവാക്യം, നിഷേധരൂപം, നിഷേധാർഥം, കോശിമം, നിഷേധാശയം, പദം, ആന്തരികാർഥം, പ്രാഥമികാർഥം, അഗാധഘടന, വിഭക്തി, കാലം, വചനം, പ്രകരണം.

ആമുഖം

എല്ലാ ഭാഷകളിലും പൊതുവായി കാണപ്പെടുന്ന വ്യാകരണിക സംവർഗങ്ങളിലൊന്നാണ് നിഷേധം. അതായത്, നിഷേധം സാർവലൌകികമാണ്. 'നിഷേധാർഥം കുറിക്കുന്ന വാക്യത്തെ നിഷേധ വാക്യം എന്നു പറയുന്നു. ഇന്നത് ഇല്ല എന്നോ അത് അങ്ങനെയല്ല എന്നോ പറയുന്നതാണ് നിഷേധം' (അച്യുതവാര്യർ എസ്. പ്രൊഫ., പേജ്207, 2011). ഇംഗ്ലീഷിൽ വിധിവാക്യത്തെ Affirmative Sentence എന്നും നിഷേധ വാക്യത്തെ Negative Sentence എന്നും പറയുന്നു. സംസ്കൃതം, ഇംഗ്ലീഷ് തുടങ്ങിയ ഭാഷകളിൽ മുഖ്യമായും നിഷേധ രൂപങ്ങൾ ഉണ്ടാകുന്നത് പ്രാക് പ്രയോഗങ്ങൾ ചേർന്നാണ്. എന്നാൽ ദ്രാവിഢ ഭാഷകളിലേക്കെത്തുമ്പോഴാകട്ടെ മലയാളത്തിൽ ക്രിയയുടെ രൂപഭേദം മൂലമാണ് നിഷേധാർഥമായ വാക്യങ്ങൾ ഉണ്ടാകുന്നത്. നിഷേധ രൂപങ്ങൾ ഉപയോഗിച്ച് നിഷേധാർഥം ലഭിക്കുന്ന പോലെ മറ്റ് പദങ്ങളും കോശിമങ്ങളും ഉപയോഗിച്ച് വാക്യത്തിന് നിഷേധാശയം ലഭിക്കുന്നുണ്ട്. അത്തരം കോശിമങ്ങൾ സ്വതന്ത്രമായി നിൽക്കുമ്പോൾ അവയ്ക്ക് നിഷേധാർഥം കിട്ടണ മെന്നില്ല വാക്യത്തിൽ ചേർത്ത് സന്ദർഭത്തോടു കൂട്ടിയിണക്കുമ്പോൾ നിഷേധാശയം വരുന്നതരത്തിലായിരിക്കും ഉണ്ടാകുക.

കോശിമം

'വിഭക്തി- കാല- പുരുഷ- വചനാദി വ്യവസ്ഥകളിലെ ധർമമനുസരിച്ച് സംഭവിക്കാവുന്ന രൂപഭേദങ്ങൾക്കതീതമായി പദാവലിയിലെ ഒരിനം എന്നെണ്ണാവുന്ന ഏകകമാണ് കോശിമം.

ഉദാ: അമ്മ എന്ന കോശിമം വിവിധ വ്യവസ്ഥകളിൽ പ്രത്യക്ഷീഭവിക്കുന്നത് അമ്മ, അമ്മയെ, അമ്മമാരോട് തുടങ്ങിയ രൂപസംഹിതകളിലൂടെയാണ്'. (പ്രബോധചന്ദ്രൻ നായർ വി ആർ ഡോ., പേജ് 531, 2012)

ചില പദങ്ങൾ നിഷേധാർഥത്തെ പ്രതിനിധാനം ചെയ്യാൻ കഴിയുന്നവയാണ്. അത്തരം പദങ്ങൾ സ്വതന്ത്രമായി നിൽക്കുമ്പോൾ അവയ്ക്ക് ആ പദത്തിന്റെ അർഥവും അത് വാക്യത്തിൽ പ്രയോഗിക്കുമ്പോൾ അവയ്ക്ക് നിഷേധാർഥത്തെ പ്രകടിപ്പിക്കുവാനും സാധിക്കുന്നു.

ചില ക്രിയകൾ ശൂന്യത്തെ അടയാളപ്പെടുത്താൻ കഴിയും. മതി,മടുത്തു, വെറുത്തു, നിന്നു, നിലച്ചു, തകർന്നു, എന്നീ ക്രിയാരൂപങ്ങൾ

ക്രിയ	ക്രിയ വരുന്ന വാക്യങ്ങൾ
മതി	അവന് മതിയായി എനിക്ക് അതു മതി
നിന്നു	പൈപ്പിലെ വെള്ളം നിന്നു കറണ്ട് നിന്നു ഫാനിന്റെ കറക്കം നിന്നു
തകർന്നു	ഹൃദയം തകർന്നു കെട്ടിടം തകർന്നു
നശിച്ചു	കൃഷി നശിച്ചു അവൻ നശിച്ചു അവൾ നശിച്ചു
അഴുക്കായി	കുളം അഴുക്കായി

ശൂന്യത്തെ അടയാളപ്പെടുത്തുന്ന ചില പദങ്ങളുണ്ട്.

ശൂന്യത്തെ അടയാളപ്പെടുത്തുന്ന പദങ്ങൾ	വാക്യം
ശൂന്യം	• കിണർ ശൂന്യമാണ്
കാലിയായി	• പാത്രം കാലിയായി • വയറു കാലിയായി
തീർന്നു	• പൂവ് തീർന്നു • സിനിമ തീർന്നു
കഴിഞ്ഞു	• അവന്റെ കഥ കഴിഞ്ഞു • ക്ലാസ് കഴിഞ്ഞു
വറ്റി	• വെള്ളം വറ്റി
വറ്റി വരണ്ടു	• നദിയിലെ വെള്ളം വറ്റിവരണ്ടു • തൊണ്ട വറ്റി വരണ്ടു

മാത്രം, തന്നെ, മുഴുവൻ ഇവ മൂന്നും വാക്യത്തിൽ ചേർക്കുമ്പോൾ ആ വാക്യത്തിന്റെ ആന്തരികാർഥം എന്നത് നിഷേധാശയമാണ് അഥവാ നിഷേധാർഥം ആണ് ലഭിക്കുന്നത്.

നിന്നു

പൈപ്പിലെ വെള്ളം നിന്നു

കറണ്ട് നിന്നു

ഫാനിന്റെ കറക്കം നിന്നു

ഇതിന്റെയെല്ലാം ആന്തരികാർഥം നോക്കുമ്പോൾ പൈപ്പിൽ വെള്ളമില്ല, കറണ്ടില്ല, ഫാനിന് കറക്കമില്ല എന്നീ അർഥങ്ങൾ കിട്ടുന്നു. ഇവിടെ നിന്നു എന്ന കോശിമം ശൂന്യത്തെ അടയാളപ്പെടുത്തുകയാണ്.

അഗാധ ഘടനയിൽ നിഷേധാശയം വരുന്നചില കോശിമങ്ങൾ

മൊത്തം

വീട്ടിലെ മൊത്തം മരവും വെട്ടി

ക്ലാസിലെ മൊത്തം കുട്ടികൾക്കും പനിയാണ്

ഒന്നാമത്തെ വാക്യത്തിൽ മൊത്തം മരവും വെട്ടി എന്നുപറഞ്ഞാൽ ഒരു മരം പോലും ബാക്കിയാക്കി വച്ചിട്ടില്ല എന്ന ആന്തരികാർഥമാണ് നമുക്കിവിടെ കിട്ടുന്നത്

രണ്ടാമത്തെ വാക്യത്തിൽ പനിയില്ലാത്തവരായി ക്ലാസിൽ ആരും തന്നെയില്ല എന്നും മനസിലാക്കാം. ഇവിടേയും നിഷേധാർഥം പ്രതിനിധാനം ചെയ്യാൻ മൊത്തം എന്ന പദത്തിന് കഴിയുന്നുണ്ട്.

മുഴവൻ, എല്ലാം എന്നീ കോശിമങ്ങളുടേയും സ്ഥിതി ഇതുതന്നെയാണ്. പ്രാഥമികാർഥത്തിന്റെ പോസറ്റീവ് ആണെങ്കിലും അതിന്റെ അഗാധ ഘടനയിലെ അർഥം നിഷേധാശയമാണ് ഉന്നയിക്കുന്നതെന്നു കാണാം.

എല്ലാം

അവൾക്ക് എല്ലാം വേണം എന്നുപറയുമ്പോൾ അവൾക്ക് വേണ്ടാത്തതായി യാതൊന്നുമില്ല

എല്ലാ കുട്ടികളും വന്നിരുന്നു എന്നു പറയുമ്പോൾ വരാത്തതായി ഒരു കുട്ടിയുമില്ലെന്നർഥം

മുഴുവൻ

ഞാൻ ചോറ് മുഴവനും കഴിച്ചു-

വീട്ടു മുഴവനും അടിച്ചുവാരി

ഒന്നാമത്തെ വാക്യത്തിൽ ഇവിടെ ചോറ് ബാക്കിയാക്കി വച്ചിട്ടില്ലെന്ന ആന്തരികാർഥം നമുക്ക് കിട്ടുന്നു.

മാത്രം, തന്നെ, മുഴവൻ ഇവ മൂന്നും വാക്യത്തിൽ ചേർക്കുമ്പോൾ ആ വാക്യത്തിന്റെ ആന്തരികാർഥം എന്നത് നിഷേധാശയമാണ് അഥവാ നിഷേധാർഥം ആണ് ലഭിക്കുന്നത്.

പ്രാഥമികാർഥം തന്നെ നിഷേധാശയം വരുന്നചില കോശിമങ്ങൾ

വെറുപ്പ്

എനിക്ക് മദ്യപിക്കുന്ന ആളെ വെറുപ്പാണ് എന്നു പറഞ്ഞാൽ സ്വാഭാവികമായും മദ്യപിക്കുന്ന ആൾക്കാരെ ഇഷ്ടമല്ല എന്നർഥമാണ് കിട്ടുക.

എനിക്ക് നിങ്ങളെ വെറുപ്പാണ് എന്നത് ആ വ്യക്തിയെ ഇഷ്ടമല്ലെന്നർഥവും കിട്ടുന്നു.

മടുപ്പ്

എനിക്കവളെ മടുപ്പാണ്

നിശബ്ദത, ഏകാന്തത, വിചനമായ വിചനം

നിശബ്ദമായ ഒരിടം അനിവാര്യമാണ് എന്നു പറഞ്ഞാൽ ഒച്ചയും അനക്കവുമില്ലാത്ത ഒരിടമാണ് ആവശ്യമെന്നർഥം.

തകർന്നു

കെട്ടിടം തകർന്നു

എന്റെ ഹൃദയം തകർന്നു എന്നെല്ലാം പറയുമ്പോൾ

പൊളിഞ്ഞു

വീട് പൊളിഞ്ഞു

കമ്പനി പൊളിഞ്ഞു

നശിച്ചു

കൃഷി നശിച്ചു

എന്റെ ജീവിതം നശിച്ചു

ഇവിടെയെല്ലാം തകർന്നു, നശിച്ചു, പൊളിഞ്ഞു എന്നത് ഇല്ലാതായി, ഇല്ലാതാക്കി എന്നൊക്കെ യുള്ള അർഥമാണ്. നിഷേധാർഥം എന്ന ആശയം കിട്ടുകയാണ് ഇവിടെ എന്നുകാണാം.

അതേ സമയം വീട് തകർന്നു, വീട് പൊളിഞ്ഞു എന്ന് പറയുന്നപോലെയല്ല വീട് നശിച്ചു എന്ന് പറയുമ്പോൾ ഉണ്ടാവുന്നത്. നിഷേധാശയം /negative sense ന്റെ തീവ്രത കൂട്ടുതലാണ് നശിച്ചു എന്ന കോശിമത്തിന് എന്നു കാണാം.

ഇല്ല എന്ന നിഷേധത്തെ സൂചിപ്പിക്കുന്ന കോശിമങ്ങൾ

പോയി

അവൻ പോയി എന്നാൽ അവൻ ഇല്ലെന്നർഥം അല്ലെങ്കിൽ മരിച്ചെന്നർഥം

ഭാഷാഭേദപരമായി നോക്കുമ്പോൾ അവൻ മരിച്ചു എന്ന് പറയുമെങ്കിലും ചില സന്ദർഭങ്ങളിൽ അവൻ മരിച്ചു പോയി എന്ന് പറയാറുണ്ട് ഇവിടെ പോയി എന്നതും ഇല്ലയെ സൂചിപ്പിക്കുന്നവയാണ്.

അവന്റെ ഓർമപോയി എന്നു പറയുന്നതും ഇല്ല എന്നനിഷേധത്തെ സൂചിപ്പിക്കുന്നവയാണ്.കൂടാതെ തീർന്നു, കഴിഞ്ഞു, പൊളിഞ്ഞു തുടങ്ങിയ കോശിമങ്ങൾ ഇല്ല എന്ന നിഷേധത്തെ സൂചിപ്പിക്കുന്നവയാണ്.

തീർന്നു- പൂവ് തീർന്നു, സിനിമ തീർന്നു
കഴിഞ്ഞു- അരി കഴിഞ്ഞു, അവന്റെ കഥ കഴിഞ്ഞു
തകർന്നു- കെട്ടിടം തകർന്നടിഞ്ഞു, ഹൃദയംതകർന്നു
പൊളിഞ്ഞു- നീ പറഞ്ഞത് പൊളിഞ്ഞു, നിന്റെ രഹസ്യം അവൻ പൊളിച്ചു

വേണ്ട എന്ന നിഷേധത്തെ സൂചിപ്പിക്കുന്ന കോശിമങ്ങൾ

എനിക്ക് അത് മതി- വേണം

ചോറ് മതി അഥവാ ചോറ് മതിയായി –വേണ്ട, വേണം

ഇവിടെ ആദ്യത്തെ വാക്കിലെ മതി എന്നത് വേണം എന്നതിനെ പ്രതിനിധാനം ചെയ്യുന്നു. വാക്യം രണ്ടിൽ മതിയായി എന്നതിന്റെ ചുരുക്കമായാണ് മതി ചേർത്തിട്ടുള്ളത്.

എന്നാൽ മതി എന്നുപറയുമ്പോൾ വേണ്ട മതിയായി എന്നനിഷേധാർഥം ലഭിക്കുന്നുണ്ട്

ചോദ്യവാക്യങ്ങൾ (എന്ത് എങ്ങനെ , എവിടെ, ആര്, എപ്പോൾ)

അവന് എന്തറിയാം (അവന് ഒന്നും അറിയില്ലെന്നർഥം കിട്ടുന്നു)

അവൻ എവിടെ പോകും (അവൻ എവിടേക്കും പോകില്ല, അവൻ എവിടേയും പോകാനില്ല എന്നർഥവും ഇതിൽ നിന്നു കിട്ടുന്നുണ്ട്.)

അവൻ എങ്ങനെ വരും

അവൻ എന്ത കളയാൻ

അവൻ എവിടേക്ക് പോകാനാണ്

ഇത് എപ്പോൾ തീരാനാണ് (ഇത് ഇപ്പോഴൊന്നും തീരുന്ന ലക്ഷണമില്ല)

ഞാനിതൊക്കെ ആരോടു പറയാനാ

അവന്റെ ബുദ്ധി എന്താനാ (ഒരു ബുദ്ധിയുമില്ല)

അവനെ ആർക്ക് വേണം

അതിന് അവനെ **ആർക്കു**വേണം-

അവനുണ്ടോ നിന്റെ കൂടെ കളിക്കുന്നു

അവനുണ്ടോ സമയത്ത് വരുന്നു

നീയുണ്ടോ കളിക്കാൻ പോണ്

അവനുണ്ടോ മദ്യപിക്കുന്നു

രാധയുണ്ടോ പാടുന്നു

അവനുണ്ടോ നിന്നെ പിടിക്കണ

ഞാൻ എന്തും ചെയ്യും (ഞാൻ ചെയ്യാത്തതായി ഒന്നുമില്ല എന്നർഥം കിട്ടുന്നു. ചില പദങ്ങൾ കൊണ്ട് ശൂന്യത്തെ അടയാളപ്പെടുത്തുക കൂടി സാധിക്കുന്നു.)

മാത്രമേ

ഞാൻ അവിടെ അവനെ മാത്രമേ കണ്ടൊള്ളൂ അവിടെ മറ്റാരേയും കണ്ടില്ല

ഇന്ന് ഞാൻ തിരൂരേക്ക് മാത്രമേ പോണൊള്ളൂ

എന്നും

അവൻ എന്നും വരും അതായത് അവൻ വരാത്ത ദിവസമുണ്ടാവില്ല എന്നർഥമാണിവിടെ കിട്ടുന്നത്.

തന്നെ

ഇങ്ങനെ നീ പാസായതു തന്നെ

അവൻ നടന്നതു തന്നെ

അവൻ ചാടിയതു തന്നെ

കുഞ്ഞ് ഉറങ്ങിയതു തന്നെ

ഉപസംഹാരം

- നിഷേധ രൂപങ്ങൾക്ക് (അല്ല, ഇല്ല, വേണ്ട, അരുത്,)പുറമെ നിഷേധാശയം സൃഷ്ടിക്കുന്ന കോശിമങ്ങളും മലയാളത്തിലുണ്ട്.
- പദങ്ങൾ സ്വ അർഥത്തിനു പുറമേ വാക്യത്തിൽ ചേർക്കുമ്പോൾ അവയ്ക്ക് സ്വഅർഥത്തിനു പുറമേ മറ്റൊരു അർഥം കൂടി കിട്ടുന്നു. ഉദാഹരണത്തിന്, മതി എന്ന കോശിമത്തിന് വേണം, വേണ്ട എന്നീ അർഥം കൂടി കിട്ടുന്നു. ഇതിൽ ഏത് വേണം ഏത് വേണ്ട എന്ന് തീരുമാനിക്കുന്നത് സന്ദർഭമായിരിക്കും.
- ഇല്ല, വേണ്ട എന്നീ നിഷേധത്തെ സൂചിപ്പിക്കുന്ന പദങ്ങളുമുണ്ട് മലയാളത്തിൽ. ഉദാ നിലച്ചു, തീർന്നു, നിന്നു
- ഇല്ലയെ പ്രതിനിധാനം ചെയ്യുന്ന നിഷേധാശയ കോശിമങ്ങളാണ് താരതമ്യേന മലയാളത്തിൽ കൂടുതലായുള്ളത്.
- പ്രാഥമികാർഥം നിഷേധാശയം പ്രകടിപ്പിക്കുന്ന കോശിമങ്ങളും ആന്തരികാർഥം നിഷേധാശയം പ്രകടിപ്പിക്കുന്ന കോശിമങ്ങളും മലയാളത്തിൽ ധാരാളമുണ്ട്. ഇവയെ സന്ദർഭത്തോട് ഇണക്കുമ്പോഴാണ് അവയുടെ അർഥമികവ് ഉളവാകുന്നത് എന്ന് കാണാം.
- ചോദ്യരൂപേണയുള്ള വാക്യങ്ങളിലും നിഷേധാശയം പ്രകടിപ്പിക്കുന്നുണ്ട്.

സഹായക ഗ്രന്ഥങ്ങൾ

1. അച്യുതവാര്യർ എസ്, ഭാഷാവ്യാകരണം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2011
2. ഗോപി ആദിനാട്, മലയാള ഭാഷാ വ്യാകരണം ഒരു സമഗ്ര പഠനം, രചനാ ബുക്സ്, ശ്രീനഗർ, കൊല്ലം, 2009
3. ഡോ. വി ആർ പ്രബോധചന്ദ്രൻ നായർ, ഭാഷാശാസ്ത്ര നിഘണ്ടു, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2012
4. അച്യുതവാര്യർ എസ്, ഭാഷാവ്യാകരണം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2011
5. ഉണ്ണി ആമപ്പാറക്കൽ, മലയാള വ്യാകരണ സംവാദങ്ങൾ സമന്വയങ്ങൾ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2017
6. ഗോപി ആദിനാട്, മലയാള ഭാഷാ വ്യാകരണം ഒരു സമഗ്ര പഠനം, രചനാ ബുക്സ്, ശ്രീനഗർ, കൊല്ലം, 2009